# മലങ്കര കത്തോലിക്കാസഭ

**ജി. ചേടിയത്ത്**



ജി. ചേടിയത്ത് മലങ്കര കത്തോലിക്കാസഭ

OIRSI No. 385



**ജി. ചേടിയത്ത്**

അപ്പസ്തോലിക കാലം മുതൽ ഇന്നു വരെയുള്ള മലങ്കര സഭാചരിത്രം ഈ ഗ്രന്ഥത്തിൽ നൽകുന്നു. മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ നടന്ന പുനരൈക്യപ്രസ്ഥാനം, ഇപ്പോഴത്തെ മലങ്കര കത്തോലിക്കാ സഭയുടെ രൂപീകരണം, ഇക്കഴിഞ്ഞ 82 വർഷത്തെ (1930- 2012) ഇതിന്റെ വളർച്ച എന്നിവ സാമാന്യം വ്യക്തമായി പ്രതിപാദിക്കുന്നു. പതിനാറ്, പതിനേഴ് നൂറ്റാണ്ടുകളിൽ ഈ സഭയിലുണ്ടായ സംഭവവികാസങ്ങൾ ഇവിടെ പിളർപ്പും വിഭാഗീയതയും ഉണ്ടാക്കി. കൂനൻകുരിശുസത്യം എന്ന് അറിയപ്പെടുന്ന സംഭവം 1653-ൽ മട്ടാഞ്ചേരിയിൽ വച്ച് നടന്നു. തുടർന്ന് സമുദായം പുത്തൻകൂർ എന്നും പഴയകൂർ എന്നും രണ്ടായി പിളർന്നു. ഐക്യം പുനഃസ്ഥാപിക്കാൻ 1653-നു ശേഷം നിരവധി ഉദ്യമങ്ങൾ നടന്നു. ഈ പരിശ്രമങ്ങൾ വിജയിച്ചത് 1930-ലാണ്. മാറിയ പരിതസ്ഥിതിയിൽ കാനോനിക കൂട്ടായ്മ എപ്രകാരം നടപ്പാക്കാൻ കഴിയുമെന്ന് മലങ്കര സഭാകുടുംബത്തിൽ പെട്ട എല്ലാവരും ഗൗരവപൂർവം ചിന്തിക്കേണ്ടതാണ്. നമ്മുടെ കർത്താവിന്റെ തിരുഹിതപ്രകാരം, കർത്താവ് ആഗ്രഹിക്കുന്ന രീതിയിൽ ദൈവതൃക്കരങ്ങളിൽ വിനീതോപകരണമാകാൻ നേതൃത്വങ്ങൾ തയാറാകണം. ഐക്യം ആർക്കും നഷ്ടം വരുത്തുന്നതല്ല, നേട്ടം വർഷിക്കുന്നതാണ് എന്ന് തിരിച്ചറിയണം. സഭൈക്യം സഭകൾ ഗൗരവമായി എടുക്കണമെന്നു സാരം.



OIRSI
PUBLICATIONS
Vadavathoor
P.B. No. 10,
Kottayam

# മലങ്കര കത്തോലിക്കാസഭ

ജി. ചേടിയത്ത്

# മലങ്കര കത്തോലിക്കാസഭ

OIRSI No. 385

കോട്ടയം
2013

**G. Chediath, Malankara Catholikka Sabha**
**(The Malankara Catholic Church)**

A Publication of the Oriental Institute of Religious Studies, India
Paurastya Vidyapitham, Vadavathoor, Kottayam-686010
Kerala, India.

© G.Chediath, 2013

ISBN : 978-93-82762-10-2

Printing : Bethany Offset Printers, Kottayam - 686010
Ph: 0481-2571355
e-mail: bethanyktm@ gmail.com

Price : ₹150/-

# ഉള്ളടക്കം

| | | |
|---|---|---|
| | ആമുഖം | 7 |
| 1. | മലങ്കര കത്തോലിക്കാസഭ-അപ്പസ്തോലികോത്ഭവം | 11 |
| 2. | മാർ തോമാ ഭാരതത്തിന്റെ അപ്പസ്തോലൻ - ചില ചരിത്രത്തെളിവുകൾ | 20 |
| 3. | മലങ്കരസഭ പതിനാറാം നൂറ്റാണ്ടുവരെ | 30 |
| 4. | പാശ്ചാത്യമിഷണറിമാരും മലങ്കരസഭയും | 38 |
| 5. | ഉദയംപേരൂർ സൂനഹദോസ് (1599) | 44 |
| 6. | ഉദയംപേരൂർ സൂനഹദോസും മലങ്കരസഭയിലെ പരിവർത്തനങ്ങളും | 50 |
| 7. | ഉദയംപേരൂർ മുതൽ കൂനൻകുരിശുവരെ(1599-1653) | 54 |
| 8. | കൂനൻകുരിശുസത്യം (1653) | 58 |
| 9. | മലങ്കര അപ്പസ്തോലികസഭ-കത്തോലിക്കാസഭ തന്നെ | 63 |
| 10. | പുത്തൻകൂർ ചരിത്രം(1653-1815) | 77 |
| 11. | പുത്തൻകൂർസഭയും സി.എം.എസ്. മിഷണറിമാരും (1815-1840) | 82 |
| 12. | മലങ്കര യാക്കോബായ സുറിയാനിസഭ (1840-1876) | 88 |

13. മുളന്തുരുത്തി സൂനഹദോസും (1876)
മാർ തോമാസഭാസ്ഥാപനവും (1889) 92

14. കാതോലിക്കേറ്റ് സ്ഥാപനം (1912) 97

15. മലങ്കര യാക്കോബായ സുറിയാനിസഭ (1912–1930) 104

16. മലങ്കരസഭയും കാതോലിക കൂട്ടായ്മയും 109

17. വിജയമകുടമണിഞ്ഞ പുനരൈക്യപരിശ്രമം 125

18. ആർച്ചുബിഷപ്പ് ഗീവർഗീസ് മാർ ഈവാനിയോസ് (1882–1953) 134

19. മലങ്കര കത്തോലിക്കാസഭ (1930–1953) 152

20. മലങ്കര കത്തോലിക്കാസഭ (1953–1994) 168

21. ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് (1916–1994) 188

22. മേജർ ആർച്ചുബിഷപ്പ് സിറിൽ മാർ ബസേലിയോസ് (1935–2007) 203

23. കാലം ചെയ്ത പിതാക്കന്മാർ 214

24. ഗീവർഗീസ് മാർ തിമോതിയോസ് (1928– ) 225

25. മേജർ ആർച്ചുബിഷപ്പ് മാർ ബസേലിയോസ്
കർദിനാൾ ക്ലീമീസ് കാതോലിക്കാബാവാ 228

26. മലങ്കര കത്തോലിക്കാസഭ (1995–2013) 236

Bibliography 249

# ആമുഖം

അപ്പസ്തോലിക കാലം മുതൽ ഇന്നു വരെയുള്ള മലങ്കര സഭാ ചരിത്രം ഈ ഗ്രന്ഥത്തിൽ നൽകുന്നു. മാർ ഈവാനിയോസ് പിതാവ് 1930-ൽ കത്തോലിക്കാ സഭയുമായി കാനോനിക കൂട്ടായ്മയിൽ എത്തിച്ചേർന്നതു വരെയുള്ള ചരിത്രം ചുരുക്കി വിവരിക്കുന്നു. മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ നടന്ന പുനരൈക്യപ്രസ്ഥാനം, ഇപ്പോഴത്തെ മലങ്കര കത്തോലിക്കാ സഭയുടെ രൂപീകരണം, ഇക്കഴിഞ്ഞ 82 വർഷത്തെ (1930– 2012) ഇതിന്റെ വളർച്ച എന്നിവ സാമാന്യം വ്യക്തമായി പ്രതിപാദിക്കുന്നു.

ആദ്യത്തെ 15 അധ്യായങ്ങൾ ഗ്രന്ഥത്തിന്റെ ബാക്കി ഭാഗത്തിന്റെ കവാടമായി പരിഗണിക്കാം. ഈ അധ്യായങ്ങൾ ഈ ശ്ലൈഹികസഭയുടെ ഉത്ഭവവും ഇതിന്റെ സഭാജീവിതവും വ്യക്തമാക്കുന്നു. മലങ്കര കത്തോലിക്കാസഭ 1930-ൽ ഉത്ഭവിച്ചതല്ല. പിന്നെയോ, നമ്മുടെ കർത്താവിന്റെ പന്ത്രണ്ട് ശിഷ്യന്മാരിൽ ഒരാളായ മാർ തോമാശ്ലീഹായുടെ സുവിശേഷ പ്രഘോഷണത്തിൽ നിന്ന് ഉണ്ടായതാണ്. പതിനേഴാം നൂറ്റാണ്ടുവരെ ഈ അപ്പസ്തോലികസഭ ഏകസഭയായി കാതോലിക കൂട്ടായ്മയിൽ കഴിഞ്ഞു.

പതിനാറ്, പതിനേഴ് നൂറ്റാണ്ടുകളിൽ ഈ സഭയിലുണ്ടായ സംഭവവികാസങ്ങൾ ഇവിടെ പിളർപ്പും വിഭാഗീയതയും ഉണ്ടാക്കി. കൂനൻകുരിശുസത്യം എന്ന് അറിയപ്പെടുന്ന സംഭവം 1653-ൽ മട്ടാഞ്ചേരിയിൽ വച്ച് നടന്നു. അക്കാലത്തെ ലോകകൊളോണിയൽ ശക്തിയായിരുന്ന പോർട്ടുഗീസുകാർ ഈ സഭയിൽ കടന്നുകൂടി അനധികൃതമായി കയ്യേറ്റം നടത്തിയതിന് എതിരായി മലങ്കര നസ്രാണിസമൂഹം ഒന്നടങ്കം ചെയ്ത സാമൂഹ്യപ്രതിജ്ഞയാണ് ചരിത്രത്തിൽ ഇപ്രകാരം അറിയപ്പെടുന്നത്. കാലക്രമത്തിൽ മലങ്കരനസ്രാണികളിൽ ഒരുവിഭാഗം പശ്ചിമേഷ്യൻ യാക്കോബായാ സഭാസ്വാധീനത്തിലും തുടർന്ന് ആംഗ്ലിക്കൻ പ്രോട്ടസ്റ്റന്റ് സ്വാധീനത്തിലും വരാനിടായി. അങ്ങനെ ഈ വിഭാഗത്തിന് സമ്പൂർണ കാതോലിക കൂട്ടായ്മ നഷ്ടപ്പെടുകയും അവർ പുത്തൻകൂറ്റുകാർ എന്ന് അറിയപ്പെടുകയും ചെയ്തു. ഭൂരിഭാഗം നസ്രാ

ണികൾ ഉൾപ്പെടുന്ന മറ്റേവിഭാഗം പഴയകൂറ്റുകാർ എന്ന് അറിയപ്പെട്ടു. അവരാണ് ഇപ്പോഴത്തെ സിറോ-മലബാർ കത്തോലിക്കർ.

പുത്തൻകൂർ വിഭാഗം കാലാന്തരത്തിൽ പലതായി പിളർന്നു. തൊഴിയൂർസഭ എന്ന പേരിൽ ഇന്ന് അറിയപ്പെടുന്ന സഭയിൽ പെട്ടവർ 1772-ൽ ഈ വിഭാഗത്തിൽ നിന്ന് മാറിയവരാണ്. 1836-ൽ കുറേപ്പേർ സി.എം.എസ്. ആംഗ്ലിക്കൻ സഭയിൽ ചേർന്നു. മറ്റൊരു വിഭാഗം 1889-ൽ യാക്കോബായാ സഭയിൽ നിന്നു മാറി നവീകരണ യാക്കോബായക്കാർ അഥവാ മാർ തോമാക്കാർ എന്നു പേരെടുത്തു. യാക്കോബായാ സഭയിൽ വീണ്ടും പിളർപ്പുണ്ടായി 1912-ൽ മലങ്കര ഓർത്തഡോക്സ് സഭ ഉടലെടുത്തു. 1930-ൽ കുറേപ്പേർ പുനരൈക്യപ്രസ്ഥാനത്തിലൂടെ കത്തോലിക്കാ സഭയുമായുള്ള കാനോനിക കൂട്ടായ്മയിൽ പ്രവേശിച്ച് മലങ്കര കത്തോലിക്കരായി. പുത്തൻകൂറ്റിൽ അവശേഷിച്ചവർ യാക്കോബായാ സുറിയാനിസഭ എന്ന പേരിൽ 2003-ൽ ഒരു റജിസ്റ്റേർഡ് സൊസൈറ്റി രൂപീകരിച്ച് പ്രത്യേക സഭയായി. എന്നാൽ ഈ വിവിധ പുത്തൻകൂർ വിഭാഗങ്ങളെല്ലാം തന്നെ അൽപസ്വല്പ വ്യത്യാസങ്ങളോടെ അന്ത്യോക്യൻ ആരാധനക്രമം ഉപയോഗിക്കുന്നു.

പുത്തൻ കൂറ്റുകാരുടെയും പഴയ കൂറ്റുകാരുടെയും ഇടയിൽ ഐക്യം പുനഃസ്ഥാപിക്കാൻ 1653-നു ശേഷം നിരവധി ഉദ്യമങ്ങൾ നടന്നു. എന്നാൽ അവയൊന്നും വിജയത്തിൽ എത്തിയില്ല. പുത്തൻകൂർ യാക്കോബായാ സഭയിലെ ഓർത്തഡോക്സ് വിഭാഗം 1926-ൽ റോമൻ കത്തോലിക്കാസഭയുമായി എക്യുമെനിക്കൽ ചർച്ച തുടങ്ങി. എഴുത്തുകുത്തുകൾ നടത്താൻ മാർ ഈവാനിയോസ് പിതാവിനെ ഓർത്തഡോക്സ് സഭയിലെ പിതാക്കന്മാർ ചുമതലപ്പെടുത്തി. മലങ്കര സഭയുടെ ഓട്ടോണമി അംഗീകരിക്കണമെന്നും തങ്ങളുടെ ജനങ്ങളുടെ ആത്മീകാവശ്യങ്ങൾ നടത്തിക്കൊടുക്കാനുള്ള അവകാശം ഉണ്ടായിരിക്കണമെന്നും അവർ ആവശ്യപ്പെട്ടു.

മലങ്കരസഭയെ സഭ എന്ന നിലയിൽ അംഗീകരിക്കണം എന്നായിരുന്നു ഡിമാന്റുകളുടെ ചുരുക്കം. അതിനു റോം തയാറായി. അപ്പോൾ അവരുടെ ഭാഗത്തുനിന്ന് വി. പത്രോസിന്റെ പിൻഗാമിയായ റോമിലെ മാർപാപ്പായെ അംഗീകരിക്കാൻ സമ്മതിച്ചു. ചർച്ചകളുടെ ഫലമായി പരസ്പരമുള്ള അംഗീകാരവും പരസ്പരമുള്ള സ്വീകരണവും നടന്നു. കാതോലിക കൂട്ടായ്മയിലേക്ക് ഒരു വ്യക്തിഗതസഭയായി മലങ്കര സഭയെ റോം അംഗീകരിച്ചു.

1930-ലെ ഈ ചരിത്ര പ്രസിദ്ധമായ പുനരൈക്യത്തിലൂടെ 1653-ൽ നഷ്ടപ്പെട്ട ദൃശ്യകൂട്ടായ്മ പുനഃസ്ഥാപിക്കാൻ മാർ ഈവാനിയോസ് പിതാവിന് കഴിഞ്ഞു. കത്തോലിക്കാ സഭയുമായി കാനോനിക കൂട്ടായ്മ ആഗ്രഹിക്കുന്ന മാർ തോമാനസ്രാണികൾക്കെല്ലാം പുനരൈക്യത്തിനുള്ള ഒരു പുതിയ കവാടം ഇപ്രകാരം തുറക്കപ്പെട്ടു.

എന്നാൽ അക്കാലത്തെ സഭാശാസ്ത്രം അനുസരിച്ചാണ് ഐക്യം നടന്നത്. ആ സഭാശാസ്ത്രം വത്തിക്കാൻ സൂനഹദോസിനു ശേഷമുള്ള സഭാശാസ്ത്രത്തിൽ നിന്ന് വ്യത്യസ്തമാണ്. സഭകളെ റീത്തുകളായി കാണുന്ന പ്രവണതയാണ് അന്നുണ്ടായിരുന്നത്. അതായത് ആരാധനക്രമത്തിലുള്ള വൈവിധ്യം നിലനിർത്തി റോമാസഭയുടെ ഭാഗമാക്കുക. എങ്കിലും കൂട്ടായ്മയിലേക്കു വന്നപ്പോൾ മലങ്കര സഭയെ റോമാസഭയുടെ ഭാഗമാക്കിയില്ല.

എന്നാൽ ഓട്ടോണമിയുടെ പ്രതീകമായി മലങ്കരക്കാർ കണ്ട കാതോലിക്കേറ്റും സിനഡും അന്ന് റോം അംഗീകരിച്ചില്ല. 1932-ൽ ഹയരാർക്കി സ്ഥാപിച്ചപ്പോൾ കന്യാകുമാരിക്കും ഭാരതപ്പുഴയ്ക്കും ഇടയിലായി മലങ്കരസഭയെ ഒതുക്കി നിർത്തി. അതിനും കാരണമുണ്ട്. അഞ്ചുപേർ മാത്രം ചേർന്ന സമൂഹത്തിന് 1930-ൽ എല്ലാം കൂടി ഒന്നിച്ചു നൽകുക റോമിനെ സംബന്ധിച്ച് അചിന്ത്യമായിരുന്നു. അതുപോലെ ഈ സമൂഹത്തിന്റെ ഭാവിയെപ്പറ്റി മാർ ഈവാനിയോസ് പിതാവിനും വ്യക്തതയില്ലായിരുന്നു. ദൈവതൃക്കരങ്ങളിൽ ഭരമേൽപ്പിച്ചുകൊണ്ട് അദ്ദേഹം മുന്നോട്ടുപോയി എന്നുമാത്രം. അക്കാലത്ത് മലങ്കരക്കാർ കൂടുതലായി മേൽപ്പറഞ്ഞ അതിർത്തിക്കുള്ളിൽ ഒതുങ്ങിക്കഴിഞ്ഞിരുന്നു.

ഈ സഭയ്ക്ക് ഗണ്യമായ വളർച്ച ഉണ്ടായപ്പോൾ 2005-ൽ റോം മേജർ ആർച്ചുബിഷപ്പ് പദവി നൽകി പാത്രിയർക്കീസിനു തുല്യമായ സ്ഥാനത്തേക്ക് മലങ്കരസഭാധ്യക്ഷനെ ഉയർത്തി. 2012-ൽ സാർവത്രിക സഭാഭരണത്തിൽ പങ്കാളിത്തം നൽകുന്ന കർദിനാൾ സ്ഥാനവും നൽകി. തുടർന്ന് 2013-ലെ പേപ്പൽ തെരഞ്ഞെടുപ്പിലും മലങ്കരസഭാധ്യക്ഷൻ പങ്കെടുത്തു.

പുനരൈക്യപ്പെട്ടവർ വിശ്വാസതീക്ഷ്ണത നിറഞ്ഞ ക്രിസ്തീയ സമൂഹമായി രൂപാന്തരപ്പെട്ടു. മിഷൻ പ്രവർത്തനത്തിൽ തൽപ്പരരായി അവർ രംഗത്തിറങ്ങി. ഈ നാടിന്റെ നാനാവിധ വികസനത്തിന് കഴിവിനപ്പുറം സാരവത്തായ സംഭാവന മലങ്കര കത്തോലിക്കാസഭ നൽകിക്കൊണ്ടിരിക്കുന്നു.

ഈ പുനരൈക്യം മലങ്കരസഭയ്ക്കും റോമാസഭയ്ക്കും നേട്ടമുണ്ടാക്കി. 20-ാം നൂറ്റാണ്ടിൽ വിജയമകുടം ചൂടിയ ഏക എക്യുമെനിക്കൽ പ്രസ്ഥാനം ഇതുമാത്രമാണ്. നിരവധി ഐക്യചർച്ചകൾ 20-ാം നൂറ്റാണ്ടിൽ ക്രൈസ്തവലോകത്ത് ഉണ്ടായി. എന്നാൽ അവയൊന്നും ഫലമണിഞ്ഞില്ല. രണ്ടാം വത്തിക്കാൻ സൂനഹദോസിനു ശേഷവും



ഫ്രാൻസിസ് മാർപാപ്പായും
കർദിനാൾ ബസേലിയോസ് ക്ലീമീസും



ബനഡിക്ട് മാർപാപ്പായും
കർദിനാൾ ബസേലിയോസ് ക്ലീമീസും



ആർച്ചുബിഷപ്പ്
ഗീവർഗീസ് മാർ ഈവാനിയോസ് (1882-1953)



**ആർച്ചുബിഷപ്പ് ബനഡിക്ട്**
**മാർ ഗ്രിഗോറിയോസ് (1916-1994)**



മേജർ ആർച്ചുബിഷപ്പ്
സിറിൽ മാർ ബസേലിയോസ് (1935–2007)



Jacob Mar Theophilos



Joseph Mar Severios



Thomas Mar Dioscoros




Zacharias Mar Athanasios



Isaac Mar Yuhanon



Paulose Mar Philoxenos



Lawrence Mar Ephraem

# കാലം ചെയ്ത പിതാക്കന്മാർ



ബനഡിക്ട് മാർപാപ്പാ
മാർ ബസേലിയോസ് ക്ലീമീസ് ബാവായ്ക്ക്
കർദിനാൾ സ്ഥാനം നൽകുന്നു



മേജർ ആർച്ചുബിഷപ്പ്
ബസേലിയോസ് കർദിനാൾ ക്ലീമീസ്
കാതോലിക്കാ ബാവാ (1959- )

# കാതോലിക്കേറ്റ് സെന്റർ

## പട്ടം, തിരുവനന്തപുരം, കേരളം, ഇൻഡ്യ



# മലങ്കര കത്തോലിക്കാ ഹയരാർക്കി


H. H. Pope Francis


H.B. Moran Mor Baselios Cleemis


H.G. Most Rev. Thomas Mar Koorilos


H.E. Most Rev. Geevarghese Mar Divannasios


H.E. Most Rev. Yoohanon Mar Chrysostom


H.E. Most Rev. Joshua Mar Ignathios


H.E. Most Rev. Joseph Mar Thomas


H.E. Most Rev. Abraham Mar Julios


H.E. Most Rev. Vincent Mar Paulos


H.E. Most Rev. Thomas Mar Eusebius


H.E. Most Rev. Jacob Mar Barnabas


H.E. Thomas Mar Anthonios OIC


H.E. Most Rev. Geevarghese Mar Timotheos


H.E. Most Rev. Samuel Mar Irenios


H.E. Most Rev. Philipos Mar Stephanos

വളരെയധികം ഐക്യചർച്ചകൾ മിക്കവാറും എല്ലാ സഭകളും മിക്ക സഭാ സമൂഹങ്ങളും നടത്തുന്നു. ചർച്ചകളുടെ ഫലമായി നിരവധി ധാരണ കൾ ഉരുത്തിരിഞ്ഞിട്ടുണ്ടെങ്കിലും, കാനോനികൈക്യം ഒരിടത്തും യാഥാർഥ്യമായില്ല. അങ്ങനെ നോക്കുമ്പോൾ, മാർ ഈവാനിയോസ് പിതാവ് നേടിയെടുത്തത് ഒരു മഹത്തായ കാര്യം തന്നെയാണ് എന്ന തിന് യാതൊരു സംശയവുമില്ല. അതിനു പ്രധാന കാരണം ദൈവം ആഗ്രഹിച്ചതും പരിശുദ്ധാത്മാവ് പ്രേരിപ്പിച്ചതുമാണ് ഈ ഐക്യം എന്നതാണ്. അവിടുന്ന് ആഗ്രഹിച്ച രീതിയിൽ ഐക്യം നടന്നു. അതിന് മാർ ഈവാനിയോസ് പിതാവ് വിനീതോപകരണമായി എന്നുമാത്രം. അദ്ദേഹത്തിന്റെ വിശുദ്ധിക്ക് നിദാനവും ഇതുതന്നെ. അതായത്, ദൈവം കാണിച്ചുകൊടുത്ത പാതയിലൂടെ സഞ്ചരിച്ച് ദൈവേഷ്ടം നിറവേറ്റി. അതിനേക്കാൾ വലിയ വിശുദ്ധി എന്താണ്?

മലങ്കര കത്തോലിക്കാസഭ റോമൻ കത്തോലിക്കാ സഭയ്ക്കും ഓർത്തഡോക്സിക്കും ഇടയിൽ പാലമായി വർത്തിക്കാൻ ശ്രമിക്കുന്നു. മാർ ഈവാനിയോസ് പിതാവിനുശേഷം മാർ ഗ്രിഗോറിയോസ് പിതാവും മേജർ ആർച്ചുബിഷപ്പ് സിറിൽ മാർ ബസേലിയോസ് കാതോ ലിക്കാ ബാവായും നേതൃത്വം നൽകി പുനരൈക്യതരുവിനെ വളർത്തി. ഇപ്പോൾ സഭയുടെ തലവനും പിതാവുമായി നേതൃത്വം നൽകുന്ന മേജർ ആർച്ചുബിഷപ്പ് ബസേലിയോസ് കർദിനാൾ ക്ലീമീസ് കാതോ ലിക്കാ ബാവായും തന്റെ മുൻഗാമികളുടെ ദർശനം പൂർണമായി ഉൾക്കൊണ്ട മഹാത്മാവാണ്. മലങ്കരസഭകളുടെ സമ്പൂർണ കൂട്ടായ്മ എന്ന മഹാ ദൗത്യം ഏറ്റെടുത്തു നടത്താൻ അദ്ദേഹവും അശ്രാന്തം പരിശ്രമിക്കുന്നു.

മാറിയ പരിതസ്ഥിതിയിൽ കാനോനിക കൂട്ടായ്മ എപ്രകാരം നടപ്പാക്കാൻ കഴിയുമെന്ന് മലങ്കര സഭാകുടുംബത്തിൽ പെട്ട എല്ലാവ രും ഗൗരവപൂർവം ചിന്തക്കേണ്ടതാണ്. 1930-ൽ അന്നത്തെ നേതൃത്വം തങ്ങളുടെ പരിധിയിൽ വരുന്നവ ചെയ്തു. ഇന്നു ജീവിക്കുന്നവർ ഈ പരിശ്രമം തുടരേണ്ടതാണ്. ചർച്ചകൾക്കു വേണ്ടിമാത്രം ചർച്ചകൾ നട ത്താതെ, സന്ദർശനങ്ങൾക്കു വേണ്ടി മാത്രം സന്ദർശനം നടത്താതെ നമ്മുടെ കർത്താവിന്റെ തിരുഹിതപ്രകാരം കർത്താവ് ആഗ്രഹിക്കുന്ന രീതിയിൽ ദൈവതൃക്കരങ്ങളിൽ വിനീതോപകരണമാകാൻ നേതൃത്വ ങ്ങൾ തയാറാകണം. ഐക്യം ആർക്കും നഷ്ടം വരുത്തുന്നതല്ല, നേട്ടം വർഷിക്കുന്നതാണ് എന്ന് തിരിച്ചറിയണം. സഭൈക്യം സഭകൾ ഗൗര വമായി എടുക്കണമെന്നു സാരം.

കാത്തലിക് ബിഷപ്സ് ഹൗസ് ജി.ചേടിയത്ത്
പത്തനംതിട്ട-689645
സെപ്തംബർ 20, 2013

# 1
# മലങ്കര കത്തോലിക്കാസഭ-അപ്പസ്തോലികോത്ഭവം

നമ്മുടെ കർത്താവായ യേശുമിശിഹാ സർവലോകത്തിനും മഹാസ ന്തോഷം പ്രദാനം ചെയ്യുന്ന രക്ഷാകരസന്ദേശത്തിന്റെ വാഹകരായി (ലൂ.2,10) പന്ത്രണ്ടു ശ്ലീഹന്മാരെ അയച്ചു. സ്വർഗത്തിലും ഭൂമിയിലും സമസ്താധികാ രവും നൽകിയാണ് കർത്താവ് അവരെ അയച്ചത് (മത്താ.28,18-20). പെന്തി ക്കോസ്തി ദിവസം പരിശുദ്ധാത്മാവിനെ പ്രാപിച്ച ശ്ലീഹന്മാർ ശക്തി പ്രാപിച്ച് ജറുസലേമിലും യൂദയായിലും സമറിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും മിശിഹായ്ക്ക് സാക്ഷികളായി (നട.1,8). അവർ പാപമോചനത്തി നുള്ള അനുതാപം എല്ലാ ജനതകളോടും പ്രസംഗിച്ചു (ലൂ.24,47). കർത്താവ് അവരോടുകൂടെ പ്രവർത്തിക്കുകയും അടയാളങ്ങൾ കൊണ്ട് വചനം സ്ഥിരീകരിക്കുകയും ചെയ്തു (മർക്കോ.16,20). ഈ പന്ത്രണ്ടു പേരിൽ ഒരാ ളായിരുന്നു മാർ തോമാശ്ലീഹാ.

## മാർ തോമാശ്ലീഹാ ഭാരതത്തിൽ

മാർ തോമാശ്ലീഹാ കേരളത്തിലും ഭാരതത്തിന്റെ ഇതരഭാഗങ്ങളിലും സുവിശേഷം പ്രസംഗിച്ച് ക്രിസ്തീയ സഭയ്ക്ക് ആരംഭമിട്ടു. അക്കാരണ ത്താൽ ഭാരതത്തിന്റെ ശ്ലീഹായായി മാർ തോമാശ്ലീഹാ പരിഗണിക്കപ്പെടുന്നു. മാർ തോമാശ്ലീഹായിൽ നിന്ന് ക്രിസ്തുമതം സ്വീകരിച്ചവർ എന്ന അർഥ ത്തിൽ ഇവിടുത്തെ ക്രിസ്ത്യാനികൾ *മാർത്തോമ്മാ ക്രിസ്ത്യാനികൾ* എന്ന് അറിയപ്പെട്ടിരുന്നു. ഇപ്പോഴും അപ്രകാരം തന്നെ അറിയപ്പെടുന്നു.

## മാർ തോമാശ്ലീഹായുടെ ജീവചരിത്രം

മാർ തോമാ പലസ്തീനായിലെ ഗലീലയിൽ നിന്നുള്ള ആളായിരുന്നു. മീൻപിടത്തമായിരുന്നു കുലത്തൊഴിൽ. തോമായുടെ ആദ്യകാലജീവിതത്തെ പറ്റിയോ, ബന്ധുജനങ്ങളെ പറ്റിയോ നമുക്കൊന്നും അറിയില്ല. യേശു വിളി ച്ചപ്പോൾ തോമാ സസന്തോഷം പിൻചെന്നു. ഇരട്ട പിറന്നവൻ എന്നർഥ

മുള്ള തോമാ എന്ന പേരിലാണ് ശ്ലീഹാ അറിയപ്പെട്ടിരുന്നത്. തോമാ എന്നതിന്റെ ഗ്രീക്കാണ് ദിദിമോസ് (മത്താ.10,3; മർക്കോ.3,18; ലൂ.6,15; നടപടി,1,13).

*യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ മൂന്നിടത്ത് മാർ തോമായെപ്പറ്റി പരാമർശമുണ്ട്.*

ഒന്നാമത്തേത്, ലാസറിന്റെ മരണത്തോട് അനുബന്ധിച്ചുള്ളതാണ്. യൂദന്മാർ യേശുവിനെ കല്ലെറിയാൻ തക്കം നോക്കിയിരിക്കയായിരുന്നു (11,8). എന്നാൽ കർത്താവ് ലാസറിന്റെ പക്കലേക്ക് പോകുന്നു എന്നു പറഞ്ഞപ്പോൾ, "നമുക്കും പോയി അവനോടൊത്തു മരിക്കാം" എന്ന് തോമാ പറഞ്ഞു (യോഹ.11,16).

രണ്ടാമത്തേത്, കർത്താവിന്റെ വിടവാങ്ങൽ പ്രസംഗത്തിന്റെ അവസരത്തിൽ ഉള്ളതാണ് (യോഹ.14,5). "ഞാൻ പോകുന്നിടത്തേക്കുള്ള വഴി നിങ്ങൾ അറിയുന്നു" എന്ന് കർത്താവ് പറഞ്ഞപ്പോൾ, തോമാ പറഞ്ഞു, "കർത്താവേ, നീ എവിടേയ്ക്കു പോകുന്നു എന്ന് ഞങ്ങൾ അറിയുന്നില്ല. പിന്നെ വഴി അറിയുന്നതെങ്ങനെ?" അപ്പോൾ കർത്താവു പറഞ്ഞു: "ഞാൻ വഴിയും സത്യവും ജീവനുമാകുന്നു."

മൂന്നാമത്തേത്, ഉത്ഥാനത്തിനു ശേഷമത്രേ. തങ്ങൾ കർത്താവിനെ ദർശിച്ചു എന്ന് ശ്ലീഹന്മാർ അവകാശപ്പെട്ടു. തോമാ അത് വിശ്വസിക്കാൻ കൂട്ടാക്കിയില്ല. അവന്റെ ആണിപ്പഴുതുകളിലും വിലാപ്പുറത്തും എന്റെ വിരൽ ഇട്ടല്ലാതെ ഞാൻ വിശ്വസിക്കയില്ലെന്ന് തോമാ ശാഠ്യം പിടിച്ചു. എന്നാൽ കർത്താവ് കാണപ്പെട്ടപ്പോൾ, "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്ന് തന്റെ വിശ്വാസം ഉറക്കെ പ്രഖ്യാപിച്ചു (യോഹ.20,28–29). അങ്ങനെ, കാണാതെ വിശ്വസിക്കാൻ അവൻ അനേകർക്ക് ഹേതുഭൂതനായി.

*യോഹ.14,18–23 ന്റെ ചില പ്രാചീന കൈയെഴുത്തുപ്രതികളിൽ യൂദാ എന്നതിനു പകരം യൂദാ തോമാ എന്നോ തോമാ എന്നു മാത്രമോ കാണാം.*

*കുറെറ്റോണിയൻ സുറിയാനി കയ്യെഴുത്തു പ്രതിയിൽ* യൂദാ തോമാ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. *ആദായിയുടെ പ്രബോധനം, യൂദാ തോമായുടെ നടപടികൾ* എന്നീ രേഖകളും യൂദാ തോമാ എന്നാണ് പറയുന്നത്. എവുസേബിയസും ഇതിന് സാക്ഷ്യം വഹിക്കുന്നു(തിരുസഭാചരിത്രം, 1,13,10). മാർ അപ്രേം യോഹ. 20, 24 ഒരിടത്ത് ഉദ്ധരിക്കുമ്പോൾ, യൂദാ തോമാ എന്നാണ് ഉദ്ധരിക്കുന്നത്. യോഹ. 21, 1–4 ൽ ദിദിമോസ് എന്നു വിളിക്കപ്പെടുന്ന തോമാ എന്നാണ് കാണുക. ശ്ലീഹന്മാരുടെ കൂട്ടത്തിൽ യൂദാ എന്നു പേരുള്ള രണ്ടു പേരേ ഉണ്ടായിരുന്നുള്ളു. ഒറ്റുകാരൻ യൂദായും മറ്റേ യൂദായും (യോഹ. 14,18–23). *കോഡക്സ് സീറുസ് സിനൈറ്റിക്കുസ്* ഈ ഭാഗത്ത് തോമസ് എന്നു മാത്രം രേഖപ്പെടുത്തുന്നു, യൂദാ എന്നില്ല. സുവിശേഷങ്ങളുടെ ആദ്യകാല കൈയെഴുത്തു പ്രതികളിൽ യൂദാ എന്നായിരിക്കാം ഉണ്ടായിരുന്നത്. എന്നാൽ തോമാ എന്ന ഇരട്ടപ്പേരിലായിരിക്കാം പലയിടങ്ങളിലും ശ്ലീഹാ അറിയപ്പെട്ടിരുന്നത്. പിൽക്കാലത്ത് കൈയെഴുത്തുപ്രതികൾ



പകർത്തിയവർ തോമാ എന്ന പേരു കാണാതെ വന്നപ്പോൾ ശ്ലീഹന്മാരുടെ പട്ടികയിൽ ചേർത്തു.

യൂദാ തോമാ തന്നെയാണ് യൂദാ തദെവുസ് എന്നും യൂദാ ലബ്ബെയുസ് എന്നും വിളിക്കപ്പെട്ടിരുന്ന വ്യക്തി. തോമസിനെ തദായി എന്നു വിളിക്കുന്ന രേഖകളുണ്ട്. തദേവുസ് അല്ലെങ്കിൽ ദിദിമുസ് എന്നു പറയുന്ന പരാമർശങ്ങളുണ്ട്. പഴയ നിയമത്തിലോ, യഹൂദ പാരമ്പര്യത്തിലോ തോമാ എന്ന പേരു കാണപ്പെടുന്നില്ല. യൂദാ എന്നായിരുന്നു അദ്ദേഹത്തിന്റെ യഥാർഥ നാമം. ആ യൂദാ, *യേശുവിന്റെ സഹോദരന്മാർ* എന്ന് അറിയപ്പെടുന്നവരിൽ ഒരാളായിരുന്നു (മത്താ.13,55; മർക്കോ.6,3). തോമാ (*താമാ, തൗമാ*) എന്നത് ഇരട്ടപ്പേരായിരിക്കാം. വാക്കിനർഥം *ഇരട്ട* (twin) എന്നാണ്. അതിന്റെ ഗ്രീക്കാണ് ദിദിമോസ്. കറിയോത്തുകാരൻ യൂദാ നിമിത്തം യൂദാ എന്ന നാമം അപമാനത്തിന്റെ പര്യായമായി. അതുകൊണ്ട് കഴിയുന്നതും ഈ പദം ഉച്ചരിക്കാതിരിക്കാനുള്ള ശ്രമം ആദിമസഭയിൽ നടന്നു. എന്നാൽ സുറിയാനി പാരമ്പര്യത്തിൽ ഉടലെടുത്ത മിക്ക കൃതികളും യൂദാ തോമാ എന്ന പ്രയോഗം നിലനിർത്തി. പാശ്ചാത്യപാരമ്പര്യത്തിൽ യൂദാ വിസ്മരിക്കപ്പെടുകയും തോമാ പ്രാബല്യത്തിൽ വരികയും ചെയ്തു. പ്രാചീനസഭയിൽ, പ്രത്യേകിച്ച് ഏഷ്യാമൈനറിലെ സഭകളിൽ, തോമായെ ചുറ്റിപ്പറ്റിയുള്ള പാരമ്പര്യങ്ങൾ നിലനിന്നു. അപ്പോക്രിഫൽ സാഹിത്യത്തിൽ മാർ തോമായെപ്പറ്റി പരാമർശമുണ്ട്. തോമായുടെ പേരിൽ രണ്ട് അപ്രാമാണിക സുവിശേഷങ്ങളും ഒരു നടപടിയും അറിയപ്പെടുന്നു.

## സുവിശേഷപ്രഘോഷണം

മാർ തോമാശ്ലീഹായുടെ പ്രേഷിതരംഗം പാർത്തിയായും ഭാരതവുമായിരുന്നു (എവുസേബിയസ്, തിരുസഭാചരിത്രം, 3,1.1). മെസൊപ്പൊട്ടേമിയാ, പേർഷ്യ, മേദ്യ, ഹിർക്കാനിയാ, ബാക്ട്രിയാ എന്നീ സ്ഥലങ്ങളിലൊക്കെ ശ്ലീഹാ ചുറ്റി സഞ്ചരിച്ച് സുവിശേഷം അറിയിച്ചു. എന്നാൽ ഭാരതത്തിന്റെ അപ്പസ്തോലനായിട്ടാണ് മാർ തോമാ അറിയപ്പെടുന്നത്. ഭാരതത്തിന്റെ വടക്കുഭാഗത്തും തെക്കുഭാഗത്തും ഒന്നിലധികം പ്രാവശ്യം അദ്ദേഹം എത്തിച്ചേർന്നു. ഭാരതത്തിലുടനീളം നിരവധി സഭാസമൂഹങ്ങൾക്ക് ജന്മം നൽകി. തെക്കേ ഇൻഡ്യയിൽ *മാർതോമാ ക്രിസ്ത്യാനികൾ* എന്ന ക്രിസ്തീയസമൂഹത്തിന്റെ സജീവ സാക്ഷ്യമാണ് മാർ തോമായുടെ ഭാരതത്തിലെ പ്രേഷിതത്വത്തിനുള്ള ഏറ്റവും വലിയ തെളിവ്.

## ഭാരതയാത്ര

മാർ തോമാശ്ലീഹാ ഭാരതത്തിലെത്താൻ രണ്ടു പ്രത്യേക കാരണങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുന്നു. ഒന്ന്, *കേരളത്തിലെ യഹൂദസാന്നിധ്യം:* കച്ചവടത്തിനെത്തിയ യഹൂദരുടെ കോളനികൾ അന്നത്തെ കേരളത്തിൽ ഉണ്ടായിരുന്നു. കച്ചവടക്കാരായ യഹൂദരോട് അറമായ ഭാഷയിൽ അദ്ദേഹം പ്രസം

ഗിച്ചു; അവർ വഴി മറ്റു ജനങ്ങളോടും. യഹൂദരുടെ ഏഴു കേന്ദ്രങ്ങളാണ് പിൽക്കാലത്ത് ക്രിസ്തീയ കേന്ദ്രങ്ങളായത്. രണ്ട്, *യാത്രാസൗകര്യം:* പാശ്ചാത്യലോകത്തു നിന്ന് മൺസൂൺകാറ്റിന്റെ ഗതിയനുസരിച്ച് കുറഞ്ഞ സമയംകൊണ്ട് ഭാരതത്തിൽ എത്താമെന്ന് കണ്ടുപിടിക്കപ്പെട്ടതോടെ കേരളവും പാശ്ചാത്യ ലോകവുമായുള്ള വ്യാപാരബന്ധം ശതഗുണീഭവിച്ചു. ഇപ്രകാരമുള്ള വ്യാപാരികളോടു കൂടെയാകാം മാർ തോമാശ്ലീഹാ കേരളത്തിലെത്തിയത്.

## ഭാരതത്തിലെ പ്രേഷിതവൃത്തി-സപ്ത ദൈവാലയങ്ങൾ

കേരളത്തിലെ ഏഴു സ്ഥലങ്ങളിലുള്ള ക്രൈസ്തവസമൂഹങ്ങൾ വിശേഷവിധിയായി മാർ തോമാശ്ലീഹായുടെ പൈതൃകം അവകാശപ്പെടുന്നു. കൊടുങ്ങല്ലൂർ, പാലയൂർ, പറവൂർ (കോട്ടയ്ക്കാവ്), കോക്കമംഗലം, കൊല്ലം, നിരണം (തൃപ്പലേശ്വരം), ചായൽ (നിലയ്ക്കൽ) എന്നിവയാണ് ഈ ഏഴു കേന്ദ്രങ്ങൾ. ഓരോന്നിനെപ്പറ്റിയും ചുരുക്കമായി പ്രതിപാദിക്കാം.

## കൊടുങ്ങല്ലൂർ

ഭാരതത്തിലെ മാർ തോമാക്രിസ്ത്യാനികളുടെ തറവാടാണ് കൊടുങ്ങല്ലൂരിലെ മാല്യങ്കര സഭ. മാർ തോമാശ്ലീഹാ മാനസ്സാന്തരപ്പെടുത്തിയ ആദ്യ കുടുംബങ്ങൾ മുസ്സീരിസിൽ (കൊടുങ്ങല്ലൂരിൽ) താമസിച്ചിരുന്നവരായിരുന്നു. അവിടെ നിന്ന് മറ്റിടങ്ങളിലേക്ക് കാലാകാലങ്ങളിൽ കുടിയേറിയവരും മക്കോദയ, മഹോദയ എന്ന് കൂട്ടിച്ചേർത്ത് പ്രയോഗിച്ചിരുന്നു. മലങ്കരസമുദായത്തിന്റെ തായ്‌വേരാണ് നാമിവിടെ ദർശിക്കുക. പോർട്ടുഗീസുകാർ ഭാരതത്തിലെത്തുമ്പോൾ കൊടുങ്ങല്ലൂരായിരുന്നു മാർ തോമാക്രിസ്ത്യാനികളുടെ പ്രധാന സഭാകേന്ദ്രം. യഹൂദർക്ക് ജറുസലേം പോലെയാണ് മാർ തോമാക്രിസ്ത്യാനികൾക്ക് കൊടുങ്ങല്ലൂർ. യഹൂദരും യഹൂദരല്ലാത്തവരുമായ ജനപദങ്ങൾ തോമായുടെ മാർഗം സ്വീകരിച്ച് നസ്രാണികളായി. കാലക്രമത്തിൽ കൊടുങ്ങല്ലൂരിന്റെ പ്രാധാന്യം കുറഞ്ഞു. പോർട്ടുഗീസ് ആധിപത്യത്തോടുകൂടിയാണ് ക്രൈസ്തവർക്ക് കൊടുങ്ങല്ലൂർ ഉണ്ടായിരുന്ന പ്രധാന്യം കുറഞ്ഞുപോയത്.[1]

1. മുസീരിസ്, മുരചിപത്തനം (വാൽമീകി രാമായണം), മുറിച്ചി (തമിഴ് കൃതികൾ), മുയിരിക്കോട് (യൂദശാസനം), മാകോതൈ, മഹോദയപുരം, മഹോദയപട്ടണം (രണ്ടാം ചേരസാമ്രാജ്യം: 800-1102), മർഹാഷി (അറബികൾ), ഇൻഡ്യയിലെ ഏറ്റവും പ്രധാന പട്ടണം (പ്ലീനി), സിംഗ്ളി, ശൃംഖല, ചങ്ങല, ശങ്ങല, സന്ത്രോക്, ആന്ദ്രപ്പൊളീസ്, തിരുവഞ്ചിക്കുളം, വഞ്ചി എന്നൊക്കെ കൊടുങ്ങല്ലൂർ അറിയപ്പെട്ടിരുന്നു. കൊടുങ്ങല്ലൂർ എന്ന നാമം 9-ാം നൂറ്റാണ്ടിൽ ഉടലെടുത്തതാണ്. മുസീരി എന്ന പേരോടുകൂടി ഒരു ഗോത്രം പുരാതന നിനവേയുടെ വടക്കു കിഴക്കു ഭാഗത്ത് പാർത്തിരുന്നു. അവർ കുടിയേറി പാർത്ത സ്ഥലമാണോ മുസീരിപട്ടണം? പെരിയാറിൽ 1341-ലുണ്ടായ വെള്ളപ്പൊക്കത്തിൽ അഴിമുഖത്ത് വൻതോതിൽ മണ്ണടിഞ്ഞ് ആഴം കുറഞ്ഞു. നദി ഗതി മാറി. തുടർന്ന് കൊടുങ്ങല്ലൂരിന്റെ പ്രാധാന്യം കുറയുകയും കൊച്ചി ഉയർന്നുവരികയും ചെയ്തു. കൊടുങ്ങല്ലൂരായിരുന്നു സഭാധ്യക്ഷന്റെ പ്രധാന ആസ്ഥാനം.



## കൊല്ലം

മാർ തോമാശ്ലീഹാ സ്ഥാപിച്ച മറ്റൊരു സഭാകേന്ദ്രം കൊല്ലത്തോ, കൊല്ലത്തിനു സമീപത്തോ ആണ്. കുരക്കേണിക്കൊല്ലം, കൗലം മലൈ, കൊല്ലിമല എന്നൊക്കെ കൊല്ലം അറിയപ്പെട്ടിരുന്നു. കൊല്ലം വാണിജ്യകേന്ദ്രമായത് പിൽക്കാലത്താണ്. ചൈനാക്കാരുടെ ഒരു കച്ചവടസംഘം സ്ഥിരമായി കൊല്ലത്തുണ്ടായിരുന്നു. അവരിൽ ചിലരും ക്രിസ്ത്യാനികളായി. കൊല്ലത്തെ മാതൃദൈവാലയത്തെപ്പറ്റി ഇന്നു നമുക്ക് അറിവില്ല. ഒരുപക്ഷേ അതും കൊടുങ്ങല്ലൂർ പള്ളിപോലെ കടലിനടിയിൽ ഉൾപ്പെട്ടു പോയിരിക്കാം. ഏതായാലും ഒരു ശ്ലൈഹികസഭ കൊല്ലത്ത് ഉണ്ടായിരുന്നു എന്നാണ് മാർ തോമാക്രിസ്ത്യാനികളുടെ പുരാതനപാരമ്പര്യം. ഉദയംപേരൂർ സൂനഹദോസിന്റെ കാലത്ത് കൊല്ലത്ത് രണ്ടു പള്ളികൾ ഉണ്ടായിരുന്നു. അതിലൊന്ന് മാതാവിന്റെ നാമത്തിൽ ഉള്ളതായിരുന്നു. അത് മാർ തോമാശ്ലീഹാ സ്ഥാപിച്ച പള്ളിയായിരുന്നു. കടലിലേക്ക് തള്ളിനിൽക്കുന്ന സ്ഥലത്തായിരുന്നു ആ പള്ളി. അത് കടൽ കയറി നശിച്ചുപോയി. ഒരു പാരമ്പര്യമനുസരിച്ച്, ക്രിസ്തുവിന്റെ ജനനം വെളിപ്പെടുത്തിയ ഒരു ദർശനക്കാരി (സിബിൽ) കൊല്ലത്തുണ്ടായിരുന്നു. സിബിലിന്റെ വാക്കുകേട്ട് പെരുമാൾ പലസ്തീനയിൽ പോയി. ശിശുവിനെ വന്ദിച്ച വിദ്വാന്മാരിൽ ഒരാൾ ഈ പെരുമാളായിരുന്നു എന്നാണ് ഐതിഹ്യം. തിരികെയെത്തിയ പെരുമാൾ മാതാവിന്റെ ഒരു പടം വരച്ചു കൊണ്ടുവന്നു സിബിലിനു സമ്മാനിച്ചു. സിബിലിന്റെ കല്ലറയിൽ ആ പടം അടക്കം ചെയ്തു. കൊല്ലത്ത് ഓർത്തഡോക്സ്, ലത്തീൻ സഭകളുടെ അധ്യക്ഷന്മാരുണ്ട്. മലങ്കര കത്തോലിക്കാസഭയ്ക്ക് അവിടെ ഒരു പള്ളിയും മാതാവിന്റെ നാമത്തിലുള്ള തീർഥാടന കേന്ദ്രവുമുണ്ട്.

## നിരണം

കടൽതീരത്തുള്ള ഒരു സ്ഥലമായിരുന്നു നിരണം. പമ്പയാർ കടലിൽ പതിച്ചിരുന്നത് നിരണത്തായിരുന്നു എന്നു പറയപ്പെടുന്നു. അവിടം ഒരു യഹൂദകേന്ദ്രവും കച്ചവടകേന്ദ്രവുമായിരുന്നു. പമ്പയാറ്റിൽ കൂടി ചങ്ങാടങ്ങളിൽ കൊണ്ടുവന്ന ചരക്കുകൾ നിരണംവഴി കപ്പലുകളിൽ എത്തിച്ചിരുന്നു. നിരണത്തും ശ്ലീഹാ ഒരു ക്രിസ്തീയസമൂഹം രൂപീകരിച്ചു. യഹൂദരും യഹൂദർ അല്ലാത്തവരും ക്രിസ്ത്യാനികളായി. തയ്യിൽ, പട്ടമുക്കിൽ, മാങ്കി, മടത്തിലാൻ എന്നീ നാലുകുടുംബങ്ങളാണ് നിരണത്തെ ആദ്യ ക്രിസ്തീയ കുടുംബങ്ങൾ എന്നും പാരമ്പര്യമുണ്ട്. നിരണത്ത് മാർ തോമാശ്ലീഹാ സ്ഥാപിച്ചു എന്നു പറയപ്പെടുന്ന ഒരു പുരാതന ദൈവാലയമുണ്ട്. പുതുക്കിപ്പണിത ഒരു പിൽക്കാല ദൈവാലയമാണ് ഇപ്പോൾ ആ സ്ഥലത്തുള്ളത്. മാർ തോമാശ്ലീഹാ ആദ്യം കുരിശു സ്ഥാപിച്ചത് ഇപ്പോൾ ജറുസലേം മാർതോമാ പള്ളി ഇരിക്കുന്ന സ്ഥലത്താണെന്ന് പറയപ്പെടുന്നു. എതിരാളികൾ കുരിശെടുത്ത്

ആറ്റിലെറിഞ്ഞു. അത് കടപ്രയിൽ മുതലപ്പുഴ എന്ന സ്ഥലത്ത് ചെന്നടിഞ്ഞു. അവിടെയാണ് മാതാവിന്റെ നാമത്തിലുള്ള യാക്കോബായ പള്ളി. മാർ ജോസഫ് പൗവത്തിൽ തിരുമേനി 2005-ൽ മാർ തോമാശ്ലീഹായുടെ തിരുശേഷിപ്പിന്റെ ഒരു ഭാഗം കൊണ്ടുവന്ന് നിരണത്തുള്ള സിറോ മലബാർ പള്ളിയിൽ പ്രതിഷ്ഠിച്ചു. മാർതോമാ, ഓർത്തഡോക്സ്, യാക്കോബായാ, മലങ്കര കത്തോലിക്കാ സഭകളുടെ അധ്യക്ഷന്മാർ നിരണത്തും പരിസരത്തുമായിട്ടുണ്ട്.[2]

## നിലയ്ക്കൽ (ചായൽ)

നിരണത്തു നിന്ന് പമ്പയാറ്റിൽകൂടി യാത്ര ചെയ്ത് നിലയ്ക്കലെത്തിയ ശ്ലീഹാ അവിടെ ഒരു ക്രിസ്തീയ സമൂഹം രൂപീകരിച്ചു. ഐശ്വര്യസമൃദ്ധമായ ഒരു വാണിജ്യകേന്ദ്രമായിരുന്നു നിലയ്ക്കൽ. ആ പ്രദേശം പാണ്ടിനാടിനെയും കേരളത്തെയും ബന്ധിച്ചിരുന്നു. ഹിന്ദുക്കളും ക്രിസ്ത്യാനികളും അവിടെ ഒന്നിച്ചു പാർത്തിരുന്നു. കാലക്രമത്തിൽ അവിടെ നിന്ന് മനുഷ്യർ കൂട്ടത്തോടെ മറ്റിടങ്ങളിലേക്ക് പലായനം ചെയ്യാനിടയായി. എന്തെങ്കിലും പ്രകൃതിക്ഷോഭം മൂലമാണോ, അതോ തമിഴ്നാട്ടിൽ നിന്നുള്ള കൊള്ളക്കാരുടെ ആക്രമണം മൂലമാണോ, പകർച്ചവ്യാധി മൂലമാണോ അവിടം വിജനമായത് എന്നറിവില്ല. പിന്നീട് അതൊരു കാട്ടുപ്രദേശമായി. ദക്ഷിണകേരളത്തിലെ പല സ്ഥലങ്ങളിലും, പ്രത്യേകിച്ചു കടമ്പനാടും കാഞ്ഞിരപ്പള്ളിയും നിലയ്ക്കൽ നിന്ന് നാടു വിട്ടോടിയവരുടെ പിൻഗാമികളുണ്ട്. ചിലർ ഇപ്പോഴും നിലയ്ക്കൽ എന്ന വീട്ടുപേര് നിലനിർത്തുന്നു. കടമ്പനാടു നിന്ന് തുമ്പമൺ, കടമ്മനിട്ട തുടങ്ങിയ സ്ഥലങ്ങളിൽ കുടിയേറിയവരും നിലയ്ക്കൽകാരാണ്. നിലയ്ക്കലിനടുത്താണ് ശബരിമല ശാസ്താവിന്റെ അമ്പലം. കേരളത്തിലെ എപ്പിസ്ക്കോപ്പൽ സഭകളുടെ ആഭിമുഖ്യത്തിൽ ഒരു പള്ളിയും എക്യുമെനിക്കൽ സെന്ററും നിലയ്ക്കൽ സ്ഥാപിച്ചിട്ടുണ്ട്. നിലയ്ക്കലിനടുത്ത് ആങ്ങമുഴിയിൽ മലങ്കര കത്തോലിക്കാ ദൈവാലയമുണ്ട്.[3]

## കോക്കമംഗലം

വേമ്പനാട്ടുകായലിന്റെ പിടിഞ്ഞാറേ തീരത്ത് ആലപ്പുഴയ്ക്കും തണ്ണീർമുക്കത്തിനും മധ്യത്തിലായി സ്ഥിതിചെയ്യുന്ന ഒരു നാട്ടിൻപുറമാണ് കോക്കമംഗലം അഥവാ കോക്കോമംഗലം. ഈ സ്ഥലം ഒരു ബ്രാഹ്മണസങ്കേതമായിരുന്നു. കായൽ തീരത്തുള്ള ഈ സ്ഥലം യഹൂദവ്യാപാരികളുടെ സാന്നിധ്യമുള്ള വ്യാപാരകേന്ദ്രമായിരുന്നു. ശ്ലീഹാ അവിടെയും ഒരു സഭാസമൂഹം രൂപീകരിച്ചു. പുരാതന കോക്കമംഗലം പള്ളി സിറോ-മലബാർ സഭയുടെ വകയാണ്.

2. നെയാസിൻസി (പ്ലീനി), നെൽക്കിൻഡ (ടോളമി), നിംസില (പെവുറ്റിംഗർ ടേബിൾ), നാക്കിട. നാക്കിട നിന്നും ചെങ്ങന്നൂർ നിന്നും ധാരാളം റോമൻ സ്വർണ്ണനാണയങ്ങൾ കിട്ടിയിട്ടുണ്ട്. നിരണവും അതോട് തൊട്ടുകിടക്കുന്ന സ്ഥലങ്ങളും മാർ തോമാക്രിസ്ത്യാനികളുടെ കേന്ദ്രങ്ങളാണ്. മിക്കവാറും എല്ലാ സഭക്കാർക്കും നിരണത്തും പരിസരത്തും സഭാആസ്ഥാനങ്ങളോ പള്ളികളോ ഉണ്ട്.
3. ശബരിമലയിലെ മണ്ഡല പൂജയ്ക്കും (നവംബർ 17-ഡിസംബർ 27) മകരവിളക്കിനും (മകരം 1) യേശുവിന്റെ ജനനത്തോടും സ്നാനത്തോടും ഏതെങ്കിലും തരത്തിൽ ബന്ധമുണ്ടോ എന്ന് ചിന്തിക്കാവുന്നതാണ്.



## കോട്ടയ്ക്കാവ്

ആലുവായ്ക്ക് പടിഞ്ഞാറ് കായൽ തീരത്തോടു ചേർന്നുകിടക്കുന്ന സ്ഥലമാണ് പറവൂർ. പറവൂർ പട്ടണത്തിന്റെ അരികിലായി കോട്ടയ്ക്കാവു പള്ളി സ്ഥിതി ചെയ്യുന്നു. ഈ സ്ഥലം ബ്രാഹ്മണരുടെ ഒരു പ്രധാനകേന്ദ്രമായിരുന്നു. കൊടുങ്ങല്ലൂരിന് ഏതാനും മൈലുകൾ മാത്രം തെക്കായി സ്ഥിതിചെയ്യുന്ന ഈ സ്ഥലം തോമാശ്ലീഹായ്ക്ക് അനായാസം ചെന്നെത്താവുന്ന സ്ഥലമായിരുന്നു. പട്ടമന പറവൂർ, കോട്ടക്കായൽ, വടക്കൻ പറവൂർ, കോട്ടയ്ക്കാവു പറവൂർ എന്നീ പേരുകളിലും ഇത് അറിയപ്പെട്ടിരുന്നു. ഇവിടെ ഒരു യഹൂദ കച്ചവടകേന്ദ്രമായിരുന്നു. പുരാതന പള്ളി സിറോ-മലബാർ സഭ വകയാണ്.

## പാലയൂർ

പ്രമുഖ ഹൈന്ദവ തീർത്ഥാടന കേന്ദ്രമായ ഗുരുവായൂരിനും മുസ്ലീം കേന്ദ്രമായ ചാവക്കാട് എന്ന സമുദ്രതീര പട്ടണത്തിനും മധ്യത്തിലായിട്ടാണ് പാലയൂരിന്റെ സ്ഥാനം. കച്ചവടക്കാരായ യഹൂദർ അവിടെയും ധാരാളമുണ്ടായിരുന്നു. പാലയൂർ ബ്രാഹ്മണരുടെ ഒരു ശക്തികേന്ദ്രവുമായിരുന്നു. ശങ്കരപുരി, പകലോമറ്റം, കള്ളി, കാളികാവ് തുടങ്ങി മുപ്പത്തിരണ്ട് ഇല്ലക്കാർ ഒരുമിച്ച് ക്രിസ്തീയവിശ്വാസം സ്വീകരിച്ചുവെന്നും അതിൽ ക്ഷുഭിതരായ മറ്റു ബ്രാഹ്മണർ നാടു വിട്ടുപോയെന്നും ഐതിഹ്യമുണ്ട്. തോമാശ്ലീഹായെ സംബന്ധിച്ച ചരിത്രസ്മരണകൾ സജീവമായി നിലനിർത്താൻ താത്പര്യപൂർവം ശ്രമിക്കുന്നവരാണ് പാലയൂർ ഇടവകക്കാർ. പുരാതന ദൈവാലയം സിറോ-മലബാർസഭ വകയാണ്.

## തിരുവാങ്കോട്

തിരുവനന്തപുരം മുതൽ കന്യാകുമാരി ചുറ്റി മൈലാപ്പൂർ വരെ നിരവധി ക്രിസ്തീയ കേന്ദ്രങ്ങൾ ഉണ്ടായിരുന്നു. മാർ തോമാശ്ലീഹാ ഈ സ്ഥലങ്ങളിലൊക്കെ ചുറ്റിസഞ്ചരിച്ച് അനേകമാളുകളെ ക്രിസ്ത്യാനികളാക്കി. ഇവിടെ മാർ തോമാക്രിസ്ത്യാനികളുടെ നിരവധി സഭാകേന്ദ്രങ്ങൾ ഉണ്ടായിരുന്നു. നിരവധി സ്ഥലങ്ങളിൽ മലങ്കര കുരിശുകൾ ഈ അടുത്ത കാലംവരെ ദൃശ്യമായിരുന്നു. തിരുവാങ്കോട് എന്ന സ്ഥലത്ത് ഇപ്പോഴും ഒരു പുരാതന ദൈവാലയമുണ്ട്. എന്നാൽ ക്രിസ്ത്യാനികൾ തുലോം കുറവാണ്. ഉദയംപേരൂർ സൂനഹദോസിൽ തിരുവാങ്കോട്ടു ക്രിസ്ത്യാനികളെ പറ്റി പരാമർശമുണ്ട്. ഈ ചെറിയ പള്ളി ഓർത്തഡോക്സ് സഭ വകയാണ്.

## മറ്റിടങ്ങളിലെ സഭകൾ

തെക്കേ ഇൻഡ്യയിൽ ഉടനീളം ചെറിയ ചെറിയ ക്രിസ്തീയ സമൂഹങ്ങൾ ഉണ്ടായിരുന്നു. മൈലാപ്പൂരിലും കല്യാണിലും ഉണ്ടായിരുന്നവർ അവിടം വിട്ട് കേരളത്തിൽ കുടിയേറി. തോടമലയിൽ ഉണ്ടായിരുന്നവർ മൈലാപ്പൂരിൽ നിന്ന് കുടിയേറിയവരാണ്. അവരെപ്പറ്റിയും ഉദയംപേരൂർ സൂനഹദോസ് പരാമർശിക്കുന്നു. അതുപോലെ സിലോണിലും ലക്ഷദ്വീപിലും മാർ തോമാശ്ലീഹാ സഭയ്ക്ക് ജന്മം നൽകി. വടക്കുപടിഞ്ഞാറൻ ഭാരതത്തിലും ഭാരതത്തിൽ ഉടനീളവും ഫാർസ് ഉൾപ്പെടെയുള്ള പശ്ചിമേഷ്യയിലെ പല കേന്ദ്രങ്ങളിലും ശ്ലീഹാ സുവിശേഷം പ്രചരിപ്പിച്ചു. മാർ തോമാശ്ലീഹാ സ്ഥാപിച്ച സഭാസമൂഹങ്ങളുടെ പിൻതുടർച്ചക്കാർ ഇന്നും നിലനിൽക്കുന്നു. ഈ സഭകളെപ്പറ്റി മാർ അബ്രഹാം മറ്റം തന്റെ ലേഖനത്തിൽ ചുരുക്കി വിവരിക്കുന്നു.[4]

## മലങ്കരസഭ

മാർ തോമാശ്ലീഹാ പശ്ചിമേഷ്യയിൽ നിന്ന് കപ്പലിൽ വന്നിറങ്ങിയത് കൊടുങ്ങല്ലൂരിനടുത്തുള്ള മാല്യങ്കര എന്ന സ്ഥലത്താണ്. ആദ്യം സുവിശേഷം പ്രസംഗിച്ചതും സഭ സ്ഥാപിച്ചതും അവിടെയാണ്. അക്കാരണത്താൽ ശ്ലീഹാ സ്ഥാപിച്ച സഭ *മലങ്കരസഭ* എന്ന് അറിയപ്പെടുന്നു. മലങ്കര എന്ന പദത്തിന് മലകളുടെ കര എന്നും ചിലർ അർഥം പറഞ്ഞു കാണുന്നു. മാർ തോമാശ്ലീഹായുടെ കാലം മുതൽ ഇവിടുത്തെ ശ്ലൈഹികസഭ അറിയപ്പെട്ടിരുന്നത് മലങ്കരസഭ എന്നായിരുന്നു. മറ്റു പേരുകളെല്ലാം പിന്നീട് ഉണ്ടായിട്ടുള്ളതാണ്. ക്രിസ്ത്യാനികളെ *മലങ്കര നസ്രാണികൾ, മാർ തോമാനസ്രാണികൾ* എന്നൊക്കെ വിളിച്ചിരുന്നു. മലങ്കരസഭ സെമിറ്റിക് ആയിരിക്കാനാണിട. ശ്ലീഹാ സഭ സ്ഥാപിച്ചിടങ്ങളിലെല്ലാം യഹൂദ കോളനികളുണ്ടായിരുന്നു.. യഹൂദരിൽ നിന്നാണ് ആദ്യമാനസ്സാന്തരങ്ങൾ. അക്കാലത്ത് തെക്കേ ഇൻഡ്യയിൽ ഉണ്ടായിരുന്ന ദ്രാവിഡരും ക്രിസ്ത്യാനികളായി. അങ്ങനെ ഇവിടുത്തെ ക്രിസ്തീയസമൂഹം ഒരു സങ്കരസമൂഹമായിരുന്നു. താൻ സ്ഥാപിച്ച സഭകൾക്ക് ശ്ലീഹാ ആരാധനാരീതികൾ ഏർപ്പെടുത്തി. ആരാധനാലയങ്ങളിൽ ആളുകളെ ഒന്നിച്ചുകൂട്ടി. നമ്മുടെ കർത്താവ് അന്ത്യത്താഴവേളയിൽ സെഹിയോൻ മാളികയിൽ വച്ച് കുർബാന സ്ഥാപിച്ചതു കണ്ട മാർ തോമ്മാശ്ലീഹാ മറ്റു ശ്ലീഹന്മാരെപ്പോലെ (1 കൊറി.11,23-26) ഇവിടെ കുർബാന നടപ്പാക്കി. ജനങ്ങളെ പ്രാർഥിക്കാൻ പഠിപ്പിച്ചു. ക്രിസ്തീയാരാധനയിലേക്ക് അവരെ ആനയിച്ചു.

## രക്തസാക്ഷിത്വം

കേരളത്തിൽ നിന്ന് തോമാശ്ലീഹാ ചോഴമണ്ഡലത്തിലേക്ക് (തമിഴ്നാട്) പോയി. മൈലാപ്പൂരിലെ ചിന്നമലയായിരുന്നു പ്രവർത്തനകേന്ദ്രം. മൈലാപ്പൂർ രാജാവും അനുജനും ക്രിസ്തുവിൽ വിശ്വസിച്ച് മാമോദീസാ സ്വീക

4. Mar Abraham Mattam, *The Indian Church of St. Thomas and her Missionary Enterprises before the 15th Century*, *in* Christian Orient 5,1-2 (1984)7-25.



രിച്ചു. മൈലാപ്പൂരിൽ അനേകരെ മാനസ്സാന്തരപ്പെടുത്തി. എന്നാൽ അവിടെയുണ്ടായിരുന്ന ചിലർക്ക് പുതിയ മതത്തിന്റെ പ്രചാരകനായ ശ്ലീഹായോട് വിദ്വേഷം തോന്നുകയും പ്രാർഥനാനിരതനായിരിക്കുമ്പോൾ അദ്ദേഹത്തെ ശൂലം എറിഞ്ഞ് കൊല്ലുകയും ചെയ്തു. അങ്ങനെ രക്തം ചിന്തി തന്റെ സാക്ഷ്യം ഉറപ്പിച്ചിട്ട് വിശുദ്ധ ശ്ലീഹാ ഈ ലോകത്തിൽ നിന്ന് കടന്നുപോയി. ശിഷ്യന്മാർ ശ്ലീഹായുടെ ശരീരം മൈലാപ്പൂരിൽ സംസ്ക്കരിച്ചു. അതിനു മുകളിൽ പിൽക്കാലത്ത് ഒരു വലിയ ദൈവാലയം ഉയർന്നുവന്നു. മൈലാപ്പൂർ കത്തീഡ്രലിലാണ് ഇപ്പോൾ മാർ തോമാശ്ലീഹായുടെ കല്ലറ.

## തിരുശേഷിപ്പ്

മാർ തോമാശ്ലീഹായുടെ തിരുശേഷിപ്പിന്റെ പ്രധാനഭാഗം മൂന്നാം നൂറ്റാണ്ടിൽ മൈലാപ്പൂരിൽ നിന്ന് മെസൊപ്പൊട്ടേമിയായിലെ എഡേസ്സായിലേക്ക് (ഇന്ന് തുർക്കിയിലെ ഉർഹാ/സാൻലി ഉർഫാ) മാറ്റപ്പെട്ടു. മാർ അപ്രേം ഇക്കാര്യം രേഖപ്പെടുത്തുന്നു. ഇപ്രകാരം മാറ്റാനുള്ള സാഹചര്യം വ്യക്തമല്ല. ഏതോ കാരണത്താൽ മൈലാപ്പൂരിലെ ക്രിസ്ത്യാനികളുടെ സംഖ്യ കാലക്രമത്തിൽ കുറഞ്ഞതായി കാണുന്നുണ്ട്. പശ്ചിമേഷ്യയിൽ മുഹമ്മദീയാക്രമണം ശക്തിപ്പെട്ടപ്പോൾ 1143-ൽ തിരുശേഷിപ്പ് ഏഷ്യാമൈനറിന്റെ പടിഞ്ഞാറേ തീരത്തുള്ള കിയോസ് ദ്വീപിലേക്ക് മാറ്റപ്പെടുകയുണ്ടായി. 1257-ൽ അത് മധ്യഇറ്റലിയുടെ കിഴക്കേ തീരത്തുള്ള ഒർത്തോണായിലേക്ക് മാറ്റപ്പെട്ടു. അവിടെ മാർ തോമാശ്ലീഹായുടെ നാമത്തിലുള്ള കത്തീഡ്രൽ ദൈവാലയത്തിൽ പ്രധാന ബലിപീഠത്തിന്റെ അടിയിൽ തിരുശേഷിപ്പ് സൂക്ഷിക്കുന്നു. മാർ തോമാശ്ലീഹായുടെ ഒരു കരം നെതർലൻഡിലെ മാസ്ട്രിക്ടിൽ വി. സെർവാസിന്റെ ബസിലിക്കായിൽ സൂക്ഷിച്ചിരിക്കുന്നു. 1953-ൽ കേരളത്തിലെത്തിയ പൗരസ്ത്യസംഘം സെക്രട്ടറി കർദിനാൾ എവുജീൻ തിസറാങ് തിരുമേനി തിരുശേഷിപ്പിന്റെ ഒരു ഭാഗം കേരളത്തിൽ കൊണ്ടുവന്ന്, കൊടുങ്ങല്ലൂർ അഴീക്കോട് സെന്റ് തോമസ് ദൈവാലയത്തിൽ പ്രതിഷ്ഠിച്ചു.

കേരളത്തിലെ ക്രിസ്ത്യാനികൾ തോമാശ്ലീഹായുടെ ഓർമ (ദുക്റാന) ജൂലൈ മൂന്നിനാണ് കൊണ്ടാടുന്നത്. രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷം (1962-1965) ലോകം മുഴുവനുമുള്ള കത്തോലിക്കർ മാർ തോമാക്രിസ്ത്യാനികളുടെ രീതി അനുസരിച്ച് ജൂലൈ മൂന്നിനാണ് ഓർമ കൊണ്ടാടുന്നത്. ഇറ്റലിയിലെ ഒർത്തോണായിലേക്ക് മാറ്റിയ ഡിസംബർ 21-നായിരുന്നു പാശ്ചാത്യസഭ മാർ തോമാശ്ലീഹായെ അനുസ്മരിച്ചിരുന്നത്.[5]

5. M. Gielen, *St.Thomas the Apostle of India*, Kottayam, 1990 (ed. G. Chediath); X. Koodapuzha, *Christianity in India*, Kottayam,1998; Idem, *Bharatha Sabhacharithram*, Kottayam,1998; G. Chediath, *Mar Thoma Sleehayude Indian Sabha*, Kottayam, 2001. K. S. Mathew, *The South Indian Apostolate of St.Thomas and the Portuguese in the Sixteenth Century*, in Christian Orient 6,1(1985) 5-12;J. N. Farquhar, *The Apostle Thomas in North India,* Manchester,1926; A. E. Medlycott, *India and the Apostle Thomas,* London,1905.

# 2

# മാർ തോമാ ഭാരതത്തിന്റെ അപ്പസ്തോലൻ ചില ചരിത്രത്തെളിവുകൾ

മാർ തോമാശ്ലീഹാ ഭാരതത്തിന്റെ അപ്പസ്തോലനായി അറിയപ്പെടുന്നു. ഇന്ന് ലോകം മുഴുവൻ അംഗീകരിച്ചിരിക്കുന്ന ഒരു സംഗതിയാണിത്. മാർ തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനങ്ങളെ സംബന്ധിച്ച് നിരവധി തെളിവുകൾ നൽകാനാകും. മാർ തോമാശ്ലീഹാ കൊടുങ്ങല്ലൂരിർ വന്ന് മലങ്കര സഭയ്ക്ക് ആരംഭമിട്ടു.

## 1. മലങ്കരയിലെ സജീവപാരമ്പര്യം

മാർ തോമാക്രിസ്ത്യാനികൾ എന്ന പേരിൽ ഇവിടെ ഒരു സജീവ ക്രിസ്തീയസമൂഹം ഇപ്പോഴും നിലനിൽക്കുന്നു. മാർ തോമാശ്ലീഹാ വന്നിറങ്ങിയ കൊടുങ്ങല്ലൂർ, സ്ഥാപിച്ച പള്ളികൾ അഥവാ ക്രിസ്തീയ കേന്ദ്രങ്ങൾ, പ്രാർഥിച്ച മലകൾ, രക്തസാക്ഷിമരണം വരിച്ച സ്ഥലം, കബറിടം എന്നിവ ഇന്നും തെക്കേ ഇൻഡ്യയിൽ പ്രത്യക്ഷ സാക്ഷ്യങ്ങളായി നിലകൊള്ളുന്നു. മാർ തോമ്മാശ്ലീഹായുമായി ബന്ധപ്പെട്ട സ്ഥലങ്ങളെ ചുറ്റിപ്പറ്റി നിരവധി ഐതിഹ്യങ്ങൾ ഭാരതത്തിലുണ്ട്. ശ്ലീഹാ കൈവയ്പു നൽകി വൈദികസ്ഥാനത്തേക്ക് ഉയർത്തിയ കുടുംബങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു. മലങ്കരസഭ മാർ തോമ്മാശ്ലീഹായുടെ ഓർമദിനം (ദുക്റാനാ) ജൂലൈ മൂന്നിനാണ് ആഘോഷിക്കുന്നത്. ദുക്റാനാചരണം മലങ്കരയിലെ വളരെ പുരാതനമായ പാരമ്പര്യമാണ്. ആ ആചരണം എട്ടുദിവസം നീണ്ടുനിന്നു. ഇത് മറ്റൊരു സഭയിലും ഇല്ലാതിരുന്ന രീതിയത്രേ. ദുക്റാനാ തിരുനാളിന് മാർ തോമാക്രിസ്ത്യാനികൾ വളരെയധികം പ്രാധാന്യം കൊടുത്തിരുന്നു. പുറത്തു നിന്നുവന്ന സഭാനേതാക്കന്മാരുടെ സ്വാധീനത്താലല്ല മലങ്കരസഭ ഇപ്രകാരം ചെയ്തത്.

ഈ സജീവപാരമ്പര്യം വാമൊഴിയായി പാട്ടുകളുടെ രൂപത്തിൽ മലങ്കരയിൽ പ്രചരിച്ചിരുന്നു. അവ ലിഖിതരൂപത്തിലായത് പിൽക്കാലത്താണെ



ങ്കിലും, അവയുടെ പുരാതനത്വം നിഷേധിക്കേണ്ട കാര്യമില്ല. തോമാപർവം (റമ്പാൻ പാട്ട്), മാർഗംകളിപ്പാട്ട്, വീരടിയാൻ പാട്ട് (പാണപ്പാട്ട്) എന്നിവ മാർ തോമാശ്ലീഹായുടെ ചരിത്രത്തോട് ബന്ധപ്പെട്ട പുരാതന പാട്ടുകളാണ്. ആഘോഷാവസരങ്ങളിൽ നസ്രാണികൾ ഈ ഗാനങ്ങൾ ആലപിച്ചിരുന്നു. മാർ തോമായുടെ ഭാരതത്തിലെ പ്രേഷിതവേലയെപ്പറ്റി ഈ പാട്ടുകൾ വ്യക്തമായി വിവരിക്കുന്നു. മാർ തോമാശ്ലീഹായിൽ നിന്ന് സുവിശേഷവെളിച്ചം ലഭിച്ചവരുടെ പിൻതലമുറയാണ് തങ്ങളെന്ന് ഒരു സജീവ ക്രിസ്തീയ സമൂഹം അഭിമാനപൂർവം പ്രസ്താവിക്കുന്നു. മറ്റെല്ലാ തെളിവുകളേക്കാൾ വിലപ്പെട്ടതാണ് മലങ്കരയിലെ ഈ സജീവസാക്ഷ്യം.

## 2. സഭാപിതാക്കന്മാരുടെ സാക്ഷ്യം

ക്രിസ്തീയസഭയുടെ ആദ്യനൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന അനേകം പിതാക്കന്മാർ, മാർ തോമാശ്ലീഹായുടെ ഭാരതത്തിലെ സുവിശേഷവേല, രക്തസാക്ഷിമരണം, കല്ലറ ആദിയായവയെപ്പറ്റി സ്പഷ്ടമായി രേഖപ്പെടുത്തുന്നു. മാർ അപ്രേം (+373), വി. ഗ്രിഗറി നസ്യാൻസൻ (+390), വി. അംബ്രോസ് (+396), വി. ജോൺ ക്രിസൊസ്തോം (+407), ഗൗദെൻസ്യൂസ് (5-ാം നൂ.), വി. ജറോം (+420), നോളായിലെ പൗളീനുസ് (+431), ടൂർസിലെ വി. ഗ്രിഗറി (+594), വി. ഇസിദോർ (+636), വാഴ്ത്തപ്പെട്ട ബീഡ് (+735) ആദിയായ പുരാതന ക്രൈസ്തവ പിതാക്കന്മാർ മാർ തോമായെ ഇൻഡ്യയുമായി ബന്ധപ്പെടുത്തി സംസാരിക്കുന്നു.

### *മാർ അപ്രേം:*

നിസിബിയൻ ഗീതം, 42,1. "ദുഷ്ടൻ ഇപ്രകാരം നിലവിളിച്ചു: നീതിമാന്മാരിൽ നിന്ന് എനിക്ക് എവിടേക്ക് ഓടിപ്പോകാൻ കഴിയും? ശ്ലീഹന്മാരുടെ അടികളിൽ നിന്ന് രക്ഷപെടാനായി അവരെ കൊല്ലാൻ ഞാൻ മരണത്തെ ഇളക്കിവിട്ടു. എന്നാൽ അവരുടെ മരണത്തിലൂടെ ഞാൻ കൂടുതൽ മഥിക്കപ്പെടുന്നു. ഇൻഡ്യയിൽ ഞാൻ കൊന്ന ശ്ലീഹാ എനിക്കുമുമ്പേ എഡേസ്സായിൽ എത്തിയിരിക്കുന്നു. അവൻ മുഴുവനായി ഇവിടെയും അവിടെയുമുണ്ട്. ഞാൻ അവിടെ ചെന്നു, അവൻ അവിടെ ഉണ്ടായിരുന്നു. ഇവിടെയും അവിടെയും ഞാൻ അവനെ കണ്ടുമുട്ടുകയും വ്യാകുലപ്പെടുകയും ചെയ്തു." 42,2. "ആ കച്ചവടക്കാരൻ അസ്ഥികൾ വഹിച്ചു. അഥവാ ഒരുപക്ഷേ അവ അവനെ വഹിച്ചു. ഇതാ, അവർക്ക് പരസ്പരം നേട്ടമുണ്ടായി. അവർക്ക് പരസ്പരം നേട്ടമുണ്ടായപ്പോൾ, അവ എനിക്കെന്തു നേട്ടമുണ്ടാക്കി? രണ്ടിലും എനിക്ക് നഷ്ടമുണ്ടായി. എനിക്ക് ശക്തി കിട്ടാനായി സ്കറിയോത്തായുടെ പണസഞ്ചി ആരെന്നെ കാണിക്കും? തോമസിന്റെ പേടകം എന്നെ കൊന്നു. കാരണം, അതിൽ വസിക്കുന്ന നിഗൂഢശക്തി എന്നെ പീഡിപ്പിക്കുന്നു."



ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് ഒ.ഐ.സി.,
മാർ തെയോഫിലോസ് ഒ.ഐ.സി.,
ഫാ. ജോൺ ഒ.ഐ.സി.,
ഡീക്കൻ അലക്സാണ്ടർ (ഫാ. സെറാഫിയോൻ ഒ.ഐ.സി.)
മി. കിളീലേത്ത് ചാക്കോ

മാർ അപ്രേമിന്റെ പേരിൽ അറിയപ്പെടുന്ന ഒരു ഗീതത്തിൽ ഇപ്രകാരം കാണുന്നു:

"വലിയ ഗോളത്തിൽ നിന്നു രശ്മിപോലെ പുറപ്പെടുന്നവനേ, നീ ഭാഗ്യവാൻ. നിന്റെ അനുഗൃഹീതാഗമനമാകുന്ന പ്രഭാതം ഇൻഡ്യയുടെ അന്ധകാരം നീക്കുന്നു. പന്ത്രണ്ടു പേരിൽ ഒരുവനായ വലിയ ദീപമേ, കുരിശിൽ നിന്നുള്ള തൈലത്താൽ നിറഞ്ഞവനായി, ഇൻഡ്യയുടെ ഇരുട്ടു നിറഞ്ഞ നിശയെ ദീപത്താൽ നീ പ്രകാശിപ്പിക്കുന്നു. തന്റെ ഏകജാതനു വിവാഹം ചെയ്തുകൊടുക്കാൻ മഹാരാജാവ് ഇൻഡ്യയിലേക്ക് അയച്ചതിനാൽ നീ ഭാഗ്യവാനാകുന്നു. നീ കറുത്ത വധുവിനെ മഞ്ഞിനേക്കാളും വെളുത്ത വസ്ത്രത്തേക്കാളും പ്രശോഭിതയാക്കി. ഈ മുത്തു സ്വന്തമാക്കിയ വാഴ്ത്തപ്പെട്ട നഗരമേ, നീ ഭാഗ്യവതിയാകുന്നു. ഇതിനേക്കാൾ മഹത്തരമായ ഒന്നു നൽകാൻ ഇൻഡ്യയ്ക്കില്ല. ഈ അമൂല്യരത്നം സ്വന്തമാക്കാൻ അർഹയായിത്തീർന്ന നീ ഭാഗ്യവതിയാകുന്നു. കണ്ടാലും, ഇൻഡ്യയിൽ നിന്റെ അത്ഭുതങ്ങൾ, ഞങ്ങളുടെ നാട്ടിൽ നിന്റെ വിജയവും. എല്ലായിടത്തും നിന്റെ പെരുന്നാളും."[1]

മാർ തോമായുടെ തിരുശേഷിപ്പ് ഇൻഡ്യയിൽ നിന്ന് എഡേസ്സായിലേക്ക് കൊണ്ടുപോയതിനെപ്പറ്റിയും അപ്രേം പറയുന്നു: "അയാൾ (കച്ചവടപ്രമാണി) പല പ്രാവശ്യം ഇൻഡ്യയിലേക്ക് പോകുകയും തിരിച്ചു വരികയും ചെയ്തു. അവിടെ കണ്ടിട്ടുള്ള സകല വസ്തുക്കളും അങ്ങയുടെ അസ്ഥികളോട് താരതമ്യപ്പെടുത്തിയപ്പോൾ, നിസ്സാരങ്ങളായി മാത്രം അയാൾ പരിഗണിച്ചു".[2]

### *വി. ഗ്രിഗറി നസ്യാൻസൻ:*

"സുവിശേഷം എല്ലാ സ്ഥലങ്ങളിലും പ്രചരിക്കുന്നതിനും അന്ധകാരത്തിലും മരണനിഴലിലും ഇരിക്കുന്നവരുടെ അജ്ഞതയുടെ മേഘപാളികൾ നീക്കുന്നതിനും വേണ്ടി ശ്ലീഹന്മാർ പോയ രാജ്യങ്ങളിലും പട്ടണങ്ങളിലും അവർ പരദേശികൾ ആയിരുന്നില്ലേ? ... പത്രോസിന്റെ ഭവനം യൂദയായിലാണെന്നതു വാസ്തവം. എന്നാൽ പൗലോസിന് വിജാതിയരുമായി എന്തു ബന്ധമുണ്ടായിരുന്നു? ലൂക്കോസിന് അക്കായിയായോടും അന്ത്രയോസിന് എപീറൂസിനോടും യോഹന്നാന് എഫേസോസിനോടും തോമായ്ക്ക് ഇൻഡ്യയോടും മർക്കോസിന് ഇറ്റലിയോടും... എന്തെങ്കിലും ബന്ധമുണ്ടായിരുന്നോ?[3]."

1. *Breviary according to the Rite of the Church of Antioch of the Syrians, VI*, Mossul,1886-96, p.635; T.Lamy, S. *Ephremi Syri Hymni et Sermones, IV*, Mechlinae, 1902, col.704; A.E. Medlycott, *India and the Apostle Thomas*,London, 1905,p.27.
2. T.Lamy,*op.cit*. 704.
3. പ്രസംഗം 33,11.



### *വി. അംബ്രോസ് :*

കൊടുങ്ങല്ലൂരിനെ പറ്റിയും ബ്രാഹ്മണരെ പറ്റിയും അംബ്രോസിന് അറിവുണ്ടായിരുന്നു. മിലാനിലെ ബസിലിക്കായിൽ മാർ തോമാശ്ലീഹായുടെ തിരുശേഷിപ്പ് ഉണ്ടായിരുന്നു. മാർ തോമായെ പറ്റി അദ്ദേഹം പറയുന്നു, "ദുർഗമങ്ങളായ പർവതങ്ങളാൽ വേർതിരിക്കപ്പെട്ടു കിടന്ന രാജ്യങ്ങൾ പോലും അവർക്ക് (ശ്ലീഹന്മാർക്ക്) അഭിഗമ്യമായിത്തീർന്നു. അങ്ങനെ തോമായ്ക്ക് ഇൻഡ്യയും...."

### *വി. ജോൺ ക്രിസോസ്തോം:*

"ശ്ലീഹന്മാരിൽ മിക്കവരുടെയും കല്ലറകൾ എവിടെയാണെന്ന് നമുക്കറിയില്ല. എന്നാൽ പത്രോസ്, പൗലോസ്, യോഹന്നാൻ, തോമസ് എന്നിവരുടെ കല്ലറകൾ സുപ്രസിദ്ധമാണ്." തോമാശ്ലീഹാ ഇൻഡ്യയിൽ സുവിശേഷം പ്രസംഗിച്ചെന്നും അദ്ദേഹത്തിന് ഭാഷാവരം ഉണ്ടായിരുന്നെന്നും പോയിടത്തെല്ലാം - ഷിത്തിയാ, പാർത്തിയാ, ഇൻഡ്യാ - ബലിപീഠം സ്ഥാപിച്ചെന്നും ക്രിസോസ്തോം രേഖപ്പെടുത്തുന്നു[4].

### *ഗൗദെൻസ്യൂസ്:*

വടക്കേ ഇറ്റലിയിലെ ബ്രേഷ്യാ മെത്രാനായ ഗൗദെൻസ്യൂസ് 402-ൽ തന്റെ ബസിലിക്കായിൽ മാർ തോമാശ്ലീഹാ, സ്നാപക യോഹന്നാൻ, വി. അന്ത്രയോസ് ശ്ലീഹാ, വി. ലൂക്കോസ് എന്നിവരുടെ തിരുശേഷിപ്പുകൾ പ്രതിഷ്ഠിച്ചശേഷം ഈ വിശുദ്ധർ കൊല്ലപ്പെട്ട സ്ഥലങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു. മാർ തോമാശ്ലീഹായുടെ പ്രേഷിതരംഗം ഇൻഡ്യ ആയിരുന്നെന്നും ഇൻഡ്യയിൽ വച്ച് രക്തസാക്ഷി ആയെന്നും അദ്ദേഹം സാക്ഷിക്കുന്നു[5].

### *വി. ജറോം:*

"ദിവ്യസ്വഭാവം പൂർണമായി എല്ലായിടത്തും സന്നിഹിതമാണ്. ക്രിസ്തു ഒരേസമയം ശ്ലീഹന്മാരോടൊത്തും മാലാഖമാരോടൊത്തും ഉണ്ടായിരുന്നു. അവിടുന്ന് പിതാവിലും ലോകാതിർത്തികളിലും ഉണ്ടായിരുന്നു. അവിടുന്ന് തോമായോടൊത്ത് ഇൻഡ്യയിലും പത്രോസിനോടൊത്ത് റോമിലും പൗലോസിനോടൊത്ത് ഇല്ലിരിക്കുമിലും തീത്തോസിനോടൊത്ത് ക്രീറ്റിലും അന്ത്രയോസിനോടൊത്ത് അക്കായിയായിലും ഉണ്ടായിരുന്നു"[6]. മാർ തോമാ ശ്ലീഹാ പ്രസംഗിച്ച സ്ഥലങ്ങളെപ്പറ്റി മഹദ്വ്യക്തികൾ എന്ന തന്റെ കൃതിയിൽ ജറോം രേഖപ്പെടുത്തുന്നു. അതിൽ ഇൻഡ്യയും ഉൾപ്പെടുന്നു.

4. എബ്രായലേഖന ഹോമിലി 26,2: എബ്രാ.11,20-22.
5. Thomas apud Indos- പ്രസംഗം, 17.
6. മർച്ചെല്ലായ്ക്കുള്ള ലേഖനം, 50.



Archbishop Mar Ivanios, Cheppad Philipose Remban with the Reunited Priests and the Priests who served in the Malankara Catholic Church (1940)

### *നോളായിലെ പൗളീനുസ്:*

വിശുദ്ധ ശ്ലീഹന്മാർക്ക് സുവിശേഷപ്രഘോഷണത്തിന് ലഭിച്ച സ്ഥലങ്ങളെ പറ്റി പറയുന്നിടത്ത് തോമാശ്ലീഹായ്ക്ക് ഇൻഡ്യാ ലഭിച്ചെന്ന് പൗളീനുസ് പറയുന്നു.

### *ടൂർസിലെ വി. ഗ്രിഗറി:*

തോമാശ്ലീഹായുടെ മരണത്തെപ്പറ്റിയും കബറിടത്തിലെ അത്ഭുതത്തെപ്പറ്റിയും ഗ്രിഗറി ഇപ്രകാരം വിവരിക്കുന്നു: "തോമാശ്ലീഹായുടെ പീഡാനുഭവചരിത്രം അനുസരിച്ച്, അദ്ദേഹം ഇൻഡ്യയിൽ വച്ച് രക്തസാക്ഷിയായി എന്നു പറയപ്പെടുന്നു. വളരെ കാലങ്ങൾക്കു ശേഷം അദ്ദേഹത്തിന്റെ തിരുശരീരം, സുറിയാനിക്കാർ എഡേസ്സാ എന്ന് വിളിക്കുന്ന പട്ടണത്തിലേക്കു മാറ്റുകയും അവിടെ സംസ്ക്കരിക്കുകയും ചെയ്തു. ഇൻഡ്യയിൽ അദ്ദേഹം ആദ്യം സംസ്ക്കരിക്കപ്പെട്ട സ്ഥലത്ത്, അതിനുശേഷം ഒരാശ്രമവും സാമാന്യം വലിപ്പമുള്ളതും ഭംഗിയായി അലങ്കരിക്കപ്പെട്ടതും രൂപകൽപ്പന ചെയ്യപ്പെട്ടതുമായ ഒരു പള്ളിയും ഉണ്ടായി. ഈ പള്ളിയിൽ ദൈവം ഒരു വലിയ അത്ഭുതം കാട്ടി. അദ്ദേഹത്തെ സംസ്ക്കരിച്ചതിനു മുമ്പിൽ ഒരു വിളക്കു കത്തിച്ചുവച്ചിരുന്നു. കത്തിച്ചു വച്ചപ്പോൾ മുതൽ ഇടതടവില്ലാതെ രാപകൽ, ദൈവിക കൽപ്പനയാൽ അത് കത്തിക്കൊണ്ടിരുന്നു. ആരും അതിൽ പുതുതായി എണ്ണയോ, തിരിയോ അർപ്പിച്ചില്ല. കാറ്റ് അതിനെ കെടുത്തിയുമില്ല. നോട്ടപ്പിശകാൽ അത് ഇല്ലാതായില്ല. അതിന്റെ പ്രകാശം ഒട്ടും കുറഞ്ഞില്ല. ശ്ലൈഹിക ശക്തിയാൽ ആ വിളക്ക് കത്തിക്കൊണ്ടിരുന്നു. അത് മനുഷ്യർക്ക് അപരിചിതമാണെങ്കിലും, ദൈവിക ശക്തിയുമായി ബന്ധപ്പെട്ടതാണ്. അവിടം സന്ദർശിച്ച തിയഡോറാണ് എന്നോടിത് പറഞ്ഞത്."

### *വി. ഇസിദോർ:*

മാർ തോമാശ്ലീഹാ ഇൻഡ്യയിൽ സുവിശേഷം പ്രസംഗിച്ചെന്നും ഇവിടെത്തന്നെ രക്തസാക്ഷിയായി മരിച്ചെന്നും ഇസിദോർ സാക്ഷിക്കുന്നു: "പൗരസ്ത്യദേശങ്ങളുടെ ഉൾനാടുകളിലേക്ക് അദ്ദേഹം കടന്നു. തന്റെ സുവിശേഷപ്രഘോഷണത്തിന് സ്വമരണം കൊണ്ടുതന്നെ അദ്ദേഹം മുദ്രവച്ചു. ഇൻഡ്യയിലെ ഒരു നഗരമായ കലാമിനായിൽ വച്ച് കുന്തം കൊണ്ടുള്ള കുത്തേറ്റ് അദ്ദേഹം മരിച്ചു. അവിടെത്തന്നെ ബഹുമാനപൂർവം സംസ്ക്കരിക്കപ്പെടുകയും ചെയ്തു."[7].

7. *De Ortu et Obitu Patrum*,74.



### *വാഴ്ത്തപ്പെട്ട ബീഡ്:*

വിശുദ്ധ ശ്ലീഹന്മാർക്ക് സുവിശേഷപ്രഘോഷണത്തിന് ലഭിച്ച സ്ഥലങ്ങളെ പറ്റി പറയുന്നിടത്ത് തോമാശ്ലീഹായ്ക്ക് ഇൻഡ്യാ ലഭിച്ചെന്ന് ബീഡ് പറയുന്നു.

### *മറ്റു ചിലർ:*

മാർ തോമാശ്ലീഹായുടെ പ്രേഷിതരംഗം ഇൻഡ്യ ആയിരുന്നെന്ന് മഹാനായ ഗ്രിഗറി മാർപാപ്പാ (+604), ടയറിലെ ഡൊറോതേവൂസ് (6-ാം നൂ.), സിസിക്കൂസിലെ ജലാസിയുസ് തുടങ്ങിയ ആദ്യകാല നേതാക്കന്മാരും സാക്ഷിക്കുന്നു.

## 3. പ്രാചീന രേഖകൾ

### *ആദായിയുടെ പ്രബോധനം:*

മൂന്നാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഒരു അപ്പോക്രിഫൽ കൃതിയാണിത്. അതിൽ മാർ തോമാശ്ലീഹായെപ്പറ്റി ഇപ്രകാരം പരാമർശിക്കുന്നു. "ഇൻഡ്യയും അതിലെ രാജ്യങ്ങളും അതിൽ വസിക്കുന്ന എല്ലാവരും വിദൂരസ്ഥമായ കടൽക്കര ഉള്ളവർ പോലും യൂദാ തോമായിൽ നിന്നു കൈവയ്പ്പു വഴി പൗരോഹിത്യം സ്വീകരിച്ചു. താൻ സ്ഥാപിച്ച സഭയിൽ അവൻ നായകനും ഭരണാധികാരിയുമായിരുന്നു." പ്രസ്തുത കൃതിയിൽ മറ്റൊരിടത്ത്, ശ്ലീഹന്മാർ തങ്ങൾക്കു ലഭിച്ചവ പിൻഗാമികൾക്ക് കൈമാറി എന്നും തോമാ ഇൻഡ്യയിൽ നിന്ന് എഴുതിയവ പിൻഗാമികളെ ഏൽപ്പിച്ചെന്നും രേഖപ്പെടുത്തിയിരിക്കുന്നു.

### *തോമായുടെ നടപടി:*

സിറിയായിൽ വച്ച് മൂന്നാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഒരു അപ്പോക്രിഫൽ കൃതിയാണിത്. ശ്ലീഹായുടെ ഇൻഡ്യയിലെ പ്രേഷിതപ്രവർത്തനം, മരണം എന്നിവ ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നു.

### *തോമായുടെ രക്തസാക്ഷിത്വ വിവരണം:*

ആറാം നൂറ്റാണ്ടിൽ എഴുതിയ ഈ അപ്പോക്രിഫൽ കൃതിയും തോമായെ ഇൻഡ്യയുമായി ബന്ധിക്കുന്നു. മാർ തോമായെ വലിയ ബഹുമാനാദരവുകളോടെ കബറടക്കി. അവിടെ വലിയ അത്ഭുതങ്ങൾ നടന്നു. തിരുശേഷിപ്പ് എഡേസ്സയിലേക്കു മാറ്റി എന്നും മറ്റും ഈ വിവരണത്തിൽ കാണാം.

## 4. വിവിധ സഭകളുടെ പാരമ്പര്യം

കിഴക്കും പടിഞ്ഞാറുമുള്ള വിവിധ ക്രിസ്തീയ സഭകളുടെ പാരമ്പര്യങ്ങൾ മാർ തോമാശ്ലീഹായുടെ ഭാരതത്തിലെ സുവിശേഷപ്രവർത്തനത്തിന് സാക്ഷ്യം നൽകുന്നു. അവയിൽ ചിലത് താഴെ കുറിക്കുന്നു:

### *പൗരസ്ത്യ സുറിയാനി സഭ*

പേർഷ്യൻ സാമ്രാജ്യത്തിലെ പൗരസ്ത്യസുറിയാനിസഭയും ജൂലൈ മൂന്നിനാണ് ദുക്റാനാ പെരുന്നാൾ ആചരിക്കുന്നത്. പ്രസ്തുത ദിനത്തിലെ സന്ധ്യാപ്രാർഥനയിൽ ഇപ്രകാരം കാണുന്നു: “ഹാ, തോമായേ, ഇൻഡ്യാക്കാർ നിന്റെ ഉപദേശം വഴി ജീവന്റെ പരിമളം ശ്വസിച്ചു. ഇൻഡ്യയിൽ കണ്ടെത്തപ്പെട്ട ഒരു നിക്ഷേപം എന്നപോലെ ദിവ്യരക്ഷകൻ മാർ തോമായെ അദ്ദേഹത്തിന്റെ സഭയ്ക്ക് നൽകുന്നതിന് തിരുമനസ്സായി.”

മറ്റൊരിടത്ത്: “മിശിഹാ റോമായുടെ പ്രധാനാചാര്യനായി പത്രോസിനെ അഭിഷേകം ചെയ്തു, അതുപോലെ തോമായേ, നീ ഇൻഡ്യാക്കാരുടെ ഇടയിൽ താദൃശ്യമായ ബഹുമാനം പ്രാപിച്ചിരിക്കുന്നു.”

ജൂലൈ മൂന്ന് രാത്രി പ്രാർഥനയിൽ: “പിശാചുക്കളുടെ ആലയങ്ങളെ നശിപ്പിക്കുന്നതിനായി തോമാ ഇൻഡ്യയിലേക്ക് യാത്രയായി.”

പൗരസ്ത്യ സുറിയാനി കലണ്ടറിൽ: “ജൂലൈ മൂന്ന്. ഇൻഡ്യയിൽ വച്ച് കുന്തത്താൽ തുളയ്ക്കപ്പെട്ട മാർ തോമാശ്ലീഹാ. അദ്ദേഹത്തിന്റെ അസ്ഥികൾ ഉറഹായിലാണ്. ഹാബാൻ എന്ന കച്ചവടക്കാരനാണ് അതു കൊണ്ടുവന്നത്. വലിയ പെരുന്നാൾ.”

### *അന്ത്യോക്യൻ സുറിയാനി സഭ*

“ഇൻഡ്യയിൽ വന്ന മാർ തോമാ”എന്ന് *ശ്ഹീമോ നമസ്ക്കാരത്തിലെ* ഒരു ഗാനത്തിൽ കാണാം.

ഒരു *സെദ്റായിൽ* ഇപ്രകാരം കാണുന്നു: “ദുഷ്ടൻ നിമിത്തം ക്ഷയം സംഭവിച്ച ഇൻഡ്യാക്കാർക്കും കുശാന്മാർക്കും തന്റെ ശുശ്രൂഷയാൽ സ്വാതന്ത്ര്യം സമ്പാദിച്ചു കൊടുത്ത വാഴ്ത്തപ്പെട്ട മാർ തോമാശ്ലീഹായേ, നീ സ്തുത്യർഹനാകുന്നു.”

### *മറ്റൊരു സെദ്റാ:*

“സൂര്യൻ ലോകത്തെ പ്രകാശിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുന്നതുപോലെ, തോമാശ്ലീഹാ തന്റെ അപരിമേയമായ അനുഗ്രഹങ്ങൾ കൊണ്ട് അജ്ഞാന തിമിരത്താൽ ആവൃതമായിരുന്ന ഇൻഡ്യയെ പ്രകാശിപ്പിക്കുകയും ആനന്ദിപ്പിക്കുകയും ചെയ്യുന്നു.”



*സ്രോഗിലെ മാർ യാക്കോബിന്റെ* ഒരു പ്രാർഥനാഗീതം ഇപ്രകാരമാണ്:

“തോമാശ്ലീഹാ ഇൻഡ്യയിലേക്ക് പോകാനായി സഹശിഷ്യന്മാരിൽ നിന്നു വേർപിരിഞ്ഞ സമയത്ത് കരയുകയും കരയത്തക്കവിധം മറ്റുള്ളവരെ വികാരാധീനരാക്കുകയും ചെയ്തു...അല്ലയോ, ഭാഗ്യവാനേ, ഇൻഡ്യയുടെ അന്ധകാര നിബിഡമായ രാത്രിയെ നീക്കുന്നതിന് സൂര്യരശ്മിപോലെ നീ യാത്ര ചെയ്യുന്നു.”

### *മാർ അപ്രേമിന്റെ* ഒരു പ്രാർഥന:

“നീ വഴി സത്യവിശ്വാസത്തിലേക്ക് ഇൻഡ്യാക്കാരെ ദൈവം ആകർഷിക്കുകയും ത്രിത്വത്തിന്റെ നാമത്തിൽ അവരെ മാമ്മോദീസാ മുക്കുകയും ചെയ്തു.”

### *ജൂലൈ മൂന്നിലെ യാമപ്രാർഥന:*

“പൗരസ്ത്യ ഇൻഡ്യയിൽ സുവിശേഷം പ്രസംഗിക്കാനായി കർത്താവ് മാർ തോമാശ്ലീഹായെ അയച്ചു”.

### ബിസന്റൈൻ സഭ

ഗ്രീക്കുകാരുടെ *മെനോലോഗിയോൻ* എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം കാണുന്നു:

“ഒക്ടോബർ ആറാം തീയതി മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വം...മാർ തോമായ്ക്ക് ഇൻഡ്യ ലഭിച്ചു. അവൻ അവിടെ മിശിഹായെ പ്രസംഗിച്ചു...ഈ വിശുദ്ധൻ കുന്നിന്മുകളിലേക്ക് ആനീതനായി. അവർ അവനെ ശൂലം കൊണ്ട് കുത്തിക്കൊന്നു.” അതിൽ മറ്റൊരിടത്ത്: “ജൂൺ 30 പന്ത്രണ്ടു ശ്ലീഹന്മാരുടെ പെരുന്നാൾ...ഏഴാമത്തെയാൾ ദിദിമോസ് തോമസ്. അദ്ദേഹം ഇൻഡ്യാക്കാരാൽ കുന്തംകൊണ്ട് കൊല്ലപ്പെട്ടു.”

*സിനക്സാരിയോൻ* എന്ന ഗ്രന്ഥത്തിൽ ഒക്ടോബർ ആറിന് മാർ തോമാശ്ലീഹായുടെ വായനയിൽ:

“തോമാ പാർത്തിയർക്കും...ഇൻഡ്യാക്കാർക്കും വേദം ഉപദേശിച്ചു... ഇൻഡ്യാക്കാരുടെ നേതാവ് മിസദേവൻ അദ്ദേഹത്തെ കൊന്നു.”

### എത്യോപ്യൻ സഭ

“ഒക്ടോബർ ആറാം തീയതി ഇൻഡ്യയുടെ ശ്ലീഹാ ആയ മാർ തോമായുടെ പെരുന്നാൾ” എന്ന് എത്യോപ്യൻ കലണ്ടറിൽ കാണുന്നു.

### ലത്തീൻ സഭ

പാശ്ചാത്യസഭയുടെ ആരാധനക്രമ കലണ്ടറുകളും രക്തസാക്ഷിവിവരണങ്ങളും മാർ തോമാശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തിന് സാക്ഷ്യം വഹിക്കുന്നു.

വി. *ജറോമിന്റെ* പേരിൽ അറിയപ്പെടുന്ന രക്തസാക്ഷിവിവരണത്തിൽ ഡിസംബർ 21 ശ്ലീഹായുടെ മരണവും ജൂലൈ മൂന്ന് ശരീരം എഡേസ്സായിലേക്ക് കൊണ്ടുപോയ സംഭവവും അനുസ്മരിക്കുന്നു.

വാഴ്ത്തപ്പെട്ട *ബീഡിന്റെ* രക്തസാക്ഷി വിവരണത്തിൽ: "ഡിസംബർ 21. പാർഥ്യരോടും മേദ്യരോടും സുവിശേഷം അറിയിച്ച ശേഷം ഇൻഡ്യയിൽ വച്ച് പീഡ സഹിച്ച അനുഗൃഹീതനായ മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വം " എന്നു കാണുന്നു.

***റോമൻ രക്തസാക്ഷിവിവരണത്തിൽ:*** "ഡിസംബർ 21. പാർഥ്യരോടും മേദ്യരോടും പേർഷ്യാക്കാരോടും ഹിർക്കാന്യരോടും സുവിശേഷം അറിയിച്ചശേഷം ഒടുവിൽ ഇൻഡ്യയിൽ വന്ന് അവിടുത്തെ ജനങ്ങളെ മിശിഹായുടെ സുവിശേഷം പഠിപ്പിച്ചു വരികയിൽ, രാജാജ്ഞപ്രകാരം കലാമിനായിൽ വച്ച് കുന്തത്താൽ കുത്തപ്പെട്ട ഭാഗ്യവാനായ മാർ തോമായുടെ പൂജ്യാവശിഷ്ടം ആദ്യം എഡേസ്സാ പട്ടണത്തിലേക്കും പിന്നീട് ഒർത്തോണായിലേക്കും കൊണ്ടുപോകപ്പെട്ടു."

മാർ തോമാശ്ലീഹാ ഭാരതത്തിന്റെ അപ്പസ്തോലനാണെന്നുള്ള ചരിത്രസത്യം വിവിധ ആരാധനക്രമങ്ങളും രക്തസാക്ഷിവിവരണങ്ങളും സ്ഥിരീകരിക്കുന്നു.

**5. കബറിടസന്ദർശന റിപ്പോർട്ടുകൾ**

മാർ തോമാശ്ലീഹായുടെ കബറിടം സ്ഥിതിചെയ്യുന്ന മൈലാപ്പൂരിലേക്ക് മലങ്കര നസ്രാണികൾ നിരന്തരമായി തീർഥാടനം നടത്തിയിരുന്നു. ഭാരതത്തിനു പുറമേ നിന്നുള്ള തീർഥകരും മൈലാപ്പൂർ സന്ദർശിച്ചിട്ടുണ്ട്. 17-ാം നൂറ്റാണ്ടിനുമുമ്പ് ജീവിച്ചിരുന്ന ഒട്ടനേകം ചരിത്രകാരന്മാരും തീർഥയാത്രക്കാരും മിഷണറിമാരും ഇക്കാര്യം സ്ഥിരീകരിച്ചിട്ടുണ്ട്. എന്നാൽ ആദിമനൂറ്റാണ്ടുകളെ സംബന്ധിച്ച് നമുക്ക് രേഖകളില്ല. മാർക്കോ പോളോ (13-ാം നൂ.), മോന്തേകൊർവീനോ (13-ാം നൂ.), ഒഡെറിക് (14-ാം നൂ.), ആമ്രി് (14-ാം നൂ.), മരിഞ്ഞോളി (14-ാം നൂ.), നിക്കൊളോ കോന്തി (15-ാംനൂ.) ആദിയായവർ മൈലാപ്പൂരിലെ പള്ളിയെപ്പറ്റി സൂചിപ്പിക്കുന്നു.

പോർട്ടുഗീസുകാർ മൈലാപ്പൂരിൽ ഒരു വലിയ ദൈവാലയത്തിന്റെ അവശിഷ്ടങ്ങൾ കാണുകയുണ്ടായി. മാർ തോമാശ്ലീഹായുടെ കല്ലറയ്ക്ക് ഉപയോഗിച്ച ഇഷ്ടിക ഒന്നാം നൂറ്റാണ്ടിലേതാണെന്ന് ഗവേഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. കലാമിനാ, കലിമായ, മൈലൂഫ്, മൈലാൻ, കലമേന എന്നീ പേരുകളിലും മൈലാപ്പൂർ അറിയപ്പെട്ടിരുന്നു. കലൂർ (കല്ല്) മീനാ (മേൽ) എന്നതിൽ നിന്ന് കലൂർ മിനാ (കല്ലിൻമേൽ) എന്നു ചിലർ അർഥം പറയുന്നു. ചിന്നമലയിൽ വച്ചാണല്ലോ ശ്ലീഹാ രക്തസാക്ഷിയായത്. ചിന്നമല സുറിയാനിയിൽ ഗൽമാനാ എന്നാണ്. അതിൽ നിന്നാണ് കലാമിനാ എന്ന പേരുണ്ടായത് എന്നും പറയപ്പെടുന്നു.



**6. ചരിത്രപണ്ഡിതന്മാരുടെ പ്രസ്താവനകൾ**

മാർ തോമായെ സംബന്ധിച്ച ചരിത്രപരമായ തെളിവുകൾ പരിശോധിച്ച പ്രശസ്തരായ പണ്ഡിതന്മാരെല്ലാം മാർ തോമായുടെ ഭാരതത്തിലെ പ്രേഷിതവൃത്തിയും മരണവും അംഗീകരിക്കുന്നവരാണ്. അത്തരത്തിൽ പെട്ടവരാണ് ജെ. എസ്. അസ്സെമാനി (1687-1768), റൗളിൻ (1745), മെഡ്ലിക്കോട്ട് (1905), ഫാ. ബർണാർദ്, ക്ലോഡിയസ് ബുക്കാനൻ, എ. മിംഗാനാ, വിൻസെന്റ് സ്മിത്ത്, എഡ്ഗാർ തെഴ്സ്റ്റൺ, കേണൽ യൂൾ, പ്ലാസിഡ് പൊടിപ്പാറ, സേവ്യർ കൂടപ്പുഴ, മാർട്ടിൻ ഗീലൻ തുടങ്ങിയവർ.


H.Perumalil-E.R.Hambye,(ed.) *Christianity in India*, Alleppey, 1972.

P.Yousif, *The Apostle Thomas in the Witness of St. Ephrem of Nisibis:* ***in*** C.Payngot, Homage to Mar Cariatti, Rome, 1987.

T. Bernard, *A Brief Sketch of the History of the St.Thomas Christians,* Trichinopoly, 1924.

T. Bernard, *Mar Thoma Christianikal,* vol. I, Palai,1906; vol.II, Mannanam, 1921.

A.Mundaden,*Traditions of the St.Thomas Christians*, Bangalore, 1970;

A.Mundaden, *Historyof Christianity in India, I* ,Bangalore, 1984. P. J. Podipara, *The Thomas Christians,* London-Bombay, 1970.

X.Koodapuzha, *Bharatha Sabhacharitram*, Kotayam, 1998.

# 3

# മലങ്കരസഭ
# പതിനാറാം നൂറ്റാണ്ടു വരെ

മലങ്കരസഭയുടെ ആദ്യകാലഘട്ടങ്ങളെ സംബന്ധിച്ച് എഴുതപ്പെട്ട രേഖകൾ വളരെ വിരളമായേ നമുക്ക് കൈവന്നിട്ടുള്ളു. ചരിത്രരേഖകളുടെ അഭാവത്തിൽ ആദ്യകാലചരിത്രത്തെ *ഇരുളടഞ്ഞ കാലം* എന്നു ചിലർ വിളിക്കുന്നു. ഇന്നു വരെയുള്ള രേഖകൾ വച്ചുകൊണ്ട് സുവ്യക്തമായ ചിത്രം വരയ്ക്കാൻ എളുപ്പമല്ല.

**പേർഷ്യൻ ബന്ധം**

മലങ്കരസഭ ആദ്യകാലങ്ങളിൽ പശ്ചിമേഷ്യയിലെ പേർഷ്യൻ (പൗരസ്ത്യസുറിയാനി/കൽദായ) സഭയുമായി ബന്ധപ്പെട്ടിരുന്നെന്ന് പിൽക്കാല രേഖകൾ സാക്ഷിക്കുന്നു. പേർഷ്യൻ സഭയുമായി മലങ്കരസഭ ബന്ധപ്പെട്ടത് എന്നു മുതലാണെന്ന് കൃത്യമായി പറയുക എളുപ്പമല്ല. പേർഷ്യൻ സഭയുമായുള്ള ബന്ധം മാർ തോമാശ്ലീഹാ മുതലുള്ള ബന്ധമായി കാണുന്നവരുണ്ട്. പേർഷ്യയിലെയും മലങ്കരയിലെയും സഭകൾ പൊതുപിതാവായി കാണുന്നത് മാർ തോമാശ്ലീഹായെ ആണ്. പേർഷ്യൻ സാമ്രാജ്യത്തിന്റെ പല സ്ഥലങ്ങളിലെയും സഭകൾ മാർ തോമാശ്ലീഹാ സ്ഥാപിച്ചതാണെന്ന് അവകാശപ്പെടുന്നു. മാർ തോമാശ്ലീഹായുടെ മാതൃഭാഷയായ സുറിയാനി ഈ സഭകളെ ഒന്നിപ്പിക്കുന്ന ഒരു ഘടകവുമായിരുന്നു. അന്ന് പൗരസ്ത്യ ദേശങ്ങളിൽ ഉടനീളം വ്യാപാരഭാഷ സുറിയാനി ആയിരുന്നു. പാശ്ചാത്യ ലോകത്ത് ഗ്രീക്കിനും ലത്തീനും ഉണ്ടായിരുന്ന സ്ഥാനം പൗരസ്ത്യദേശത്ത് സുറിയാനി ഭാഷയ്ക്ക് ലഭിച്ചിരുന്നു. യൂഫ്രട്ടീസ്-ടൈഗ്രീസ് നദീതടങ്ങളിലെ ആദ്യക്രൈസ്തവർ മിക്കവരും സെമിറ്റിക് വംശജരും സുറിയാനി (അറമായ) സംസാരിക്കുന്നവരുമായിരുന്നു. ഭാരതത്തിലെത്തിയ മാർ തോമ്മാശ്ലീഹായും ഇവിടെ ഉണ്ടായിരുന്ന യഹൂദരോട് സുറിയാനി ഭാഷയിൽ ആയിരിക്കണം ആദ്യം സുവിശേഷം അറിയിച്ചത്. മാനസ്സാന്തരപ്പെട്ട യഹൂദന്മാർവഴി യഹൂദ



ന്മാർ അല്ലാത്തവരോടും സുവിശേഷപ്രസംഗം നടത്തി. ശ്ലീഹന്മാർ എല്ലായിടത്തും പ്രസംഗിച്ച രീതി പരിഗണിക്കുമ്പോൾ ഈ നിഗമനം ശരിയാണെന്നു തോന്നുന്നു. ശ്ലീഹന്മാർക്ക് ഭാഷാവരവും സിദ്ധിച്ചിരുന്നല്ലോ.

ആദ്യകാലത്ത് മലങ്കരസഭയുടെ ബന്ധം പേർഷ്യൻ ഉൾക്കടലിനടുത്തുള്ള ഫാർസ് സഭയുമായട്ടായിരുന്നു. പേർഷ്യൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന സെലൂഷ്യാ-സ്റ്റെസിഫണിലെ സഭ നാലാം നൂറ്റാണ്ടോടുകൂടി പേർഷ്യൻ സാമ്രാജ്യത്തിലെ സഭകളുടെ മേൽ അധികാരം പ്രയോഗിക്കാൻ തുടങ്ങി. എന്നാൽ എന്നു മുതലാണ് മലങ്കരസഭ, മേൽപ്പറഞ്ഞ സെലൂഷ്യൻ (പേർഷ്യൻ) സഭയുടെ കീഴിൽ വന്നതെന്ന് കൃത്യമായി പറയാൻ സാധ്യമല്ല. ഭരണരീത്യാ, ഏഴാം നൂറ്റാണ്ടുവരെ മാർ തോമാശ്ലീഹായുടെ പിൻഗാമികളായ നാട്ടുമെത്രാന്മാർ ഇവിടെ ഉണ്ടായിരിക്കാനാണിട. മാർ തോമാശ്ലീഹാ ഇന്നാട്ടുകാരായ രണ്ടു മെത്രാന്മാരെയും (എപ്പിസ്ക്കോപ്പാമാരെയും) ഏഴു കേന്ദ്രങ്ങൾക്കായി വൈദികരെയും (പ്രെസ്ബിറ്റർമാരെയും) വാഴിച്ചു എന്നാണ് പുരാതന പാരമ്പര്യം. ഈ നേതാക്കന്മാരുടെ പിൻതുടർച്ചക്കാർ ഇവിടുത്തെ ക്രിസ്തീയ സമൂഹങ്ങൾക്ക് നേതൃത്വം നൽകി.

നിഖ്യാ സൂനഹദോസിൽ പേർഷ്യയുടെയും വലിയ ഇൻഡ്യയുടെയും യോഹന്നാൻ സംബന്ധിച്ചു എന്ന് സിസിക്കൂസിലെ ജലാസിയുസിൽ ഒരു സാക്ഷ്യമുണ്ട്. നിഖ്യാ സൂനഹദോസിനുശേഷം (325) അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ജലാസിയുസ് മാത്രമാണ് യോഹന്നാനെ ഇൻഡ്യയുമായി ബന്ധിക്കുന്നത്. നിഖ്യായിൽ സംബന്ധിച്ചവരുടെ പട്ടികയിലാകട്ടെ, തുടർന്നു സഭാചരിത്രം എഴുതിയവരാകട്ടെ ഇപ്രകാരം ചെയ്യുന്നില്ല. സൊക്രാട്ടസ്, സൊസൊമെൻ, തിയഡൊറെറ്റ് തുടങ്ങിയ സഭാചരിത്രകാരന്മാരും ജലാസിയുസ് നൽകുന്ന സൂചന നൽകുന്നില്ല. അതുകൊണ്ട് ജലാസിയുസിന്റെ പിൽക്കാലസാക്ഷ്യം സംശയാതീതമല്ല. കൂടാതെ, പേർഷ്യൻസഭ നിഖ്യാ സൂനഹദോസ് അംഗീകരിച്ചത് 410-ൽ മാത്രമാണ്.

ഏഴു മുതലുള്ള നൂറ്റാണ്ടുകളിൽ പേർഷ്യൻ മെത്രാന്മാർ ഭാരതസഭയെപ്പറ്റി പരാമർശിക്കുന്നു. ഈശോയാബ് മൂന്നാമൻ (650-660), സ്ലീബാ സേക്കാ (714-728), തിമോതി (778-823), തിയഡോഷ്യസ് (853-858) എന്നീ പേർഷ്യൻ സെലൂഷ്യൻ (കൽദായ) പാത്രിയർക്കീസന്മാർ ഇൻഡ്യയിലെ സഭയെപ്പറ്റി സൂചന നൽകുന്നു.

ഇവിടുത്തെ സഭയിൽ മെത്രാന്മാരില്ലാത്ത ഒരു സാഹചര്യം *ഈശോയാബ്* വിവരിക്കുന്നു. ഫാർസിലെ മെത്രാനായ ശെമയോനാണ് അതിനു കാരണക്കാരനെന്ന് അദ്ദേഹം കുറ്റപ്പെടുത്തുന്നു:

"ദൈവഭക്തനായ സഹോദരാ, ഇൻഡ്യയിലെ വിവിധ ജനപദങ്ങൾക്കെതിരെ നിങ്ങൾ മേൽപ്പട്ടസ്ഥാനത്തിന്റെ കവാടം അടച്ചുകളയുകയും ക്ഷണഭംഗുരങ്ങളായ ലൗകിക നേട്ടങ്ങളെ പ്രതി ദൈവദാനം തടയുകയും

ചെയ്തിരിക്കുന്നു. നമ്മുടെ അധ്യക്ഷന്മാർ ദൈവദാനത്തിന്റെ കവാടങ്ങൾ നിങ്ങൾക്കെതിരെ അടച്ചിരുന്നെങ്കിൽ, സഭാസംഗതികൾ എത്ര ദയനീയമായ അവസ്ഥയിൽ ആകുമായിരുന്നെന്ന് നിങ്ങൾക്കു തന്നെ ഊഹിക്കാവുന്നതേയുള്ളു. നിയമാനുസൃതം സ്ഥാപിക്കപ്പെടുന്ന പിൻഗാമികളിലൂടെ ദൈവദാനം പ്രവഹിക്കുന്നതിനാൽ, നഭോമണ്ഡലത്തിൽ നക്ഷത്രങ്ങളെപ്പോലെ ലോകത്തിൽ മെത്രാന്മാരും വൈദികരും വിശ്വാസികളും അനുദിനം വർധിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ നിങ്ങൾ സഭയുടെ കാനോനകൾക്ക് വിപരീതമായി പ്രവർത്തിച്ചതുവഴി ഇൻഡ്യൻ ജനങ്ങളിൽ പൗരോഹിത്യപരമ്പര അവസാനിച്ചിരിക്കുന്നു. യഥാർഥ മെത്രാന്മാരിൽ കൂടിയുള്ള ദൈവിക അധ്യാപനത്തിന്റെ പ്രകാശം ഇല്ലാതെ ഇൻഡ്യ അന്ധകാരത്തിൽ നിമഗ്നമായിരിക്കുന്നു. ഇതുമൂലം പേർഷ്യൻ സാമ്രാജ്യത്തിന്റെ അതിർത്തി മുതൽ കാലാവരെ 1200 ഫർസഹീൻ നീളത്തിൽ കിടക്കുന്ന ഇൻഡ്യയ്ക്കു മാത്രമല്ല, നിങ്ങളുടെ പേർഷ്യയ്ക്കും ഈ വിധം സംഭവിച്ചു." ഇൻഡ്യയിലുടനീളം വിവിധ സ്ഥലങ്ങളിൽ നിരവധി മെത്രാന്മാരും ഇടവകകളും ഉണ്ടായിരുന്നു എന്ന് ഈ കത്തിൽ ധ്വനിയുണ്ട്.

*സ്ലീബാസേക്കാ* പാത്രിയർക്കീസ് ഇൻഡ്യയിലെ സഭയുടെ മെത്രാപ്പോലീത്താസ്ഥാനം അംഗീകരിച്ചു. *തിമോതി* പാത്രിയർക്കീസ് ഇൻഡ്യയിലെ സഭയ്ക്കയച്ച കത്തിൽ ഇവിടുത്തെ മെത്രാഭിഷേകരീതി സൂചിപ്പിക്കുന്നു. "മെത്രാപ്പോലീത്തായുടെ തെരഞ്ഞെടുപ്പിന്റെയും അഭിഷേകത്തിന്റെയും കാര്യത്തിൽ ജനങ്ങൾ രാജാവിന്റെ ഉപദേശമല്ല, പാത്രിയർക്കീസിന്റെ ഉപദേശമാണ് സ്വീകരിക്കേണ്ടത്, പാത്രിയർക്കീസിന്റെ അംഗീകാരത്തിനു ശേഷം മാത്രമേ മെത്രാപ്പോലീത്തായുടെ നിയമനക്കാര്യം രാജാവിനെ അറിയക്കോണ്ടതുള്ളു" എന്ന് തിമോതി ഉപദേശിക്കുന്നു.

എല്ലാ മെത്രാന്മാരും പേർഷ്യൻ സൂനഹദോസുകളിൽ സംബന്ധിക്കണമെന്ന നിയമത്തിൽ നിന്ന് *തിയഡോഷ്യസ്* ഇൻഡ്യയെ ഒഴിവാക്കി. അതിനു പകരം കൂട്ടായ്മക്കത്തുകളും പിരിവുകളും ആറു വർഷത്തിലൊരിക്കൽ അയച്ചാൽ മതിയെന്നു കൽപ്പിച്ചു. സഫ്രഗൻ മെത്രാന്മാരുടെ സാന്നിധ്യത്തിൽ ജനങ്ങൾ മെത്രാപ്പോലീത്തായെ തെരഞ്ഞെടുത്തിരുന്നു. ഒൻപതാം നൂറ്റാണ്ടിലും ഇൻഡ്യൻസഭ ഉൾഭരണസ്വാതന്ത്ര്യമുള്ള സഭയായിരുന്നു. ആ നൂറ്റാണ്ടിൽ സാപാർ, പ്രോത് എന്നീ മെത്രാന്മാർ മലങ്കരസഭയിലെത്തി. ഇൻഡ്യൻ മെത്രാപ്പോലീത്താ പേർഷ്യൻ മെത്രാന്മാരുടെ പട്ടികയിൽ പത്താം സ്ഥാനത്തായിരുന്നു. ചില പട്ടികകളിൽ പതിമൂന്നാം സ്ഥാനത്തും. ചൈനയുടെയും ഇൻഡ്യയുടെയും മെത്രാപ്പോലീത്താമാർ അടുത്തടുത്താണ് വന്നത്.

പാശ്ചാത്യലോകത്തു നിന്നു വന്ന പോർട്ടുഗീസുകാർ ഇവിടെ കണ്ടത് പേർഷ്യയിൽ നിന്നുള്ള പൗരസ്ത്യസുറിയാനി മെത്രാന്മാരെ ആയിരുന്നെന്ന് അവരുടെ രേഖകൾ വ്യക്തമാക്കുന്നു. ഒരു *മാർ യാക്കോബ്* എപ്പിസ്ക്കോപ്പാ 1301-ൽ ഇവിടെയുണ്ടായിരുന്നു.



1490-ൽ മാർ യോഹന്നാനും മാർ തോമായും ഒന്നിച്ച് പശ്ചിമേഷ്യയിൽ നിന്ന് ഇവിടെ വന്നു. തോമാ 1492-ൽ തിരികെ പോയി. യോഹന്നാൻ 1504-ൽ മരിച്ചു. മറ്റു മൂന്നു മെത്രാന്മാരോടു കൂടി മാർ തോമാ 1504-ൽ വീണ്ടും വന്നു. മാർ യാക്കോബ്, മാർ യാബാലാഹാ, മാർ ദനഹാ എന്നിവരായിരുന്നു ആ മെത്രാന്മാർ. അവരിൽ മാർ യാബാലാഹായും മാർ ദനഹായും പെട്ടെന്ന് മരിച്ചുപോയി. *മാർ യാക്കോബ്* മാത്രം അവശേഷിച്ചു. മാർ യാക്കോബും മാർ തോമായും കൊടുങ്ങല്ലൂരും കൊല്ലവും ആസ്ഥാനമാക്കി ഭരണം നടത്തി. വി. ഫ്രാൻസിസ് സേവ്യർ ഈ യാക്കോബിനെപ്പറ്റി 1549-ൽ വളരെ നന്നായി പോർട്ടുഗീസ് രാജാവിന് എഴുതിയിട്ടുണ്ട്. മാർ യാക്കോബ് 1550-ലോ 1552-ലോ മരിച്ചു.

തുടർന്ന് *മാർ യൗസേപ്പ് (1556-1569)* മാർ തോമാ ക്രിസ്ത്യാനികളുടെ മെത്രാനായി. പേർഷ്യയിലെ കൽദായ കത്തോലിക്കാ പാത്രിയർക്കീസ് മാർ ജോൺ സ്യൂദ് സൂലാക്കായുടെ സഹോദരനായിരുന്നു മാർ യൗസേപ്പ്. മാർ അബ്ദീശോ എന്ന കൽദായ കത്തോലിക്കാ പാത്രിയർക്കീസാണ് അദ്ദേഹത്തെ ഇവിടേക്കയച്ചത്.

*മാർ അബ്രഹാം* എന്ന മെത്രാൻ 1558-ൽ ഇവിടെയെത്തി. മാർ അബ്ദീശോ പാത്രിയർക്കീസ് 1567-ൽ മാർ യൗസേപ്പിനും മാർ അബ്രഹാമിനും മാർ തോമാ ക്രിസ്ത്യാനികളുടെ ഇടയിലുള്ള ശുശ്രൂഷ പങ്കിട്ടുകൊടുത്തു. മാർ യൗസേപ്പിനെ പാശ്ചാത്യമിഷണറിമാർ റോമിലേക്ക് നാടുകടത്തി. അദ്ദേഹം 1569-ൽ അവിടെ വച്ച് മരിച്ചു. മാർ അബ്രഹാം 1597-ൽ മരിക്കുന്നതുവരെ മാർ തോമാക്രിസ്ത്യാനികളുടെ മെത്രാനായിരുന്നു. അദ്ദേഹത്തിന്റെ മരണത്തോടുകൂടി മലങ്കരസഭയ്ക്ക് പേർഷ്യൻ കൽദായ കത്തോലിക്കാ സഭയോടുള്ള ഹയരാർക്കിക്കൽ ബന്ധം അവസാനിച്ചെന്നു പറയാം.

പേർഷ്യൻ കൽദായ സഭയിൽ നിന്നുള്ള പൗരസ്ത്യസുറിയാനി മെത്രാന്മാർ ഇവിടെ വരാൻ തുടങ്ങിയത് എന്നു മുതലാണെന്ന് ഖണ്ഡിതമായി പറയാൻ സാധ്യമല്ല. മാർ തോമാ ശ്ലീഹായുടെ കാലം മുതൽ ഇടതടവില്ലാതെ പേർഷ്യയിൽ നിന്ന് പൗരസ്ത്യ സഭാനേതാക്കന്മാർ ഇവിടെ വന്നിരുന്നെന്നും തെളിയിക്കപ്പെട്ടിട്ടില്ല. നാട്ടുകാരാരും മെത്രാന്മാരായില്ല എന്നും അനുമാനിക്കാൻ പാടില്ല. മലങ്കരസഭയിലെ മെത്രാന്മാർ ദൈവജനത്തിന്റെ ആധ്യാത്മികാചാര്യന്മാരായിരുന്നു. സഭയുടെ ലൗകിക ഭരണം ആർച്ചുഡീക്കൻ (അർക്കൻ, അർക്കദിയാക്കോൻ) നിർവഹിച്ചിരുന്നു. ആർച്ചുഡീക്കന്മാരുടെ ഭരണം എന്നു മുതലാണ് തുടങ്ങിയതെന്ന് വ്യക്തമല്ല. ഓരോ പള്ളിക്കും പള്ളിയോഗവും സഭയ്ക്ക് മൊത്തത്തിൽ പൊതുയോഗവും ഉണ്ടായിരുന്നു. *"ഇൻഡ്യ മുഴുവന്റെയും മെത്രാപ്പോലീത്താ", "മാർ തോമായുടെ സിംഹാ*

*സനത്തിന്റെയും ഇൻഡ്യ മുഴുവനുമുള്ള ക്രിസ്ത്യാനികളുടെ സഭയുടെയും മെത്രാപ്പോലീത്താ"* എന്നിങ്ങനെയായിരുന്നു മലങ്കര സഭാധ്യക്ഷന്മാർ അറിയപ്പെട്ടിരുന്നത്. *"ഇൻഡ്യ മുഴുവന്റെയും ആർച്ചുഡീക്കൻ"* എന്നായിരുന്നു ആർച്ചുഡീക്കന്റെ സ്ഥാനനാമം.

**ചില സന്ദർശകർ**

മറ്റു സഭകളിൽ പെട്ട ചില നേതാക്കന്മാർ മലങ്കരസഭ സന്ദർശിച്ചതായി രേഖകളുണ്ട്. അക്കൂട്ടത്തിൽ പെട്ടവരാണ് പന്തേനൂസ് (190), ബസ്രായിലെ ദാവീദ് (295), തെയോഫിലസ് (354), കോസ്മോസ് (6-ാം നൂ.), ബോധ് (6-ാം നൂ.). അലക്സാൺഡ്രിയാക്കാരൻ പന്തേനൂസ് ഇൻഡ്യയിൽ വന്നെന്നും ക്രിസ്ത്യാനികളുടെ പക്കൽ മത്തായിയുടെ സുവിശേഷം കണ്ടെന്നും എവുസേബിയസ് (+339) സാക്ഷിക്കുന്നു. ഇതിനെ ആധാരമാക്കി വി. ജറോമും (+420) ഇതിനു സാക്ഷ്യം നൽകുന്നു.

കോസ്മോസ് തെക്കേ ഇൻഡ്യ സന്ദർശിച്ച് "സാർവത്രിക ക്രൈസ്തവ സ്ഥലവിവരങ്ങൾ" എന്ന പേരിൽ ഒരു ഗ്രന്ഥമെഴുതി. അതിൽ കുരുമുളകു വിളയുന്ന മലേ എന്ന സ്ഥലത്തുള്ള സഭയെപ്പറ്റി പരാമർശിക്കുന്നു. മലനാട് അഥവാ മലങ്കര എന്നതിന്റെ ഒരു രൂപമാണ് മലേ എന്നാണ് പണ്ഡിത മതം. പുരാതനകാലത്ത് കുരുമുളക് വിളയുന്ന സ്ഥലം കേരളം മാത്രമായിരുന്നല്ലോ. ദാനിയേൽ എന്ന ഒരിൻഡ്യാക്കാരൻ ഗ്രീക്കു ബൈബിൾ സുറിയാനിയിലേക്ക് ഭാഷാന്തരം ചെയ്യാൻ കൂമി എന്ന പേർഷ്യാക്കാരനെ സഹായിച്ചു. മേർവിലെ ഈശോദാദിന്റെ (9-ാം നൂ.) റോമാലേഖനഭാഷ്യത്തിലാണ് ഈ പരാമർശം.

**ചില കുടിയേറ്റങ്ങൾ**

കേരളത്തിലേക്ക് കാലാകാലങ്ങളിൽ മറ്റിടങ്ങളിൽ നിന്നുള്ള ക്രിസ്തീയ കുടിയേറ്റം ഉണ്ടായി. അവയിൽ പ്രധാനപ്പെട്ടത് മൂന്നു കുടിയേറ്റങ്ങളാണ്.

*(1) കൊല്ലത്തെ കുടിയേറ്റം:* ഇൻഡ്യയുടെ കിഴക്കൻ കടൽതീരത്തുനിന്ന് മൂന്നാം നൂറ്റാണ്ടിൽ കൊല്ലത്തേയ്ക്ക് ഒരു കുടിയേറ്റമുണ്ടായി. 293-ൽ കിഴക്കൻ തീരത്തുണ്ടായ മതപീഡനമാണ് കുടിയേറ്റത്തിനു കാരണം. കാവേരിപ്പൂപട്ടണത്തിൽ നിന്ന് 72 കുടുംബങ്ങൾ കൊല്ലത്തു കുടിയേറി. കൊല്ലത്തും കായംകുളത്തുമുള്ള *മണിഗ്രാമക്കാർ* എന്ന കച്ചവടസംഘത്തിൽ പെട്ടവർ ഇപ്രകാരം കുടിയേറിയവരുടെ പിൻതലമുറക്കാരാണ് എന്ന ഒരൈതിഹ്യമുണ്ട്.

*(2) ക്നായിത്തൊമ്മന്റെ കുടിയേറ്റം:* കേരളത്തിലേക്ക് പശ്ചിമേഷ്യയിൽ നിന്ന് പല കുടിയേറ്റങ്ങളും ഉണ്ടായിട്ടുണ്ട്. അതിലൊന്നാണ് ക്നായിത്തൊമ്മൻ എന്ന പേരിൽ അറിയപ്പെടുന്ന കച്ചവടപ്രമാണിയുടെ കുടിയേറ്റം. കുടിയേറിയ ഈ ക്രിസ്ത്യാനികൾ കൊടുങ്ങല്ലൂർ മാല്യങ്കരയ്ക്ക് തെക്കുഭാഗത്തു



താമസിച്ചതിനാൽ *തെക്കുംഭാഗർ* എന്ന് അറിയപ്പെടുന്നു. ഈ കുടിയേറ്റം ഉണ്ടായത് 345-ലാണെന്നാണ് കേരളത്തിലെ തെക്കുംഭാഗ സമുദായത്തിന്റെ വിശ്വാസം. എന്നാൽ 9-ാം നൂറ്റാണ്ടിലാണ് കച്ചവടക്കാരനായ തോമസ് (ക്നാനായാ) വന്നതെന്ന് ചിലർ കരുതുന്നു. തെക്കേ ഇറാക്കിൽ നിന്നാണ് ഇവർ വന്നതെന്നാണ് അവരിൽ ചിലർ പറയുന്നത്. ഈ കുടിയേറ്റക്കാരുടെ പിൻഗാമികളിൽ ഇന്ന് കത്തോലിക്കരും യാക്കോബായക്കാരുമായ ക്രിസ്ത്യാനികളുണ്ട്. ഈ രണ്ടുകൂട്ടരും തങ്ങളുടെ ഇടയിൽ നിന്നു മാത്രമേ വിവാഹബന്ധത്തിൽ ഏർപ്പെടാറുള്ളു.

*(3) മാർ സാബാറീശോയുടെ കുടിയേറ്റം:* ഒൻപതാം നൂറ്റാണ്ടിൽ പേർഷ്യയിൽ നിന്ന് മാർ സാബാറീശോ (സാബാർ/സാപ്പോർ), മാർ പ്രോത്ത് എന്നിവരുടെ നേതൃത്വത്തിൽ ഒരു കുടിയേറ്റമുണ്ടായി. മാർ സാപ്പോർ കൊല്ലത്തും പ്രോത്ത് ഉദയംപേരൂരും താമസിച്ചു. ഇവരെ മലങ്കര നസ്രാണികൾ വിശുദ്ധരായി പരിഗണിച്ച് ഇവരുടെ നാമത്തിൽ പല പള്ളികളും പണിയിച്ചു.

**ചെപ്പേടുകൾ**

സമൂഹത്തിൽ മലങ്കര നസ്രാണികൾ ഉന്നതസ്ഥാനീയരായിരുന്നു. അവർക്ക് ഇവിടുത്തെ ഭരണാധികാരികൾ കൽപ്പിച്ചനുവദിച്ച സ്ഥാനങ്ങളാണ് ചെപ്പേടുകളിലുള്ളത്. ചെമ്പുപട്ടയങ്ങൾ (താമ്രശാസനങ്ങൾ) എന്ന് ഇവ അറിയപ്പെടുന്നു. ചെമ്പുതകിടുകളിൽ എഴുതപ്പെട്ടവയാകയാൽ, ചെപ്പേടുകൾ എന്നറിയപ്പെടുന്നു. പ്രധാനമായി നാലു ചെപ്പേടുകളാണുള്ളത്:

*(1) തരീസാപ്പള്ളി ചെപ്പേടുകൾ രണ്ടെണ്ണം:* കൊല്ലത്തെ തരീസാപ്പള്ളിക്ക് അവിടുത്തെ നാടുവാഴിയിൽ നിന്നു കിട്ടിയ അവകാശങ്ങളും ആനുകൂല്യങ്ങളുമാണ് ഇവയുടെ ഉള്ളടക്കം. വേണാട്ടുരാജാവായ അയ്യനടികൾ സാബാറീശോയോടുകൂടി കുടിയേറിയ സുറിയാനിക്കാർക്ക് 849-ൽ തരീസാപള്ളിയുടെ നാമത്തിൽ നൽകിയതാണിവ. അന്നത്തെ ക്രിസ്ത്യാനികളെപ്പറ്റി ഏകദേശജ്ഞാനം ലഭിക്കാൻ ഇവ സഹായിക്കും. ക്രിസ്ത്യാനികൾക്ക് 72 പദവികൾ രാജാവ് കൽപ്പിച്ചനുവദിക്കയുണ്ടായി.

*(2) ഇരവികോർത്തൻ ചെപ്പേട് (വീരരാഘവപട്ടയം):* വീരരാഘവ ചക്രവർത്തി, ഇരവികോർത്തൻ എന്ന വ്യാപാരിക്ക് മണിഗ്രാമപട്ടം നൽകുന്നതാണ് ഉള്ളടക്കം. വ്യാപാരിസംഘമായ മണിഗ്രാമത്തിൽ അംഗത്വം നൽകുന്നതാണിത്. കച്ചവടസംബന്ധമായി ക്രിസ്ത്യാനികൾക്കു ലഭിച്ചിട്ടുള്ള ഈ രേഖ പ്രധാനപ്പെട്ട ഒന്നാണ്. ഈ ചെപ്പേടിന്റെ ഭാഷ 13-14 നൂറ്റാണ്ടിലേതാണ്.

*(3) ക്നായിത്തൊമ്മൻ ചെപ്പേട്:* ഇവിടുത്തെ ബിഷപ്പായിരുന്ന മാർ യാക്കോബിന്റെ കൈവശം (+1552) ഉണ്ടായിരുന്ന ഈ രേഖ നഷ്ടപ്പെട്ടുപോയി. ഇതിന്റെ പോർട്ടുഗീസ് ഭാഷയിലുള്ള ഒരു പരിഭാഷ മാത്രമുണ്ട്.

ക്നായിത്തൊമ്മന് ചില പദവികളും അവകാശങ്ങളും നൽകുന്നതാണിത്. ഇത് 9-ാം നൂറ്റാണ്ടിലേതാണെന്ന് ചിലർ കരുതുന്നു.

### വില്ലാർവട്ടം നാടുവാഴികൾ

ഉദയംപേരൂർ കേന്ദ്രമാക്കി ഭരിച്ചിരുന്ന ഒരു ക്രിസ്തീയ നാട്ടുരാജ്യമായിരുന്നു വില്ലാർവട്ടം. ഈ രാജവംശം 15-ാം നൂറ്റാണ്ടായപ്പോഴേക്കും അന്യം നിന്നുപോയി. അവിഞ്ഞോണിൽ നിന്ന് (ഫ്രാൻസ്) ജോൺ 22-ാം മാർപാപ്പാ (1316-1334) കേരളത്തിലെ ക്രിസ്തീയ രാജാവിന് കത്തെഴുതുകയുണ്ടായി. അതുപോലെ എവുജീൻ നാലാമൻ മാർപാപ്പായും 1439-ൽ കത്തെഴുതിയിട്ടുണ്ട്. മലങ്കര നസ്രാണികൾ മതപരമായി മാത്രമല്ല, രാഷ്ട്രീയമായും ഒരു ശക്തിയായിരുന്നെന്ന് ഇത് തെളിയിക്കുന്നു.

### ആരാധനക്രമം

ഇവിടുത്തെ പുരാതനമായ ആരാധനക്രമത്തെപ്പറ്റി വളരെ ഖണ്ഡിതമായി പറയാൻ സാധ്യമല്ല. രണ്ടു സാധ്യതകൾ ചൂണ്ടിക്കാണിക്കാം.

ഒന്ന്, ശ്ലീഹന്മാർ സ്ഥാപിച്ച സഭകളിലെല്ലാം അവർ മൂപ്പന്മാരെ വാഴിക്കയും ആരാധനക്രമം നടപ്പാക്കുകയും ചെയ്തു. പ്രസ്തുത ആരാധനക്രമങ്ങൾ സുപ്രധാന കാര്യങ്ങളിൽ ഐകരൂപ്യം പുലർത്തുന്നു. അതുപോലെയൊന്ന് കേരളത്തിൽ മാർ തോമാശ്ലീഹാ നടപ്പാക്കിയിരിക്കാൻ ഇടയുണ്ട്. ശ്ലീഹന്മാരെല്ലാം യഹൂദ പശ്ചാത്തലത്തിലാണ് ആരാധനക്രമം നൽകിയത്. ഇവിടെയും അപ്രകാരമായിരിക്കും. ഇവിടുത്തെ വ്യാപാര ഭാഷയായ അറമായ (സുറിയാനി) ഭാഷയിലായിരിക്കാം അതു നടപ്പിലായത്. പാശ്ചാത്യലോകത്തുടനീളം ഗ്രീക്ക് ആരാധനാഭാഷ ആയിരുന്നതുപോലെ പൗരസ്ത്യദേശങ്ങളിൽ അറമായ ആയിരുന്നു ആരാധനാഭാഷ എന്നു കരുതാം. അല്ലെങ്കിൽ അന്നത്തെ നാട്ടുഭാഷയായിരുന്ന തമിഴിൽ ആയിരിക്കാം. തമിഴും അറമായഭാഷയും തമ്മിൽ സാമ്യം കാണുന്നുണ്ട്. സെമിറ്റിക് പശ്ചാത്തലത്തിലും അറമായ ഭാഷയിലും നടപ്പിലിരുന്ന ആരാധനാരീതികളുടെ വികസിതരൂപം പശ്ചിമേഷ്യയിൽ നിന്ന് വന്നപ്പോൾ പിൻതലമുറ സ്വീകരിച്ചു.

രണ്ട്, ഇവിടെ ഉണ്ടായിരുന്ന തമിഴ് ഭാഷയിലുള്ള ആരാധനാരീതികൾ പിൽക്കാല സുറിയാനിക്കാരുടെ സ്വാധീനത്താൽ നീക്കി സുറിയാനിഭാഷയിലുള്ളവ നടപ്പാക്കി. അടിസ്ഥാന ഘടകങ്ങളിൽ വ്യത്യാസമില്ലാതിരുന്നതിനാൽ, ഈ ഭാഷാമാറ്റം വലിയ ബുദ്ധിമുട്ടുണ്ടാക്കിയില്ല. റോമാസഭയിൽ ഗ്രീക്കു മാറ്റി ലത്തീൻഭാഷ നടപ്പാക്കിയതുപോലെ ഇതിനെ കരുതാം. ഇതിൽ ഏതാണ് മലങ്കരസഭയിൽ സംഭവിച്ചതെന്നതിന് ഇനിയും ഉത്തരം കിട്ടേണ്ടിയിരിക്കുന്നു.

പാശ്ചാത്യമിഷണറിമാർ 16-ാം നൂറ്റാണ്ടിൽ ഇവിടെ വന്നപ്പോൾ പൗരസ്ത്യസുറിയാനി ആരാധനക്രമമാണ് ഇവിടെ നടപ്പിലിരുന്നത്. എന്നാൽ



എന്നു മുതലാണ് പൗരസ്ത്യസുറിയാനി ആരാധനക്രമത്തിന്റെ വികസിതരൂപം മലങ്കരയിൽ നടപ്പായതെന്ന് പറയാൻ സാധ്യമല്ല. പൗരസ്ത്യസുറിയാനി ആരാധനക്രമം യൂദയോ-ക്രൈസ്തവ പശ്ചാത്തലത്തിൽ രൂപീകൃതമായതാണ്. പൗരസ്ത്യ സുറിയാനിസഭയുമായി ബന്ധം പുലർത്തിയിരുന്ന മലങ്കരസഭ, കാലാകാലങ്ങളിൽ വികസിച്ചു വളർന്ന പൗരസ്ത്യസുറിയാനി ആരാധനക്രമം സ്വീകരിച്ചു എന്നു വേണം കരുതാൻ.

### മലങ്കര നസ്രാണികളുടെ വിവിധ പേരുകൾ

നസ്രായനേശുവിന്റെ അനുയായികൾ എന്ന അർഥത്തിൽ നസ്രാണികൾ എന്നു പുരാതനകാലം മുതൽ ഇവിടുത്തെ ക്രിസ്ത്യാനികൾ വിളിക്കപ്പെട്ടിരുന്നു. നസ്രാണിമാപ്പിള എന്ന് ബഹുമാനസൂചകമായും അവർ വിളിക്കപ്പെട്ടു. മാർതോമാ ക്രിസ്ത്യാനികൾ (മാർ തോമാ നസ്രാണികൾ) എന്നതും പൊതുപേരായിരുന്നു. പാശ്ചാത്യമിഷണറിമാരുടെ വരവിനുശേഷം സുറിയാനി ക്രിസ്ത്യാനികൾ എന്ന പേര് സാർവത്രികമായി.

---


E.Tisserant-E. R. Hambye, *Eastern Christianity in India*, Calcutta, 1957.

G. T. Mackenzie, *Christianity in Travancore*, Trivandrum, 1901.

P. J. Podipara,*The Hierarchy of the Syro-Malabar Church*, Alleppey, 1976.

Jacob Vellian, *Symposium on Knanites*, Kottayam, 1986.

Ä.Mingana, *The Early Spread of Christianity in India*, Manchester, 1926.

C. V. Cherian, *A History of Christianity in Kerala,* Kottayam, 1973.

# 4

# പാശ്ചാത്യമിഷണറിമാരും മലങ്കരസഭയും

ഇൻഡ്യയുമായി നേരിട്ട് കച്ചവടം നടത്തുന്നതിനുവേണ്ടി പോർട്ടുഗീസു കാർ 1498 മുതൽ ഇവിടെയെത്തി. ആദ്യമെത്തിയ പോർട്ടുഗീസ് കപ്പിത്താൻ വാസ്കോഡിഗാമ ആയിരുന്നു. പാശ്ചാത്യലോകത്തു നിന്നെത്തിയ ക്രിസ്തീയ സഹോദരന്മാരെ മലങ്കര നസ്രാണികൾ സസന്തോഷം സ്വീക രിക്കുകയും അവർക്ക് വേണ്ട സഹായങ്ങളെല്ലാം ചെയ്തുകൊടുക്കാമെന്ന് വാഗ്ദാനം ചെയ്യുകയുമുണ്ടായി. അതുപോലെ പോർട്ടുഗീസുകാരും ഇവിടു ത്തെ ക്രിസ്ത്യാനികളെ പലവിധത്തിൽ സഹായിക്കാനുള്ള സന്നദ്ധത പ്രക ടിപ്പിച്ചു. പാശ്ചാത്യക്രിസ്ത്യാനികൾ മലങ്കരസഭയുമായി കൂദാശകളിൽ സംസർഗം നടത്തി. കേരളത്തിലെ നാനാജാതി മതസ്ഥരുടെ ഇടയിൽ ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിച്ച് അവരെ ക്രിസ്ത്യാനികൾ ആക്കു ന്നതിന് ഒട്ടേറെ മിഷണറിമാർ പോർട്ടുഗലിൽ നിന്ന് ഇവിടെയെത്തി. അക്കൂ ട്ടത്തിൽ, വിശ്വാസവീരനും വൈദികശ്രേഷ്ഠനുമായിരുന്ന വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ നാമം അവിസ്മരണീയമാണ്.

## വി. ഫ്രാൻസിസ് സേവ്യർ (1542–1552)

വി. ഫ്രാൻസിസ് സേവ്യർ ജസ്വിട്ട് സന്ന്യാസ സമൂഹത്തിൽ ഉൾപ്പെട്ട വൈദികൻ ആയിരുന്നു. അദ്ദേഹം 1542–ൽ ഗോവയിലെത്തി. ഗോവാ അക്കാലത്ത് ഇൻഡ്യയിൽ പോർട്ടുഗീസുകാരുടെ പ്രധാന താവളമായി രുന്നു. അദ്ദേഹം ഇൻഡ്യയിൽ പല സ്ഥലങ്ങളിലും സഞ്ചരിക്കുകയും ക്രിസ്തുവിന്റെ സുവിശേഷം പ്രഘോഷിക്കുകയും ചെയ്തു. തദ്ഫലമായി അനേകായിരം അക്രൈസ്തവരെ ക്രിസ്ത്യാനികളാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹം 1544–ൽ തിരുവിതാംകൂറിലെത്തി. കേരളത്തിലെ കടൽത്തീരങ്ങളിൽ സഞ്ചരിച്ച് സുവിശേഷം പ്രഘോഷിച്ചു. ഏതാണ്ട് നാലു വർഷത്തോളം ചുറ്റിനടന്ന് സുവിശേഷം അറിയിച്ചശേഷം അദ്ദേഹം ഇൻഡ്യ



യുടെ ഇതര ഭാഗങ്ങളിലേക്കും ചൈനയിലേക്കും ജപ്പാനിലേക്കും പോയി. 1552–ൽ മരിച്ചു. വിശുദ്ധന്റെ ശരീരം ഇപ്പോഴും ഗോവയിൽ സൂക്ഷിച്ചിരിക്കുന്നു.

## പോർട്ടുഗീസ് നീക്കങ്ങൾ

കച്ചവടത്തിൽ കണ്ണുനട്ട പാശ്ചാത്യർ ഇവിടുത്തെ ശ്ലൈഹികസഭയെ കച്ചവടത്തിന് ഉപാധിയാക്കാൻ ശ്രമിച്ചു. രാജാക്കന്മാരെ വശീകരിച്ചും സൈന്യബലം ഉപയോഗിച്ചും മലങ്കരസഭയെ തങ്ങളുടെ ചൊൽപ്പടിക്കു നിർത്താൻ അവർ സർവശ്രമങ്ങളും നടത്തി. ഈ സഭയെ പാശ്ചാത്യ (ലത്തീൻ) സഭയുടെ ഭാഗമാക്കാനുള്ള നീക്കങ്ങളുണ്ടായി.

മധ്യകാലഘട്ടത്തിൽ പാശ്ചാത്യലോകത്ത് ഉടലെടുത്ത ദൈവശാസ്ത്ര ചിന്താഗതികളും ഭക്താഭ്യാസങ്ങളും അനുഷ്ഠാനങ്ങളുമൊക്കെ ഇവിടെ നട പ്പാക്കാൻ തുടങ്ങി. ഇവിടെ നിലവിലിരുന്ന പൗരസ്ത്യസുറിയാനി (കൽദായ) ആരാധനക്രമം മാറ്റി ലത്തീൻ ആരാധനക്രമം നടപ്പാക്കുക എന്നതായിരുന്നു മിഷണറിമാരുടെ രണ്ടാമത്തെപദ്ധതി.

എല്ലാ ശീശ്മകളുടെയും പാഷണ്ഡതകളുടെയും കാരണം സുറിയാ നിയും സുറിയാനി ആരാധനക്രമവുമാണെന്ന് ധരിച്ചിരുന്ന ചില പാശ്ചാത്യ മിഷണറിമാരുണ്ടായിരുന്നു. തങ്ങൾ ആചരിക്കുന്ന ലത്തീൻ രീതികൾ മാത്ര മാണ് ശരിയായിട്ടുള്ളത്, മറ്റ് രീതികളും അനുഷ്ഠാനങ്ങളും ആചാരവിധിക ളും തെറ്റാണ്, അതുകൊണ്ട് അപ്രകാരമുള്ളവ നീക്കി എല്ലായിടത്തും ഐക രൂപ്യം (uniformity) സ്ഥാപിക്കണം, ഐക്യത്തിന് ഐകരൂപ്യം അത്യന്താ പേക്ഷിതമാണ്, വൈവിധ്യം (diversity) വൈരുധ്യമാണ് എന്നൊക്കെ ധരി ച്ചിരുന്ന ഐകരൂപ്യവാദികളും പൗരസ്ത്യസഭാകാര്യങ്ങളിൽ അജ്ഞരുമാ യിരുന്ന പാശ്ചാത്യമിഷണറിമാർ മലങ്കരയിലെ പൗരസ്ത്യ സുറിയാനി ആരാധനക്രമം മാറ്റിമറിക്കാനും നീക്കിക്കളയാനും ലത്തീനീകരിക്കാനും പദ്ധതികൾ ആവിഷ്ക്കരിച്ചു.

## പദ്രവാദോ നടപ്പാക്കൽ

പോർട്ടുഗീസ് രാജാവാണ് കച്ചവടക്കാരെയും മിഷണറിമാരെയും ഇൻഡ്യയിലേക്കയച്ചത്. രാജാവ് തന്റെ സംരക്ഷണം–പദ്രവാദോ–മലങ്കരസ ഭയിലും നടപ്പാക്കി. പദ്രവാദോ (Padroado) എന്നത് പോർട്ടുഗീസ് പദ മാണ്. രക്ഷാധികാരിത്വം എന്നു ഭാഷാന്തരം ചെയ്യാം. മിഷൻ പ്രദേശങ്ങളു ടെ മേൽ പോർട്ടുഗീസ് രാജാവിനു മാർപാപ്പാമാർ നൽകിയിരുന്ന അധികാര മാണിത്.

നിക്കൊളാസ് അഞ്ചാമൻ മാർപാപ്പാ (1447–1455) 1455 ജനുവരി 8–നെഴു തിയ *റൊമാനുസ് പോന്തിഫെക്സ്* എന്ന രേഖയാണ് പദ്രവാദോയുടെ അടി സ്ഥാനം. "കണ്ടുപിടിക്കപ്പെട്ടതോ, ഇനിയും കണ്ടുപിടിക്കാൻ ഇരിക്കുന്നതോ

ആയ കരകളും കടലുകളും എന്നേക്കുമായി പോർട്ടുഗൽ രാജാവിനുള്ളതാകുന്നു" എന്ന് പ്രസ്തുത രേഖയിൽ മാർപാപ്പാ നിശ്ചയിച്ചു. ഇപ്രകാരം ഒരധികാരം 1493-ൽ അലക്സാണ്ടർ ആറാമൻ മാർപാപ്പാ (1492-1503) സ്പെയിനിനും നൽകി. പോർട്ടുഗലും സ്പെയിനും തമ്മിൽ അവകാശം പങ്കിടുന്ന ഒരുടമ്പടി 1494 ജൂൺ7-ന് ഉണ്ടാക്കി. കേപ് ഓഫ് ഗുഡ് ഹോപ് മുതൽ ഇൻഡ്യാ വരെയുള്ള പ്രദേശങ്ങൾക്കായി ഒരു അപ്പസ്തോലിക കമ്മീഷണറെ നാമനിർദ്ദേശം ചെയ്യാനുള്ള അധികാരം 1500 മാർച്ച് 26-പോർട്ടുഗൽ രാജാവിന് മാർപാപ്പാ നൽകി. പോർട്ടുഗലിനും സ്പെയിനിനും നൽകിയ ഈ അവകാശങ്ങൾ തുടർന്നു ഭരിച്ച മാർപാപ്പാമാരായ ജൂലിയസ് രണ്ടാമനും (1503-1513) ലെയോ പത്താമനും (1513-1521) ആവർത്തിച്ചുറപ്പിച്ചു. ഇൻഡ്യയിലുള്ള പുതിയ സ്ഥലങ്ങളും അവിടെയുള്ള ആരാധനാലയങ്ങളും ഇനിയും നിർമിക്കാൻ പോകുന്നവയും തോമാറിലെ (പോർട്ടുഗൽ) വികാരിയുടെ ഭരണത്തിൻ കീഴിൽ വച്ചു. എല്ലാ പള്ളികളും സഭവക സ്വത്തുക്കളും പോർട്ടുഗൽ രാജാവിന്റെ സംരക്ഷണയ്ക്ക് വിധേയമാക്കി. 1600 ആഗസ്റ്റ് 4-നാണ് മലങ്കരസഭയുടെ മേൽ പദ്രവാദോ ഔദ്യോഗികമായി നടപ്പാക്കിയത്.

## മാർ യാക്കോബും പോർട്ടുഗീസുകാരും

മലങ്കരയുടെ ആധ്യാത്മികാധ്യക്ഷന്മാരായിരുന്ന പേർഷ്യൻ മെത്രാന്മാരെ പൂർണമായി ഒഴിവാക്കി, പകരം ലത്തീൻ മെത്രാന്മാരെ നിയമിക്കുക എന്ന നയമാണ് പോർട്ടുഗീസുകാർ അവലംബിച്ചത്. പോർട്ടുഗീസുകാർ വന്ന കാലത്തുണ്ടായിരുന്ന മാർ യാക്കോബ് എന്ന മെത്രാനുമായി (1504-1552)പോർട്ടുഗീസുകാർ വളരെ സൗഹൃദത്തിൽ കഴിഞ്ഞു. മാർ യാക്കോബ് കാതോലിക വിശ്വാസം തന്നെയുള്ള ആളാണെന്നാണ് പോർട്ടുഗീസുകാർ മനസ്സിലാക്കിയത്. റോമാസഭയിൽ നിന്നു വ്യത്യസ്തമായ ഒരു സഭയിലെയോ, ഏതെങ്കിലും പാഷണ്ഡതയിൽ ഉൾപ്പെട്ട സഭയിലെയോ അംഗങ്ങളാണ് തങ്ങളെന്ന് മലങ്കര നസ്രാണികളും ചിന്തിച്ചിരുന്നില്ല. പോർട്ടുഗീസുകാർ തങ്ങളുടെ ബലപീഠങ്ങളിൽ കുർബാന അർപ്പിക്കാൻ മാർ യാക്കോബിനെ അനുവദിച്ചു. മലങ്കര പള്ളികളിൽ കുർബാന അർപ്പിക്കാൻ പോർട്ടുഗീസുകാരെ മലങ്കരക്കാരും അനുവദിച്ചു. കൂദാശകളിലുള്ള പരിപൂർണ സംസർഗം അന്നുണ്ടായിരുന്നു. വിശ്വാസത്തിൽ തങ്ങളുടെ സഹോദരന്മാരായി പോർട്ടുഗീസുകാരെ കരുതിയതിനാലാണ് നസ്രാണികൾ ഇപ്രകാരം പ്രവർത്തിച്ചത്. നസ്രാണികളെപ്പറ്റിയും അവരുടെ മെത്രാനെപ്പറ്റിയും ഈ ആശയം തന്നെ പോർട്ടുഗീസുകാർക്കും ഉണ്ടായിരുന്നു. ഇരുകൂട്ടരുടെയും ആരാധനാരീതികളും ആചാരാനുഷ്ഠാനങ്ങളും വ്യത്യസ്തമായിരുന്നെങ്കിലും, തങ്ങൾ ഏകസഭയുടെ അംഗങ്ങളാണെന്ന് ഇരുകൂട്ടരും കരുതി. വാസ്കോഡിഗാമ 1502-ൽ രണ്ടാമത് കേരളത്തിൽ എത്തിയപ്പോൾ കൊടുങ്ങല്ലൂരെ



ക്രിസ്ത്യാനികൾ തങ്ങളുടെ ചെങ്കോൽ ഗാമയ്ക്ക് സമർപ്പിച്ചു. ആൽബുക്കർക്ക് എന്ന പോർട്ടുഗീസ് നാവികൻ 1503-ൽ കൊല്ലത്തു വന്നപ്പോൾ ക്രിസ്ത്യാനികൾ തങ്ങളുടെ മൂന്നു കുരിശുകളിലൊന്ന് അയാൾക്ക് സമ്മാനിച്ചു. അയാൾ ഹൈന്ദവ രാജാവിനെക്കൊണ്ട് ക്രിസ്ത്യാനികളുടെ പുരാതനാവകാശങ്ങളൊക്കെ പുനരുദ്ധരിപ്പിച്ചു. അവിടുത്തെ പള്ളിക്ക് ഒരു മണിയും വി. യാക്കോബ് ശ്ലീഹായുടെ ഒരു പടവും അയാൾ നൽകി. ഒരു ഡൊമിനിക്കൻ സന്ന്യാസിയായ റൊഡ്രീഗോയെ അവരെ പഠിപ്പിക്കാൻ അവിടെ വിട്ടിട്ട് പോകുകയും ചെയ്തു.

ആൽബുക്കർക്ക് 1510-ൽ കൊടുങ്ങല്ലൂരെ പള്ളി പുതുക്കിപ്പണിയാൻ മാർ യാക്കോബിന് 1000 പണം നൽകി. പോർട്ടുഗീസ് ഗവർണർ ലോപോ സ്വാരസ് കൊല്ലം രാജ്ഞിയുമായി 1516-ൽ ഉണ്ടാക്കിയ ഉടമ്പടിയിൽ കൊല്ലത്തെ പള്ളി പുതുക്കി പണിയാമെന്ന് രാജ്ഞിയെ കൊണ്ട് സമ്മതിപ്പിച്ചു. മലങ്കര നസ്രാണികളും പോർട്ടുഗീസുകാരും ഒന്നിച്ച് 1517-ൽ മൈലാപ്പൂരിലേക്ക് തീർഥാടനംപോയി. മാർ യാക്കോബിന് പോർട്ടുഗലിലെ മാനുവൽ രാജാവിൽ നിന്നും ജോൺ മൂന്നാമൻ രാജാവിൽ നിന്നും തന്റെ സുവിശേഷ പ്രവർത്തനങ്ങൾക്ക് സഹായമായി ഒരു തുക ലഭിച്ചുകൊണ്ടിരുന്നു. മാർ യാക്കോബ് തന്നെ തന്റെ ജനത്തെ പോർട്ടുഗീസുകാർക്ക് പരിചയപ്പെടുത്തിക്കൊടുത്തു. തനിക്ക് ലത്തീൻ രീതികളൊന്നും അറിയില്ലെന്നും അവ നടപ്പാക്കാൻ ശ്രമിച്ച പെന്തെയാദോ എന്ന മിഷണറിയെ നസ്രാണികൾക്ക് ഇഷ്ടമല്ലെന്നും അയാളെ ഉടനെ തിരികെ വിളിക്കണമെന്നും അദ്ദേഹം രാജാവിനെഴുതി. മാർ യാക്കോബ് പോർട്ടുഗീസ് രാജാവിനയച്ച കത്തുകളിൽ നിന്നാണ് ഈ സംഗതികൾ നാം ഗ്രഹിക്കുന്നത്. വി. ഫ്രാൻസിസ് സേവ്യറും മാർ യാക്കോബ് *ആബൂനായെപ്പറ്റി* വളരെ നന്നായിട്ടാണ് യൂറോപ്പിലേക്ക് എഴുതിയിട്ടുള്ളത്.

## മാർ യൗസേപ്പും പോർട്ടുഗീസുകാരും

മാർ യാക്കോബിനുശേഷം ഭരിച്ച മാർ യൗസേപ്പ് (1556-1569) എന്ന പശ്ചിമേഷ്യൻ കത്തോലിക്കാ മെത്രാനെ പോർട്ടുഗീസുകാർ പീഡിപ്പിക്കുകയും ജയിലിൽ അടയ്ക്കുകയും യൂറോപ്പിലേക്ക് നാടു കടത്തുകയും ചെയ്തു. അദ്ദേഹം ശുപാർശക്കത്തുകളുമായി ഗോവാവഴി വന്നപ്പോൾ പോർട്ടുഗീസുകാർ അദ്ദേഹത്തെ അവിടെ തടഞ്ഞുവച്ചു. താൻ കത്തോലിക്കനാണെന്നും കത്തോലിക്കാ പാത്രിയർക്കീസായ അബ്ദീശോയാണ് തനിക്ക് പട്ടം തന്നതെന്നും തന്റെ സഹോദരനായ ജോൺ സ്യൂദ് സൂലാക്കായോടുകൂടെ റോമിൽ പോയി മാർപാപ്പായെ സന്ദർശിച്ചിട്ടുണ്ടെന്നും പറഞ്ഞെങ്കിലും പോർട്ടുഗീസുകാർ അതൊന്നും വകവച്ചില്ല. അവർ അദ്ദേഹത്തെ 18 മാസം അവിടെ തടഞ്ഞുവച്ചു. അവിടെ നിന്ന് കപ്പൽ കയറ്റി യൂറോപ്പിലേക്കയച്ചു. ഒരു വർഷത്തിനുശേഷം ലിസ്ബണിലെ മതവിചാരണക്കോടതി മുമ്പാകെ

വിസ്തരിച്ചു. കുറ്റക്കാരനല്ലെന്നു കണ്ട് വെറുതെ വിട്ടു. എന്നാൽ പോർട്ടുഗീസുകാർ അദ്ദേഹത്തെ തിരികെ കൊണ്ടുവരുന്നതിനു പകരം റോമിലേക്കയച്ചു. വിവരം അറിഞ്ഞ മാർപാപ്പായാകട്ടെ ശുപാർശക്കത്തുകളുമായി അദ്ദേഹത്തെകേരളത്തിലേക്ക് അയച്ചു. അദ്ദേഹം കേരളത്തിൽ വന്നപ്പോൾ പോർട്ടുഗീസുകാർ അദ്ദേഹത്തെ വീണ്ടും അറസ്റ്റു ചെയ്തു. എങ്കിലും കോടതിവിധിയും മാർപാപ്പായുടെ കൽപ്പനകളും ഉണ്ടെന്നറിഞ്ഞപ്പോൾ സ്വതന്ത്രനാക്കി. അദ്ദേഹം പത്തുകൊല്ലം (1558–1568) മലങ്കരനസ്രാണികൾക്ക് ആത്മീയശുശ്രൂഷ നിർവഹിച്ചു. പോർട്ടുഗീസുകാർ അദ്ദേഹത്തെ 1568-ൽ അറസ്റ്റു ചെയ്ത് ലിസ്ബണിലേക്കും പിന്നെ റോമിലേക്കും അയച്ചു. റോമിൽ വച്ച് 1569-ൽ അദ്ദേഹം മരിച്ചു. അദ്ദേഹത്തിന്റെ പല പുസ്തകങ്ങളും ഇപ്പോഴും വത്തിക്കാൻ ഗ്രന്ഥശേഖരത്തിലുണ്ട്.

## മാർ അബ്രഹാമും പോർട്ടുഗീസുകാരും

മാർ യൗസേപ്പിനെ പോർട്ടുഗീസുകാർ യൂറോപ്പിലേക്ക് നാടുകടത്തിയപ്പോൾ, മാർ അബ്രഹാം എന്ന പശ്ചിമേഷ്യൻ മെത്രാൻ 1558-ൽ മലങ്കരയിലെത്തി. വേഷപ്രച്ഛന്നനായി വന്നതിനാൽ അദ്ദേഹത്തെ അറസ്റ്റു ചെയ്യാൻ പോർട്ടുഗീസുകാർക്ക് സാധിച്ചില്ല. അദ്ദേഹം അങ്കമാലി കേന്ദ്രമാക്കി സഭാശുശ്രൂഷ നിർവഹിച്ചു. എന്നാൽ അധികം താമസിയാതെ പോർട്ടുഗീസുകാർ മാർ അബ്രഹാമിനെയും അറസ്റ്റു ചെയ്ത് യൂറോപ്പിലേക്കയച്ചു. നെസ്തോറിയനാണോ സത്യവിശ്വാസിയാണോ എന്നറിയാൻ ലിസ്ബണിലെ മതവിചാരണക്കോടതിക്ക് ഏൽപ്പിച്ചുകൊടുക്കാനാണ് കൊണ്ടുപോയത്. യൂറോപ്പിലേക്ക് പോകുന്ന വഴി അദ്ദേഹം രക്ഷപെട്ട് പശ്ചിമേഷ്യയിൽ തന്റെ പാത്രിയർക്കീസിന്റെ പക്കലെത്തി വിവരമെല്ലാം ധരിപ്പിച്ചു. മാർ അബ്ദീശോ പാത്രിയർക്കീസിൽ നിന്നുള്ള ശുപാർശക്കത്തുകളോടുകൂടെ അദ്ദേഹം 1565-ൽ റോമിലെത്തി നാലാം പീയൂസ് മാർപാപ്പായെ (1559-1565) വിവരം ധരിപ്പിച്ചു. ഗോവായിലും കൊച്ചിയിലുമുള്ള ലത്തീൻ മെത്രാന്മാർക്ക് ഓരോ കത്തു കൊടുത്ത് മാർപാപ്പാ അദ്ദേഹത്തെ മലങ്കരയിലേക്കയച്ചു. അദ്ദേഹം 1568-ൽ ഗോവായിലെത്തി. മാർപാപ്പായുടെ ശുപാർശക്കത്തുകൾ ഉണ്ടായിരുന്നിട്ടും പോർട്ടുഗീസുകാർ അദ്ദേഹത്തെ തടഞ്ഞുവച്ചു. എന്നാൽ അദ്ദേഹം അവിടെ നിന്ന് രക്ഷപെട്ട്, ഒളിച്ചോടി മലങ്കരയിലെത്തി. പോർട്ടുഗീസുകാരുടെ ദൃഷ്ടിയിൽ പെടാതെ അവരുടെ വിഹാരസീമയ്ക്ക് അകലെയായി മലനാട്ടിലുള്ള പള്ളികളിൽ സഞ്ചരിച്ചുകൊണ്ട് ആത്മീയശുശ്രൂഷകൾ നടത്തിക്കൊണ്ടിരുന്നു. തുടർന്ന് ചില മിഷണറിമാർ മധ്യസ്ഥത വഹിച്ച് മാർ അബ്രഹാമിനെയും പേർട്ടുഗീസുകാരെയും ഏതാണ്ട് രമ്യതയിലാക്കി.



## നെസ്തോറിയൻ ആരോപണം

മാർ അബ്രഹാമിന്റെ കാലത്ത് പോർട്ടുഗീസുകാർ മലങ്കരസഭയുടെ മേലുള്ള പിടി മുറുക്കിത്തുടങ്ങി. ഇവിടെയുള്ള പ്രാർഥനപുസ്തകങ്ങളിൽ നെസ്തോറിയൻ പാഷണ്ഡത ഉണ്ടെന്നും അവ നീക്കണമെന്നും മറ്റും അവർ പ്രചരിപ്പിച്ചു. ഫ്രാൻസിസ് റോസ് എന്ന ജസ്വിട്ട് വൈദികൻ 1585/6-ൽ *പൗരസ്ത്യ ഇൻഡ്യയിൽ പാർക്കുന്ന നെസ്തോറിയരുടെ തെറ്റുകൾ (De Erroribus Nestorianorum)* എന്ന പേരിൽ ഒരു ലഘുലേഖയെഴുതി. ഇവിടുത്തെ സുറിയാനി വേദപുസ്തകത്തിലും ആരാധനക്രമഗ്രന്ഥങ്ങളിലും ദൈവശാസ്ത്ര കൃതികളിലും റോസ് നെസ്തോറിയൻ പാഷണ്ഡത ആരോപിച്ചു. റോസ് ചൂണ്ടിക്കാണിച്ചവ യഥാർഥത്തിൽ പാഷണ്ഡത ആയിരുന്നില്ല. ബൈബിളിൽ കണ്ട വ്യത്യാസങ്ങൾ സുറിയാനി ബൈബിളിന്റെ *(പ്ശീത്തായുടെ)* പ്രത്യേകതകളാണ്. ആരാധനക്രമത്തിലും ദൈവശാസ്ത്രത്തിലും ഉണ്ടെന്നു പറഞ്ഞ തെറ്റുകൾ ലത്തീൻ സ്കൊളാസ്റ്റിക് ദൈവശാസ്ത്രത്തിന്റെ പശ്ചാത്തലത്തിൽ പാശ്ചാത്യർ മനസ്സിലാക്കിയ തെറ്റുകളാണ്. സുറിയാനി പദങ്ങൾക്ക് സുറിയാനിസഭ കൊടുക്കാത്ത അർഥം കൊടുത്തതിന്റെ ഫലമായി രൂപീകരിക്കപ്പെട്ട തെറ്റുകളാണ് അവയൊക്കെ. വസ്തുനിഷ്ഠമായി അവ തെറ്റുകളല്ല. ലത്തീൻ ഭാഷയിൽ നിന്ന് വ്യത്യസ്തമായതെന്തും പല പാശ്ചാത്യർക്കും പാഷണ്ഡത ആയിരുന്നു; സുറിയാനിഭാഷ പാഷണ്ഡതയുടെ ഉറവിടവും. മലങ്കര നസ്രാണികളുടെ സഭയിൽ ഉണ്ടെന്ന് പാശ്ചാത്യർ പറഞ്ഞു പരത്തിയ നെസ്തോറിയൻ പാഷണ്ഡത പാശ്ചാത്യരുടെ ഭാവനാസൃഷ്ടിയാണ്.

## മൂന്നാം ഗോവൻ സിനഡ് (1585)

ഗോവയിൽ വച്ച് നടന്ന മൂന്നാം സിനഡിൽ മലങ്കര സഭാസംബന്ധമായ പല കാര്യങ്ങളും ചർച്ച ചെയ്തു. മാർ അബ്രഹാം ആ സിനഡിൽ സംബന്ധിക്കാൻ വിസമ്മതിച്ചു. മാർപാപ്പാ സുരക്ഷിതത്വം ഉറപ്പു നൽകിയതിനാൽ അദ്ദേഹം അതിൽ സംബന്ധിച്ചു. ആരാധനക്രമ ഗ്രന്ഥങ്ങളിലെ തെറ്റുകൾ എന്ന് ലത്തീൻ മിഷണറിമാർക്ക് തോന്നിയവ തിരുത്താൻ അവിടെ നിയമങ്ങൾ പാസ്സാക്കി. എന്നാൽ തിരികെ കേരളത്തിലെത്തിയ മാർ അബ്രഹാം അതൊന്നും തിരുത്താൻ കൂട്ടാക്കിയില്ല. അതിന്റെ ആവശ്യം അദ്ദേഹത്തിന് തോന്നിയില്ല. അവസാനകാലത്ത് പോർട്ടുഗീസ് മിഷണറിമാർ അദ്ദേഹത്തോട് നീരസത്തിലായിരുന്നു. അദ്ദേഹം മരിച്ചു കഴിഞ്ഞാൽ പിന്നെ സഭാഭരണം കൈയടക്കണമെന്ന് അവർ ഉറച്ചു തീരുമാനിച്ചു. മാർ അബ്രഹാം 1597-ൽ മരിച്ചു.

# 5

# ഉദയംപേരൂർ സൂനഹദോസ് (1599)

മാർ തോമാശ്ലീഹായുടെ മലങ്കരസഭയെ പാശ്ചാത്യസഭയുടെ ഭാഗമാക്കാനുള്ള നടപടികൾക്ക് നിയമസാധുത്വം നൽകിയ സഭാസമ്മേളനമായിരുന്നു 1599-ൽ നടന്ന ഉദയംപേരൂർ സൂനഹദോസ്. പോർട്ടുഗീസ് മേൽക്കോയ്മയും പാശ്ചാത്യവൽക്കരണവും ശാശ്വതീകരിക്കാൻ വേണ്ടിയാണ് മിഷണറിമാർ ഇപ്രകാരം പ്രവർത്തിച്ചത്. വൈവിധ്യങ്ങളിൽ അന്തർലീനമായിരിക്കുന്ന ആഴമായ ഐക്യം ആസ്വദിക്കാൻ സാധിക്കാതെ, സ്ഥാപിത താൽപര്യങ്ങൾക്കുവേണ്ടി മിശിഹായുടെ സഭയെ ഉപയോഗിച്ചതിന്റെ ദാരുണഫലങ്ങളാണ് നാമിവിടെ ദർശിക്കുക. മലങ്കരസഭയെ പോർട്ടുഗൽ രാജാവിന്റെ കീഴിൽ കൊണ്ടുവന്ന് പാശ്ചാത്യവൽക്കരിക്കുക, മലങ്കരസഭയുടെ മേൽ പോർട്ടുഗലിന് അധീശത്വം പൂർണമാക്കുക, ഇൻഡ്യയിൽ പോർട്ടുഗീസ് കോളനി മതപരമായും രാഷ്ട്രീയമായും അരക്കിട്ടുറപ്പിക്കുക, തദ്ഫലമായി വ്യാപാരവിനിമയം അഭിവൃദ്ധിപ്പെടുത്തുക, പോർട്ടുഗലിന്റെ സമ്പദ്‌വ്യവസ്ഥിതി മെച്ചപ്പെടുത്തുക എന്നിവ ആയിരുന്നു പോർട്ടുഗീസ് ലക്ഷ്യം. മലങ്കരസഭയെ പേർഷ്യൻ ബന്ധത്തിൽ നിന്ന് മാറ്റിക്കൊണ്ടു മാത്രമേ ഇതു സാധിക്കൂ എന്നു ഗ്രഹിച്ചതു കൊണ്ടാണ് പൗരസ്ത്യസുറിയാനി മെത്രാന്മാരുടെ വരവ് തടഞ്ഞതും വന്നവരെ പീഡിപ്പിച്ചതും.

## ഗീവർഗീസ് ആർച്ചുഡീക്കൻ

മാർ അബ്രഹാം മരിക്കുന്നതിനുമുമ്പ് തന്റെ പിൻഗാമിയായി പേർഷ്യയിൽ നിന്ന് ഒരു പൗരസ്ത്യസുറിയാനി കത്തോലിക്കാ മെത്രാൻ വരണമെന്ന് ആഗ്രഹിച്ചിരുന്നു. അതിനുവേണ്ട എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരുന്നു. എന്നാൽ മേലിൽ പേർഷ്യയിൽനിന്ന് ഒരു കത്തോലിക്കാ മെത്രാനും വരാതിരിക്കാനുള്ള പദ്ധതികളെല്ലാം പോർട്ടുഗീസുകാർ ആവിഷ്ക്കരിച്ചു. മാർ അബ്രഹാം തന്റെ മരണത്തിനുമുമ്പ് ഗീവർഗീസ് ആർച്ചുഡീക്കനെ സഭാഭ



രണം ഏൽപ്പിച്ചു. മാർ അബ്രഹാമിന്റെ മരണവാർത്ത അറിഞ്ഞ അന്നത്തെ ഗോവൻ ലത്തീൻ മെത്രാപ്പോലീത്താ ആയിരുന്ന മെനെസിസ്, ഫ്രാൻസിസ് റോസ് എന്ന ജസ്വിട്ട് വൈദികനെ വികാരി അപ്പസ്തോലിക്കാ ആയി നിയമിച്ചു. എന്നാൽ ഗീവർഗീസ് ആർച്ചുഡീക്കന്റെ നിയമനവാർത്ത അറിഞ്ഞപ്പോൾ, റോസിന്റെ നിയമനം മെനെസിസ് പിൻവലിച്ചു. ആർച്ചുഡീക്കൻ പോർട്ടുഗീസ് മിഷണറിമാരുടെ പക്കൽ പോയി വിശ്വാസപ്രഖ്യാപനം നടത്തണമെന്ന് മെനെസിസ് നിർദേശിച്ചു. അതിനു ഗീവർഗീസ് ആർച്ചുഡീക്കൻ കൂട്ടാക്കിയില്ല. അതിനു പകരം അങ്കമാലിയിൽ വച്ച് വൈദികരുടെയും ജനപ്രതിനിധികളുടെയും ഒരു യോഗം ആർച്ചുഡീക്കൻ വിളിച്ചുകൂട്ടി. യോഗം ആർച്ചുഡീക്കന് പൂർണപിന്തുണ പ്രഖ്യാപിച്ചു. മലങ്കരസഭയിലെ പുരാതനമായ സുറിയാനി ആരാധനക്രമങ്ങളും ആചാരാനുഷ്ഠാനങ്ങളും അഭംഗുരം കാത്തുസൂക്ഷിക്കുമെന്നും പൗരസ്ത്യ സുറിയാനിക്കാരനല്ലാത്ത മെത്രാനെ അംഗീകരിക്കുകയില്ലെന്നും യോഗം തീരുമാനിച്ചു. തുടർന്ന് വൈപ്പിനിൽ വച്ച് ഫ്രാൻസിസ്ക്കൻ സന്ന്യാസികളുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ വച്ച് പോർട്ടുഗീസ് ഭാഷയിൽ വിശ്വാസപ്രഖ്യാപനം വായിച്ചു. അതിന്റെ അവസാനം *ഉവ്വ്* എന്നു പറഞ്ഞ് ആർച്ചുഡീക്കൻ അതംഗീകരിച്ചു. എന്നാൽ വൈപ്പിനിലെ ചടങ്ങിൽ ജസ്വിട്ട് മിഷണറിമാരെ ആരെയും പങ്കെടുപ്പിച്ചില്ല.

## മെനെസിസ് മലങ്കരയിലേക്ക്

മലങ്കരസഭയിൽ യാതൊരധികാരവും ഇല്ലാതിരുന്നയാളും പാശ്ചാത്യ നാട്ടുകാരനുമായ മെനെസിസ് മെത്രാൻ ഇവിടെ മെത്രാനില്ലാതിരുന്ന അവസരം നോക്കി ഈ സഭാഭരണം കൈയടക്കാനായി 1599 ഫെബ്രുവരി ഒന്നിന് ഗോവയിൽ നിന്ന് കൊച്ചിയിലെത്തി. റോമിലേക്ക് 1597 ഡിസംബർ 19-ന് അയച്ച കത്തിൽ അദ്ദേഹം തന്റെ ലക്ഷ്യങ്ങൾ വിശദീകരിക്കുന്നു: മലങ്കരസഭയിലെ ദൂഷ്യങ്ങൾ പരിഹരിക്കുക, പള്ളികൾ സംരക്ഷിക്കുക, വൈദികരുടെ ഒരു സൂനഹദോസ് വിളിച്ചുകൂട്ടി റോമാസഭയുടെ (ലത്തീൻ സഭയുടെ) സ്വാധീനത്തിൽ കൊണ്ടുവരിക, പാശ്ചാത്യ മെത്രാന്മാരെ സ്വീകരിക്കാനായി നിർബന്ധിക്കുക, അബദ്ധസിദ്ധാന്തങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥങ്ങളെല്ലാം നശിപ്പിക്കുക, ഒരു ജസ്വിട്ട് പാതിരിയെ ഇവിടെ മെത്രാനാക്കുക, സുറിയാനിഭാഷ ക്രമേണ നശിപ്പിക്കുക, പ്രസ്തുത ഭാഷ അബദ്ധസിദ്ധാന്തങ്ങൾ പ്രവേശിക്കുന്നതിനുള്ള സ്രോതസ്സാകയാൽ വൈദികർ ലത്തീൻ പഠിക്കണമെന്ന് ആവശ്യപ്പെടുക, സുറിയാനി മാറ്റി ലത്തീൻഭാഷ പ്രതിഷ്ഠിക്കുക, മലങ്കര മെത്രാനെ ഗോവയുടെ സാമന്തമെത്രാനാക്കുക എന്നിവയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യങ്ങൾ.

മലങ്കരയിൽ എത്തിയപ്പോൾ മെനെസിസും ആർച്ചുഡീക്കനും തമ്മിൽ കൂടിക്കാഴ്ച നടന്നു. ആ കൂടിക്കാഴ്ച സ്നേഹത്തിലല്ല അവസാനിച്ചത്.

എങ്കിലും മലങ്കരസഭയിൽ തന്റെ സ്വാധീനം ഉറപ്പിക്കുന്നതിനുള്ള പദ്ധതികൾ ഈ പരദേശി മെത്രാൻ ആവിഷ്കരിച്ചു. അദ്ദേഹം മലങ്കര പള്ളികൾ സന്ദർശിക്കാനിറങ്ങിത്തിരിച്ചു. വൈപ്പിൻ കോട്ടയിലുള്ള ജസ്വിട്ട് സെമിനരിയിൽ നിന്ന് പറവൂർ, ആലങ്ങാട്, ചൊവ്വര എന്നീ പള്ളികൾ സന്ദർശിച്ചു. ആർച്ചുഡീക്കന്റെ സഹകരണം ലഭിക്കാഞ്ഞതിനാൽ, തണുപ്പൻ സ്വീകരണമാണ് മൂന്നിടത്തും ലഭിച്ചത്. അക്കാരണത്താൽ, ആർച്ചുഡീക്കനുമായി രമ്യപ്പെടാൻ തന്ത്രശാലിയായ മെനെസിസ് തീരുമാനിച്ചു. മലങ്കരസഭയുടെ ആഭ്യന്തര കാര്യങ്ങളിൽ വിദേശിയനും ലത്തീൻ സഭാംഗവുമായ ആർച്ചുബിഷപ്പ് ഇടപെടുന്നതിനെ ആർച്ചുഡീക്കൻ ശക്തിയായി എതിർത്തു. തുടർന്നുള്ള ചർച്ചകളുടെ ഫലമായി ഒരു പരദേശിമെത്രാനെപ്പോലെ പ്രസംഗിക്കാനും ആശീർവദിക്കാനും മെനെസിസിനെ ആർച്ചുഡീക്കൻ അനുവദിച്ചു. മെത്രാനടുത്ത കർമങ്ങളൊന്നും ഈ സഭയിൽ ചെയ്യുകയില്ലെന്ന് ആർച്ചുബിഷപ്പ് ഉടമ്പടി എഴുതിക്കൊടുത്തു.

അതിനുശേഷം കാഞ്ഞൂർ, പുറക്കാട്, കായംകുളം, കുണ്ടറ, കരുനാഗപ്പള്ളി, വെൺമണി എന്നീ പള്ളികൾ സന്ദർശിച്ചു. കൊച്ചിയിൽ മടങ്ങി വന്ന ശേഷം മുളന്തുരുത്തി, ഉദയംപേരൂർ, കടുത്തുരുത്തി, തൃപ്പൂണിത്തുറ എന്നീ പള്ളികൾ സന്ദർശിച്ചു. ആർച്ചുഡീക്കനുമായി ഉണ്ടാക്കിയ ഉടമ്പടിക്ക് വിരുദ്ധമായി ഈ പള്ളികളിൽ മൂറോൻകൂദാശയും വൈദിക പട്ടശുശ്രൂഷയും നടത്തി. ഇത് ബഹളത്തിന് വഴിതെളിച്ചു. ഉദയംപേരൂർ വച്ച് 38 പേർക്ക് പട്ടം നൽകി. കടുത്തുരുത്തിയിൽ വച്ച് ഹാശാആഴ്ച ശുശ്രൂഷകളും പട്ടശുശ്രൂഷയും നടത്തി. മുളന്തുരുത്തിയിൽ മൂറോനഭിഷേകം നൽകി. തന്റെ ഹിതാനുസരണം വർത്തിക്കുന്നതിന് പാർശ്വവർത്തിക്കാരായ കുറേ പട്ടക്കാരെയും ജനങ്ങളെയും ലഭിച്ചതുകൊണ്ട് മെനെസിസ് ധൈര്യവാനായി. നസ്രാണികളുടെ തെക്കുംഭാഗ (ക്നാനായ) സമുദായത്തിന്റെ രണ്ട് പ്രബല കേന്ദ്രങ്ങളായിരുന്നു കടുത്തുരുത്തിയും ഉദയംപേരൂരും. അവിടെ വച്ചാണ് മെനെസിസ് നിരവധി പേർക്ക് വൈദികപട്ടം നൽകിയത്. ആർച്ചുഡീക്കന്റെ വിലക്കിനെ അവഗണിച്ചുകൊണ്ട് മുന്നോട്ടു വന്നതിൽ കൂടുതലും ഈ പള്ളിക്കാരായിരുന്നു. ആളുകളുടെ പിൻബലം നേടിയ മെനെസിസ്, ആർച്ചുഡീക്കന് അസ്വീകാര്യമായ ചില നിർദേശങ്ങൾ വച്ചു. മലങ്കരസഭയെ പോർട്ടുഗീസുകാർക്ക് അടിയറ വയ്ക്കുന്നതിനും ഇവിടുത്തെപാരമ്പര്യം നശിപ്പിക്കുന്നതിനും ഈ സഭയുടെ വ്യക്തിത്വവും സ്വാതന്ത്ര്യവും ഇല്ലാതാക്കുന്നതിനും സഹായകമായ നിർദേശങ്ങളൊക്കെ ഗത്യന്തരമില്ലാത്തതിനാൽ, ആർച്ചുഡീക്കന് അംഗീകരിക്കേണ്ടിവന്നു. രാജാക്കന്മാരെയും നാട്ടുപ്രമാണികളെയും മെനെസിസ് സ്വാധീനിച്ചിരുന്നു.



## സൂനഹദോസ്-ഒരുക്കം

ഒരു സൂനഹദോസ് വിളിച്ചുകൂട്ടാൻ ആഗ്രഹിക്കുന്നെന്നും അതിലേക്ക് ആർച്ചുഡീക്കനും മലങ്കരസഭയിലെ എല്ലാ പള്ളികളിലെയും വികാരമാരും ശെമ്മാശ്ശന്മാരും പള്ളിയോഗം തെരഞ്ഞെടുത്ത നാല് അൽമായപ്രതിനിധികളും വന്നെത്തണമെന്നും കാരണം കൂടാതെ സൂനഹദോസിൽ സംബന്ധിക്കാത്തവർ അതിനാൽ തന്നെ മഹറോനിൽ ഉൾപ്പെടുമെന്നും കാണിച്ച് 1599 മെയ് 14-ന് ചേന്നമംഗലത്തുനിന്ന് മെനെസിസ് ഒരു കത്തയച്ചു. പോർട്ടുഗീസ് ശക്തികേന്ദ്രമായിത്തീർന്ന കൊടുങ്ങല്ലൂർ വച്ച് ത്രെന്തോസ് സൂനഹദോസിന്റെ ചുവടുപിടിച്ച് മെനെസിസ് കുറേ ഡിക്രികൾ എഴുതിയുണ്ടാക്കി. സിനഡിനു കുറേ ദിവസം മുമ്പ് പറവൂർ പള്ളിയിൽവച്ച് 50 പേർക്കുകൂടി പട്ടം കൊടുത്തു.

## സൂനഹദോസ്-നടപടികൾ

മലങ്കര സഭയുടെ ചരിത്രം മാറ്റിക്കുറിച്ച ഈ സഭായോഗം 1599 ജൂൺ 20-ന് ഉദയംപേരൂർ പള്ളിയിൽ വച്ച് ആരംഭിച്ചു. 153 വൈദികരും 660 അൽമായ പ്രതിനിധികളും ഇതിൽ സംബന്ധിച്ചു. എന്നാൽ മലങ്കര സഭാകേന്ദ്രമായിരുന്ന അങ്കമാലി പള്ളിയിൽ ഉണ്ടായിരുന്ന 18 വൈദികരിൽ ആരും സിനഡിൽ പങ്കെടുത്തില്ല. അതുപോലെ അപൂർവം ചില പള്ളികളും ആരെയും അയച്ചില്ല. ഇതിൽ സംബന്ധിച്ച 153 വൈദികരിൽ വലിയൊരു സംഖ്യയും മെനെസിസിൽ നിന്ന് പട്ടം സ്വീകരിച്ച നവവൈദികരായിരുന്നു.

പ്രാരംഭദിവസം ആഘോഷമായ കുർബാനയർപ്പണം നടന്നു. എല്ലാവരും സിനഡിന്റെ വിജയത്തിനായി കുമ്പസാരിച്ച് കുർബാന സ്വീകരിച്ചു. സിനഡ് തീരുന്നതുവരെ ആരും ഉദയംപേരൂർ വിട്ടുപോകരുതെന്നും പോയാൽ അതിനാൽ തന്നെ മഹറോനിൽ ഉൾപ്പെടുമെന്നും മെനെസിസ് ഭീഷണിപ്പെടുത്തി. രഹസ്യചർച്ചകൾ നടത്തുന്നതും മഹറോൻ ശിക്ഷയിൻ കീഴിൽ നിരോധിച്ചു. ആരും ഉദയംപേരൂർ വിട്ടുപോകുന്നില്ലെന്ന് ഉറപ്പുവരുത്താൻ പോർട്ടുഗീസ് സൈന്യത്തെ കാവലുമിട്ടു. എല്ലാ ദിവസവും മാതാവിന്റെ ലുത്തിനിയാ ചൊല്ലണമെന്നും നിർദേശിച്ചു. വൈപ്പൻകോട്ട സെമിനരിയിൽ നിന്ന് ജസ്വിട്ടരായ ഫാ. ഫ്രാൻസിസ് റോസ്, സ്റ്റീഫൻ ബ്രിട്ടോ, ആന്റണി തൊസ്ക്കാനോ, ജോൺ കമ്പോറി എന്നിവർ മെനെസിസിന്റെ സഹായികളായി പ്രവർത്തിച്ചു. പള്ളുരുത്തിക്കാരൻ ചാക്കോ കത്തനാർ ദ്വിഭാഷിയായിരുന്നു.

രണ്ടാം ദിവസം വിശ്വാസപ്രഖ്യാപനം നടന്നു. തങ്ങൾ സത്യക്രിസ്ത്യാനികളാകയാൽ ഇപ്പോൾ അപ്രകാരമൊന്നും നടത്തേണ്ട കാര്യമില്ല എന്നായി ജനങ്ങൾ. ഉടനെ മെനെസിസ് തന്നെ ആദ്യപ്രഖ്യാപനം നടത്തി. തുടർന്ന് ആർച്ചുഡീക്കനും വൈദികരും നടത്തി. ജനങ്ങളുടെ എതിർപ്പുകളെല്ലാം തന്ത്ര

ശാലിയായ മെനെസിസ് ശാന്തമാക്കി. താൻ ഉദ്ദേശിച്ച രീതിയിൽ യോഗം മുന്നോട്ടു കൊണ്ടുപോയി. തുടർന്നുള്ള ദിവസങ്ങളിൽ വിശ്വാസം, കൂദാശകൾ തുടങ്ങിയ കാര്യങ്ങളെപ്പറ്റി, മെനെസിസ് എഴുതിക്കൊണ്ടുവന്ന കാനോനാകൾ വായിച്ചുപോയി. അവ ചർച്ച ചെയ്യാനോ, തിരുത്താനോ, പാസ്സാക്കാനോ മിനക്കെട്ടില്ല. എന്താണ് വായിക്കുന്നതെന്നു തന്നെ കൂടിയവരിൽ പലർക്കും അറിയില്ലായിരുന്നു. മെനെസിസിന്റെ മുന്നിൽ എതിർപ്പുകൾക്കൊന്നും വിലയുണ്ടായിരുന്നില്ല.

ഏഴാം ദിവസം മലങ്കരയെ 75 ഇടവകകളായി തിരിച്ചു. മെനെസിസ് ഇടവകകളിൽ പുതുതായി നിയമിച്ച വികാരിമാരുടെ പേരുകൾ സമാപനദിവസം വായിച്ചു. മലങ്കരയിൽ വികാരിസമ്പ്രദായം തുടങ്ങുന്നത് ഇവിടെയാണ്. ഈ നിയമനത്തിൽ മെനെസിസ് പട്ടം നൽകിയവർക്കായിരുന്നു മുൻഗണന. അവസാനമായി, കൂടിയിരുന്ന എല്ലാവരും ഒപ്പു വച്ചു. 1599 ജൂൺ 26-ലെ പ്രദക്ഷിണത്തോടെ സിനഡ് സമാപിച്ചു. സിനഡിൽ സംബന്ധിച്ചവർക്കെല്ലാം മെനെസിസ് തന്നെ ആശീർവദിച്ച കുർബാനക്കല്ല്, വി. തൈലങ്ങൾ സൂക്ഷിക്കാനുള്ള പാത്രങ്ങൾ, ലത്തീൻ കൂദാശക്രമത്തിന്റെ സുറിയാനിയിലുള്ള പരിഭാഷയുടെ ഓരോ കോപ്പി, ലത്തീൻരീതി അനുസരിച്ചുള്ള സർപ്ലീസ്, കുർബാനയ്ക്കുള്ള തിരുവസ്ത്രങ്ങൾ, അൾത്താര വിരികൾ, കാസകൾ എന്നിവ സൗജന്യമായി നൽകി. ലത്തീൻ കാനോനാനമസ്ക്കാരം സുറിയാനിയിലേക്ക് വിവർത്തനം ചെയ്ത് മലങ്കരവൈദികർ ചൊല്ലണമെന്ന നീക്കം എതിർപ്പുമൂലം ഉപേക്ഷിക്കപ്പെട്ടു. സുറിയാനി കാനോനാ നമസ്ക്കാരത്തിലെ തെറ്റുകൾ തിരുത്തിയാൽ മതിയെന്ന് അവസാനം അംഗീകരിച്ചു.

## റോമിന്റെ അംഗീകാരശ്രമം

ഈ സിനഡിന് റോമിൽ നിന്ന് അംഗീകാരം കിട്ടാൻ മെനെസിസ് ശ്രമിച്ചു. എന്നാൽ അംഗീകാരം കിട്ടിയില്ല. ഇതിന് അംഗീകരം നൽകരുതെന്ന് കാണിച്ച ജസ്വിട്ട് പാതിരി റോസ് തന്നെ റോമിലേക്കെഴുതി. മാർഗനിർദേശകമായ ചട്ടങ്ങൾ ഉൾക്കൊള്ളുന്ന രേഖ എന്നതിൽ കവിഞ്ഞ് ഇതിന് എന്തെങ്കിലും നിയമപ്രാബല്യം ഉണ്ടെന്നു പറഞ്ഞുകൂടാ എന്നാണ് പണ്ഡിതമതം. ഇതിന് ഒരു സൂനഹദോസിന്റെ യഥാർഥ രൂപമോ ക്രമമോ ഇല്ലായിരുന്നു. സൂനഹദോസ് കഴിഞ്ഞും മെനെസിസ് പല കാനോനാകളും കൂട്ടിച്ചേർത്തു. മലയാളത്തിലും പോർട്ടുഗീസിലുമുള്ള കാനോനകൾ തമ്മിൽ വളരെ അന്തരമുണ്ട്. മലങ്കര നസ്രാണികൾക്ക് അപമാനകരമായ പലതും പോർട്ടുഗീസ് കാനോനാകളിൽ എഴുതി ചേർത്തിട്ടുണ്ട്. മലങ്കരസഭയിൽ യാതൊരധികാരവും ഇല്ലാതിരുന്ന പരദേശിയായ ലത്തീൻ മെത്രാൻ ഇവിടെ കടന്നുവന്ന് വിളിച്ചുകൂട്ടിയതാണ് ഉദയംപേരൂർ സിനഡ്. സൈന്യബലം കൊണ്ടും മഹറോന്റെ ഭീഷണി കൊണ്ടുമാണ് ഇപ്രകാരം കടന്നുവന്ന് തന്നിഷ്ടം പ്രവർത്തിച്ചത്.



ഒരു തരത്തിലും ന്യായീകരിക്കാൻ പാടില്ലാത്തതാണ് മെനെസിസിന്റെ ചെയ്തികൾ.

## സിനഡിനുശേഷം

സൂനഹദോസിനു മുമ്പുള്ള പള്ളിസന്ദർശനവേളയിലും സൂനഹദോസിന്റെ അവസരവും നെസ്തോറിയൻ പാഷണ്ഡതയെ പറ്റിയും ഇവിടെയുള്ള പൗരസ്ത്യസുറിയാനി ആരാധനക്രമഗ്രന്ഥങ്ങളിലെ തെറ്റുകളെ പറ്റിയും മെനെസിസ് പ്രസംഗിച്ചു. പേർഷ്യൻ മെത്രാന്മാരുടെ സഭാശുശ്രൂഷ ഇവിടെ അവസാനിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ പറ്റിയും നിരന്തരം പ്രസംഗിച്ചു. സിനഡിന്റെ അവസരം നിരവധി ഗ്രന്ഥങ്ങൾ ചുട്ടുകളഞ്ഞു. സൂനഹദോസിനു ശേഷവും അദ്ദേഹം പള്ളികൾ സന്ദർശിക്കുകയും സുറിയാനി ഗ്രന്ഥങ്ങൾ അഗ്നിക്കിരയാക്കുകയും ചെയ്തു. ചില ഗ്രന്ഥങ്ങളിൽ തിരുത്തലുകൾ വരുത്തി.

അങ്കമാലിയിലെ വൈദികരാരും സിനഡിൽ സംബന്ധിച്ചില്ല എന്നു കണ്ട്, അവിടെ ചെന്ന് കണ്ണിൽ കണ്ട സുറിയാനി ഗ്രന്ഥങ്ങളെല്ലാം തീയിലിട്ടു. മലങ്കര സഭയുടെ നിരവധി ചരിത്രഗ്രന്ഥങ്ങൾ എന്നെന്നേക്കുമായി നശിക്കാൻ ഇടയായതും ഇങ്ങനെയാണ്. അതുപോലെ ചെങ്ങന്നൂർ പള്ളിയിലും പോയി കത്തിച്ചുകളഞ്ഞതായി ചരിത്രരേഖയുണ്ട്. പിന്നീട് കോട്ടയം, കുടമാളൂർ, കടമ്പനാട്, ചേപ്പാട്, കായംകുളം, തേവലക്കര എന്നീ പള്ളികൾ സന്ദർശിച്ചു. ചിലയിടങ്ങളിൽ അമൂല്യമായ സുറിയാനി രേഖകളൊക്കെ നെസ്തോറിയനിസത്തിന്റെ പേരിൽ കത്തിച്ചുകളഞ്ഞു. 1599 നവംബറിൽ മെനെസിസ് ഗോവയിലെത്തി.

1599 ഡിസംബർ 20-ന് ഫ്രാൻസിസ് റോസ് നസ്രാണികളുടെ ആദ്യത്തെ ലത്തീൻ മെത്രാനായി നിയമിതനായി. 1600-ൽ അങ്കമാലിയെ പദ്രവാദോയുടെ കീഴിൽ കൊണ്ടുവന്ന്, ഗോവൻ ലത്തീൻ അതിരൂപതയുടെ സാമന്തരൂപതയാക്കി തരംതാഴ്ത്തി. 16-ാം നൂറ്റാണ്ടിൽ ഇവിടെയെത്തിയ മിഷണറിസഭ മലങ്കരസഭയെ ഉരുക്കുമുഷ്ടി ഉപയോഗിച്ച് കീഴമർത്തിയ ചരിത്രമാണ് നാമിവിടെ കാണുക.

G. Chediath, *Indiayude Metrapolita Mar Abraham,* Kottayam, 1990.
Jonas Thaliath, *The Synod of Diamper,* Rome, 1958.
Scariah Zacharia (ed). *The Acts and Decrees of the Synod of Diamper,* Edamattom, 1994.

# 6
# ഉദയംപേരൂർ സൂനഹദോസും മലങ്കരസഭയിലെ പരിവർത്തനങ്ങളും

പോർട്ടുഗീസുകാരുടെ ഭാരതപ്രവേശനത്തോടുകൂടെ മലങ്കര സഭാചരിത്രത്തിൽ പുതിയൊരധ്യായം തുടങ്ങി. കച്ചവടമായിരുന്നു പാശ്ചാത്യരുടെ പ്രധാന ലക്ഷ്യമെങ്കിലും അവരോടൊപ്പം വന്ന പല മിഷണറിമാരും സ്തുത്യർഹമായ സഭാസേവനം അനഷ്ഠിച്ചവരാണ്. അവരിൽ ഏറ്റവും പ്രധാനവ്യക്തി വി. ഫ്രാൻസിസ് സേവ്യറാണ്. മിഷണറി പ്രവർത്തനം വഴി കേരളത്തിലെ കടൽത്തീരത്തുള്ള അനേകായിരങ്ങൾ ക്രിസ്ത്യാനികളായി. സമുദായത്തിന്റെ താഴേക്കിടയിൽ നിന്ന അനേകർക്ക് മിഷണറിമാർ സഹായഹസ്തം നീട്ടിക്കൊടുത്തു. സാമുഹ്യരംഗത്തും പല നല്ല കാര്യങ്ങൾ അവർ ചെയ്തിട്ടുണ്ട്.

എന്നാൽ അവർ ചെയ്ത നല്ല കാര്യങ്ങൾക്കു കൂടി മങ്ങലേൽക്കത്തക്ക വിധമായിരുന്നു അവരുടെ പല പ്രവർത്തനങ്ങളും. ലത്തീൻ രീതികളും ആചാരങ്ങളും മാത്രമായിരുന്നു യഥാർഥ കത്തോലിക്കാ വിശ്വാസത്തിന്റെ കാതലെന്ന് പല മിഷണറിമാരും ധരിച്ചിരുന്നു. ലത്തീൻ റീത്തിൽ നിന്നു വ്യത്യസ്തമായ കാര്യങ്ങളെ കുറിച്ച് ചിന്തിക്കാനും അവർക്ക് കഴിഞ്ഞില്ല. സത്യക്രിസ്ത്യാനികൾ ലത്തീൻകാർ ആയിരിക്കണമെന്ന് അവർക്ക് നിർബന്ധമുണ്ടായിരുന്നു. മലങ്കരസഭയെ പാശ്ചാത്യസഭയിൽ ലയിപ്പിക്കുന്നതിനുള്ള നടപടികളാണ് അവരുടെ ഭാഗത്തു നിന്ന് ഉണ്ടായത്. അർഥശൂന്യമായ ഒട്ടേറെ മാറ്റങ്ങൾക്ക് അവർ മലങ്കരസഭയെ നിർബന്ധിച്ചു. ഈ പുരാതന സഭയുടെ ആദിമ പരിശുദ്ധിയും വ്യക്തിത്വവും അവർ നശിപ്പിച്ചു. വികല വ്യക്തിത്വമുള്ള സങ്കരസഭയാക്കി മാറ്റി. സഭാചൈതന്യത്തിനു നിരക്കാത്ത നിരവധി സംരംഭങ്ങൾക്ക് മലങ്കരസഭ സാക്ഷ്യം വഹിച്ചു. പൊതുവേ പൗരസ്ത്യ കാര്യങ്ങളിൽ പോർട്ടുഗീസുകാർ അജ്ഞരായിരുന്നു എന്ന് സൂനഹദോസിന്റെ കാനോനകൾ വ്യക്തമാക്കുന്നു. പോർട്ടുഗീസുകാർ മലങ്കരസഭയിൽ വരുത്തിയ മാറ്റങ്ങളെപ്പറ്റി ചുരുക്കി ചർച്ച ചെയ്യാം.



## 1. മെത്രാന്മാരെ സംബന്ധിച്ചു വരുത്തിയ മാറ്റങ്ങൾ

മലങ്കരസഭയെ ഭരിച്ചിരുന്ന മേൽപട്ടക്കാർ പേർഷ്യയിൽ നിന്ന് വന്നവരായിരുന്നു. അവർ ആരാധനക്രമം അറിയാവുന്നവരും ആരാധനാസമൂഹത്തിന്റെ തലവന്മാരുമായിരുന്നു. അതുപോലെ പ്രാർഥനയുടെ വ്യക്തികളും ആത്മീയാചാര്യന്മാരുമായിരുന്നു. അവരെ ഈ ആത്മീയ ശുശ്രൂഷയിൽ നിന്നു തട്ടിമാറ്റിയ പാശ്ചാത്യർ, ലത്തീൻ മെത്രാന്മാരെ നിയമിച്ചു. മലങ്കരസഭയെ പറ്റിയും സഭാപാരമ്പര്യത്തെ പറ്റിയും തികച്ചും അജ്ഞരായവർ സഭാധ്യക്ഷസ്ഥാനത്തു വരാനിടയായി.

## 2. ആർച്ചുഡീക്കനെ സംബന്ധിച്ചു വരുത്തിയ മാറ്റങ്ങൾ

മലങ്കരസഭയുടെ ലൗകികഭരണം നടത്തിയിരുന്നത് ആർച്ചുഡീക്കനായിരുന്നു. ഓരോ ഇടവകയിലും പള്ളിയോഗവും സഭയ്ക്കു മൊത്തത്തിൽ പൊതുയോഗവും ഉണ്ടായിരുന്നു. അൽമായർക്കു സഭയിൽ നിർണായകസ്വാധീനം ഉണ്ടായിരുന്നു. സഭാധ്യക്ഷന്മാർ ഭരിക്കുന്നവരും വിശ്വാസികൾ ഭരിക്കപ്പെടേണ്ടവരുമാണെന്ന ചിന്ത അന്നില്ലായിരുന്നു. സഭാഭരണത്തിൽ വൈദികർക്കും ജനങ്ങൾക്കുമെല്ലാം പങ്കുണ്ടായിരുന്നു. പോർട്ടുഗീസ് ആധിപത്യത്തോടുകൂടി ഈ നില മാറി. ആദ്യമാദ്യം നാമമാത്രമായെങ്കിലും ആർച്ചുഡീക്കനെ നിയമിച്ചിരുന്നെങ്കിലും, പിന്നെപ്പിന്നെ പ്രസ്തുത സ്ഥാനം തന്നെ ഇല്ലാതായി. തൽസ്ഥാനത്ത് ലത്തീൻ സഭയിലെ പോലെ വികാരി ജനറാൾ നിയമിതനായി. അതോടുകൂടി ഭരണകാര്യങ്ങളിലെല്ലാം തകിടം മറിച്ചിലുകൾ ഉണ്ടായി.

## 3. വൈദികരെ സംബന്ധിച്ച മാറ്റങ്ങൾ

ഓരോ ഇടവകയിലും അതാതു ദേശത്തെ പട്ടക്കാരാണ് ആധ്യാത്മിക ശുശ്രൂഷകൾ നിർവഹിച്ചിരുന്നത്. ഈ രീതി മാറ്റി വികാരിമാരെ നിയമിക്കുന്ന രീതി ഉദയംപേരൂർ സൂനഹദോസാണ് തുടങ്ങിയത്. വൈദികരുടെ ഐച്ഛികബ്രഹ്മചര്യം മാറ്റി ലത്തീൻ സഭയിലേതു പോലെയുള്ള ബ്രഹ്മചര്യാനുഷ്ഠാനം നടപ്പാക്കി. പൗരസ്ത്യ സഭകളിലെല്ലാം ഐച്ഛിക ബ്രഹ്മചര്യമായിരുന്നു. അതായിരുന്നു മലങ്കര സഭാപാരമ്പര്യവും.

## 4. വൈദിക വിദ്യാർഥികളെ സംബന്ധിച്ച മാറ്റങ്ങൾ

വൈദികവിദ്യാർഥികൾക്ക് മൽപ്പാന്മാർ അത്രേ പരിശീലനം നൽകിയിരുന്നത്. ഇന്നത്തെ സെമിനരി സിസ്റ്റം അന്നില്ലായിരുന്നു. അതുപോലെ വിദ്യാർഥികളുടെ തെരഞ്ഞെടുപ്പിൽ ഇടവകയ്ക്ക് നിർണായകസ്വാധീനം ഉണ്ടായിരുന്നു. ഇടവകയുടെ ദേശക്കുറി കിട്ടിയാലേ മെത്രാന്മാർ പട്ടം നൽകിയിരുന്നുള്ളൂ. ഈ രീതിയൊക്കെ പാടേ മാറി.

### 5. ആരാധനക്രമം സംബന്ധിച്ച മാറ്റങ്ങൾ

മലങ്കരസഭയിൽ നൂറ്റാണ്ടുകളായി നിലനിന്ന പൗരസ്ത്യ സുറിയാനി ആരാധനക്രമത്തിൽ പോർട്ടുഗീസുകാർ വളരെയധികം മാറ്റങ്ങൾ വരുത്തി. ലത്തീൻ രീതികളുമായി ചേർന്നു പോകാത്തതെന്ന് അവർക്കു തോന്നിയവ യെല്ലാം വെട്ടിത്തിരുത്തി. ഇവിടെ നിലവിലിരുന്ന മൂന്ന് അനാഫറാകളിൽ രണ്ടെണ്ണം നിർത്തലാക്കി. ഒന്നാമത്തെ അനാഫറായിൽ തന്നെ വളരെയ ധികം മാറ്റം വരുത്തി. സ്ഥാപനവിവരണം ലത്തീനിൽ നിന്ന് സുറിയാനിയി ലേക്ക് വിവർത്തനം ചെയ്ത് കുർബാനക്രമത്തിൽ ചേർത്തു. മിശിഹായുടെ മാതാവ് (Emmeh damshiha) എന്നു ചൊല്ലിയിരുന്നിടത്തെല്ലാം ദൈവമാതാവ് (Emmeh dalaha) എന്നാക്കി. നിഖ്യാ വിശ്വാസപ്രമാണത്തിൽ പുത്രനിൽ നിന്നും (filioque)എന്ന് കൂട്ടിച്ചേർത്ത് ലത്തീൻ രീതിയിലാക്കി.

കൂദാശകളുടെ അനുഷ്ഠാനക്രമം ലത്തീൻ റീത്തനുസരിച്ച് ലത്തീ നിൽ നിന്ന് സുറിയാനിയിലാക്കി. പൗരസ്ത്യസഭകളിലെ ഔദ്യോഗിക തിരു വസ്ത്രങ്ങൾക്കു പകരം ലത്തീൻ റീത്തിലെ തിരുവസ്ത്രങ്ങൾ ഉപയോഗി ക്കാൻ നിർബന്ധിച്ചു. വലത്തെ തോളിൽ നിന്ന് ഇടത്തെ തോളിലേക്ക് കുരിശു വരച്ചിരുന്ന രീതി മാറ്റി, ഇടത്തു നിന്ന് വലത്തോട്ടാക്കി. കുർബാനയുടെ തിരു നാൾ നടപ്പാക്കി. പൗരസ്ത്യ സഭാപാരമ്പര്യമനുസരിച്ച് പെസഹാവ്യാഴാഴ്ച യാണ് കുർബാനയുടെ തിരുനാൾ. രണ്ടു സാദൃശ്യങ്ങളിൽ കുർബാന കൊടു ത്തിരുന്നതു മാറ്റി ഒരു സാദൃശ്യത്തിലാക്കി. പുളിപ്പിച്ച കുർബാനയപ്പത്തിന്റെ സ്ഥാനത്ത് ലത്തീൻ സഭയിലേതുപോലെ പുളിക്കാത്ത അപ്പം ഇവിടെ നട പ്പാക്കി.

പട്ടംകൊടക്രമം ലത്തീനിൽ നിന്നെടുത്തു. മറ്റു കൂദാശക്രമങ്ങളും ലത്തീൻ റീത്തിൽ നിന്ന് സുറിയാനിയിലേക്ക് വിവർത്തനം ചെയ്തു. ആരാ ധനക്രമപഞ്ചാംഗം മാറ്റി ലത്തീൻ സഭയിലെ വിശുദ്ധരുടെ പേരുകൾ തിരു കിക്കയറ്റി. കൂദാശവചനങ്ങൾ പൗരസ്ത്യരീതിയിൽ നിന്നുമാറ്റി (passive form) ലത്തീൻ രീതിയിൽ (active form) ആക്കി. പൗരസ്ത്യ സുറിയാനിസഭയിലെ വിശുദ്ധരുടെ പേരുകൾ നീക്കി. അവരുടെ നാമത്തിലുണ്ടായിരുന്ന പള്ളി കൾ ലത്തീൻ സഭയിലെ വിശുദ്ധരുടെ നാമത്തിൽ പുനഃപ്രതിഷ്ഠിച്ചു. പള്ളി കളിൽ തൂങ്ങപ്പെട്ട രൂപങ്ങളും മറ്റു രൂപങ്ങളും സ്ഥാപിച്ചു. അന്നുവരെ രൂപ മില്ലാത്ത സ്ലീബാ മാത്രമേ മലങ്കരപ്പള്ളികളിൽ ഉണ്ടായിരുന്നുള്ളു. മാമോദീ സായോടു കൂടി കൊടുത്തിരുന്ന മൂറോനഭിഷേകം ലത്തീൻ റീത്തിലേതു പോലെ മാറ്റി മാമോദീസായിൽ നിന്നു വേർതിരിച്ചു. മാമോദീസായുടെ അവ സരം കുർബാന കൊടുത്തിരുന്ന രീതി നിർത്തലാക്കി.



### 6. നോമ്പ്, ഉപവാസം എന്നിവ സംബന്ധിച്ചു വരുത്തിയ മാറ്റങ്ങൾ

മലങ്കരയിൽ വലിയ നോമ്പ് ആരംഭിച്ചിരുന്നത് ബുധനാഴ്ചയല്ല, തിങ്ക ളാഴ്ച ആയിരുന്നു. അൻപതു നോമ്പെന്ന് അതറിയപ്പെട്ടിരുന്നു. നോമ്പുകാ ലത്ത് നസ്രാണികൾ മത്സ്യമാംസാദികൾ വർജിച്ചിരുന്നു. ഉപവാസ ദിവസ ങ്ങളിൽ വൈകിട്ട് മാത്രമേ ഭക്ഷിച്ചിരുന്നുള്ളു. മലങ്കരയിൽ നിലനിന്ന ഇതും ഇതുപോലുള്ള മറ്റു രീതികളും മാറ്റി ലത്തീൻ രീതി പോലെയാക്കി. ഉപവാ സദിവസങ്ങളിൽ വൈകിട്ടു മാത്രം ഭക്ഷിക്കുന്ന രീതി, സന്ധ്യ മുതൽ സന്ധ്യ വരെ ദിവസം കണക്കാക്കുന്ന രീതി ആദിയായവ മാറ്റിമറിച്ചവയിൽ ഉൾപ്പെ ടുന്നു. മലങ്കരയിൽ നിലനിന്ന മറ്റു പല നോമ്പുകൾക്കും പാശ്ചാത്യർ വേണ്ടത്ര പ്രാധാന്യം നൽകിയില്ല. ഇവയെല്ലാം ജനരോഷത്തിന് കാരണമായി.

മിഷണറിമാർ പാഷണ്ഡതയും അക്രൈസ്തവത്വവും എന്നുപറഞ്ഞ പലതും പൗരസ്ത്യവും ഭാരതീയവും മാത്രമായിരുന്നു. ഈ സഭയെ തങ്ങൾക്ക് കീഴ്പ്പെടുത്തണമെന്ന് അവർ തീരുമാനിച്ചുറച്ചിരുന്നതിനാൽ, അതിനുവേണ്ട നടപടികളൊക്കെ അവർ സ്വീകരിച്ചു. മലങ്കര നസ്രാണികളെ ഉദയംപേരൂർ സൂനഹദോസുവഴി നെസ്തോറിയനിസത്തിൽ നിന്ന് റോമൻക ത്തോലിക്കാ വിശ്വാസത്തിലേക്ക് രക്ഷിച്ചെടുത്തിയെന്ന് പാശ്ചാത്യലോകത്തെ മ്പാടും അവർ പ്രചരിപ്പിക്കുകയും അനേകമാളുകൾ അതു വിശ്വസിക്കുകയും ചെയ്തു. ഇന്നും അപ്രകാരം വിശ്വസിക്കുന്ന ചിലരുണ്ട്.

---

See the references in: T.Mannooramparambil, *Syro-Malabar Sabhayude Charitra Paschaathalam,* Kottayam, 1986.

T.Mannooramparambil, *Syro-Malabar Sabhayude Qurbana-Oru Padhanam,*vol.I, Kottayam, 1999 (2nd ed.) ; vol.II.1998.

X.Koodapuzha, *Bharatha Sabhaacharitram*, p.325-329.

Schariah Zacharia, *Randu Praachina Gedyakrithikal,* Changanassery, 1976.

J.Vellian,*The Romanization Tendency*, Kottayam,1975.

# 7

# ഉദയംപേരൂർ മുതൽ കൂനൻ കുരിശുവരെ (1599–1653)

മലങ്കര സഭയെ ഇൻഡ്യയിൽ പുതുതായി സ്ഥാപിച്ച മിഷണറി സഭയുടെ (ലത്തീൻ റീത്തിന്റെ) ഭാഗമാക്കാനായി തയാറാക്കിയ പദ്ധതിയുടെ ക്രമീകൃതമായ നടപ്പാക്കലാണ് ഉദയംപേരൂർ സൂനഹദോസിൽ നടന്നത്. മലങ്കരസഭ കത്തോലിക്കാ സഭ ആയിരുന്നെങ്കിലും റോമാസഭയുടെ ഭാഗമായിരുന്നില്ല. റോമാസഭയുടെ ഭാഗമല്ലാത്ത സഭകൾ കാതോലികം അല്ലെന്നു വരുന്നില്ല. എന്നാൽ ഈ സഭയും റോമാസഭയും നേരിട്ട് ബന്ധപ്പെടാൻ സാധിക്കാതെ വളരെക്കാലം കഴിഞ്ഞു. പോർട്ടുഗീസുകാർ വന്നപ്പോൾ മലങ്കര നസ്രാണികൾ ബന്ധം സ്ഥാപിച്ചു. കാതോലിക സഭയായിരുന്ന മലങ്കരസഭയെ റോമാസഭയുടെ ഭാഗം (പ്രോവിൻസ് അഥവാ രൂപത) ആക്കിയെങ്കിലേ പാഷൺഡത നീങ്ങൂ എന്നു ധരിച്ചുവശായ പാശ്ചാത്യർ കൊടിയ അപരാധം കാട്ടി. 1599 മുതൽ ഏതാണ്ട് അര നൂറ്റാണ്ടുകാലം മലങ്കരക്കാർ വീർപ്പുമുട്ടിക്കഴിഞ്ഞു.

## ബിഷപ്പ് ഫ്രാൻചിസ്കോ റോസ് (1599–1624)

ഗോവൻ ലത്തീൻ പദ്രവാദോ അതിരൂപതയുടെ സാമന്തനായിട്ടാണ് മലങ്കരസഭാധ്യക്ഷനായി 1599 ഡിസംബർ 20-ന് റോസ് എന്ന ജസ്വിട്ട് മെത്രാൻ അങ്കമാലി രൂപതയിൽ നിയമിതനായത്. 1600-ൽ മലങ്കരസഭയുടെ മേൽ പദ്രവോദോ നടപ്പാക്കി. നസ്രാണികൾ ശക്തിയായി പ്രതിഷേധിച്ചു. മലങ്കരസഭയ്ക്ക് നീതി ലഭിക്കാൻ ഏതാണ്ട് എട്ടുവർഷമെടുത്തു. 1608-ൽ അങ്കമാലിയെ പഴയ രീതിയിൽ അതിരൂപതയായി പുനഃപ്രതിഷ്ഠിച്ചു. എന്നാൽ പദ്രവാദോ രൂപത എന്ന നില തുടർന്നു. അതായത്, മലങ്കര സഭയുടെമേൽ പോർട്ടുഗീസ് രാജാവിനാണ് അധികാരം. ഇവിടുത്തെ മെത്രാന്മാരെ പോർട്ടുഗീസ് രാജാവിന്റെ അനുവാദത്തോടും സമ്മതത്തോടും കൂടെ നിയമിക്കണം. ഇൻഡ്യയിലെ മിഷൻ പ്രവർത്തനങ്ങളുടെ കുത്തകാവകാശം പോർട്ടുഗീസ്



രാജാവിനായിരിക്കും എന്നൊക്കെയാണ് ഈ മേൽക്കോയ്മയുടെ അർഥം. അങ്ങനെ, പതിനാറു നൂറ്റാണ്ടുകാലം പാശ്ചാത്യർക്കോ, പാശ്ചാത്യസഭയ്ക്കോ ഇവിടെ ഇല്ലാതിരുന്ന അധികാരം കൊളോണിയലിസത്തിന്റെ ഉരുക്കുമുഷ്ടിയിലൂടെ പോർട്ടുഗീസുകാർ നേടിയെടുത്തു. നസ്രാണികളുടെ ശക്തിയായ എതിർപ്പ് അവഗണിച്ചുകൊണ്ടാണ് മിഷണറിമാർ ഇപ്രകാരം ചെയ്തത്. എന്നാൽ നാട്ടുകാരായ ചില ക്രിസ്ത്യാനികൾ ഇവരുടെ പ്രീതി സമ്പാദിക്കുകയും ഇവരുടെ കൂടെ നിൽക്കുകയും ഇവർക്കു വേണ്ട ഒത്താശകൾ ചെയ്തു കൊടുക്കുകയും ചെയ്തു. ഇപ്രകാരം സഭയിൽ തന്നെ ഒരു വിഭജനം ഉണ്ടായതിന്റെ ഫലമായിട്ടാണ് പോർട്ടുഗീസുകാരുടെ തന്ത്രങ്ങൾ ഇവിടെ നടപ്പായതും അവർ ഈ സഭയെ കീഴടക്കിയതും.

ബിഷപ്പ് റോസ് തന്റെ ആസ്ഥാനം കൊടുങ്ങല്ലൂരേക്ക് മാറ്റി. മലങ്കര സഭാധ്യക്ഷന്മാരുടെ അന്നു വരെയുള്ള ആസ്ഥാനം അങ്കമാലി ആയിരുന്നു. ബിഷപ്പ് റോസ് 1603-ൽ അങ്കമാലിയിൽ ഒരു സിനഡ് കൂടി. ഉദയംപേരൂർ സൂനഹദോസിന്റെ ഡിക്രികൾ അപ്പാടെ മലങ്കര സഭയിൽ നടപ്പാക്കുന്നത് മലങ്കര നസ്രാണികൾക്ക് അപമാനകരമായിരിക്കുമെന്ന് റോസിന് അറിയാമായിരുന്നു. ഉദയംപേരൂർ കാനോനകളെ അടിസ്ഥാനമാക്കി റോസ് മലങ്കര സഭയിൽ ചില നടപടിക്രമങ്ങളുണ്ടാക്കി. റോസ് തന്റെ നിയമാവലി (Rozian Statutes) 1606-ൽ പ്രസിദ്ധീകരിച്ചു. സഭയിലെ സർവാധികാരങ്ങളും മെത്രാനിൽ കേന്ദ്രീകരിച്ചു. ആർച്ചുഡീക്കന്റെ അധികാരം നിശ്ശേഷം ഇല്ലാതാക്കി. പിൽക്കാലത്ത് ആർച്ചുഡീക്കനും ലത്തീൻ മെത്രാന്മാരും തമ്മിലുള്ള ഉരസലിന്റെ പ്രധാന കാരണം ഇതായിരുന്നു.

കുർബാന, മറ്റ് കൂദാശകൾ, കാനോന നമസ്ക്കാരത്തിന്റെ ചില ഭാഗങ്ങൾ എന്നിവ അദ്ദേഹം ലത്തീനീകരിച്ചു. ലത്തീൻ ക്രമം സുറിയാനിയിലേക്ക് വിവർത്തനം ചെയ്ത് സുറിയാനിയുടെ കൂടെ ചേർത്തു. ചിലയിടങ്ങളിൽ ലത്തീനും സുറിയാനിയും കൂട്ടിക്കലർത്തി.

റോസ് ഗോവയുടെ സാമന്തനായിരുന്നെങ്കിലും, മലങ്കര നസ്രാണികളുടെ പുരാതന പാരമ്പര്യമനുസരിച്ച് *ഇൻഡ്യയുടെ മെത്രാപ്പോലീത്താ* എന്നു തന്നെ ഒപ്പിട്ടിരുന്നു. റോസിന്റെ ആർച്ചുഡീക്കന് ലത്തീൻ വികാരി ജനറാളിനേക്കാൾ താഴ്ന്ന അധികാരങ്ങളേ ഉണ്ടായിരുന്നുള്ളു എങ്കിലും, *ഇൻഡ്യയുടെ അർക്കദിയാക്കോൻ* എന്ന് ഒപ്പിട്ടിരുന്നു.

റോസിന്റെ കാലത്ത് 1610 ഡിസംബർ 20-ന് പോർട്ടുഗീസ് പദ്രവാദോയുടെ കീഴിൽ ഇൻഡ്യയെ മൊത്തം നാല് രൂപതകളായി പുനർവിഭനം നടത്തി: ഗോവാ, കൊച്ചി, മൈലാപ്പൂർ, കൊടുങ്ങല്ലൂർ. പുതിയ കൊടുങ്ങല്ലൂർ രൂപതയ്ക്ക് പുറത്തുള്ള നസ്രാണികൾ ആരാധനാരീതികൾ മാറാതെ തന്നെ ലത്തീൻ രൂപതകളിലായി. ഇൻഡ്യ മുഴുവൻ അധികാരം ഉണ്ടായിരുന്ന മലങ്കര നസ്രാണികളുടെ മെത്രാന്റെ അധികാരം ഇപ്രകാരം പദ്രവാദോ

കൊടുങ്ങല്ലൂർ രൂപതയ്ക്കുള്ളിൽ ഒതുങ്ങി. ഇതേത്തുടർന്ന് കൊടുങ്ങല്ലൂർ രൂപതയെ ഒരു ലത്തീൻ രൂപത പോലെയാണ് പാശ്ചാത്യർ പരിഗണിച്ചത്. റോസ് ലത്തീനീകരിച്ച കൽദായ ആരാധനക്രമങ്ങളാണ് തുടർന്നു വന്ന നൂറ്റാണ്ടുകളിൽ മലങ്കര നസ്രാണികൾ ഉപയോഗിച്ചിരുന്നത്. റോസ് 1624-ൽ മരിച്ച് പറവൂർ പള്ളിയിൽ കബറടങ്ങി.

## ബിഷപ്പ് എസ്തെവാവോ (സ്തേഫാനോ) ദെ ബ്രിട്ടോ (1624-1641)

ബിഷപ്പ് ഫ്രാൻസിസ് റോസിനു ശേഷം സ്റ്റീഫൻ ബ്രിട്ടോ എന്ന ജസ്വിട്ട് പാതിരി മലങ്കര നസ്രാണികളുടെ മെത്രാനായി. വളരെ ചുരുങ്ങിയ പ്രദേശത്തു മാത്രമേ ബ്രിട്ടോയ്ക്കും അധികാരം ഉണ്ടായിരുന്നുള്ളു. എങ്കിലും മാർ തോമാ നസ്രാണികളുടെ പാരമ്പര്യത്തിന്റെ പിൻബലത്തിൽ *ഇൻഡ്യയുടെ ആർച്ചുബിഷപ്പ്* എന്നാണ് ഒപ്പിട്ടിരുന്നത്. ബ്രിട്ടോയും ആർച്ചുഡീക്കന്റെ അധികാരം നാമമാത്രമാക്കി. ഗീവർഗീസ് ആർച്ചുഡീക്കൻ 1640-ൽ അങ്കമാലിയിൽ കബറടങ്ങി. തുടർന്ന് തോമസ് ആർച്ചുഡീക്കൻ സഭാനേതാവായി. റോസിന് സുറിയാനി കുറെയൊക്കെ അറിയാമായിരുന്നു, എന്നാൽ ബ്രിട്ടോയ്ക്ക് സുറിയാനി ഒട്ടുംതന്നെ വശമില്ലായിരുന്നു. അതുകൊണ്ട് ലത്തീൻ ക്രമങ്ങളോടു യോജിക്കാത്തവയെല്ലാം സുറിയാനി ക്രമത്തിൽ നിന്ന് മാറ്റാൻ അദ്ദേഹം ശ്രമിച്ചു. ഈ ശ്രമം ജനങ്ങളുടെ എതിർപ്പിന് ആക്കം കൂട്ടി.

ആർച്ചുഡീക്കനുമായി രമ്യപ്പെട്ട് മുമ്പോട്ടുപോകാൻ ബ്രിട്ടോ തീരുമാനിച്ചു. കാരണം, ഉത്തരകേരളത്തിൽ കച്ചവടക്കുത്തക ഉറപ്പിച്ചശേഷം മധ്യകേരളത്തിലേക്ക് ശ്രദ്ധ തിരിച്ച ഡച്ചുകാരെ തുരത്താൻ ആർച്ചുഡീക്കന്റെയും നസ്രാണികളുടെയും സഹകരണം സമ്പാദിക്കേണ്ടത് പോർട്ടുഗീസുകാരുടെ രാഷ്ട്രീയാവശ്യമായിരുന്നു. അതുകൊണ്ട് ആർച്ചുഡീക്കനെ പ്രീതിപ്പെടുത്തി മുന്നോട്ടുപോകുന്ന നയം ബ്രിട്ടോ സ്വീകരിച്ചു. ആർച്ചുഡീക്കന്റെ സമ്മതപ്രകാരമല്ലാതെ ഏതെങ്കിലും വികാരിയെ നിയമിക്കുകയോ, നീക്കുകയോ, മഹറോൻ ചൊല്ലുകയോ, മഹറോനിൽ നിന്നു മോചിക്കുകയോ ചെയ്കയില്ലെന്ന് ബ്രിട്ടോ രേഖാമൂലം ആർച്ചുഡീക്കന് ഉറപ്പു നൽകി. എന്നാൽ ഇതുകൊണ്ടൊന്നും നസ്രാണികളും പോർട്ടുഗീസുകാരും തമ്മിലുള്ള ബന്ധം മെച്ചപ്പെട്ടില്ല. ബ്രിട്ടോ 1641-ൽ മരിച്ചു.

## ബിഷപ്പ് ഫ്രാൻചിസ്കോ ഗാർസ്യാ മെൻഡെസ് (1641-1659)

ബ്രിട്ടോയ്ക്കു ശേഷം ഫ്രാൻസിസ് ഗാർസ്യാ എന്ന ജസ്വിട്ട് പാതിരി നസ്രാണികളുടെ മെത്രാനായി. ഗാർസ്യാ പിടിവാശിക്കാരനും കഠിനഹൃദയനും പ്രതികാര മനോഭാവം ഉള്ളവനുമായിരുന്നെന്ന് സഹപ്രവർത്തകർ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. സുറിയാനിയും മലയാളവും സാമാന്യം നന്നായി അദ്ദേഹത്തിന് അറിയാമായിരുന്നു. തത്വശാസ്ത്രത്തിലും ദൈവ



ശാസ്ത്രത്തിലും പാണ്ഡിത്യവുമുണ്ടായിരുന്നു. എന്നാൽ അനുരഞ്ജനത്തിന്റെയും സഹകരണത്തിന്റെയും പാതയല്ല ഗാർസ്യാ സ്വീകരിച്ചത്. ആർച്ചുഡീക്കന് ബ്രിട്ടോ രേഖാമൂലം എഴുതിക്കൊടുത്തതുപോലും അംഗീകരിക്കാൻ ഗാർസ്യാ കൂട്ടാക്കിയില്ല. മാത്രമല്ല, സുറിയാനിക്രമങ്ങളെ ലത്തീൻ രീതിക്ക് അനുയോജ്യമാക്കാനുള്ള ശ്രമങ്ങളിൽ ഗാർസ്യായും വ്യാപൃതനായിരുന്നു.

ഈ മെത്രാന്റെ കാലത്താണ് നസ്രാണികൾക്ക് പോർട്ടുഗീസുകാരോടുള്ള എതിർപ്പും പിണക്കവും അതിന്റെ മൂർധന്യത്തിലെത്തിയത്. അതിന് നേതൃത്വം നൽകിയത് തോമാ ആർച്ചുഡീക്കനും. തങ്ങളുടെ ശത്രുക്കളായിട്ടാണ് അവർ ഗാർസ്യായെയും ജസ്വിട്ടരെയും കണ്ടത്. ഒരു പ്രാചീനസഭയുടെ പരമ്പരാഗതമായ ഭരണക്രമവും പോർട്ടുഗീസുകാരുടെ സ്ഥാപിത താൽപര്യങ്ങളുമായുള്ള ഏറ്റുമുട്ടലാണ് 1599 മുതലുള്ള കാലഘട്ടത്തിൽ കാണാൻ കഴിയുക. പോർട്ടുഗീസുകാർക്ക് രാഷ്ട്രീയ ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു. അവർ മതത്തെ അതിന് കരുവാക്കി. മലങ്കരസഭ എന്താണെന്ന് വ്യക്തമായി അറിയാവുന്നവരും സഭയ്ക്കുവേണ്ടി ആത്മാർപ്പണം ചെയ്തവരും ജനങ്ങളുടെ യഥാർഥ ഇടയന്മാരുമായിരുന്ന ആർച്ചുഡീക്കന്മാർക്ക് കൊളോണിയലിസത്തിന്റെ മുമ്പിൽ തല കുനിച്ചു കൊടുക്കാനായില്ല. സഭയുടെയും സമുദായത്തിന്റെയും അധ്യക്ഷസ്ഥാനത്തിരിക്കുന്ന വ്യക്തികൾ ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ സംഗതികൾ ഉണ്ടല്ലോ. ആർച്ചുഡീക്കന്മാർ ഇത് നന്നായി അറിഞ്ഞിരുന്നു. അതിന്റെ പരിണിത ഫലമായി കൊളോണിയലിസത്തോട് ഏറ്റുമുട്ടേണ്ടിവന്നു. അതാണ് കൂനൻകുരിശുസത്യത്തിൽ (1653) ദർശിക്കുക.

---

J.Thekkedath, *The Troubled Days of Francis Garcia*, Rome, 1972.

G. Beltrami, *La Chiesa Caldea nel secolo dell' Unione,* Rome, 1933.

J. Kollaparampil, *The Archdeacon of All India,* Kottayam, 1972.

# 8
# കൂനൻകുരിശുസത്യം (1653)

പോർട്ടുഗീസ് മേധാവിത്വത്തിൽ സഹികെട്ട നസ്രാണികൾ 1653–ൽ മട്ടാഞ്ചേരിയിൽ വച്ച് നടത്തിയ ഒരു സമൂഹശപഥമാണ് കൂനൻകുരിശുസത്യം. ഒന്നും രണ്ടും നസ്രാണികളല്ല, ഒറ്റതിരിഞ്ഞ് ചില പള്ളിക്കാർ നടത്തിയ നീക്കവുമല്ല, പിന്നെയോ, മലങ്കര നസ്രാണിസമുദായം ഒന്നടങ്കം തങ്ങളുടെ പ്രതിനിധികളായ 25,000 പേർ വഴി പാശ്ചാത്യരുടെ ആധിപത്യത്തിനും സഭാ കൊളോണിയലിസത്തിനും എതിരെ സത്യം ചെയ്തു.

*സന്തതിയുള്ള കാലത്തോളം സമ്പാളൂർ പാതിരിമാരുടെ കീഴിൽ ഇരിക്കയില്ല – ഇതായിരുന്നു സത്യം.*

വൈദികരെല്ലാം മട്ടാഞ്ചേരി പള്ളിക്കകത്ത് മെഴുകുതിരി കത്തിച്ചു പിടിച്ചും ജനങ്ങൾ മട്ടാഞ്ചേരി പള്ളിയുടെ മുൻവശത്തുള്ള കൽക്കുരിശിൽ നിന്ന് നാലുപാടും കയറുകെട്ടി കയറിൽ പിടിച്ചുമാണ് ശപഥം നടത്തിയത്. പ്രസ്തുത കുരിശ് കൂനൻകുരിശെന്നാണ് അറിയപ്പെടുന്നത്. ആ കുരിശ് ഇപ്പോഴും അവിടെയുണ്ട്. അമ്പഴക്കാട്ടിനടുത്തുള്ള ജസ്വിട്ട് പഠനക്കളരി സമ്പാളൂർ എന്നാണ് അറിയപ്പെട്ടിരുന്നത്. സെന്റ് പോൾസ് എന്നേ അർഥമുള്ളു. വി. പൗലോസിന്റെ നാമത്തിലുള്ള പഠനക്കളരി. അവിടെ നിന്നുള്ള ആളുകളായിരുന്നു ബിഷപ്പുമാരായ റോസും ബ്രിട്ടോയും ഗാർസ്യായും. ഗാർസ്യായുടെ കാലത്താണ് കൂനൻകുരിശുസത്യം നടന്നത്.

*സമ്പാളൂർ പാതിരിമാരായ ജസ്വിട്ടരെ മേലിൽ അനുസരിക്കയില്ല, അവരുടെ കീഴിൽ കഴിയുകയില്ല എന്നതായിരുന്നു പ്രതിജ്ഞയുടെ ചുരുക്കം.*

## താത്ക്കാലിക കാരണം

ഈ സംഭവത്തിന് ഒരു താത്ക്കാലിക കാരണമുണ്ടായി. മലങ്കര നസ്രാണികൾ പശ്ചിമേഷ്യയിൽ നിന്നുള്ള സുറിയാനി മെത്രാന്മാരെ ഇഷ്ടപ്പെട്ടി



രുന്നു. സുറിയാനി മെത്രാന്മാർക്കുവേണ്ടി പശ്ചിമേഷ്യയിലേക്ക് തുടരെത്തുടരെ നിവേദനങ്ങൾ പൊയ്ക്കൊണ്ടിരുന്നു. അതിന്റെ ഫലമായി 1653–ൽ അഹത്തള്ളാ എന്നൊരു സുറിയാനി മെത്രാൻ സൂറത്തിൽ വന്നിറങ്ങി. അവിടെ നിന്ന് അദ്ദേഹം മൈലാപ്പൂരിലെത്തി. അവിടെ തീർത്ഥാടനത്തിനു പോയ മലങ്കര നസ്രാണികൾ വശം തോമാ ആർച്ചുഡീക്കന് മാർ അഹത്തള്ളാ ഒരു കത്തയച്ചു കൊടുത്തു. അഹത്തള്ളാ പോർട്ടുഗീസ് കപ്പലിൽ കൊച്ചിയിൽ വരുന്ന ദിവസം നസാണികൾ കൃത്യമായി അറിയുകയും അദ്ദേഹത്തെ ആഡംബര പൂർവം സ്വീകരിക്കാൻ അവർ കൊച്ചിയിൽ ഒന്നിച്ചുകൂടുകയും ചെയ്തു. എന്നാൽ പോർട്ടുഗീസുകാർ അദ്ദേഹത്തെ കൊച്ചിയിൽ ഇറക്കാതെ നേരേ ഗോവായിലേക്കയച്ചു. അദ്ദേഹം കൊച്ചിയിൽ ഇറങ്ങിയാൽ കേരളത്തിൽ തങ്ങൾക്കുള്ള സ്വാധീനം നഷ്ടപ്പെടുമെന്നും നസ്രാണികൾ ഒന്നടങ്കം തങ്ങളുടെ നേതൃത്വം ഉപേക്ഷിച്ച് അദ്ദേഹത്തെ സ്വീകരിക്കുമെന്നും മറ്റും ധരിച്ചുവശായ പോർട്ടുഗീസുകാർ ഇവിടെ എങ്ങനെയെങ്കിലും പിടിച്ചു നിന്ന് ആധിപത്യം ഉറപ്പിക്കാൻ വേണ്ടിയാണ് അദ്ദേഹത്തെ കരയ്ക്കിറക്കാഞ്ഞത്. നസ്രാണികളെ ഭരിച്ചിരുന്ന ഗാർസ്യാ മെത്രാൻ, അഹത്തള്ളായെ കരയ്ക്കിറങ്ങാൻ അനുവദിച്ചില്ലെന്നു മാത്രമല്ല, കപ്പലിൽ പോയി കാണാൻപോലും നസ്രാണികളെ അനുവദിച്ചില്ല. ഇതിനിടെ, പോർട്ടുഗീസുകാർ അഹത്തള്ളാ മെത്രാനെ കടലിൽ താഴ്ത്തി കൊന്നെന്ന് ഏതോ കുബുദ്ധികൾ വ്യാജവാർത്ത പരത്തി. ജനം ഇളകിവശായി. അതിന്റെ പ്രത്യാഘാതമായിരുന്നു കൂനൻകുരിശുസത്യം.

അഹത്തള്ളായെ പോർട്ടുഗീസുകാർ കൊച്ചീക്കായലിൽ കെട്ടിത്താഴ്ത്തിയില്ല. ചില യാക്കോബായാ ഗ്രന്ഥങ്ങളിൽ അപ്രകാരം കാണുന്നുണ്ടെങ്കിലും അതിൽ ചരിത്ര സത്യമില്ല. അഹത്തള്ളായെപ്പറ്റി ആധുനിക കാലത്ത് ഗവേഷണം നടന്നിട്ടുണ്ട്. അതിന്റെ വെളിച്ചത്തിൽ താഴെപ്പറയുന്ന നിഗമനത്തിൽ പണ്ഡിതന്മാർ എത്തിയിട്ടുണ്ട്. അഹത്തള്ളാ ആദ്യം പശ്ചിമേഷ്യയിലെ അലപ്പോയിൽ യാക്കോബായാ മെത്രാനായിരുന്നു. കുറേക്കഴിഞ്ഞ് അദ്ദേഹം കത്തോലിക്കനായി. റോമിൽ പോയി കുറേനാൾ താമസിച്ചു. അദ്ദേഹം കെയ്റോയിൽ ആയിരിക്കുമ്പോഴാണ് നസ്രാണികളുടെ നിവേദനം ലഭിച്ചത്. പോർട്ടുഗീസുകാർ അദ്ദേഹത്തെ ആദ്യം ഗോവയിലേക്കും പിന്നെ യൂറോപ്പിലേക്കും കൊണ്ടുപോയി. അദ്ദേഹം പാരീസിൽ വച്ച് മരിച്ചു.

## അനന്തരനടപടി

കൂനൻകുരിശുസത്യം നടന്നത് 1653 ജനുവരി 3–നായിരുന്നു. തുടർന്ന് ഇടപ്പള്ളി പള്ളിയിൽവച്ച് പള്ളിപ്രതിനിധികളുടെ യോഗം നടന്നു. മേലിൽ എന്തെല്ലാമാണ് ചെയ്യേണ്ടതെന്ന് അവർ ആലോചിച്ചു. ഈശോസഭക്കാരായ മെത്രാന്മാരെ തങ്ങൾക്ക് വേണ്ടെന്നും സ്വജാതിയിൽ പെട്ട ഒരാളെത്തന്നെ

വാഴിച്ചു കിട്ടണമെന്നും അല്ലെങ്കിൽ വല്ല കർമലീത്തരോ, മറ്റേതെങ്കിലും സന്ന്യാസസമൂഹത്തിൽ പെട്ടവരോ ആയ മെത്രാന്മാരായാലും വേണ്ടില്ലെന്നും മറ്റും നിശ്ചയങ്ങൾ പാസ്സാക്കി. അത് റോമിലേക്ക് അയക്കണമെന്നും ആലങ്ങാട്ടു പള്ളിയിൽ വച്ച് 1653 മെയ് 22-ന് വീണ്ടും ഒരു യോഗം കൂടണമെന്നും ബാക്കി കാര്യങ്ങളെല്ലാം അവിടെവച്ച് തീരുമാനിച്ചു കൊള്ളാമെന്നും നിശ്ചയിച്ചു പിരിഞ്ഞു.

## പന്ത്രണ്ടു പട്ടക്കാർ ചേർന്നു നടത്തിയ മെത്രാൻവാഴ്ച

പന്ത്രണ്ടു പട്ടക്കാർ കൂടി ഒരു മെത്രാനെ വാഴിച്ചുകൊള്ളാൻ അഹത്തള്ളാ മെത്രാൻ അനുവദിച്ചിരിക്കുന്നു എന്നുകാണിച്ച് ഇട്ടിത്തൊമ്മൻ കത്തനാർ ആയിടയ്ക്ക് ഒരു വ്യാജരേഖ ഉണ്ടാക്കി പ്രചരിപ്പിച്ചു. അതു സത്യമാണെന്നു ധരിച്ച് 1653 മെയ് 22-ന് പെന്തിക്കൊസ്തി ദിവസം ആലങ്ങാട്ടുപള്ളിയിൽ വച്ച് 12 പട്ടക്കാർ ചേർന്ന് തോമാ ആർച്ചുഡീക്കന്റെ തലയിൽ കൈവച്ച് മെത്രാനായി വാഴിച്ചു. നാല് ആലോചനക്കാരെയും നിയമിച്ചു: പള്ളിവീട്ടിൽ ചാണ്ടിക്കത്തനാർ, കടവിൽ ചാണ്ടിക്കത്തനാർ, വെങ്ങാട്ടൂർ ഗീവർഗീസ് കത്തനാർ, ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ എന്നിവരായിരുന്നു നാല് ആലോചനക്കാർ.

കൂനൻകുരിശിൽ പിടിച്ച് ലത്തീൻ മിഷണറിമാരുടെ ഭരണത്തിൽ നിന്നു മാറിയ നസ്രാണികൾക്ക് ഒരു നേതാവ് ആവശ്യമായിരുന്നു. മെത്രാന്റെ അഭാവത്തിൽ സഭാഭരണം പരമ്പരാഗതമായി നിർവഹിച്ചിരുന്നത് ആർച്ചുഡീക്കനായിരുന്നു. ആർച്ചുഡീക്കന് പരമ്പരാഗതമായി ഉണ്ടായിരുന്ന അധികാരങ്ങൾ വീണ്ടും അദ്ദേഹത്തിൽ നിക്ഷേപിക്കുന്നതിന്റെ ഒരു പ്രത്യേക ചടങ്ങ് മാത്രമായിരുന്നു 12 പേരുടെ കൈവയ്പ് എന്നു തോന്നുന്നു. ഇട്ടിത്തൊമ്മൻ കത്തനാർ കാണിച്ച വ്യാജരേഖയിലും പട്ടം കൊടുക്കുക, വിശുദ്ധ മൂറോൻ കൂദാശ ചെയ്യുക മുതലായ ശുശ്രൂഷകൾ നടത്താൻ പാടില്ല എന്ന നിബന്ധനയോടുകൂടി, നിയുക്തമെത്രാനായി നിയമിക്കുന്നതിനാണ് അഹത്തള്ളാ അനുവാദം നൽകിയിരുന്നത്.

## രഹസ്യം പരസ്യമാകുന്നു

ഇട്ടിത്തൊമ്മൻ കത്തനാർ കാണിച്ച രേഖയുടെ അടിസ്ഥാനത്തിലാണല്ലോ 12 പട്ടക്കാർ ചേർന്ന് തോമ്മാ ആർച്ചുഡീക്കനെ മെത്രാന്റെ വേഷഭൂഷാദികൾ അണിയിച്ചത്. എന്നാൽ അധികം താമസിയാതെ രഹസ്യം വെളിപ്പെടാൻ തുടങ്ങി. കേട്ടവർ കേട്ടവർ വിഷണ്ണരായി നിന്നുപോയി. തനിക്ക് മെത്രാൻപട്ടം ഇല്ലെന്ന് ആർച്ചുഡീക്കനും അറിയാമായിരുന്നു.



## ജോസഫ് മരിയ സെബസ്ത്യാനി

മലങ്കരസഭയിൽ വലിയൊരു പ്രശ്നം ഉണ്ടായിരിക്കുന്നു, ഉടനേ അതിലിടപെട്ട് വേണ്ട നിവർത്തിയുണ്ടാക്കണമെന്നു കാണിച്ചുള്ള സന്ദേശങ്ങൾ റോമിൽ എത്തിക്കൊണ്ടിരുന്നു. 1653-ലെ ഈ പ്രശ്നത്തെ പറ്റി അന്വേഷിക്കാൻ റോമിൽ നിന്ന് ജോസഫ് സെബസ്ത്യാനി, ഹിയാസിന്ത്, എന്നീ കർമലീത്താ വൈദികരെ രണ്ടു ഡലഗേഷനായി കേരളത്തിലേക്കയച്ചു. സെബസ്ത്യാനി നാലുവർഷം കഴിഞ്ഞ് 1657-ൽ കേരളത്തിലെത്തി. മുട്ടം, മട്ടാഞ്ചേരി, ഇടപ്പള്ളി, ആലങ്ങാട്ട് എന്നിവിടങ്ങളിൽ സെബസ്ത്യാനി യോഗങ്ങൾ സംഘടിപ്പിച്ച് നിജസ്ഥിതി മനസ്സിലാക്കി. മാർ തോമാആർച്ചുഡീക്കന് 12 പട്ടക്കാർ നൽകിയ മെത്രാൻപട്ടം ശരിയല്ല, ഇട്ടിത്തൊമ്മൻ കത്തനാരുടെ രേഖ വ്യാജമാണ്, മാർപാപ്പാ തന്നെ അയച്ചിരിക്കയാണ് എന്നെല്ലാം സെബസ്ത്യാനി ജനങ്ങളെ ധരിപ്പിച്ചു. സെബസ്ത്യാനിയുടെ പ്രവർത്തനഫലമായി സത്യം ഗ്രഹിച്ച അനേകം നസ്രാണികൾ തിരികെ വീണ്ടും മിഷണറിമാരെ അംഗീകരിക്കാൻ തുടങ്ങി. സെബസ്ത്യാനി 1658-ൽ റോമിൽ പോയി.

ഹിയാസിന്ത് 1658 മാർച്ച് 10-ന് കേരളത്തിലെത്തുകയും ആർച്ചുഡീക്കനെ സന്ദർശിച്ച് ചർച്ചകൾ നടത്തുകയും ചെയ്തു. മെത്രാന്റെ വടി, മുടി മുതലായ സ്ഥാനചിഹ്നങ്ങൾ ത്യജിക്കാൻ തോമാ സന്നദ്ധത പ്രകടിപ്പിച്ചു. മിഷണറി മെത്രാനായ ഗാർസ്യായാകട്ടെ ഇതിനകം മറ്റൊരാളെ തന്റെ ആർച്ചുഡീക്കനായി നിയമിച്ചു കഴിഞ്ഞിരുന്നു. തിരികെ വരാം, എന്നാൽ ഗാർസ്യായെ അംഗീകരിക്കയില്ല എന്ന നിലപാടായിരുന്നു പൊതുവേ നസ്രാണികൾക്ക് ഉണ്ടായിരുന്നത്. ഗാർസ്യായാകട്ടെ, എല്ലാവരും തന്റെ കീഴിൽ തിരികെ വരണമെന്നു ദുശ്ശാഠ്യം പിടിച്ചു. പുതുതായി നിയമിക്കപ്പെട്ട ആർച്ചുഡീക്കനും പിന്മാറാൻ സന്നദ്ധത കാണിച്ചില്ല. അങ്കമാലി ഉൾപ്പെടെ പല ഇടവകകളെയും തിരികെ കൊണ്ടുവരാൻ ഹിയാസിന്തിനു കഴിഞ്ഞു. എന്നാൽ 1659 ജൂലൈ 26-ന് തോമാ ആർച്ചുഡീക്കനെ ഹിയാസിന്ത് മഹറോൻ ചൊല്ലി. ഐക്യത്തിനുള്ള വാതിൽ ഈ കർമലീത്താ വൈദികൻ കൊട്ടിയടച്ചു. ഗാർസ്യാ 1659 സെപ്തംബർ 3-ന് മരിച്ചു. 1661 ഫെബ്രുവരി 10-ന് കൊച്ചിയിൽ വച്ച് ഹിയാസിന്തും മരിച്ചു.

റോമിൽ പോയിരുന്ന സെബസ്ത്യാനി രഹസ്യമായി മെത്രാൻപട്ടമേറ്റ് 1661 മെയ് 14-ന് കേരളത്തിൽ തിരിച്ചെത്തി. കൊടുങ്ങല്ലൂരിലെ പദ്രവാദോ ജസ്വിട്ട് ഭരണത്തിൽ തുടരാൻ ആഗ്രഹമില്ലാതിരുന്ന മാർതോമാ ക്രിസ്ത്യാനികൾക്കു വേണ്ടി *മലബാറിലെ അപ്പസ്തോലിക വികാരിയേറ്റ്* എന്ന പേരിൽ പ്രൊപ്പഗാന്തായുടെ കീഴിൽ ഒരു ഭരണസംവിധാനം തുടങ്ങി. അതിന്റെ അപ്പസ്തോലിക വികാരിയായിട്ടാണ് സെബസ്ത്യാനി മെത്രാൻ കേരളത്തിലെത്തിയത്.

ജസ്വിട്ടരെ അധ്യക്ഷന്മാരായി സ്വീകരിക്കാൻ ബുദ്ധിമുട്ടുള്ള മാർ തോമാക്രിസ്ത്യാനികളിൽ പലരും സെബസ്ത്യാനിയെ സ്വീകരിച്ചു. ആർച്ചുഡീക്കനുമായി സെബസ്ത്യാനി പുനരൈക്യചർച്ചകൾ ആരംഭിച്ചു. തന്റെ പട്ടം ക്രമീകരിക്കണം എന്ന നിബന്ധന ആർച്ചുഡീക്കൻ മുന്നോട്ടുവച്ചു. സ്വമേധയാ സ്വീകരിച്ച സ്ഥാനവസ്ത്രങ്ങൾ സ്വമേധയാ താഴെ വയ്ക്കട്ടെ, പിന്നെ പട്ടത്തെപ്പറ്റി ചിന്തിക്കാം എന്നായിരുന്നു സെബസ്ത്യാനിയുടെ നിലപാട്. ഈ കാലഘട്ടത്തിൽ ഡച്ചുകാർ പോർട്ടുഗീസുകാരിൽ നിന്ന് കൊടുങ്ങല്ലൂരും കൊച്ചിയും പിടിച്ചെടുത്തു. ഉടൻ നാടു വിട്ടുകൊള്ളണമെന്ന് ഡച്ചുകാർ സെബസ്ത്യാനിയോട് ആവശ്യപ്പെട്ടു. ആ അവസരം തോമാ ആർച്ചുഡീക്കന്റെ പട്ടം ക്രമപ്പെടുത്തി സഭയിൽ ഐക്യം പുനഃസ്ഥാപിക്കാമായിരുന്നു. എന്നാൽ മാർ തോമായ്ക്ക് പട്ടം കൊടുക്കാൻ സെബസ്ത്യാനി കൂട്ടാക്കിയില്ല. മറിച്ച് മാർ തോമായെ മഹറോൻ ചൊല്ലി. ആർച്ചുഡീക്കന്റെ പകലോമറ്റം കുടുംബത്തിൽ പെട്ടയാളും ആലോചനക്കാരിൽ ഒരുവനുമായ പള്ളിവീട്ടിൽ ചാണ്ടിക്കത്തനാരെ കടുത്തുരുത്തി വലിയ പള്ളിയിൽ വച്ച് മലങ്കര മെത്രാപ്പോലീത്താ ആയി വാഴിച്ചിട്ട് 1663 ഫെബ്രുവരി 14-ന് നാടുവിട്ടു.

ആർച്ചുഡീക്കനാകട്ടെ തന്റെ പട്ടം ക്രമപ്പെടുത്തിക്കിട്ടാൻ പരിശ്രമിച്ചുകൊണ്ടിരുന്നു. അതിന്റെ ഫലമായി ജറുസലേമിൽ നിന്ന് 1665-ൽ മാർ ഗ്രിഗോറിയോസ് എന്ന യാക്കോബായാ മെത്രാൻ കേരളത്തിലെത്തി.

*തുടർന്ന് നസ്രാണിസമുദായം രണ്ടു വഴിക്കു തിരിഞ്ഞു:*

1. ചാണ്ടി മെത്രാന്റെ കൂടെ നിന്നവർ പുരാതനമായ പൗരസ്ത്യസുറിയാനി ആരാധനാരീതികൾ അതേപടി തുടരുകയും കത്തോലിക്കരായി തുടർന്നു ജീവിക്കുകയും ചെയ്തു. അവർ പഴയ രീതികൾ തുടർന്നതിനാൽ പഴയകൂറ്റുകാർ എന്നറിയപ്പെട്ടു.

2. തോമാ ആർച്ചുഡീക്കനെ സഭാനേതാവായി അംഗീകരിക്കുകയും യാക്കോബായക്കാരനായ മാർ ഗ്രിഗോറിയോസിനെ സ്വീകരിക്കുകയും കാലാന്തരത്തിൽ അന്ത്യോക്യൻ രീതികളും ക്രമങ്ങളും സ്വീകരിക്കുകയും ചെയ്തവർ പുത്തൻകൂറ്റുകാർ എന്നറിയപ്പെട്ടു.

---

J. Kollaparampil, *Ahathalla Geveshanangalude Velichathil,* Kottayam, s.d.

J.Kollaparampil,*The St.Thomas Christians' Revolution in 1653,* Kottayam, 1981.

# 9

# മലങ്കര അപ്പസ്തോലികസഭ കത്തോലിക്കാസഭ തന്നെ

ഭാരതത്തിൽ സുവിശേഷ വെളിച്ചമെത്തിച്ചത് മാർതോമാ ശ്ലീഹായാണ് എന്നതാണ് മലങ്കരനസ്രാണികളുടെ സജീവപാരമ്പര്യം. ലോകം മുഴുവനും പോയി സുവിശേഷപ്രഘോഷണം നടത്തിയ വിശുദ്ധ ശ്ലീഹന്മാരെല്ലാവരും നമ്മുടെ കർത്താവിന്റെ ഏകസഭയ്ക്കാണ് അടിസ്ഥാനമിട്ടത്. ആ സഭാസമൂഹത്തിലെ അംഗങ്ങളെ ക്രിസ്ത്യാനികൾ എന്ന് ആദ്യമായി വിളിച്ചത് അന്ത്യോക്യയിൽ വച്ചാണ് (നട.11,26). അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നാത്യോസാണ് (+117) ക്രിസ്തുവിന്റെ സഭയെ ആദ്യമായി കത്തോലിക്കാ സഭയെന്നു വിളിച്ചത്. എല്ലാവരെയും ഉൾക്കൊള്ളുന്ന, എല്ലായിടത്തും വ്യാപിച്ചിരിക്കുന്ന, വിശുദ്ധിക്കുള്ള എല്ലാ മാർഗങ്ങളുമുള്ള സഭ എന്ന അർഥമാണ് കത്തോലിക്കാസഭ എന്ന വാക്കിനുള്ളത്. വിശുദ്ധ ശ്ലീഹന്മാർക്ക് കർത്താവിന്റെ ഈ സഭയെപ്പറ്റിയല്ലാതെ മറ്റൊരു സഭയെപ്പറ്റി അറിവില്ലായിരുന്നു. ശ്ലീഹന്മാർ സ്ഥാപിച്ച ഈ സഭയ്ക്ക് മാത്രമേ കത്തോലിക്കാസഭ എന്ന പേര് ഉണ്ടായിരുന്നുള്ളു. അതുകൊണ്ട് മാർ തോമാശ്ലീഹാ മലങ്കരയിൽ സ്ഥാപിച്ച ക്രൈസ്തവസഭ കത്തോലിക്കാസഭ തന്നെയായിരുന്നു. ഏകവും വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായിരുന്നു ഇവിടുത്തെ സഭ.

എന്നാൽ കേരളത്തിൽ ഈയടുത്ത കാലത്ത് ചിലർ പ്രചരിപ്പിക്കുന്നത് മാർതോമാ ശ്ലീഹാ സ്ഥാപിച്ചത് ഓർത്തഡോക്സ് സഭയാണ് എന്നത്രേ. വേറേ ചിലർ പറയുന്നത് മാർതോമാസഭയാണ് ശ്ലീഹാ സ്ഥാപിച്ചത് എന്നത്രേ. ഇനിയും ചിലർ പറയുന്നത് യാക്കോബായാ സഭയാണ് 52-ൽ ശ്ലീഹാ സ്ഥാപിച്ചത് എന്നാണ്.

ശ്ലീഹന്മാരുടെ കാലത്തോ, ആറാം നൂറ്റാണ്ടുവരെയോ യാക്കോബായാ സഭ ഇല്ലായിരുന്നു എന്നത് ചരിത്രം അറിയാവുന്നവർക്കെല്ലാം സുവ്യക്തമാണല്ലോ. അപ്പോൾ, മലങ്കരയിൽ മാർ തോമാശ്ലീഹാ സ്ഥാപിച്ചത് യാക്കോബായാ സഭയല്ല. എന്നാൽ മാർതോമാ ശ്ലീഹാ സ്ഥാപിച്ച മലങ്കരസഭയിൽ

പെട്ട കുറേപ്പേർ ഈ സഭയിൽ നിന്ന് പിൽക്കാലത്ത് പിളർന്നുമാറി യാക്കോബായക്കാരായി തീർന്നു. കാലാന്തരത്തിൽ പുത്തൻകൂറ്റുകാരായിത്തീർന്ന മാർ തോമാനസ്രാണികളെല്ലാം ഈ മൂല കത്തോലിക്കാസഭയിൽ നിന്ന് കാലാകാലങ്ങളിൽ പിളർന്നുമാറിയവരാണ്. അവരുടെയെല്ലാം മൂലക്രൈസ്തവസഭ കത്തോലിക്കാസഭ തന്നെയാണ്.

യാക്കോബായാസഭ കേരളത്തിൽ രംഗപ്രവേശനം ചെയ്യുന്നത് 1665-ൽ മാർ ഗ്രിഗോറിയോസ് എന്ന യാക്കോബായാ മെത്രാന്റെ വരവോടു കൂടിയാണ്. അതിനുമുമ്പ് ഇവിടെ യാക്കോബായാസഭ ഇല്ലായിരുന്നു. പുത്തൻകൂർ വിഭാഗത്തിൽ നിന്ന് 1772-ൽ തൊഴിയൂർസഭ പിളർന്നു മാറി. 1836-ൽ 6000-ത്തോളം പുത്തൻകൂറ്റുകാർ ആംഗ്ലീക്കൻകാരായി. മുളന്തുരുത്തി സൂനഹദോസോടുകൂടി (1876) പുത്തൻകൂറ്റുകാർ യാക്കോബായാനാമം കൂടുതലായി ഉപയോഗിച്ചു. 1889-ൽ യാക്കോബായക്കാരുമായി കേസിൽ തോറ്റതിനുശേഷമാണ് മാർതോമാസഭ ഉണ്ടായത്. ആദ്യം നവീകരണകക്ഷി, നവീകരണ യാക്കോബായക്കാർ എന്നൊക്കെയാണ് അവർ വിളിക്കപ്പെട്ടിരുന്നത്. മലങ്കര ഓർത്തഡോക്സ് സഭ 1912-ലാണ് യാക്കോബായ സഭയിൽ നിന്ന് മാറി കാതോലിക്കേറ്റ് സ്ഥാപിച്ച് വേറേ സഭയായത്. 1934-ലാണ് അവർ ഭരണഘടന ഉണ്ടാക്കിയതും ഓർത്തഡോക്സ് എന്ന് ഭരണഘടനയിൽ ചേർത്തതും. 1912 വരെ അവരും യാക്കോബായാ എന്നാണ് അറിയപ്പെട്ടിരുന്നത്.

പുരാതന മലങ്കര സഭയുടെ പിൽക്കാല ബന്ധങ്ങളെല്ലാം അടുത്തു കിടന്ന പേർഷ്യയിലെ സഭയുമായിട്ടായിരുന്നു. പേർഷ്യൻ സഭാനേതാക്കന്മാരുടെ എഴുത്തുകളിൽ ഈ സഭയെപ്പറ്റി പരാമർശിക്കുന്നുണ്ട്. എന്നാൽ ഈ അപ്പസ്തോലികസഭ ആ സഭയുടെയോ മറ്റേതെങ്കിലും സഭയുടേയോ ഭാഗമായിരുന്നില്ല. പേർഷ്യൻസഭയെ പശ്ചിമേഷ്യൻ യാക്കോബായക്കാരും മറ്റുള്ളവരും തെറ്റിദ്ധരിച്ച് *നെസ്തോറിയൻസഭ* എന്നു വിളിച്ചിരുന്നു. എന്നാൽ പേർഷ്യൻസഭയിൽ നെസ്തോറിയൻ പാഷണ്ഡത ഇല്ലായിരുന്നു എന്ന് ഇപ്പോൾ തെളിയിക്കപ്പെട്ടിട്ടുണ്ട്. റോമൻ കത്തോലിക്കാസഭ അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പേർഷ്യൻസഭയുമായി ബന്ധപ്പെട്ടിരുന്ന മലങ്കര സഭ നെസ്തോറിയനാണെന്ന് പോർട്ടുഗീസ് മിഷനറിമാർ പാശ്ചാത്യലോകത്ത് പ്രചരിപ്പിച്ചു.

പോർട്ടുഗീസുകാർ മലങ്കരസഭയെ കീഴടക്കിയ കാലയളവിൽ ഇവിടെയുണ്ടായിരുന്ന മാർ യാക്കോബ്, മാർ യൗസേപ്പ്, മാർ അബ്രഹാം എന്നീ പേർഷ്യൻ കൽദായ മെത്രാന്മാർ കത്തോലിക്കരായിരുന്നു. മാർ യാക്കോബിനെപ്പറ്റി വിശുദ്ധ ഫ്രാൻസിസ് സേവ്യർ വളരെ പ്രകീർത്തിച്ച് പാശ്ചാത്യ ലോകത്തേക്ക് എഴുതിയിട്ടുണ്ട്. മാർ യൗസേപ്പ് പേർഷ്യൻ കൽദായ കത്തോലിക്കാസഭയിലെ മെത്രാനായിരുന്ന ജോൺ സൂലാക്കായുടെ സഹോദരനായിരുന്നു. മാർ അബ്രഹാമിന്റെ കത്തോലിക്കാവിശ്വാസം സംബന്ധിച്ച് അസന്നിഗ്ധമായ തെളിവുകളുണ്ട്. തങ്ങളുടെ വിശ്വാസം തന്നെയാണ് പോർട്ടുഗീസുകാരുടെയും എന്നു മനസ്സിലാക്കിയാണ് മലങ്കരനസ്രാണികൾ പോർട്ടുഗീസുകാരെ തങ്ങളുടെ പള്ളികളിൽ കയറ്റിയതും അവരുമായി കൂദാശാപരമായി സംസർഗം പുലർത്തിയതും. ഇതിൽനിന്ന് മനസ്സിലാക്കാവുന്ന സംഗതി മലങ്കരസഭ പോർട്ടുഗീസുകാരുടെ ആഗമനകാലത്ത് കത്തോലിക്കാ സഭയായിരുന്നു എന്നത്രേ.



## തെളിവുകൾ

### *1. മാർതോമാ ശ്ലീഹാ സ്ഥാപിച്ചസഭ*

ലോകം മുഴുവൻ ശ്ലീഹന്മാർ പ്രസംഗിച്ച, യേശുക്രിസ്തുവിന്റെ സത്യസഭ ആയിരിക്കണം മാർ തോമാശ്ലീഹാ ഇൻഡ്യയിലും സ്ഥാപിച്ചത്.

### *2. പന്തേനൂസ് കണ്ട സഭ*

അലക്സാൺഡ്രിയായിൽ നിന്ന് പന്തേനൂസ് എന്ന പണ്ഡിതൻ ഇൻഡ്യയിലെത്തി എന്ന പാരമ്പര്യം സജീവമാണ്. പന്തേനൂസിന്റെ കാലത്ത് (190) ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സഭകളെല്ലാം തന്നെ ഒരേ വിശ്വാസം പാലിച്ചിരുന്നു.

### *3. ആദ്യകാല മലങ്കര-പോർട്ടുഗീസ് ബന്ധങ്ങൾ*

വാസ്ക്കോ ഡി ഗാമയേയും അനുയായികളെയും 1498-ലും തുടർന്നും മലങ്കര നസ്രാണികൾ സന്തോഷപൂർവം സ്വീകരിച്ചത് അവർ പാശ്ചാത്യ ലോകത്തു നിന്നു വന്ന ക്രൈസ്തവസഹോദരങ്ങൾ ആയതിനാലാണ്. തങ്ങളുടേതും അവരുടേതും ഒരേ സഭയും ഒരേ വിശ്വാസവുമായി നസ്രാണികൾ മനസ്സിലാക്കി.

### *4. വി. ഫ്രാൻസിസ് സേവ്യറിന്റെ കത്തുകൾ*

മലങ്കരസഭ മിശിഹായുടെ കത്തോലിക്കാ സഭയാണെന്ന് ഫ്രാൻസിസ് സേവ്യറിനെ പോലെയുള്ളവർ സാക്ഷിച്ചിട്ടുണ്ട്. അതുപോലെ ഇവിടുത്തെ മെത്രാനായിരുന്ന മാർ യാക്കോബിന്റെ സത്യവിശ്വാസത്തെ പറ്റിയും വി. സേവ്യർ വളരെ പ്രകീർത്തിച്ച് യൂറോപ്പിലേക്ക് എഴുതിയിട്ടുണ്ട്. കൊടുങ്ങല്ലൂരെ മലങ്കര ദൈവാലയത്തിന് ദണ്ഡവിമോചനം നൽകണമെന്നു കാണിച്ച് ഫ്രാൻസിസ് സേവ്യർ റോമിലേക്ക് എഴുതുകയുണ്ടായി. കത്തോലിക്കരുടേതല്ലാത്ത ഒരു ദൈവാലയത്തിനു വേണ്ടി ഫ്രാൻസിസ് സേവ്യർ ഇപ്രകാരം എഴുതുകയില്ലല്ലോ. പോർട്ടുഗീസുകാർ കൊടുങ്ങല്ലൂർ സ്ഥാപിച്ച വൈദിക സെമിനരിയിലേക്ക് നൂറിൽപരം നസ്രാണി കുടുംബങ്ങൾ യുവാക്കളെ വൈദികപരിശീലനത്തിന് അയച്ചു എന്ന് ഫ്രാൻസിസ് സേവ്യർ മറ്റൊരു കത്തിലെഴുതുന്നു. ഇത് ഉദയംപേരൂർ സൂനഹദോസിന് അര നൂറ്റാണ്ടുമുമ്പു നടന്ന സംഗതിയാണ്.

### 5. മാർപാപ്പായുടെ കത്തുകൾ

മലങ്കരസഭയ്ക്കുവേണ്ടി ഗോവയിലെ ലത്തീൻ സഭയുടെ സിനഡുകളിൽ നിയമങ്ങളുണ്ടാക്കി. സുറിയാനി മെത്രാനായ മാർ അബ്രഹാമിനെ കൊണ്ട് അവ നടപ്പിലാക്കാനായിരുന്നു പോർട്ടുഗീസ് തന്ത്രം. ഗോവൻ സിനഡുകളിൽ നിന്നു നീതി ലഭിക്കയില്ലെന്നു മനസ്സിലാക്കിയ മാർ അബ്രഹാം സിനഡിൽ സംബന്ധിക്കാൻ വിസമ്മതിച്ചു. നാലാം പീയൂസ് മാർപാപ്പാ (1559 –1565) മാർ അബ്രഹാമിനു വേണ്ടി നാലു കത്തുകളെഴുതി. ഒന്ന് പശ്ചിമേഷ്യയിലെ കൽദായ കത്തോലിക്കാ പാത്രിയർക്കീസ് മാർ അബ്ദീശോയ്ക്കും (1555–1571), മറ്റു കത്തുകൾ ഗോവാ, കൊച്ചി എന്നിവിടങ്ങളിലെ ലത്തീൻ മെത്രാന്മാർക്കും ഉള്ളതായിരുന്നു. അങ്കമാലി കത്തോലിക്കാ ഇടവകയുടെ യഥാർഥ ഇടയനായ മാർ അബ്രഹാമിനോട് ലത്തീൻ മിഷണറിമാർ മാന്യമായി ഇടപെടേണ്ടതാണെന്ന് പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട്.

### 6. മിഷണറിമാരുടെ സാക്ഷ്യം

ലുഡൊവിക്കോ വർത്തേമാ (1505), നൂനസ് ബറേറ്റോ (1561), ഡയനീഷ്യോ (1570) എന്നീ മിഷണറിമാരും മലങ്കരനസ്രാണികളുടെ സത്യവിശ്വാസത്തെപ്പറ്റി സാക്ഷിച്ചിട്ടുണ്ട്.

### 7. ബിഷപ്പ് ഫ്രാൻസിസ് റോസിന്റെ സാക്ഷ്യം

മലങ്കര നസ്രാണികളുടെ ആദ്യത്തെ ലത്തീൻ മെത്രാനായ ഫ്രാൻസിസ് റോസ് എന്ന ജസ്വിട്ട് മിഷനറിയാണ് മലങ്കരസഭയിൽ നെസ്തോറിയനിസം ആരോപിച്ച് ആദ്യമായി ലഘുലേഖ പ്രസിദ്ധീകരിച്ചത്. 1585/6–ൽ പ്രസിദ്ധീകൃതമായ പ്രസ്തുത രേഖയിൽ ആ മിഷണറി നെസ്തോറിയനിസമായി തനിക്കു തോന്നിയ കുറേ സംഗതികൾ നിരത്തി വയ്ക്കുന്നുണ്ട്. അതിന്റെ അവസാനം അദ്ദേഹം ഇപ്രകാരം പറയുന്നു:

"ഇങ്ങനെയൊക്കെയാണെങ്കിലും അവർ കന്യകമറിയത്തെ ദൈവമാതാവെന്ന് പരസ്യമായി വിളിക്കുന്നു."

മറിയത്തെ ദൈവമാതാവെന്ന് വിളിക്കാതിരിക്കുന്നതാണല്ലോ നെസ്തോറിയനിസം എന്ന പാഷണ്ഡത. മലങ്കരനസ്രാണികളാകട്ടെ, അപ്രകാരം വിളിക്കുന്നു. അപ്പോൾ അദ്ദേഹം പറയുന്ന ഈ തെറ്റുകൾ അദ്ദേഹത്തിന്റെ ധാരണയിൽ നിന്നുണ്ടായിട്ടുള്ളതാണ്.

റോസ് തുടരുന്നു: "ഈ ക്രിസ്ത്യാനികൾ റോമൻ കത്തോലിക്കാവിശ്വാസം പുലർത്തിയിരുന്നവരാണ്."

റോസ് മലങ്കരമെത്രാനായ ശേഷം 1601–ൽ റോമിലെ ജസ്വിട്ട് ജനറലിന് എഴുതിയ കത്തിൽ മലങ്കര നസ്രാണികളെപ്പറ്റി പറയുന്നത് ഇപ്രകാരമാണ്:



"ഇവർ പൗരസ്ത്യദേശത്തെ ഏറ്റവും പുരാതന ക്രിസ്തീയ സഭയാണെന്നുള്ളതിൽ സംശയമില്ല. മാർ തോമാശ്ലീഹായാണ് ഇവരെ വിഗ്രഹാരാധനയിൽ നിന്ന് നമ്മുടെ വിശുദ്ധ വിശ്വാസത്തിലേക്ക് ആനയിച്ചത്. അജ്ഞാനികളുടെയും യഹൂദരുടെയും മുഹമ്മദീയരുടെയും ഇടയിലാണ് അവർ താമസിച്ചിരുന്നതെങ്കിലും, നിരന്തരമായി ഇന്നുവരെയും അവർ അവരുടെ വിശ്വാസത്തിൽ അടിയുറച്ചു തന്നെയാണ് നിലനിന്നിട്ടുള്ളത്."

### 8. ഉദയംപേരൂർ സൂനഹദോസുമായി ബന്ധപ്പെട്ട രേഖകൾ

ഉദയംപേരൂർ സിനഡുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചാൽ അന്നത്തെ മലങ്കരനസ്രാണികളുടെ സഭ കത്തോലിക്കാസഭ ആയിരുന്നെന്ന് വ്യക്തമാണ്. എല്ലാ പള്ളികളിൽ നിന്നുമുള്ള പ്രതിനിധികളെ ക്ഷണിക്കുന്നതു മുതൽ നടന്ന സംഗതികളെല്ലാം ഇതിലേക്കാണ് വിരൽ ചൂണ്ടുന്നത്. ആ സിനഡിൽ ഉദ്ധരിച്ചിരിക്കുന്ന ഗ്രന്ഥങ്ങളെല്ലാം തന്നെ കൽദായ സുറിയാനിസഭയിലെ എഴുത്തുകാരുടെ ഗ്രന്ഥങ്ങളാണ്. അവിടെ പരാമർശിച്ചിരിക്കുന്ന കുർബാന കൽദായ സുറിയാനി കുർബാനയാണ്, അന്ത്യോക്യൻ കുർബാനയല്ല. അവിടെ ഉപയോഗിച്ചിരിക്കുന്നത് പൗരസ്ത്യസുറിയാനി ഭാഷയാണ്, യാക്കോബായക്കാരും മറ്റും ഉപയോഗിക്കുന്ന പാശ്ചാത്യ സുറിയാനി ഭാഷയല്ല. യാക്കോബായാ സഭയുമായി ബന്ധപ്പെട്ട യാതൊന്നിനെപ്പറ്റിയും ഉദയംപേരൂർ സിനഡിൽ പരാമർശിച്ചിട്ടില്ല. ഇനിയും ചില തെളിവുകൾ പരിശോധിക്കാം.

#### 1. ദൈവാലയസന്ദർശനങ്ങൾ

ഉദയംപേരൂർ സൂനഹദോസിനു മുമ്പ് മെനെസിസ് മെത്രാപ്പോലീത്താ ഒട്ടനേകം നസ്രാണി ദൈവാലയങ്ങൾ സന്ദർശിച്ചു. പറവൂർ, ആലങ്ങാട്, ചൊവ്വര, കാഞ്ഞൂർ, പുറക്കാട്, കായംകുളം, കുണ്ടറ, കരുനാഗപ്പള്ളി, വെണ്മണി, കൊച്ചി, മുളന്തുരുത്തി, ഉദയംപേരൂർ, തൃപ്പൂണിത്തുറ ആദിയായ പള്ളികൾ സന്ദർശിച്ചു. പ്രസ്തുത ദൈവാലയങ്ങളിലെല്ലാം പരസ്യമായി വിശുദ്ധ കുർബാന അർപ്പിച്ചു. ഈ ദൈവാലയങ്ങൾ അകത്തോലിക്കാ പള്ളികളായിരുന്നെങ്കിൽ, ജനങ്ങൾ അകത്തോലിക്കർ ആയിരുന്നെങ്കിൽ, ഇപ്രകാരം പരക്കെ സന്ദർശനം നടത്താൻ സാധിക്കുമായിരുന്നില്ല.

#### 2. വൈദികാഭിഷേകം

കൊടുങ്ങല്ലൂർ വച്ച് അഞ്ചു ശെമ്മാശ്ശന്മാർക്കും ഉദയംപേരൂർ വച്ച് മുപ്പത്തിയെട്ട് ശെമ്മാശ്ശന്മാർക്കും കടുത്തുരുത്തിയിൽ വച്ച് കുറേപ്പേർക്കും പറവൂർ വച്ച് അമ്പതു പേർക്കും സൂനഹദോസിനു മുമ്പ് മെനേസിസ് വൈദികപട്ടം നൽകി. പ്രസ്തുത ശെമ്മാശ്ശന്മാരും അവരുടെ കുടുംബങ്ങളും അകത്തോലിക്കർ ആയിരുന്നെങ്കിൽ, ഒരു കത്തോലിക്കാ മെത്രാനിൽ നിന്ന് പട്ടം

സ്വീകരിക്കാൻ അവർ സന്നദ്ധത പ്രകടിപ്പിക്കുമോ? അതുപോലെ അകത്തോലിക്കാ ഇടവകയിലോ, രൂപതയിലോ കയറി വൈദികരെ അഭിഷേചിക്കാൻ ഒരു കത്തോലിക്കാ മെത്രാപ്പോലീത്താ സന്നദ്ധനാകുമോ? ആകയാൽ പ്രസ്തുത ദൈവാലയങ്ങൾ കത്തോലിക്കാ ദൈവാലയങ്ങളും വൈദികരും ജനങ്ങളും കത്തോലിക്കരും ആയിരുന്നു എന്നു സിദ്ധിക്കുന്നു.

### *3. മഹറോൻ ഭീഷണി*

മെനെസിസ് മെത്രാപ്പോലീത്താ പള്ളികൾ സന്ദർശിച്ച അവസരം സുറിയാനി സഭാചാരങ്ങളെയും മെത്രാന്മാരെയും പിതാക്കന്മാരെയും താറടിച്ചും അധിക്ഷേപിച്ചും പ്രസംഗിച്ചു. ഇതിൽ ജനങ്ങൾ കുപിതരായി. എതിർക്കുന്നവരെ മഹറോൻ ചൊല്ലുമെന്ന് മെനെസിസ് ഭീഷണിപ്പെടുത്തി. പ്രസ്തുത ജനങ്ങൾ കത്തോലിക്കർ അല്ലായിരുന്നെങ്കിൽ, അവരെ മഹറോൻ ചൊല്ലുമെന്ന് ഭീഷണിപ്പെടുത്തുന്നതിൽ സാംഗത്യമില്ലല്ലോ.

### *4. മെനെസിസിന്റെ സർക്കുലർ*

ഉദയംപേരൂർ വച്ച് ഒരു സഭാസിനഡ് വിളിച്ചുകൂട്ടാൻ പോകുന്നു എന്നറിയിച്ചുകൊണ്ട് 1599 മെയ് 14-ന് ചേന്നമംഗലത്തു നിന്ന് മെനെസിസ് എല്ലാ പള്ളികൾക്കും കൽപ്പന അയച്ചു.

"ദിവ്യമായ അനുസരണത്തിന്റെ അവകാശത്തോടും ലംഘനത്തിൽ മഹറോൻശിക്ഷ വിധിച്ചുകൊണ്ടും നാം ആജ്ഞാപിക്കുന്നു: ഈ രൂപതയിലെ അർക്കദിയാക്കോനും സകല വൈദികരും നമ്മോടൊന്നിച്ച് രൂപതാസംബന്ധമായ ഒരു സൂനഹദോസ് കൂടുന്നതിനായി ഉദയംപേരൂർ നഗരത്തിൽ സന്നിഹിതരാകേണ്ടതാകുന്നു....അതേ തത്വത്തിലും അതേ ശിക്ഷയിലും നാം ആജ്ഞാപിക്കുന്നു: ഈ രൂപതയിലെ സകല നഗരങ്ങളിലും ഗ്രാമങ്ങളിലുമുള്ള സകല ക്രിസ്ത്യാനികളും അവരുടെ ഇടയിൽ അത്യധികം ബഹുമാന്യരായ നാലുപേരെ ഓരോ ഇടവകയിൽ നിന്നും തെരഞ്ഞെടുത്ത് സൂനഹദോസിന് അയക്കേണ്ടതാകുന്നു."

ഈ കത്തിൽ മെനെസിസ് അകത്തോലിക്കരെയല്ല, കത്തോലിക്കരെയാണ് അഭിസംബോധന ചെയ്യുന്നത്. ദിവ്യമായ അനുസരണം അകത്തോലിക്കരോട് ഒരു കത്തോലിക്കാ മെത്രാന് ആവശ്യപ്പെടാമോ? കത്തോലിക്കരുടെ മഹറോനെ കത്തോലിക്കർ അല്ലാത്തവർ എന്തിനു ഭയപ്പെടണം? ഇവിടുത്തെ ജനങ്ങൾ കത്തോലിക്കർ ആയതിനാലത്രേ കത്തോലിക്കാ മെത്രാനെ അവർ ശ്രവിച്ചത്; അദ്ദേഹം ഉരുക്കുമുഷ്ടി പ്രയോഗിക്കാൻ മുതിർന്നത്.

### *5. ജനപ്രതിനിധികളുടെ ആഗമനം*

മെനെസിസിന്റെ കൽപ്പന അനുസരിച്ച് വിവിധ ഇടങ്ങളിലുള്ള മലങ്കര നസ്രാണി പള്ളികളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളായി 153



പട്ടക്കാരും 660 ജനപ്രതിനിധികളും വ്യക്തിപരമായ സ്ഥാനം പരിഗണിച്ച് ക്ഷണിക്കപ്പെട്ടവരായി 11 പേരും (മൊത്തം 671 പേർ) ഉദയംപേരൂർ എത്തി. ഒരാഴ്ച നീണ്ടുനിന്ന സിനഡ് നടന്നു. മലങ്കര നസ്രാണികൾ കത്തോലിക്കർ അല്ലായിരുന്നെങ്കിൽ, ഒരു കത്തോലിക്കാ മെത്രാപ്പോലീത്തായുടെ കൽപ്പന കിട്ടിയ ഉടനെ പ്രതിനിധികളെ തെരഞ്ഞെടുത്തയക്കാൻ സന്നദ്ധത പ്രദർശിപ്പിക്കുമോ? ഏഴു ദിവസം സിനഡിൽ സംബന്ധിക്കുമോ? ആകയാൽ അവരെല്ലാം കത്തോലിക്കർ ആയിരുന്നു എന്ന് സ്പഷ്ടമത്രേ.

### *6. സൂനഹദോസിന്റെ ഡിക്രി*

സൂനഹദോസിന്റെ വിജയത്തിനായി ആഘോഷമായ പൊന്തിഫിക്കൽ കുർബാന നടന്നു. എല്ലാവരും കുമ്പസാരിച്ച് കുർബാന സ്വീകരിക്കണമെന്നും വൈദികർ രണ്ടു കുർബാന അർപ്പിക്കണമെന്നും ദിവസവും മാതാവിന്റെ ലുത്തിനിയാ ചൊല്ലണമെന്നും മെനെസിസ് നിർദേശിച്ചു. അതുപോലെ സിനഡ് അവസാനിക്കാതെ ആരും ഉദയംപേരൂർ വിട്ടുപോകരുതെന്നും മറിച്ചു ചെയ്താൽ മഹറോനിൽ ഉൾപ്പെടുമെന്നും അദ്ദേഹം മുന്നറിയിപ്പു നൽകി. രഹസ്യചർച്ചകൾ നടത്തുന്നതും മഹറോൻശിക്ഷ കൽപിച്ചുകൊണ്ട് അദ്ദേഹം നിരോധിച്ചു. പ്രഥമദിവസം തന്നെയാണ് ഇപ്രകാരം പാസ്സാക്കപ്പെട്ടത്. അവിടെ കൂടിയിരുന്ന സുറിയാനിക്കാരായ വൈദികരും ജനങ്ങളുമെല്ലാം മെനെസിസിനേപ്പോലെ കത്തോലിക്കർ ആയിരുന്നു എന്നല്ലേ ഇത് തെളിയിക്കുന്നത്?-കത്തോലിക്കർ അല്ലാത്തവരോട് കുർബാന അർപ്പിക്കണമെന്നും ലുത്തിനിയാ ചൊല്ലണമെന്നും കുമ്പസാരിക്കണമെന്നും ഒരു കത്തോലിക്കാ മെത്രാന് മഹറോന്റെ കീഴിൽ എങ്ങനെ സൂനഹദോസ് ഡിക്രിമൂലം കൽപ്പിക്കാനാകും?

### *മൂന്നു ലത്തീൻ കത്തോലിക്കാ മെത്രാന്മാർ*

ഉദയംപേരൂർ സൂനഹദോസിനുശേഷം മലങ്കര നസ്രാണികളെ ഭരിച്ചത് ലത്തീൻ മെത്രാന്മാരാണ്. അവർ ജസ്വിട്ട് സന്ന്യാസ സമൂഹത്തിൽ പെട്ടവരായിരുന്നു. അങ്ങനെ നസ്രാണികളെല്ലാം പോർട്ടുഗീസ് പദ്രവാദോ ഭരണത്തിലൂടെ നേരിട്ട് മാർപാപ്പായുടെ ഭരണത്തിൻ കീഴിലായി. ഈ സംവിധാനത്തിനുമുമ്പ് അവർ കത്തോലിക്കർ ആയിരുന്നെങ്കിലും "റോമൻ കത്തോലിക്കർ", അതായത് മാർപാപ്പായുടെ നേരിട്ടുള്ള ഭരണസംവിധാനത്തിൻ കീഴിൽ, അല്ലായിരുന്നു.

അങ്ങനെ ഇൻഡ്യയിൽ അന്നുണ്ടായിരുന്ന സുറിയാനി ക്രിസ്ത്യാനികളെല്ലാം, അതായത് സമസ്ത മലങ്കര മാർതോമാ നസ്രാണികളും നേരിട്ട് മാർപാപ്പായുടെ ഭരണത്തിൻ കീഴിൽ 1600 മുതൽ 1653 വരെ കഴിഞ്ഞു. ഇത് ഒരു ചരിത്രസത്യമാണ്. എന്നാൽ എക്യുമേനിക്കൽ മീറ്റിംഗുകളി

ലൊന്നും ഈ സത്യം ആരും തുറന്നു പറയുന്നില്ല. ഇപ്പോഴത്തെ ഓർത്ത ഡോക്സുകാർ, യാക്കോബായക്കാർ, മാർത്തോമാക്കാർ, മധ്യകേരള സി. എസ്.ഐ.യിലെ മുഖ്യവിഭാഗം, സിറോ-മലബാർ സഭക്കാർ, ത്രിശൂരെ സൂറിയാകൾ, മലങ്കര കത്തോലിക്കർ, തൊഴിയൂർ സഭക്കാർ എന്നീ സഭാവിഭാഗങ്ങളെല്ലാം ഏകസഭയായി ലത്തീൻ ഭരണത്തിൻ കീഴിൽ ഏതാണ്ട് അരനൂറ്റാണ്ട് കഴിഞ്ഞു. അക്കാലത്ത് മലങ്കരനസ്രാണികൾ കത്തോലിക്കർ മാത്രമല്ല, ലത്തീൻ ഭരണത്തിൽ പദ്രവാദോയുടെ കീഴിൽ റോമൻ കത്തോലിക്കർ കൂടിയായി. ഫ്രാൻസിസ് റോസ്, സ്റ്റീഫൻ ബ്രിട്ടോ, ഫ്രാൻസിസ് ഗാർസ്യാ എന്നീ ലത്തീൻ ജസ്വിട്ട് മെത്രാന്മാരായിരുന്നു ഇക്കാലയളവിൽ മലങ്കരനസ്രാണികളെ ഭരിച്ചത്. ഇക്കാലത്ത് അവർ കത്തോലിക്കർ അല്ലായിരുന്നു എന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ?

പോർട്ടുഗീസുകാരുടെ വരവോടുകൂടി മലങ്കരസഭയ്ക്ക് സമ്പർക്കതലത്തിൽ റോമാസഭയോട് അടുത്ത ബന്ധം സ്ഥാപിക്കാൻ അവസരം വന്നു. അതൊരു നേട്ടം തന്നെയാണ്. എന്നാൽ അത് കീഴ്പ്പെടുത്തലിനും മേൽക്കോയ്മയ്ക്കുമായി മിഷണറിമാർ ഉപയോഗിച്ചു. ഈ സഭയുടെ സ്വാതന്ത്ര്യം ഇല്ലാതാക്കി.

## *9. കൂനൻകുരിശുസത്യവുമായി ബന്ധപ്പെട്ട രേഖകൾ*

കൂനൻകുരിശു സത്യത്തോടുകൂടി മലങ്കരനസ്രാണികൾ കത്തോലിക്കർ അല്ലാതായി തീർന്നില്ല. എന്നാൽ അത് കാലക്രമത്തിൽ കാതോലികത്വത്തിൽ നിന്ന് വഴുതിമാറാൻ ഇടയാക്കി എന്നു പറയാം. കൂനൻകുരിശുസത്യത്തിൽ അന്നത്തെ മലങ്കരനസ്രാണികളുടെ പ്രതിനിധികളെല്ലാം പങ്കെടുത്തു. 1600 മുതൽ മലങ്കരസഭാഭരണം കൈയടക്കിയ ജസ്വിട്ട് മിഷണറി മെത്രാന്മാർക്ക് എതിരായിട്ടായിരുന്നു കൂനൻകുരിശുസത്യം എന്നത് സമകാലീനരേഖകളും പിൽക്കാല രേഖകളും സാക്ഷിക്കുന്നു. കൊളോണിയലിസത്തിനും അനീതിക്കും സുവിശേഷവിരുദ്ധ നടപടികൾക്കും എതിരായിട്ടായിരുന്നു അത്.

### *1. ഗീവർഗീസ് ആർച്ചുഡീക്കന്റെ കത്തുകൾ*

ലത്തീൻ റീത്തുകാരായ ജസ്വിട്ട് മെത്രാന്മാരുടെ ഭരണത്തിൽ നിന്ന് ഒഴിയുക, സുറിയാനി മെത്രാന്മാരെ സഭാധ്യക്ഷന്മാരായി ലഭിക്കുക എന്നതായിരുന്നു ഉദയംപേരൂർ സിനഡിനു ശേഷം മലങ്കര നസ്രാണികളുടെ ലക്ഷ്യമെന്ന് 1606, 1608, 1624, 1628/9, 1632 എന്നീ വർഷങ്ങളിൽ ഗീവർഗീസ് ആർച്ചുഡീക്കൻ പോർട്ടുഗലിലേക്കും റോമിലേക്കും അയച്ച കത്തുകൾ തെളിയിക്കുന്നു. അല്ലാതെ കത്തോലിക്കാ വിശ്വാസത്തോടും റോമാസിംഹാസനത്തോടും അവർക്ക് വിപ്രതിപത്തി ഉണ്ടായിരുന്നില്ല. ജസ്വിട്ട് മെത്രാന്മാരുടെ ഭരണത്തിൽ നിന്നു തങ്ങളെ ഒഴിവാക്കണമെന്ന് മാത്രമായിരുന്നു അവരുടെ അപേക്ഷ.



### *2. മാർ അഹത്തള്ളാ മെത്രാൻ*

മാർപാപ്പായുടെ കൽപ്പനപ്രകാരം വന്നയാളാണ് എന്ന ചിന്തയാലാണ് മാർ അഹത്തള്ളായെ സ്വീകരിക്കാൻ മലങ്കരക്കാർ തയാറായത്. അദ്ദേഹം കത്തോലിക്കനായിരുന്നു. കത്തോലിക്കനായിട്ടാണ് പാരീസിൽ വച്ച് മരിച്ചതും. എന്നാൽ മാർപാപ്പായിൽ നിന്നോ പാത്രിയർക്കീസിൽ നിന്നോ ഉള്ള ശരിയായ നിയമനപത്രം കാണിക്കാൻ അഹത്തള്ളായ്ക്ക് കഴിഞ്ഞില്ല. തന്നെയുമല്ല അഹത്തള്ളായെ പരിശുദ്ധസിംഹാസനത്തിൽ നിന്ന് അയച്ചിട്ടില്ലെന്ന് ഏഴാം അലക്സാണ്ടർ പാപ്പാ ഒരു കത്തിലൂടെ കേരളക്രൈസ്തവർക്ക് എഴുതുകയുണ്ടായി. നിയമവിരുദ്ധമായ പ്രവേശനംവഴി ശീശ്മക്കാരനായെങ്കിലും വിശ്വാസവിഷയങ്ങളിൽ അദ്ദേഹം കത്തോലിക്കൻ ആയിരുന്നു. മാർപാപ്പായുടെ കത്തിൽ അദ്ദേഹത്തെ പാഷണ്ഡി അഥവാ അബദ്ധോപദേശകൻ എന്നല്ല ശീശ്മക്കാരൻ എന്നേ വിളിച്ചിട്ടുള്ളൂ. 1657-ൽ റോമിൽ നിന്നു വന്ന കർമലീത്താ സന്ന്യാസിയായ സെബസ്ത്യാനി നടത്തിയ വിചാരണയിൽ സുറിയാനിക്കാരുടെ നടപടികളെപ്പറ്റി കൊച്ചി കത്തീഡ്രൽ ചാപ്ലിൻ റവ. ദോമിനുസ് നൽകിയ വിവരത്തിൽ ഇപ്രകാരം പറയുന്നു:

"പാത്രിയർക്കീസിനെ വിട്ടുതരണമെന്ന് അവരെല്ലാവരും ആവശ്യപ്പെട്ടു. അദ്ദേഹം മാർപാപ്പായുടെ കൽപ്പനപ്രകാരം വന്നതല്ലെന്നു തെളിഞ്ഞാൽ കടലിൽ മുക്കിക്കൊല്ലുമെന്നു വേണ്ടപ്പെട്ട അധികൃതരെ അറിയിക്കാനും അവർ മടിച്ചില്ല."

### *3. പോർട്ടുഗീസ് കപ്പിത്താന്റെ പേർക്കയച്ച കത്ത്*

അഹത്തള്ളായെ പോർട്ടുഗീസുകാർ കടലിൽ മുക്കിക്കൊന്നു എന്ന കിംവദന്തി പരന്നപ്പോൾ അർക്കദിയാക്കോൻ പോർട്ടുഗീസ് കപ്പിത്താന് എഴുതി:

"അഹത്തള്ളായെ തിരികെ കൊണ്ടുവരണം. എന്നാൽ അതിനു സാധ്യമല്ലെങ്കിൽ ജസ്വിട്ടരൊഴിച്ച് മറ്റാരെങ്കിലും മാർപാപ്പായുടെ കൽപ്പനയാൽ വരാൻ ഇടപാടു ചെയ്യണം. പൗളിസ്ത്യരാൽ (ജസ്വിട്ടരാൽ) കൊല്ലപ്പെടുക മൂലം പാത്രിയർക്കീസിനെ ഹാജരാക്കാൻ സാധ്യമല്ലെങ്കിൽ, മറ്റാരെങ്കിലും മാർപാപ്പായുടെ കൽപ്പനപ്രകാരം ഇവിടെ വരട്ടെ. സുറിയാനി ഭാഷാജ്ഞാനവും ഞങ്ങളെ പഠിപ്പിക്കാനും സഹായിക്കാനും കഴിവുമുള്ള ഒരാളായിരിക്കണം. എന്നാൽ പൗളിസ്ത്യർ വേണ്ട. അവരെ ഞങ്ങൾ ഒട്ടും ആഗ്രഹിക്കുന്നില്ല. കാരണം, അവർ ഞങ്ങളുടെയും പരിശുദ്ധ മാതാവായ റോമാസഭയുടെയും ശത്രുക്കളാകുന്നു. ഇവരൊഴികെ മറ്റാരെങ്കിലും വരട്ടെ. യാതൊരാശങ്കയും കൂടാതെ അവരെ അനുസരിക്കാൻ ഞങ്ങൾ തയാറാണ്."

കൂനൻകുരിശുസത്യം ചെയ്ത ഉടനെ ഇപ്രകാരമൊരു കത്ത് മലങ്കര നസ്രാണികൾ കൊടുത്തയക്കണമെങ്കിൽ, നിശ്ചയമായും മാർപാപ്പായോടോ

കത്തോലിക്കാസഭയോടോ യാതൊരു വിദ്വേഷവും അവർക്കില്ലായിരുന്നെന്നും അവർക്കുണ്ടായിരുന്ന ഏകവിദ്വേഷം ജസ്വിട്ടരോടു മാത്രമായിരുന്നെന്നും സ്പഷ്ടമാണ്.

### *4. ആലങ്ങാട്ടെ വിളംബരം*

കൂനൻകുരിശു സത്യത്തിനുശേഷം ആലങ്ങാട്ടു വച്ച് നസ്രാണികൾ ഒരു യോഗം കൂടി. അവിടെ വച്ച് പാസ്സാക്കിയ യോഗനിശ്ചയത്തിന്റെ ഒരു ഭാഗം താഴെച്ചേർക്കുന്നു:

"തോമാശ്ലീഹായുടെ കബറിടത്തിലേക്ക് പോയിരുന്ന നമ്മുടെ ആളുകൾ പാത്രിയർക്കീസിനെ കണ്ട് ഒരെഴുത്തും അധികാരപത്രവും സ്വീകരിച്ച് നമ്മുടെ പക്കൽ കൊണ്ടുവരികയും അവയ്ക്കനുസരണം നാം ഭരിക്കപ്പെടുകയും ചെയ്യുന്നതിനാലും, മാർപാപ്പായുടെയും വിശുദ്ധ മാതാവായ റോമാസഭയുടെയും കൽപ്പനയാലെ വന്ന പാത്രിയർക്കീസിന്റെ കൽപ്പനയും നിശ്ചയവുമനുസരിച്ച് നാം ഒരു മെത്രാപ്പോലീത്തായെ അവരോധിച്ചിരിക്കുന്നതിനാലും നമുക്ക് ഈ മെത്രാപ്പോലീത്തായോടുകൂടെ നിൽക്കുക തന്നെ ചെയ്യാം... ആകയാൽ ഇവിടെ കൂടിയിരിക്കുന്ന നാം നിശ്ചയിക്കുന്നതെന്തെന്നാൽ, അവർ (ജസ്വിട്ടർ) മാർപാപ്പായുടെയും വിശുദ്ധ മാതാവായ റോമാസഭയുടെയും ശത്രുക്കൾ ആയിരിക്കുന്നതുകൊണ്ട്, പാത്രിയർക്കീസിനെ നമ്മുടെ കണ്ണുകൊണ്ട് കാണുന്നതുവരെ നാം അവരുടെ സ്നേഹത്തിൽ ഇരിക്കേണ്ടതില്ല. ആ സന്ന്യാസസമൂഹത്തിലെ മെത്രാപ്പോലീത്തായുടെ കൽപ്പനയെ നാം ശ്രദ്ധിക്കേണ്ടതുമില്ല."

ഇങ്ങനെ ഒരു വിളംബരം ചെയ്തവർ റോമാ മാർപാപ്പായ്ക്ക് എതിരെയാണ് സത്യം ചെയ്തതെന്ന് എങ്ങനെ പറയാൻ സാധിക്കും? പൗളിസ്ത്യരായ പറങ്കികളോടു മാത്രമായിരുന്നു അവർക്കെതിർപ്പെന്ന് ഈ വിളംബരവും വ്യക്തമാക്കുന്നു.

### *5. കപ്പിത്താന്റെ കത്ത്*

കൂനൻകുരിശുസത്യത്തെപ്പറ്റി പോർട്ടുഗീസ് കപ്പിത്താൻ ഗോവയിലെ വൈസ്രോയിക്കയച്ച കത്തിൽ ഇപ്രകാരം കാണുന്നു: "തങ്ങളുടെ അധ്യക്ഷനായി ഗാർസ്യാ മെത്രാപ്പോലീത്തായെയോ ഈശോസഭക്കാരിൽ ആരെയെങ്കിലുമോ സ്വീകരിക്കയില്ലെന്ന് അവർ സത്യം ചെയ്തു."

### *6. മാർ ഏലിയാസ് പാത്രിയർക്കീസിന് ആർച്ചുഡീക്കൻ അയച്ച കത്ത്*

ആർച്ചുഡീക്കൻ 1659-ൽ നിനിവയിലെ ഏലിയാസ് എന്ന കത്തോലിക്കാ പാത്രിയർക്കീസിന് ഒരു കത്തെഴുതി. തങ്ങളെ ഭരിക്കാൻ മെത്രാന്മാരെയും തങ്ങൾക്ക് ഉപയോഗിക്കാൻ ആരാധനക്രമപുസ്തകങ്ങളും ആവശ്യപ്പെട്ടുകൊണ്ടാണ് എഴുതിയിരിക്കുന്നത്. അഹത്തള്ളായെപ്പറ്റിയും ഇവിടെ നടന്ന സംഭവവികാസങ്ങളെപ്പറ്റിയും അതിൽ വിവരിക്കുന്നു. ഈ പാത്രിയർക്കീസു തന്നെയാണ് അഹത്തള്ളായെ അയച്ചതെന്നും ഇക്കാര്യം അദ്ദേഹത്തിന് ബോധ്യമാണെന്നും ആർച്ചുഡീക്കന് വിശ്വാസം ഇല്ലായിരുന്നെങ്കിൽ, ഇങ്ങനെ സൂചിപ്പിക്കുകയില്ലല്ലോ!



"നിനിവെയിലെ ശ്രേഷ്ഠസിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന പരിശുദ്ധ കാതോലിക്കോസ് ഏലിയായ്ക്ക് നമ്മുടെ കർത്താവീശോമിശിഹായുടെ സമാധാനം...ദൈവമാതാവായ വാഴ്ത്തപ്പെട്ട കന്യകാമറിയത്തിന്റെയും മാർ തോമാശ്ലീഹായുടെയും കൃപയാൽ തന്നെ."

### *7. മത്തായി എന്ന മലങ്കര വൈദികന്റെ സാക്ഷ്യം*

"സുറിയാനിക്കാർക്ക് ഭവിച്ച ഭവിതങ്ങൾ" എന്ന പേരിൽ മത്തായി കശ്ശീശാ ഒരു ചരിത്രം 18-ാം നൂറ്റാണ്ടിൽ എഴുതിയിട്ടുണ്ട്. പോർട്ടുഗീസ് മേധാവിത്വത്തിനെതിരായിട്ടാണ് കൂനൻകുരിശുസത്യം നടന്നതെന്ന് പ്രസ്തുത കൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു: "ഇനിമുതൽ എന്നോളം ഞങ്ങൾ പറങ്കികളോട് യോജിക്കുന്നതല്ല. ഞങ്ങളുടെ സന്തതികൾ അവരുടെ സന്തതികളോടും യോജിക്കുന്നതല്ല. ഈ വാക്കുകൾ ഓലയിൽ എഴുതി."

### *8. അഞ്ചാം മാർതോമായുടെ പുനരൈക്യാപേക്ഷ*

അഞ്ചാം മാർതോമാ (1728–1765) ബനഡിക്ട് പതിനഞ്ചാമൻ മാർപാപ്പായ്ക്ക് 1748 ആഗസ്റ്റ് 16-ന് ഒരു കത്തയച്ചു. സഭൈക്യമായിരുന്നു വിഷയം. അന്നുവരെ ഇവിടെയുണ്ടായ സംഭവവികാസങ്ങൾ അദ്ദേഹം ചുരുക്കി വിവരിക്കുന്നു: "പോർട്ടുഗീസുകാരും ഞങ്ങളും തമ്മിൽ ഐക്യവും യോജിപ്പും മേലിൽ ഒരിക്കലും ഉണ്ടാകുന്നതല്ലെന്ന് ഞങ്ങൾ സത്യം ചെയ്തു. അതിനുശേഷം 1653-ൽ ഞങ്ങൾ അർക്കദിയാക്കോനെ മെത്രാപ്പോലീത്താ ആക്കുകയും അന്നു റോമാസിംഹാസനത്തിൽ ഭരിച്ചിരുന്ന അലക്സാണ്ടർ ഏഴാമൻ മാർപാപ്പായ്ക്ക് ഞങ്ങളുടെ കഷ്ടപ്പാടുകളെ കുറിച്ച് കത്തെഴുതുകയും ചെയ്തു." - കൂനൻ കുരിശുസത്യം പോർട്ടുഗീസുകാർക്കും ജസ്വിട്ടർക്കും എതിരായിരുന്നു എന്നത്രേ അഞ്ചാം മാർതോമാ പറയുന്നത്.

### *9. ആറാം മാർതോമായുടെ പുനരൈക്യപരിശ്രമം*

മലങ്കരയിലെ ഇരുവിഭാഗങ്ങളെയും യോജിപ്പിക്കുന്നതിന് വലിയ മാർ ദിവന്നാസ്യോസ് എന്നറിയപ്പെട്ട ആറാം മാർതോമാ (1761–1808) പല പരിശ്രമങ്ങൾ നടത്തി. കൂനൻകുരിശുസത്യം പോർട്ടുഗീസുകാർക്കും ജസ്വിട്ടർക്കും എതിരായിരുന്നു എന്നത്രേ അദ്ദേഹം എഴുതിയ കത്തുകളിലെല്ലാം രേഖപ്പെടുത്തിയിരിക്കുന്നത്.

(1) കൊച്ചി വികാരി അപ്പസ്തോലിക്കാ ഫ്രാൻസിസ് സാലസിന് 1775-ൽ അയച്ച കത്തിൽ നിന്ന്: "മലങ്കരയുള്ള നസ്രാണികൾ എല്ലാവരും മട്ടാഞ്ചേരിയിൽ കൂടി പൗളിസ്ത്യരെ കണ്ടനുസരിച്ച് അവരുടെ കീൾ ഇരിക്കയില്ലെന്ന് സത്യംചെയ്ത് ഉറപ്പിച്ചതിന്റെ ശേഷം എല്ലാവരും ആലങ്ങാട്ടു കൂടി, മാർപാപ്പായുടെ നാമത്തിൽ ഒപ്പിട്ടു കണ്ട ഒരു കള്ളസാധനത്തിന്റെ ശക്തിയാൽ പന്ത്രണ്ടു പട്ടക്കാരുകൂടി അർക്കദിയാക്കോനെ മെത്രാനായി തെരഞ്ഞെടുത്തു വാഴിച്ചു."

(2) ആറാം പീയൂസ് മാർപാപ്പായ്ക്ക് 1778 മാർച്ച് 12-ന് നിരണം പള്ളിയിൽ നിന്നയച്ച കത്ത്: "പോർട്ടുഗീസുകാർ ഞങ്ങളുടെ ജനങ്ങളുടെ നേർക്ക് അഴിച്ചുവിട്ട കൊടിയ മർദനങ്ങളും ഈശോസഭാംഗമായ മോൺ. ഫ്രാൻസിസ് ഗാർസിയാ ഞങ്ങളുടെ പൂർവപിതാക്കന്മാരോട് പ്രദർശിപ്പിച്ച നിന്ദയും നിമിത്തം എല്ലാവരും ശക്തിമത്തായ എതിർപ്പോടുകൂടെ 1653-ൽ കൊച്ചിരാജ്യത്തിലുള്ള മട്ടാഞ്ചേരി പള്ളിയിൽ സമ്മേളിച്ച് പോർട്ടുഗീസ് വർഗത്തോടുള്ള വിധേയത്വത്തിൽനിന്ന് പിൻമാറുകയാണെന്ന് ഏകയോഗമായി ധീരതയോടെ സത്യം ചെയ്തു...ഇതു മാത്രമല്ല, ... ഇട്ടിത്തൊമ്മൻ കത്തനാർ ഏഴാം അലക്സാണ്ടർ മാർപാപ്പായുടെ പിൻഗാമിയുടെ നാമത്തിൽ ഒരു വ്യാജക്കത്തെഴുതി. തോമാ അർക്കദിയാക്കോനെ മെത്രാൻസ്ഥാനത്തേക്ക് ഉയർത്താൻ പന്ത്രണ്ട് പുരോഹിതരെ മാർപാപ്പാ അനുവദിക്കുന്നു എന്നായിരുന്നു എഴുത്തിന്റെ ചുരുക്കം."

(3) ആറാം മാർതോമാ 1799 ജൂൺ 11-ന് ആലപ്പുഴ മാർ സ്ലീബാപള്ളിയിൽ വച്ച് (തത്തംപള്ളിയിൽ വച്ച്) തന്റെ സഭൈക്യാവസരം എഴുതിവച്ച പടിയോലയിൽ നിന്ന്: "മലങ്കര എടവകക്കാർ എല്ലാവരും മട്ടാഞ്ചേരി പള്ളിയിൽ കൂടി സമ്പാളൂർക്കാരെ ജാതിയ യജമാനന്മാരായി കൈക്കൊള്ളുകയില്ലെന്ന് സത്യം ചെയ്തു."- ഈ രേഖകൾ സൂചിപ്പിക്കുന്നത് കൂനൻകുരിശുസത്യം പോർട്ടുഗീസ് മേധാവിത്വത്തിന് എതിരായിട്ടാണ് എന്നത്രേ.

### *10. എട്ടാം മാർതോമായുടെ കത്ത്*

മലങ്കരസഭയെ സംബന്ധിച്ച് 1812-ൽ മദ്രാസ് ഗവർമെന്റധികാരികൾ എട്ടാം മാർതോമായോട് ഏതാനും കാര്യങ്ങൾ എഴുതി ചോദിക്കുകയുണ്ടായി. എട്ടാം മാർതോമാ ഉടനെ അവയ്ക്ക് മറുപടി നൽകി. അതിൽ നാലാം ചോദ്യത്തിന്റെ മറുപടി ഇപ്രകാരമാണ്: "അർക്കദിയാക്കോനും പള്ളിക്കാരും കൂടെ മട്ടാഞ്ചേരിപള്ളിയിൽ കൂടി ഇനി മേലാൽ സന്തതികാലം വരെയും പറങ്കികളെ അനുസരിക്കരുതെന്ന് സ്ലീബാ പിടിച്ച് സത്യം ചെയ്തു."-കൂനൻകുരിശു സത്യം പറങ്കികൾക്കെതിരെ ആയിരുന്നു എന്നാണല്ലോ ഈ രേഖയും തെളിയിക്കുന്നത്.



### *11. മുളന്തുരുത്തി സൂനഹദോസിന്റെ പടിയോല (1876)*

അതിൽ ഇപ്രകാരം കാണുന്നു: "ഞങ്ങൾ കൊച്ചി മട്ടാഞ്ചേരിയിൽ കൂട്ടം കൂടി മേലാൽ പറങ്കികളുമായി യാതൊരു സംബന്ധവും ചെയ്കയില്ലെന്ന് സത്യം ചെയ്തു പിരിയുകയും ചെയ്തു."- പോർട്ടുഗീസുകാർക്കെതിരെ മാത്രമായിരുന്നു കൂനൻകുരിശുസത്യം എന്നല്ലയോ ഈ രേഖയും തെളിയിക്കുന്നത്.

ഈ തെളിവുകളെല്ലാം ഒരു യാഥാർഥ്യത്തിലേക്ക് വിരൽ ചൂണ്ടുന്നു: മാർ തോമാശ്ലീഹാ സ്ഥാപിച്ച മലങ്കരസഭ ഏകവും വിശുദ്ധവും കാതോലികവുമായ സഭയായിരുന്നു. 1498-ൽ കേരളത്തിൽ എത്തിയ പോർട്ടുഗീസുകാർ മാർതോമാ ക്രിസ്ത്യാനികളുമായി അടുത്തിടപെട്ടു. കൂദാശകളിൽ പങ്കുകൊണ്ടു. വിശ്വാസപരമായ കാര്യങ്ങളിൽ ഇരുകൂട്ടരും ഒരന്തരവും കണ്ടില്ല. ഇൻഡ്യയിൽ വന്നിട്ട് ആദ്യത്തെ അമ്പതു കൊല്ലക്കാലത്തേക്ക് പോർട്ടുഗീസുകാർക്ക് നാട്ടുകാരായ ക്രിസ്ത്യാനികളുടെ സത്യവിശ്വാസം സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടായിരുന്നു എന്നതിന് തെളിവില്ല.

മാർതോമാ ക്രിസ്ത്യാനികളുടെ സത്യവിശ്വാസത്തെ സംശയിച്ചുകൊണ്ടുള്ള ഒരൊറ്റ പ്രസ്താവന പോലും വി. ഫ്രാൻസിസ് സേവ്യറാകട്ടെ ആദ്യകാല രേഖകളാകട്ടെ നൽകിയിട്ടില്ല. വിശ്വാസത്തിലും ഭക്തിയിലും സഭാജീവിതത്തിലും ഉന്നതനിലവാരം പുലർത്തിയിരുന്ന ഒരു സഭയെയാണ് മിഷണറിമാർ ദർശിച്ചത്. പോർട്ടുഗീസ് മിഷണറിമാർ സെമിനരി സ്ഥാപിച്ചതും പോർട്ടുഗീസുകാരുടെ കീഴിൽ വൈദികപരിശീലനത്തിനായി മാർതോമാ ക്രിസ്ത്യാനികൾ വിദ്യാർഥികളെ അയച്ചതും തങ്ങൾ ഒരേ വിശ്വാസത്തിലും ഐക്യത്തിലും കഴിയുന്നവരാണ് എന്നുള്ള ആഴമാർന്ന ബോധ്യത്തിൽ നിന്നു മാത്രമാണ്.

കാലക്രമത്തിൽ സഭയെ തങ്ങളുടെ ആധിപത്യത്തിൻ കീഴിൽ കൊണ്ടുവരാൻ ശ്രമിച്ചപ്പോഴാണ് പോർട്ടുഗീസുകാർ ഇവിടെ "നെസ്തോറിയനിസം കണ്ടെത്തിയത്".എന്നാൽ പോർട്ടുഗീസുകാരുടെ കൂടെ ഉണ്ടായിരുന്ന ചിലരുടെ പ്രസ്താവനകൾ തന്നെ നെസ്തോറിയനിസവാദത്തെ ഖണ്ഡിക്കുന്നു.

എങ്കിലും നാം അനുസ്മരിക്കേണ്ട ഒരു കാര്യമുണ്ട്. പോർട്ടുഗീസ് ആധിപത്യം വരെ (1599) നസ്രാണിസമുദായം ലത്തീൻ ആയിരുന്നില്ല. ലത്തീൻ സഭയുടെ ഭാഗമായിരുന്നില്ല. ഇപ്പോഴും നസ്രാണികളാരും ലത്തീൻ റീത്തിൽ പെട്ടവരല്ല. ഇവിടുത്തെ സിറോ-മലബാർ സഭയും മലങ്കര കത്തോലിക്കാ സഭയും ലത്തീൻസഭയുടെ ഭാഗമല്ല. എന്നാൽ അജ്ഞത കൊണ്ടോ മുൻവിധികൊണ്ടോ ചില ചരിത്രകാരന്മാർ, എല്ലാ കത്തോലിക്കരെയും റോമൻ കത്തോലിക്കർ എന്നു വിളിക്കുന്നു.

ഇൻഡ്യയിലെ പൗരസ്ത്യകത്തോലിക്കരെ ലത്തീൻ റീത്തിൽ ലയിപ്പിച്ച് "റോമൻ കത്തോലിക്കർ" ആക്കാനാണ് മിഷണറിമാർ പരിശ്രമിച്ചത്. അതിന് അവർ സമ്മതിച്ചില്ല. അതിനാണ് കൂനൻ കുരിശുസത്യം ചെയ്തത്.

അതുപോലെ പാശ്ചാത്യർ വരുന്നതുവരെ ഇവിടുത്തെ സഭയ്ക്ക് റോമാസഭയുമായി സമ്പർക്കതലത്തിൽ വ്യാപകമായ ബന്ധമുണ്ടായിരുന്നില്ല. എന്നാൽ പേർഷ്യയിൽ നിന്നു ഭാരതത്തിൽ കൊണ്ടുവന്നിരുന്ന പുസ്തകങ്ങളിൽ മാർപാപ്പായ്ക്ക് സാർവത്രിക സഭയിലുള്ള പ്രത്യേകപദവി അംഗീകരിച്ചിരിക്കുന്നത് വ്യക്തമായി കാണാം. പാശ്ചാത്യലോകവുമായി ബന്ധമില്ലാതിരുന്നെങ്കിലും, പേർഷ്യയിൽ നിന്നു കൊണ്ടുവന്നിരുന്ന ഗ്രന്ഥങ്ങളിൽ ചില തെറ്റുകൾ ഉണ്ടായിരുന്നെങ്കിലും, ഈ സഭ ശ്ലൈഹികവും കാതോലികവുമായ സത്യവിശ്വാസം കാത്തുസൂക്ഷിക്കാൻ എന്നും ശ്രദ്ധിച്ചു. ഈ നൂറ്റാണ്ടിൽ പല പ്രാവശ്യം റോമാ മാർപാപ്പാമാർ ഈ സംഗതി എടുത്തു പറഞ്ഞിട്ടുണ്ട്.

ചുരുക്കത്തിൽ മലങ്കരനസ്രാണികളെ സംബന്ധിച്ച് തങ്ങളുടെ സഭ ക്രിസ്തുവിന്റെ സഭയായിരുന്നു. റോമാസഭയെപ്പോലെയും മറ്റു സഭകളെപ്പോലെയും തങ്ങൾ കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭയാണെന്ന് അവർ കണക്കാക്കിയിരുന്നു. തങ്ങൾ നെസ്തോറിയൻ പാഷണ്ഡികളാണെന്ന് നസ്രാണികൾ ഒരിക്കലും അംഗീകരിച്ചിരുന്നില്ല, ഇന്നും അംഗീകരിക്കുന്നില്ല.

G. Schurhammer, *The Malabar Church and Rome,* Trichinopoly, 1933.

X. Koodapuzha, *Faith and Communion of the Indian Church of St.Thomas Christians*, Kottayam, 1982.

S. Giamil, *Genuinae Relationes inter Sedem Apostolicam....*Rome, 1902.

J. Wicki, *Documenta Indica,V*, Rome,1958.

M. Geddes,*The History of the Church of Malabar,* London, 1694.

J. Hough, *The History of Christianity in India*,2 vols. London, 1845.

Raulin, *Historia Ecclesiae Malabaricae*, Rome 1745.

Cyril Mar Baselios, *Syro-Malankara Sabha*, Kottayam, 1982.

# 10
# പുത്തൻകൂർ ചരിത്രം (1653–1815)

കൂനൻ കുരിശുസത്യത്തിനു ശേഷം മലങ്കരസഭ പലതായി പിളർന്നു. പ്രധാനമായി മലങ്കരക്കാർ നാലു തട്ടുകളിലായി.

(1) കൊച്ചി പദ്രവാദോ ലത്തീൻ രൂപതയിലും മറ്റു ലത്തീൻ രൂപതകളിലും 1610–ൽ ഉൾപ്പെട്ടുപോയ കുറേ പള്ളികൾ. അവ ആരാധനക്രമം മാറ്റാതെ ലത്തീൻ മെത്രാന്മാരുടെ കീഴിൽ കഴിഞ്ഞു.

(2) കൊടുങ്ങല്ലൂർ പദ്രവാദോ രൂപതയിലേക്ക്, ഗാർസ്യായുടെ കീഴിലേക്ക്, കൂനൻകുരിശിനു ശേഷം (1653) തിരികെ പോയ ഏതാണ്ട് 9 പള്ളികൾ.

(3) പ്രൊപ്പഗാന്തായുടെ കീഴിൽ സെബസ്ത്യാനി മുതലുള്ള (1661) *മലബാറിലെ വികാരിയേറ്റിൽ,* ചാണ്ടിമെത്രാന്റെ കീഴിൽ വന്ന ബഹുഭൂരിപക്ഷം പള്ളികൾ. 64 പള്ളികൾ പൂർണമായും 20 എണ്ണം ഭാഗികമായും ചാണ്ടിമെത്രാന്റെ കീഴിലായിരുന്നു.

(4) തോമാ ആർച്ചുഡീക്കന്റെ (മാർ തോമായുടെ) കീഴിൽ കൂനൻ കുരിശിൽ ഉറച്ചുനിന്ന ന്യൂനപക്ഷം പള്ളികൾ. 26 പള്ളികൾ പൂർണമായും 20 പള്ളികൾ ഭാഗികമായും മാർതോമാ ഒന്നാമനെ സ്വീകരിച്ചു.

ഏകയോഗമായി കഴിഞ്ഞ മലങ്കരസഭയ്ക്ക് പാശ്ചാത്യ ലത്തീൻ മിഷണറിമാരുടെ പ്രവർത്തനഫലമായി ഈ ദുരന്തം വന്നുഭവിച്ചു. വിവിധ സഭാനേതൃത്വങ്ങളുടെ കീഴിൽ വന്നവർ വ്യത്യസ്ത മനോഭാവം പുലർത്തി. നേതൃത്വത്തിന്റെ സഭാവീക്ഷണം ഓരോ വിഭാഗവും പുലർത്തി. മുകളിൽ പറഞ്ഞ നാലു വിഭാഗങ്ങളിൽ നാലാമത്തെ വിഭാഗത്തെപ്പറ്റിയാണ് തുടർന്നുള്ള ചർച്ച. അവരാണ് പിൽക്കാലത്ത് *പുത്തൻകൂറ്റുകാർ* എന്ന് അറിയപ്പെട്ടത്.

## മാർ തോമാ I - V (1653–1765)

തോമാ ആർച്ചുഡീക്കന് 12 പട്ടക്കാർ കൊടുത്ത പട്ടം ക്രമപ്പെടുത്താനാണ് ജറുസലേമിൽ നിന്നു മാർ ഗ്രിഗോറിയോസിനെ 1665-ൽ വരുത്തിയത്. എന്നാൽ അദ്ദേഹത്തിന് മാർ ഗ്രിഗോറിയോസ് പട്ടം കൊടുത്തു എന്നതിന് തെളിവുകളില്ല. അന്ത്യോക്യൻ യാക്കോബായാ സഭയിൽ മെത്രാൻ സ്ഥാനം സ്വീകരിക്കുന്ന വ്യക്തി പേരുമാറുന്ന പാരമ്പര്യം പുരാതനമാണെന്ന് പറയപ്പെടുന്നു. അപ്രകാരം ഒരു പേരുമാറ്റം മാർ തോമായുടെ കാര്യത്തിൽ സംഭവിക്കാഞ്ഞത്, മാർ ഗ്രിഗോറിയോസിൽ നിന്ന് പട്ടം സ്വീകരിച്ചിട്ടില്ല എന്നതിനു തെളിവായി ചിലർ ചൂണ്ടിക്കാട്ടുന്നു. മലങ്കരയിൽ അന്ത്യോക്യൻ ആരാധനക്രമമോ, യാക്കോബായാ വിശ്വാസമോ നടപ്പാക്കാൻ മാർ ഗ്രിഗോറിയോസ് മുതിർന്നില്ല. ഉദയംപേരൂർ സൂനഹദോസ് നിർത്തലാക്കിയ പൗരസ്ത്യാചാരങ്ങളുടെ ഉദ്ധാരകനായിട്ടാണ് അദ്ദേഹം പ്രത്യക്ഷപ്പെട്ടത്. തോമാ ആർച്ചുഡീക്കൻ ഒന്നാം മാർതോമാ എന്ന് ചരിത്രത്തിൽ അറിയപ്പെടുന്നു. അദ്ദേഹം 1670-ൽ മരിച്ച് അങ്കമാലി പള്ളിയിൽ കബറടങ്ങി.

തുടർന്ന് ഭരിച്ച *രണ്ടാം മാർതോമായ്ക്ക്* ഒന്നാം മാർതോമായിൽ നിന്നുള്ള കൈവയ്പ്പാണ് ലഭിച്ചത്. രണ്ടാം മാർ തോമാ 1686-ൽ മരിച്ച് നിരണം പള്ളിയിൽ കബറടങ്ങി. പിന്നീട് ഭരിച്ച *മൂന്നാം മാർതോമായ്ക്ക്* (1686 -1688) രണ്ടാം മാർ തോമായിൽ നിന്നുള്ള കൈവയ്പ് സ്വീകരിക്കാൻ സാധിച്ചല്ല. രണ്ടാം മാർതോമാ മരിച്ചപ്പോൾ അവിടെ കൂടിയവർ മൂന്നാം മാർതോമായെ തെരഞ്ഞെടുത്ത് നിയമിച്ചു എന്ന് ചിലർ പറയുന്നു. അക്കാലത്ത് പശ്ചിമേഷ്യയിൽ നിന്നു വന്ന മാർ ഈവാനിയോസാണ് മൂന്നാം മാർതോമായെ വാഴിച്ചതെന്ന് മറ്റു ചിലർ പറയുന്നു. എന്നാൽ ഒന്നാം മാർതോമായ്ക്ക് പട്ടം നൽകാതെ മാർ ഗ്രിഗോറിയോസ് ഒഴിഞ്ഞു മാറിയതുപോലെ, മൂന്നാം മാർതോമായ്ക്കു പട്ടം നൽകാതെ മാർ ഈവാനിയോസും ഒഴിഞ്ഞുമാറി എന്നു പറയപ്പെടുന്നു. മൂന്നാം മാർതോമാ കടമ്പനാടു പള്ളിയിൽ സംസ്ക്കരിക്കപ്പെട്ടു. *നാലാം മാർതോമാ* (1688-1728) മൂന്നാം മാർതോമായിൽ നിന്ന് കൈവയ്പ്പ് സ്വീകരിച്ചു. അദ്ദേഹം കണ്ടനാട് പള്ളിയിൽ കബറടങ്ങി. *അഞ്ചാം മാർതോമാ* (1728-1765) നാലാം മാർതോമായിൽ നിന്ന് കൈവയ്പ്പ് സ്വീകരിച്ചു. അദ്ദേഹം നിരണം പള്ളിയിൽ കബറടങ്ങി.

അഞ്ചാം മാർതോമായുടെ കാലത്ത് 1751-ൽ കേരളത്തിൽ വന്ന മാർ ബസേലിയോസ്, മാർ ഗ്രിഗോറിയോസ്, മാർ ഈവാനിയോസ് എന്നീ അന്ത്യോക്യൻ യാക്കോബായാ മെത്രാന്മാരാണ് അന്ത്യോക്യൻ ആരാധനക്രമം മലങ്കരയിൽ കൊണ്ടുവന്നതും പ്രചരിപ്പിക്കാൻ ശ്രമിച്ചതും. അതിനു മുമ്പ് പുത്തൻകൂറ്റുകാരും പഴയകൂറ്റുകാരും ഒരുപോലെ റോസ് മെത്രാൻ



പരിഷ്ക്കരിച്ച പൗരസ്ത്യസുറിയാനി കൽദായ കുർബാനയും ആരാധനക്രമങ്ങളുമാണ് ഉപയോഗിച്ചിരുന്നത്. പൗരസ്ത്യ സുറിയാനി ആരാധനക്രമത്തോട് ആർക്കും എതിരില്ലായിരുന്നു. നൂറ്റാണ്ടുകളായി മലങ്കരയിൽ നിലനിന്നതും തലമുറ തലമുറകളായി പിതാക്കന്മാർ കൈമാറിയതുമായിരുന്നു അത്. എന്നാൽ സമുദായം പിളർന്നകന്നുകൊണ്ടിരുന്നപ്പോൾ, അന്ത്യോക്യൻ യാക്കോബായ ആരാധനക്രമത്തിന് പുത്തൻകൂറ്റുകാരുടെ ഇടയിൽ പ്രചാരം ലഭിച്ചു. ഇരുവിഭാഗങ്ങളെയും യോജിപ്പിക്കാനുള്ള പരിശ്രമങ്ങളും ഇക്കാലത്തുണ്ടായി. പുനരൈക്യത്തിന് മാർതോമാ അഞ്ചാമൻ റോമിലേക്ക് നിവേദനങ്ങൾ അയക്കുകയുണ്ടായി. എന്നാൽ ഇവിടെ ഉണ്ടായിരുന്ന മിഷണറി മെത്രാന്മാർ പുനരൈക്യത്തിനും മാർ തോമായെ അംഗീകരിക്കുന്നതിനും എതിരായിരുന്നു.

## മാർ തോമാ VI (1761-1808)

വലിയ മാർ ദിവന്നാസ്യോസ് എന്നും ദിവന്നാസ്യോസ് ഒന്നാമൻ എന്നും അറിയപ്പെടുന്ന മെത്രാനാണ് ഇദ്ദേഹം. തന്റെ മുൻഗാമിയിൽ നിന്ന് 1761-ൽ ലഭിച്ച പട്ടത്തെ പറ്റി സംശയമുണ്ടായിരുന്ന ആറാം മാർതോമാ പശ്ചിമേഷ്യയിൽ നിന്ന് 1751-ൽ വന്ന മാർ ഗ്രിഗോറിയോസിൽ നിന്ന് 1772-ൽ ആദിമുതലുള്ള പട്ടങ്ങളെല്ലാം ഒന്നുകൂടി സ്വീകരിച്ച് മെത്രാനായി മാർ ദിവന്നാസ്യോസ് എന്ന് പേരും മാറ്റി. തോമാ ആർച്ചുഡീക്കന്റെ (ഒന്നാം മാർതോമായുടെ) കാലം മുതലുള്ള പുത്തൻകൂർ സഭാധ്യക്ഷന്മാരിൽ ശരിയായ കൈവയ്പ്പു ലഭിച്ചത് ഇദ്ദേഹത്തിന് മാത്രമായിരുന്നെന്ന് ചിലർ കരുതുന്നു. മറ്റുള്ളവരുടെ കൈവയ്പിനെപ്പറ്റി പല ചരിത്രകാരന്മാരും സംശയം പ്രകടിപ്പിക്കുന്നു. 1653-ലെ കൂനൻകുരിശു സത്യം മുതലുള്ള പരിശ്രമഫലമായി 1772-ലാണ് പുത്തൻകൂറ്റുകാർക്ക് ശരിയായ കൈവയ്പ്പ് ലഭിച്ചതെന്നാണ് അവരുടെ അഭിപ്രായം. അന്ത്യോക്യൻ സഭയുടെ കൈവയ്പ്പ് ആദ്യമായി ലഭിച്ച മലങ്കരമെത്രാൻ ആറാം മാർതോമായാണ് എന്നാണ് പൊതുവേയുള്ള അഭിപ്രായം. മെത്രാഭിഷേക സമയത്ത് ആദ്യമായി പേരുമാറ്റം നടന്നതും ഇപ്പോഴാണ്.

മാർ ദിവന്നാസ്യോസിന്റെ കാലത്താണ് 1772-ൽ കാട്ടുമങ്ങാട്ട് റമ്പാന് മാർ ഗ്രിഗോറിയോസ് പട്ടം കൊടുത്തതും തൊഴിയൂർസഭ ആരംഭിച്ചതും. ഇക്കാലത്താണ് വട്ടിപ്പണം ബാങ്കിൽ നിക്ഷേപിക്കപ്പെട്ടതും പുത്തൻകൂർ-പഴയകൂർ പുനരൈക്യ ചർച്ചകൾ ഗൗരവമായി നടന്നതും. ടിപ്പു എന്ന മുസ്ലീം ഭരണാധികാരി മൈസൂറിൽ നിന്ന് കേരളത്തിലെത്തി പള്ളികൾക്ക് തീവച്ചതും നിർബന്ധിച്ച് മതപരിവർത്തനം നടത്തിയതും ഇക്കാലത്താണ്. തിരുവിതാംകൂർ ദിവാനായിരുന്ന വേലുത്തമ്പിയും കൊച്ചി ദിവാനായിരുന്ന

പാലിയത്തച്ചനും കൂടി ഈ കാലഘട്ടത്തിൽ ക്രിസ്ത്യാനികൾക്കെതിരെ ആക്രമണങ്ങൾ അഴിച്ചുവിട്ടു. ഇക്കാലത്ത് ക്രിസ്ത്യാനികൾക്ക് വളരെ നാശ നഷ്ടങ്ങളുണ്ടായി

## *പുനരൈക്യപരിശ്രമം*

പുത്തൻകൂർ-പഴയകൂർ പുനരൈക്യത്തിനായി അക്ഷീണം പരിശ്രമിച്ച ഒരു വലിയ സമുദായസ്നേഹി ആയിരുന്നു ആറാം മാർതോമാ. അന്നത്തെ പഴയകൂർ സമുദായപ്രമാണി ആയിരുന്ന തച്ചിൽ മാത്തുത്തരകനും വൈദി കപ്രമുഖനായ കരിയാറ്റി യൗസേപ്പ് മൽപ്പാനും മറ്റു സമുദായാംഗങ്ങളും ഇതിനായി വളരെ പരിശ്രമിച്ചു. കരിയാറ്റിയും പാറേമ്മാക്കൽ തോമാ കത്ത നാരും കൂടി വളരെയധികം ക്ലേശങ്ങളും കഷ്ടനഷ്ടങ്ങളും സഹിച്ച് ആറാം മാർതോമായുടെ സഭൈക്യാപേക്ഷയുമായി മലങ്കരസഭയുടെ താൽപര്യപ്ര കാരം പോർട്ടുഗീസ് കപ്പലിൽ റോമിലും പോർട്ടുഗലിലും പോയി. അവ സാനം എല്ലാം അംഗീകരിപ്പിച്ച് കരിയാറ്റി 1782-ൽ മെത്രാപ്പോലീത്താ ആയി, തിരികെ ഗോവാ വരെ വന്നു. അവിടെ വച്ച് 1786-ൽ അദ്ദേഹം മരിച്ചു. അവി ടെത്തന്നെ സംസ്ക്കരിക്കപ്പെട്ടു. തുടർന്ന് പാറേമാക്കൽ തോമാ കത്തനാർ സഭാനേതാവായപ്പോഴും ഐക്യചർച്ചകൾ നടന്നു. തച്ചിൽ മാത്തുത്തരക നായിരുന്നു അതിന് നേതൃത്വം കൊടുത്തത്. അതിന്റെ ഫലമായി ആറാം മാർതോമാ 1799 ജൂൺ 22-ന് കത്തോലിക്കാ സഭയിൽ ചേർന്ന് ആലപ്പുഴ തത്തംപള്ളിയിൽ താമസം തുടങ്ങി. എന്നാൽ അദ്ദേഹത്തെ സുറിയാനി സമുദായത്തിന്റെ ഭരണം ഏൽപ്പിക്കാൻ ലത്തീൻ മിഷണറിമാർ തയാറാ യില്ല. അദ്ദേഹത്തെ ഭരണം ഏൽപ്പിച്ചാൽ സുറിയാനിക്കാരെല്ലാം അദ്ദേഹ ത്തിന്റെ കൂടെ ചേരാനിടയാകുമെന്നു കണ്ട മിഷണറിമാർ അദ്ദേഹത്തിന് ഭരണം നൽകുന്നതിന് തടസ്സങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്നു. ഇക്കാരണ ത്താൽ ആറു മാസങ്ങൾക്കുശേഷം അദ്ദേഹം തിരികെ പുത്തൻകൂർ സഭ യിലേക്കു പോയി. 1808-ൽ മരിച്ച് പുത്തൻകാവുപള്ളിയിൽ കബറടങ്ങി.

## മാർ തോമാ VII-IX (1808-1815)

ആറാം മാർതോമാ തന്റെ പിൻഗാമിയായി 1796-ൽ *ഏഴാം മാർതോമായെ* വാഴിച്ചു. എന്നാൽ പിൻഗാമിയെ വാഴിക്കാൻ സാധിക്കാതെ ഏഴാംമാർതോമാ 1809-ൽ മരിച്ചു. ഏഴാം മാർതോമായുടെ കൈ മരണക്കിടക്കയിൽ തലയിൽ വച്ചു വാഴിക്കപ്പെട്ടയാളാണ് *എട്ടാം മാർതോമാ* (1809-1816) എന്നു പറയപ്പെ ടുന്നു. യഥാർഥ കൈവയ്പ്പില്ലാതിരുന്നതിനാൽ, അദ്ദേഹത്തിന് ഭരണം മുമ്പോ ട്ടു കൊണ്ടുപോകാൻ സാധിച്ചില്ല. എന്നാൽ എട്ടാം മാർതോമാ തന്നെ തന്റെ



പിൻഗാമിയായി *9-ാം മാർതോമായെ* 1815-ൽ വാഴിച്ചെങ്കിലും അദ്ദേഹത്തിന് ഒട്ടും ഭരിക്കാൻ സാധിച്ചില്ല. എട്ടാം മാർതോമാ നിരണത്തുവച്ച് മരിച്ച്, പുത്തൻകാവുപള്ളിയിൽ കബറടങ്ങി. 9-ാം മാർതോമാ മരണംവരെ കട മറ്റം പള്ളിയിൽ സന്ന്യാസജീവിതം നയിച്ചു. അവിടെവച്ച് മരിക്കുകയും ചെയ്തു.

നാം അപഗ്രഥിക്കുന്ന ഈ കാലയളവിൽ (1653-1815) അന്ത്യോക്യൻ രീതികളും ക്രമങ്ങളും പുത്തൻകൂറ്റുകാരുടെ ഇടയിൽ വ്യാപകമായി പ്രച രിച്ചിരുന്നില്ല. മലങ്കരയിലെ പുത്തൻകൂറ്റുകാരും പഴയകൂറ്റുകാരും രണ്ട് നേതൃത്വങ്ങളുടെ കീഴിലായിരുന്നെങ്കിലും, അവർ തമ്മിൽ വളരെയധികം അക ന്നിരുന്നില്ല. പല പള്ളികളും ഇരുകൂട്ടർക്കും പൊതുവായിരുന്നു. പലയിട ങ്ങളിലും ഈ കാലഘട്ടത്തിലും പഴയകൂറ്റുകാരെപ്പോലെ പുത്തൻകൂറ്റുകാരും ബിഷപ്പ് റോസ് പരിഷ്ക്കരിച്ച പൗരസ്ത്യ സുറിയാനി ആരാധനക്രമം ഉപ യോഗിച്ചുകൊണ്ടിരുന്നു. അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസ ന്മാർ ഇവിടെ അധികാരം ഉണ്ടെന്ന് ഈ കാലഘട്ടത്തിലും അവകാശപ്പെട്ടി രുന്നില്ല. സമുദായത്തെ ഒന്നിപ്പിച്ച് ഒരു നേതൃത്വത്തിൻ കീഴിൽ മുന്നോട്ട് കൊണ്ടുപോകാനുള്ള പല പരിശ്രമങ്ങളും ഈ കാലവയളവിൽ നടന്നു.

---

Paremmakel Thoma Cathanar, *Varthamanapusthakam*, tr. into English by.P.J.Podipara, Rome,1971.

# 11
# പുത്തൻകൂർ സഭയും സി.എം.എസ്. മിഷണറിമാരും (1815-1840)

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനവും പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭവും കേരളത്തിൽ മാറ്റങ്ങളുടെ കാലഘട്ടമായിരുന്നു. 1792 മുതൽ ഇവിടെ ബ്രിട്ടീഷ് ആധിപത്യം സ്ഥാപിതമായി. മദ്രാസിലെ ബ്രിട്ടീഷ് ഗവർണർ വില്യം ബന്റിക്കിന്റെ നിർദേശാനുസൃതം ആംഗ്ലീക്കൻ മിഷണറി ഡോക്ടർ കേർ മലങ്കരയിലെ പുത്തൻകൂർ വിഭാഗത്തെപ്പറ്റി 1805-ൽ ഒരു പഠനം നടത്തി ഗവർണർക്കു റിപ്പോർട്ടു സമർപ്പിച്ചു. ക്ലോഡിയസ് ബുക്കാനൻ 1806-ൽ ഈ സഭ സന്ദർശിച്ചു. സുറിയാനി സഭയെപ്പറ്റി കൂടുതലായി അറിയുക, പുരാതന കൈയെഴുത്തു പ്രതികൾ ശേഖരിക്കുക എന്നിവയായിരുന്നു ബുക്കാനന്റെ ലക്ഷ്യം. അദ്ദേഹത്തിന്റെ സന്ദർശന വിവരണങ്ങളിലൂടെ മലങ്കരസഭയെപ്പറ്റി ഇംഗ്ലണ്ടിലെ ജനങ്ങൾ കൂടുതലായി അറിയാനിടയായി. ചർച്ച് മിഷണറി സൊസൈറ്റി (സി.എം.എസ്) 1799-ൽ രൂപീകൃതമായി പ്രവർത്തനങ്ങൾ തുടങ്ങിയ കാലഘട്ടമായിരുന്നു അത്. അവർ 1816-ൽ ആലപ്പുഴ കേന്ദ്രമാക്കി പ്രവർത്തനം തുടങ്ങി. അന്ന് തിരുവിതാംകൂറിലെ റസിഡന്റായിരുന്ന കേണൽ മൺട്രോയാണ് സി.എം.എസ്.കാരെ ഇവിടേക്ക് ക്ഷണിച്ചത്.

## സെമിനരി സ്ഥാപനം

കോട്ടയത്ത് പഴയ സെമിനരി എന്നറിയപ്പെടുന്ന വൈദിക പരിശീലന കേന്ദ്രം 1813-ലാണ് തുടങ്ങിയത്. പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ എന്ന വൈദികപ്രമുഖൻ അതിനു നേതൃത്വം നൽകി. ബ്രിട്ടീഷ് റസിഡന്റ് കേണൽ മൺട്രോ വൈദിക സെമിനരിക്ക് കുറേസ്ഥലം കരമൊഴിവായി സർക്കാരിൽ നിന്നു കൊടുപ്പിച്ചു. വട്ടിപ്പണത്തിന്റെ പലിശയായി 3360 രൂപായും വേറേ 20,000 രൂപായും കല്ലടയിൽ മൺട്രോ തുരുത്ത് എന്നറിയപ്പെടുന്ന സ്ഥലവും സെമിനരി പണിക്കും നടത്തിപ്പിനുമായി മൽപ്പാനു ലഭിച്ചു. കൂടാതെ തിരു



വല്ലാ പാലിയേക്കര പള്ളിക്കേസിൽ 8,000 രൂപായും മൽപ്പാനു കിട്ടി. 1815-ൽ സെമിനരിയുടെ പണി പൂർത്തിയായി.

## സി.എം.എസ്.കാരുമായുള്ള സഹകരണം

കേണൽ മൺട്രോ പുത്തൻകൂറ്റുകാരായ നസ്രാണികളെ പലവിധത്തിൽ സഹായിക്കുന്നതിൽ തൽപരനായിരുന്നു. അവർക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകുന്നതിനായി കോട്ടയത്ത് ഒരു ഇംഗ്ലീഷ് സ്ക്കൂൾ തുടങ്ങി. അവിടെ ഭക്ഷണം, വസ്ത്രം, ഫീസ് എന്നിവ സൗജന്യമായിരുന്നു. ചിലയിടങ്ങളിൽ ക്രിസ്ത്യാനികൾ അനുഭവിച്ചുകൊണ്ടിരുന്ന പരാധീനതകൾ നീക്കുന്നതിനും മൺട്രോയ്ക്ക് സാധിച്ചു. സർക്കാർ സ്ഥാപനങ്ങളിൽ ക്രിസ്ത്യാനികൾക്ക് ആദ്യമായി ജോലി കിട്ടുന്നത് അക്കാലത്താണ്. എല്ലാ കോടതികളിലും ഓരോ ക്രിസ്ത്യാനി ജഡ്ജിയെ നിയമിച്ചു. പഴയകൂറ്റുകാരും പുത്തൻകൂറ്റുകാരും ഒന്നിച്ച് നടത്തിയിരുന്ന ചില പള്ളികൾ പുത്തൻകൂറ്റുകാർക്ക് കൈവശപ്പെടുത്തിക്കൊടുത്തു. അതുപോലെ പഴയകൂറ്റുകാരുടെ ചില പള്ളികളും കൈവശപ്പെടുത്തി കൊടുക്കാമെന്ന് മൺട്രോ വാഗ്ദാനം ചെയ്തു.

## പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് (1815-1816)

വട്ടിപ്പണത്തിന്റെ പലിശ മെത്രാനല്ലാത്ത ഇട്ടൂപ്പു റമ്പാൻ വാങ്ങിയതിൽ ആക്ഷേപം ഉയർന്നു. ഈ സാഹചര്യത്തിൽ തൊഴിയൂർ മാർ പീലക്സീനോസിൽ നിന്ന് 1815-ൽ പുലിക്കോട്ടിൽ ഇട്ടൂപ്പുറമ്പാൻ മെത്രാൻപട്ടം സ്വീകരിച്ച് മാർ ദിവന്നാസ്യോസ് എന്ന് പേരെടുത്തു. 8-ാം മാർതോമായും 9-ാം മാർതോമായും അപ്പോൾ ജീവിച്ചിരിപ്പുണ്ടായിരുന്നു. പുലിക്കോട്ടിൽ തിരുമേനി 1816-ൽ മരിച്ചു. പഴയ സെമിനരിയിൽ കബറടങ്ങി. ലത്തീൻ മെത്രാന്മാരെ അടക്കുന്ന രീതിയിൽ കിടത്തിയാണ് അദ്ദേഹത്തെ സംസ്ക്കരിച്ചത്.

## പുന്നത്ര മാർ ദിവന്നാസ്യോസ് (1817-1825)

തുടർന്ന് പുന്നത്ര മാർ ദിവന്നാസ്യോസിനെ 1817-ൽ തൊഴിയൂർ മാർ പീലക്സീനോസ് മെത്രാനായി വാഴിച്ചു. മലങ്കരസഭയിൽ ആംഗ്ലിക്കൻ മിഷണറിമാർ ഗണ്യമായി സ്വാധീനം ചെലുത്താൻ തുടങ്ങിയത് ഇക്കാലത്താണ്.

സെമിനരി സ്ഥാപനാനന്തരം നോർട്ടൺ എന്ന ആംഗ്ലിക്കൻ മിഷണറി ആലപ്പുഴ നിന്ന് ഇടയ്ക്കിടെ കോട്ടയത്ത് സെമിനരിയിൽ വന്ന് പുത്തൻകൂർ വൈദികവിദ്യാർഥികളെ പഠിപ്പിച്ചുകൊണ്ടിരുന്നു. തുടർന്ന് ബഞ്ചമിൻ ബയ്‌ലി (1816), ജോസപ് ഫെൻ (1818), ഹെന്റി ബേക്കർ (1819) എന്നീ മൂന്ന് സി.എം.എസ്. മിഷണറിമാരും പ്രവർത്തിക്കാനെത്തി. മിഷണറിമാരിൽ നിന്ന് സഹായം സ്വീകരിച്ച പുത്തൻകൂറ്റുകാർ തങ്ങളുടെ പള്ളികളിൽ യഥേഷ്ടം പ്രസംഗിക്കുന്നതിനുള്ള അനുവാദം മിഷണറിമാർക്കു നൽകി. വേദപുസ്തക

വിവർത്തനത്തിൽ ബയ്‌ലിയും വൈദികപരിശീലനത്തിൽ ഫെന്നും വിദ്യാഭ്യാസപ്രവർത്തനത്തിൽ ബേക്കറും പ്രത്യേകം ശ്രദ്ധിച്ചു. ഫെൻ വൈദിക സെമിനരി പ്രിൻസിപ്പലായി. പുന്നത്ര മാർ ദിവന്നാസ്യോസ് മിഷണറിമാർക്ക് എല്ലാവിധ പ്രോത്സാഹനങ്ങളും നൽകി. സഭയിൽ പ്രവർത്തിക്കാൻ ലഭിച്ച സ്വാതന്ത്ര്യം മിഷണറിമാർ ശരിക്കും ഉപയോഗിച്ചു. അതിന്റെ ഫലമായി പുത്തൻകൂർ വൈദികരിലും ജനങ്ങളിലും ഒട്ടനേകർ പ്രോട്ടസ്റ്റന്റ് വിശ്വാസത്തിൽ പ്രതിപത്തിയുള്ളവരായി. ആംഗ്ലിക്കൻ സഭയലെ ലോ ചർച്ച് പാരമ്പര്യങ്ങൾ മലങ്കരയിൽ പ്രചരിച്ചു. മിഷണറിമാർ പള്ളികളിൽ ഉടനീളം നടന്ന് പ്രസംഗിക്കുകയും ജനങ്ങൾ നവീകരണാശയങ്ങൾ സ്വാംശീകരിക്കുകയും ചെയ്തു.

പുന്നത്ര മാർ ദിവന്നാസ്യോസിന്റെ കാലത്ത് 1818-ൽ മാവേലിക്കര വച്ച് മിഷണറിമാരുടെയും മലങ്കരസഭാംഗങ്ങളുടെയും ഒരു സംയുക്തയോഗം നടന്നു. മലങ്കര സഭയിലാകമാനം സമൂല മാറ്റത്തിന് നേതൃത്വം കൊടുക്കാൻ മിഷണറിമാർ തീരുമാനിച്ചു. 700-ൽ പരം ഇടവകപ്രതിനിധികളും 40 വൈദികരും അതിൽ സംബന്ധിച്ചു. പുത്തൻകൂറ്റുകാരുടെ വിശ്വാസാചാരങ്ങളിൽ പലതും അന്ധവിശ്വാസമാണെന്നും വേദവിപരീതമാണെന്നും അബദ്ധജഡിലമാണെന്നും പഠിപ്പിച്ചിരുന്ന ഫെൻ, മിഷണറിമാരും പുത്തൻകൂറ്റുകാരും യോജിച്ചു പ്രവർത്തിക്കേണ്ടതിന്റെ ആവശ്യം വ്യക്തമാക്കി. കുർബാന തക്സായും ശുശ്രൂഷക്രമങ്ങളും പാടേ പരിഷ്ക്കരിക്കുക, പരിശുദ്ധ കന്യകാമാതാവിനോടും പരിശുദ്ധന്മാരോടുമുള്ള മധ്യസ്ഥപ്രാർഥനകൾ പാടേ നീക്കിക്കളയുക, വൈദികരെ വിവാഹം കഴിക്കാൻ അനുവദിക്കുക, ആരാധനക്രമം മലയാളത്തിലാക്കുക, ആചാരാനുഷ്ഠാനങ്ങളിൽ പ്രോട്ടസ്റ്റന്റിസത്തിന്റെ വെളിച്ചത്തിൽ നവീകരണം വരുത്തുക എന്നീ സംഗതികൾ ഫെൻ ഊന്നിപ്പറഞ്ഞു. ആരാധനാരീതിയെയും ആചാരാനുഷ്ഠാനങ്ങളെയും പറ്റി പര്യാലോചിക്കാൻ ഒരു കമ്മറ്റി ഉണ്ടാക്കണമെന്നു തീരുമാനിച്ചു പിരിഞ്ഞു.

പുത്തൻ കൂറ്റുകാരുടെ സഭയിൽ കടന്നു കൂടിയ വേദവിപരീതങ്ങൾ നീക്കാനുള്ള മിഷണറിമാരുടെ ആഹ്വാനം അവരുടെ പോക്ക് എങ്ങോട്ടാണെന്ന് ചിന്തിക്കാൻ പലരെയും പ്രേരിപ്പിച്ചു. മിഷണറിമാർ ഈ സഭയുടെ നേതാക്കന്മാർ എന്ന നിലയിലാണ് വർത്തിച്ചിരുന്നത്. സമ്പാദിച്ച ചില സ്വത്തുക്കൾ മിഷണറിമാർക്കും മെത്രാനും പൊതുവായിരുന്നു. 1818-ലെ യോഗത്തിനുശേഷം, മിഷണറിമാരുമായി തുടർന്ന് സഹകരിക്കുന്നതിനെ പറ്റി പര്യാലോചിക്കാൻ ആറു വൈദികരടങ്ങുന്ന ഒരു കമ്മറ്റി മാവേലിക്കര വച്ച് രൂപീകൃതമായി. പുന്നത്ര മാർ ദിവന്നാസ്യോസ് നവീകരണസംരംഭങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനം നൽകാൻ തയാറായിരുന്നു. അതിന്റെ ഫലമായി മിഷണറിമാരും പുത്തൻകൂറ്റുകാരും തമ്മിൽ തുടർന്നും മൈത്രിയിൽ തന്നെ



മുന്നോട്ടുപോയി. മിഷണറിമാരാകട്ടെ, നവീകരണാശയങ്ങൾ പുത്തൻകൂർ പള്ളികളിൽ തുടർന്നും പ്രചരിപ്പിച്ചുകൊണ്ടിരുന്നു. എന്നാൽ ഇതിനെല്ലാം പിൻതുണ നൽകിക്കൊണ്ടിരുന്ന കേണൽ മൺട്രോയ്ക്ക് 1819-ൽ റസിഡന്റ് സ്ഥാനം രാജിവയ്ക്കേണ്ടിവന്നു. പുന്നത്ര മാർ ദിവന്നാസ്യോസ് 1825-ൽ കോളറ ബാധമൂലം മരിച്ച് കോട്ടയം ചെറിയ പള്ളിയിൽ സംസ്ക്കരിക്കപ്പെട്ടു. ഇവ പരസ്പര സഹകരണത്തെ സാരമായി ബാധിച്ചു. ഇരുകൂട്ടരും തമ്മിൽ പിണങ്ങിപ്പിരിയേണ്ട സാഹചര്യം ഉടലെടുത്തു. അതിന് നേതൃത്വം നൽകിയത് തുടർന്നു ഭരിച്ച ചേപ്പാട്ട് മാർ ദിവന്നാസ്യോസായിരുന്നു.

## ചേപ്പാട്ടു മാർ ദിവന്നാസ്യോസ് (1825-1855)

തൊഴിയൂർ മാർ പീലക്സീനോസാണ് ഇദ്ദേഹത്തെയും വാഴിച്ചത്. ആംഗ്ലിക്കൻ മിഷണറിമാർ ഇക്കാലമായപ്പോഴേക്കും സുറിയാനിക്കാരുടെ ഇടയിൽ വളരെയധികം സ്വാധീനം ചെലുത്തിക്കഴിഞ്ഞു. വളരെയധികം ജനങ്ങൾ പ്രോട്ടസ്റ്റന്റ് നവീകരണചിന്ത സ്വീകരിച്ചു. പഴയ സെമിനരിയിലെ പല വൈദികരെയും ഗണ്യമായി സ്വാധീനിക്കാനും മിഷണറിമാർക്കു കഴിഞ്ഞു. ഈ പശ്ചാത്തലത്തിൽ, മിഷണറിമാരെ നിയന്ത്രിക്കണമെന്ന ചിന്ത ചേപ്പാട്ട് മാർ ദിവന്നാസ്യോസിനുണ്ടായി. ആദ്യകാല മിഷണറിമാർക്കു പകരം വന്ന പീറ്റ് (1833), വുഡ്കോക്ക് (1834) എന്നിവർ യാക്കബായാസഭയെ പരസ്യമായി വിമർശിക്കുകയും പ്രോട്ടസ്റ്റന്റിസത്തിലേക്ക് ഈ സഭയെ തിരിച്ചുവിട്ട് ആംഗ്ലിക്കൻ സഭയിൽ ലയിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. അവിവാഹിതരായിരുന്ന 150-ഓളം പുത്തൻകൂർ വൈദികരിൽ 40 പേർ മിഷണറിമാരുടെ പ്രേരണയാൽ 400 രൂപാവീതം പ്രതിഫലം പറ്റിക്കൊണ്ട് വിവാഹിതരായി. ഇക്കാലത്ത് ജോൺ ടക്കർ എന്ന ഇംഗ്ലീഷുകാരൻ ഇവിടെയെത്തി ഇവിടുത്തെ സഭയെ പറ്റിയുള്ള വിവരങ്ങൾ ഇംഗ്ലണ്ടിലെ സഭാധികാരികൾക്ക് 1835-ൽ നൽകി. പ്രസ്തുത വർഷം തന്നെ കൽക്കട്ടായിലെ ആംഗ്ലിക്കൻ ബിഷപ്പ് ദാനിയേൽ വിത്സൻ പരസ്പര സഹകരണമേഖലകൾ തേടി കേരളത്തിലെത്തി. മാർ ദിവന്നാസ്യോസുമായി ചർച്ച നടത്തി. കുറേ നിർദേശങ്ങളും വച്ചു. ഒരു സഭാസിനഡുകൂടി ഇതേപ്പറ്റി ആലോചിക്കാമെന്ന് വിൽസനെ മാർ ദിവന്നാസ്യോസ് അറിയിച്ചു.

തദനുസരണം മാവേലിക്കര വച്ച് 1836-ൽ ഒരു സിനഡു കൂടി. പുത്തൻകൂർ-സി.എം.എസ്. ബന്ധം ചർച്ചാവിഷയമായി. ആംഗ്ലിക്കൻ സഭയുമായുള്ള ബന്ധം സമുദായത്തിന് ദോഷകരമാണെന്ന ചിന്തയ്ക്ക് മുൻതൂക്കം ലഭിച്ചു. അവരുമായുള്ള ബന്ധം അവസാനിപ്പിക്കണമെന്ന് അവിടെ വച്ച് തീരുമാനിച്ചു. അന്ത്യോക്യൻ യാക്കോബായ സഭയുടെ ലിറ്റർജിക്കൽ - താത്വിക പഠനങ്ങൾ പുത്തൻകൂറ്റുകാരുടെ പ്രബോധനമായി യോഗം അംഗീകരിച്ചു.

മിഷണറിമാരുടെ അമിത സ്വാധീനവും നവീനോപദേശങ്ങളുമാണ് അന്ത്യോക്യൻ യാക്കോബായാ പക്ഷത്തേക്ക് പുത്തൻകൂറ്റുകാരെ കൂടുതൽ അടുപ്പിച്ചത്. സാന്ദർഭികമായി ഒരു യാക്കോബായാ മെത്രാൻ 1665-ൽ ഇവിടെ വന്നു. പിന്നെ ഇടയ്ക്കിടെ അന്ത്യോക്യൻ യാക്കോബായാ മെത്രാന്മാർ വന്നു എന്നതൊഴിച്ചാൽ മലങ്കരയിലെ പുത്തൻകൂർ സഭയിൽ അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസിന് ആത്മീയോമോ, ലൗകികമോ ആയ യാതൊരധികാരവും ഇല്ലായിരുന്നു. മലങ്കരസഭ ഒരിക്കലും അന്ത്യോക്യൻ യാക്കോബായ സഭയുടെ ഭാഗമല്ലായിരുന്നു. എന്നാൽ 1815 മുതൽ 1836 വരെയുള്ള ചുരുങ്ങിയ കാലയളവിൽ ഉണ്ടായ പുത്തൻകൂർ -സി. എം. എസ്. ബന്ധം പുത്തൻകൂർ സമുദായത്തെ പ്രോട്ടസ്റ്റന്റിസത്തിലേക്ക് വലിച്ചിഴയ്ക്കുന്നു എന്നു ബോധ്യമായ സഭാനേതാക്കന്മാർ, അതിൽ നിന്നു സഭയെ രക്ഷിച്ച് പുരാതന വിശ്വാസം സംരക്ഷിക്കാനായി അന്ത്യോക്യൻ യാക്കോബായ പാത്രിയർക്കീസിനോട് കൂടുതലായി അടുത്തു.

അന്ത്യോക്യൻ യാക്കോബായാ സുറിയാനിക്കാരുടെ പഠിത്തവും വിശ്വാസവും ക്രമങ്ങളും തങ്ങളുടേതാണ്, മറ്റൊന്നും സ്വീകാര്യമല്ല എന്ന നിലപാട് മാവേലിക്കര സിനഡിൽ കൂടിയവരിൽ ഭൂരിഭാഗവും എടുത്തു. അപ്രകാരം രേഖയും എഴുതിവച്ചു. *മാവേലിക്കര പടിയോല* എന്ന് ഈ രേഖ അറിയപ്പെടുന്നു.

## കൊച്ചി പഞ്ചായക്കോടതിയും കൊച്ചിൻ അവാർഡും *ട്രസ്റ്റി സിസ്റ്റവും* വേർപിരിയലും

ഒന്നിച്ചു മുന്നോട്ട് പോകുക അസാധ്യമെന്നു മിഷണറിമാർക്ക് ബോധ്യമായി. പൊതുവായുണ്ടായിരുന്ന വസ്തുക്കൾ ഭാഗംവച്ചു പിരിയാൻ ഇരുകൂട്ടരും നിർബന്ധിതരായി. സഭാസ്വത്തുക്കളെ പറ്റി തർക്കമുണ്ടായി. തർക്കം പരിഹരിക്കാൻ മൂന്നു യൂറോപ്യന്മാരടങ്ങിയ ഒരു കമ്മിറ്റിയെ വച്ചു. *കൊച്ചി പഞ്ചായക്കോടതി* എന്ന് ഈ കമ്മറ്റി അറിയപ്പെടുന്നു. കോടതിവിധി 1840 ഏപ്രിൽ നാലിനുണ്ടായി. *കൊച്ചിൻ അവാർഡ്* എന്നാണ് ഇത് അറിയപ്പെടുന്നത്. സെമിനരിയും വട്ടിപ്പണവും കടമറ്റം നിലവും മറ്റു ചില സ്വത്തുക്കളും സുറിയാനക്കാർക്കു ലഭിച്ചു. മൺട്രോ തുരുത്തും സെമിനരിക്ക് ലഭിച്ച 20,000 രൂപായും കോട്ടയം ഇംഗ്ലീഷ് സ്ക്കൂളും മിഷണറിമാർക്ക് ലഭിച്ചു. മെത്രാപ്പോലീത്തായും സുറിയാനിക്കാരുടെ യോഗം നിശ്ചയിക്കുന്ന ഒരു പട്ടക്കാരനും ഒരു അൽമായനും കൂടി സെമിനരിയുടെയും വട്ടിപ്പണത്തിന്റെയും മറ്റും അവകാശം നടത്തിക്കൊണ്ടുപോകണമെന്ന് വിധിയിൽ തീരുമാനിച്ചിരുന്നു. അങ്ങനെയാണ് യാക്കോബായാ സ്വത്തുക്കൾ ഒരു ട്രസ്റ്റിന്റെ കീഴിലാകുന്നതും *ട്രസ്റ്റി സിസ്റ്റം* ഉണ്ടാകാൻ ഇടയായതും. തുടർന്ന് സി.എം.എസ്. കാർ ഇപ്പോൾ സി.എം.എസ്.കോളേജ് ഇരിക്കുന്ന സ്ഥലത്ത് ഒരു പുതിയ സെമിനരി തുടങ്ങി. അത് പുത്തൻസെമിനരി ആയി. അങ്ങനെ ആദ്യത്തേത് *പഴയ സെമിനരിയായി.* ഇങ്ങനെയാണ് പുത്തൻകൂർ സമുദായവും ആംഗ്ലിക്കൻകാരും തമ്മിൽ ബന്ധം പിരിഞ്ഞത്.



അക്കാലത്ത് ഏതാണ്ട് 6000 സുറിയാനിക്കാർ സി.എം.എസ്. കാരുടെ കൂടെ ചേർന്നു എന്ന് പറയപ്പെടുന്നു. അവരിൽ മിക്കവരും ഇപ്പോൾ കോട്ടയം മധ്യകേരള സി.എസ്.ഐ. മഹാഇടവകയിലാണ്.

M. E. Gibbs,*The Anglican Church in India 1600-1970,* Delhi 1972.
W. S. Hunt,*The Anglican Church in Travancore and Cochin 1816-1916*, Kottayam,1933.

# 12

# മലങ്കര യാക്കോബായ സുറിയാനിസഭ (1840–1876)

സി.എം.എസ്. മിഷണറിമാരുമായുള്ള ബന്ധം അവസാനിപ്പിച്ചെങ്കിലും പ്രോട്ടസ്റ്റന്റ് ആശയങ്ങൾ സ്വീകരിച്ച പല പട്ടക്കാരും ജനങ്ങളും യാക്കോബായാ സഭയിൽ തന്നെ തുടർന്നു. അങ്ങനെ നിന്നവർക്ക് നേതൃത്വം കൊടുത്ത ആളാണ് പാലക്കുന്നത്ത് അബ്രഹാം മൽപ്പാൻ (+1845). മിഷണറിമാരുടെ നിർദേശാനുസരണം 400 രൂപാ പ്രതിഫലം പറ്റി വിവാഹിതരായ പട്ടക്കാരിൽ ഒരാളായിരുന്നു അദ്ദേഹം. എട്ടാം മാർതോമായിൽ നിന്നാണ് അദ്ദേഹം കൈവയ്പ്പ് സ്വീകരിച്ചത്. എന്നാൽ എട്ടാം മാർതോമായുടെ പട്ടത്തെ പറ്റി സംശയം ഉണ്ടായതിനാൽ പരദേശത്തു നിന്ന് 1825–ൽ കേരളത്തിൽ വന്ന ഒരു അത്തനാസ്യോസിൽ നിന്ന് എല്ലാ പട്ടങ്ങളും ഒന്നുകൂടി വാങ്ങി. പഴയ സെമിനരിയിലെ മൽപ്പാനായിരുന്ന അദ്ദേഹം അവിടെ വച്ചാണ് പ്രോട്ടസ്റ്റന്റിസവുമായി ബന്ധപ്പെടുന്നത്.

നവീകരണം ലക്ഷ്യം വച്ചുകൊണ്ട് മറ്റു പതിനൊന്നു പട്ടക്കരോടുകൂടി മൽപ്പാൻ മദ്രാസിലെ റസിഡന്റ് കേണൽ ഫ്രെയിസറിന് 1836–ൽ ഒരു നിവേദനം സമർപ്പിച്ചു. അന്നത്തെ മെത്രാനായിരുന്ന ചേപ്പാട്ട് മാർ ദിവന്നാസ്യോസിന് എതിരായിരുന്നു മെമ്മോറാണ്ടം. മിഷണറിമാരുമായുള്ള സഹകരണം തുടരണമെന്നാഗ്രഹിച്ച വ്യക്തിയായിരുന്നു മൽപ്പാൻ. മലങ്കരയിലെ യാക്കോബായാ തക്സാ പരിഷ്ക്കരിക്കാൻ മിഷണറിമാർ നിയമിച്ച കമ്മറ്റിയിൽ മൽപ്പാനായിരുന്നു മുഖ്യൻ. മൽപ്പാൻ പ്രോട്ടസ്റ്റന്റിസത്തിന്റെ വെളിച്ചത്തിൽ തക്സാ പരിഷ്ക്കരിച്ചു. ആ തക്സാ ഉപയോഗിച്ച് പഴയ സെമിനരിയിലും പള്ളത്തും കൊല്ലാടും മാരാമണ്ണും മൽപ്പാൻ കുർബാന ചൊല്ലി. ഉടനെ മാർ ദിവന്നാസ്യോസ് മാരമണ്ണ്പള്ളിക്കാരെയും മൽപ്പാനെയും മുടക്കി. മൽപ്പാൻ പഠിപ്പിച്ച 18 ശെമ്മാശ്ശന്മാർക്ക് പട്ടം കൊടുക്കാൻ വിസമ്മതിച്ചു. അവരിൽ പാലക്കുന്നത്ത് മാത്തൻ ശെമ്മാശ്ശനും ഉൾപ്പെടുന്നു.



## മാത്യൂസ് മാർ അത്തനാസ്യോസ് (1843–1877)

അബ്രഹാം മൽപ്പാന്റെ സഹോദരപുത്രനായിരുന്നു മാത്തൻ ശെമ്മാശ്ശൻ. നവീകരണ ശ്രമങ്ങൾക്ക് നേതൃത്വം നൽകുന്ന ഒരു മെത്രാൻ വേണമെന്നു ചിന്തിച്ച് അബ്രഹാം മൽപ്പാനും അനുയായികളും മാത്തനെ 1841–ൽ പശ്ചിമേഷ്യയിലെ യാക്കോബായാ പാത്രിയർക്കീസ് മാർ ഏലിയാസ് രണ്ടാമന്റെ പക്കലേക്ക് അയച്ചു. പാത്രിയർക്കീസ് മാത്തനെ 1842–ൽ മെത്രാനാക്കി അധികാരപത്രങ്ങളോടുകൂടി കേരളത്തിലേക്ക് അയച്ചു. അന്ത്യോക്യാ യാക്കോബായാ പാത്രിയർക്കീസ് നേരിട്ട് മലങ്കരയിൽ ഒരാൾക്ക് മെത്രാൻപട്ടം കൊടുക്കുന്ന ആദ്യസംഭവമാണിത്. മാത്യൂസ് മാർ അത്തനാസ്യോസ് എന്ന പേരിൽ ഈ മെത്രാൻ മലങ്കരയിൽ അറിയപ്പെട്ടു. അദ്ദേഹം 1843–ൽ കേരളത്തിലെത്തി.

ചേപ്പാട്ട് മാർ ദിവന്നാസ്യോസ് നിയമാനുസൃത മെത്രാനായി മലങ്കരസഭയിലെ പുത്തൻകൂറ്റുകാരെ ഭരിക്കുമ്പോഴത്രേ മാത്യൂസ് മാർ അത്തനാസ്യോസ് ഇവിടെ എത്തിയത്. തുടർന്ന് അവരിരുവരും അധികാര വടംവലികൾ ആരംഭിച്ചു. പുതിയൊരു കക്ഷിയുണ്ടാക്കി അതിന്റെ മേലധ്യക്ഷനായി മാത്യൂസിനെ അവരോധിക്കാനായിരുന്നു മൽപ്പാന്റെ പദ്ധതി. എന്നാൽ മലങ്കര യാക്കോബായാ സഭയുടെ മെത്രാപ്പോലീത്താ ആയി ഭരിക്കാനാണ് മാത്യൂസ് പരിശ്രമിച്ചത്. മാത്യൂസിനെതിരെ മാർ ദിവന്നാസ്യോസ് പാത്രിയർക്കീസിന്റെ പക്കൽ പരാതിപ്പെട്ടു. തദ്ഫലമായി യൊവാക്കിം മാർ കൂറില്ലോസ് എന്ന യാക്കോബായാ മെത്രാൻ പശ്ചിമേഷ്യയിൽ നിന്ന് 1846–ൽ ഇവിടെ വന്നു. സ്ഥിതിഗതികൾ പഠിച്ച് കുറ്റക്കാരനെന്നു കണ്ടാൽ മാത്യൂസിനെ മുടക്കാനും പകരം മറ്റൊരാളെ നിയമിക്കേണ്ടി വന്നാൽ അധികാര പത്രം നൽകാനും ഒപ്പും മുദ്രയും വച്ച് എഴുതാത്ത കടലാസുകൾ കൂറില്ലോസിനെ പാത്രിയർക്കീസ് ഏൽപ്പിച്ചിരുന്നു. അധികാര വടംവലിയിൽ പരാജയപ്പെട്ടേക്കുമോ എന്നു കണ്ട് മാർ ദിവന്നാസ്യോസ് ഭരണാധികാരം മാർ കൂറില്ലോസിനെഏൽപ്പിച്ചു. അതിനുള്ള കൽപ്പന പാത്രിയർക്കീസ് അയക്കുകയും ചെയ്തെന്ന് ചിലർ പറയുന്നു. തന്നെ പാത്രിയർക്കീസ് നിയമിച്ചിരിക്കുന്നു എന്ന്, കൊണ്ടുവന്ന കടലാസിൽ കൂറില്ലോസ് സ്വന്തമായി എഴുതി പ്രസിദ്ധപ്പെടുത്തി. തുടർന്ന് കൂറില്ലോസും മാർ അത്തനാസ്യോസും തമ്മിൽ കേസ് നടന്നു.

### *കൊല്ലം പഞ്ചായക്കോടതി*

മാർ ദിവന്നാസ്യോസ് അധ്യക്ഷസ്ഥാനം കൂറില്ലോസിന് കൈമാറിയെന്നു കാണിച്ച് 1846 ചിങ്ങം 30–ന് ബ്രിട്ടീഷ് റസിഡന്റിനെ അറിയിച്ചു. മാർ അത്തനാസ്യോസ് 1846–ൽ ഇതിനെതിരെ പരാതി ബോധിപ്പിച്ചു. ഇതിന്മേൽ തീർപ്പു

കൽപ്പിക്കുന്നതിന് റസിഡന്റിന്റെ ശുപാർശപ്രകാരം തിരുവിതാംകൂർ സർക്കാർ ഒരു കമ്മറ്റിയെ നിയമിച്ചു. രണ്ടു യൂറോപ്യന്മാരും രണ്ടു നാട്ടുകാരുമായിരുന്നു കമ്മറ്റി അംഗങ്ങൾ. കൊല്ലവർഷം 1023 മീനം 4-ന് കൊല്ലത്തു വച്ച് മീറ്റിംഗ് കൂടി. *കൊല്ലം പഞ്ചായക്കോടതി* എന്ന് ഇത് അറിയപ്പെടുന്നു. വിസ്താരം തുടങ്ങിയപ്പോൾ ഇരുകൂട്ടരും അവരവരുടെ തെളിവുകൾ ഹാജരാക്കി. മാർ അത്തനാസ്യോസിനെ മെത്രാനായി കിട്ടണമെന്ന് കൊല്ലം മുതലായ 25 പള്ളികളിലെ പട്ടക്കാരും യോഗവും കൂടി എഴുതിയ ഹർജിയും മാർ കൂറില്ലോസിനെ മെത്രാനായി കിട്ടണമെന്ന് കോട്ടയം വലിയപള്ളി മുതലായ 39 പള്ളികളിലെ പട്ടക്കാരും യോഗവും കൂടി എഴുതിയ ഹർജിയും കോടതിയിൽ സമർപ്പിച്ചു. കോടതി മാർ അത്തനാസ്യോസിന് അനുകൂലമായി 1848-ൽ വിധി പ്രസ്താവിച്ചു *കൊല്ലം പഞ്ചായവിധി അഥവാ കൊല്ലം കമ്മറ്റിവിധി* എന്ന് ഇത് അറിയപ്പെടുന്നു. 1852-ൽ തിരുവിതാംകൂർ രാജാവും 1853-ൽ കൊച്ചീരാജാവും ഈ വിധി അംഗീകരിച്ച് വിളംബരം പ്രസിദ്ധപ്പെടുത്തി. മാത്യൂസ് മാർ അത്തനാസ്യോസ് മലങ്കര മെത്രാപ്പോലീത്താ ആയി 1853-ൽ ഭരണം ആരംഭിച്ചു. മാർ ദിവന്നാസ്യോസ് ചേപ്പാട്ട് പള്ളിയിലും മാർ കൂറില്ലോസ് കൊച്ചിയിലെ ഒരു പള്ളിയിലും താമസമാക്കി.

### *മലങ്കര കാനൻ*

ഏലിയാസ് പാത്രിയർക്കീസ് 1847-ൽ മരിച്ചു. അദ്ദേഹത്തിന്റെ പിൻഗാമിയായി യാക്കൂബ് രണ്ടാമൻ പാത്രിയർക്കീസ് സ്ഥാനമേറ്റു. യാക്കൂബ് പാത്രിയർക്കീസാണ് പേർഷ്യയിലെ മഫ്രിയാൻസ്ഥാനം 1860/3-ൽ നിർത്തലാക്കിയത്. സഭാസംബന്ധമായ സംഗതികളിൽ ഇടപെടുന്നതല്ല എന്ന ബ്രിട്ടീഷ് ഗവർമെന്റിന്റെ നയമനുസരിച്ച്, മേലിൽ ഇത്തര സംഗതികൾ തീരുമാനിക്കേണ്ടത് പാത്രിയർക്കീസാണെന്ന് 1857 മെയ് 13-ന് ഒരുത്തരവുണ്ടായി. 1857-ൽ മാത്യൂസ് മാർ അത്തനാസ്യോസ് ഒരു കാനൻ സംഹിത ഉണ്ടാക്കി. *മാർ തോമാശ്ലീഹായുടെ ഇടവകയാകുന്ന മലങ്കര സുറിയാനി സഭയുടെ കാനോൻ.* ഈ കാനോനിൽ പാത്രിയർക്കീസിന് മലങ്കരയിൽ യാതൊരു സ്ഥാനവും കൊടുത്തിട്ടില്ല. പാത്രിയർക്കീസിന്റെ പിൻതുണ കിട്ടില്ലെന്നു കണ്ടതു കൊണ്ടാണ് പാത്രിയർക്കീസിനെ പറ്റി പരാമർശിക്കാഞ്ഞത്. സെമിനരിക്കേസിൽ ഈ കാനോനാണ് മാർ അത്തനാസ്യോസിന്റെ കക്ഷിക്കാർ കോടതിയിൽ ഹാജരാക്കിയത്. യാക്കോബായക്കാരുമായുള്ള കേസിൽ അവതരിപ്പിക്കാൻ പിൽക്കാലത്ത് തോമസ് മാർ അത്തനാസ്യോസ് ഈ കാനൻ ഉണ്ടാക്കി മുൻകാല തീയതി വച്ച് അച്ചടിച്ചതാണെന്നും പറയപ്പെടുന്നു. ചേപ്പാട്ടു മാർ ദിവന്നാസ്യോസ് 1855-ൽ മരിച്ച് ചേപ്പാട്ട് പള്ളിയിൽ കബറടങ്ങി.



## പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് അഞ്ചാമൻ (1865-1909)

മാത്യൂസ് മാർ അത്തനാസ്യോസിന്റെ എതിർകക്ഷിക്കാർ പുലിക്കോട്ടിൽ യൗസേപ്പ് കത്തനാരെ പശ്ചിമേഷ്യയിലേക്ക് അയച്ച് അദ്ദേഹത്തെ മെത്രാനായി വാഴിക്കണമെന്ന് പാത്രിയർക്കീസിനോട് അപേക്ഷിച്ചു. മാർ ദിവന്നാസ്യോസ് എന്ന പേരിൽ മെത്രാനായി അദ്ദേഹം 1865-ൽ തിരികെ വന്നെങ്കിലും മാർ അത്തനാസ്യോസിൽ നിന്ന് അധികാരം കരസ്ഥമാക്കാൻ സാധിച്ചില്ല. അദ്ദേഹം 1866 ജൂൺ 25-ന് ദിവാന് കത്തയച്ചു. മതപരമായ കാര്യങ്ങളിൽ സർക്കാർ ഇടപെടുകയില്ലെന്ന് ദിവാൻ മറുപടി നൽകി. ഉടനെ മാർ ദിവന്നാസ്യോസ് മദ്രാസ് ഗവർണറായ നേപ്പിയറിന്റെ പക്കൽ അപ്പീൽ ബോധിപ്പിച്ചു.

ഈ നാട്ടിലുണ്ടായ പല പള്ളിത്തർക്കങ്ങളിലും തീർപ്പുണ്ടായ രീതി മാർ ദിവന്നാസ്യോസ് ചൂണ്ടിക്കാട്ടി. അതായത്, *അഭിപ്രായവ്യത്യാസം ഉണ്ടായപ്പോഴൊക്കെ യോഗംകൂടി ഭൂരിപക്ഷാഭിപ്രായം മാനിക്കുന്ന രീതിയാണ് മലങ്കരയിലുള്ളത്.* തദനുസൃതം ഓർഡർ ഉണ്ടാകണമെന്നായിരുന്നു ഹർജി. എന്നാൽ ദിവാന്റെ ഉത്തരവ് നേപ്പിയർ അംഗീകരിക്കയാണ് ചെയ്തത്. അതായത്, മതസംഗതികളിൽ സർക്കാർ ഇടപെടുകയില്ല.

മാർ ദിവന്നാസ്യോസാകട്ടെ പാത്രിയർക്കീസിന്റെ പക്കൽ തുടരെത്തുടരെ എഴുതിക്കൊണ്ടിരുന്നു. ഇക്കാലത്താണ് പശ്ചിമേഷ്യയിൽ നിർത്തലാക്കിയ മഫ്രിയാനേറ്റ് മലങ്കരയിൽ സ്ഥാപിക്കണമെന്ന് കാണിച്ച് കോനാട്ടു മൽപ്പാൻ പാത്രിയർക്കീസിന് എഴുതിയതും വളരെ നിഷേധാത്മകമായ മറുപടി പാത്രിയർക്കീസിൽ നിന്ന് വന്നതും. മാർ അത്തനാസ്യോസ് 1868-ൽ അബ്രഹാം മൽപ്പാന്റെ മകനായ തോമസിനെ, തോമസ് മാർ അത്തനാസ്യോസ് എന്ന പേരിൽ സഹായമെത്രാനായി വാഴിച്ചു. യാക്കൂബ് രണ്ടാമൻ പാത്രിയർക്കീസ് മരിച്ചപ്പോൾ പത്രോസ് മൂന്നാമൻ യാക്കോബായാ പാത്രിയർക്കീസായി. അദ്ദേഹം 1875-ൽ കേരളത്തിൽ വന്ന് മുളന്തുരുത്തി സൂനഹദോസ് കൂടി.

---

*The Royal Court of Final Appeal,* Kottayam, 1975.

# 13

# മുളന്തുരുത്തി സൂനഹദോസും മാർത്തോമാ സഭാസ്ഥാപനവും

## മുളന്തുരുത്തി സൂനഹദോസ് (1876)

പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് ഇംഗ്ലണ്ടിൽ പോയി ബ്രിട്ടീഷ് അധികാരികളെ കണ്ടതിനു ശേഷമാണ് കേരളത്തിലേക്ക് തിരിച്ചത്. ഇൻഡ്യയിലെത്തി ഇവിടുത്തെ ബ്രിട്ടീഷ് അധികാരികളെയും തിരുവിതാംകൂർ രാജാവിനെയും സന്ദർശിച്ചു. അതിന്റെ ഫലമായി മാർ അത്തനാസ്യോസിന് അനുകൂലമായി നൽകിയിരുന്ന വിളംബരം 1876 കുംഭം 23-ന് രാജാവ് അസ്ഥിരപ്പെടുത്തി. മീനമാസത്തിൽ മുളന്തുരുത്തിയിൽ ഒരു സഭായോഗം വിളിച്ചുകൂട്ടി. മാർ ദിവന്നാസ്യോസിനെ മലങ്കര മെത്രാപ്പോലീത്താ ആയി നിയമിച്ചു. മാത്യൂസ് മാർ അത്തനാസ്യോസിനെയും തോമസ് മാർ അത്തനാസ്യോസിനെയും അനുയായികളെയും മുടക്കി.

പുത്തൻകൂർ സമുദായത്തെ യാക്കോബായാ പാത്രിയർക്കീസിന്റെ കീഴിലാക്കിയതും ഈ സഭ യാക്കോബായാ സഭയുടെ ഭാഗമായതും യാക്കോബായാ നാമം അവരുടെ സ്വന്തമായതും ഈ സിനഡോടു കൂടിയാണ്. പാത്രിയർക്കീസിന് മലങ്കരയിൽ ആത്മിയവും ലൗകികവുമായ അധികാരങ്ങൾ ഉറപ്പിക്കാൻ പറ്റിയ നിയമങ്ങളും ക്രമീകരണങ്ങളും രൂപീകരിച്ചു. പാത്രിയർക്കീസിന്റെ നേരിട്ടുള്ള അധീശത്വത്തിൻ കീഴിലായിരുന്നു പുരാതനകാലം മുതലേ മലങ്കരസഭ എന്ന ചിത്രം അവതരിപ്പിച്ചു. നൂറിൽ പരം പള്ളികളിൽ നിന്ന് 300-ലധികം പ്രതിനിധികൾ ഇതിൽ സംബന്ധിച്ചു. അവരിൽ ഭൂരിഭാഗം പേരും പാത്രിയർക്കീസിന് കീഴ്‌വഴങ്ങി.

പുത്തൻ കൂറ്റുകാരുടെ മലങ്കര ഇടവകയെ കൊല്ലം, തുമ്പമൺ, കോട്ടയം, അങ്കമാലി, കണ്ടനാട്, കൊച്ചി, നിരണം എന്നിങ്ങനെ ഏഴു രൂപതകളായി തിരിച്ചു. പുതുതായി ആറ് മെത്രാന്മാരെ വാഴിച്ച് രൂപതകൾ ഏൽപ്പിച്ചു. പാത്രിയർക്കീസിന് സമസ്താധികാരവും ഉണ്ടെന്ന് അംഗീകരിക്കുന്ന ഉടമ്പടി അവ



രിൽ നിന്ന് എഴുതി വാങ്ങിയ ശേഷമാണ് അവർക്ക് പട്ടം കൊടുത്തത്. പരിശുദ്ധ പരുമല തിരുമേനിയും അക്കൂട്ടത്തിൽ പെടും. പാത്രിയർക്കസിന്റെ നേരിട്ടുള്ള ഉത്തരവാദിത്വത്തിൽ അവരെ നിയമിച്ച് സ്വന്തം അധികാരാവകാശങ്ങൾക്ക് ഉറപ്പു വരുത്തി.

മലങ്കര മെത്രാപ്പോലീത്തായുടെ അധികാരം കുറയ്ക്കാനായി *സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും മാനേജിംഗ് കമ്മിറ്റിയും* ഉണ്ടാക്കി. മലങ്കര ഓർത്തഡോക്സ് സഭയിൽ ഇപ്പോഴുള്ള *സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെയും മാനേജിംഗ് കമ്മറ്റിയുടെയും* തുടക്കം ഇവിടെയാണ്. അതുപോലെ അന്ത്യോക്യൻ ലിറ്റർജി പൂർണമായി പുത്തൻകൂർ പള്ളികളിൽ നടപ്പാക്കിയതും ഇക്കാലത്താണ്.

### യാക്കോബായാ നാമം

തങ്ങളാണ് *യഥാർഥ യാക്കോബായക്കാർ* എന്ന് തുടർന്നുള്ള കോടതിക്കേസുകളിൽ മാർ ദിവന്നാസ്യോസിന്റെ പക്ഷക്കാർ വാദിച്ചു കൊണ്ടിരുന്നു. മലങ്കരസഭയിൽ യാതൊരധികാരവുമില്ലാതിരുന്ന അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസ് മുളന്തുരുത്തി സൂനഹദോസോടുകൂടി ഈ സഭയുടെ അധ്യക്ഷനായി. മിക്ക മലങ്കരക്കാരും ഒരിക്കലും ആഗ്രഹിക്കാത്ത ഒന്നായിരുന്നിത്. എന്നാൽ ഇവിടെയുള്ള കലഹങ്ങളിൽ പാത്രിയർക്കീസ് ഇടപെട്ട് അതിൽ നിന്ന് മുതലെടുക്കുകയും മലങ്കരയിലെ പുത്തൻകൂറ്റുകാരുടെ സഭയെ യാക്കോബായാ സഭയുടെ ഭാഗമാക്കുകയും ചെയ്തു.

അന്ത്യോക്യൻ സഭയുടെ ആരാധനക്രമങ്ങളും നിയമസംഹിതയും പ്രബോധനങ്ങളും ഇവിടെ നടപ്പാക്കി. പഴയകൂർ സമുദായത്തിലെ മാർതോമാ നസ്രാണികളിൽ നിന്ന് പുത്തൻകൂറ്റുകാരെ അകറ്റുന്നതിലും ഈ സിനഡിനും ഈ പാത്രിയർക്കീസിനും നിർണായക പങ്കുണ്ടായിരുന്നു. റോമാ മാർപാപ്പായോടുള്ള വിദ്വേഷം ജനങ്ങളിൽ ജനിപ്പിക്കാൻ ഉതകുന്ന വിധമുള്ള പ്രബോധനങ്ങളിലേക്കും അന്ത്യോക്യക്കാർ മലങ്കരസഭയെ വലിച്ചിഴച്ചു.

മലങ്കരയിലെ പള്ളികളെല്ലാം പാത്രിയർക്കീസിന്റെ കീഴിലാണെന്ന് സമ്മതിക്കുന്ന ഉടമ്പടി ഉണ്ടാക്കാൻ പാത്രിയർക്കീസ് പരിശ്രമിച്ചെങ്കിലും പൂർണമായി നടന്നില്ല. അദ്ദേഹം പല ഇടവകകളും സന്ദർശിച്ചു. അവശേഷിച്ച പൗരസ്ത്യസുറിയാനി പാരമ്പര്യങ്ങളും ആരാധനാരീതികളും നിർത്തലാക്കി. അങ്ങനെ സമുദായത്തെ മൊത്തത്തിൽ പുതിയൊരു വഴിക്ക് തിരിച്ചുവിട്ടു. 1877-ൽ പാത്രിയർക്കീസ് തിരികെ പോയി. ആ വർഷം തന്നെ മാത്യൂസ് മാർ അത്തനാസ്യോസ് മരിച്ചു.

## സെമിനരിക്കേസ് (1879-1889)

മാത്യൂസ് മാർ അത്തനാസ്യസിന്റെ കൈവശത്തിലിരുന്ന പള്ളികളും സെമിനരിയും പിടിച്ചെടുക്കാൻ പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് ശ്രമം തുടങ്ങി. അദ്ദേഹം 1879-ൽ ആലപ്പുഴ ജില്ലാകോടതിയിൽ തോമസ് മാർ അത്തനാസ്യോസിന് എതിരായി കേസ് ഫയൽ ചെയ്തു. പഴയ സെമിനരിക്കുവേണ്ടിയായിരുന്നു കേസ്. അപ്പോഴും സെമിനരി മാത്യൂസ് മാർ അത്തനാസ്യോസിന്റെ അനുയായികളുടെ കൈവശത്തിലായിരുന്നു. അതിനു ബദലായി പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് 1872-ൽ തുടങ്ങിയതാണ് പരുമല സെമിനരി. പല വിധികൾക്കുശേഷം 1889-ൽ തിരുവിതാംകൂർ റോയൽ കോടതിയിൽ നിന്ന് പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസിന് അനുകൂലമായ വിധിയുണ്ടായി. പ്രധാനപ്പെട്ട വിധിന്യായങ്ങൾ:

1. മലങ്കര സഭയുടെ തലവൻ അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസാകുന്നു.

2. പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസാണ് അംഗീകൃത മലങ്കര മെത്രാപ്പോലീത്താ.

3. അതുകൊണ്ട് അദ്ദേഹമാണ് സഭയുടെ ഭൗതികസ്വത്തുക്കളുടെ നിയമാനുസൃത സംരക്ഷകൻ.

4. മാത്യൂസ് മാർ അത്തനാസ്യോസിനെ പാത്രിയർക്കീസ് മുടക്കിയതിനാൽ, അദ്ദേഹത്തിന്റെ അനുയായികൾക്ക് ഈ സഭയുടെ ഭൗതികവസ്തുക്കളുടെ മേൽ യാതൊരധികാരവുമില്ല.

## മാർതോമാ സഭാസ്ഥാപനം (1889)

എന്നാൽ സാക്ഷാൽ യാക്കോബായക്കാർ തങ്ങളാണെന്നായിരുന്നു തോമസ് മാർ അത്തനാസ്യോസും കൂട്ടരും വാദിച്ചിരുന്നത്. കേസിൽ തോറ്റ അവർ സർവ സ്വത്തുക്കളും പഴയ സെമിനരിയും ഉപേക്ഷിച്ച് മാരാമൺ വന്നു താമസിച്ചു. താമസിയാതെ *നവീകരണകക്ഷി* എന്ന പേരിൽ തന്റെ അനുയായികളെ സംഘടിപ്പിച്ചു. പിന്നീട് *മാർതോമാ സുറിയാനിസഭ* എന്ന് അവർ പേരുമാറ്റി. മാർതോമാ സഭയ്ക്ക് ബാഹ്യരീതിയിൽ യാക്കോബായാ സഭയോട് സാമ്യമുണ്ടെങ്കിലും, വിശ്വാസവിഷയങ്ങളിൽ പ്രോട്ടസ്റ്റന്റുകാരോടാണ് കൂടുതൽ സാമ്യമുള്ളത്. മാർതോമാ സഭ പരിശുദ്ധന്മാരോടുള്ള മധ്യസ്ഥപ്രാർഥനയും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥനകളും നിർത്തിക്കളഞ്ഞു. വി.കുർബാന ബലിയാണെന്ന് അർഥമാക്കുന്ന വാക്കുകൾ കുർബാന തക്സായിൽ നിന്ന് നീക്കിക്കളഞ്ഞു.



## അവലോകനം

പത്രോസ് പാത്രിയർക്കീസിന്റെ പ്രവർത്തനം ഇവിടെ ഒരു പിളർപ്പുണ്ടാക്കി. അഥവാ ഇവിടെ ഉണ്ടായിരുന്ന അഭിപ്രായവ്യത്യാസം പറഞ്ഞു തീർത്ത് യേശുക്രിസ്തുവിന്റെ സ്നേഹത്തിലും ഐക്യത്തിലും യോജിപ്പിച്ചു കൊണ്ടുപോകാനല്ല അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസ് ശ്രദ്ധിച്ചത്. അറബി മുസ്ലീങ്ങളുടെ ഇടയിൽ മാത്രം ഒതുങ്ങി കഴിഞ്ഞിരുന്ന ഈ പശ്ചിമേഷ്യൻ മെത്രാന് വിശാലമായ കാഴ്ചപ്പാടോ, സഭയുടെ പൊതുനന്മയോ അല്ലായിരുന്നു ലക്ഷ്യം. പിന്നെയോ, തന്റെ കൂടെ നിൽക്കുന്ന ഒരു സമൂഹത്തെ മലങ്കരയിൽ രൂപീകരിക്കുക എന്നതായിരുന്നു. ഇതു തന്നെയാണ് മെനെസിസും പോർട്ടുഗീസുകാരും 1599-ൽ ഉദയംപേരൂർ സൂനഹദോസിൽ ചെയ്തത്. വിദേശിയരായ പാശ്ചാത്യരെല്ലാം സ്വന്തം താൽപര്യം സംരക്ഷിക്കുന്നതിൽ ശ്രദ്ധാലുക്കളായിരുന്നു. തുടർന്നുള്ള കാലഘട്ടത്തിലും മുടക്കിന്റെയും ശാപത്തിന്റെയും പിളർക്കലിന്റെയും തന്ത്രം അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസന്മാർ പ്രയോഗിച്ചിട്ടുണ്ട്. ഇതേ ആയുധം 1911-ലും 1975-ലും ഉപയോഗിച്ച് അന്ത്യോക്യക്കാർ പിളർപ്പുണ്ടാക്കി.

പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് കേസിനു ശേഷം പഴയസെമിനരിയിൽ താമസമാക്കി. അവിടെ കബറടങ്ങി. മലങ്കരയിൽ മെത്രാന്മാരാകുന്നവർക്ക് അന്ത്യോക്യൻ സഭയുടെ മേൽപ്പട്ടവും അധികാര നിയമനങ്ങളും ആവശ്യമാണെന്ന് മാർ ദിവന്നാസ്യോസും കൂട്ടരും കേസിൽ വാദിച്ചിരുന്നു. മുടക്കു കിട്ടിയ മാർ അത്തനാസ്യോസിനെ കേസിൽ തോൽപ്പിച്ച് സഭാസ്ഥാപനങ്ങൾ സ്വന്തമാക്കുന്നതിനായിരുന്നു അദ്ദേഹം ഇപ്രകാരം ചെയ്തത്. മുളന്തുരുത്തി സൂനഹദോസുവരെ അന്ത്യോക്യൻ സഭയുടെ ഭാഗമല്ലാതിരുന്ന മലങ്കരസഭയെ മാർ ദിവന്നാസ്യോസ് അതിന്റെ ഭാഗമാക്കിത്തീർക്കുകയും അന്ത്യോക്യയുടെ അധീശത്വം അതിന്മേൽ സ്ഥാപിക്കുകയും ചെയ്തു. നവീകരണക്കാരെ പരാജയപ്പെടുത്താൻ ഹൂദായ കാനോൻ തിരുത്തി. മലങ്കര സഭാചരിത്രത്തിന് വില കൽപ്പിക്കാതെ കേസിൽ ജയിക്കാനായി ഉണ്ടാക്കിയ ചരിത്രം അവർക്കു തന്നെ വിനയായി. ചരിത്രസംഭവങ്ങൾ വാസ്തവമായിട്ടുള്ളവ സംസ്ഥാപിതമാകുന്നതുവരെ ആവർത്തിച്ചാവർത്തിച്ചുകൊണ്ടിരിക്കും എന്നു പറഞ്ഞുവരുന്നത് എത്ര വാസ്തവം എന്ന് അവരുടെ ഒരു പണ്ഡിതൻ പറകയുണ്ടായി.

മാർ അത്തനാസ്യോസുമായി കേസു നടത്തിക്കൊണ്ടിരുന്ന കാലത്ത് മാർ ദിവന്നാസ്യോസ് രഹസ്യമായി സഭൈക്യസംഭാഷണങ്ങൾ നടത്തിയിരുന്നു. നിധീരി മാണിക്കത്തനാരുമൊത്ത് അദ്ദേഹം പല എഴുത്തുകുത്തുകളും സന്ദർശനങ്ങളും നടത്തിയിട്ടുണ്ട്. അദ്ദേഹം മാർപാപ്പായ്ക്കയച്ച

കത്തും അദ്ദേഹത്തെപ്പറ്റി റോമിൽ നടന്ന ചർച്ചകളും തീരുമാനങ്ങളും പ്രസിദ്ധീകൃതമായിട്ടുണ്ട്. പുത്തൻകൂറ്റുകാരും പഴയ കൂറ്റുകാരും കൂടി ഒന്നിച്ചുള്ള പല സംരംഭങ്ങളും നടപ്പാക്കാൻ അദ്ദേഹം പദ്ധതിയിട്ടിരുന്നു. എന്നാൽ അവയൊന്നും നടക്കാതെ പോയതിൽ അദ്ദേഹത്തിന് വലിയ കുണ്ഠിതം ഉണ്ടായിരുന്നു.

തന്റെ പദ്ധതി അനുസരിച്ച് സഭൈക്യം നടക്കാഞ്ഞതിൽ മാർ ദിവന്നാസ്യോസിനും കൂടെ നിന്ന നിധീരി മാണിക്കത്തനാർക്കും വളരെ വിഷമം ഉണ്ടായി. 1888 നവംബർ മാസം 16–ന് മാർപ്പാപ്പായുടെ ഡലഗേറ്റ് അയൂത്തിക്ക് മാണിക്കത്തനാർ അയച്ച കത്തിൽ ഈ കാര്യം രേഖപ്പെടുത്തിയിരിക്കുന്നു:

"ഒടുവിൽ ഒരു ദീർഘനിശ്വാസത്തോടെ നിറഞ്ഞ കണ്ണുകളോടുകൂടി മാർ ദിവന്നാസ്യോസ് എന്നോട് ഇപ്രകാരം പറഞ്ഞു: പ്രിയപ്പെട്ട നിധീരിയച്ചാ, നമുക്ക് നിരാശപ്പെടേണ്ടതില്ല. സർവശക്തനായ ദൈവത്തിന്റെ കൃപയാൽ നമ്മുടെ കഴിഞ്ഞ പന്ത്രണ്ടു വത്സരത്തെ പണി നല്ല വിജയം കൈവന്നു മകുടം ചൂടുമെന്ന് നമുക്കു പ്രത്യാശിക്കാം. അതോടൊപ്പം യാക്കോബായക്കാരായ സുറിയാനിക്കാർക്ക് അവരുടെ സഹോദരങ്ങളായ കത്തോലിക്കരുമായി യോജിക്കുന്നതിന് ഇപ്പോഴാണ് ഏറ്റവും പറ്റിയ അവസരമെന്നും ഇവയാണ് ഏറ്റവും പറ്റിയ ഉപാധികളെന്നും ഗ്രഹിക്കാനുള്ള വെളിച്ചം കത്തോലിക്കാ സഭയിലെ പദവികളിലിരിക്കുന്നവർക്ക് നൽകാനും നമുക്ക് ദൈവത്തോടു പ്രാർഥിക്കാം." വളരെ ഹൃദയഭാരത്തോടുകൂടെയാണ് മാണിക്കത്തനാർ ഈ കത്തെഴുതിയത്.

മാർ ദിവന്നാസ്യോസിനോടും അത്തനാസ്യോസിനോടും കൂടി മലങ്കര സഭ അന്ത്യോക്യൻ സഭയുടെ ഭാഗമായി എന്നു പറയാം. കോനാട്ടു മൽപ്പാന്മാർ അന്ത്യോക്യൻ ക്രമങ്ങൾ അച്ചടിപ്പിച്ച് പ്രസിദ്ധം ചെയ്തു. തനി യാക്കോബായാ രീതിയിലുള്ള പരിശീലനം പഴയ സെമിനരിയിൽ കൊടുത്തു തുടങ്ങി. വട്ടശ്ശേരിൽ ഗീവർഗീസ് മൽപ്പാനും കോനാട്ട് മാത്തൻ മൽപ്പാനും ഇതിനു നേതൃത്വം നൽകി. ഈ രണ്ടു മൽപ്പാന്മാരാണ് അന്ത്യോക്യൻ കുർബാനക്രമം ഇവിടെ സമ്പൂർണമായി നടപ്പാക്കിയത്. 1902–ൽ ഇപ്രകാരമൊന്ന് അവർ പ്രസിദ്ധീകരിച്ചു. അവരിരുവരും അന്ത്യോക്യൻ അനുഭാവികളുമായിരുന്നു.

---

ജി. ചേടിയത്ത്, *എക്യുമെനിസത്തിന്റെ മറുവശം*, പത്തനംതിട്ട, 2013.

*The Royal Court of Final Appeal*, Kottayam, 1975.

*Royal Kodathy Vidh*i,Trivandrum 1980.

# 14
# കാതോലിക്കേറ്റ് സ്ഥാപനം(1912)

പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് 1889 വരെ നവീകരണ യാക്കോബായക്കാരുമായി കോടതി വ്യവഹാരങ്ങളിൽ മുഴുകിക്കഴിഞ്ഞു. അതിനുശേഷം 1908–ൽ അദ്ദേഹം മലങ്കര യാക്കോബായാ സഭയിലെ പട്ടക്കാരായ മല്ലപ്പള്ളിൽ വട്ടശ്ശേരിൽ ഗീവർഗീസ് മൽപ്പാനെയും മുളന്തുരുത്തി കൊച്ചുപറമ്പിൽ പൗലോസ് മൽപ്പാനെയും പശ്ചിമേഷ്യയിലേക്കയച്ചു. അബ്ദുള്ളാ പാത്രിയർക്കീസ് അവർ ഇരുവരെയും മെത്രാന്മാരാക്കി. ഗീവർഗീസ് മാർ ദിവന്നാസ്യോസെന്നും പൗലോസ് മാർ കൂറില്ലോസെന്നും നാമകരണം ചെയ്തു. പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് 1909 കാലം ചെയ്തപ്പോൾ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ ആയി. പ്രസ്തുത വർഷം തന്നെ അബ്ദുള്ളാ പാത്രിയർക്കീസ് കേരളത്തിൽ വരികയും തുടർന്നുണ്ടായ അഭിപ്രായവ്യത്യാസത്തിന്റെ പേരിൽ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിനെ മുടക്കുകയും ഇവിടെ പുതിയൊരു പിളർപ്പിന് ഹേതുഭൂതനായി തീരുകയും ചെയ്തു.

## മാർ അബ്ദുള്ളാ പാത്രിയർക്കീസ്

മാർ പത്രോസ് മൂന്നാമൻ പാത്രിയർക്കീസിനോടുകൂടി മുളന്തുരുത്തി സൂനഹദോസിന് മലങ്കരയിൽ വരികയും പണപ്പിരിവിന്റെ ചുമതല വഹിക്കുകയും ചെയ്ത ഗ്രിഗോറിയോസ് മെത്രാനാണ് അബ്ദുള്ളാ പാത്രിയർക്കീസായത്. മാർ പത്രോസ് ബാവാ 1895–ൽ കാലം ചെയ്തപ്പോൾ, ഈ ഗ്രിഗോറിയോസ് പിൻഗാമി ആയി തെരഞ്ഞെടുക്കപ്പെട്ടെങ്കിലും, തുർക്കി സുൽത്താന്റെ അംഗീകാരപത്രം (ഫിർമാൻ) ലഭിച്ചില്ല. അക്കാലത്ത് അത്തരം അംഗീകാരം ആവശ്യമായിരുന്നു. ഉടനെ മെത്രാന്മാർ അബ്ദേദ് മിശിഹായെ തെരഞ്ഞെടുത്തു. സുൽത്താൻ അത് അംഗീകരിച്ചു. ഗ്രിഗോറിയോസ് എന്ന അബ്ദുള്ളാ 1896–ൽ കത്തോലിക്കാ സഭയിൽ ചേർന്ന് 1906 വരെ

ഹോംസ് കത്തോലിക്കാ രൂപത ഭരിച്ചു. ഇങ്ങനെയിരിക്കെ, സുൽത്താന്റെ നിർദേശാനുസരണം കുറേ മെത്രാന്മാർ അബ്ദേദ് മിശിഹായെ മാറ്റിയിട്ട് പകരം അബ്ദുള്ളായെ പ്രതിഷ്ഠിക്കാൻ നീക്കങ്ങളാരംഭിച്ചു. അതിൽ അവർ വിജയിക്കുകയും ചെയ്തു. ഹോംസ് കത്തോലിക്കാ രൂപതാഭരണം രാജി വച്ച് 1906-ൽ അദ്ദേഹം യാക്കോബായാ പാത്രിയർക്കീസായി. അബ്ദേദ് മിശിഹാ ആകട്ടെ തുർക്കീയിലെ തുർ അബ്ദീൻ എന്ന സ്ഥലത്തുള്ള ആശ്രമത്തിൽ പോയി അവിടെ പാത്രിയർക്കീസായി തുടർന്നു. ആ പ്രദേശത്തുള്ളവരും സമീപവാസികളും മറ്റു പലരും തുടർന്നും അബ്ദേദ് മിശിഹായെ പാത്രിയർക്കീസായി അംഗീകരിച്ചു.

## മുടക്കും അനന്തര നടപടികളും

മലങ്കര യാക്കോബായാ സഭയിൽ ആത്മിയവും ലൗകികവുമായ എല്ലാ അധികാരങ്ങളും തനിക്കുണ്ടെന്നും തൽസംബന്ധമായി മെത്രാന്മാരും ഇടവകകളും ഉടമ്പടി എഴുതി കൊടുക്കണമെന്നും അബ്ദുള്ളാ പാത്രിയർക്കീസ് ശഠിച്ചു. പലരും അപ്രകാരം ചെയ്തു. എന്നാൽ സഭാസ്വത്തുക്കളെല്ലാം അന്ത്യോക്യാ യാക്കോബായാ പാത്രിയർക്കീസിന്റെ കീഴിലാക്കുന്നതിനോ, ഇവിടുത്തെ സഭയുടെ ഉൾഭരണസ്വാതന്ത്ര്യവും വ്യക്തിത്വവും നഷ്ടപ്പെടുത്തി അന്ത്യോക്യൻ സഭയുടെ ഭാഗമാക്കുന്നതിനോ ഒരു വിഭാഗം യാക്കോബായക്കാർ തയാറായില്ല. അതിന് നേതൃത്വം കൊടുത്തത് വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് ആയിരുന്നു.

പാത്രിയർക്കീസിനെ സർവാത്മനാ അംഗീകരിക്കുന്നവരും ആത്മീയ നേതാവായി മാത്രം അംഗീകരിക്കുന്നവരുമെന്ന് യാക്കോബായക്കാർ രണ്ടായി പിളർന്നു. പാത്രിയർക്കീസാകട്ടെ എതിർത്തവരെയൊക്കെ മുടക്കി അമർച്ച ചെയ്യാമെന്നു കരുതി. പഴയ സെമിനരിയിൽ തന്നെ സംഘർഷം മുറ്റിനിന്നു. രണ്ടു കക്ഷികളും ആയുധധാരികളായ സംരക്ഷകരെ കാവൽ നിർത്തി. ഒരു കലഹത്തിൽ ആനപ്പാപ്പി എന്നു പേരുള്ള ഒരു സംരക്ഷകൻ ദാരുണമായി കൊല്ലപ്പെട്ടു. വട്ടശ്ശേരിൽ തിരുമേനിയെയും അനുയായികളെയും മുടക്കിക്കൊണ്ടുള്ള കൽപ്പന 1911-ൽ പാത്രിയർക്കീസ് പുറപ്പെടുവിച്ചു. അടുത്തടുത്ത മുറികളിലാണ് പാത്രിയർക്കീസും വട്ടശ്ശേരിൽ തിരുമേനിയും താമസിച്ചിരുന്നത്. എന്നാൽ പോസ്റ്റൽ വഴി റജിസ്റ്റർ ചെയ്ത ഒരു കത്തയച്ചാണ് ഈ മുടക്കു കൽപ്പന നൽകിയത്. ഈ മുടക്കിൽ കാനോനിക ക്രമങ്ങളൊന്നും പാലിച്ചിട്ടില്ലെന്ന് കരുതുന്നവരുണ്ട്. പൗലോസ് മാർ കൂറില്ലോസിനെ മലങ്കര മെത്രാപ്പോലീത്താ ആയി പാത്രിയർക്കീസ് നിയമിച്ചു. അങ്ങനെ പാത്രിയർക്കീസിനെ അനുകൂലിക്കുന്നവർ എന്ന അർത്ഥത്തിൽ ബാവാ കക്ഷി, മലങ്കര മെത്രാന്റെ കക്ഷി എന്ന അർത്ഥത്തിൽ മെത്രാൻകക്ഷി എന്നിങ്ങനെ കേരളത്തിലെ യാക്കോബായാസമുദായം 1911-ൽ വീണ്ടും രണ്ടായി പിളർന്നു.



ഈ പിളർപ്പിനും പ്രധാന കാരണക്കാരൻ അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസാണ്. ഇവിടുത്തെ ജനങ്ങളുടെ ഇടയിലെ വിഭാഗീയ ചിന്താഗതികളും കാരണമായിട്ടുണ്ട്. ഇവിടെ ഇല്ലാതിരുന്ന അധികാരം വേണമെന്ന അധികാര ദുർമോഹത്തിന് ദിവന്നാസ്യോസ് വഴങ്ങിയില്ല എന്ന ഒറ്റക്കാരണത്താലാണ് പാത്രിയർക്കീസ് ദിവന്നാസ്യോസിനെ മുടക്കിയതും കുറേ അനുയായികളുടെ പിൻതുണയോടുകൂടെ വീണ്ടും പിളർപ്പുണ്ടാക്കിയതും.

## കാതോലിക്കേറ്റ് സ്ഥാപനം (1912)

വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിനോട് അബ്ദുള്ളാ ബാവാ ഇടഞ്ഞപ്പോൾ തന്നെ തിരുമേനിയുടെ ഉത്തമശിഷ്യനും സ്നേഹിതനുമായിരുന്ന ഫാ. പി. റ്റി. ഗീവർഗീസ് (പിന്നീട് ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്) പശ്ചിമേഷ്യലുണ്ടായിരുന്ന അബ്ദേദ് മിശിഹാ പാത്രിയർക്കീസുമായി എഴുത്തുകുത്തുകൾ നടത്തി. ഏതെങ്കിലും സാഹചര്യത്തിൽ മാർ ദിവന്നാസ്യോസ് മുടക്കപ്പെട്ടാൽ ചെയ്യേണ്ട സംഗതികളെ കുറിച്ച് അദ്ദേഹം ചിന്തിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തു.

വട്ടശ്ശേരിൽ തിരുമേനിയെ അബ്ദുള്ളാബാവാ മുടക്കിയ വിവരം അബ്ദേദ് മിശിഹാ ബാവായെ ഫാ. പി.റ്റി. ഗീവർഗീസ് ധരിപ്പിച്ചു. ഉടനെ തന്നെ മലങ്കരയിൽ എത്തണമെന്ന് അഭ്യർഥിച്ചു. അബ്ദുള്ളായുടെ മുടക്ക് അസാധുവാണെന്ന് മറുപടിക്കത്തിൽ അബ്ദേദ് മിശിഹാ ബാവാ അറിയിച്ചു. അദ്ദേഹം 1912-ൽ മലങ്കരയിലെത്തി.

അബ്ദുള്ളാ പാത്രിയർക്കീസിന്റെ കൂടെ നിന്ന മുറിമറ്റം മാർ ഈവാനിയോസ് കക്ഷിമാറി വട്ടശ്ശേരിൽ തിരുമേനിയുടെ പക്ഷം ചേർന്നു. അബ്ദേദ് മിശിഹാ പാത്രിയർക്കീസ് പരുമല സെമിനരി മാനേജർ കല്ലാശ്ശേരിൽ പുന്നൂസ് റമ്പാനെ മാർ ഗ്രിഗോറിയോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. തുടർന്ന് നിരണം പള്ളിയിൽ വച്ച് മുറിമറ്റം മാർ ഈവാനിയോസിനെ ബസേലിയോസ് പൗലോസ് എന്ന പേരിൽ കാതോലിക്കാ ആയി വാഴിച്ചു. പാത്രിയർക്കീസ് തിരികെ പോകുന്നതിനു മുമ്പ് 1913 മകരം 29-ന് ചെങ്ങന്നൂർ പള്ളിയിൽ വച്ച് മാർ പീലക്സീനോസ്, മാർ ഈവാനിയോസ് എന്നീ രണ്ട് മെത്രാന്മാരെ കൂടി വാഴിച്ചു. പരുമല സെമിനരിയിൽ നിന്ന് കുംഭം 8-ന് കാതോലിക്കേറ്റ് സംബന്ധിച്ച് കൽപ്പനയും ഇറക്കി. പ്രസ്തുത വർഷം അദ്ദേഹം തിരികെ പോയി. ദയർ അസ് സഫ്രാനിൽ വച്ച് 1915-ൽ മരിച്ചു.

## കാതോലിക്കാ സിംഹാസനചരിത്രം

റോമാസാമ്രാജ്യത്തിലെ പ്രമുഖ നഗരങ്ങളായിരുന്ന റോം, കോൺസ്റ്റാന്റിനോപ്പിൾ, അലക്സാൺഡ്രിയാ, അന്ത്യോക്യ എന്നിവിടങ്ങളിലെ അധ്യക്ഷ

ന്മാർ പാത്രിയർക്കീസുമാർ എന്ന് കാലാന്തരത്തിൽ അറിയപ്പെട്ടു. എന്നാൽ പേർഷ്യൻ സാമ്രാജ്യത്തിലെ പ്രമുഖ നഗരമായിരുന്ന സെലൂഷ്യാ-സ്റ്റെസിഫ ണിലെ മെത്രാൻ അഞ്ചാം നൂറ്റാണ്ടു മുതൽ കാതോലിക്കോസ് എന്ന് അറി യപ്പെടാൻ തുടങ്ങി. കാലക്രമത്തിൽ പാത്രിയർക്കീസ് എന്ന സംജ്ഞയും ഇതോടു ചേർത്ത് അവർ ഉപയോഗിച്ചു. സഭാതലവൻ എന്നാണ് കാതോലി ക്കോസ് എന്ന പദത്തിന്റെ അർഥം. പാത്രിയർക്കീസിൽ നിന്ന് താഴ്ന്ന പടി യിലായിരുന്നു കാതോലിക്കോസിന്റെ സ്ഥാനമെങ്കിലും, പിൽക്കാലത്ത് രണ്ടിനും ഒരേ അർഥം കൈവന്നു. കാതോലിക്കോസിന് തന്റെ ഭരണാധി കാരത്തിൻ കീഴിൽ, പാത്രിയർക്കീസിനുള്ള എല്ലാ അധികാരങ്ങളും ഉണ്ടാ യിരുന്നു. പേർഷ്യയിലെ പൗരസ്ത്യസുറിയാനി സഭയിൽ (കൽദായ സഭ യിൽ) ഉടലെടുത്ത ഈ സ്ഥാനപ്പേര് കത്തോലിക്കാ സഭയിൽ രൂപപ്പെട്ട താണ്. കാരണം, അന്ന് കത്തോലിക്കാസഭ മാത്രമാണല്ലോ ഉണ്ടായിരുന്നത്.

### യാക്കോബായാ മഫ്രിയാൻ

പേർഷ്യൻ സാമ്രാജ്യത്തിൽ യാക്കോബായക്കാരുടെ അംഗസംഖ്യ വർധി ച്ചപ്പോൾ, അവരുടെ ആത്മീയ കാര്യങ്ങൾക്കുവേണ്ടി മാറൂഥാ എന്ന ഒരാളെ അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസ് 629-ൽ പേർഷ്യയിലെ വലിയ മെത്രാപ്പോലീത്താ അഥവാ മഫ്രിയാൻ ആയി നിയമിച്ചു. മഫ്രിയാൻ എന്ന സുറിയാനി വാക്കിന്റെ അർഥം ഫലം പുറപ്പെടുവിക്കുന്നയാൾ, ജനിപ്പിക്കു ന്നയാൾ, എന്നൊക്കെയാണ്. മെത്രാപ്പോലീത്താമാരെയും മെത്രാന്മാരെയും വാഴിക്കാൻ അധികാരമുള്ളയാൾ, നിരവധി ആത്മീയഫലങ്ങൾ പുറപ്പെടു വിക്കാൻ കഴിവുള്ളയാൾ എന്ന അർഥത്തിലാണ് ഈ സഭാധ്യക്ഷന് ഈ പേരു ലഭിച്ചത്. യാക്കോബായക്കാരുടെ ഈ അധ്യക്ഷന്റെ ആസ്ഥാനം തഗ്രീ തായിരുന്നു. തിഗ്രീസ് നദീതീരത്തുള്ള ഒരു ചെറിയ യാക്കോബായാ കേന്ദ്ര മായിരുന്നു തഗ്രീത്. സെലൂഷ്യാ-സ്റ്റെസിഫൺ പൗരസ്ത്യസുറിയാനി സഭ യുടെ ആസ്ഥാനമായിരുന്നതിനാലും അവിടെ യാക്കോബായക്കാരുടെ അംഗ സംഖ്യ തുലോം തുച്ഛമായിരുന്നതിനാലും മഫ്രിയാൻ തഗ്രീതിൽ തന്റെ ആസ്ഥാനം ഉറപ്പിച്ചു.

### കാതോലിക്കോസും മഫ്രിയാനും

ഇവ രണ്ടും ഒന്നല്ല, രണ്ടാണ്. കാതോലിക്കേറ്റ് പേർഷ്യയിലെ പൗര സ്ത്യ സുറിയാനിസഭയിൽ ഉടലെടുത്തതാണ്. അതു വളർന്നു. അതിന്റെ പിൻതുടർച്ചയിൽ ഇപ്പോൾ മൂന്നു കാതോലിക്കാമാരുണ്ട്. രണ്ടു നെസ്തോ റിയരും ഒരു കത്തോലിക്കനും. സെലൂഷ്യയിലെ ഈ കാതോലിക്കായുടെ മേൽ അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസ് ഒരവകാശവാദവും പുറ പ്പെടുവിച്ചിട്ടില്ല. പേർഷ്യയിലെ പൗരസ്ത്യസുറിയാനിസഭ സ്വയംനിർണയാ



വകാശവും ഉൾഭരണസ്വാതന്ത്ര്യവുമുള്ള സഭയായിരുന്നു. അധികാരത്തിൽ മറ്റൊരു പാത്രിയർക്കീസിനെയും അദ്ദേഹം ആശ്രയിച്ചിരുന്നില്ല. ഈ കാതോ ലിക്കോസിന്റെ അധികാരവ്യാപ്തി വളരെ വിസ്തൃതമായിരുന്നു.

എന്നാൽ മഫ്രിയാനേറ്റ് 629-ൽ പേർഷ്യയിലെ യാക്കോബായക്കാരുടെ ഇടയിൽ ഉടലെടുത്തതും അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിനെ ആശ്രയിച്ച് നിലനിന്നിട്ടുള്ളതുമാണ്. മഫ്രിയാൻസ്ഥാനം 1860/3-ൽ നിർത്ത ലാക്കപ്പെട്ടു. യാക്കോബായാ പാത്രിയർക്കീസ് തന്റെ പ്രതിനിധിയായിട്ടാണ് മഫ്രിയാനെ കണക്കാക്കിയത്. മഫ്രിയാന് പേർഷ്യയിലെ യാക്കോബായ ക്കാരുടെ ഇടയിൽ മാത്രമേ അധികാരമുണ്ടായിരുന്നുള്ളു. കിഴക്കിന്റെ കാതോ ലിക്കോസ് എന്നത് യാക്കോബായാ സഭയിൽ പിൽക്കാലത്തുണ്ടായ ഒരു സ്ഥാനപ്പേരാണ്. അതും പേർഷ്യയിലെ പൗരസ്ത്യ സുറിയാനിസഭയിലെ കാതോലിക്കോസും ഒന്നല്ല. പേരിന്റെ സാമ്യം കൊണ്ട് രണ്ടും ഒന്നായി പലരും തെറ്റിദ്ധരിച്ചു.

### പാത്രിയർക്കീസിന്റെ കൽപ്പന

കേരളത്തിൽ 1912-ൽ കാതോലിക്കായെ വാഴിച്ചശേഷം അബ്ദേദ് മിശിഹാ പാത്രിയർക്കീസ് നൽകിയ കൽപ്പനയിൽ ഇപ്രകാരം കാണുന്നു: “നിങ്ങളുടെ അപേക്ഷ പോലെ ബസേലിയോസ് എന്ന നാമത്തിൽ മഫ്രി യാനെയും, അതായത്, കാതോലിക്കായെയും, മൂന്നു പുതിയ മെത്രാന്മാ രെയും നാം വാഴിച്ചു.” അതിന്റെയർഥം, മഫ്രിയാൻ, കാതോലിക്കാ എന്നീ പദങ്ങൾ ഒരേ അർഥത്തിൽ പ്രയോഗിച്ചിരിക്കുന്നു എന്നത്രേ. യാക്കോബാ യക്കാരുടെ തഗ്രീതിലെ മഫ്രിയാനേറ്റിനെ പറ്റിയാകട്ടെ, പേർഷ്യയിലെ പൗര സ്ത്യ സുറിയാനിസഭയുടെ കാതോലിക്കേറ്റിനെ പറ്റിയാകട്ടെ, കൽപ്പനയിൽ പരാമർശിക്കുന്നില്ല. ഇതൊരു പുനഃസ്ഥാപനമായി കൽപ്പനയിൽ പറയു ന്നുമില്ല. പുതിയ അധ്യക്ഷന് *ബസേലിയോസ്* എന്ന് മാർ അബ്ദേദ് മിശിഹാ പേരു കൊടുത്തപ്പോൾ, അദ്ദേഹത്തിന്റെ മനസ്സിൽ ഉണ്ടായിരുന്നത് മഫ്രി യാൻ സ്ഥാനമാണ്.

പുരാതന സഭയിൽ കാതോലിക്കേറ്റും മഫ്രിയാനേറ്റും രണ്ട് വ്യത്യസ്ത യാഥാർഥ്യങ്ങളായിരുന്നെങ്കിലും, മലങ്കരയിൽ ഉള്ളവർ രണ്ടും ഒന്നായിട്ടാണ് മനസ്സിലാക്കിയിരുന്നത്. പൂർണാധികാരത്തോടുകൂടിയ കാതോലിക്കാ സിംഹാസനമാണ് ഇവിടെ സ്ഥാപിക്കപ്പെടേണ്ടതെന്ന് മലങ്കരക്കാർക്ക് ബോധ്യമുണ്ടായിരുന്നു.

പേർഷ്യൻ സഭയിലെ പുരാതന കാതോലിക്കേറ്റാണ് 1912-ൽ കേരള ത്തിൽ സ്ഥാപിതമായത് എന്ന് പറയുന്നത് ചരിത്ര സത്യത്തിനു നിരക്കുന്ന

തല്ല. ഓർത്തഡോക്സ് വൈദികസെമിനരി പൊഫസർ ആയിരുന്ന റവ. ഡോക്ടർ വി.സി. ശമുവേൽ അച്ചൻ പറയുന്നത് ഇപ്രകാരമാണ്:

“കിഴക്കിന്റെ കാതോലിക്കേറ്റ് പുരാതന പേർഷ്യൻ സഭയിലെ കാതോലിക്കേറ്റോ അതിനു തുല്യമായ ഒരു സ്ഥാനമോ അല്ല. അത് തഗ്രീതിലെ മഫ്രിയാനാ മാത്രമാണ്. പദത്തിന്റെ സാമ്യം മൂലം ആ സ്ഥാനത്തിന് പുരാതന പേർഷ്യൻ കാതോലിക്കേറ്റിനുണ്ടായിരുന്ന അധികാരാവകാശങ്ങൾ ഉള്ളതായി നമ്മുടെ സഭാനേതൃത്വം കരുതി.”[1]

ചുരുക്കത്തിൽ, പേർഷ്യയിലെ യാക്കോബായക്കാരുടെ ഇടയിൽ 629 മുതൽ നിലനിന്നതും പിന്നീട് നിർത്തലാക്കിയതുമായ മഫ്രിയാനേറ്റാണ് 1912-ൽ മാർ അബ്ദേദ് മിശിഹാ ഇവിടെ സ്ഥാപിച്ചത്. എന്നാൽ മലങ്കരക്കാർ ലക്ഷ്യം വച്ചത് മഫ്രിയാന്റെ അധികാരത്തേക്കാൾ കൂടുതൽ അധികാരമുള്ള ഒരു സ്ഥാനിയെയാണ്. അബ്ദേദ് മിശിഹാ മഫ്രിയാനേറ്റാണ് സ്ഥാപിച്ചതെങ്കിലും ഇവിടുത്തുകാർ കാതോലിക്കേറ്റ് എന്ന അർഥമാണ് പിൽക്കാലത്ത് അതിനു നൽകിയത്. അതുകൊണ്ടാണ് 1934-ലെ ഭരണഘടനയിൽ മഫ്രിയാൻ എന്ന വാക്ക് ഉപേക്ഷിച്ചുകളഞ്ഞത്. എന്നാൽ പുനഃസ്ഥാപനമെന്ന് 1934-ൽ ഭരണഘടനയിൽ ചേർക്കുകയും കാതോലിക്കാമാർ, പിൽക്കാല മഫ്രിയാനന്മാർ എടുത്തിട്ടുള്ള ബസേലിയോസ് എന്ന പേരെടുക്കുകയും ചെയ്തപ്പോൾ അവർ അറിയാതെ മഫ്രിയാൻസ്ഥാനം അംഗീകരിക്കയാണ് ചെയ്തത്. ഇങ്ങനെയൊരു പൊരുത്തക്കേട് ഭരണഘടനയിലും സഭാധ്യക്ഷന്റെ നാമകരണത്തിലും വന്നുക്കയറിയിട്ടുണ്ട് എന്നു കരുതുന്നവരുമുണ്ട്.

അതുപോലെ പേർഷ്യയിലെ പുരാതന കാതോലിക്കാസ്ഥാനം 629-ൽ തഗ്രീതിലേക്ക് മാറ്റിയെന്ന് ചില ഓർത്തഡോക്സുകാർ പറയുന്നതും ചരിത്രസത്യമല്ല. അതുപോലെ 629-ൽ മഫ്രിയാൻ എന്ന പേരുകൂടി പേർഷ്യയിലെ കാതോലിക്കോസ് പാത്രിയർക്കീസ് എടുത്തതേയുള്ളു എന്നു പറയുന്നതും ചരിത്രരേഖകൾ അറിയാൻ പാടില്ലാത്തതു കൊണ്ടാണ്. ഇങ്ങനെയൊന്നുമല്ല 629-ൽ നടന്നതെന്ന് അന്നത്തെ ചരിത്രരേഖകൾ വളരെ വിശദമായി സംസാരിക്കുന്നു. *പൗരസ്ത്യകാതോലിക്കോസ്* എന്ന ഗ്രന്ഥത്തിൽ[2] ഈ കാര്യങ്ങൾ വളരെ വ്യാപകമായി ഞാൻ ചർച്ച ചെയ്തിട്ടുള്ളതാണ്. സെലൂഷ്യയിലെ കാതോലിക്കാ സ്ഥാപനം തഗ്രീതിലേക്ക് മാറ്റുന്നു എന്ന് യാക്കോബായാ പാത്രിയർക്കീസ് ഒരു രേഖയിലും പറഞ്ഞിട്ടില്ല. സെലൂഷ്യയിലെ കാതോലിക്കാ സ്ഥാപനം 629-ലും അതേപടി തുടർന്നു. യാക്കോ

1. വി.സി.സാമുവേൽ, *ഇത് ഒരു ഇൻഡ്യൻ സഭയോ?*, തിരുവല്ല, 1975,പേ.114-115.
2. ജി. ചേടിയത്ത്, *പൗരസ്ത്യകാതോലിക്കോസ്*, കോട്ടയം, 1985.



ബായക്കാർ പേർഷ്യയിൽ വളരെ ചെറിയൊരു വിഭാഗമായിരുന്നു. അവിടുത്തെ പ്രമുഖ ക്രിസ്തീയസഭ പൗരസ്ത്യസുറിയാനി (കൽദായ) സഭയായിരുന്നു. 629-ലെ മഫ്രിയാൻവാഴ്ച സെലൂഷ്യയിലെ കാതോലിക്കായുടെ പിൻതുടർച്ചയായി അന്നത്തെ യാക്കോബായക്കാരും കൽദായക്കാരും കരുതിയില്ല. കേരളത്തിലെ ചില ഓർത്തഡോക്സ് എഴുത്തുകാർ മറിച്ചെഴുതി പ്രചരിപ്പിക്കുന്നതിന് ചരിത്രപരമായി ഒരടിസ്ഥാനവുമില്ല. ഇത് ചരിത്രം വളച്ചൊടിക്കലും പുതിയ ചരിത്രം നിർമിക്കലുമാണ്.

കാതോലിക്കാ സിംഹാസനസ്ഥാപനം വഴി മലങ്കരസഭയുടെ ഓട്ടോണമി ഉറപ്പിക്കുന്നതിന് ഫാ. പി. റ്റി. ഗീവർഗീസ് നിർണായക സ്വാധീനം ചെലുത്തി. എന്നാൽ അദ്ദേഹം 1930-ൽ കത്തോലിക്കാ സഭയുമായി കാനോനിക കൂട്ടായ്മയിൽ എത്തിയതു മുതൽ കാതോലിക്കാ വാഴ്ചയുമായി അദ്ദേഹത്തെ ബന്ധപ്പെടുത്തി പറയാൻ ചിലർ വിമുഖത കാണിക്കുന്നു.

# 15
# മലങ്കര യാക്കോബായ സുറിയാനിസഭ
## (1912–1930)

കാതോലിക്കാ വാഴ്ചയോടുകൂടി മലങ്കര യാക്കോബായാസഭ രണ്ടു വിഭാഗമായി തിരിഞ്ഞു. ഇന്നും നിലനിൽക്കുന്ന പിളർപ്പിന്റെ ആരംഭം 1912–ൽ ദർശിക്കാൻ സാധിക്കും. ഇപ്രകാരം ഒരു പിളർപ്പിന് പല കാരണങ്ങൾ ചൂണ്ടി ക്കാണിക്കാൻ കഴിയുമെങ്കിലും, പ്രധാന കാരണക്കാരൻ അന്ത്യോക്യാ യാക്കോബായാ പാത്രിയർക്കീസാണെന്ന് കരുതുന്ന പലയാളുകളുണ്ട്.

### വട്ടിപ്പണക്കേസ് (1913–1928)

അബ്ദേദ് മിശിഹാ പാത്രിയർക്കീസ് 1912–ൽ വാഴിച്ച ബസേലിയോസ് പൗലോസ് കാതോലിക്കോസ് 1913–ൽ കാലം ചെയ്തു. പ്രസ്തുത വർഷം തന്നെ വട്ടിപ്പണക്കേസ് എന്ന പേരിൽ അറിയപ്പെടുന്ന കോടതിവ്യവഹാരം ആരംഭിച്ചു. വട്ടിപ്പണം എന്നതിന്റെ അർഥം പലിശയ്ക്കിട്ട പണമെന്നാണ്.

### വട്ടിപ്പണം

സുറിയാനിക്കാരുടെ നന്മയ്ക്കുവേണ്ടി ബ്രിട്ടീഷ് ഈസ്റ്റിൻഡ്യാ കമ്പ നിയിൽ പലിശയ്ക്ക് നിക്ഷേപിച്ച പണമാണിത്. തച്ചിൽ മാത്തുത്തരകൻ തിരുവിതാംകൂർ രാജാവിന് വായ്പയായി 14 ലക്ഷം രൂപാ കൊടുത്തി രുന്നു. വേലുത്തമ്പി തിരുവിതാംകൂറിലെ ദളവാ ആയപ്പോൾ, തരകനോടുള്ള വിരോധം നിമിത്തം, ആ തുക 85,000 ആയി കുറച്ചു. അതിൽ 26,000 രൂപാ തരകനെ ഏൽപ്പിച്ചു. 59,000 രൂപാ സർക്കാരിനും ലഭിച്ചു. ഈ തുകയിൽ 10,500 രൂപാ വീതം കത്തോലിക്കരും അകത്തോലിക്കരുമായ അന്നത്തെ വൈദിക മേലധ്യക്ഷന്മാരുടെ പേരിൽ ഈസ്റ്റ് ഇൻഡ്യാ കമ്പനിയിൽ നിക്ഷേ പിച്ചു. അതാണ് വട്ടിപ്പണം എന്നറിയപ്പെടുന്നത്. ബാക്കിവന്ന തുകയിൽ കുറച്ച് മുനമ്പം പള്ളിപ്പുറത്ത് ഒരു കുഷ്ഠരോഗാശുപത്രി സ്ഥാപിക്കുന്നതിനു നൽകി. സുറിയാനി ക്രിസ്ത്യാനികളുടെ വേദാധ്യായനത്തിനായി 8,000 രൂപായും



കോട്ടയം കോളേജിന് 20,000 രൂപായും, നാഗർകോവിൽ കേളേജിനായി 5,000 രൂപായും ഗവർമെന്റ് സംഭാവന നൽകി[1].

പഴയകൂറ്റുകാരുടെ പലിശ വരാപ്പുഴ വികാരിയേറ്റിലെ മെത്രാന്മാരും പുത്തൻകൂറ്റിലേത് മലങ്കര മെത്രാപ്പോലീത്തായുമാണ് കൈപ്പറ്റിക്കൊണ്ടി രുന്നത്. പുത്തൻകൂറ്റുകാർക്ക് ലഭിക്കാനുള്ള പലിശ സംബന്ധിച്ചായിരുന്നു 1913 മുതൽ 1928 വരെ തർക്കം. പുത്തൻകൂർ യാക്കോബായാസഭയിലെ രണ്ടു വിഭാഗങ്ങൾ തമ്മിലായിരുന്നു കോടതിവ്യവഹാരം.

### മെത്രാൻ കക്ഷിയും ബാവാക്കക്ഷിയും

അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസിനെ സർവാത്മനാ അംഗീകരിച്ചവർ ബാവാക്കക്ഷിയെന്നും വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന്റെ നേതൃത്വം അംഗീകരിച്ചവർ മെത്രാൻ കക്ഷിയെന്നും അറിയപ്പെട്ടു. പാത്രി യർക്കീസിന്റെ ആത്മീയ മേൽക്കോയ്മ മാത്രമേ മെത്രാൻ കക്ഷിക്കാർ അംഗീ കരിച്ചുള്ളു. ഇവിടുത്തെ സഭയുടെ ലൗകികസ്വത്തുക്കളിന്മേൽ പാത്രിയർക്കീ സിന് അധികാരമൊന്നുമില്ലെന്ന് ഇക്കൂട്ടർ കരുതുന്നു. മലങ്കരസഭയിൽ പാത്രിയർക്കീസിന് സർവാധികാരം ഉണ്ടെന്ന് സമ്മതിച്ച് എഴുതിക്കൊടുക്കാ ഞ്ഞതിന്റെ പേരിലായിരുന്നല്ലോ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിനെ അബ്ദുള്ളാ പാത്രിയർക്കീസ് മുടക്കിയതും സഭയിൽ തുടർന്ന് പിളർപ്പുണ്ടാ യതും.

ബാവാക്കക്ഷിയെ കൂറില്ലോസ് കക്ഷിയെന്നും വിളിച്ചിരുന്നു. മാർ ദിവ ന്നാസ്യോസിനോടു കൂടി പശ്ചിമേഷ്യയിൽ പോയി 1908–ൽ പട്ടമേറ്റ കൊച്ചു പറമ്പിൽ പൗലോസ് മാർ കൂറില്ലോസായിരുന്നു 1917 വരെ ബാവാക്കക്ഷി യുടെ നേതാവ്. അദ്ദേഹത്തിൽ നിന്നാണ് ഈ പേര് ബാവാക്കക്ഷിക്കാർക്ക് ലഭിച്ചത്. മെത്രാൻ കക്ഷിക്കാർ 1925 മുതൽ *മലങ്കര ഓർത്തഡോക്സ് സഭ* എന്ന പേര് സ്വീകരിച്ചു. 1917–ൽ മാർ ദിവന്നാസ്യോസ് കോട്ടയത്ത് അച്ച ടിപ്പിച്ച വലിയ നോമ്പിലെ നമസ്ക്കാരപ്പുസ്തകത്തിൽ "യാക്കോബായാ" നാമമാണ് ഉപയോഗിച്ചിട്ടുള്ളത്. 1926–ൽ മാർ ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ കാതോലിക്കാ ബാവാ പുനരൈക്യം സംബന്ധിച്ച് ബഥനിയുടെ മാർ ഈവാനിയോസിന് അയച്ച കത്തിൽ "ദി ഓർത്തഡോക്സ് സിറിയൻ ചർച്ച് ഓഫ് മലബാർ" എന്നാണ് എഴുതിയിരിക്കുന്നത്.

രണ്ടു വിഭാഗങ്ങൾക്കും *കൊച്ചിൻ അവാർഡ്* അനുസരിച്ച് ഓരോ മെത്രാപ്പോലീത്താ ട്രസ്റ്റിയും വൈദിക ട്രസ്റ്റി യും അൽമായ ട്രസ്റ്റിയും ഉണ്ടാ യിരുന്നു. അതുപോലെ മുളന്തുരുത്തി സൂനഹദോസ് അനുസരിച്ച് മലങ്കര

1. സത്യദർശനമാല, 20/12 (2013 ജൂലെ 14 ,പേജ്,5.

മെത്രാപ്പോലീത്താ അധ്യക്ഷനായുള്ള *മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും മാനേജിംഗ് കമ്മറ്റിയും* ഉണ്ടായിരുന്നു. വട്ടിപ്പണത്തിന്റെയും അതോടുകൂടി സമുദായ സ്വത്തുക്കളുടെയും അവകാശി ഏതു കക്ഷിയാണ് എന്നതു സംബന്ധിച്ചായിരുന്നു കേസ്. 1908 മുതൽ പലിശ വാങ്ങാൻ കഴിയാതെ കിടന്നു. മാർ ദിവന്നാസ്യോസിന്റെ കൂട്ടുട്രസ്റ്റികളായിരുന്ന കോനാട്ടു മാത്തൻ മൽപ്പാനും സി. ജെ. കുര്യനും മെത്രാപ്പോലീത്തായുമായി സഹകരിക്കാഞ്ഞതിനാലാണ് പലിശ വാങ്ങാൻ അദ്ദേഹത്തിന് കഴിയാഞ്ഞത്.

## മാർ ദിവന്നാസ്യോസിന്റെ മർദീൻയാത്ര (1923)

തിരുവനന്തപുരം ജില്ലാകോടതിയിലാണ് വട്ടിപ്പണക്കേസ് കൊടുത്തത്. ജില്ലാ കോടതിവിധി (1095 ചിങ്ങം 3) മാർ ദിവന്നാസ്യോസിന് അനുകൂലമായിരുന്നു. എതിർകക്ഷിക്കാർ തിരുവനന്തപുരം ഹൈകോർട്ടിൽ കൊടുത്ത അപ്പീലിന്റെ വിധി (1098 മീനം 10) ദിവന്നാസ്യോസിന് എതിരായിരുന്നു. അപ്പോൾ മാർ ദിവന്നാസ്യസ് ഏലിയാസ് മൂന്നാമൻ പാത്രിയർക്കീസിനെ കണ്ട് ഐക്യം പുനഃസ്ഥാപിക്കാനായി പ്രസ്തുത വർഷം പശ്ചിമേഷ്യയിലെ പാത്രിയർക്കാ ആസ്ഥാനമായ മർദീനിലേക്ക് പോയി. അന്ന് മെത്രാൻകക്ഷിയിൽ ഉണ്ടായിരുന്ന ഗീവർഗീസ് മാർ പീലക്സീനോസ് (രണ്ടാം കാതോലിക്കാ), ഗീവർഗീസ് മാർ ഗ്രിഗോറിയോസ് (മൂന്നാം കാതോലിക്കാ), യുവാക്കിം മാർ ഈവാനിയോസ് എന്നിവർ ഒപ്പിട്ട ഒരു മെമ്മോറാണ്ടവും മാർ ദിവന്നാസ്യോസ് കൊണ്ടുപോയിരുന്നു. പലവട്ട ചർച്ചകൾക്കുശേഷം മാർ ഏലിയാസ് പാത്രിയർക്കീസുമായി ചില ധാരണകൾ ഉണ്ടാക്കി, മാർ യൂലിയോസ് എന്ന മെത്രാനോടൊത്ത് തിരികെയെത്തി. എന്നാൽ തിരികെ എത്തിയശേഷം ധാരണ അനുസരിച്ച് ഒന്നും നടന്നില്ല. ഈ സംഭവത്തിന് ഇരുവിഭാഗക്കാരും വ്യത്യസ്ത വിശദീകരണമാണ് നൽകുന്നത്.

### *മെത്രാൻകക്ഷിയുടെ വിശദീകരണം:*

"മാർ ദിവന്നാസ്യോസും പാത്രിയർക്കീസും തമ്മിൽ പലവട്ടം ചർച്ച നടത്തി. ഒടുവിൽ ബാവാ ദിവന്നാസ്യോസിന്റെ മുടക്കു തീർക്കുകയും സമാധാന കൽപ്പന മാർ യൂലിയോസ് വശം കൊടുത്തയക്കുകയും ചെയ്തു. ചിലരുടെ ദുരാലോചനകൾക്ക് വഴിപ്പെട്ട് യൂലിയോസ് പ്രസ്തുത കൽപ്പന വായിച്ചില്ല. ഈ രീതിയിൽ സമാധാനത്തിന്റെ വാതിലടഞ്ഞു."

### *ബാവാക്കക്ഷിയുടെ വിശദീകരണം:*

"കേസിൽ തോറ്റ ദിവന്നാസ്യോസ് തന്റെ മുടക്ക് തീർത്തു കിട്ടാനാണ് മർദീനിലേക്ക് പോയത്. പാത്രിയർക്കീസിന്റെ അംഗീകാരമുള്ള മെത്രാപ്പോലീത്തായ്ക്കു മാത്രമേ വട്ടിപ്പണത്തിന്റെ പലിശ വാങ്ങാൻ വിധിയനുസരിച്ച് അവകാശമുണ്ടായിരുന്നുള്ളു. പൗലോസ് മാർ അത്തനാസ്യോസിനെ പാത്രിയർക്കീസ് അംഗീകരിക്കുന്നതിനു മുമ്പ് മുടക്കു തീർത്ത് തന്റെ സ്ഥാനം ഉറപ്പിക്കുകയായിരുന്നു ദിവന്നാസ്യോസിന്റെ ലക്ഷ്യം. പാത്രിയർക്കീസ് മുന്നോട്ടു വച്ച നിബന്ധനകൾ അംഗീകരിക്കാൻ മാർ ദിവന്നാസ്യോസ് സന്നദ്ധനായിരുന്നു. തിരികെ വന്ന ദിവന്നാസ്യോസ് നിബന്ധനകളനുസരിച്ച് പ്രവർത്തിക്കാതെ റിവ്യൂഹർജി നൽകി. മുടക്കു തീർത്ത കൽപ്പന യൂലിയോസ് മെത്രാന്റെ പക്കലില്ലായിരുന്നു. വ്യവസ്ഥകൾ പാലിക്കുന്നു എന്ന് ബോധ്യപ്പെടുമ്പോൾ മുടക്കു തീർക്കാൻ പാത്രിയർക്കീസ് സന്നദ്ധനായിരുന്നു. അതിനാണ് യൂലിയോസിനെ കേരളത്തിലേക്ക് അയച്ചത്. മുടക്കു തീർത്തെങ്കിൽ അവിടെ വച്ചു തന്നെ മുടക്കു തീർത്ത കൽപ്പന ദിവന്നാസ്യോസിന്റെ കൈയിൽ കൊടുത്തു വിടാനാണ് ഏറെ സാധ്യത."



## കത്തോലിക്കാ ഐക്യചർച്ച സാധ്യത

ദിവന്നാസ്യോസിന്റെ മർദീൻ യാത്രയ്ക്കിടയ്ക്ക് ബാഗ്ദാദിൽ വച്ച് ഒരു സുറിയാനി കത്തോലിക്കാ മെത്രാനെ സന്ദർശിക്കുകയും സഭാകാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. മർദീൻയാത്ര പരാജയപ്പെട്ടാൽ കത്തോലിക്കാ സഭയുമായി ഐക്യപ്പെടുന്നത് സംബന്ധിച്ച് തിരികെ വരുമ്പോൾ ചർച്ച ചെയ്യാമെന്നൊക്കെ പറഞ്ഞതായി പറയപ്പെടുന്നു. തിരികെ വന്നപ്പോൾ മാർ യൂലിയോസ് മെത്രാൻ കൂടെയുണ്ടായിരുന്നതിനാൽ കത്തോലിക്കാ മെത്രാനുമായി കൂടുതൽ ചർച്ചകളൊന്നും നടത്താൻ സാധിച്ചില്ല. എന്നാൽ പരുമല വച്ച് മാർ ദിവന്നാസ്യോസിന് സിറിയൻ കത്തോലിക്കാ പാത്രിയർക്കീസായ മാർ എഫ്രേം റഹമാനി ബാവായുടെ കത്ത് ലഭിക്കയുണ്ടായി. അതിന് മറുപടി കൊടുക്കാൻ ബഥനിയുടെ മാർ ഈവാനിയോസിനെയാണ് ഭരമേൽപ്പിച്ചത്.

"യോജിക്കുന്നതിന് എനിക്ക് സമ്മതമാണ്. സഹോദരന്മാരായ മേൽപ്പട്ടക്കാരോടും പട്ടക്കാരിലും അൽമായക്കാരിലും പ്രധാനന്മാരായവരോടും ആലോചിച്ച ശേഷമേ അവസാനതീരുമാനം എടുക്കാൻ സാധിക്കയുള്ളു" എന്ന് മാർ ദിവന്നാസ്യോസ് പറയുകയുണ്ടായി. 1930-ലെ കത്തോലിക്കാ പുനരൈക്യത്തിന്റെ തുടക്കം ഇവിടെയാണ്.

## മെത്രാൻ കക്ഷിയുടെ വിജയം

മർദീൻ യാത്ര കഴിഞ്ഞ് 1923-ൽ തിരികെയെത്തിയ മാർ ദിവന്നാസ്യോസ് റിവ്യൂഹർജി കൊടുത്തു. 1925-ൽ അദ്ദേഹത്തിന് താത്ക്കാലിക വിജയം ഉണ്ടായി. ഉടനെ രണ്ടാം കാതോലിക്കായെ നിരണം പള്ളിയിൽ വച്ച് വാഴിച്ചു. വാഴ്ചയുടെ പിറ്റേദിവസം (മെയ് 1-ന്) ഫാദർ പി.റ്റി. ഗീവർഗീസിനെ ബഥനിയുടെ മാർ ഈവാനയോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു.

രണ്ടാം കാതോലിക്കാ 1928-ൽ കാലം ചെയ്തു. 1928-ൽ വട്ടിപ്പണക്കേസിന്റെ വിധി മെത്രാൻ കക്ഷിക്ക് അനുകൂലമായി വിധിച്ചു. വിധിയനുസരിച്ച് വട്ടിപ്പണത്തിന്റെ 1908 മുതലുള്ള പലിശ മാർ ദിവന്നാസ്യോസ് കൈപ്പറ്റി. മലങ്കരസഭാവസ്തുക്കളുടെ അവകാശികൾ മെത്രാൻ കക്ഷിക്കാരാണ് എന്ന തീർപ്പുമുണ്ടായി. അങ്ങനെ സുദീർഘമായ വ്യവഹാരങ്ങൾക്കു ശേഷം വട്ടിപ്പണക്കേസ് അവസാനിച്ചു. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസും ബഥനിയുടെ മാർ ഈവാനിയോസും കൂടി കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ച് 1929-ൽ മൂന്നാം കാതോലിക്കാ ആയി 1912-ൽ മെത്രാനായ ഗീവർഗീസ് മാർ ഗ്രിഗോറിയോസിനെ വാഴിച്ചു. തുടർന്ന് മാർ ഈവാനിയോസിനെ മെത്രാപ്പോലീത്താ ആക്കി. അതിനുശേഷം രണ്ടു മെത്രാന്മാരെ കൂടി വാഴിച്ചു. അങ്ങനെ മെത്രാൻ കക്ഷിയിൽ മൊത്തം അഞ്ചു മെത്രാന്മാരായി. വിവരം അറിഞ്ഞ ഏലിയാസ് പാത്രിയർക്കീസ് ബന്ധപ്പെട്ടവരെയെല്ലാം മുടക്കിക്കൊണ്ട് ഇടവകകൾക്ക് കൽപ്പന അയച്ചു.

ഒന്നാം കാതോലിക്കായെ 1912-ൽ വാഴിച്ച ശേഷം 1925-ൽ മാത്രമാണ് രണ്ടാം കാതോലിക്കായെ വാഴിച്ചത്. അന്ത്യോക്യയുമായുള്ള സ്നേഹബന്ധത്തിൽ നിലനിൽക്കേണ്ട ഒരു സ്ഥാപനമാണ് കാതോലിക്കേറ്റ് എന്ന മെത്രാൻ കക്ഷിക്കാരുടെ ബോധ്യമായിരിക്കാം ഒരു കാരണം. പാത്രിയർക്കീസിനെ കൂടാതെ വാഴിച്ചാൽ മെത്രാൻകക്ഷി പുതിയൊരു സഭ തുടങ്ങി എന്ന് വ്യാഖ്യാനിക്കപ്പെടാൻ സാധ്യതയുണ്ടെന്നും അത് വട്ടപ്പണക്കേസിനെ ബാധിക്കുമെന്നുമുള്ള തോന്നലായിരിക്കാം കാരണം. കാതോലിക്കാ വാഴ്ച വഴി പുതിയൊരു സഭ തുടങ്ങി എന്നു ധ്വനിക്കുന്നതൊന്നും ഉണ്ടാകാതിരിക്കാൻ മെത്രാൻ കക്ഷിക്കാർ വളരെ ശ്രദ്ധിച്ചിരുന്നു.

1923-ൽ കേസിൽ തോറ്റപ്പോൾ ഏതു വിധേനയും പാത്രിയർക്കീസുമായി ഒരു ധാരണ ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് വട്ടശ്ശേരിൽ തിരുമേനി മർദീനിലേക്കു പോയത്. അതും നടക്കാതെ വന്നപ്പോഴാണ് താത്ക്കാലികവിജയം ഉണ്ടായ സാഹചര്യത്തിൽ 1925-ൽ രണ്ടാം കാതോലിക്കായെ വാഴിച്ചത്. ഒന്നാം കാതോലിക്കാ വാഴ്ചയിലെന്നപോലെ പ്രസ്തുത വാഴ്ചയിലും മാർ ദിവന്നാസ്യോസ് നേരിട്ട് പങ്കെടുത്തില്ല. എന്നാൽ വട്ടിപ്പണക്കേസിൽ മാർ ദിവന്നാസ്യോസ് ജയിച്ചതിനാൽ മൂന്നാം കാതോലിക്കാ വാഴ്ചയിൽ അദ്ദേഹം നേരിട്ട് പങ്കെടുത്തു.

വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന്റെ കാലത്ത് ഫാ. പി. റ്റി. ഗീവർഗീസ് പുരുഷന്മാർക്കുള്ള ബഥനി സന്ന്യാസപ്രസ്ഥാനം 1919-ൽ പെരുനാട്ടിലും സ്ത്രീകൾക്കുള്ള സന്ന്യാസപ്രസ്ഥാനം 1925-ൽ തിരുമൂലപുരത്തും തുടങ്ങി.

# 16

# മലങ്കരസഭയും കാതോലിക്ക കൂട്ടായ്മയും

വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനി മർദീനിൽ നിന്ന് ഇൻഡ്യയിൽ തിരിച്ചെത്തിയ ശേഷം അന്ത്യോക്യൻ സുറിയാനി കത്തോലിക്കാ പാത്രിയർക്കീസ് മാർ ഇഗ്നാത്യോസ് എഫ്രേം റഹമാനി പാത്രിയർക്കീസിന്റെ ഒരു കത്ത് അദ്ദേഹത്തിന് പരുമല സെമിനരിയിൽ വച്ചു കിട്ടി. ഭാവിയിൽ കത്തോലിക്കാ സഭയുമായി കാനോനിക കൂട്ടായ്മ പുനഃസ്ഥാപിക്കുന്നതിനെപ്പറ്റി ചിന്തിക്കാൻ ഈ കത്ത് പ്രേരകമായി. അതിനൊരു മറുപടിയെഴുതാൻ അദ്ദേഹം മാർ ഈവാനിയോസിനോട് ആവശ്യപ്പെട്ടു. മാർ ഈവാനിയോസുമായുള്ള സംഭാഷണത്തിനിടെ മാർ ദിവന്നാസ്യോസ് ഇപ്രകാരം പറഞ്ഞു:

*“യോജിക്കുന്നതിന് എനിക്ക് സമ്മതമാണ്. സഹോദരന്മാരായ മേൽപ്പട്ടക്കാരോടും പട്ടക്കാരിലും അൽമായരിലും പ്രധാനന്മാരായവരോടും ആലോചിച്ച ശേഷമേ അവസാന തീരുമാനം എഴുതാൻ സാധിക്കുകയുള്ളൂ.”*

*“യോജിക്കുന്നതിന് സമ്മതമാണ്” എന്ന് മെത്രാപ്പോലീത്താ പറഞ്ഞപ്പോൾ, “അങ്ങനെ എഴുതാമോ”എന്ന് മാർ ഈവാനിയോസ് ചോദിച്ചു.*

*“അങ്ങനെ എഴുതാം”എന്ന് മാർ ദിവന്നാസ്യോസ് മറുപടി പറഞ്ഞു.*[1]

മാർ ഈവാനിയോസ് മറുപടി തയാറാക്കി പരുമല സെമിനരിയിൽ വച്ച് മാർ ദിവന്നാസ്യസിനെ ഏൽപ്പിച്ചു. അദ്ദേഹം അത് കോട്ടയത്തു കൊണ്ടുപോയി ചില തിരുത്തലുകൾ വരുത്തി അദ്ദേഹത്തിന്റെ ജ്യേഷ്ഠസഹോദരന്റെ മകൻ വി. ഏ. വർഗീസിനെ കൊണ്ട് തപാലിൽ റജിസ്റ്റർ ചെയ്ത് റഹമാനി പാത്രിയർക്കീസിന് അയച്ചു കൊടുത്തു.

വട്ടശ്ശേരിൽ തിരുമേനി 1925-നുശേഷം ഒരു ദിവസം തന്റെ കൂട്ടത്തി

1. റ്റി. ഇഞ്ചക്കലോടി, *ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, 1,* 263-264.

ലുള്ള മെത്രാന്മാരെയെല്ലാം പരുമല സെമിനരിയിൽ വിളിച്ചുവരുത്തി അവരെ വെവ്വേറെ പാത്രിയർക്കീസിന്റെ കത്തു കാണിച്ചു. അപ്പോൾ അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരുന്നവർ രണ്ടാം കാതോലിക്കാ ബാവാ, മാർ ഗ്രിഗോറിയോസ്, ബഥനിയുടെ മാർ ഈവാനിയോസ് എന്നീ മൂന്നു മെത്രാന്മാരായിരുന്നു. ഭാവിപരിപാടികളെപ്പറ്റി ചർച്ച ചെയ്യാൻ അദ്ദേഹം മെത്രാന്മാരോട് ആവശ്യപ്പെട്ടു. അവരുടെ തീരുമാനം എന്തായാലും താൻ അത് അംഗീകരിക്കുമെന്ന് അദ്ദേഹം ഉറപ്പു നൽകി.

ആ മൂന്നു മെത്രാന്മാർ 1926-ൽ സിനഡു കൂടി. കാതോലിക്കാ ബാവാ അധ്യക്ഷനായും ബഥനിയുടെ മാർ ഈവാനിയോസ് സെക്രട്ടറിയായും വർത്തിച്ചു. വട്ടിപ്പണക്കേസ് നടക്കുന്നതിനാൽ, മാർ ദിവന്നാസ്യോസ് നേരിട്ട് ചർച്ചകളിൽ പങ്കെടുത്തില്ല. മലങ്കരസഭയുടെ വ്യക്തിത്വവും ഓട്ടോണമിയും സംരക്ഷിച്ചുകൊണ്ട് കാനോനിക കൂട്ടായ്മയിൽ പ്രവേശിക്കുന്നതിന് സിനഡിൽ ധാരണയുണ്ടായി. കത്തോലിക്കാ സഭയുമായുള്ള കാനോനിക കൂട്ടായ്മയ്ക്കു വേണ്ടിയുള്ള ഐക്യസംഭാഷണം നടത്താൻ സിനഡ് മാർ ഈവാനിയോസിനെ ചുമതലപ്പെടുത്തി. മാർ ഈവാനിയോസ് ഈ തീരുമാനം മാർ ദിവന്നാസ്യോസിനെ ധരിപ്പിച്ചു. അദ്ദേഹം സിനഡിന്റെ തീരുമാനത്തോട് പൂർണയോജിപ്പ് പ്രകടിപ്പിച്ചു.

കത്തോലിക്കാ സഭയുമായുള്ള കാനോനിക കൂട്ടയ്മയ്ക്കുള്ള ആദ്യ ചർച്ചകൾ സുറിയാനി കത്തോലിക്കാ പാത്രിയർക്കീസ് റഹമാനി തിരുമേനിയുമായിട്ടായിരുന്നു. മാർ ഈവാനിയോസ് തിരുമേനി, റഹമാനി പാത്രിയർക്കീസിന് എഴുതുകയും അദ്ദേഹത്തിന്റെ മറുപടി വരികയും ചെയ്തു. അദ്ദേഹം ഉപയോഗിക്കുന്ന കുർബാന തക്സായും അയച്ചു കൊടുത്തു. തിരുവല്ലാ പാലിയക്കര പള്ളിയിൽ മാർ ഗ്രിഗോറിയോസിനെ വരുത്തി മാർ ഈവാനിയോസും മാർ ഗ്രിഗോറിയോസും കൂടി ആ തക്സാ പരിശോധിച്ചു. അത് മലങ്കരയിൽ ഉപയോഗിക്കുന്ന തക്സാ പോലെ തന്നെയെന്നും അത് സ്വീകാര്യമാണെന്നും മാർ ഗ്രിഗോറിയോസ് പറഞ്ഞു. റഹമാനി പാത്രിയർക്കീസിന്റെ കത്ത് അദ്ദേഹം വായിച്ചു. കാതോലിക്കാ ബാവായുമായി ആലോചിച്ച് മറുപടി അയക്കാൻ അദ്ദേഹം മാർ ഈവാനിയോസിനെ ചുമതലപ്പെടുത്തി.

ഫാദർ മാത്യൂസ് പാറേട്ടും മിസ്റ്റർ കെ. വി. ചാക്കോയുമൊത്ത് മാർ ഈവാനിയോസ് വാകത്താനത്തു പോയി കാതോലിക്കായെ കത്തു കാണിച്ചു. കാതോലിക്കാ സുറിയാനിയിൽ കത്തു തയാറാക്കി, സ്വന്തം കൈപ്പടയിൽ എഴുതിക്കൊടുത്തു. മാർ ദിവന്നാസ്യോസിന്റെ അനന്തിരത്തിയുടെഭർത്താവായ ബ. മൂലമണ്ണിൽ തോമസ് കത്തനാരെ കൊണ്ട് നല്ല കൈപ്പടയിൽ എഴുതി ആ കത്ത് പാത്രിയർക്കീസിന് അയച്ചുകൊടുത്തു. ഇപ്രകാരം പാത്രിയർക്കീസുമായി പല എഴുത്തുകുത്തുകൾ നടന്നു. മാർ ഈവാനിയോസ് 1926 ജൂലൈ 17-നും 1927 ഒക്ടോബർ 30-നും 1929 ജൂലൈ 27-നും പാത്രിയർക്കീസിനെഴുതി. അദ്ദേഹം 1926 ഒക്ടോബർ 12-നും 1929 ജനുവരി 5-നും 1929 ഒക്ടോബർ 22-നും മാർ ഈവാനിയോസിനും എഴുതി.[2]



## റോമുമായി നേരിട്ടുള്ള എഴുത്തുകുത്തുകൾ

റഹമാനി പാത്രിയർക്കീസുമായി നടക്കുന്ന എഴുത്തുകുത്തുകളെപ്പറ്റി അറിയാനിടയായ സ്നേഹിതരിൽ പലരും റോമുമായി നേരിട്ട് ഐക്യചർച്ചകൾ നടത്താൻ മാർ ഈവാനിയോസ് തിരുമേനിയെ പ്രേരിപ്പിച്ചു. ഇലഞ്ഞിക്കൽ ഈ.ജെ.ജോൺ വക്കീൽ, എം. ഏ. ചാക്കോ, മാർ അഗസ്റ്റിൻ കണ്ടത്തിൽ, മാർ ജയിംസ് കാളാശ്ശേരി, മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ എന്നിവർ അവരിൽ പ്രമുഖരാണ്. അവരുടെ നിർദേശാനുസണം റോമുമായി നേരിട്ട് എഴുത്തുകുത്തുകൾ നടത്താൻ മാർ ഈവാനിയോസ് തിരുമേനി തീരുമാനിച്ചു. റോമിലേക്ക് നേരിട്ടും ഇൻഡ്യയിലെ അപ്പസ്തോലിക് ഡെലഗേറ്റ് എഡ്വേർഡ് മൂണി വഴിയും മാർപാപ്പായുമായി ബന്ധപ്പെട്ടു കൊണ്ടിരുന്നു. ഫാ. ജോൺ റിബേരോ ഇക്കാര്യത്തിൽ മാർ ഈവാനിയോസ് പിതാവിന് സഹായിയായി നിലകൊണ്ടു. റോമുമായി നേരിട്ട് കത്തിടപാട് തുടങ്ങിയപ്പോൾ റഹമാനി പാത്രിയർക്കീസുമായുള്ള കത്തിടപാടുകൾ നിർത്തിവയ്ക്കേണ്ടിവന്നു.

മാർ ഈവാനിയോസ് 1926 നവംബർ 1-നും 1927 ജനുവരി-27-നും റോമിലേക്ക് രണ്ട് മെമ്മോറാണ്ടങ്ങൾ അയച്ചു. ആദ്യമെമ്മോറാണ്ടത്തിൽ താഴെപ്പറയുന്നവ അപേക്ഷിച്ചിരുന്നു:

*1. കാതോലിക്കാസ്ഥാനവും സിനഡൽ സംവിധാനവും അംഗീകരിക്കണം. അതായത്, മലങ്കര ശ്ലൈഹികസഭയുടെ ഓട്ടോണമി നിലനിർത്തണം.*

*2. തങ്ങളുടെ വിശ്വാസികൾ ഉള്ളിടത്തെല്ലാം മെത്രാന്മാർക്ക് അജപാലനാധികാരം ഉണ്ടായിരിക്കണം.*

*3. ആരാധനക്രമ സംബന്ധമായും സഭാപരവുമായ പാരമ്പര്യങ്ങൾ മാനിക്കപ്പെടണം. അവ മാറ്റിമറിക്കാൻ പാടില്ല. അതായത്, മാറ്റം കൂടാതെ പൗരസ്ത്യപാരമ്പര്യങ്ങൾ അഭംഗുരം പാലിക്കപ്പെടുമെന്ന് ഉറപ്പു ലഭിക്കണം.*

*4. തങ്ങളുടെ ഭാഗത്തുനിന്ന് മെത്രാൻ കക്ഷിക്കാർ വിശുദ്ധ പത്രോസിന്റെ പിൻഗാമിയായ റോമിലെ മാർപാപ്പായുമായി സമ്പൂർണവും ദൃശ്യവും കാനോനികവുമായ കൂട്ടായ്മ പുനഃസ്ഥാപിക്കാം.*

2. റ്റി. ഇഞ്ചക്കലോടി, *ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, 1,* 275 - 291.

മാർ ഈവാനിയോസ് തിരുമേനി 1927 ജനുവരി 27-ന് മറ്റൊരു മെമ്മോറാണ്ടവും റോമിലേക്കയച്ചു. ഇൻഡ്യയിലെ അപ്പസ്തോലിക ഡലഗേറ്റിന് 1928 ജൂലൈ 1-നും 21-നും രണ്ടു കത്തുകളയച്ചു. മാർ ദിവന്നാസ്യോസിന് അനുകൂലമായി 1928 ആഗസ്റ്റിൽ വട്ടിപ്പണക്കേസിന്റെ അന്തിമവിധി വന്നു. 1928 ഒക്ടോബർ 23-ന് അപ്പസ്തോലിക് ഡെലഗേറ്റിൽ നിന്ന് മാർ ഈവാനിയോസിന്റെ പേർക്ക് അനുകൂലമായ മറുപടി വന്നു. ആ വർഷം ഡിസംബറിൽ രണ്ടാം കാതോലിക്കാ കാലം ചെയ്തു. 1929-ൽ മാർ ദിവന്നാസ്യോസും മാർ ഈവാനിയോസും കൂടി കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ച് മാർ ഗ്രിഗോറിയോസിനെ മൂന്നാം കാതോലിക്കാ ആയി വാഴിച്ചു.

പരുമലയിൽ കൂടിയ സിനഡിൽ 1926-ൽ സംബന്ധിച്ചവരിൽ 1929-ൽ മാർ ഈവാനിയോസിനെ കൂടാതെ മൂന്നാം കാതോലിക്കാ മാത്രമേ അവശേഷിച്ചിരുന്നുള്ളു. കത്തോലിക്കാസഭയുമായുള്ള ഐക്യത്തിന് കാതോലിക്കാ തന്നെ നേതൃത്വം നൽകണമെന്നായിരുന്നു മാർ ഈവാനിയോസിന്റെ ആഗ്രഹം. കാതോലിക്കാ സ്ഥാനവും സിനഡും ഒഴികെയുള്ള സംഗതികളെല്ലാം അംഗീകരിക്കാൻ റോം തയാറായി. കാതോലിക്കാസ്ഥാനം റോം അംഗീകരിക്കാതിരുന്നാൽ ഐക്യത്തിന് നേതൃത്വം കൊടുക്കാൻ കാതോലിക്കായ്ക്ക് എങ്ങനെ സാധിക്കും എന്ന് മാർ ഈവാനിയോസ് തുടർന്നുള്ള കത്തുകളിലും റോമിനോട് ചോദിച്ചു. എന്നാൽ കാതോലിക്കായെ ഏതെങ്കിലും തരത്തിൽ അംഗീകരിക്കുന്നതിന് അപ്പോൾ റോമൻ ഉദ്യോഗസ്ഥന്മാർ തയാറല്ലായിരുന്നു. റോമിൽ നിന്നുള്ള അന്തിമ മറുപടി വരാനും കാലതാമസം നേരിട്ടു. മലങ്കരസഭയെ അംഗീകരിച്ചു കൊണ്ടുള്ള ഡിക്രി 1930 ആഗസ്റ്റ് 30-ന് മാർ ഈവാനിയോസ് തിരുമേനിക്ക് കിട്ടി. ആരാധനക്രമ പാരമ്പര്യങ്ങളെല്ലാം അംഗീകരിച്ചു, എന്നാൽ കാതോലിക്കാസ്ഥാനവും സിനഡും അംഗീകരിച്ചില്ല. അതുകൊണ്ട് കാതോലിക്കായ്ക്ക് ഈ ഐക്യത്തിലേക്ക് കടന്നുവരാൻ കഴിഞ്ഞില്ല. മാർ ദിവന്നാസ്യോസിൽ നിന്ന് അകലുക എന്നത് മാർ ഈവാനിയോസിന് വളരെ വേദനാജനകവുമായിരുന്നു.

കാതോലിക്കോസിനും സിനഡിനും അംഗീകാരം നിഷേധിക്കപ്പെട്ടെങ്കിലും, കത്തോലിക്കാ സഭയുമായി കാനോനിക കൂട്ടായ്മയിൽ പ്രവേശിക്കാൻ മാർ ഈവാനിയോസ് പിതാവ് തീരുമാനിച്ചു. മലങ്കരസഭയുടെ സമാധാനപൂർണമായ അസ്തിത്വത്തിനും വളർച്ചയ്ക്കും അഭിവൃദ്ധിക്കും അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസിൽ നിന്നുള്ള വേർപാട് അത്യാവശ്യമാണെന്ന് അക്കാലത്ത് ചിന്തിക്കാൻ മാർ ഈവാനിയോസിനു മാത്രമേ കഴിഞ്ഞുള്ളു. അപ്പോൾ അപ്രകാരം ചിന്തിക്കാൻ മാർ ദിവന്നാസ്യോസിനാകട്ടെ മൂന്നാം കാതോലിക്കായ്ക്കാകട്ടെ കഴിഞ്ഞില്ല. മലങ്കരസഭയുടെ ഓട്ടോണമി



സംരക്ഷിച്ചുകൊണ്ട് കൂട്ടായ്മ പുനഃസ്ഥാപിക്കുന്നതിൽ മാർ ഈവാനിയോസ് പ്രതിജ്ഞാബദ്ധനായിരുന്നു. കൂട്ടായ്മയും ഓട്ടോണമിയും ഒന്നിച്ചുപോകുമെന്ന് അദ്ദേഹം കരുതി. അതിന് അദ്ദേഹം കണ്ട വഴികളാണ് ബഥനി സന്ന്യാസപ്രസ്ഥാനവും കാതോലിക്കാസ്ഥാപനവും. പുരാതന സഭകളുമായി കൂട്ടായ്മയിൽ എത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റി തന്റെ കൂടെയുള്ള മെത്രാന്മാരെ അദ്ദേഹം കുറേയൊക്കെ ബോധ്യപ്പെടുത്തിയെങ്കിലും, കാതോലിക്കാസ്ഥാനം റോമിനെക്കൊണ്ട് അംഗീകരിപ്പിക്കാൻ അന്ന് അദ്ദേഹത്തിന് കഴിഞ്ഞില്ല. അത് അദ്ദേഹത്തെ വളരെ ദുഃഖിപ്പിച്ചു.

## മാർ ഈവാനിയോസും ഓർത്തഡോക്സ് മെത്രാന്മാരും

വട്ടിപ്പണക്കേസിൽ തനിക്കെതിരെ വീരരാഘവയ്യങ്കാരുടെ വിധി പ്രബലമായിരുന്ന കാലത്ത്, തന്റെ കക്ഷിയിൽ പെട്ട മെത്രാന്മാരെ റോമാസഭയുമായുള്ള കാനോനിക കൂട്ടായ്മയ്ക്ക് മാർ ദിവന്നാസ്യോസ് പ്രോത്സാഹിപ്പിച്ചെങ്കിലും, 1928-ൽ കേസിന്റെ വിധി അനുകൂലമായി വന്നപ്പോൾ അദ്ദേഹം പിന്മാറിക്കളഞ്ഞു.[3] അതുപോലെ കാതോലിക്കാ ആയിത്തീർന്ന മാർ ഗ്രിഗോറിയോസും പിന്നീട് പിന്മാറി. അതിനുള്ള ഭാഗിക കാരണം കാതോലിക്കാസ്ഥാനം റോം അംഗീകരിക്കാഞ്ഞതത്രേ. 1929-ൽ പട്ടം കിട്ടിയ പാമ്പാടി കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് റോമുമായുള്ള ഐക്യത്തിന് താൽപര്യം കാട്ടിയില്ല. മാർ തെയോഫിലസ് തിരുമേനി മാത്രം മാർ ഈവാനിയോസിനെ അനുഗമിക്കാൻ തയാറായി.

*പരുമല സെമിനരിയിൽ വച്ച് മാർ ദിവന്നാസ്യോസുമായി നടത്തിയ കൂടിക്കാഴ്ചയെപ്പറ്റി മാർ ഈവാനിയോസ് വിവരിക്കുന്നു:*

"നാമും മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായും ഒരുമിച്ച് സഭാസംഗതികൾ സംബന്ധിച്ചും കത്തോലിക്കാ പുനരൈക്യത്തിന്റെ ആവശ്യകത സംബന്ധിച്ചും പരുമല സെമിനരിയിൽ വച്ച് സംസാരിക്കയുണ്ടായി. അദ്ദേഹം മുന്നിട്ടുനിന്ന് പ്രവർത്തിക്കണമെന്നും ജനങ്ങളെയെല്ലാം ദൈവഭക്തിക്കടുത്ത മാർഗങ്ങളിൽ നയിക്കുന്നതിന് അദ്ദേഹത്തിന്റെ നേതൃത്വം ആവശ്യമാണെന്നും അദ്ദേഹം മുന്നിട്ടു നിൽക്കുന്നപക്ഷം നാമും അദ്ദേഹത്തെ അനുഗമിച്ച് സർവ പരിശ്രമങ്ങളും ചെയ്യാമെന്നും കണ്ണുനീരോടുകൂടി പറഞ്ഞു[4]. ....ഓർത്തഡോക്സ് സഭയെന്ന പേരു സ്വീകരിച്ച യാക്കോബായാ മെത്രാൻകക്ഷിയിൽ പെട്ട സകല മെത്രാന്മാരും പട്ടക്കാരും ജനങ്ങളുമൊന്നിച്ച് കത്തോലിക്കാ സഭയോട് യോജിക്കണമെന്നായിരുന്നു നമ്മുടെ

3. റ്റി. ഇഞ്ചക്കലോടി, *ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, 1,* 439 - 441.
4. റ്റി. ഇഞ്ചക്കലോടി, *ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, 1,* 439.

അഭിപ്രായം. കത്തോലിക്കാ പുനരൈക്യത്തിന് അധികം ആളുകളും വഴി പ്പെടുകയില്ലെന്നും പള്ളിയും സ്വത്തുക്കളും അവർ ഉപേക്ഷിച്ചു പോകയി ല്ലെന്നും അഥവാ ഉപേക്ഷിക്കുന്ന പക്ഷം അവയെല്ലാം എതിർകക്ഷിയായ പാത്രിയർക്കീസ് കക്ഷിക്ക് കിട്ടുമെന്നും വട്ടിപ്പണക്കേസ് ജയിച്ചിരിക്കുന്ന സ്ഥിതിക്ക് പഴയ സെമിനരിയും പരുമല സെമിനരിയും മറ്റും ഉപേക്ഷിച്ചു പോകുന്നതിന് അദ്ദേഹത്തിന് സന്നദ്ധത ഇല്ലെന്നും നാം ഗ്രഹിച്ചു. "മരിക്കു മ്പോൾ ഇതെല്ലാം വിട്ടുപോകേണ്ടിവരുമല്ലോ'' എന്നുള്ളതായിരുന്നു നമ്മുടെ ചിന്ത"[5] .

''അൽപ്പദിവസം കഴിഞ്ഞ് മാർ ദിവന്നാസ്യോസ് തിരുവനന്തപുര ത്തെത്തി, ഞങ്ങൾ തമ്മിലുണ്ടായ സംഭാഷണവിവരം ഇലഞ്ഞിക്കൽ ജോൺ വക്കീലിനോട് പറഞ്ഞു" ....ജോൺ വക്കീൽ വഴി അയച്ച കത്തിൽ ഐക്യത്തിനുള്ള അദ്ദേഹത്തിന്റെ വിമുഖത അദ്ദേഹം വ്യക്തമാക്കി. "റോമൻ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നതിന് അദ്ദേഹത്തിന് സമ്മ തമില്ലെന്നും ബഥനിപ്പള്ളികൾ റോമാസഭയിൽ ചേരാൻ ഇടയുള്ളതുകൊണ്ട് മേലിൽ ബഥനിപ്പള്ളികൾ വയ്ക്കരുതെന്നുമാണ് കത്തിൽ എഴുതിയിരുന്നത്."[6]

കൊല്ലം ബിഷപ്പിനെ കണ്ടശേഷം നാം തിരുവല്ലായിൽ വന്നപ്പോൾ മാർ ദിവന്നാസ്യോസ് തിരുമേനി അവിടെ വരികയും റോമായിൽ ചേരുവാൻ നിശ്ചയിച്ചുവോ എന്നു ചോദിക്കുകയും ചെയ്തു. "റോമാസഭയുമായി പുന രൈക്യപ്പെടാൻ നിശ്ചയിച്ചിരിക്കയാണെന്നും പുനരൈക്യപ്രസ്ഥാനത്തിന് അദ്ദേഹം നേതൃത്വം വഹിച്ച് മുമ്പോട്ടിറങ്ങണമെന്നും നാം അദ്ദേഹത്തോട് ആവശ്യപ്പെട്ടു. കത്തോലിക്കാസഭയിൽ ചേരണമെന്നുള്ള നമ്മുടെ ആഗ്രഹം നമ്മുടെ മനോബോധ്യത്തിന്റെ ഫലമാണെന്ന് അദ്ദേഹത്തിന് ബോധ്യപ്പെട്ടു."[7]

"സഭയുടെ ശ്രേയസ്സിന് കത്തോലിക്കാ സഭയുമായുള്ള പുനരൈക്യം ആവശ്യമാണെന്നു കാതോലിക്കാ ബാവായോട് തിരുവല്ലാ തിരുമൂലപുരം ബഥനി ആശ്രമത്തിൽ വച്ചു പറഞ്ഞെങ്കിലും അദ്ദേഹവും ഐക്യത്തിന് സന്ന ദ്ധനല്ലായിരുന്നു."[8] റോമിലെ തീരുമാനത്തിന്റെ കോപ്പി കൊല്ലം ബിഷപ്പ് മാർ ഈവാനിയോസിന് അയച്ചു കൊടുത്തു. "ആ കത്ത് കിട്ടിയശേഷം മൂന്നാമത്തെ മാർ ബസേലിയോസ് കാതോലിക്കാ ബാവായെയും മറ്റു മെത്രാ ന്മാരെയും നാം സന്ദർശിച്ചു. കാതോലിക്കാബാവാ പുനരൈക്യത്തിന് സമ്മ

5. റ്റി. ഇഞ്ചക്കലോടി, *ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, 1,* 440.

6. റ്റി. ഇഞ്ചക്കലോടി, *ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, 1,* 440 –441.

7. റ്റി. ഇഞ്ചക്കലോടി, *ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, 1,* 442.

8. റ്റി. ഇഞ്ചക്കലോടി, *ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, 1, 441.*



തമില്ലെന്നു നമ്മോടുപറഞ്ഞു. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോ ലീത്തായുടെ അഭിപ്രായവും പ്രതികൂലമായിരുന്നു. പാമ്പാടി കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് നമ്മോട് പറഞ്ഞത്, ഓർത്തഡോക്സ് സഭയിൽ നിന്ന് ഇളകുന്നപക്ഷം യാക്കോബായാ പാത്രിയർക്കീസിനോട് ചേരുന്നതിനാണ് അദ്ദേഹത്തിന് സമ്മതം എന്നായിരുന്നു. മാർ തെയോഫിലസ് എപ്പി സ്ക്കോപ്പാ മാത്രം കത്തോലിക്കാസഭയിൽ ചേരുന്നതിനു സന്നദ്ധനാ ണെന്നു പറഞ്ഞു."[9]

## കത്തോലിക്കാ കൂട്ടായ്മയും കൊല്ലം മെത്രാൻ ബൻസിഗർ തിരുമേനിയും

മാർ ഈവാനിയോസ് തിരുമേനിയേയും അനുയായികളെയും കത്തോ ലിക്കാ കൂട്ടായ്മയിലേക്ക് സ്വീകരിക്കാൻ റോം ചുമതലപ്പെടുത്തിയത് കൊല്ലം ലത്തീൻ ബിഷപ്പായ മോൺ. അലോഷ്യസ് ബൻസിഗർ തിരുമേനിയെ യാണ്. കൊല്ലം തങ്കശ്ശേരിയിലുള്ള റോമൻ കത്തോലിക്കാ അരമന ചാപ്പ ലിൽ വച്ചാണ് ആ മഹാസംഭവം നടന്നത്. മാർ ഈവാനിയോസിന്റെ ബഥനി ആശ്രമം കൊല്ലം ബിഷപ്പിന്റെ രൂപതാതിർത്തിയിൽ ആയിരുന്നതി നാലും അവിടെ സിറോ-മലബാർ സഭയ്ക്ക് അക്കാലത്ത് ഭരണാധികാരം ഇല്ലാതിരുന്നതിനാലുമാണ് റോം ആ ദൗത്യം അവരെ ഏൽപ്പിച്ചത്. ചങ്ങനാ ശ്ശേരി ആർച്ചുബഷപ്പ് മാർ ജയിംസ് കാളാശ്ശേരി, കോട്ടയം ബിഷപ്പ് മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ, കോട്ടാർ നിയുക്തബിഷപ്പ് മോൺ. ലോറൻസ് പെരേരാ എന്നിവരും കൊല്ലത്ത് സന്നിഹിതരായിരുന്നു.

കൊല്ലത്തുവച്ച് 1930 സെപ്റ്റംബർ 20 ശനിയാഴ്ച ഉച്ചകഴിഞ്ഞ് നാലുമ ണിക്ക് അഞ്ചുപേർ കത്തോലിക്കാ സഭയുമായി കാനോനിക കൂട്ടായ്മയിൽ പ്രവേശിച്ചു. മാർ ഈവാനിയോസ്, മാർ തെയോഫിലസ്, ഓമല്ലൂർ കുഴിമേ പ്പുറത്ത് ജോൺ ഓ.ഐ.സി., വെൺമണി ചെറിയാലുംമൂട്ടിൽ ബ്ര. അല ക്സാണ്ടർ (പിന്നീട് ഫാ. സെറാപിയോൻ), മാനേജർ കിളീലേത്ത് ചാക്കോ എന്നിവരായിരുന്നു ആ അഞ്ചുപേർ. അടുത്ത ദിവസം രാവിലെ 7.30-ന് കത്തോലിക്കാ മെത്രാൻ എന്ന നിലയിൽ തന്റെ ആദ്യകുർബാന അവിടെ ആ ചാപ്പലിൽ അർപ്പിച്ചു. അവിടെ നിന്ന് മാവേലിക്കരയെത്തി മാതാപിതാ ക്കളെ കത്തോലിക്കാസഭയിൽ ചേർത്തു. ചേപ്പാട്ട് ഫിലിപ്പോസ് റമ്പാൻ, പുലിക്കോട്ടിൽ യൗസേപ്പ് റമ്പാൻ, ബഥനിസന്ന്യസ്ഥർ എന്നിവരെ സഭയിൽ സ്വീകരിച്ചു. തുടർന്നുള്ള വർഷങ്ങളിൽ മെത്രാന്മാരും വൈദികരും ഉൾപ്പെടെ ആയിരങ്ങൾ ഈ കാനോനിക കൂട്ടായ്മയിലേക്ക് നടന്നടുത്തു.

9. റ്റി. ഇഞ്ചക്കലോടി, *ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, 1,* 441.

"വട്ടിപ്പണക്കേസിന്റെ വിധി മെത്രാൻകക്ഷിക്ക് പ്രതികൂലമായി വന്നപ്പോൾ കാതോലിക കൂട്ടായ്മയെ പിൻതുണച്ച പലരും പിന്നീട് വിധി അനുകൂലമായപ്പോൾ പിന്മാറിക്കളഞ്ഞു" എന്ന് മാർ ഈവാനിയോസ് തന്റെ ആത്മകഥയിൽ പറയുന്നു[10].

## പെരുനാട്ടിൽ വച്ചുള്ള വിശദീകരണം

കാതോലിക കൂട്ടായ്മയ്ക്ക് താൻ ഇറങ്ങിപ്പുറപ്പെട്ടത് എന്തിനാണെന്ന് പെരുനാട് മുണ്ടൻമലയിൽ നിന്നിറങ്ങുന്നതിനു മുമ്പ് മാർ ഈവാനിയോസ് പിതാവ് വിശദീകരിക്കയുണ്ടായി:

"മനുഷ്യകുലത്തിന്റെ ഒരേ ഒരു രക്ഷകനായ നമ്മുടെ കർത്താവേശുമിശിഹാ ഒരു സഭ മാത്രമേ സ്ഥാപിച്ചിട്ടുള്ളു. ദൈവിക പദ്ധതി അനുസരിച്ച് ആ സഭ ലോകത്തിൽ വളർന്നു. കൽക്കദോനിയായിൽ വച്ച് 451-ൽ മഹാഭൂരിപക്ഷം മെത്രാന്മാരോട് കുറേ മെത്രാന്മാർക്ക് അഭിപ്രായഭിന്നത ഉണ്ടാകുകയും സഭാഗാത്രത്തിൽ നിന്ന് അവർ വേർപെടുകയും ചെയ്തു. കാലാന്തരത്തിൽ ഈ കാൽസിഡൺ വിരുദ്ധർ ഒരു പ്രത്യേക സഭാവിഭാഗമായി രൂപീകരിക്കപ്പെട്ടു. എന്നാൽ വ്യത്യസ്ത ചിന്താധാരകളുള്ള നിരവധി വിഭാഗങ്ങളായി കാൽസിഡൺ വിരുദ്ധർ വിഭജിതരായി. യാക്കോബ് ബുർദാനാ എന്ന സുറിയാനിക്കാരൻ മെത്രാൻ അവരെ മിക്കവരെയും സംഘടിപ്പിച്ചു. അദ്ദേഹത്തിൽ നിന്ന് അവർ യാക്കോബായക്കാർ എന്ന് അറിയപ്പെട്ടു."

"ഒരു കിംവദന്തിയുടെ വെളിച്ചത്തിൽ കേരളത്തിൽ ഒരു കൂട്ടം ആളുകൾ കത്തോലിക്കാ കൂട്ടായ്മയിൽ നിന്നു വിട്ടുമാറി, പശ്ചിമേഷ്യയിലെ മേൽപ്പറഞ്ഞ യാക്കോബായാ സഭാസമൂഹവുമായി ബന്ധപ്പെടാൻ ഇടയായി. കത്തോലിക്കാ സഭയിലേതു പോലെ ഒരു പൊതുനേതാവിന്റെ അഭാവത്താൽ, ആരംഭം മുതലേ ഈ സമൂഹത്തിൽ നിരന്തര തർക്കവും സിവിൾ വ്യവഹാരങ്ങളും കലഹവും നിലനിന്നു. പിരിഞ്ഞു പോയവർക്ക് പുത്തൻകൂറ്റുകാരെന്നും മറ്റവർക്ക് പഴയകൂറ്റുകാരെന്നും പേരുണ്ടായി."

"പുത്തൻകൂർ സമൂഹത്തിൽ നിന്ന് ആദ്യം തൊഴിയൂർ സഭ 1772-ൽ ഉടലെടുത്തു. കുറേപ്പേർ 1836-ൽ ആംഗ്ലിക്കൻ സി.എം.എസ്. സഭയിൽ ചേർന്നു. യാക്കോബായാ സഭയിൽ നിന്ന് 1889-ൽ കേസിൽ തോറ്റ നവീകരണ യാക്കോബായക്കാർ മാർതോമാ സഭയുണ്ടാക്കി. പുത്തൻകൂർ യാക്കോബായാസഭ 1912-ൽ മെത്രാൻ കക്ഷിയെന്നും ബാവാക്കക്ഷിയെന്നും വീണ്ടും പിളർന്നു. മെത്രാൻ കക്ഷിയിൽ പെട്ട ആളെന്ന നിലയിൽ അതിന്റെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും വേണ്ടി ഞാൻ അഹോരാത്രം അധ്വാനിച്ചു. ഈ സഭയോട് അടുത്തിടപെടാൻ അവസരം ലഭിച്ചതിനാൽ, സഭയുടെ

10. ഇഞ്ചക്കലോടി, *ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, 1,* 439.



അധഃപതനത്തിന്റെ ആഴം ഗ്രഹിക്കാൻ എനിക്കു കഴിഞ്ഞു. അതെന്നെ സെറാമ്പൂരിലേക്കു നയിച്ചു."

"ഞാൻ ക്രിസ്തുവിന്റെ സഭ തേടി. അതു ഞാൻ കത്തോലിക്കാ സഭയിൽ കണ്ടെത്തി. അങ്ങനെയാണ് സഭൈക്യചർച്ചകൾ ആരംഭിച്ചത്. ക്രിസ്തുവിനെ അനുസരിക്കുക ക്രിസ്ത്യാനിയുടെ പ്രഥമ കർത്തവ്യമാണെങ്കിൽ, ഞാൻ അനുസരിക്കാൻ ശ്രമിച്ചു. അതിൽ വരുന്ന പ്രയാസങ്ങൾ ഞാൻ പരിഗണിച്ചില്ല. നിര്യാതനായ രണ്ടാം കാതോലിക്കോസിന് ഈ വിഷയത്തിലുള്ള ആകാംക്ഷയും അക്ഷമയും എത്രമാത്രമായിരുന്നെന്ന് നമുക്ക് നല്ല പോലെ അറിവുണ്ട്. ഇതൊന്നു മാത്രമേ സ്ഥൈര്യമായ ക്രിസ്തീയ ജീവിതത്തിന് നിദാനമായിട്ടുള്ളുവെന്ന് ബോധ്യം വന്നിട്ടുള്ള ദേഹമാണ് മൂന്നാം കാതോലിക്കോസും. ദൈവത്തിന് എത്രയും പ്രസാദകരമായിരിക്കാവുന്ന ഈ പ്രസ്ഥാനത്തെ മലങ്കര മെത്രാപ്പോലീത്തായും അനുകരിക്കുമെന്നുള്ള പ്രതീക്ഷയിൽ തന്നെ എഴുത്തുകുത്തുകൾ ആരംഭിച്ചു."

"ഓരോരുത്തരുടെയും ഇഷ്ടമനുസരിച്ച് മാറ്റിമറിക്കാവുന്നതല്ല ദൈവത്തിന്റെ സഭ. ക്രിസ്തുവിന്റെ യഥാർഥ ശരീരം കത്തോലിക്കാ സഭയാണ്. വെട്ടിമാറ്റപ്പെട്ട ശാഖകൾ നിസ്സംശയം ഉണങ്ങിപ്പോകും. സഭയുടെ ആന്തരിക ജീവിതത്തെപ്പറ്റിയുള്ള ഉൾക്കാഴ്ചയാണ് കത്തോലിക്കാ സഭയുമായുള്ള ഐക്യചർച്ചകളിലേക്ക് നയിച്ചത്. ഞാൻ തന്നെയാണ് എഴുത്തുകുത്തുകൾ നടത്തിയതെങ്കിലും, പ്രതിപുരുഷൻ എന്ന നിലയിൽ മാത്രമാണ് അപ്രകാരം ചെയ്തത്. മാർപാപ്പായെ അംഗീകരിക്കാമെന്ന് തീരുമാനിച്ചു. എന്നാൽ നമ്മുടെ ജനത്തിന്റെ മേലുള്ള അജപാലനാധികാരം ഉണ്ടായിരിക്കണം, ആരാധനക്രമഗ്രന്ഥങ്ങൾ മാറ്റിമറിക്കാൻ പാടില്ല, കാതോലിക്കാ സ്ഥാനവും സിനഡും അംഗീകരിക്കണം എന്നും നാം നിബന്ധന വച്ചു." [11]

## മാർ ഈവാനിയോസിന്റെ ആന്തരികാവസ്ഥ

കത്തോലിക്കാ സഭയുമായുള്ള കൂട്ടായ്മ സംബന്ധിച്ച് മാർ ഈവാനിയോസിന്റെ ആന്തരകാവസ്ഥ വെളിപ്പെടുത്തുന്ന ഒരു കത്ത് നമുക്ക് ലഭിച്ചിട്ടുണ്ട്. മാർ ഈവാനിയോസ് പിതാവ് 1929 ജനുവരി 14-ന് തിരുവല്ലായിൽ നിന്ന് മാമ്മൻ മാപ്പിളയ്ക്ക് അയച്ചതാണ് ആ കത്ത്.

"ഞാൻ വയ്ക്കുന്ന ഓരോ കാലടിയിലും നല്ലവനായ ദൈവം എന്നെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു എന്നുള്ള പരിപൂർണ്ണ വിശ്വാസം എനിക്കുണ്ട്. ഞാൻ ജനിച്ചുവളർന്ന സമുദായത്തിന്റെ പുനരുദ്ധാരണവും അഭ്യുന്നതിയുമെന്ന ഏകലക്ഷ്യത്തെ ലാക്കാക്കി അതിനെ ദൈവസന്നിധിയിലേക്ക് ആന

11. *ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, ഗിരിദീപം,60-70.*

യിക്കാൻ ഞാൻ അതിയായി ആഗ്രഹിക്കുന്നു. സ്വാർഥപരമായ എന്തെങ്കിലും ഉദ്ദേശ്യം ഇക്കാര്യത്തിൽ എന്നിൽ നിഴലിച്ചിട്ടു പോലുമില്ല എന്നുള്ള പരമാർഥം അറിയിച്ചു കൊള്ളുന്നു."

"ചാരിത്രികമായ ക്രിസ്തുമതത്തിന്റെ അടിസ്ഥാനത്തിൽ ഇന്നത്തെ ക്രൈസ്തവ ലോകത്തിന്റെ പുനരൈക്യം ആവശ്യമാണെന്ന് ഞാൻ വിശ്വസിക്കുന്നു. റോമിനെ ഉപേക്ഷിച്ചുകൊണ്ട് ഇപ്രകാരം ഒരു പുനരൈക്യം സാധ്യമല്ലെന്ന് എനിക്ക് പരിപൂർണ്ണ നിശ്ചയമുണ്ട്. കാരണം, ഇക്കാര്യത്തിൽ ഏറ്റവും പ്രധാന ഘടകമായി നിലകൊള്ളേണ്ടത് റോമാ ആണെന്നുള്ളതത്രേ. ഇതിനുവേണ്ടി എന്നെ ബലിയർപ്പിക്കുന്നതിന് ദൈവത്തിന്റെ അരൂപി ഇക്കാലയളവിൽ ശക്തിമത്തായി എന്നെ ഹേമിച്ചുകൊണ്ടിരുന്നു."

"മഹത്തായ ആദർശം ലക്ഷ്യമാക്കിയുള്ള ഉദ്ധാരണശക്തിക്കു മാത്രമേ ഏതൊരു സമുദായത്തെയും രക്ഷിക്കുന്നതിന് സാധിക്കുകയുള്ളു. താദൃശ്യമായ ഒരാദർശം കാണിച്ചു കൊടുക്കുന്നതിനായി ദൈവം എന്നെ വിളിക്കുന്നെന്ന് ഞാൻ പരിപൂർണമായി വിശ്വസിക്കുന്നു... തന്റെ സ്നേഹമാകുന്ന മഹാസമുദ്രത്തിലേക്ക് എടുത്തു ചാടാൻ സർവശക്തനായ ദൈവം എന്നെ ആഹ്വാനം ചെയ്യുന്നതായി എനിക്കു തോന്നുന്നു."

"റോമുമായി നടത്തിയ കത്തിടപാടുകളിൽ സ്വാർഥപരമായ ഉദ്ദേശത്തോടുകൂടെ ഒരൊറ്റ വാചകം പോലും ഞാൻ എഴുതുകയുണ്ടായിട്ടില്ല. ദൈവമഹത്വവും യാക്കോബായാ സമുദായത്തിന്റെ ഉദ്ധാരണവും മാർ തോമാശ്ലീഹായുടെ ആധ്യാത്മിക സന്താനങ്ങളുടെ പുനരൈക്യവും മാത്രമേ ഞാൻ ലക്ഷ്യമാക്കിയിരുന്നുള്ളു. നമ്മുടെ ആചാരാനുഷ്ഠാനങ്ങളും ആരാധനക്രമങ്ങളും അംഗീകരിച്ചും സംരക്ഷിച്ചും നമ്മുടെ പട്ടത്വത്തിന്റെയും മെത്രാഭിഷേകത്തിന്റെയും സാധുത്വം സ്വീകരിച്ചു കൊണ്ടുമുള്ള പുനരൈക്യത്തിനു വേണ്ടിയാണ് ഞാൻ ആവശ്യപ്പെട്ടത്....റോമുമായി നടത്തിയ എഴുത്തുകുത്തുകളിൽ കാതോലിക്കാ സിംഹാസനത്തിന്റെ തുടർച്ചയായ നിലനിൽപ്പും മെത്രാൻ കക്ഷിയുടെ ഒന്നടങ്കമുള്ള യോജിപ്പുമാണ് നാം ഉദ്ദേശിച്ചിരുന്നത്. അങ്ങനെ പഴയകൂർ-പുത്തൻകൂർ സുറിയാനിക്കാരായ സകലരുടെയും യോജിപ്പിനുള്ള മാർഗം തുറന്നിടണമെന്നത്രേ ഞാൻ ആഗ്രഹിച്ചത് "[12]

**അവലോകനം**

സിനഡൽ ഘടനയും കാതോലിക്കാസ്ഥാനവും നിലനിർത്തിക്കൊണ്ട് മലങ്കരസഭ മുഴുവൻ കത്തോലിക്കാ സഭയുമായി കാനോനിക കൂട്ടായ്മ പുനഃസ്ഥാപിക്കണമെന്നും അതിന് കാതോലിക്കോസ് തന്നെ നേതൃത്വം കൊടുക്കണമെന്നും മാർ ഈവാനിയോസ് ആഗ്രഹിച്ചു. റോമൻ കൂട്ടായ്മയിൽ പൗരസ്ത്യപാരമ്പര്യങ്ങൾ അഭംഗുരം പാലിക്കപ്പെടുമെന്ന് അദ്ദേഹം കരുതി. മലങ്കരസഭ അതിന്റെ പൗരസ്ത്യസഭാഘടനയോടും ജീവിത രീതിയോടും യഥാർഥ ഓട്ടോണമിയോടും കൂടെ നിലനിന്ന് വളരണമെന്ന് അദ്ദേഹം അഭിലഷിച്ചു. അദ്ദേഹം ഒരു ദാർശനികനായിരുന്നു. അദ്ദേഹത്തിന്റെ ദർശനം പല റോമൻ ഉദ്യോഗസ്ഥന്മാരുടെ പോലും വീക്ഷണത്തിനപ്പുറത്തായിരുന്നു. അദ്ദേഹത്തിന്റെ പഠനത്തിന്റെയും പ്രാർഥനയുടെയും ധ്യാനത്തിന്റെയും ഫലമായിരുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷമുള്ള ഈ സഭാദർശനം കൗൺസിലിന് മുമ്പ് ജീവിച്ച റോമൻ ഉദ്യോഗസ്ഥന്മാരിൽ പലരിലും കാണാൻ കഴിയാഞ്ഞതിൽ അത്ഭുതപ്പെടാനില്ല. മലങ്കര സഭയിലെ മറ്റ് നേതാക്കന്മാരിലും ഈ ദർശനവും താൽപ്പര്യവും കാണാത്തതിലും അത്ഭുതപ്പെടേണ്ടതില്ല.

അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസുമായുള്ള ബന്ധം പൂർണമായി വിടർത്തി റോമിൽ പത്രോസിന്റെ അപ്പസ്തോലിക സിംഹാസനവുമായുള്ള കൂട്ടായ്മ സ്ഥാപിക്കണമെന്ന് തന്റെ മനസ്സാക്ഷിയിൽ ബോധ്യം വന്ന ഏകവ്യക്തി അക്കാലത്ത് മാർ ഈവാനിയോസ് മാത്രമായിരുന്നു. അക്കാലത്ത് അപ്രകാരം ചിന്തിക്കാൻ അദ്ദേഹത്തിന് മാത്രമേ കഴിഞ്ഞുള്ളു. അദ്ദേഹത്തിനു ലഭിച്ച ദൈവനിവേശനം അനുസരിച്ച്, അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസിന് കീഴ്പ്പെടുന്നത് നിരസിക്കുന്നതിൽ അദ്ദേഹം തന്റെ മനസ്സാക്ഷിയെ പിൻചെന്നു.

താനുൾപ്പെടെയുള്ള മെത്രാൻ കക്ഷിയിൽ പെട്ടവരെ സഭാധ്യക്ഷനായ മാർ ദിവന്നാസ്യോസിനോടൊപ്പം അബ്ദള്ളാ ബാവാ മുടക്കിയത് സജീവമായി അദ്ദേഹത്തിന്റെ ഓർമയിൽ നിലനിന്നു. തുടർന്നുള്ള യാക്കോബായാ ബന്ധങ്ങളും 1911-ന്റെ ആവർത്തനത്തിന് വഴി തെളിക്കുകയേ ഉള്ളുവെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. മാത്യൂസ് മാർ അത്തനാസ്യോസിനെ 1876-ൽ പത്രോസ് പാത്രിയർക്കീസ് മുടക്കിയതും മുളന്തുരുത്തി സൂനഹദോസിൽ നടന്ന സംഭവങ്ങളും മലങ്കരയിൽ ഒരു വിഭാഗം മാറി മാർ തോമാസഭ സ്ഥാപിച്ചതും അദ്ദേഹത്തിന്റെ മനസ്സിൽ നിറഞ്ഞുനിന്നു. യാക്കോബായാ പാത്രിയർക്കീസിന്റെ കീഴിൽ ആയിരിക്കുന്നിടത്തോളം കാലം മലങ്കരയിൽ ശാശ്വതസമാധാനം ഉണ്ടാകയില്ലെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. തുടർന്നുള്ള കോടതിക്കേസുകളും തർക്കങ്ങളും കലഹങ്ങളും തെരുവുപ്രകടനങ്ങളും സംഘട്ടനങ്ങളും അദ്ദേഹം മുൻകൂട്ടി കണ്ടു.

**1930-ലെ സഭൈക്യത്തിന്റെ സവിശേഷതകൾ**

നിരവധി സവിശേഷതകൾ നിറഞ്ഞതാണ് 1930-ലെ സഭൈക്യം.

12.റ്റി. ഇഞ്ചക്കലോടി, *ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, 1, 407--436.*(ചുരുക്കം)

(1) ഇരുപതാം നൂറ്റാണ്ടിലെ നിരവധി സഭൈക്യസംരംഭങ്ങളിൽ ഇതു മാത്രമേ മകുടമണിഞ്ഞുള്ളു. ലത്തീൻ സഭയിൽ ലയിക്കാതെ, കാനോനിക കൂട്ടായ്മയിലേക്കു പ്രവേശിച്ച ഏക ഐക്യസംരംഭമാണിത്. 1920-കളിൽ കത്തോലിക്കാസഭയും ആംഗ്ലിക്കൻസഭയും തമ്മിൽ സഭൈക്യചർച്ച നടന്നു. *മലൈൻചർച്ചകൾ* എന്നാണ് ഇത് അറിയപ്പെടുന്നത്. കർദിനാൾ മേഴ്‌സിയർ, ആബേ ഫെർനാൻഡ് പോർട്ടൽ എന്നിവരുടെ നേതൃത്വത്തിലാണ് ചർച്ചകൾ നടന്നത്. എന്നാൽ അത് ഫലമണിയാതെ പോയി. അതുപോലെ, രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം നിരവധി ചർച്ചകൾ നടന്നു. സഭാശാസ്ത്രത്തിലും വീക്ഷണങ്ങളിലും മാറ്റമുണ്ടായെങ്കിലും, അതിന്റെ വെളിച്ചത്തിലൊന്നും സഭൈക്യം ഉണ്ടാകുന്നില്ല. 1930-ലെ സഭാശാസ്ത്രമനുസരിച്ച് അന്ന് റോമാസഭയും മലങ്കരസഭയും ഐക്യപ്പെട്ടു. 2005-ൽ രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ സഭാശാസ്ത്രമനുസരിച്ച് മലങ്കരസഭയെ പാത്രിയാർക്കൽ സഭകൾക്കു തുല്യമായ സ്ഥാനത്തേക്ക് മാർപാപ്പാ ഉയർത്തിയിരിക്കുന്നു. സ്വയം നിർണയാവകാശമുള്ളതും സ്വയം ഭരണമുള്ളതുമായ മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയായി ഉയർത്തി. 1930-ലെ ഐക്യത്തെ പൂർണമാക്കിയത് 2005-ലാണ്. രണ്ടു സഭകളെ സമ്പൂർണ കൂട്ടായ്മയിൽ എത്തിച്ച 1930-ലെ ആ തുടക്കം തികച്ചും മഹനീയമായിരുന്നു.

(2) കത്തോലിക്കാ കൂട്ടായ്മയിലേക്കു കടന്നുവന്ന മിക്ക പൗരസ്ത്യസഭകളും ലത്തീൻ മിഷണറിമാരുടെ പൗരസ്ത്യരുടെ ഇടയിലെ പ്രവർത്തന ഫലമായി ഉടലെടുത്തവയാണ്. എന്നാൽ 1930-ലെ ഈ സഭൈക്യപരിശ്രമം മലങ്കര സഭയുടെ ഉള്ളിൽ നിന്നുതന്നെ ഉണ്ടായതാണ്. 1653-ലെ കൂനൻകുരിശുസത്യം മുതലുള്ള ഐക്യപരിശ്രമങ്ങൾ വിജയത്തിലെത്തിയത് 1930-ലാണ്. പഴയകൂറ്റിലും പുത്തൻകൂറ്റിലുമുള്ള പിതാക്കന്മാരും ജനങ്ങളും അത്യധികം ആഗ്രഹിച്ചിരുന്ന ഒന്നാണ് രണ്ടുവിഭാഗങ്ങളും ഒന്നായി കൂട്ടായ്മയിൽ പ്രവേശിക്കുക എന്നത്. അതിനുള്ള കവാടം തുറന്നത് 1930-ലാണ്.

(3) ഈ സഭൈക്യം ദൈവഹിതാനുസൃതം ആകയാൽ, ദൈവം ഇതിനെ ധാരാളമായി അനുഗ്രഹിച്ചു. ഇത് ദൈവവിളിയിൽ സമൃദ്ധവും മിഷൻ ചൈതന്യം നിറഞ്ഞതുമാണ്. 1930 മുതൽ ധാരാളമായ ദൈവാനുഗ്രഹവും ശാന്തിയും അനുഭവിക്കുന്ന സഭാസമൂഹമാണ് മലങ്കരകത്തോലിക്കാസഭ. ഇതിനെ മുളയിലെ നുള്ളിക്കളയാൻ പല പരിശ്രമങ്ങൾ പലയിടത്തു നിന്നുമുണ്ടായി. എന്നാൽ ദൈവം ഇതിനെ പരിപാലിക്കുന്നു. ഫലത്തിൽ നിന്ന് വൃക്ഷത്തെ തിരിച്ചറിയാം.

(4) മാർ ഈവാനിയോസ് പിതാവിന് യാതൊരു സ്വാർഥലക്ഷ്യവുമില്ലായിരുന്നു. കർതൃഹിതം അനുസരിച്ച പ്രവർത്തിക്കുക, പരിശുദ്ധാത്മാവ് നടത്തുന്ന പാതയിലൂടെ മുന്നോട്ടുപോകുക എന്ന ലക്ഷ്യമേ ഉണ്ടായിരുന്നുള്ളു. ദൈവികപദ്ധതികൾ വിജയിക്കുക തന്നെ ചെയ്യും. ദൈവതിരുമുമ്പാകെ മലങ്കരസഭയുടെ വിജയത്തിന്റെ രഹസ്യം ദൈവാനുഗ്രഹം തന്നെ.



(5) റോമിൽ വിശുദ്ധ പത്രോസിന്റെ പിൻഗാമിയുമായുള്ള സമ്പൂർണ കൂട്ടായ്മ കൊണ്ടേ ശാശ്വതശാന്തിയും സമാധാനവും പുരോഗതിയും മലങ്കര സഭയ്ക്കുണ്ടാകുകയുള്ളു എന്ന മാർ ഈവാനിയോസ് പിതാവിന്റെ ബോധ്യവും പ്രവാചകദർശനവും സത്യമാണെന്ന് കാലം തെളിയിച്ചു. അദ്ദേഹം ക്രിസ്തുവിന്റെ സഭയെപ്പറ്റിയും ലോകത്തിൽ അതിനുള്ള ദൗത്യത്തെപ്പറ്റിയും ചിന്തിക്കാൻ തുടങ്ങി. താൻ ഉൾപ്പെട്ടു നിൽക്കുന്ന സമൂഹത്തിന്റെ പാപ്പരത്വം അദ്ദേഹം ശരിക്കും മനസിലാക്കി. വിഭജനം കർതൃഹിതത്തിനു കടകവിരുദ്ധമാണെന്നും ഒറ്റപ്പെട്ട സഭാജീവിതമല്ല കൂട്ടായ്മയിലുള്ള സഭാജീവിതമാണ് ഇന്നത്തെ ലോകത്തിൽ ക്രൈസ്തവസാക്ഷ്യത്തിന് ഏറെ സഹായകമെന്നും അദ്ദേഹം കണ്ടു. അദ്ദേഹത്തിന്റെ വിശകലനം ശരിയായിരുന്നെന്ന് കാലം തെളിയിച്ചു.

(6) താൻ ഉൾപ്പെട്ടു നിന്ന ഓർത്തഡോക്സ് സഭയിൽ ആഴമായ ആത്മിയ നവീകരണം നടത്തിയാണ് അദ്ദേഹം സഭൈക്യത്തിൽ എത്തിയത്. ആധ്യാത്മികനവീകരണം കൊണ്ടേ അധഃപതനത്തിൽ നിന്ന് സഭയെ രക്ഷിക്കാനാവൂ എന്ന് അദ്ദേഹം മനസിലാക്കി. പ്രവാചക തുല്യനായ അദ്ദേഹം സത്യത്തിന്റെ രഹസ്യങ്ങളിലേക്ക് എടുത്തു ചാടി. സത്യം അദ്ദേഹത്തെ സ്വതന്ത്രനാക്കി; ഒപ്പം അദ്ദേഹത്തിന്റെ കൂടെ ഇറങ്ങിത്തിരിച്ചവരെയും. കലഹത്തിന്റെയും കോടതിയുടെയും വിദ്വേഷത്തിന്റെയും ബന്ധനങ്ങളിൽ നിന്ന് അവരെ വിമുക്തരാക്കി. ബഥനിയുടെ സ്വാധീനത്തിൽ വന്ന ബന്ധനവിമുക്തരായവരൊക്കെ മാർ ഈവാനിയോസ് പിതാവിന്റെ പിന്നാലെ കത്തോലിക്കാ കൂട്ടായ്മയിൽ എത്തിച്ചേർന്നു.

### 1930-ലെ സഭൈക്യം ഒരു മഹാസംഭവം

ദൈവാത്മാവിനാൽ പ്രേരിതനായി മാർ ഈവാനിയോസ് പിതാവ് 1930-ൽ കത്തോലിക്കാ സഭയുമായുള്ള സമ്പൂർണ കൂട്ടായ്മയിലെത്തിയ ചരിത്രപ്രസിദ്ധമായ പുനരൈക്യം 20-ാം നൂറ്റാണ്ടിൽ വിജയമകുടം ചൂടിയ ഏക സഭൈക്യപ്രസ്ഥാനമാണ്. ചുരുങ്ങിയ കാലയളവിലെ (1925-1930) ഐക്യസംഭാഷണത്തിലൂടെ രണ്ട് അപ്പസ്തോലിക സഭകൾ സമ്പൂർണമായ ഐക്യത്തിലെത്തി എന്നു തോന്നുമെങ്കിലും, ഈ ഐക്യചർച്ചയ്ക്ക് 1653 മുതലുള്ള സംഭാഷണചരിത്രമുണ്ട്. റോമാ മാർപാപ്പായുമായും അതുവഴി ലോകം മുഴുവനുമുള്ള കോടിക്കണക്കിന് കത്തോലിക്കരുമായുള്ള സമ്പൂർണവും ദൃശ്യവും കാനോനികവുമായ സംസർഗം ക്രിസ്തുവിന്റെ

സഭയുടെ സഭാത്മകതയ്ക്ക് അവശ്യാവശ്യമെന്നു കരുതിയ മലങ്കരക്കാരുടെ ബോധ്യത്തിന്റെ യാഥാർഥ്യവൽക്കരണമാണ് 1930–ലെ സഭൈക്യം.

മലങ്കരയിലെ ഓർത്തഡോക്സ് – യാക്കോബായാ സഭകളിൽ 10–16 (അഥവാ 20–25) ലക്ഷം ജനങ്ങൾ കണ്ടേക്കാം. എന്നാൽ റോമിൽ വി. പത്രോസിന്റെ പിൻഗാമിയായ മാർപാപ്പാ അധ്യക്ഷനായുള്ള കത്തോലിക്കാ സഭയിൽ 110 കോടിയിൽ പരം കത്തോലിക്കരാണുള്ളത്. ഈ വിശ്വവ്യാപകമായ സഭയുമായിട്ടാണ് 1930–ൽ മലങ്കരസഭ സമ്പൂർണ കൂട്ടായ്മയിലേക്ക് പ്രവേശിച്ചത്.

മലങ്കര യാക്കോബായാ–ഓർത്തഡോക്സ് സഭാംഗങ്ങൾ മുഖ്യമായും കേരളത്തിൽ പാർക്കുന്നു. ഇൻഡ്യയിലെ പ്രധാന പട്ടണങ്ങളിലും ലോകത്തിൽ ചിലയിടങ്ങളിലും കുറേ മലങ്കരക്കാർ കുടിയേറിയിട്ടുണ്ട്. എന്നാൽ ഭൂമിശാസ്ത്രപരമായി നോക്കിയാൽ പോലും കത്തോലിക്കാസഭ ലോകവ്യാപകമാണ്.

മലങ്കര ഓർത്തഡോക്സ് സഭയിൽ ഒരു ലിറ്റർജിക്കൽ പാരമ്പര്യമേയുള്ളു. എന്നാൽ കത്തോലിക്കാ സഭയിൽ നിരവധി പാരമ്പര്യങ്ങളുണ്ട്. സന്ന്യാസ സംബന്ധമായും ദൈവശാസ്ത്ര സംബന്ധമായും സഭാജീവിത സംബന്ധമായും വൈവിധ്യമാർന്ന പാരമ്പര്യങ്ങളുണ്ട്. വൈവിധ്യത്തിൽ അധിഷ്ഠിതമായ ഐക്യമാണ് കത്തോലിക്കാ സഭയിലുള്ളത്. റോമാ മാർപാപ്പായുമായുള്ള കൂട്ടായ്മയിലൂടെ വിവിധ സഭാപാരമ്പര്യങ്ങളുമായി മലങ്കര സഭ സംസർഗത്തിൽ എത്തിയിരിക്കുന്നു. ഇത് സഭാപരമായി വലിയൊരു നേട്ടം തന്നെയാണ്. 1653–നുശേഷം പുത്തൻകൂറ്റുകാർക്കു നഷ്ടപ്പെട്ട കാതോലിക കൂട്ടായ്മയുടെ സമ്പൂർണത 1930–ലെ ദൃശ്യമായ ഐക്യത്തിലൂടെ വീണ്ടെടുക്കാൻ സാധിച്ചു.

പുത്തൻകൂർ–പഴയകൂർ സമൂഹങ്ങളുടെ ഇടയിൽ 1930–ലെ സഭൈക്യം ഒരു മഹാസംഭവമായിരുന്നു. 1653 മുതൽ പ്രഗത്ഭരായ പല സഭാനേതാക്കന്മാരും അശ്രാന്തം പരിശ്രമിച്ചിട്ടും സാധിക്കാത്ത മഹാസംഗതിയാണ് മാർ ഈവാനിയോസ് പിതാവ് നേടിയെടുത്തത്. സമൂഹത്തിൽ വലിയ നിലയും വിലയും ഉണ്ടായിരുന്ന ആളായിരുന്നു അദ്ദേഹം. സുറിയാനി വൈദികരുടെ ഇടയിൽ ആദ്യമായി എം.എ. ബിരുദം എടുത്തയാൾ, വിദ്യാഭ്യാസപ്രവർത്തകൻ, വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് പിതാവിന്റെ പ്രിയശിഷ്യൻ, ആശ്രമാധ്യക്ഷൻ, ആത്മീയ ഗുരു, നവീകരണകർത്താവ്, സുസമ്മതപുരോഹിത ശ്രേഷ്ഠൻ എന്നീ നിലകളിലൊക്കെ അദ്ദേഹം വിരാജിച്ചിരുന്നു. അതായത്, സമുദായത്തിലെ ഏറ്റവും ഗണനീയനായ വ്യക്തി തന്നെയായിരുന്നു അദ്ദേഹം. ദൈവദത്തമായ പ്രവാചകദൗത്യം നിർവഹിക്കാൻ വിളിക്കപ്പെട്ടപ്പോൾ, അതിനദ്ദേഹം കീഴ്വഴങ്ങി.



അദ്ദേഹം ഒരു ചരിത്രവിദ്യാർഥി ആയിരുന്നു. ചരിത്രം അദ്ദേഹത്തെ പല വലിയ പാഠങ്ങളും പഠിപ്പിച്ചു. അദ്ദേഹം സെറാമ്പൂരിലായിരുന്നപ്പോൾ കത്തോലിക്കാസഭാചരിത്രം, കാൽസിഡൺ മുതലുള്ള അന്ത്യോക്യൻ യാക്കോബായ സഭാചരിത്രം, വേർപെട്ട മറ്റ് സഭകളുടെ ചരിത്രം എന്നിവ നന്നായി പഠിച്ചു. കത്തോലിക്കാ സഭയിൽ നിന്ന് കാലാകാലങ്ങളിൽ വേർപെടുകയും കാലാന്തരത്തിൽ ഇല്ലാതായിപ്പോകുകയും ചെയ്ത സഭകളുടെയും സമൂഹങ്ങളുടെയും സ്ഥിതി അദ്ദേഹം കണ്ടു. കൂനൻകുരിശുസത്യത്തിന്റെ ചരിത്രപശ്ചാത്തലവും മാർതോമാ ഒന്നാമന്റെ സ്ഥാനരോഹണവും നന്നായി മനസ്സിലാക്കി. അതുപോലെ കേരളത്തിലെ യാക്കോബായാ സഭാപ്രവേശനവും അതിന് എങ്ങനെ ഇവിടെ ഇടം ലഭിച്ചു എന്ന കാര്യവും ഗ്രഹിച്ചു. ഇവിടുത്തെ സഭൈക്യചരിത്രവും പഠിച്ചു. കത്തോലിക്കാസഭയിൽനിന്ന് വേർപെട്ട് കഴിയുന്ന അന്ത്യോക്യൻ യാക്കോബായാ സഭയുമായുള്ള ബന്ധത്തിൽ തുടരുന്നതിന്റെ അർഥശൂന്യത അദ്ദേഹം മനസ്സിലാക്കി. യാക്കോബായാസഭയുടെ ഭാഗമായി തുടരുന്നതിൽ അദ്ദേഹം യാതൊരു നീതീകരണവും കണ്ടില്ല.

വേർപെട്ട കാലം മുതൽ ഇവിടുത്തെ പിതാക്കന്മാർ ഐക്യത്തിനായി ദാഹിച്ചിരുന്നെന്നും തങ്ങളുടെ പരിധിയിൽ വരുന്നവിധം ഐക്യം യാഥാർഥ്യമാക്കാൻ അവരെല്ലാം പരിശ്രമിച്ചിരുന്നെന്നും അദ്ദേഹം കണ്ടു. വേർപെട്ട പുത്തൻകൂർ സഭയെ അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസിന്റെ കീഴിൽ നിന്നുകൊണ്ട് നന്നാക്കാനാവില്ല എന്നു കണ്ടു. കത്തോലിക്കാസഭയുമായുള്ള ഐക്യം കൊണ്ടു മാത്രമേ മലങ്കരയിൽ ശാശ്വതസമാധാനം കൈവരൂ എന്ന ബോധ്യം അദ്ദേഹത്തെ ഭരിച്ചു.

മഹാബുദ്ധിമാനും പ്രതിഭാശാലിയുമായിരുന്ന അദ്ദേഹം കത്തോലിക്കാ സഭയിൽ സത്യസഭയെ കണ്ടെത്തി. പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് തിരുമേനിയും വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിയും ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ ഗുരുക്കന്മാരായിരുന്നു. ഐക്യം ഉണ്ടാക്കണമെന്ന് ബോധ്യമുള്ള പിതാക്കന്മാരായിരുന്നു അവരിരുവരും. അവരുടെ ബോധ്യങ്ങൾ അവർ മാർ ഈവാനിയോസ് പിതാവിന് പകർന്നുകൊടുത്തു. അത് 1930–ൽ ഫലമണിഞ്ഞു. അവർക്കിരുവർക്കും സാധിക്കാൻ കഴിയാഞ്ഞ കാര്യം മാർ ഈവാനിയോസ് പിതാവ് സാധിച്ചെടുത്തു.

മലങ്കരസഭയെ മൊത്തത്തിൽ കണ്ടിരുന്ന ആളായിരുന്നു മാർ ഈവാനിയോസ്. കാതോലിക്കായുടെ നേതൃത്വത്തിൽ മലങ്കരസമൂഹം മുഴുവൻ ഒന്നിച്ച് സഭൈക്യത്തിലേക്ക് പ്രവേശിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിലാഷം. അതിനായി തന്റെ പരിധിയിൽ വരുന്ന രീതിയിൽ അദ്ദേഹം

കഠിനാധ്വാനം ചെയ്തു. കാതോലിക്കായെ റോം അംഗീകരിക്കാൻ കൂട്ടാക്കാഞ്ഞതിനാൽ അദ്ദേഹം ഐക്യത്തിന് അറച്ചുനിന്നു. എല്ലാവരും കൂടിയുള്ള ഐക്യം യാഥാർഥ്യമാക്കാൻ മാർ ഈവാനിയോസിനു കഴിഞ്ഞില്ല. നിരാശനാകാതെ, ദൈവം കാണിച്ചുകൊടുത്ത പാതയിലൂടെ അദ്ദേഹം മുന്നോട്ടുപോയി. ദൈവം അദ്ദേഹത്തെ കൈക്കുപിടിച്ചു നടത്തി; ദൈവാത്മാവ് അദ്ദേഹത്തിലൂടെ പ്രവർത്തിച്ചു. അങ്ങനെ മാർതോമാ ക്രിസ്ത്യാനികളുടെ ഐക്യത്തിന് ദൈവം അദ്ദേഹത്തെ ഉപകരണമാക്കി.

ക്രിസ്തുവിന്റെ വാക്കുകളിൽ വിശ്വസിക്കുകയും അവിടുത്തെ സ്നേഹിക്കുകയും ചെയ്യുന്നവർക്കെല്ലാം ഐക്യത്തിനുള്ള ഒരുപാത അദ്ദേഹം തുറന്നുതന്നു. അസാധാരണ ഗുണവിശേഷങ്ങളുടെ വിളനിലമായിരുന്ന ഒരു വ്യക്തിയെക്കൊണ്ടേ ഇപ്രകാരം ദൈവതൃക്കരങ്ങളിൽ വിനീതോപകരണമായിരിപ്പാൻ കഴിയൂ. അപ്പോൾ ദൈവം അവരെ വിശിഷ്ടോപകരണമാക്കിത്തീർക്കും. അതാണ് 1930-ൽ സംഭവിച്ചത്. അതിന്റെ ഫലമായി കത്തോലിക്കാകൂട്ടായ്മയിൽ ഒരു പ്രാദേശികസഭ രൂപമെടുത്തു. മാർ ഈവാനിയോസ് പിതാവ് കത്തോലിക്കാ കൂട്ടായ്മയിലൂടെ നേടിയെടുത്തത് എന്താണെന്നും അദ്ദേഹത്തിന്റെ മഹത്വം എന്താണെന്നും മനുഷ്യർ ഇനിയും മനസ്സിലാക്കാൻ ഇരിക്കുന്നതേയുള്ളു. അദ്ദേഹം സാധിച്ചെടുത്തത് മഹാസംഗതിയാണ്.

# 17
# വിജയമകുടമണിഞ്ഞ പുനരൈക്യപരിശ്രമം

നമ്മുടെ കർത്താവേശുമിശിഹാ മനുഷ്യകുലത്തെ മുഴുവൻ തന്നിൽ യോജിപ്പിക്കാനാണ് മനുഷ്യനായി അവതരിച്ചത്. അവിടുന്ന് തന്റെ കുരിശിൽ സകലത്തെയും യോജിപ്പിക്കുകയും അനുരഞ്ജനപ്പെടുത്തുകയും ചെയ്തു. എന്നാൽ കാലാകാലങ്ങളിൽ സഭാംഗങ്ങളുടെ ഇടയിൽ പിരിവുകളും ഉൾപ്പിരിവുകളും ഉണ്ടാകുകയും ചെറിയ ചെറിയ സമൂഹങ്ങളായി സഭാഗാത്രത്തിൽ നിന്ന് മാറിപ്പോകുകയും ഏകവും വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ സഭയുമായുള്ള ദൃശ്യവും സമ്പൂർണവും കാനോനികവുമായ കൂട്ടായ്മ നഷ്ടപ്പെടുത്തുകയും ചെയ്തു. കിഴക്കും പടിഞ്ഞാറുമുള്ള പല സഭകളും സഭാസമൂഹങ്ങളും ഇപ്രകാരം കൂട്ടായ്മ നഷ്ടപ്പെട്ട് രൂപീകരിക്കപ്പെട്ടിട്ടുള്ളവയാണ്. സഭാരംഭകാലത്ത് ഉടലെടുത്ത മിക്ക *സെവുടോ ക്രിസ്ത്യൻ സമൂഹങ്ങളും* ഇന്ന് ഭൂമുഖത്തു നിന്ന് അപ്രത്യക്ഷമായി. അപൂർവം ചിലതൊക്കെ ഇപ്പോഴും നാമമാത്രമായി നിലനിൽക്കുന്നുണ്ട്. ഇക്കഴിഞ്ഞ നൂറ്റാണ്ടിൽ നിരവധി സമൂഹങ്ങൾ തങ്ങൾക്കിഷ്ടമുള്ള ചില ക്രിസ്തീയ മൂല്യങ്ങൾ മാത്രം ഉയർത്തിപ്പിടിച്ചും മറ്റുള്ളവ പാടേ തിരസ്ക്കരിച്ചും ഉടലെടുത്തിട്ടുണ്ട്.

കേരളത്തിലെ മാർ തോമാനസ്രാണികളുടെ ഇടയിലുണ്ടായ പിളർപ്പ് എന്തെങ്കിലും താത്വികാടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ളതല്ല. പോർട്ടുഗീസ് മിഷണറിമാരുടെ അതിരു കടന്ന പ്രവർത്തനം ഈ സഭയിൽ ഉണ്ടായതിന്റെ പ്രതികരണമായിട്ടാണ് 1653-ൽ മട്ടാഞ്ചേരിയിൽ വച്ച് കൂനൻകുരിശു സത്യം ഉണ്ടായത്. ഇവിടുത്തെ അപ്പസ്തോലിക സഭയുടെ ഓട്ടോണമിയും വ്യക്തിത്വവും സംരക്ഷിക്കാനായിട്ടാണ് ആർച്ചുഡീക്കന്റെ നേതൃത്വത്തിൽ സുറിയാനി സമുദായം ഒന്നടങ്കം *ഗാർസ്യാ മെത്രാനും സമ്പാളൂർ പാതിരിമാർക്കും എതിരായി* പ്രതിജ്ഞ ചെയ്തത്. എന്നാൽ ഈ സംഭവത്തിന്റെ തുടർച്ചയായി നിർഭാഗ്യവശാൽ ഈ സഭയുടെ ഐക്യവും ആന്തരികജീവിതവും

തകർന്നുപോയി. ഒരു വിഭാഗത്തെ സംബന്ധിച്ച് കാലാന്തരത്തിൽ കത്തോലിക്കാ സഭയുമായുള്ള സമ്പൂർണ കാതോലിക കൂട്ടായ്മ നഷ്ടമാകാനും 17 നൂറ്റാണ്ട് ഉപയോഗിച്ചു കൊണ്ടിരുന്ന പൗരസ്ത്യസുറിയാനി ആരാധന ക്രമം ഉപേക്ഷിക്കാനും ഇടയാകുകയും ചെയ്തു. ഒന്നായിരുന്ന സമുദായം ആദ്യം പുത്തൻകൂറെന്നും പഴയ കൂറെന്നും രണ്ടായി പിളർന്നു. അതിനു പിറകെ പിരിവുകളും ഉൾപ്പിരിവുകളും ഉടലെടുത്തു. അങ്ങനെ ഒന്നായിരുന്ന ദൈവജനം വ്യത്യസ്ത ചിന്താഗതികൾക്ക് വിധേയരായി.

എന്നാൽ ഐക്യം പുനഃസ്ഥാപിക്കാനുള്ള അഭിവാഞ്ച നസ്രാണിസമുഹത്തിലെ ഇരുവിഭാഗങ്ങളിലും സജീവമായി നിലനിന്നു. ഈ സമൂഹത്തെ 1653-ന് മുമ്പ് നിലനിന്ന അവസ്ഥയിലേക്ക് തിരികെ കൊണ്ടുപോകുന്നതിന് പുത്തൻകൂറ്റിലും പഴയകൂറ്റിലുമുള്ള നേതാക്കന്മാർ പലരും ആത്മാർഥമായി ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്തു. നൂറ്റാണ്ടുകളായി മലങ്കര സഭാസമൂഹങ്ങൾ നടത്തിയ ഐക്യപരിശ്രമങ്ങളുടെ ശുഭകരമായ പര്യവസാനമാണ് 1930 സെപ്തംബർ 20-ലെ കത്തോലിക്കാ പുനരൈക്യം. ഇതിനായി തീക്ഷ്ണമായി പ്രാർഥിക്കുകയും പരിഹാരം അനുഷ്ഠിക്കുകയും പ്രവർത്തിക്കുകയും ചെയ്തവർ നിരവധിയാരണ്. വിഭജനം കർതൃഹിതത്തിന് എതിരാണെന്നും സുവിശേഷ മൂല്യങ്ങൾക്ക് അന്യമാണെന്നും ക്രിസ്തുമതത്തിന്റെ തന്നെ നിഷേധമാണെന്നും തിരിച്ചറിഞ്ഞവരായിരുന്നു അവർ.

## പുനരൈക്യപരിശ്രമങ്ങൾ

*ഒന്നാം മാർ തോമാ* എന്നറിയപ്പെടുന്ന തോമാ ആർച്ചുഡീക്കന്റെ നേതൃത്വത്തിലാണല്ലോ സമ്പാളൂർ പാതിരിമാർക്കെതിരെ കൂനൻകുരിശുസത്യം 1653-ൽ നടന്നത്. ഇട്ടിത്തൊമ്മൻ കത്തനാർ ചമച്ച വ്യാജരേഖയുടെ അടിസ്ഥാനത്തിൽ 12 കത്തനാരന്മാർ കൈവയ്പ്പു നടത്തുകയും മാർ തോമായെ മെത്രാന്റെ വേഷഭൂഷാദികൾ അണിയിച്ച് മെത്രാൻ എന്നു വിളിക്കുകയും ചെയ്തു. തനിക്ക് ശരിയായ മെത്രാൻപട്ടം ഇല്ലെന്ന് മാർ തോമായ്ക്ക് അറിയാമായിരുന്നു. കൂനൻകുരിശുസത്യം നടന്ന ഉടനെ തോമാ ആർച്ചുഡീക്കൻ റോമിലേക്ക് എഴുതി. അതിനു മറുപടി വരാൻ വളരെ താമസം നേരിട്ടു. റോമിൽ നിന്നയച്ച ഒരു ഡെലഗേഷൻ, സെബസ്ത്യാനി എന്ന കർമലീത്താ വൈദികന്റെ നേതൃത്വത്തിൽ 1657-ലും ഹിയാസിന്ത് എന്ന സന്ന്യാസിയുടെ നേതൃത്വത്തിൽ മറ്റേത് 1658-ലും നാട്ടിലെത്തി പ്രശ്നത്തെപ്പറ്റി പഠിക്കാൻ ശ്രമിച്ചു. 1653-നു ശേഷം നാലഞ്ചു വർഷം കഴിഞ്ഞാണ് റോമൻ പ്രതിനിധികൾ എത്തുന്നത്. അപ്പോഴേക്കും പ്രശ്നം കുഴഞ്ഞു മറിഞ്ഞിരുന്നു. സെബസ്ത്യാനിയും ഹിയാസിന്തും മാർ തോമായുമായി പല കൂടിക്കാഴ്ചകൾ നടത്തി.



"ജസ്വിട്ടർക്കും ഗാർസ്യായ്ക്കും യാതൊരു കാരണവശാലും കീഴ്പ്പെട്ട് നടക്കയില്ലെന്നും തന്റെ പട്ടം ക്രമപ്പെടുത്തണമെന്നും മാർപാപ്പായുടെ കൽപ്പനയോടു കൂടെ ജസ്വിട്ടരൊഴിച്ച് മറ്റ് സന്ന്യാസ സമൂഹത്തിൽ പെട്ടവർ വന്നാൽ അനുസരിക്കുമെന്നും" മാർതോമാ അറിയിച്ചു.

"സ്വമേധയാ സ്വീകരിച്ച മെത്രാന്റെ സ്ഥാനചിഹ്നങ്ങൾ സ്വമേധയാ താഴെ വയ്ക്കട്ടെ", എന്നും "ഇട്ടിത്തൊമ്മൻ കത്തനാരുടെ രേഖ വ്യാജമാണ്" എന്നും റോമൻ ഡലഗേഷൻ അറിയിച്ചു.

സെബസ്ത്യാനി 1658-ൽ റോമിൽ തിരികെ പോയി. ഇതിനിടെ ഹിയാസിന്തുമെത്തി. സെബസ്ത്യാനി മെത്രാനായി 1661-ൽ തിരികെ കേരളത്തിലെത്തി. കേരളത്തിലെ ഡച്ചു മുന്നേറ്റകാലമായിരുന്നത്. അക്കാരണത്താൽ സെബസ്ത്യാനിക്ക് നാട്ടിൽ തുടരാൻ കഴിഞ്ഞില്ല. മാർ തോമായുടെ പട്ടം ക്രമീകരിക്കുന്നതിനു പകരം അതേ കുടുംബത്തിൽ പെട്ട പള്ളിവീട്ടിൽ ചാണ്ടിക്കത്തനാരെ മെത്രാനാക്കിയിട്ട് സെബസ്ത്യാനി നാടുവിട്ടു. അന്നുണ്ടായിരുന്ന 110 പള്ളികളിൽ 64 പള്ളികൾ പൂർണമായും 20 പള്ളികൾ ഭാഗികമായും ചാണ്ടിമെത്രാനെ സ്വീകരിച്ചു. ശേഷിച്ച 26 പള്ളികൾ പൂർണമായും 20 പള്ളികൾ ഭാഗികമായും മാർ തോമായെ സ്വീകരിച്ചു. മാർതോമാ പിളർപ്പിനല്ല, കൂട്ടായ്മയ്ക്കാണ് നിലനിന്നത്. എന്നാൽ തന്റെ സ്ഥാനം ക്രമപ്പെടുത്തണം എന്ന നിലപാടിൽ അദ്ദേഹം അയവു വരുത്തിയില്ല. ഗാർസ്യാ മെത്രാനും വിസിറ്റർമാരായ സെബസ്ത്യാനിയും ഹിയാസിന്തും മാർ തോമായെ മഹറോൻ ചൊല്ലി.

തന്റെ പട്ടം ക്രമപ്പെടുത്തുന്നതു സംബന്ധിച്ച് റോമിൽ നിന്ന് അനുകൂല പ്രതികരണം ഉണ്ടാകുന്നില്ലെന്നു കണ്ടാണ് മാർതോമാ മറ്റിടങ്ങളിലേക്ക് എഴുതിയതും അതിന്റെ ഫലമായി ജറുസലേമിൽ നിന്ന് 1665-ൽ മാർ ഗ്രിഗോറിയോസ് എന്ന യാക്കോബായാ മെത്രാൻ എത്തിയതും.

*നാലാം മാർതോമായും (1688-1728)* ഇരുവിഭാഗങ്ങളെയും യോജിപ്പിക്കുന്നതിന് പരിശ്രമിച്ചു. അദ്ദേഹം തന്റെ കീഴിലുള്ള 29 പള്ളിക്കാരുടെയും 12 കത്തനാരന്മാരുടെയും കൈയൊപ്പോടു കൂടെ 1704 ഡിസംബർ 7-ന് എട്ടാം ഉർബൻ മാർപാപ്പായ്ക്ക് ഒരപേക്ഷ അയച്ചു. തന്റെ മെത്രാൻസ്ഥാനം അംഗീകരിച്ച് കൊടുക്കണമെന്നും സുറിയാനി പാരമ്പര്യങ്ങൾ അനുസരിച്ച് തുടരാൻ അനുവദിക്കണമെന്നും കർമലീത്തനായ ആൻജലോ ഫ്രാൻസിസിന്റെ സഹായ മെത്രാനായി നിയമിതനായാലും താൻ സംതൃപ്തനാണെന്നും കാണിച്ചാണ് എഴുതിയത്. തൽസംബന്ധമായി പഴയകൂറ്റുകാരും 1704 ജൂൺ 20-നു തന്നെ കടുത്തുരുത്തിയിൽ കൂടിയ യോഗത്തിൽ ഒരു കത്തു തയാറാക്കി റോമിലേക്ക് അയച്ചിരുന്നു. സഭൈക്യസംരംഭം അനുഭാവപൂർവം

വീക്ഷിക്കണമെന്നായിരുന്നു അഭ്യർഥന. എന്നാൽ അനുരഞ്ജന ശ്രമങ്ങൾ പ്രോത്സാഹിപ്പിക്കുന്ന നീക്കം റോമിന്റെ ഭാഗത്തു നിന്നുമുണ്ടായില്ല.

*അഞ്ചാം മാർതോമാ (1728-1765)* സഭൈക്യസംബന്ധമായി 1748 ആഗസ്റ്റ് 16-ന് ബനഡിക്ട് 14-ാമൻ മാർപാപ്പായ്ക്ക് ഒരു കത്തയച്ചു. അന്നുവരെയുള്ള സഭാചരിത്രം അതിൽ ചുരുക്കി വിവരിക്കുന്നു:

"പോർട്ടുഗീസുകാരും ഞങ്ങളും തമ്മിൽ ഐക്യവും യോജിപ്പും മേലാൽ ഒരിക്കലും ഉണ്ടാകുന്നതല്ലെന്ന് ഞങ്ങൾ സത്യം ചെയ്തു"എന്നാണ് കത്തിൽ എഴിതിയിരിക്കുന്നത്.

തന്റെ മുൻഗാമികളുടെ അഭ്യർഥനകളാണ് അദ്ദേഹവും നിരത്തിവച്ചത്. "തന്റെ മെത്രാൻ സ്ഥാനം ക്രമപ്പെടുത്തണം, പൗരസ്ത്യ പാരമ്പര്യങ്ങൾ തുടരാൻ അനുവദിക്കണം" എന്നൊക്കെ മുൻഗാമികളെപ്പോലെ അദ്ദേഹവും അപേക്ഷിച്ചു. എന്നാൽ മിഷണറിമാർ ഇതിനൊക്കെ എതിരു നിന്നതിനാൽ ഈ സംരംഭവും വിജയിച്ചില്ല. "യഥാസമയം മെത്രാൻപട്ടം കൊടുക്കാം, എന്നാൽ ഭരണാധികാരം കൊടുക്കാനാവില്ല"എന്ന് മിഷണറിമാരുടെ വാക്കു കേട്ട റോമൻ ഉദ്യോഗസ്ഥന്മാർ തീരുമാനമെടുത്തു. കൂനൻകുരിശിനു ശേഷം ഏതാണ്ട് ഒരു നൂറ്റാണ്ട് കഴിഞ്ഞപ്പോഴാണ് പുതിയ വിഭാഗത്തിന്റെ തലവന് മെത്രാൻപട്ടം കൊടുക്കാമെന്ന നിലപാട് റോം സ്വീകരിച്ചത്.

*ആറാം മാർതോമായും (1761-1808)* എക്യൂമെനിക്കൽ കാര്യങ്ങളിൽ ബഹുദൂരം മുന്നോട്ടുപോയി. അദ്ദേഹം ഒരു വലിയ സഭൈക്യ കാംക്ഷിയായിരുന്നു. തന്റെ മുൻഗാമിയിൽ നിന്നു കിട്ടിയ പട്ടത്തെപ്പറ്റി സംശയിച്ച അദ്ദേഹം 1772-ൽ അന്ത്യോക്യൻ യാക്കോബായാ മെത്രാൻ, മാർ ഗ്രിഗോറിയോസിൽ നിന്ന് രണ്ടാമതും എല്ലാ പട്ടങ്ങളും സ്വീകരിച്ച് മാർ ദിവന്നാസ്യോസ് എന്ന് പേരെടുത്തു. സുറിയാനി റീത്ത് സംരക്ഷിക്കാനുള്ള അവകാശവും തന്റെ ജനത്തിന്റെ മേലുള്ള അധികാരവും അംഗീകരിക്കണമെന്ന് അദ്ദേഹം റോമിനോട് ആവശ്യപ്പെട്ടു. പഴയകൂറ്റുകാരും ഇക്കാര്യത്തിൽ വളരെ തൽപ്പരർ ആയിരുന്നു. പഴയകൂറ്റിലെ കരിയാറ്റി മൽപ്പാൻ വളരെയേറെ ക്ലേശങ്ങൾ സഹിച്ച് മാർ തോമായുടെ അപേക്ഷയും പഴയകൂറ്റിലെ 72 പള്ളിക്കാരുടെ അപേക്ഷയും കൊണ്ട് റോമിലും പോർട്ടുഗലിലും പോയി, മെത്രാനായി. ആറാം മാർ തോമായെ സ്വീകരിക്കാനുള്ള അധികാര പത്രത്തോടുകൂടെ ഗോവാ വരെയെത്തി. എന്നാൽ അവിടെവച്ച് മരിച്ചു. തുടർന്ന് തച്ചിൽ മാത്തുത്തരകൻ എന്ന അൽമായ പ്രമാണിയുടെ ശ്രമഫലമായി 1799 ജൂൺ 22-ന് മാർ ദിവന്നാസ്യോസ് കത്തോലിക്കാസഭയുമായി ഐക്യപ്പെട്ടു. എന്നാൽ കൊച്ചി മെത്രാൻ അദ്ദേഹത്തെ മെത്രാനായി അംഗീകരിക്കുകയോ മെത്രാനടുത്ത അധികാരങ്ങൾ കത്തോലിക്കാസഭയിൽ ചെയ്യാൻ സമ്മതിക്കുകയോ ചെയ്തില്ല. മിഷണറിമാർ ആ ഐക്യസംരംഭവും തട്ടിത്തകർത്തുകളഞ്ഞു. മാർതോമാ ആറു മാസങ്ങൾക്കുശേഷം തിരികെ പോയി.



***ചേപ്പാട്ടു മാർ ദിവന്നാസ്യോസിന്റെ കാലത്തും (1825-1855)*** സഭൈക്യ ചിന്തകൾ സജീവമായിരുന്നു. കത്തോലിക്കാ പുനരൈക്യാർഥം അദ്ദേഹം വരാപ്പുഴ വികാരി അപ്പസ്തോലിക്കായുമായി എഴുത്തുകുത്തുകൾ നടത്തി. "മാർ ദിവന്നാസ്യോസിനെ മെത്രാനെന്ന നിലയിൽ സ്വീകരിക്കാൻ സാധ്യമല്ല" എന്ന മറുപടിയാണ് വരാപ്പുഴ നിന്നു ലഭിച്ചത്. അക്കാരണത്താൽ അദ്ദേഹം പുനരൈക്യപരിശ്രങ്ങളിൽ നിന്ന് പിന്മാറി, അന്ത്യോക്യൻ യാക്കോബായാ സഭയോട് കൂടുതൽ അടുത്തു. പ്രോട്ടസ്റ്റന്റുകാരിൽ നിന്ന് അകലാനാണ് അദ്ദേഹം ഈ നിലപാടെടുത്തത്.

***പുലിക്കോട്ടിൽ മാർ ദിവന്നാസ്യസ് അഞ്ചാമൻ (1865-1909)*** : സഭൈക്യകാര്യങ്ങളിൽ വളരെ തൽപ്പരനും വലിയ സമുദായ സ്നേഹിയുമായിരുന്നു അദ്ദേഹം. നിധീരി മാണിക്കത്തനാർ എന്ന പഴയകൂർ വൈദികൻ അദ്ദേഹത്തിന്റെ ഉറ്റസ്നേഹിതനായിരുന്നു. അവരിരുവരും ഒന്നിച്ചാണ് സഭൈക്യചർച്ചകൾക്ക് നേതൃത്വം കൊടുത്തത്. എന്നാൽ അവരുടെ എല്ലാ സഭൈക്യസംരംഭങ്ങൾക്കും ഇവിടെയുണ്ടായിരുന്ന പാശ്ചാത്യമിഷണറിമാർ തുരങ്കം വച്ചു. അവരുടെ വാക്കുകേട്ട് പ്രവർത്തിച്ച ഉന്നതോദ്യോഗസ്ഥന്മാർ വിട്ടുവീഴ്ചയ്ക്കു തയാറായില്ല. നിധീരിയും ദിവന്നാസ്യോസും കൂടി *നസ്രാണി ജാത്യൈകസംഘം* രൂപീകരിച്ചു. ഒന്നിച്ചുള്ള പല പ്രവർത്തനങ്ങൾക്കും അവർ പദ്ധതിയുണ്ടാക്കി. നവീകരണ യാക്കോബായക്കാരുമായുള്ള *രണ്ടാം സമുദായ ക്കേസ്* നടക്കുന്ന കാലമായിരുന്നത് (1879-1889). സഭയുടെ മേലേക്കിടയിൽ മാത്രമല്ല, സാധാരണ ജനങ്ങളുടെ ഇടയിലും സഹകരണവും ധാരണയും വർധിച്ചെങ്കിലേ സഭൈക്യം സുസാധമാകൂ എന്ന് അവർ മനസ്സിലാക്കി.

എന്നാൽ ഈ കാലത്താണ് ഇരുസമുദായങ്ങളെയും തമ്മിലകറ്റാനുള്ള സംരംഭങ്ങൾ മിഷണറിമാരുടെ ഭാഗത്തുനിന്നും അന്ത്യോക്യൻ യാക്കോബായക്കാരുടെ ഭാഗത്തുനിന്നും ഉണ്ടായത്. പ്രോട്ടസ്റ്റന്റ് സ്വാധീനത്തിൽ നിന്നകന്ന് കൂടുതൽ സത്യവിശ്വാസപാതയിലൂടെ ചരിക്കാൻ ആത്മാർഥമായി പരിശ്രമിച്ചതിന്റെ ഫലമാണ് പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസിന്റെ സഭൈക്യസംരംഭങ്ങൾ. തന്റെ മുൻഗാമികൾ റോമിനോട് അപേക്ഷിച്ചവ തന്നെയാണ് അദ്ദേഹവും അപേക്ഷിച്ചത്.

1. *മെത്രാന്മാർക്ക് തങ്ങളുടെ ജനത്തിന്മേലുള്ള അധികാരം നിലനിർത്തണം.*
2. *ആരാധനാനുഷ്ഠാനങ്ങളിൽ മാറ്റം വരുത്താൻ പാടില്ല.*
3. *വിവാഹിതരായ പട്ടക്കാരെ സ്വീകരിക്കണം.*
4. *മാർപാപ്പായെ സാർവത്രിക സഭാധ്യക്ഷനായി അംഗീകരിക്കാം.*

അദ്ദേഹം ആവശ്യപ്പെട്ടതൊക്കെ കർദിനാൾസംഘം അനുവദിച്ചതായിട്ടാണ് 1888-ലെ റിപ്പോർട്ട്. സഭൈക്യത്തിന് സഹായകമായ എല്ലാ ആവശ്യങ്ങളും അംഗീകരിക്കാൻ റോം സന്നദ്ധമാണെന്ന് ധ്വനിപ്പിക്കുന്ന പ്രയോഗങ്ങളാണ് റിപ്പോർട്ടിൽ. പുത്തൻകൂറ്റുകാരുടെ ഹയരാർക്കി അംഗീകരിച്ചു കൊടുക്കാനും അവർക്ക് ഭരണാധികാരം നൽകാനും റോം അനുകൂല നിലപാട് എടുക്കുമെന്ന് കണ്ടപ്പോൾ, അന്നുവരെ ഏതാണ്ട് അനുകൂല മനോഭാവം കാണിച്ചിരുന്ന മിഷണറിമാർ പുറംതിരിയാൻ തുടങ്ങി. അങ്ങനെ ആ പരിശ്രമവും പൂവണിഞ്ഞില്ല.

***കണ്ടനാട്ട് യൊവാക്കിം മാർ ഈവാനിയോസും ( 1913-1925)*** സഭൈക്യകാര്യങ്ങളിൽ തൽപ്പരനായിരുന്നു. എറണാകുളം ആർച്ചുബിഷപ്പുമായി 1923-ൽ അദ്ദേഹം ചർച്ചകൾ നടത്തി. സഭൈക്യത്തിന് ഒരു തീയതിയും നിശ്ചയിച്ചു. എന്നാൽ അദ്ദേഹത്തിന്റെ ബന്ധുവായ കരവട്ട് സൈമൺ ശെമ്മാശ്ശനും മൂക്കഞ്ചേരിൽ പത്രോസ് ശെമ്മാശ്ശനും കൂടി വഞ്ചനാപരമായി അതു തടഞ്ഞു. എറണാകുളത്തേക്ക് പോകുന്നതിനു പകരം ബോട്ടിൽ പരുമലയിലേക്ക് അവർ അദ്ദേഹത്തെ രാത്രിയിൽ കൊണ്ടുപോയി. പിന്നീട് കോറെപ്പിസ്ക്കോപ്പാ ആയിത്തീർന്ന സെമൺ തന്നെയാണ് ഇക്കാര്യങ്ങൾ പറഞ്ഞിട്ടുള്ളത്.

കോട്ടയം രൂപതാധ്യക്ഷൻ ***മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ (1923 -1951)*** ക്നാനായ സമൂഹത്തിലെ ഇരുവിഭാഗങ്ങളെയും യോജിപ്പിക്കാൻ പല പരിശ്രമങ്ങളും നടത്തി. അതുപോലെ ക്നാനായ യാക്കോബായാ സഭയിലെ ***മാർ സേവേറിയോസും (1910-1927)*** ഐക്യത്തിന് തൽപ്പരനായിരുന്നു. എന്നാൽ ഐക്യം എന്ന അനുഗ്രഹത്തിന് അവകാശികളാകാൻ അവർക്ക് കഴിഞ്ഞില്ല.

മിഷണറിമാർ ഈ അപ്പസ്തോലികസഭയുടെ ഓട്ടോണമി അംഗീകരിച്ചിരുന്നില്ല. പശ്ചിമേഷ്യൻ യാക്കോബായക്കാർ റോമൻ വിരുദ്ധ മനോഭാവം മലങ്കരക്കാരിൽ കുത്തിവയ്ക്കാൻ ശ്രമിച്ചു. പുത്തൻകൂർ സമൂഹവുമായി യാതൊരിടപാടും പാടില്ല എന്ന് പഴയകൂറ്റുകാരെ ഭരിച്ചിരുന്ന മിഷണറിമാർ പറഞ്ഞുപഠിപ്പിച്ചു. പുത്തൻകൂറ്റുകാരെ ശീശ്മക്കാരെന്നും പാഷണ്ഡികളെന്നും മിഷണറിമാർ മുദ്രകുത്തി. ഇങ്ങനെ ഇരുവശത്തുനിന്നും സമുദായങ്ങളെ തമ്മിലകറ്റാനുള്ള സംരംഭങ്ങൾ നടന്നു. ഇവിടുത്തെ പൂർവപിതാക്കന്മാർ വളരെ താൽപര്യപൂർവം ഐക്യത്തിനായി പരിശ്രമിച്ചെങ്കിലും അത് യാഥാർഥ്യമാക്കാൻ അവർക്ക് കഴിഞ്ഞില്ല.

ഇവിടുത്തെ കലഹങ്ങളിലും പടലപിണക്കങ്ങളിലും നിന്ന് മുതലെടുത്തത് അന്ത്യോക്യൻ യാക്കോബായക്കാരാണ്. പോർട്ടുഗീസുകാർ 16-ാം നൂറ്റാണ്ടിൽ ചെയ്തതുപോലെ അവർ ഇവിടെ തങ്ങളുടെ ആധിപത്യം ഉറപ്പിക്കുകയും തങ്ങളുടെ മേധാവിത്വം സ്ഥാപിക്കുകയും ചെയ്തു. മലങ്കരസഭ പോർട്ടുഗീസുകാരുടെയാകട്ടെ, അന്ത്യോക്യൻ യാക്കോബായക്കാരുടെയാകട്ടെ സഭയുടെ ഭാഗമായിരുന്നില്ല.



ദൈവം തിരുമനസ്സായ നാഴികയിൽ മാത്രമാണ് മലങ്കരനസ്രാണികളുടെ എക്യൂമെനിക്കൽ പരിശ്രമങ്ങൾ പൂവണിഞ്ഞത്. ക്രിസ്ത്യാനികളുടെ ഇടയിൽ ഐക്യം സ്ഥാപിക്കുന്നത് ദൈവമാണ്. മാർതോമാ ക്രിസ്ത്യാനികളുടെ ഐക്യത്തിനുവേണ്ടി പുത്തൻകൂറ്റിലും പഴയകൂറ്റിലുമുള്ള വൈദികരും ജനങ്ങളും നൂറ്റാണ്ടുകളായി പ്രാർഥിച്ചുകൊണ്ടിരുന്നു. അവരുടെ നിരന്തര പ്രാർഥനയിൽ സംപ്രീതനായ ദൈവം മാർ ഈവാനിയോസിന്റെ മധ്യസ്ഥതയിലൂടെ ദൃശ്യവും കാനോനികവുമായ ഐക്യം എന്ന ദാനം 1930-ൽ വർഷിച്ചു. ദൈവത്തിനുമാത്രം കഴിയുന്ന കാര്യമാണ് സഭൈക്യം. ഇത് മാനുഷിക കഴിവുകൾക്ക് ഉപരിസ്ഥമാണ്. തന്റെ മക്കൾക്കായി ദൈവം ചെയ്ത അത്ഭുതമായി 1930-ലെ പുനരൈക്യത്തെ കാണാൻ മതിയായ കാരണങ്ങളുണ്ട്.

## *അദ്ദേഹത്തിന്റെ സ്വന്തം വാക്കുകൾ:*

കോതമംഗലത്തുവച്ച് പുനരൈക്യാനന്തരം നൽകപ്പെട്ട സ്വീകരണാവസരം അദ്ദേഹം തന്റെ പുനരൈക്യപശ്ചാത്തലവും യാക്കോബായക്കാരുടെ പ്രതികരണവും വിശദീകരിക്കുന്നു:

“കത്തോലിക്കാസഭയിൽ നാം ചേർന്നതിനു ശേഷം അകത്തോലിക്കർ, വിശേഷിച്ച് യാക്കോബായാ സഹോദരങ്ങൾ പലവിധത്തിലുള്ള അപവാദങ്ങളാണ് നമ്മെപ്പറ്റി പറഞ്ഞു പരത്തിക്കൊണ്ടിരിക്കുന്നത്. അവരുടെ ദൃഷ്ടിയിൽ നാം മഹാചതിയനും കള്ളനുമാണത്രേ. ഞങ്ങളെ പറ്റിച്ചതുപോലെ അദ്ദേഹം നിങ്ങളെയും പറ്റിക്കും എന്നാണ് അവർ കത്തോലിക്കരോട് പറയുന്നത്. യാക്കോബായാ സഭയിലെ വഴക്കും മത്സരവും അഹങ്കാരവും അനസരണമില്ലായ്മയും ഉപേക്ഷിച്ചു പോരുന്നതിൽ പരിശുദ്ധറൂഹാ നമ്മെ പറ്റിക്ക തന്നെ ചെയ്തു. യാക്കോബായാ സഹോദരങ്ങൾ അവരുടെ മനസ്സിനെ ദൈവത്തിങ്കൽ സമർപ്പിക്കുന്ന പക്ഷം പരിശുദ്ധറൂഹാ അവരെയും പറ്റിക്കുമെന്നാണ് നമ്മുടെ ബോധ്യം. സത്യം ഒന്നല്ലാതെ പലതുണ്ടാകുവാൻ ഇടയില്ലല്ലോ.”

“യാക്കോബായാ സഭാംഗങ്ങളിൽ നിന്ന് ബഥനിക്കായി നാം കുറേ പണം പിരിച്ചുണ്ടാക്കി എന്നതു വാസ്തവം തന്നെ. യാക്കോബായാസഭയുടെ ഉള്ളിൽ കയറി 20 സംവത്സരക്കാലം മുന്നിട്ടു പ്രവർത്തിച്ചതു നിമിത്തം യാക്കോബായാ പാത്രിയർക്കീസുമായുള്ള ബന്ധത്തിന്മേൽ എന്തെങ്കിലും സ്ഥാപിക്കുന്നത്

തലമുറ തലമുറയായ വ്യവഹാരങ്ങൾക്ക് കാരണമായി തീർന്നേക്കാമെന്ന് ബോധ്യമുണ്ടായിരുന്നതുകൊണ്ട് ബഥനിയെ കേവലം സ്വതന്ത്രമെന്ന നില യിൽ തന്നെ നാം സ്ഥാപിച്ചു."

"യാക്കോബായാ പാത്രിയർക്കീസിനെ സ്വീകരിക്കാതെ, യാക്കോ ബായാ സഭയിലുള്ള ആരാധനക്രമങ്ങൾ ഉപയോഗിച്ചതുകൊണ്ട് ഒരാൾ യാക്കോബായക്കാരനാകുമെങ്കിൽ, ആ വിധത്തിൽ നാം ഒരു യാക്കോബായ ക്കാരനായിരുന്നു. നേരേമറിച്ച്, യാക്കോബായാ പാത്രിയർക്കീസിനെ സ്വീക രിക്കാത്തവർ യാക്കോബായക്കാരാകാൻ ഇടയില്ലാത്തപക്ഷം നാം യാക്കോ ബായക്കാരനായിരുന്നില്ല"

"നാം കത്തോലിക്കാ തിരുസഭയുമായി പുനരൈക്യപ്പെട്ടത് 1930 സെപ്തം ബർ മാസം 20-ാം തീയതി ആയിരുന്നു. പുനരൈക്യം പ്രാപിച്ചതിന്റെ ശേഷം കുറേ ആഴ്ചവട്ടത്തേക്ക് യാതൊന്നും ചെയ്യാതെ കേവലം ആധ്യാത്മിക വിഷയങ്ങളിൽ നാം ദിവസങ്ങൾ കഴിക്കുകയാണുണ്ടായത്. നമ്മുടെ പുതിയ പ്രസ്ഥാനത്തിൽ ദൈവത്തിന്റെ കൃപയും അനുഗ്രഹവും അത്യന്താപേക്ഷി തമാകയാൽ അതിനായി നാം പ്രാർഥിച്ചു പോന്നിരുന്നു. കഴിഞ്ഞ ഡിസം ബർ മാസം മുതലാണ് പ്രവൃത്തിപഥത്തിൽ നാം കാലുവയ്ക്കുകയുണ്ടാ യതെന്നു പറയാം. ഇതിൽ നിന്ന് , നമ്മുടെ പ്രസ്ഥാനത്തിന് നാലു മാസമേ പ്രായമുള്ളുവെന്നും ശിശുവിനെപ്പോലെ ഇപ്പോഴും അതിന് പരിപോഷണം അത്യാവശ്യമാണെന്നും പറയേണ്ടതില്ലല്ലോ."

"തിരുസഭ ദൈവത്തിന്റേതാകയാൽ അതിന്റെ അഭിവൃദ്ധിയെപ്പറ്റിയും പോഷണത്തെക്കുറിച്ചും നാം ആകുലചിത്തനായിരിക്കുന്നില്ല. ദൈവത്തിന്റെ നിർദ്ദേശാനുസരണവും പൂർവപിതാക്കന്മാരായ പലരുടെയും ആഗ്രഹാനു സരണവും നാം ചെയ്യേണ്ട കർത്തവ്യം ഏതോ അതു നാം ചെയ്തിട്ടുണ്ടെന്നു നമുക്കു ബോധ്യവും കൃതാർഥതയുമുണ്ട്. ദൈവം തന്നെ തന്റെ മക്കളെ വഴിനടത്തിക്കൊള്ളുമല്ലോ. ഇക്കഴിഞ്ഞ നാലു മാസത്തിനുള്ളിൽ ആയിരം യാക്കോബായക്കാരോളം പല സ്ഥലങ്ങളിലായി തിരുസഭാമാതാവിന്റെ ആ ശ്ലേഷത്തിനു പാത്രീഭൂതരായി തീർന്നിട്ടുണ്ട്. 22 പട്ടക്കാരും 20-ൽ പരം ചാപ്പ ലുകളും ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു."[1]

മാർ ഈവാനയോസ് പിതാവ് ഇപ്രകാരം പറയാറുണ്ടായിരുന്നു:

*"ശൂന്യമായ കൈകളോടു കൂടിയാണ് നാം കത്തോലിക്കാ കൂട്ടായ്മയി ലേക്ക് കടന്നു വന്നത്. നമുക്കു മുകളിൽ ആകാശവും താഴെ ഭൂമിയും മാത്ര മാണുള്ളത്."*

1. *ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്,* 2,35 -37.



വീണ്ടും,

"നാം ഒരിക്കലും ആരെയും, നമ്മുടെ അടുത്ത ബന്ധുക്കളെയോ, സ്നേ ഹിതരെയോ പോലും, കത്തോലിക്കാ സഭയിൽ ചേരാൻ നിർബന്ധിച്ചിട്ടില്ല."

അദ്ദേഹം ഒരിക്കൽ ഈ. ജെ. ജോൺ വക്കീലിന് എഴുതി:

"ക്രിസ്തുവിന്റെ സഭയിലേക്കുള്ള പുനരൈക്യത്തെ എതിർക്കുന്നവർ എന്തു തന്നെ പറഞ്ഞിരുന്നാലും, ഞാൻ എടുത്തിട്ടുള്ള സംരംഭങ്ങൾ ദൈവ പരിപാലനയ്ക്ക് വിധേയമത്രെന്നുള്ള ഉത്തമബോധ്യം എനിക്കുണ്ട്. മനപ്പൂർവ മായിട്ടല്ലെങ്കിലും എന്നെ പ്രതികൂലിക്കുന്നവരും അധിക്ഷേപിക്കുന്നവരും സത്യത്തിനും പുരോഗതിക്കും എന്നു മാത്രമല്ല, അവർക്കെതിരായിട്ടു കൂടെ യാണ് യുദ്ധം ചെയ്യുന്നത്. ദൈവം അവരോട് ക്ഷമിക്കുകയും അവരെ നയി ക്കുകയും ചെയ്യുമാറാകട്ടെ എന്നു ഞാൻ പ്രാർഥിക്കുന്നു."[2]

ലോകവ്യാപകമായ കത്തോലിക്കാ സഭയുമായി തന്റെ സഭയെ കൂട്ടാ യ്മയിൽ കൊണ്ടുവരുന്നതിൽ മാർ ഈവാനിയോസ് എടുത്ത നിലപാട് ശരി യായിരുന്നെന്ന് ചരിത്രം തെളിയിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹം തന്റെ മന സ്സാക്ഷിയെ പിൻചെന്നു. അദ്ദേഹം ഒരിക്കലും തന്റെ സഭയെ വഞ്ചിച്ചില്ല. മറിച്ച്, അതിന്റെ സഭാത്മകതയ്ക്ക് പൂർണത വരുത്തി. തന്റെ സഭയുടെ ചരിത്രം അപഗ്രഥിച്ചതിൽ അദ്ദേഹത്തിന് തെറ്റുപറ്റിയില്ല. കോടതിവ്യവഹാ രങ്ങളിൽ കുടുങ്ങിക്കിടന്ന ആയിരങ്ങളെ ക്രിസ്തുവിന്റെ ആലയിലെത്തിച്ച് ശാന്തിയും സമാധാനവും കൈവരിക്കാൻ ഇടയാക്കിയതിൽ അദ്ദേഹം നേർവ ഴിക്കാണ് ചരിച്ചത്. 1930-നു ശേഷം മാർ ഈവാനിയോസിനെ കുറ്റപ്പെടു ത്തുന്നവർ, അതിനുശേഷവും യാക്കോബായാ-ഓർത്തഡോക്സ് സഭയിൽ ഉണ്ടായിട്ടുള്ള ദയനീയ വിഭജനങ്ങളും തർക്കങ്ങളും ശാന്തമായി വിചിന്തന വിഷയമാക്കേണ്ടതാണ്. ഇക്കഴിഞ്ഞ എൺപതിൽ പരം വർഷങ്ങൾക്കിടയിൽ വളരെ കുറച്ചു കാലമേ തങ്ങളുടെ ചരിത്രത്തിൽ കലഹവും സിവിൾ വ്യവ ഹാരവും ഇല്ലാതെ കഴിഞ്ഞിട്ടുള്ളു എന്ന കാര്യം അവർ കണ്ണുതുറന്നു കാണേണ്ടതാണ്.

2. അത്മേകൃതി, 47.

# 18

# ആർച്ചുബിഷപ്പ് ഗീവർഗീസ് മാർ ഈവാനിയോസ് (1882–1953)

ആർച്ചുബിഷപ്പ് ഗീവർഗീസ് മാർ ഈവാനിയോസ് പിതാവിന്റെ സ്വർഗ പ്രാപ്തിയുടെ അറുപതാം വാർഷികം 1913 ജൂലൈ 15–ന് തിരുവനന്തപുരം പട്ടം കത്തീഡ്രലിൽവച്ച് ഭക്തിനിർഭരമായി നടത്തി. പുനരൈക്യപ്രസ്ഥാനം എന്നറിയപ്പെടുന്ന 1930–ലെ ഭുവനപ്രശസ്തവും ചരിത്രനിർമിതവുമായ സഭൈക്യസംരംഭത്തിന് അദ്ദേഹം നേതൃത്വം നൽകി. അതിലൂടെ യാക്കോബായാ, ഓർത്തഡോക്സ് സഭകളെ കത്തോലിക്കാ സഭയുമായുള്ള ദൃശ്യവും കാനോനികവും സമ്പൂർണവുമായ കൂട്ടായ്മയിലേക്ക് അദ്ദേഹം എത്തിച്ചു. ഐക്യത്തിന്റെയും ശാന്തിയുടെയും പ്രവാചകനായി അദ്ദേഹം ഉയർന്ന് കാണപ്പെട്ടു. ഈജിപ്തു നാട്ടിൽ നിന്ന് വാഗ്ദത്ത ഭൂമിയിലേക്ക് ഇസ്രായേൽക്കാരെ നയിച്ച വലിയ മോശയുടെ നേതൃത്വപാടവം അദ്ദേഹത്തിനുണ്ടായിരുന്നു. ഈ വിദൂരദേശത്തേക്കു വരാൻ ധൈര്യം കാണിച്ച തോമാശ്ലീഹായുടെ ധൈര്യത്തിന്റെ അവകാശി ആയിരുന്നു അദ്ദേഹം. യഹൂദർ അല്ലാത്തവരെ സഭയിലേക്ക് സ്വീകരിക്കാൻ ധൈര്യപൂർവം മാനുഷിക വേലികൾ നീക്കിയ പൗലോസിന്റെ സാർവത്രിക മിഷണറി ദർശനം അദ്ദേഹത്തിന് ഉണ്ടായിരുന്നു.

മാർ ഈവാനിയോസ് തന്റെ ജീവിതവും പ്രവർത്തനവും കൊണ്ട് ഇൻഡ്യൻ ക്രിസ്തുമതത്തിന്റെ ചരിത്രത്തിൽ പുതിയൊരധ്യായം എഴുതിച്ചേർത്തു. വേർപെട്ടു കഴിയുന്ന മാർതോമാ ക്രിസ്ത്യാനികളുടെ കത്തോലിക്കാ സഭയുമായുള്ള പുനരൈക്യത്തിനും ഇൻഡ്യയിലെ അനേകായിരം അക്രൈസ്തവരുടെ ക്രിസ്തുവിലേക്കുള്ള മാനസ്സാന്തരത്തിനും ദൈവം ഈ പ്രവാചകനെ തെരഞ്ഞെടുത്തു. *ഈ ലക്ഷ്യത്തിനായി ദൈവം തന്നെ വിളിക്കുന്നെന്നും തനിക്കു പൂർത്തീകരിക്കാൻ ദൈവദത്തമായ ഒരു ദൗത്യമുണ്ടെന്നും അദ്ദേഹം ഉറച്ചുവിശ്വസിച്ചു.* മലങ്കരസഭയ്ക്ക് 1653–നു ശേഷം നഷ്ടപ്പെട്ട കാതോലിക പൈതൃകവും അതോടൊപ്പം കാതോലിക കൂട്ടായ്മയി



ലൂടെ ലഭിക്കുന്ന എല്ലാ അനുബന്ധനന്മകളും അദ്ദേഹം വീണ്ടെടുത്തു. ചുരുക്കത്തിൽ, കരുണാപൂർണമായ ദൈവപരിപാലനയുടെ പരിപൂർണ പ്രതിഫലനമായിരുന്നു മാർ ഈവാനിയോസിന്റെ ഭൗമികജീവിതം. അദ്ദേഹം വിജ്ഞാനിയും വിശുദ്ധനുമായിരുന്നു. ക്രിസ്തീയഭക്തി അദ്ദേഹത്തിൽ നിറഞ്ഞുനിന്നു. ആഴമേറിയ വിശ്വാസജീവിതം അദ്ദേഹം സ്വായത്തമാക്കിയിരുന്നു.

## ആദ്യകാലജീവിതം

മാവേലിക്കര പണിക്കർ വീട്ടിൽ 1882–ൽ മാർ ഈവാനിയോസ് ജനിച്ചു. അദ്ദേഹത്തിന്റെ മാതാപിതാക്കൾ യാക്കോബായക്കാരായിരുന്നു. നല്ല പ്രാർഥനാജീവിതവും മതാത്മകചിന്തയുമുള്ള ഭക്തരായ നസ്രാണികളായിരുന്നു അവർ. ചെറുപ്പം മുതലേ അവർ ശിശുവിന് മതപരമായ പ്രബോധനം നൽകി. സ്നാനാവസരം ഗീവർഗീസ് എന്നു പേരിട്ടു. പ്രാർഥനാജീവിതത്തിന്റെയും ദൈവാശ്രയത്തിന്റെയും വിലയെന്തെന്ന് മാതാപിതാക്കളിൽ നിന്ന് ചെറുപ്പത്തിൽ തന്നെ ബാലൻ ഗ്രഹിച്ചു. അസാമാന്യ ബുദ്ധിമാനായിരുന്ന ബാലൻ പഠനത്തിൽ അതീവ ശ്രദ്ധാലുവായിരുന്നു. ചെറുപ്പത്തിൽ പോലും മറ്റുള്ളവരെ സഹായിക്കാൻ അതീവശുഷ്ക്കാന്തി കാണിച്ചു. ജീവിതത്തിൽ ബാലന് ഒരു ലക്ഷ്യബോധമുണ്ടായിരുന്നു. ജ്ഞാനത്തിലും അറിവിലും നിറഞ്ഞവനായി അവൻ വളർന്നു. ദൈവകൃപ അവനോടൊത്തുണ്ടായിരുന്നു. പരിശുദ്ധ കന്യകാമാതാവിനോടുള്ള ഭക്തിയും കത്തോലിക്കാ സഭയോടുള്ള സ്നേഹവും ചെറുപ്പത്തിൽ തന്നെ അവന്റെ അമ്മ അവനു പകർന്നുകൊടുത്തു. ഇക്കാര്യങ്ങൾ അവന്റെ മനസ്സിൽ ആഴത്തിൽ പതിയുകയും വളർന്നുവന്നപ്പോൾ വേരുറയ്ക്കുകയും ചെയ്തു.

പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് തിരുമേനി ഈ ബാലന്റെ മഹത്വം പ്രവാചകദൃഷ്ട്യാ ദർശിച്ച്, അവനെ പഴയ സെമിനരിയിൽ വട്ടശ്ശേരിൽ മൽപ്പാനെ ഭരമേൽപ്പിച്ചു. അവിടെ മൽപ്പാന്റെ കീഴിൽ വൈദികപരിശീലനം നടത്തി. പുലിക്കോട്ടിൽ തിരുമേനി പുത്തൻകാവ് പള്ളിയിൽ വച്ച് 1899–ൽ ഗീവർഗീസിനെ ഡിക്കനാക്കി. ശെമ്മാശ്ശൻ എന്ന നിലയിൽ അദ്ദേഹം വിവിധ ഇടവകകളിൽ ചുറ്റിനടന്ന് സുവിശേഷപ്രസംഗം നടത്തി. സഭയിലെ കൂദാശകളായിരുന്നു ശെമ്മാശ്ശന്റെ ഇഷ്ടവിഷയം. *കൂദാശ ശെമ്മാശ്ശൻ* എന്ന് അക്കാലത്ത് അദ്ദേഹം വിളിക്കപ്പെട്ടു.

പിന്നീട് മദ്രാസ് ക്രിസ്ത്യൻ കോളേജിൽ എം.ഏ.ഡിഗ്രിക്കു പഠിച്ചു. കേരളത്തിലെ പുത്തൻകൂർ സുറിയാനിക്കാരുടെ ഇടയിൽ ആദ്യമായി എം.ഏ. ഡിഗ്രിയെടുത്ത വൈദികസ്ഥാനി ഗീവർഗീസ് ശെമ്മാശ്ശനായിരുന്നു. തന്റെ സുവിശേഷപ്രസംഗപരമ്പര അദ്ദേഹം തുടർന്നു. ഡീക്കൻ എന്ന നിലയിൽ

കോട്ടയത്ത് എം.ഡി.സെമിനരി ഹൈസ്ക്കൂളിന്റെ പ്രിൻസിപ്പാളായി. പരുമല വച്ച് 1908-ൽ വട്ടശ്ശേരിൽ തിരുമേനി ശെമ്മാശ്ശന് വൈദികപട്ടം നൽകി. അതിനുശേഷം അദ്ദേഹം *ഫാ.പി.റ്റി. ഗീവർഗീസ്* അല്ലെങ്കിൽ *എം.ഏ.അച്ചൻ* എന്ന് അറിയപ്പെട്ടു. വൈദികപട്ടം മുതൽ 1930-ൽ കത്തോലിക്കാസഭയുമായി കാനോനിക കൂട്ടായ്മയിൽ എത്തുന്നതു വരെ താനുൾപ്പെട്ടു നിന്ന യാക്കോബായാ സഭയിലെ അനുദിന സംഭവങ്ങളിൽ അദ്ദേഹം വലിയ സ്വാധീനം ചെലുത്തി. വട്ടശ്ശേരിൽ തിരുമേനിയുടെ വലംകൈ ആയി പ്രവർത്തിച്ചു. തിരുമേനിക്കും എം.ഏ.അച്ചനോട് വലിയ വാത്സല്യം ആയിരുന്നു. വട്ടശ്ശേരിൽ തിരുമേനി 1917-ൽ എം. ഏ .അച്ചന് ഇപ്രകാരമെഴുതി:

"നമുക്ക് വിശ്വസ്തനും സത്യവാനുമായ ഒരു സ്നേഹിതൻ ഉണ്ടെങ്കിൽ, അത് താനാണെന്ന് അറിയാത്തവനല്ല നാം."

മറ്റൊരവസരം മാർ ദിവന്നാസ്യോസ് മിസ്റ്റർ ഫിലിപ്പോസ് ജഡ്ജിക്ക് ഇപ്രകാരമെഴുതി:

"നമ്മുടെ ബഥനി മെത്രാച്ചനേക്കാൾ കൂടുതലായി ഈ ലോകത്തിൽ നാം മറ്റാരെയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിട്ടില്ല. നമ്മുടെ കാതോലിക്കാ ബാവായെക്കാളും നമ്മേക്കാൾ പോലും കൂടുതലായി നാം അദ്ദേഹത്തെ സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്തു."

തന്റെ ഭാഗത്തു നിന്ന് മാർ ഈവാനിയോസ് പുത്രസഹജമായ വാത്സല്യത്തോടെ മാർ ദിവന്നാസ്യസിനെ സ്നേഹിച്ചിരുന്നു:

"അഭിവന്ദ്യ മെത്രാപ്പോലീത്താ എന്റെ ഗുരുവും പിതാവുമാണ്. സംശുദ്ധവും നിർമലവുമായ സ്നേഹത്തോടെ എന്റെ ബാല്യം മുതൽ ഇന്നുവരെ ഞാൻ അദ്ദേഹത്തെ സ്നേഹിച്ചു."

മാർ ഈവാനിയോസിന് മാർ ദിവന്നാസ്യോസിനെ വലിയ മതിപ്പായിരുന്നു:

"എന്തും സഹിക്കാനുള്ള ശക്തമായ മനസ്സും എന്തു കണ്ടാലും കേട്ടാലും പതറിപ്പോകാത്തതും അടഞ്ഞുപോകാത്തതുമായ കണ്ണും കാതുമാണ് ദൈവം അദ്ദേഹത്തിന് നൽകിയിരിക്കുന്നത്."[1]

### എം. ഏ. അച്ചനും കാതോലിക്കാ സ്ഥാപനവും

മലങ്കരസഭയിൽ കാതോലിക്കേറ്റ് സ്ഥാപിക്കാനായി മറ്റാരേക്കാളും കൂടുതലായി ഫാ. പി. റ്റി. ഗീവർഗീസ് അത്യധ്വാനം ചെയ്തു. അബ്ദൽ മിശിഹായെ

1. *ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്,* 1, 335.



ഇവിടെ വരുത്തി കാതോലിക്കേറ്റ് സ്ഥാപിക്കാൻ മുൻപന്തിയിൽ നിന്നത് അദ്ദേഹമാണ്. മാർ ദിവന്നാസ്യോസിനെ മാർ അബ്ദള്ളാ പാത്രിയർക്കീസ് മുടക്കിയ ഉടനെ എം. ഏ. അച്ചൻ ആ വിവരം തുർ അബ്ദീനിൽ പാർത്തിരുന്ന അബ്ദൽ മിശിഹായെ അറിയിച്ചു.

"മാർ ദിവന്നാസ്യോസും അദ്ദേഹത്തിന്റെ കൂടെയുള്ളവരും അനുഗൃഹീതരാകുന്നു. അബ്ദുള്ളായുടെ മുടക്ക് അസാധുവാകുന്നു"എന്ന് മാർ അബ്ദൽ മിശിഹാ മറുപടി അയച്ചു.

മാർ ദിവന്നാസ്യോസിനെ എം. ഏ. അച്ചൻ ടെലഗ്രം കാണിച്ചപ്പോൾ അവാച്യസന്തോഷത്താൽ അദ്ദേഹം കണ്ണീർ പൊഴിച്ചു. എം. ഏ. അച്ചൻ അപേക്ഷിച്ചതനുസരിച്ച്, താൻ എത്രയും വേഗം കേരളത്തിലേക്ക് വരുന്നെന്ന് അബ്ദൽ മിശിഹാ മാവേലിക്കര ഈപ്പൻ ഉപദേശിയുടെ പേർക്ക് കമ്പിയടിച്ചു. അബ്ദൽ മിശിഹായെ സ്വീകരിക്കാൻ എം.ഏ.അച്ചനും എൻ. ഐ. പോത്തനും ബോംബെയ്ക്കു പോയി. കൂടെ വന്ന റമ്പാന്മാരുടെ തടസ്സം നിമിത്തം കാതോലിക്കാസ്ഥാനം നൽകാൻ മടിച്ച പാത്രിയർക്കീസിനെ പ്രേരിപ്പിച്ച് കാതോലിക്കായെ വാഴിച്ചതും വാഴ്ചയ്ക്കു ശേഷം ബോംബെ വരെ അദ്ദേഹത്തെ അനുയാത്ര ചെയ്ത് കപ്പലിൽ കയറ്റി വിട്ടതും എം.ഏ.അച്ചനായിരുന്നു.

മലങ്കരക്കാർ കാതോലിക്കേറ്റ് സ്ഥാപിച്ചതിൽ എം. ഏ. അച്ചന്റെ പങ്കിനെ 1912 മുതൽ 1930 വരെ മെത്രാൻകക്ഷിയിൽ പെട്ട ആരും സംശയിച്ചില്ല. അദ്ദേഹത്തിന്റെ പേര് ഇടിച്ചു താഴ്ത്തി സംസാരിക്കാൻ ആർക്കും നാവ് പൊങ്ങിയില്ല. മറിച്ച്, എം.ഏ. അച്ചന്റെ കഠിന പരിശ്രമഫലമായിട്ടാണ് കാതോലിക്കേറ്റ് ഇവിടെ സ്ഥാപിക്കാൻ ഇടയായതെന്ന് മലങ്കര മെത്രാൻ കക്ഷിയിൽ പെട്ടവർ സന്തോഷത്തോടെ പരസ്യമായി പൊതുവേദികളിൽ ഉറക്കെ പ്രഖ്യാപിച്ചിരുന്നു. എം. ഏ. അച്ചന്റെ മെത്രാഭിഷേകാനന്തരം 1925-ലും വളരെ സന്തോഷത്തോടെയാണ് അവർ ഇക്കാര്യം അനുസ്മരിച്ചത്. അനുമോദന യോഗത്തിൽ പ്രസംഗകൻ ഇപ്രകാരം പറഞ്ഞു:

" മാർ ഈവാനിയോസ് തിരുമേനിയുടെ പരിശ്രമഫലമായിട്ടാണ് കാതോലിക്കേറ്റ് സ്ഥാപിതമായത്."

കാതോലിക്കേറ്റ് 1912-ൽ സ്ഥാപിച്ച് വർഷങ്ങൾ കഴിഞ്ഞ് 1925-ലാണ് ഈ പ്രസംഗം എന്നത് ചിന്തനീയമാണ്. പതിമൂന്നു വർഷങ്ങൾക്കു ശേഷവും ഈ സംഭവങ്ങൾ ജനങ്ങളുടെ ഓർമയിൽ സജീവമായി നിലനിന്നു എന്നാണ് ഇതിന്റെ അർഥം.

കുന്നംകുളം കേസുമായി ബന്ധപ്പെട്ട് വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനി തന്നെ ഇത് ആവർത്തിച്ചുറപ്പിച്ചിട്ടുള്ളതാണ്:

ചോദ്യം: "ആരാണ് അബ്ദൽ മിശിഹായെ വരുത്തിയത്?"

മാർ ദിവന്നാസ്യോസിന്റെ മറുപടി: "അദ്ദേഹത്തിന്റെ സ്വന്ത ഇഷ്ടത്താലും അദ്ദേഹം വരണമെന്ന് മലങ്കരയിലെ അനേകരുടെ ആഗ്രഹം ഫാ. ഗീവർഗീസ് അദ്ദേഹത്തെ അറിയിച്ചതിനാലുമാണ് അദ്ദേഹം വരാൻ സമ്മതിച്ചത്."

കാതോലിക്കേറ്റ് സ്ഥാപനത്തിലൂടെ 1912-ൽ മലങ്കരസഭയുടെ ഓട്ടോണമി സ്ഥാപിച്ചതിൽ ഫാ. പി. റ്റി. ഗീവർഗീസ് നിർണായക പങ്കു വഹിച്ചെന്ന് നിസ്സംശയം പറയാം. എന്നാൽ കത്തോലിക്കാ സഭയുമായുള്ള അദ്ദേഹത്തിന്റെ കാനോനിക കൂട്ടായ്മയ്ക്കുശേഷം കാതോലിക്കാ സ്ഥാപനവുമായി അദ്ദേഹത്തെ ബന്ധിക്കാൻ ചിലർ വിമുഖത കാട്ടുന്നു എന്നത് ചരിത്ര സത്യത്തിന് പുറംതിരിയലാണ്.

## സെറാംപൂർ കോളേജ് പ്രൊഫസർ

മാർ അബ്ദള്ളാ പാത്രിയർക്കീസ് മാർ ദിവന്നാസ്യോസിനെ മുടക്കുകയും മാർ അബ്ദൽ മിശിഹാ ബാവാ കാതോലിക്കേറ്റ് സ്ഥാപിക്കുകയും ചെയ്തതോടുകൂടി മലങ്കര യാക്കോബായസഭ രണ്ടു നേതൃത്വങ്ങളുടെ കീഴിൽ *മെത്രാൻ കക്ഷിയെന്നും ബാവാക്കക്ഷിയെന്നും* രണ്ട് കക്ഷികളായി പിളർന്നു. മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന്റെ കൂടെ നിന്നവരാണ് മെത്രാൻകക്ഷി എന്ന് അറിയപ്പെട്ടത്. യാക്കോബായാ പാത്രിയർക്കീസിനെ അനുഗമിച്ചവർ ബാവാക്കക്ഷിയെന്നും അറിയപ്പെട്ടു. അവരുടെ സ്ഥലത്തെ നേതാവായ പൗലോസ് മാർ കൂറിലോസിൽ നിന്ന് *കൂറില്ലോസ് കക്ഷിയെന്നും* അവർ വിളിക്കപ്പെട്ടു.

ഒന്നാം കാതോലിക്കാ 1913-ൽ കാലം ചെയ്തു. ഉടനെ മറ്റൊരാളെ കാതോലിക്കാ ആയി വാഴിക്കാൻ മെത്രാൻ കക്ഷിക്കാർ മുതിർന്നില്ല. സഹോദരങ്ങൾക്കിടയിലെ തർക്കങ്ങളും കോടതിക്കേസുകളും എം.ഏ.അച്ചൻ ഇഷ്ടപ്പെട്ടില്ല. അതിൽ നിന്ന് അകന്നു നിൽക്കാൻ ഒരവസരം കിട്ടിയ ഉടൻ തന്നെ മാർ ദിവന്നാസ്യോസിന്റെ അനുവാദത്തോടുകൂടെ അദ്ദേഹം വടക്കേ ഇൻഡ്യയിലെ സെറാംപൂർ കോളേജിലേക്ക് സുറിയാനിയും ഇക്കണോമിക്സും പഠിപ്പിക്കാൻ പുറപ്പെട്ടു. അവിടെ 1919 വരെ അദ്ദേഹം പഠിപ്പിച്ചു. ആംഗ്ലിക്കൻ ഹൈ ചർച്ചുമായും ഇൻഡ്യൻ സന്ന്യാസ ജീവിതരീതിയുമായും അടുത്തിടപെടാൻ അവിടെ വച്ച് അദ്ദേഹത്തിന് അവസരം ലഭിച്ചു. അത് അദ്ദേഹത്തിന്റെ കണ്ണ് തുറപ്പിച്ചു. സെറാംപൂർ വാസം അദ്ദേഹത്തിന്റെ ജീവിതത്തിലെ



നിർണായക കാലഘട്ടമായിരുന്നു. അവിടെ വച്ച് അദ്ദേഹം സഭാചരിത്രസംബന്ധമായ ധാരാളം പുസ്തകങ്ങൾ വായിക്കുകയും പഠിക്കുകയും ക്രിസ്തുവിന്റെ സഭയെപ്പറ്റിയുള്ള ഉൾക്കാഴ്ച സമ്പാദിക്കുകയും ചെയ്തു.

അവിടെ പ്രൊഫസർ ആയിരിക്കുമ്പോൾ കേരളത്തിൽനിന്ന് തന്റെ സമുദായത്തിൽപെട്ട നിരവധി യുവതീയുവാക്കന്മാരെ വരുത്തി ഉന്നതവിദ്യാഭ്യാസത്തിന് അവസരം ഒരുക്കി. അവരുടെ പഠനച്ചെലവുകൾ അദ്ദേഹം തന്നെ വഹിച്ചു. അവിടെ വച്ച് സന്ന്യാസപരമായ പരിശീലനവും അവർക്ക് നൽകി സമുദായത്തിന്റെ ഉയർച്ചയ്ക്ക് വിദ്യാസമ്പന്നരായ ജനം ഉണ്ടായിരിക്കണമെന്ന് അദ്ദേഹത്തിന് ബോധ്യമുണ്ടായിരുന്നു. ബഥനി സന്ന്യാസപ്രസ്ഥാനത്തിന്റെ ആരംഭം സെറാംപൂരാണെന്നു പറയാം. അവിടെവച്ചു തന്നെ അദ്ദേഹം താപസകർമങ്ങളിൽ ഏർപ്പെട്ടിരുന്നതായി കൂടെയുണ്ടായിരുന്ന യുവജനങ്ങൾ പിൽക്കാലത്ത് പറഞ്ഞു കേട്ടിട്ടുണ്ട്.

## ബഥനി സന്ന്യാസപ്രസ്ഥാനം (1919)

വട്ടിപ്പണക്കേസിൽ മെത്രാൻകക്ഷിയും ബാവാക്കക്ഷിയും തമ്മിൽ കോടതിക്കേസ് നടന്നുകൊണ്ടിരുന്ന അവസരം, സുവിശേഷമൂല്യങ്ങളിൽ അധിഷ്ഠിതമായി തന്റെ സഭയെ എങ്ങനെ സമുദ്ധരിക്കാൻ കഴിയുമെന്ന് ഫാ. പി. റ്റി. ഗീവർഗീസ് പ്രാർഥനാപൂർവം ചിന്തിച്ചുകൊണ്ടിരുന്നു. സമൂഹങ്ങളുടെ സമുദ്ധാരണത്തിന് സന്ന്യാസ സമൂഹങ്ങളുടെ പങ്ക് അദ്ദേഹം നന്നായി മനസ്സിലാക്കി. സെറാമ്പൂർ വച്ച് ഈ ബോധ്യം കൂടുതൽ ശക്തമായി. പെരുനാട്ടിൽ 1919-ൽ പുരുഷന്മാർക്കുള്ള ബഥനി സന്ന്യാസസമൂഹം അദ്ദേഹം സ്ഥാപിച്ചു. ഫാ.പി.റ്റി.ഗീവർഗീസ് അതോടെ *ആബോ ഗീവർഗീസ്* ആയിത്തീർന്നു. തന്റെ സഭാംഗങ്ങളുടെ ആന്തരിക നവീകരണമാണ് ബഥനി സന്ന്യാസപ്രസ്ഥാനത്തിലൂടെ അദ്ദേഹം ആദ്യമായി ഉന്നം വച്ചത്. തന്റെ ലക്ഷ്യം സഹസന്ന്യാസികളുമായി അദ്ദേഹം പങ്കുവയ്ക്കുകയും വിശ്വാസികൾക്കുള്ള ക്ലാസുകളും സെമിനാറുകളും കൺവൻഷനുകളും വഴി ഒരു നവീകരണസംരംഭം ആരംഭിക്കുകയും ചെയ്തു. സഭയെ നവീകരിക്കാൻ വട്ടശ്ശേരിൽ തിരുമേനി അദ്ദേഹത്തെ ഉത്തേജിപ്പിച്ചു.

പ്രശസ്ത പ്രസംഗകനായിരുന്ന ആബോ ഗീവർഗീസ് സഭാസംബന്ധമായ അടിസ്ഥാനപ്രമാണങ്ങൾ ജനത്തെ പഠിപ്പിക്കുകയും കൂദാശപരവും ആരാധനാപരവുമായ ജീവിതത്തിന്റെ ആവശ്യകതയും ലോകത്തിൽ സഭയ്ക്കുള്ള ദൗത്യവും ഊന്നിപ്പറയുകയും ചെയ്തു. അതിന് അക്കാലത്ത് നല്ല പ്രതികരണമുണ്ടായി. കേസും വഴക്കും കൊണ്ട് പൊറുതി മുട്ടിയ ജനങ്ങൾ ആവേശത്തോടെ ഇത്തരം ക്ലാസ്സുകളിൽ സംബന്ധിക്കുകയും വീക്ഷണങ്ങളിൽ വ്യത്യാസം വരുത്തുകയും ചെയ്തു. ക്രിസ്തുവിനും സഭയ്ക്കും

വേണ്ടി ആത്മാർപ്പണം ചെയ്യാൻ തയാറായ ഒരുപറ്റം ആളുകളെ അദ്ദേഹം രൂപീകരിച്ചു. അവരെ കോടതി വ്യവഹാരങ്ങളിൽ നിന്ന് അകറ്റി നിർത്തി.

ബഥനി സന്ന്യാസസമൂഹം പ്രാർഥനയ്ക്കും താപസ്സകർമങ്ങൾക്കും പ്രാധാന്യം നൽകി. ബഥനിയിലൂടെ സഭയെയും സമൂഹത്തെയും നവീകരിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ബഥനി സന്ന്യാസികൾ ഇടവകകളിൽ ധ്യാനങ്ങളും കൺവെൻഷനുകളും നടത്തി. കോടതി വ്യവഹാരങ്ങൾ മാത്രം കണ്ടു തഴങ്ങിയ ജനം സുവിശേഷാനുസൃതമായ യഥാർഥ ക്രിസ്തീയ ജീവിതത്തിലേക്ക് താൽപര്യപൂർവം നടന്നടുത്തു. ഈ രീതിയിൽ ഇടവകകളിൽ ആന്തരിക നവീകരണം വരുത്തി. ബഥനിയുടെ സ്വാധീനത്താൽ, ആരാധനക്രമസംബന്ധമായ നവീകരണം മലങ്കരസഭയിൽ ഉണ്ടായി. ബഥനിയുടടെ ആഭിമുഖ്യത്തിൽ ആരാധനക്രമസംബന്ധമായ ഗ്രന്ഥങ്ങളും ലഘുലേഖകളും പ്രസിദ്ധീകരിച്ച് പ്രചരിപ്പിച്ചു.

## ബഥനി മെത്രാൻ

ആബോ ഗീവർഗീസ് 1925 മെയ് 1 ന് *ബഥനിയുടെ മാർ ഈവാനിയോസ്* എന്ന പേരിൽ നിരണം പള്ളിയിൽ വച്ച് മെത്രാനായി അഭിഷിക്തനായി. രണ്ടാം കാതോലിക്കാ ബസേലിയോസ് ഗീവർഗീസ് (വാകത്താനം ഗീവർഗീസ് മാർ പീലക്സീനോസ്: +1928), ഗീവർഗീസ് മാർ ഗ്രിഗോറിയോസ് (പിന്നീട് മൂന്നാം കാതോലിക്കാ: +1964), കണ്ടനാട്ട് യൊവാക്കിം മാർ ഈവാനിയോസ് (+1925) എന്നിവരാണ് മെത്രാഭിഷേകം നടത്തിയത്. യൊവാക്കിം മാർ ഈവാനിയോസിന്റെ നിർദേശത്താലാണ് മാർ ഈവാനിയോസ് എന്ന പേര് എം.ഏ.അച്ചൻ എടുത്തത്. യൊവാക്കിം തിരുമേനി അധികം താമസിയാതെ മരിച്ചു. മാർ ഈവാനിയോസ് മെത്രാനായപ്പോൾ പാത്രിയർക്കീസിനോടുള്ള വിധേയത്വം ഏറ്റുപറയുകയോ, യാക്കോബായക്കാർ മെത്രാഭിഷേകാവസരം ലെയോ മാർപാപ്പായെ ശപിക്കുന്ന വാക്കുകൾ ഉച്ചരിക്കുകയോ ചെയ്തില്ല.

മെത്രാഭിഷേകാനന്തരം അദ്ദേഹത്തിന് അവിടെ വച്ച് ഒരു ഗംഭീര സ്വീകരണം നൽകി. ഒരു വിശാല എക്യൂമെനിസത്തിന് ആഹ്വാനം ചെയ്തുകൊണ്ട് അദ്ദേഹം അവിടെ വച്ച് സുദീർഘവും ഹൃദയസ്പർശിയുമായ പ്രസംഗം നടത്തി. മലങ്കര നസ്രാണികളുടെയെല്ലാം ഐക്യമാണ് തന്റെ ലക്ഷ്യമെന്ന് അർഥശങ്കയ്ക്ക് ഇടമില്ലാതെ അദ്ദേഹം വ്യക്തമാക്കി. അഞ്ചുവർഷമേ അദ്ദേഹം മെത്രാൻകക്ഷിയിൽ മെത്രാനായി നിലനിന്നുള്ളു.

സ്വതന്ത്രസ്ഥാപനങ്ങളായി ബഥനിപ്പള്ളികൾ തുടങ്ങാൻ മാർ ദിവന്നാസ്യോസ് അദ്ദേഹത്തെ പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.



അങ്ങനെ ബഥനി മെത്രാൻ എന്ന നിലയിൽ 1925 മുതൽ അദ്ദേഹം ബഥനി പള്ളികൾ സ്ഥാപിക്കാൻ തുടങ്ങി. അവ മലങ്കര മെത്രാപ്പോലീത്തായുടെയോ യാക്കോബായാ പാത്രിയർക്കീസിന്റെയോ അധികാരത്തിൻ കീഴിൽ അല്ലായിരുന്നു. അതുകൊണ്ട് അവ കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടില്ല. ബഥനി സന്ന്യാസത്തിലൂടെ സഭയ്ക്ക് നവജീവൻ പകർന്നു കൊടുക്കാൻ ബഥനിക്ക് സാധിച്ചു. യാക്കോബായാ സഭയിൽ ബഥനി സന്ന്യാസപ്രസ്ഥാനം ഒരു പുതിയ സംരംഭമായിരുന്നു. ബഥനിസന്ന്യാസികൾ ഭാരതീയ സന്ന്യാസപ്രസ്ഥാനങ്ങളെ അനുകരിച്ച് കാഷായവസ്ത്രവും സസ്യാഹാരവും സ്വീകരിച്ചു.

തിരുമൂലപുരത്ത് 1925-ൽ തന്നെ സ്ത്രീകൾക്കായി ബഥനി സന്ന്യാസിനീ സമൂഹം സ്ഥാപിച്ചു. പരോപകാര പ്രവർത്തനങ്ങൾ ചെയ്യുന്നതിനും അടിച്ചമർത്തപ്പെട്ടു കിടന്ന ദളിതരുടെ ഇടയിൽ പ്രവർത്തിക്കുന്നതിനും അവരെ ഉയർത്തുന്നതിനുമുള്ള പദ്ധതികൾ അദ്ദേഹം ആസൂത്രണം ചെയ്തു. അവരെ തുല്യരായി കാണുകയും സഭയിലേക്ക് സ്വീകരിക്കുകയും ചെയ്തു. മാർ ഈവാനിയോസ് 1930-ൽ കത്തോലിക്കാ സഭയിലേക്ക് വന്നപ്പോൾ ബഥനിയുടെ സ്വാധീനത്തിൽ വന്നവരിൽ മിക്കവരും അദ്ദേഹത്തെ അനുഗമിച്ചു.

ബഥനിപ്രസ്ഥാനം ആരാധനാജീവിതത്തിൽ ക്രമവും ചിട്ടയും വരുത്തി. കേരളത്തിലെ പള്ളികളിൽ അന്നുവരെ സ്ത്രീകൾ പുരുഷന്മാർക്ക് പിന്നിലായിരുന്നു പള്ളികളിൽ നിന്നിരുന്നത്. മാർ ഈവാനിയോസ് ആ രീതി മാറ്റി, പള്ളിക്കകത്ത് വലത്തുവശത്ത് സ്ത്രീകളും ഇടത്തുവശത്ത് പുരുഷന്മാരും നിൽക്കുന്നതിനുള്ള ക്രമീകരണം ഉണ്ടാക്കി. അത് പിന്നീട് കേരളത്തിലെ എല്ലാ സഭകളും പള്ളികളും സ്വീകരിച്ചു.

## എക്യൂമെനിക്കൽ ചർച്ചകൾ

മെത്രാൻ കക്ഷിയിലെ മെത്രാൻ എന്ന നിലയിലാണ് അദ്ദേഹം 1926-ൽ റോമുമായി എക്യൂമെനിക്കൽ ചർച്ചകൾ നടത്താൻ നിയുക്തനായത്. കാതോലിക്കേറ്റ് സ്ഥാപിച്ചതിലൂടെ മലങ്കരസഭയുടെ ഓട്ടോണമി വീണ്ടെടുത്തിനു ശേഷമാണ് കത്തോലിക്കാ സഭയുമായുള്ള കാനോനിക്കൽ കൂട്ടായ്മയിലേക്ക് തിരിഞ്ഞത്. ലോകത്തിൽ തന്റെ സഭയ്ക്കുള്ള ദൈവദത്തമായ ദൗത്യം നിറവേറ്റാൻ ക്രിസ്തുവിന്റെ ഏകസഭയിൽ തന്റെ സഭയ്ക്ക് മാന്യമായ സ്ഥാനം ഉണ്ടായിരിക്കാൻ അദ്ദേഹം ആഗ്രഹിച്ചു. വേർപെട്ടതും ഒറ്റപ്പെട്ടതും ചെറിയൊരു സ്ഥലത്തു മാത്രം ഒതുങ്ങിക്കഴിയുന്നതും യാക്കോബായ പാത്രിയർക്കീസുമായി നിരന്തര സംഘട്ടനത്തിൽ ഏർപ്പെട്ടിരിക്കുന്നതുമായ സമൂഹമായി തുടരുന്നിടത്തോളം കാലം ഇത് യാഥാർഥ്യവൽക്കരിക്കാൻ സാധ്യ

മല്ലെന്ന് അദ്ദേഹം വിശ്വസിച്ചു. അതുകൊണ്ട് ക്രിസ്തുവിന്റെ കത്തോലിക്കാസഭയിൽ ഈ അപ്പസ്തോലികസഭയ്ക്കുള്ള മാന്യമായ സ്ഥാനം വീണ്ടെടുക്കാൻ അദ്ദേഹം ആഗ്രഹിച്ചു.

ബഥനി പ്രസ്ഥാനത്തിലൂടെ ആരംഭിച്ച ആന്തരിക നവീകരണത്തിലൂടെ അദ്ദേഹം വഴിയൊരുക്കി. പിന്നീട്, മെത്രാൻ കക്ഷിയിലെ മറ്റ് മെത്രാന്മാരുടെ സമ്മതത്തോടെ ആദ്യം അന്ത്യോക്യൻ സിറിയൻ കാതലിക് പാത്രിയർക്കീസ് റഹമാനി തിരുമേനിയുമായും തുടർന്ന് നേരിട്ട് റോമുമായും സഭൈക്യചർച്ചകൾ തുടങ്ങി. അവസാനം ദൃശ്യകൂട്ടായ്മ സ്ഥാപിക്കുന്നതിൽ അദ്ദേഹം വിജയിച്ചു. എന്നാൽ 1930-ൽ ഐക്യത്തിന്റെ അവസരം മാർ തെയോഫിലോസ് ഒഴികെ മെത്രാൻ കക്ഷിയിലെ മറ്റു മെത്രാന്മാരെല്ലാം പിന്മാറിക്കളഞ്ഞു.

മാർ ഈവാനിയോസ് ചെയ്തതും നേടിയെടുത്തതും എത്ര വലിയ സംഗതിയാണെന്നുള്ളത് മനുഷ്യർ ഇനിയും മനസ്സിലാക്കേണ്ടിയിരിക്കുന്നു. തന്റെ മുൻഗാമികളായ അനേകം സഭാനേതാക്കന്മാർക്ക് സാധിക്കാൻ കഴിയാതെ പോയതാണ് അദ്ദേഹം നേടിയെടുത്തതും വിജയത്തിൽ എത്തിച്ചതും. അതും വളരെ പ്രയാസമുള്ള സാഹചര്യത്തിലും പശ്ചാത്തലത്തിലും. മാർതോമാ നസ്രാണികളിൽ ഒരു വിഭാഗത്തിന്റെ 277 വർഷത്തോളം നഷ്ടപ്പെട്ട സമ്പൂർണവും ദൃശ്യവുമായ കാതോലിക കൂട്ടായ്മ പുനഃസ്ഥാപിക്കുക എന്ന സംഗതിയാണ് നേടിയെടുത്തത്

രണ്ടാം വത്തിക്കാൻ സൂനഹദോസിനു ശേഷമുള്ള മനോഭാവമല്ല 1930-ൽ ഉണ്ടായിരുന്നത്. കാരണം അക്കാലഘട്ടത്തിലെ റോമൻ സഭാശാസ്ത്രം ഇന്നത്തേതിൽ നിന്ന് വ്യത്യസ്തമായിരുന്നു. മാർ ഈവാനിയോസ് നേടിയെടുത്തത് ഒരു മഹാകാര്യമാണെന്ന് നിസ്സംശയം പറയാം. അദ്ദേഹം തുടങ്ങിയ പുനരൈക്യപ്രസ്ഥാനം ഒരു യാഥാർഥ്യമായിത്തീർന്നു.

കത്തോലിക്കാ സഭയുമായി കാനോനിക്കൽ കൂട്ടായ്മയിൽ പ്രവേശിക്കുന്നതിനും ഒരു വിഘടിത സഭയുടെ അംഗമായി ഒറ്റപ്പെട്ട അസ്തിത്വത്തിൽ തുടരുന്നതിൽ നിന്ന് താഴ്ത്തടിയുമായി ഒട്ടിക്കപ്പെടുന്നതിനുമുള്ള കവാടം എല്ലാ പുത്തൻകൂറ്റുകാർക്കും അദ്ദേഹം തുറന്നുകൊടുത്തു. നിശ്ചയമായും ദൈവപരിപാലനയിലും പരിശുദ്ധാത്മ നിയന്ത്രണത്തിലും നടന്നതാണിത്.

മെത്രാൻ കക്ഷിയിലെ മെത്രാന്മാരിൽ നിന്ന്, പ്രത്യേകിച്ച് മാർ ദിവന്നാസ്യോസിൽ നിന്ന്, വേർപെടുന്നത് മാർ ഈവാനിയോസിന് വേദനാജനകമായിരുന്നു. എന്നാൽ എക്യൂമെനിക്കൽ പ്രസ്ഥാനത്തിനുള്ള വാതിൽ തുറക്കാൻ ദൈവം തന്നെ വിളിക്കുന്നെന്ന് ബോധ്യം വന്നപ്പോൾ, ദൈവികവിളിയെ പിൻചെന്നു കൊണ്ടും തന്റെ മനസ്സാക്ഷിയ്ക്കും താൻ കണ്ടെത്തിയ സത്യത്തിനും മറുപടി നൽകിക്കൊണ്ടും കത്തോലിക്കാ സഭയുമായുള്ള കാനോനിക കൂട്ടായ്മയ്ക്ക് അദ്ദേഹം ഇറങ്ങിത്തിരിച്ചു.



## പതിനൊന്നാം പീയൂസ് മാർപാപ്പായുമായുള്ള കൂടിക്കാഴ്ച (1932)

മാർപാപ്പായെ സന്ദർശിക്കാനും മലങ്കര കത്തോലിക്കാ ഹയരാർക്കി സ്ഥാപിച്ചു കിട്ടാനുമായി മാർ ഈവാനിയോസ് 1932-ൽ റോമിലേക്കു പോയി. വിരിച്ചു പിടിച്ച കരങ്ങളുമായി 11-ാം പീയൂസ് മാർപാപ്പാ മാർ ഈവാനിയോസിനെ ഹൃദയപൂർവം സ്വീകരിച്ചു.

*“എന്റെ മകനേ, അങ്ങ് എന്റെ നല്ല മകനാണ്. സ്വാഗതം, ഒരു വലിയ സ്വാഗതം.”*

പിൽക്കാലത്ത് പല അവസരങ്ങളിലും സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ട് മാർ ഈവാനിയോസ് ഈ അവിസ്മരണീയ കൂടിക്കാഴ്ച അനുസ്മരിച്ചിരുന്നു. തന്റെ മരണക്കിടക്കയിൽ പോലും അദ്ദേഹം ഇത് അനുസ്മരിച്ചു. കത്തോലിക്കാ സഭയുമായി ദൃശ്യകൂട്ടായ്മ കാംക്ഷിച്ച മലങ്കര സമൂഹം മുഴുവനെയും മാർപാപ്പാ ഇതിലൂടെ ആശ്ലേഷിക്കുകയായിരുന്നു. പരമ്പരാഗതമായി മാർപാപ്പായുടെ മുമ്പിൽ മുട്ടുകുത്തി കൈമുത്തുന്നതിനു പകരം പൗരസ്ത്യ മെത്രാന്മാരുടെ പതിവു പോലെ മാർ ഈവാനിയോസ് നിന്നുകൊണ്ട് പരസ്പരം ചുംബനം നൽകുകയാണുണ്ടായത്. മാർ ഈവാനിയോസിന് റോമിൽ ഹൃദയഹാരിയായ മഹാസ്വീകരണമാണ് ലഭിച്ചത്. പ്രാഥമിക കുശലാന്വേഷണത്തിനുശേഷം മാർപാപ്പാ ഇപ്രകാരം ചോദിച്ചു:

“എന്റെ മകനേ, അങ്ങേയ്ക്ക് എന്താണ് വേണ്ടത്?”

മാർ ഈവാനിയോസ്, താൻ തയാറാക്കി കൊണ്ടുപോയിരുന്ന കടലാസെടുത്ത് തന്റെ ആവശ്യങ്ങൾ ഓരോന്നായി അവതരിപ്പിച്ചു. തിരുവനന്തപുരം ആസ്ഥാനമാക്കി അതിരൂപതയും തിരുവല്ലാ ആസ്ഥാനമാക്കി സഫ്രഗൻ രൂപതയും ഉൾപ്പെടുത്തി മലങ്കര കത്തോലിക്കാ ഹയരാർക്കി സ്ഥാപിച്ചു കിട്ടുക എന്നതായിരുന്നു ഏറ്റവും പ്രധാനപ്പെട്ട നിവേദനം. എല്ലാം വളരെ ശ്രദ്ധാപൂർവം കേട്ടിട്ട് മാർപാപ്പാ നിവേദനത്തിൽ ഒപ്പിട്ടുകൊണ്ട് പറഞ്ഞു:

“നാം സന്തോഷപൂർവം എല്ലാ നിവേദനങ്ങളും അംഗീകരിച്ചിരിക്കുന്നു. അങ്ങ് ഇത് അർഹിക്കുന്നു.”

എന്നിട്ട് സെക്രട്ടറിയെ പേപ്പർ ഏൽപ്പിച്ചുകൊണ്ട് പറഞ്ഞു:

“നാം ഇതെല്ലാം അംഗീകരിച്ചിരിക്കുന്നു. നമ്മുടെ ഒപ്പിനായി ആവശ്യമുള്ള രേഖകളെല്ലാം തയാറാക്കുക.”

മാർ ഈവാനിയോസ് മാർപാപ്പായുമായി മൊത്തം അഞ്ച് കൂടിക്കാഴ്ചകൾ നടത്തി. മാർപാപ്പായുമായുള്ള കൂടിക്കാഴ്ച കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ മാർ ഈവാനിയോസിനോട് കർദിനാൾ സെക്രട്ടറി വളരെ ഗൗരവത്തിൽ ഇപ്രകാരം പറഞ്ഞു:

"അഭിവന്ദ്യപിതാവേ, ഈ രീതിയിലല്ല റോമിൽ കാര്യങ്ങൾ നടക്കുന്നത്. മാർപാപ്പായോട് നേരിട്ട് അപേക്ഷിക്കാൻ പാടില്ല. ആവശ്യമുള്ളവ എഴുതി കോൺഗ്രിഗേഷനിൽ സമർപ്പിക്കണം. കോൺഗ്രിഗേഷൻ അംഗങ്ങൾ അവ പഠിച്ച് മാർപാപ്പായ്ക്ക് സമർപ്പിക്കും. എന്നിട്ട് അദ്ദേഹം തീരുമാനമെടുക്കും."

അതിന് മാർ ഈവാനിയോസ് ഇപ്രകാരം മറുപടി പറഞ്ഞു:

"അഭിവന്ദ്യ കർദിനാൾ തിരുമേനീ, റോമൻ കത്തോലിക്കാ സഭയുടെ നടപടിക്രമങ്ങളും ചട്ടങ്ങളും വാസ്തവത്തിൽ സ്തുത്യർഹമാണ്. ഈയടുത്ത കാലത്ത് കത്തോലിക്കാ സഭയുമായി കാനോനിക കൂട്ടായ്മയിൽ പ്രവേശിച്ച ഞാൻ മെത്രാനെന്ന നിലയിൽ അവ ഇനിയും നന്നായി പഠിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് സംഗതികൾ പതിവുപോലെ കോൺഗ്രിഗേഷൻ വഴി പോരട്ടെ. എന്തായാലും പരിശുദ്ധ പിതാവ് എല്ലാം അംഗീകരിച്ചിരിക്കുന്നു എന്ന് എന്നോട് നേരിട്ട് പറഞ്ഞതാണല്ലോ. കൂടാതെ, ഞാൻ അങ്ങോട്ട് കയറി പറയുകയല്ല ചെയ്തത്. എന്റെ ആവശ്യങ്ങളും അപേക്ഷകളും സമർപ്പിക്കാൻ മാർപാപ്പാ പറഞ്ഞപ്പോൾ, അനുസരണയുള്ള മകനെന്ന നിലയിൽ
1 അത് തുറന്നു പറയാൻ ഞാൻ കടപ്പെട്ടവനല്ലേ? ഇതിൽ ഞാൻ എവിടെയാണ് തെറ്റു ചെയ്തത്?"

കർദിനാൾ സെക്രട്ടറിക്ക് മറ്റൊന്നും പറയാനില്ലായിരുന്നു. മാർ ഈവാനിയോസിന്റെ മുമ്പിൽ മാർപാപ്പാ അംഗീകരിച്ചതുപോലെ എല്ലാ രേഖകളും പുറപ്പെടുവിച്ചു.[2]

## മലങ്കര കത്തോലിക്കാ ഹയരാർക്കി സ്ഥാപനം (1932)

കൂരിയായിലെ ഉദ്യോഗസ്ഥരോട് ആലോചിക്കാതെ പോലും 11-ാം പീയൂസ് മാർപാപ്പാ മാർ ഈവാനിയോസിന്റെ എല്ലാ ആവശ്യങ്ങളും അംഗീകരിച്ചു. 1930-ലെ ഐക്യം യാഥാർഥ്യമായത് 11-ാം പീയൂസിന്റെ വിശാലമനസ്ഥിതിയും മാർ ഈവാനിയോസിന്റെ സഭാസ്നേഹവും എക്യുമെനിക്കൽ ദർശനവും കൊണ്ടായിരുന്നു. എല്ലാറ്റിനുമുപരി ഇതൊരു ദൈവികപ്രവർത്തനമായിരുന്നു എന്നതത്രേ. അദ്ദേഹം റോമിലായിരുന്നപ്പോൾ പാഷനിസ്റ്റ് ഫാദേഴ്സിന്റെ ഭവനത്തിലാണ് താമസിച്ചിരുന്നത്.

2. ഫിലിപ്പ് സി.പന്തോളിൽ, *മാർ ഈവാനിയോസ് എന്റെ സ്മരണയിൽ*, പേ.69-71.



*ക്രിസ്തോ പാസ്തോരും പ്രിൻചിപ്പി* എന്ന അപ്പസ്തോലിക തിരുവെഴുത്തിലൂടെ 1932 ജൂൺ 11-ന് തിരുവനന്തപുരം അതിരൂപതയായും തിരുവല്ലാ സാമന്തരൂപതയായും മലങ്കര കത്തോലിക്കാ ഹയരാർക്കി സ്ഥാപിച്ചു. തിരുവനന്തപുരത്ത് ഡിക്രി നടപ്പാക്കിയത് 1933 മാർച്ച് 12-നും തിരുവല്ലായിൽ 1933 നവംബർ 6-നുമാണ്. അന്നു മുതൽ മലങ്കരയിലെ വിവിധ സഭാവിഭാഗങ്ങളിൽ നിന്ന് കത്തോലിക്കാ സഭയിലേക്ക് വൈദികരുടെയും വിശ്വാസികളുടെയും വലിയ ഒഴുക്കുണ്ടായി. അക്രൈസ്തവ സമൂഹങ്ങളിൽ നിന്നും നിരവധി ആളുകൾ മാനസ്സാന്തരപ്പെട്ട് സഭയോട് ചേർന്നു.

## ഡബ്ലിൻ സന്ദർശനം

മാർപാപ്പായെ സന്ദർശിച്ച ശേഷം മാർ ഈവാനിയോസ് പല യൂറോപ്യൻ രാജ്യങ്ങളും സന്ദർശിച്ചു. അയർലൻഡിലെ ഡബ്ലിനിൽ വച്ചു നടന്ന *ദിവ്യകാരുണ്യ കോൺഗ്രസിൽ* പങ്കെടുത്തു. അവിടെ വച്ച് പല അന്തർദേശീയ നേതാക്കന്മാരുമായും പരിചയപ്പെടാൻ അദ്ദേഹത്തിനു കഴിഞ്ഞു. ജി.കെ. ചെസ്റ്റർട്ടണെ പരിചയപ്പെട്ടത് അവിടെ വച്ചാണ്. ഇംഗ്ലണ്ടിൽ വച്ച് ജോർജ് അഞ്ചാമൻ രാജാവിന്റെ ഗാർഡൻ പാർട്ടിയിൽ പങ്കെടുത്തു. മാർപാപ്പാ രാജാവിന് കൊടുത്തയച്ച ഒരു കത്ത് കൊടുത്ത് രാജാവിനെ നേരിൽ കണ്ട് സംസാരിക്കാൻ അദ്ദേഹത്തിന് അവസരം കിട്ടി. പിന്നീട് ബൽജിയം രാജാവിനെ സന്ദർശിച്ചു. എല്ലായിടത്തും അദ്ദേഹത്തിന് ഊഷ്മളസ്വീകരണം ലഭിച്ചു. പോയിടത്തെല്ലാം ഇൻഡ്യയെപ്പറ്റിയും തന്റെ കാതോലിക കൂട്ടായ്മയെ പറ്റിയും അദ്ദേഹം സംസാരിച്ചു. ഈ ആദ്യയാത്ര അദ്ദേഹത്തിന് ലഭിച്ച വലിയ അനുഭവമായിരുന്നു. അദ്ദേഹത്തിന്റെ ഈ ആദ്യവിദേശയാത്ര ആറുമാസം നീണ്ടുനിന്നു. അദ്ദേഹം 1932 ഒക്ടോബറിൽ നാട്ടിൽ തിരിച്ചെത്തി.

## തിരുവനന്തപുരം ആർച്ചുബിഷപ്പ്

ഹയരാർക്കി സ്ഥാപനാനന്തരം പാളയത്തുള്ള പാമ്പദോർ സിനിമാ തീയേറ്റർ പള്ളിയായി രൂപാന്തരപ്പെടുത്തി, പരിശുദ്ധ കന്യാകാമാതാവിന് സമർപ്പിച്ചു. അവിടെ വച്ച് 1933 മാർച്ച് 12-ന് മാർ ഈവാനിയോസ് തിരുവനന്തപുരം ആർച്ചുബിഷപ്പും മലങ്കര കത്തോലിക്കാ സഭയുടെ മെത്രാപ്പോലീത്തായുമായി സ്ഥാനമേറ്റെടുത്ത് വിശുദ്ധ കുർബാന അർപ്പിച്ചു. ആ വർഷം തന്നെ നവംബർ 6-ന് മാർ തെയോഫിലസ് തിരുമേനി തിരുവല്ലാ മെത്രാനായി സ്ഥാനമേറ്റു. ഈ രണ്ടു രൂപതകളുടെയും അതിർത്തി പമ്പയായിരുന്നു. തിരുവല്ലായുടെ വടക്കേ അതിർത്തി പൊന്നാനിപ്പുഴ ആയിരുന്നു. തിരുവനന്തപുരം അതിരൂപതയുടെ തെക്കേ അറ്റം കന്യാകുമാരിവരെ ഉണ്ടായിരുന്നു.

മാർ സേവേറിയോസ് (1937), മാർ ദിയസ്ക്കോറോസ് (1939) എന്നീ മെത്രാന്മാരും കത്തോലിക്കാ കൂട്ടായ്മയിലേക്ക് കടന്നുവന്നു. മാർ സേവേറിയോസ് പിന്നീട് തിരുവല്ലാ മെത്രാനായി. മാർ ദിയസ്ക്കോറോസ് വിശ്രമജീവിതം നയിച്ചു. അവരോടൊപ്പം നിരവധി വൈദികരും ജനങ്ങളും മാർ ഈവാനിയോസ് വെട്ടിത്തുറന്ന പാതയിലൂടെ കത്തോലിക്കാ സഭയിലേക്ക് നടന്നടുത്തു.

## രണ്ടാം വിദേശയാത്ര

മാർ ഈവാനിയോസ് 1947-ൽ രണ്ടാമതൊരു വിദേശയാത്ര നടത്തി. ഈ യാത്രയിൽ യു.എസ്. ഏ., കാനഡാ, ആസ്ത്രേലിയാ എന്നീ രാജ്യങ്ങൾ സന്ദർശിക്കുകയും അനേകം ലോകനേതാക്കന്മാരുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു. “ഇൻഡ്യയിൽ നിന്നുള്ള മഹാൻ, ഇരുപതാം നൂറ്റാണ്ടിലെ മഹാമിഷണറി” എന്നൊക്കെ അദ്ദേഹം വിളിക്കപ്പെട്ടു. അദ്ദേഹത്തെ നേരിൽ കണ്ടതിലുള്ള സന്തോഷം പലരും രേഖപ്പെടുത്തി. അതിൽ ഒരു കമന്റ്:

“കത്തോലിക്കാ ലോകത്തെ മുഴുവൻ ആനന്ദതുന്ദിലമാക്കിയ 1930-ലെ പുനരൈക്യപ്രസ്ഥാനത്തെപ്പറ്റി ഞങ്ങൾ വായിച്ചറിഞ്ഞിട്ടേ ഉണ്ടായിരുന്നുള്ളു. ഈ പ്രസ്ഥാനത്തിന്റെ പ്രണേതാവും വഴികാട്ടിയുമായ മഹാത്മാവിനെ നേരിൽ കാണാൻ കഴിയുമെന്ന് ഞങ്ങൾ ഒരിക്കലും ചിന്തിച്ചിരുന്നില്ല”.

അമേരിക്കൻ പ്രസിഡന്റ് ട്രൂമാനുമായി കൂടിക്കാഴ്ച നടത്താൻ അവസരം ലഭിച്ചു. സാൻ ഫ്രാൻസിസ്ക്കോ യൂണിവേഴ്സിറ്റി 1948-ൽ ഡോക്ടർ ഓഫ് ലോ ഡിഗ്രി നൽകി അദ്ദേഹത്തെ ബഹുമാനിച്ചു. അദ്ദേഹം പോയ സ്ഥലങ്ങളിലെല്ലാം മാർതോമാ പൈതൃകത്തെ പറ്റിയും മലങ്കരസഭയെ പറ്റിയും കത്തോലിക്കാ സഭയുമായുള്ള പുനരൈക്യത്തെ പറ്റിയും സംസാരിച്ചു. 1948-ൽ തന്നെ തിരിച്ചെത്തി 1950-ൽ മെത്രാഭിഷേകത്തിന്റെ സിൽവർ ജൂബിലി തിരുവനന്തപുരത്തുവച്ച് ആഘോഷിച്ചു.

## മഹാനേട്ടം

മാർ ഈവാനിയോസ് തിരുവനന്തപുരത്തുള്ള ക്രിസ്ത്യാനികളുടെ നില ഉയർത്തി. പള്ളികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്ഥാപിക്കാൻ അദ്ദേഹം വിവിധ കേന്ദ്രങ്ങളിൽ സ്ഥലം വാങ്ങി. സാർവത്രിക സഭയിൽ ഒരു പുതിയ പ്രാദേശികസഭയ്ക്ക് അംഗീകാരം കിട്ടാൻ എളുപ്പമല്ലാതിരുന്ന അക്കാലത്ത് അദ്ദേഹം സാധിച്ചെടുത്തത് മഹത്തായൊരു കാര്യം തന്നെയാണ്. അദ്ദേഹത്തിന്റെ നാമം എന്നെന്നും അനുസ്മരിക്കപ്പെടും. ദൈവം നൽകിയ താലന്തുകൾ ദൈവമഹത്വത്തിനും സഭയ്ക്കും നാടിനും വേണ്ടി അദ്ദേഹം വിനിയോഗിച്ചു. അദ്ദേഹം മറ്റുള്ളവരെ ബഹുമാനിച്ചിരുന്നു. വളരെ നല്ലൊരു ശ്രോതാവുമായിരുന്ന അദ്ദേഹം തന്നെ എതിർത്തവരെയും തന്നോട് അഭിപ്രായവ്യത്യാസം പുലർത്തിയവരെയും അവഗണിച്ചില്ല. തന്റെ പിൻഗാമികളുടെ നേതൃത്വശുശ്രൂഷ സുഗമമാക്കാൻ വേണ്ടതെല്ലാം ചെയ്തിട്ടാണ് അദ്ദേഹം കടന്നുപോയത്. ഇത്ര മഹത്തരവും സാധാരണഗതിയിൽ അസാധ്യവുമായ കർമം ചെയ്യാൻ അദ്ദേഹത്തിന് കഴിഞ്ഞത് അദ്ദേഹത്തിന്റെ അസാധാരണമായ കഴിവും ദീർഘവീക്ഷണവും സഭാദർശനവും എല്ലാറ്റിനുമുപരി ദൈവാനുഗ്രഹവുമായിരുന്നു.



## രോഗവും മരണവും

രണ്ടാം വിദേശപര്യടനാനന്തരം മാർ ഈവാനിയോസ് രോഗബാധിതനായി. 1952-ഓടു കൂടി രോഗം മൂർച്ഛിക്കുകയും ചെയ്തു. പട്ടം കത്തീഡ്രലിന്റെ അടിത്തറ ഇതിനോടകം പണി കഴിഞ്ഞിരുന്നു. അവിടെ വച്ച് 1953 ജനുവരിയിൽ തന്റെ പിൻഗാമിയായി ബനഡിക്ട് ഓ.ഐ.സി. അച്ചനെ മാർ ഗ്രിഗോറിയോസ് എന്ന പേരിൽ വാഴിച്ചു. ഏതാണ്ട് 13 മാസത്തോളം മാർ ഈവാനിയോസ് രോഗിയായി കിടന്നു. തന്റെ നാഥനെ എതിരേൽക്കുന്നതിന് ഒരുങ്ങാൻ അദ്ദേഹത്തിന് ധാരാളം സമയം ലഭിച്ചു. 1953 ജൂലൈ 15-ന് രാത്രി 11.30-ന് മാർ ഈവാനിയോസ് കർതൃമഹത്വത്തിലേക്ക് കരേറി. അദ്ദേഹത്തിന്റെ മരണാവസരം അദ്ദേഹത്തെ പ്രകീർത്തിച്ചുകൊണ്ട് മലയാള മനോരമപത്രം വളരെ നല്ല ഒരു എഡിറ്റോറിയൽ എഴുതുകയുണ്ടായി.

പുനരൈക്യപ്രസ്ഥാനം തുടങ്ങിയത് വെറും അഞ്ചു വ്യക്തികളിലാണ്. 1932-ൽ 43 വൈദികരും 67 മിഷൻ സെന്ററുകളും 5850 വിശ്വാസികളുമായി ഉയർന്നു. 1934-ൽ 54 വൈദികരും 159 മിഷൻ കേന്ദ്രങ്ങളും 18,376 വിശ്വാസികളും ഉണ്ടായി. മാർ ഈവാനിയോസിന്റെ മരണത്തിന് തൊട്ടുമുമ്പ് 1952-ൽ 76,352 വിശ്വാസികളും 310 പള്ളികളും 137 വൈദികരും ഒരു കോളേജും നിരവധി സ്കൂളുകളും ഉണ്ടായി. ഒരന്ത്യസന്ദേശം തന്റെ വത്സലമക്കൾക്കയക്കാൻ അദ്ദേഹം മറന്നില്ല. 1952 സെപ്റ്റംബർ 21 -ന് എഴുതിയ ആ അന്ത്യസന്ദേശം വളരെ ഹൃദയസ്പർശിയാണ്. തുടർന്നുള്ള എക്യുമെനിക്കൽ പ്രവർത്തനങ്ങൾ തന്റെ ആത്മീയമക്കളെ അദ്ദേഹം ഭരമേൽപ്പിച്ചു. എല്ലാ ക്രിസ്ത്യാനികളുടെയും ഐക്യമെന്ന ഉദാത്തലക്ഷ്യം ഉയർത്തിപ്പിടിക്കാനും സുവിശേഷം എത്താത്തിടത്ത് എത്തിക്കാനും തന്റെ മക്കളെ അദ്ദേഹം ആഹ്വാനം ചെയ്തു.

## ശ്രേഷ്ഠമഹാപുരോഹിതൻ

മാർ ഈവാനിയോസ് ഒരു ശ്രേഷ്ഠമഹാപുരോഹിതനായിരുന്നു. ഇൻഡ്യൻ ക്രൈസ്തവസഭയുടെ ഒരു ശ്രേഷ്ഠസ്തംഭമായിരുന്നു അദ്ദേഹം.

മതപരവും ചരിത്രപരവുമായ സത്യം അംഗീകരിക്കാൻ അദ്ദേഹം സദാ സന്നദ്ധനായിരുന്നു. സഭാനവീകരണത്തിൽ സന്ന്യാസത്തിന് സുപ്രധാന പങ്കുണ്ടെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. റോമിൽ വി. പത്രോസിന്റെ പിൻഗാമിയുമായുള്ള കാനോനിക കൂട്ടായ്മ ഒന്നുകൊണ്ടു മാത്രമേ തന്റെ സമൂഹത്തിന് ശാന്തിയും സുസ്ഥിര പുരോഗതിയും കൈവരികയുള്ളു എന്നും അദ്ദേഹം തിരിച്ചറിഞ്ഞു. കോടതി വ്യവഹാരങ്ങളിലൂടെയോ, തർക്കങ്ങളിലും കയ്യേറ്റങ്ങളിലും പ്രകടനങ്ങളിലും കുടുങ്ങിക്കിടന്ന തന്റെ സഭയിലൂടെയോ അല്ല അദ്ദേഹം സത്യം തേടിയത്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നവീകരണവും എക്യുമെനിസവും എന്ന ദ്വിവിധ ലക്ഷ്യങ്ങൾ കൗൺസിലിന് 40 വർഷങ്ങൾക്കു മുമ്പു തന്നെ അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നു. നവീകരണത്തിലൂടെയും കാതോലിക കൂട്ടായ്മയിലൂടെയും ഭാരതത്തിന്റെ സുവിശേഷവത്കരണം എന്ന മഹത്തായ ലക്ഷ്യമായിരുന്നു അദ്ദേഹത്തിന് ഉണ്ടായിരുന്നത്. അദ്ദേഹത്തിന് വളരെ വലിയ മിഷണറിദർശനം ഉണ്ടായിരുന്നു. നമ്മുടെ കർത്താവിനെ ഒരിക്കലും അറിഞ്ഞിട്ടില്ലാത്തവരോട് സുവിശേഷം പ്രഘോഷിക്കാൻ അദ്ദേഹം ഇൻഡ്യയിലെ ക്രിസ്തീയ സമൂഹങ്ങളെ ആഹ്വാനം ചെയ്തു.

മലങ്കര കത്തോലിക്കാ മെത്രാന്മാരുടെ *ആദ് ലിമിനാ* സന്ദർശനവേളകളിലെല്ലാം ജോൺ പോൾ രണ്ടാമൻ മാർപാപ്പാ മാർ ഈവാനിയോസ് പിതാവിനെ അനുസ്മരിച്ചിരുന്നു.

1980-ലെ സന്ദർശനാവസരം ആ വർഷം ഡിസംബറിൽ നടക്കാനിരുന്ന ഐക്യപ്രസ്ഥാനത്തിന്റെ സുവർണ്ണജൂബിലി പരാമർശിച്ചുകൊണ്ട് മാർപാപ്പാ ഇപ്രകാരം പറഞ്ഞു:

"ഭാഗ്യസ്മരണാർഹനും വന്ദ്യനുമായ മാർ ഈവാനിയോസ് നേതൃത്വം കൊടുക്കുകയും അതുവഴി റോമുമായി സമ്പൂർണ്ണ കൂട്ടായ്മയിൽ അദ്ദേഹവും മറ്റ് പിതാക്കന്മാരും, അദ്ദേഹം സ്ഥാപിച്ച ബഥനി സന്ന്യാസസമൂഹവും സന്ന്യസിനീസമൂഹവും എത്തിച്ചേരുകയും ചെയ്ത ആ ആത്മീയ പ്രസ്ഥാനത്തിന്റെ സുവർണ്ണജൂബിലി നിങ്ങൾ ആഘോഷിക്കുകയാണല്ലോ."

1996-ലെ ആദ് ലിമിനാ സന്ദർശനാവസരം മാർപാപ്പാ ഇപ്രകാരം പറഞ്ഞു:

"പത്രോസിന്റെ സംഹാസനവുമായുള്ള സമ്പൂർണ്ണ കൂട്ടായ്മ വീണ്ടും കണ്ടെത്തിയ പാതയിലൂടെ നിങ്ങളെ നയിച്ച മാർ ഈവാനിയോസും നിങ്ങളുടെ സഭയുടെ വളർച്ചയിൽ വിവേകപൂർവം നിങ്ങളെ നയിച്ച മാർ ഗ്രിഗോറിയോസും എന്ന മറക്കാനാവാത്ത രണ്ട് ഇടയന്മാർ ഈ സന്തോഷപ്രദമായ സന്ദർഭത്തിൽ നമ്മുടെ ചിന്തയിൽ കടന്നുവരുന്നു."



മലങ്കര കത്തോലിക്കാ മെത്രാന്മാർ 2003 മെയ് 13-ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പായെ ഔദ്യോഗികമായി സന്ദർശിച്ചപ്പോൾ മാർപാപ്പാ മാർ ഈവാനിയോസ് പിതാവിനെ അനുസ്മരിക്കുകയും മലങ്കരസഭയുടെ ശുശ്രൂഷകളെ ശ്ലാഘിക്കുകയും ചെയ്തു:

"ഐക്യത്തിന്റെ അക്ഷീണ പ്രവാചകനായ ആർച്ചുബിഷപ്പ് മാർ ഈവാനിയോസിന്റെ 50-ാം ചരമവാർഷികം നിങ്ങളുടെ സമൂഹം ആഘോഷിക്കുന്ന ഈയവസരം, *എല്ലാവരും ഒന്നാകുവാൻ* ക്രിസ്തുവിനോടൊത്തു പ്രാർഥിച്ചുകൊണ്ട് വി. പത്രോസ് ശ്ലീഹായുടെയും വി. പൗലോസ് ശ്ലീഹായുടെയും കബറിങ്കൽ നിങ്ങൾ സന്നിഹിതരായിരിക്കുന്നത് യഥാർഥത്തിൽ ഉചിതമാണ്. വളരെ ചുരുങ്ങിയ കാലത്തിനുള്ളിൽ നിങ്ങളുടെ സഭമേൽ ചൊരിയപ്പെട്ട നിരവധി അനുഗ്രഹങ്ങൾ നാം അനുസ്മരിക്കുന്നു. വൈദികാന്തസിലേക്കും സന്ന്യാസജീവിതത്തിലേക്കുമുള്ള ധാരാളം ദൈവവിളിയോടുകൂടി *ലോകത്തിൽ അതിശീഘ്രം വളരുന്ന കത്തോലിക്കാസമൂഹമായി* നിങ്ങൾ തീർന്നിരിക്കുന്നു."

ജോൺ പോൾ രണ്ടാമൻ മാർപാപ്പാ 1986 ഫെബ്രുവരി 8-ന് പട്ടത്തുള്ള കത്തീഡ്രൽ ദൈവാലയത്തിൽ എത്തിയപ്പോൾ ചെയ്ത പ്രസംഗത്തിൽ മാർ ഈവാനിയോസ് പിതാവിനെ പ്രത്യേകമായി അനുസ്മരിച്ചു:

"തിരുവനന്തപുരത്തുള്ള സെന്റ് മേരീസ് കത്തീഡ്രൽ സന്ദർശിക്കുന്നതിന് എനിക്ക് വളരെ സന്തോഷമുണ്ട്. എന്റെ ഹൃദയാഭിലാഷത്തേക്കാൾ വളരെ ഹ്രസ്വമാണ് എന്റെ സന്ദർശനമെങ്കിലും, മലങ്കര കത്തോലിക്കാസഭയുടെ മെത്രാപ്പോലീത്തൻ സിംഹാസനത്തിലെ ഈ മാതൃദൈവാലയത്തിലേക്ക് വരാൻ സാധിച്ചതിൽ വളരെയധികം സന്തോഷമുണ്ട്. ഈ കത്തീഡ്രലിൽ വരുന്നതുവഴി ഇവിടെ അന്ത്യവിശ്രമം കൊള്ളുന്ന ഭാഗ്യസ്മരണാർഹനായ ആർച്ചുബിഷപ്പ് മാർ ഈവാനിയോസിന്റെ ഓർമ്മയെ നാം ബഹുമാനിക്കുന്നു. ആത്മാക്കളുടെ ഈ തീക്ഷ്ണമതിയായ ഇടയന്റെ നിരവധി അജപാലക പരിശ്രമങ്ങളിൽ ക്രിസ്ത്യാനികളുടെ ഇടയിലെ ഐക്യം വളർത്തുക എന്നതായിരുന്നു അദ്ദേഹത്തിന് ഏറ്റവും പ്രിയംകരമായിരുന്ന സംഗതി. ഇന്നും സഭയിൽ മുൻഗണന നൽകുന്ന സുപ്രധാന സംഗതി തന്നെയാണ് സഭൈക്യം. *അവരെല്ലാവരും ഒന്നാകുവാൻ* താൻ മരിക്കുന്നതിനു മുമ്പുള്ള രാത്രിയിൽ നമ്മുടെ കർത്താവ് പ്രാർഥിച്ചു (യോഹ. 17,20). *ചിതറിക്കിടക്കുന്ന ദൈവമക്കളെ ഒന്നിച്ചുചേർക്കാനായി* അവിടുന്ന് തന്റെ ജീവൻ സമർപ്പിച്ചു. ക്രിസ്ത്യാനികളുടെ ഇടയിലെ ഐക്യത്തിനും ലോകസമാധാനത്തിനും സഹവർത്തിത്വത്തിനും വേണ്ടിയുള്ള നമ്മുടെ പരിശ്രമങ്ങളിൽ

നാം ഒരിക്കലും നഷ്ടധൈര്യരാകരുത്. ദൈവമാതാവായ കന്യകാമറിയം തന്റെ പ്രാർഥനകളാൽ നമ്മെ സഹായിക്കട്ടെ. കർത്താവ് തന്റെ ധാരാളമായ സന്തോഷത്താലും സമാധാനത്താലും നിങ്ങളെല്ലാവരെയും അനുഗ്രഹിക്കട്ടെ."

തിരുവനന്തപുരത്ത് *ശംഖുമുഖം പ്രസംഗത്തിലും* മാർപാപ്പാ മാർ ഈവാനിയോസ് പിതാവിനെ അനുസ്മരിച്ചു:

"വത്സലസഹോദരീ സഹോദരന്മാരേ,

മാർ തോമാശ്ലീഹായിൽ നിന്നു തുടങ്ങുന്നതാണ് നിങ്ങളുടെ സഭാരംഭം. അന്ത്യോക്യയിൽ ഉത്ഭവിച്ച വളരെ പുരാതനമായ ഒരു ആരാധനാപാരമ്പര്യമാണ് നിങ്ങളുടേത്. യേശുവിന്റെ പിൻഗാമികൾ അവിടെ വച്ചാണല്ലോ ക്രിസ്ത്യാനികളെന്ന് ആദ്യമായി വിളിക്കപ്പെട്ടത് (നട.11,26). നിങ്ങളുടെ സമൂഹം പതിനാറു നൂറ്റാണ്ടിലേറെ പത്രോസിന്റെ സിംഹാസനവുമായി ഇടമുറിയാതുള്ള സംസർഗ്ഗത്തിൽ കഴിഞ്ഞു. പിന്നീട് പ്രയാസങ്ങളുടെ പരമ്പര തന്നെ ഉണ്ടാകുകയും ആ സംസർഗത്തിന് തടസ്സം നേരിടുകയും ചെയ്തു. എന്നാൽ ഈ നൂറ്റാണ്ട് ആർച്ചുബിഷപ്പ് മാർ ഈവാനിയോസിന്റെ വ്യക്തിപ്രാഭവത്താൽ മായാത്ത മുദ്ര പതിച്ചിരിക്കുകയാണ്. അദ്ദേഹം ക്രിസ്തീയൈക്യത്തിന്റെ വിജ്ഞാനവും സൂക്ഷ്മചൈതന്യവും എന്റെ മുൻഗാമി പതിനൊന്നാം പീയൂസിൽ കണ്ടെത്തി. 1932-ൽ അദ്ദേഹം റോമിലേക്ക് ചരിത്രം സൃഷ്ടിച്ച യാത്ര നടത്തി. നിങ്ങളുടെ സഭയുടെ ചരിത്രത്തിന്റെ ഈയടുത്ത കാലഘട്ടം വളർച്ചയുടെയും ആഴമായ ക്രിസ്തീയ ജീവിതത്തിന്റെയും ഒരവസരമാണെന്ന് അറിയുന്നതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്. സഭാമാതാവായ മറിയത്തിന് സമർപ്പിച്ച മേജർ സെമിനരിയുടെ സ്ഥാപനം നിങ്ങളുടെ വളർച്ചയുടെ ഒരടയാളമാണ്. ഭാവിയിലെ വളർച്ചയ്ക്കും വികസനത്തിനുമുള്ള വലിയ പ്രതീക്ഷ അതു പ്രദാനം ചെയ്യുന്നു."

മാർ ഈവാനിയോസ് തന്റെ 1952-ലെ *അന്ത്യസന്ദേശത്തിൽ* മലങ്കര മക്കളെ ഇപ്രകാരം അറിയിച്ചു:

"നമ്മുടെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവുമായ കേരളത്തിലെ അകത്തോലിക്കരെപ്പറ്റി എനിക്കു വളരെ ദുഃഖമുണ്ട്. നാം ഇതിനായി നമ്മുടെ കഴിവനുസരിച്ച് പരിശ്രമിച്ചു. എന്നാൽ അവരുടെ സമ്പൂർണ കൂട്ടായ്മ ദർശിക്കാൻ നമുക്ക് ഭാഗ്യമുണ്ടായില്ല. നമ്മുടെ തീവ്രാഭിലാഷം യാഥാർഥ്യമാകുമെന്ന് പ്രത്യാശിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു."



പുനരൈക്യം പൂർണമായി യാഥാർഥ്യമാകാത്തതിന്റെ കാരണം, മാർ ഈവാനിയോസിന്റെ പിൻഗാമിയായ മാർ ഗ്രിഗോറിയോസ് ഇപ്രകാരം നൽകുന്നു:

" കത്തോലിക്കാ സഭയുമായി കൂട്ടായ്മയിൽ പ്രവേശിക്കുന്നതിനുള്ള തങ്ങളുടെ ആദ്യനിർദേശം മിക്ക ഓർത്തഡോക്സ് നേതാക്കന്മാരും നിരാകരിച്ചതാണ് കത്തോലിക്കാ സഭയുമായി അവരുടെ സഭ ഒന്നാകെ ഐക്യപ്പെടാനുള്ള പരിശ്രമം പരാജയപ്പെടാനുള്ള കാരണം. പിന്മാറിയ ഈ നേതാക്കന്മാർ പറഞ്ഞ കാരണങ്ങൾ വെറും മാനുഷികവും വ്യക്തിപരവുമായ പരിഗണനകളായിരുന്നു, വിശ്വാസപരമോ, മതപരമോ ആയ പരിഗണനകൾ അല്ലായിരുന്നു... സഭൈക്യം എന്ന സ്വപ്നസാക്ഷാത്കാരത്തിന് ആർച്ചുബിഷപ്പ് മാർ ഈവാനിയോസിനും അദ്ദേഹത്തിന്റെ സഹപ്രവർത്തകർക്കും ധീരമായ കാൽവയ്പ് അത്യാവശ്യമായിരുന്നു."

---

*The Pope speaks to India,* (St.Pauls Publication) Bombay,1986.
Paul Pallath,ed., *Pope John Paul II and the Catholic Church in India*,Changanassery, 1996.
മാർ ഈവാനിയോസ്, *അന്ത്യസന്ദേശം*, Trivandrum, 1952.
K.V.Koshy, *St.Thomas and the Syrian Churches of India,* Delhi, 1999.

# 19
# മലങ്കര കത്തോലിക്കാസഭ
## (1930-1953)

മലങ്കര കത്തോലിക്കാ സഭയുടെ ആദ്യമെത്രാപ്പോലീത്താ ആയ മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വ കാലഘട്ടത്തെപ്പറ്റിയുള്ള വളരെ ചുരുങ്ങിയ വിവരണമാണ് ഇവിടെ നടത്തുക. ഹയരാർക്കി സ്ഥാപനാനന്തരം (1932) കത്തോലിക്കാ കൂട്ടായ്മയിലേക്ക് യാക്കോബായാ, ഓർത്തഡോക്സ്, മാർതോമാ, എൽ.എം.എസ്. സമൂഹങ്ങളിൽ നിന്ന് വൈദികരുടെയും വിശ്വാസികളുടെയും വലിയ ഒരൊഴുക്കുണ്ടായി. കുറച്ചു വർഷങ്ങൾക്കുള്ളിൽ ഈ സഭാകൂട്ടായ്മയിൽ നാലു മെത്രാന്മാരും രണ്ടു റമ്പാന്മാരും 100-ൽ പരം കത്തനാരന്മാരും ഉണ്ടായി. അതിന്റെയർഥം, പുത്തൻകൂർ സമൂഹത്തിലെ അനേകമാളുകൾ കാതോലിക സംസർഗത്തിലേക്ക് കടന്നുവരാൻ അതീവതൽപ്പരർ ആയിരുന്നു എന്നതാണ്. ദൈവത്തിലുള്ള പരിപൂർണ ആശ്രയബോധവും ആത്മവിശ്വാസവും കൃത്യമായ ലക്ഷ്യവുമുള്ള നേതാക്കന്മാർ ഈ പുനരൈക്യപ്രസ്ഥാനത്തിന് നേതൃത്വം നൽകിയതു കൊണ്ടാണ് ഇത് ഇരുപതാം നൂറ്റാണ്ടിലെ മഹത്തായൊരു എക്യൂമെനിക്കൽ സംഭവമായി മാറിയത്.

***പുനരൈക്യപ്പെട്ട മെത്രാന്മാർ:***

മാർ ഈവാനിയോസ് (1930-1953)
മാർ തെയോഫിലോസ് (1930-1956)
മാർ സേവേറിയോസ് (1937-1955)
മാർ ദിയസ്ക്കോറോസ് (1939-1943)

***പുനരൈക്യപ്പെട്ട റമ്പാന്മാർ:***

ചേപ്പാട്ട് ഫിലിപ്പോസ് റമ്പാൻ (1930-1979)
പുലിക്കോട്ടിൽ യൗസേപ്പ് റമ്പാൻ (1930-1941)



തിരുവനന്തപുരം അതിരൂപതയിൽ 55 കത്തനാരന്മാരും തിരുവല്ലാ രൂപതയിൽ 33 കത്തനാരന്മാരും പുത്തൻകൂറിൽ നിന്ന് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു.

### സിറോ-മലബാർ സഭയും പുനരൈക്യപ്രസ്ഥാനവും

പുനരൈക്യപ്രസ്ഥാനത്തിന്റെ ആരംഭം മുതൽ തന്നെ സിറോ-മലബാർ സഭ എല്ലാത്തരത്തിലും അതിനെ ആളും അർഥവും കൊണ്ട് സഹായിച്ചു. എറണാകുളം മെത്രാപ്പോലീത്താ മാർ അഗസ്റ്റിൻ കണ്ടത്തിൽ, ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ മാർ ജയിംസ് കാളാശ്ശേരി, കോട്ടയം മെത്രാപ്പോലീത്താ മാർ അലക്സാണ്ഡർ ചൂളപ്പറമ്പിൽ എന്നീ സിറോ-മലബാർ പിതാക്കന്മാർ സഭൈക്യകാര്യങ്ങളിൽ അതീവ തൽപ്പരരും മാർ ഈവാനിയോസ് പിതാവിന്റെ ഉറ്റസ്നേഹിതരുമായിരുന്നു. എല്ലാത്തരത്തിലും അദ്ദേഹത്തെ സഹായിക്കാൻ അവർ തൽപ്പരർ ആയിരുന്നു. മാർ ഈവാനിയോസ് പിതാവിനെയും അദ്ദേഹത്തിന്റെ എക്യൂമെനിക്കൽ പ്രവർത്തനങ്ങളെയും സഹായിക്കാൻ തങ്ങളുടെ വൈദികരെയും വൈദിക വിദ്യാർഥികളെയും സന്ന്യസ്തരെയും അവർ സന്തോഷപൂർവം അയച്ചുകൊടുത്തു. ഈ സ്ത്രീപുരുഷന്മാർ തങ്ങളുടെ നാടും വീടും വിട്ട് പുത്തൻകൂറ്റുകാരുടെ ഇടയിൽ പ്രവർത്തിക്കുകയും ഐക്യസന്ദേശം പ്രചരിപ്പിക്കുകയും ചെയ്തു. കഠിനമായ ദാരിദ്ര്യം, ചില ഓർത്തഡോക്സുകാരുടെ എതിർപ്പും പ്രതികൂലപ്രവർത്തനങ്ങളും, രാഷ്ട്രീയാധികാരികളുടെ എതിർപ്പ് എന്നിവയുടെ മധ്യത്തിൽ കർത്താവിനുവേണ്ടി അവർ സന്തോഷപൂർവം പ്രവർത്തിച്ചു. പുനരൈക്യപ്രസ്ഥാനവും മലങ്കര കത്തോലിക്കാസഭയും ഈ മെത്രാന്മാരെയും വൈദികരെയും സന്ന്യസ്തരെയും അവരെ അയച്ച കുടുംബങ്ങളെയും മറ്റു പല രീതികളിൽ സഹായിച്ച അൽമായരെയും എന്നുമെന്നും നന്ദിപൂർവം ഓർക്കും. സിറോ-മലബാർ സഭയിൽ നിന്ന് തിരുവനന്തപുരം അതിരൂപതയിൽ 34 വൈദികരും തിരുവല്ലാ രൂപതയിൽ 26 വൈദികരും പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടി പ്രയത്നിച്ചു. അപൂർവം ചിലർ നിശ്ചിത കാലാവധി കഴിഞ്ഞപ്പോൾ മാതൃരൂപതയിലേക്ക് തിരിച്ചുപോയി. എന്നാൽ മിക്കവരും മരണംവരെ ഇവിടെത്തന്നെ കർമനിരതരായിരുന്നു.

### കർമലീത്താ സന്ന്യാസികൾ (റ്റി.ഓ.സി.ഡി/സി.എം.ഐ.)

സി. എം.ഐ. സന്ന്യാസവൈദികർ 1930-നു മുമ്പുതന്നെ കേരളത്തിൽ ചിലയിടങ്ങളിൽ പുനരൈക്യപ്രവർത്തനങ്ങൾ തുടങ്ങിയിരുന്നു. ആദ്യം അവർ കാരയ്ക്കാട് (1921) പ്രവർത്തനം തുടങ്ങി. പിന്നീട് തുമ്പമണ്ണിലേക്കും അവിടെനിന്ന് പുലമണ്ണിലേക്കും (1924) പ്രവർത്തനം മാറ്റി. അവരുടെ ആദ്യകാല പ്രവർത്തനം നല്ല ഫലം കണ്ടില്ല. രണ്ടാമത്തെ കേന്ദ്രം ആയൂർ ആയിരുന്നു.

അവിടെ കുറേ പുത്തൻകൂറ്റുകാർ അവരുടെ കൂടെ സിറോ-മലബാർ സഭയിൽ ചേർന്നു. അവരിപ്പോഴും സിറോ-മലബാറുകാരായി തുടരുന്നു. മൂന്നാമത്തെ കേന്ദ്രം പുതുപ്പള്ളി ആയിരുന്നു. അവിടെ കുറേ അക്രൈസ്തവരെ മാനസ്സാന്തരപ്പെടുത്താൻ അവർക്കു കഴിഞ്ഞു. കുറേ യാക്കോബായക്കാരും അവരുടെ കൂടെ ചേർന്നു. കാലാന്തരത്തിൽ പുതുപ്പള്ളി സി.എം.ഐ. സന്ന്യാസികളുടെ ഒരു കേന്ദ്രമായി തീരുകയും സിറോ-മലബാർ സഭയുടെ ഒരു വലിയ ഇടവക ആയി വളർന്നു വികസിക്കുകയും ചെയ്തു. ഇപ്പോൾ സി.എം.ഐ. സന്ന്യാസ സമൂഹത്തിന്റെ ഒരു പ്രൊവിൻഷ്യൽ ഹൗസ് അവിടെയാണ്. മറ്റൊരു കേന്ദ്രം മൂവാറ്റുപുഴയ്ക്കും കോതമംഗലത്തിനും ചുറ്റുമായിരുന്നു. പൂതൃക്കാ, കുന്നക്കുരുടി, വെങ്ങോല, കുന്നയ്ക്കൽ, വാഴപ്പള്ളി, നെല്ലിമറ്റം എന്നിവിടങ്ങളിലും അവർ പ്രവർത്തിച്ചു. അവർ നാലാഞ്ചിറ, നെല്ലിക്കാക്കുഴി (1941-61), ബാലരാമപുരം, വെണ്ണിയൂർ, നടയ്ക്കാവ് (1943-53), പൂവാർ (1942-52), കിരാത്തൂർ, പനച്ചമൂട്, കണ്ണംകോട്, എരുത്താവൂർ, കണ്ണർവിള എന്നിവിടങ്ങളിലും പ്രവർത്തിച്ചു.

ചെത്തിപ്പുഴ ആശ്രമം കേന്ദ്രമാക്കിയാണ് മേൽപ്പറഞ്ഞ സ്ഥലങ്ങളിലെല്ലാം സി. എം. ഐ. സന്ന്യാസികൾ പ്രവർത്തിച്ചത്. ഈ ആശ്രമം പുനരൈക്യപ്രസ്ഥാനത്തിൽ പ്രത്യേക താൽപ്പര്യം കാണിച്ചു. ബഹുമാനപ്പെട്ട ബർണാർഡച്ചൻ പുനരൈക്യത്തിനായി 1920-ൽ ഒരു പ്രാർഥനായജ്ഞം ആരംഭിച്ചു. ഗീവർഗീസ് ഓ.ഐ.സി. അച്ചൻ അവിടെ ഒരു വർഷം താമസിച്ച് പരിശീലനം നേടി. പുനരൈക്യപ്പെട്ട വൈദികർക്ക് കത്തോലിക്കാ പ്രബോധനങ്ങളിൽ പരിശീലനം കിട്ടാൻ മാർ ഈവാനിയോസ് പിതാവ് അവിടേക്കാണ് അയച്ചിരുന്നത്. ബഹു. ബർത്തലോമ്യോ പെരുമാലിൽ അച്ചൻ, മർസെലിൻ ആലയ്ക്കാപ്പള്ളിൽ അച്ചൻ, പ്ലാസിഡ് പൊടിപ്പാറ അച്ചൻ എന്നിവർ അവിടുത്തെ വന്ദ്യഗുരുക്കന്മാരായിരുന്നു.

മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യത്തിനും മലങ്കര കത്തോലിക്കാ ഹയരാർക്കി സ്ഥാപനത്തിനും ശേഷം സി.എം.ഐ. വൈദികർ രണ്ടു രൂപതകളിലും ഇടവക ശുശ്രൂഷകളിൽ ഏർപ്പെട്ടു. ആദ്യകാലത്ത് ധ്യാനവും കോൺഫറൻസുകളും നടത്തി, ബഥനി സന്ന്യസ്തരെ പരിശീലിപ്പിച്ചു. ജനങ്ങളുടെ ഇടയിൽ ക്രിസ്തീയൈക്യസന്ദേശം വ്യാപിപ്പിച്ചു. തിരുവനന്തപുരം അതിരൂപതയുടെ തെക്കുഭാഗത്ത് നിരവധി അക്രൈസ്തവരെ മാനസ്സാന്തരപ്പെടുത്തി. ദരിദ്രരിൽ ദരിദ്രരായവർക്ക് അവർ അകമഴിഞ്ഞ് സഹായഹസ്തം നീട്ടിക്കൊടുത്തു. അവർ മാർ ഈവാനിയോസിനും മാർ തെയോഫിലോസിനും എല്ലാക്കാര്യങ്ങളിലും ശക്തി പകർന്നു. ഏതാണ്ട് 70-ഓളം സി. എം.ഐ. വൈദികർ പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടി പ്രവർത്തിച്ചു.



ബഹു. പ്ലാസിഡച്ചന്റെ നാമം പ്രത്യേകം എടുത്തു പറയേണ്ടതാണ്. ബഹുഭാഷാപണ്ഡിതനും ദൈവശാസ്ത്രജ്ഞനും വിവിധ വിഷയങ്ങളിൽ ഡോക്ടറേറ്റുള്ളവനുമായ ബ. അച്ചൻ മലങ്കരസഭയെ വളരെയധികം സ്നേഹിക്കുകയും ബഹുവിധ രീതികളിൽ പുനരൈക്യപ്രസ്ഥാനത്തെ സഹായിക്കുകയും ചെയ്തു. വൈദികരുടെയും വിശ്വാസികളുടെയും പ്രബോധനത്തിനായി അദ്ദേഹം നിരവധി ഗ്രന്ഥങ്ങൾ രചിച്ചു. റോമിന്റെ നിർദേശപ്രകാരം മലങ്കര സഭയുടെ കാനോനിക സ്രോതസ്സുകൾ *(ഫോന്തി)* ശേഖരിച്ച് രണ്ടു വാല്യങ്ങളായി പ്രസിദ്ധീകരിച്ചത് അദ്ദേഹമാണ്. ഈ ലേഖകൻ റോമിൽ ഉപരിപഠനത്തിനെത്തിയപ്പോൾ (1973), എല്ലാവിധത്തിലും ബഹു. പ്ലാസിഡച്ചൻ സഹായിച്ചത് നന്ദിപൂർവം ഓർക്കുന്നു. സി.എം.ഐ. സന്ന്യാസ വൈദികരോട് മലങ്കരസഭ എന്നെന്നും നന്ദിയുള്ളവരായിരിക്കും.

## ഫ്രാൻസിസ്കൻ മിഷണറി ബ്രദേഴ്സ്

ഫ്രാൻസിസ്കൻ മിഷണറി ബ്രദേഴ്സ് പുനരൈക്യപ്രസ്ഥാനത്തിന്റെ ആരംഭകാലം മുതൽ തിരുവനന്തപുരം അതിരൂപതയിൽ പ്രവർത്തനം തുടങ്ങി. 1930-ൽ തന്നെ അവർ തോട്ടപ്പള്ളിയിൽ ഒരു ഭവനം തുറന്നിരുന്നു. 1937-ൽ അത് തിരുവനന്തപുരം ആർച്ചുബിഷപ്പിന്റെ കീഴിലാക്കി. 1949-ൽ അത് അടച്ചുപൂട്ടി.

ജർമൻകാരനായ ബ്രദർ ക്ലെമെന്റ് ക്രീഗിന്റെ വരവോടുകൂടി 1936-ൽ അവർ കാരയ്ക്കാട്ട് പ്രവർത്തനം ആരംഭിച്ചു. 1937-ൽ അമ്പിലികോണത്തേക്കും നെല്ലിക്കാക്കുഴിയിലേക്കും നീങ്ങി. പിന്നീട് ബാലരാമപുരം (1936-41), കാഞ്ഞിരംകുളം (1937-51), മണലയം (1936), കാഞ്ഞിരംപാറ (1938), തമലം (1939), മുണ്ടേല (1949-78), നാലാഞ്ചിറ (1952), പനവൂർ (1964), കിളിമാനൂർ (1967), തോന്നയ്ക്കൽ (1968), ചോഴിയക്കോട് (1971), വട്ടക്കരിക്കം (1972), മഞ്ചവിളാകം (1978), ചെമ്പൂർ (1982), ആല (1991), കിള്ളിയൂർ (2001) എന്നിവിടങ്ങളിലും ഇവയ്ക്ക് ചുറ്റിലും മറ്റു പല സ്ഥലങ്ങളിലും പ്രവർത്തിച്ചു. അവർ ഇപ്പോഴും മലങ്കരസഭയിൽ സേവനം ചെയ്യുന്നു. തിരുവനന്തപുരം അതിരൂപതയിൽ നാലാഞ്ചിറ അവരുടെ കേന്ദ്രമായി തീർന്നു. നാലാഞ്ചിറ ബഥനി ഹില്ലിൽ മാർ ഈവാനിയോസ് പിതാവ് അവരുടെ ഉപയോഗത്തിനായി കുറേ സ്ഥലം ചില വ്യവസ്ഥകളോടെ നൽകി. ഈ സ്ഥലത്ത് ജയമാതാ ബോയിസ് ഹോം, ഐ.റ്റി.ഐ.സെന്റർ, സ്കൂൾ, മറ്റ് പല സ്ഥാപനങ്ങൾ എന്നിവ അവർ നടത്തുന്നു.

ഇൻഡ്യയിൽ അവരുടെ പ്രവർത്തനം തുടങ്ങിയതിന്റെ നൂറാം വാർഷികാവസരം ആർച്ചുബിഷപ്പ് സിറിൽ മാർ ബസേലിയോസ് അവർക്കൊരു ആശംസാസന്ദേശം അയച്ചു:

"ദൈവത്തിന്റെ സ്നേഹനിർഭരമായ പരിപാലനയാലും നിയന്ത്രണ ത്താലും ഫ്രാൻസിസ്ക്കൻ സന്ന്യാസ സമൂഹം ഇൻഡ്യയിലെ തങ്ങളുടെ ഫലദായകമായ സമർപ്പിത ശുശ്രൂഷയുടെ നൂറാം വാർഷികം ആഘോഷി ക്കുന്നത് സന്തോഷപ്രദമാണ്."

തുടർന്ന്, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് അവരെ ക്ഷണിച്ചതും അവരുടെ വരവും അതിരൂപതയുടെ വിവിധ ഭാഗങ്ങളിലുള്ള അവരുടെ പ്രവർത്തനങ്ങളും പരാമർശിക്കുന്നു:

"കാരയ്ക്കാട്ടുള്ള മിഷൻ ഇടവകയിൽ ആദ്യകാലത്ത് പ്രവർത്തിച്ച പ്രാരം ഭബ്രദേഴ്സിനോടുള്ള കൃതജ്ഞത അറിയിക്കാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. ബ്രദേഴ്സിന്റെ ആദ്യകാല പ്രവർത്തനകേന്ദ്രങ്ങളിൽ ഒന്നാ യിരുന്നു കാരയക്കാട്. അവിടെയാണ് ഞാൻ ശൈശവത്തിൽ സ്നാനപ്പെ ട്ടത്. അക്കാലത്ത് അവിടെ വളരെ കുറച്ചു കത്തോലിക്കാ ഭവനങ്ങളേ ഉണ്ടാ യിരുന്നുള്ളു. അതുകൊണ്ട് ബ്രദേഴ്സ് കൂടെക്കൂടെ ഞങ്ങളുടെ ഭവനം സന്ദർശിക്കുമായിരുന്നു. ഒരു കൊച്ചുകുട്ടിയെന്ന നിലയിൽ ബ്രദേഴ്സ് എപ്ര കാരം സ്നേഹപൂർവം എന്നോട് പെരുമാറിയതും അവരുടെ കരുതലും ഞാൻ ഇപ്പോഴും ഓർക്കുന്നു. ബഹു. എഫ്രേം, അക്വിനാസ്, ഏലിയാസ്, ക്ലെമെന്റ് തുടങ്ങിയ വിശുദ്ധരും തീക്ഷ്ണമതികളുമായ ബ്രദേഴ്സിന്റെ സ്വാധീനം കൊണ്ടുകൂടിയാണ് ഞങ്ങളുടെ കുടുംബത്തിൽ ധാരാളം വൈദിക, സന്ന്യസ്ത ദൈവവിളികൾ ഉണ്ടായത്. ഈയവസരം ഞാൻ അവരെ നന്ദി യോടും സ്നേഹത്തോടും ഓർക്കുന്നു. മലങ്കര കത്തോലിക്കാ സഭയുടെയും തിരുവനന്തപുരം അതിരൂപതയുടെയും എന്റെയും നാമത്തിൽ ഈ സമൂഹ ത്തിലെ എല്ലാ അംഗങ്ങളോടുമുള്ള നന്ദി അറിയിക്കുന്നു."

ആദ്യകാലത്ത് ഏതാണ്ട് 37 ഫ്രാൻസിസ്ക്കൻ ബ്രദേഴ്സ് മലങ്കരയിൽ പ്രവർത്തിച്ചു. തുടർന്ന് ധാരാളം പേർ മാറിമാറി വന്നു.

## കൊല്ലം രൂപതയും പുനരൈക്യപ്രസ്ഥാനവും

മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യപ്രസ്ഥാനത്തിനു മുമ്പു തന്നെ കൊല്ലം ലത്തീൻ രൂപതാധ്യക്ഷൻ ബിഷപ്പ് അലോഷ്യസ് മരിയ ബൻസിഗർ തിരുമേനി (1864-1942) പമ്പയ്ക്കും കന്യാകുമാരിക്കും ഇട യ്ക്കുള്ള തന്റെ രൂപതയിൽ പുത്തൻകൂറ്റുകാരുടെ കാനോനിക കൂട്ടായ്മ യ്ക്കായി പ്രവർത്തിച്ചു തുടങ്ങിയിരുന്നു. ആദ്യകാലപ്രവർത്തനം കറ്റാനവും പുനലൂരും കേന്ദ്രീകരിച്ചായിരുന്നു. കറ്റാനം സേക്രട്ട് ഹാർട്ട് മിഷൻ 1914-ൽ ആരംഭിച്ചു. നൂറനാട്, വള്ളികുന്നം, ചാരുംമൂട്, കുടശ്ശനാട്, കൊറ്റംപള്ളി, ചുന ക്കര, പെരിങ്ങനാട്, താമരക്കുളം എന്നിവിടങ്ങളിലെല്ലാം കറ്റാനം കേന്ദ്രമാക്കി



പ്രവർത്തനം വ്യാപിപ്പിച്ചു. പുനലൂർ കേന്ദ്രമാക്കിയുള്ള പ്രവർത്തനം അഞ്ചൽ, ആയൂർ എന്നിവിടങ്ങളിലേക്ക് വ്യാപിപ്പിച്ചു.

മാവേലിക്കര കുന്നത്ത് റിട്ടയർ ചെയ്തിരുന്ന ലത്തീൻ വൈദികനായ റിബേരോ വഴിയാണ് മാർ ഈവാനിയോസ് പിതാവ് ആദ്യമെമ്മോറാണ്ഡം റോമിലേക്ക് അയച്ചതും ബിഷപ്പ് ബൻസിഗറുമായി ബന്ധപ്പെട്ടതും. മാർ ഈവാനിയോസിനെ റോമിന്റെ നിർദേശാനുസരണം 1930 സെപ്റ്റംബർ 20-ന് കത്തോലിക്കാ സഭയിലേക്ക് സ്വീകരിച്ചത് ബൻസിഗർ തിരുമേനിയാണ്. പുത്തൻകൂറ്റിൽ നിന്ന് കൊല്ലം ലത്തീൻ രൂപതയിലേക്ക് പുനരൈക്യപ്പെട്ട വൈദികരെയും ജനങ്ങളെയും മലങ്കരസഭയ്ക്ക് നൽകണമെന്ന് 1955 ഏപ്രിൽ 29-ന് റോം ആവശ്യപ്പെട്ടപ്പോൾ യാതൊരു കാലതാമസവും തടസ്സവും കൂടാതെ ബിഷപ്പ് ബൻസിഗർ അവരെ പോകാൻ അനുവദിച്ചു. കൊല്ലം രൂപതയിൽ ചേർന്ന 9 വൈദികരിൽ മിക്കവരും മലങ്കരസഭയിൽ ചേർന്നു. സ്വിറ്റ്സർലൻഡിലെ ഐൻസീഡൽൻകാരനായ ബിഷപ്പ് ബൻസിഗർ ഒരു വലിയ എക്യുമെനിസ്റ്റും വിശാലഹൃദയനും സഭാസ്നേഹിയും ആയിരുന്നു. അദ്ദേഹം അവസാനം വരെ സഭൈക്യകാര്യങ്ങളിൽ താൽപര്യം കാണിക്കു കയും മാർ ഈവാനിയോസ് പിതാവിന് താങ്ങും തണലുമായി വർത്തിക്കു കയും ചെയ്തു. തുടർന്നും കൊല്ലം രൂപതയും കേരളത്തിലെ ലത്തീൻ മെത്രാന്മാരും പുനരൈക്യപ്രസ്ഥാനത്തെ ശക്തിയായി പിൻതുണച്ചു.

## ബഥനി സന്ന്യാസവൈദികർ

ആദ്യകാല ബഥനി സന്ന്യാസവൈദികർ ഇടവക വൈദികരെപ്പോലെ രാപകൽ മിഷനുകളിൽ കഠിനാധ്വാനം ചെയ്തു. കഠിനമായ ദാരിദ്ര്യത്തി ന്റെയും എതിർപ്പിന്റെയും ഇല്ലായ്മയുടെയും മധ്യത്തിൽ സന്മനസ്സും ഇല്ലാ യ്മയും മാത്രമാണ് അവർക്ക് കൈമുതലായി ഉണ്ടായിരുന്നത്. പുനരൈ ക്യം എന്ന ഏകചിന്ത മാത്രമാണ് ഈ മഹാപ്രേഷിതവര്യർക്ക് ഉണ്ടായിരു ന്നത്. അവരെ കൂടാതെ പുനരൈക്യപ്രസ്ഥാനത്തെപ്പറ്റി ചിന്തിക്കാനാവില്ല. മലങ്കര കത്തോലിക്കാസഭയുടെ ആദ്യകാലവളർച്ച അവരുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. ഇന്നും സഭയ്ക്കും സമുദായത്തിനും നാടിനും സ്തുത്യർഹമായ സേവനമാണ് ബഥനി സന്ന്യാസികളും സന്ന്യാസിനികളും തങ്ങളുടെ സ്ഥാപനങ്ങൾ വഴി നിർവഹിച്ചു കൊണ്ടിരിക്കുന്നത്.

## നാടാർസമൂഹം

തിരുവനന്തപുരം, കന്യാകുമാരി ജില്ലകളിലുള്ള നാടാർ സമൂഹം ഒരു പുരാതന കുലീന സമൂഹമാണ്. മാർ തോമാശ്ലീഹാ സ്ഥാപിച്ച തിരുവാം കോട് പള്ളി അവരുടെ ഇടയിലാണ്. അതിന്റെയർഥം, മാർ തോമാശ്ലീഹാ യിൽ നിന്ന് നേരിട്ട് സ്നാനം സ്വീകരിച്ചവരുടെ പിൻതലമുറക്കാർ അവരുടെ

ഇടയിൽ ഉണ്ടെന്നാണ്. കാലാന്തരത്തിൽ വേണ്ടത്ര അജപാലനം ലഭിക്കാതെ അവിടെയുള്ള ക്രിസ്ത്യാനികൾ ഒറ്റപ്പെട്ടുപോയി. തിരുവാംകോട്ടെ ക്രിസ്ത്യാനികളുടെ പരിതാപകരമായ അവസ്ഥയെപ്പറ്റി ഉദയംപേരൂർ സൂനഹദോസ് (1599) പരിതപിക്കുകയും അവർക്കു വേണ്ട സഹായം ചെയ്യുന്നതിന് ആഹ്വാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. പാണ്ഡ്യരുടെ ആക്രമണവും മതപീഡനവും നിമിത്തം അവിടുത്തെ പുരാതന നസ്രാണിസഭ സാവധാനത്തിൽ അപ്രത്യക്ഷമായി. ആ പ്രദേശത്തെ മതപീഡനത്തെപ്പറ്റി പൗളീനുസ് പാതിരി പരാമർശിക്കുന്നു. ആ പ്രദേശത്ത് അറിയപ്പെടുന്ന ഒരു ധീര രക്തസാക്ഷിയാണ് ദേവസഹായംപിള്ള. 19-ാം നൂറ്റാണ്ടിൽ അവിടെ വീണ്ടും സുവിശേഷം ആദ്യം എത്തിച്ചത് എൽ.എം.എസ്.കാരാണ്. പിന്നീട് മറ്റുള്ളവരും എത്തി. നാടാർ സമൂഹത്തിൽ നിന്ന് ലോറൻസ് മാർ അപ്രേം (+1997) മാർത്താണ്ഡത്തെ ആദ്യബിഷപ്പായി. ഇപ്പോഴത്തെ ബിഷപ്പ് വിൻസെന്റ് മാർ പൗലോസും (2010- ) നാടാർ സമൂഹത്തിൽ നിന്നുള്ള ആളാണ്.

മാർ ഈവാനിയോസ് പിതാവ് അവരുടെ ഇടയിൽ സുവിശേഷവേല ആരംഭിക്കുകയും ബ. മോൺ ജോസഫ് കുഴിഞ്ഞാലിൽ അച്ചൻ സ്ഥാപിച്ച മേരീമക്കൾ സന്ന്യാസിനീ സമൂഹത്തിലൂടെ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുകയും ചെയ്തു. കത്തോലിക്കാ സഭയുമായുള്ള കാനോനിക കൂട്ടായ്മയിലൂടെ ലഭിച്ച മിഷണറി പ്രവർത്തനത്തിനുള്ള പ്രേരകശക്തി പഴയ തെക്കൻ തിരുവിതാംകൂറിൽ മാർ ഈവാനിയോസ് പിതാവും സഹപ്രവർത്തകരും നന്നായി ഉപയോഗിച്ചു. ഭാരതത്തിന്റെ മാനസ്സാന്തരം എന്ന മഹാദൗത്യമായിരുന്നു അദ്ദേഹത്തിന്റെ മനസ്സിൽ ഉണ്ടായിരുന്നത്. നാടാർ സമൂഹത്തെ കത്തോലിക്കാ സഭയിലേക്ക് അടുപ്പിക്കാൻ മലങ്കര കത്തോലിക്കാ സഭ സംഘടിത യത്നം നടത്തി. തദ്ഫലമായി തെക്കൻ തിരുവിതാംകൂറിൽ മലങ്കരസഭ വളരെ വേഗം ഗണ്യമായി വളർന്നു. യാതൊരു മിഷണറി ദർശനവുമില്ലാതെ നൂറ്റാണ്ടുകൾ ജീവിച്ച മലങ്കരസഭയ്ക്ക് റോമൻ കത്തോലിക്കാ സഭയുമായുള്ള കൂട്ടായ്മയിലൂടെ ശക്തിമത്തായ മിഷൻപ്രചോദനം ലഭിച്ചു. സുറിയാനി ക്രിസ്ത്യാനികളോടൊപ്പം നാടാർ ക്രിസ്ത്യാനികളും മലങ്കര കത്തോലിക്കാ സഭയുടെ അവിഭാജ്യഘടകമാണ്. കേരളത്തിലെ മറ്റ് പല സഭാസമൂഹഹങ്ങളിലും മിഷൻ ചൈതന്യം ഉത്തേജിപ്പിച്ചത് പുനരൈക്യപ്രസ്ഥാനമാണ്.

## ദളിത് ക്രിസ്ത്യാനികളും ഗിരിജൻ ക്രിസ്ത്യാനികളും

മലങ്കര കത്തോലിക്കാസഭയിലെ പല ഇടവകകളിലും ദളിത് ക്രിസ്ത്യാനികളുണ്ട്. സി.എം.എസ്., എൽ.എം.എസ്. എന്നീ ക്രിസ്തീയ സമൂഹങ്ങളിൽ നിന്നും അക്രൈസ്തവ സമൂഹങ്ങളിൽ നിന്നും കത്തോലിക്കാ സഭയിലേക്ക് കടന്നു വന്നവരാണ് ഇവരിൽ അനേകർ. ഇവർ ക്രിസ്ത്യാനികൾ



ആയതുകൊണ്ടു മാത്രം മാറിമാറി വരുന്ന സർക്കാരുകൾ അടിസ്ഥാന മാനുഷിക നീതിയും അവസരങ്ങളും ഇവർക്കു നിഷേധിക്കുകയാണ്. ക്രിസ്തുമതത്തിൽ ചേർന്ന ദളിതർ ഇപ്പോഴും എല്ലാത്തരത്തിലും പിന്നോക്കാവസ്ഥയിലാണ്. തങ്ങളുടെ മനസ്സാക്ഷി അനുസരിച്ച് ക്രിസ്ത്യാനികൾ ആയതിനാണ് അവർ ശിക്ഷിക്കപ്പെടുന്നത്. ക്രിസ്ത്യാനികൾ ആയ ദളിതർക്ക് നീതി നിഷേധിക്കപ്പെടുമ്പോൾ, ബുദ്ധമതക്കാരും മുസ്ലീങ്ങളും സിക്കുകാരും ആയിത്തീർന്ന ദളിതർക്ക് അടിസ്ഥാന നീതി ലഭിക്കുന്നു.

മലങ്കര കത്തോലിക്കാ സഭയിൽ ഈഴവ സമൂഹത്തിൽ നിന്നുള്ളവരുടെ ഇടവകയും വേടർ എന്ന ഗിരിജൻ ജനതയിൽ നിന്നുള്ളവരുടെ ഇടവകയുമുണ്ട്. മലങ്കര സഭയിൽ എല്ലാ വിഭാഗത്തിൽ പെട്ടവർക്കും തുല്യസ്ഥാനമാണ്, വേർതിരിവുകളൊന്നുമില്ല.

## ആദ്യകാലപുരോഗതി

ക്രിസ്ത്യാനികളുടെ ഐക്യം ദൈവതിരുഹിതമാകയാൽ ആരംഭം മുതലേ ദൈവത്തിന്റെ അദൃശ്യകരം ഈ ഐക്യപ്രസ്ഥാനത്തിന്മേൽ ആവസിച്ചുകൊണ്ടിരുന്നു. ദൈവപരിപാലന ഇതിനെ നയിച്ചുകൊണ്ടിരുന്നു. അതുകൊണ്ടാണ് അനേകർ മാർ ഈവാനിയോസിനെ അനുഗമിച്ച് കത്തോലിക്കാ സഭയിലേക്ക് കടന്നു വന്നത്. ക്രിസ്തുമതത്തിന്റെ ചരിത്രവും ക്രിസ്ത്യാനികളുടെ ഇടയിലെ പിളർപ്പിന്റെ ചരിത്രവും ക്രിസ്തുവിന്റെ സഭയുടെ യഥാർഥസ്വഭാവവും പഠിക്കുന്നതിൽ അവർ അതീവതൽപ്പരർ ആയിരുന്നു. ക്രിസ്തുവിന്റെ ശരീരമായ സഭ വിഭജിക്കപ്പെടാൻ സാധ്യമല്ലെന്നും അത് സജീവശരീരമാണെന്നും അവർ തിരിച്ചറിഞ്ഞു.

യാക്കോബായാ സഭയിലെ കക്ഷിവഴക്കുകൾ കൊണ്ട് മനംമടുത്ത അനേകർ മാർ ഈവാനിയോസിനെ പിൻചെന്നു. അദ്ദേഹത്തിന്റെ വ്യക്തിപരമായ സ്വാധീനം അനേകരെ ആകർഷിച്ചു. യഥാർഥ ക്രിസ്തീയ ജീവിതത്തിന് കലഹാന്തരീക്ഷം വലിയ തടസ്സമാണെന്നു കണ്ട അനേകർ കത്തോലിക്കാസഭയെ ആശ്ലേഷിച്ചു. ബഥനി ഒരു വലിയ നവീകരണമൂശ ആയിരുന്നു. യഥാർഥത്തിൽ, ബഥനിയുടെ സ്വാധീനത്തിൽ വന്നവരാണ് കലഹം വിട്ടിറങ്ങി കത്തോലിക്കാ സഭയിൽ ശാന്തിയും സമാധാനവും കണ്ടെത്തിയത്. പുനരൈക്യപ്രസ്ഥാനത്തിന്റെ ആദ്യകാല വളർച്ചയിൽ സിറോ-മലബാർ, ലത്തീൻ സഭകളിലെ തീക്ഷ്ണമതികളായ മെത്രാന്മാരും വൈദികരും സന്ന്യസ്തരും വളരെയധികം സഹായിച്ചു. പുത്തൻകൂറ്റുകാരുടെ കാതോലിക കൂട്ടായ്മ ഒരു യാഥാർഥ്യമായത് 1923-ൽ സിറോ-മലബാർ ഹയരാർക്കി സ്ഥാപിതമായ ശേഷമാണെന്നുള്ളത് നാം ഓർത്തിരിക്കണം. ആദ്യകാലത്ത് പുനരൈക്യപ്രസ്ഥാനത്തിന് അഭൂതപൂർവമായ വളർച്ച ഉണ്ടായി.

## ആശ്രമങ്ങളും മഠങ്ങളും

ആരംഭത്തിൽ പെരുനാട്ടിൽ നിന്ന് എല്ലാം വിട്ടിറങ്ങിയ ബഥനി സന്യ സ്തർ വെണ്ണിക്കുളത്ത് ഒരു വാടകവീട്ടിൽ താമസിച്ചു. മാർ ഈവാനിയോസ് 1933-ൽ നാലാഞ്ചിറ 12 ഏക്കർ സ്ഥലം വാങ്ങി ബഥനി ആശ്രമം അവിടേ യ്ക്കു മാറ്റി. അവിടെ പല യുവാക്കന്മാരും സന്ന്യാസജീവിതത്തിനായി കട ന്നുവന്നു. നാലാഞ്ചിറ തന്നെ 1936-ൽ 8 ഏക്കർ സ്ഥലം വേറേ വാങ്ങി അവിടെ ബഥനി മഠം തുടങ്ങി, തിരുമൂലപുരത്തു നിന്ന് കുറേ സന്ന്യാസിനികളെ അവിടെ കൊണ്ടുവന്നു. അവരാണ് നാലാഞ്ചിറയിലെ ആദ്യബഥനിസന്ന്യാ സിനികൾ. തിരുവനന്തപുരത്തു വന്നശേഷം രണ്ട് സന്ന്യാസ സമൂഹങ്ങളും വളരെവേഗം വളർന്ന് പന്തലിച്ചു.

## മൈനർ സെമിനരികൾ

പുനരൈക്യപ്രസ്ഥാനത്തിലേക്ക് കടന്നു വന്ന ആദ്യകാല പുത്തൻകൂർ കത്തനാരന്മാർ മിക്കവരും വിവാഹിതരായിരുന്നു. നന്ദി നിറഞ്ഞ ഹൃദയത്തോ ടെയല്ലാതെ ഈ സമർപ്പിതരെ നമുക്ക് ഓർക്കാനാവില്ല. അവിഭാജ്യഹൃദയ ത്തോടും അമിത ലൗകിക വ്യഗ്രത കൂടാതെയും എക്യുമെനിക്കൽ പ്രവർത്ത നങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ അനേകർക്ക് ആത്മീയ പ്രകാശം നൽകുന്ന പ്രകാശഗോപുരങ്ങളായ അവിവാഹിത പുരോഹിതന്മാർ ഉണ്ടാ കേണ്ടത് അത്യാവശ്യമാണെന്ന് മാർ ഈവാനിയോസ് മനസ്സിലാക്കുകയും അതിനായി തിരുവല്ലായിൽ 1931-ൽ ഇൻഫന്റ് ജീസസ് മൈനർ സെമിന രിയും തിരുവനന്തപുരത്ത് 1934-ൽ സെന്റ് അലോഷ്യസ് മൈനർ സെമിന രിയും തുടങ്ങി. ആരംഭകാലത്ത് ഈ സെമിനരികളിലെ അനേകം വിദ്യാർഥി കളും അവരെ പരിശീലിപ്പിച്ചവരും സിറോ-മലബാർ സഭയിൽ നിന്നുള്ളവ രായിരുന്നു. രണ്ടുവർഷത്തെ മൈനർ സെമിനരി പരിശീലനത്തിനുശേഷം കാൻഡി, ആലുവാ, മംഗലാപുരം, റോം എന്നിവിടങ്ങളിലെ ലത്തീൻ സെമി നരികളിൽ വിദ്യാർഥികളെ അയച്ച് പരിശീലിപ്പിച്ചുവന്നു.

ഒരു മേജർ സെമിനരി തുടങ്ങുക എന്നത് മാർ ഈവാനിയോസിന്റെ വലിയ ആഗ്രഹമായിരുന്നു. റോമിന് അദ്ദേഹം കൊടുത്ത അപേക്ഷയിൽ അക്കാര്യം വ്യക്തമാക്കിയിരുന്നു. എന്നാൽ ദൈവപരിപാലനയിൽ അത് യാഥാർഥ്യമായത് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ജീവിതകാലത്തു മാത്ര മാണ്. ഇപ്പോൾ മലങ്കര കത്തോലിക്കാസഭയ്ക്ക് നാലാഞ്ചിറ സ്വന്തമായി ഒരു മേജർ സെമിനരിയുണ്ട്. ഈ ലേഖകൻ ആദ്യം മൈനർ സെമിനരി യിൽ വൈസ് റെക്ടറും പിന്നീട് റെക്ടറുമായിരുന്നു. 13 വർഷം വടവാതൂർ സെമിനരിയിൽ പഠിപ്പിച്ചശേഷം നാലാഞ്ചിറ സെമിനരിയിലും 13 വർഷം



ഞാൻ പഠിപ്പിച്ചു. ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ അധി കാരമേറ്റശേഷം, സെമിനരിക്കമ്മീഷൻ ചെയർമാർ ഏബ്രഹാം മാർ ജൂലി യോസ് തിരുമേനി 2009-ൽ അവിടെ നിന്ന് എന്നെ നീക്കി.

## രാഷ്ട്രീയാധികാരികളുടെ എതിർപ്പ്

വട്ടിപ്പണക്കേസിൽ (1913-1928) മെത്രാൻ കക്ഷിക്കെതിരെ വാദിക്കാൻ ബാവാക്കക്ഷിക്കാർ മദ്രാസിൽനിന്ന് ഒരു സി.പി.രാമസ്വാമി അയ്യരെ തിരുവി താംകൂറിലേക്ക് കൊണ്ടുവന്നു. അയാൾ പിന്നീട് 1937-ൽ തിരുവിതാംകൂർ ദിവാനായിത്തീർന്നു. ഒരു വർഗീയവാദിയായിരുന്നു രാമസ്വാമി. കൽക്കട്ടാ ഹിന്ദുസ്ഥാൻ ടൈംസിന്റെ എഡിറ്റർ മിസ്റ്റർ സെന്നുമായുള്ള ഒരഭിമുഖത്തിൽ സി.പി. ഇപ്രകാരം പറഞ്ഞു:

"ഹിന്ദുവിശ്വാസത്തിൽ ഉറച്ചു വിശ്വസിക്കുന്ന ഒരു ഹിന്ദുവാണു ഞാൻ. മിലിറ്റന്റ് ഹിന്ദുത്വത്തിൽ ഞാൻ വിശ്വസിക്കുന്നു. തിരുവിതാംകൂറിലെ ക്രിസ്തീയ സ്വാധീനവും നിലയും വിലയും തകർക്കുക എന്നതാണ് ഇവി ടുത്തെ എന്റെ മിഷൻ".

അയാൾ സ്വന്ത നിലയ്ക്കോ, പരപ്രേരണയാലോ എന്നറിയില്ല, തിരുവ നന്തപുരത്തു നിന്ന് മാർ ഈവാനിയോസിനെ അപമാനിച്ച് ഓടിക്കാൻ തന്നെ തീരുമാനിച്ചു. അക്ഷരാർഥത്തിൽ അയാൾ മാർ ഈവാനിയോസിനെ വേട്ട യാടുക ആയിരുന്നു. തിരുവനന്തപുരത്ത് ശരവണക്കുന്നിൽ നിന്ന് മാർ ഈവാനിയോസിനെ ഇറക്കിവിടാൻ അയാൾക്കു കഴിഞ്ഞു. ഇപ്പോൾ മേജർ ആർച്ചുബിഷപ്പിന്റെ അരമന ഇരിക്കുന്നിടം ശരവണക്കുന്ന് എന്നാണ് അറിയപ്പെട്ടിരുന്നത്. കാലക്രമത്തിൽ അത് മാർ ഈവാനിയോസിന്റെ കൈ യിൽ തിരികെ എത്തിച്ചേർന്നു.

കത്തീഡ്രൽ പണിയാൻ ബേക്കർ ജംഗ്ഷനിൽ മാർ ഈവാനിയോസ് വാങ്ങിയ സ്ഥലവും അയാൾ പിടിച്ചെടുത്തു. പിന്നീട് മാർ ഈവാനിയോസ് കറ്റച്ചകോണത്ത് (ഇപ്പോഴത്തെ കേശവദാസപുരത്ത്) 10 ഏക്കർ സ്ഥലം വാങ്ങി. അതോടോപ്പം ഇപ്പോൾ കാതോലിക്കേറ്റ് സെന്റർ ഇരിക്കുന്ന സ്ഥലവും വാങ്ങി. അവിടെ അരമനയാക്കി താമസം തുടങ്ങിയപ്പോൾ, അവിടെ നിന്ന് ഓടിച്ചുവിടാൻ ദിവാൻ പദ്ധതിയിട്ടു. തല ചായ്ക്കാൻ ഇടമില്ലാതെ മാർ ഈവാനിയോസിനെ തിരുവനന്തപുരത്തു നിന്ന് കെട്ടുകെട്ടിക്കാനായി രുന്നു അയാളുടെ പ്ലാൻ. പൊതു ഉപയോഗത്തിന് ആ സ്ഥലം എടുക്കാനാ യിരുന്നു പുറപ്പാട്. എന്നാൽ സ്ഥലം ഏറ്റെടുക്കാൻ വന്നവരെ ഓടിച്ചുകൊണ്ട് രാമസ്വാമിക്ക് മാർ ഈവാനിയോസ് ഒരു കുറിപ്പ് കൊടുത്തുവിട്ടു:

''മാർപാപ്പായുടെ പണം കൊണ്ടാണ് ഞാൻ ഈ സ്ഥലം വാങ്ങിയത്. തിരുവിതാംകൂർ സർക്കാരിന് ഇതേറ്റെടുക്കണമെങ്കിൽ മാർപാപ്പായുടെ പ്രത്യേകാനുവാദം വാങ്ങിയിരിക്കണം. അതുകൂടാത ഇതു കൈമാറ്റം ചെയ്യാൻ സാധ്യമല്ല.''

രാമസ്വാമിക്ക് മുട്ടു മടക്കേണ്ടിവന്നു. കറ്റച്ചകോണത്തുള്ള സ്ഥലത്താണ് റിട്ടയർ ചെയ്ത വൈദികരുടെ താമസത്തിനുള്ള ഭവനം സ്ഥിതിചെയ്യുന്നത്. പട്ടത്ത് കാതോലിക്കേറ്റ് ഇരിക്കുന്ന സ്ഥലത്ത് ഇപ്പോൾ നിരവധി സ്ഥാപനങ്ങളുണ്ട്. സെന്റ് മേരീസ് കത്തീഡ്രൽ, സെന്റ് മേരീസ് സ്കൂൾ, സെന്റ് മേരീസ് പ്രസ്, സോഷ്യൽ സർവീസ് സെന്റർ, ആദിയായവ അവിടെ പ്രവർത്തിക്കുന്നു. മുമ്പ് ആർച്ചുബിഷപ്പിന്റെ അരമനയും മൈനർ സെമിനരിയും അവിടെയായിരുന്നു. ഈ ലേഖകനും ആ മൈനർ സെമിനരിയിലാണ് പഠിച്ചത്.

നാലാഞ്ചിറ ബഥനി ഹിൽസിലെ സ്ഥലം മാർ ഈവാനിയോസ് വാങ്ങിയപ്പോൾ, കുട്ടികൾക്കുള്ള ഒരാശുപത്രിക്കായി അത് കയ്യേറാൻ രാമസ്വാമി മുതിർന്നു. ഉടനേ തന്നെ ആർച്ചുബിഷപ്പ് തന്റെ അരമന നാലാഞ്ചിറ മെയൻ ഗേറ്റിനടുത്തുണ്ടായിരുന്ന പഴയ കെട്ടിടത്തിലേക്ക് മാറ്റി, *ആർച്ചുബിഷപ്പ്സ് ഹൗസ്* എന്ന് ബോർഡും വച്ചു. യാതൊരു കാരണവശാലും ഈ സ്ഥലം തരാൻ പറ്റുകയില്ലെന്ന് രാമസ്വാമിയെ രഹസ്യമായി അറിയിച്ചു. ഇപ്പോൾ മെഡിക്കൽ കോളേജ് ഇരിക്കുന്ന സ്ഥലം അതിനു പറ്റിയതാണെന്നു പറഞ്ഞ് മാർ ഈവാനിയോസ് ആ സ്ഥലം കാട്ടിക്കൊടുത്തു. അങ്ങനെയാണ് മെഡിക്കൽ കോളേജ് അവിടെ വന്നത്. അക്കാലത്ത് ആ സ്ഥലം ആൾപാർപ്പില്ലാത്ത വിജനപ്രദേശമായിരുന്നു. രാമസ്വാമി അവിടെയും മുട്ടുമടക്കി. നാലാഞ്ചിറയിലെ ഈ സ്ഥലം കയ്യേറാൻ പിന്നെ വന്നില്ല. മാർ ഈവാനിയോസിനും പുനരൈക്യപ്രസ്ഥാനത്തിനും എതിരായി സ്റ്റേറ്റിന്റെ ഭാഗത്തു നിന്നുണ്ടായ ഇത്തരം നിരവധി സംഭവങ്ങൾ ചൂണ്ടിക്കാണിക്കാനാവും.

പുനരൈക്യപ്രസ്ഥാനത്തിനെതിരെയുള്ള തന്റെ പീഢനം രാമസ്വാമി തിരുവിതാംകൂറിൽ ഉടനീളം നടത്തി. സർക്കാരിന്റെ അനുവാദത്തോടെ മാത്രമേ പള്ളികളും ചാപ്പലുകളും പണിയാവൂ എന്ന് ഓർഡറിറക്കി. എന്തെങ്കിലും കാരണം പറഞ്ഞ് അപേക്ഷകൾ തള്ളിക്കളയുകയായിരുന്നു പതിവ്. അനുവാദം കൂടാതെ ഇന്നയാൾ പൊതുആരാധന നടത്തി. സ്റ്റേറ്റ് അനുവദിക്കാത്തിടത്ത് ശവമടക്കി എന്നൊക്കെ ചാർജ് ചെയ്ത് മലങ്കര കത്തോലിക്കാസഭയിലെ വൈദികർക്കും ജനങ്ങൾക്കുമെതിരെ സർക്കാർ കള്ളക്കേസുകൾ ഉണ്ടാക്കുക അക്കാലത്ത് സാധാരണമായിരുന്നു.



ആദ്യകാല കത്തനാരന്മാരും ജനങ്ങളും ഈ ശ്രേഷ്ഠമായ ക്രിസ്തീയതയ്ക്കുവേണ്ടി വളരെയധികം ക്ലേശങ്ങളും കഷ്ടപ്പാടുകളും അനുഭവിച്ചു. ആർച്ചുബിഷപ്പും ശക്തിയായി പ്രതികരിച്ചു. ഈ പീഢനം അസഹനീയമായി തീർന്നപ്പോൾ, മാർ ഈവാനിയോസ് ബ്രിട്ടീഷ് പാർലമെന്റിൽ അപ്പീൽ കൊടുത്തു. ഗ്രേറ്റ് ബ്രിട്ടന്റെ സാമന്തരാജ്യമായ തിരുവിതാംകൂറിൽ നടക്കുന്ന മതപീഡനത്തെപ്പറ്റി പാർലമെന്റിൽ ചർച്ച നടന്നു. അവർ ഒരന്വേഷണക്കമ്മീഷനെ നിയമിച്ചു. ഈയവസരം തിരുവിതാംകൂറിലെ ക്രിസ്ത്യാനികളും ഈഴവരും മുസ്ലീങ്ങളും ഒത്തൊരുമിച്ച് പലപല കാരണങ്ങളാൽ രാമസ്വാമിക്കെതിരെ *നിവർത്തനപ്രസ്ഥാനം* എന്ന പേരിൽ ഒരു പ്രക്ഷോഭം തുടങ്ങി. മാർ ഈവാനിയോസ് അതിനു നേതൃത്വം കൊടുത്തു.

പുനരൈക്യത്തിന്റെ ആദ്യനാളുകളിൽ വളരെയേറെ പ്രയാസമേറിയ സാഹചര്യങ്ങളിലൂടെയും പീഡനങ്ങളിലൂടെയും എതിർപ്പുകളിലൂടെയും സഭ കടന്നുപോയി. എന്നാൽ ദൈവപരിപാലന അതിനെ മുന്നോട്ട് നടത്തി. ഈ പ്രസ്ഥാനത്തിന്റെ അനുദിനജീവിതത്തിലും പ്രവർത്തനങ്ങളിലും ഇതിന് ദൈവത്തിന്റെ സമൃദ്ധമായ കൃപ ലഭിച്ചുകൊണ്ടിരുന്നു. മാർ ഈവാനിയോസ് തന്റെ വ്യക്തിപരമായ നേട്ടത്തിനു വേണ്ടിയോ, സ്വാർഥലക്ഷ്യത്തോടെയോ യാതൊന്നും ചെയ്തില്ല. ദൈവതൃക്കരങ്ങളിൽ ഒരുപകരണം എന്ന നിലയിൽ ചരിത്രപരമായ കർത്തവ്യം താൻ നിറവേറ്റുന്നതേയുള്ളു എന്ന ഉറച്ച ബോധ്യത്തിൽ നിന്നാണ് അദ്ദേഹം സർവതും പ്രവർത്തിച്ചത്. ഇതിന്റെ വളർച്ചയെ കുറിച്ചോ, ഭാവിയെക്കുറിച്ചോ, അദ്ദേഹം ആകുലചിത്തനായിരുന്നില്ല. ദൈവികപ്രവർത്തനമാണെങ്കിൽ, ദൈവം ഇതിനെ വളർത്തിക്കൊള്ളും, ദൈവം ഇതിനെ സംരക്ഷിച്ചുകൊള്ളും, ദൈവം ഇതിനെ നയിച്ചുകൊള്ളും എന്ന ഉറച്ച ബോധ്യവും ആത്മവിശ്വാസവും അദ്ദേഹത്തിനുണ്ടായിരുന്നു.

അവസാനം, കുറഞ്ഞപക്ഷം ബാഹ്യമായിട്ടാണെങ്കിലും രാമസ്വാമിക്ക് മാറ്റമുണ്ടായി. മാർ ഈവാനിയോസുമായി രമ്യപ്പെടാൻ അയാൾ തീരുമാനിച്ചു. ഒരിക്കൽ അയാൾ ഇപ്രകാരം പറഞ്ഞു:

" ഞാൻ ആരെയെങ്കിലും ഭയക്കുന്നെങ്കിൽ, അത് ആർച്ചുബിഷപ്പ് മാർ ഈവാനിയോസിനെയാണ്. കാരണം, അദ്ദേഹം കഴിവുറ്റവനും സ്വാധീനമുള്ളവനുമായ ഒരാത്മീയ നേതാവാണ്."

പരസ്പരമുള്ള എതിർപ്പിന്റെ പാതവിട്ട് രമ്യതയിൽ പോകാൻ ഇരുവരെരും പല സ്നേഹിതന്മാരും ഗുണകാംക്ഷികളും ഉപദേശിച്ചു. മലങ്കര കത്തോലിക്കാ സഭയ്ക്ക് അനുരഞ്ജനപാതയാണ് അനുകൂലമാകുന്നതെന്ന് പല മെത്രാന്മാരും വൈദികരും അൽമായ നേതാക്കന്മാരും മാർ ഈവാനിയോസിനോട് അഭിപ്രായപ്പെട്ടു. തദനുസൃതം രാമസ്വാമിയുടെ

60-ാം ജന്മദിനത്തിൽ പട്ടത്തുള്ള ആർച്ചുബിഷപ്പിന്റെ വസതിയിൽ 1939-ൽ ഒരു വലിയ സ്വീകരണം സംഘടിപ്പിക്കപ്പെട്ടു. അതിലേക്ക് സഭാനേതാക്കന്മാരെയും രാഷ്ട്രീയ നേതാക്കന്മാരെയുമെല്ലാം മാർ ഈവാനിയോസ് ക്ഷണിച്ചു. അതിനുശേഷം രാമസ്വാമിയും മാർ ഈവാനിയോസും സ്നേഹിതരായി കഴിഞ്ഞു. 60-ാം ജന്മദിനത്തിൽ ഒറ്റയടിക്ക് പ്രിപ്പാറട്ടറി മുതൽ എട്ടാം ക്ലാസുവരെയുള്ള ഒരു സ്കൂൾ പട്ടത്ത് തുടങ്ങി. അതാണ് വളർന്ന് വികസിച്ച് ഏഷ്യയിലെ വലിയ സ്കൂളുകളിൽ ഒന്നായിത്തീർന്ന സെന്റ് മേരീസ് സ്കൂൾ.

## മെത്രാൻകക്ഷിയുടെ എതിർപ്പ്

ആദ്യകാലത്ത് മെത്രാൻ കക്ഷിയിൽ പെട്ട ചിലരുടെ ഭാഗത്തുനിന്ന് മാർ ഈവാനിയോസിനോടും മലങ്കര കത്തോലിക്കാസഭയോടും വളരെ ശക്തിയായ എതിർപ്പും വിദ്വേഷവും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ കത്തോലിക്കാ കൂട്ടായ്മ പരാജയപ്പെടുത്താൻ അവരിൽ ചിലർ എല്ലാത്തരത്തിലും പരിശ്രമിച്ചു. കത്തോലിക്കാ വിരുദ്ധ കൺവെൻഷനുകളും പ്രചരണങ്ങളും ലഘുലേഖകളും ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടു. അദ്ദേഹത്തിനെതിരായി പല ദുരാരോപണങ്ങളും നടത്തി. അദ്ദേഹത്തിന്റെ ജീവനു തന്നെയും അപകടം ഉണ്ടാകത്തക്ക സാഹചര്യങ്ങളുണ്ടായി. പുതിയ ശവക്കോട്ടകൾക്കും ആരാധനാകേന്ദ്രങ്ങൾക്കും എതിരായി മുൻപന്തിയിൽ നിന്നത് അവരിൽ ചിലരായിരുന്നു. ചിലയിടങ്ങളിൽ മാർ ഈവാനയോസിനും ഈ പ്രസ്ഥാനത്തിനും എതിരായി ക്രൈസ്തവവിരുദ്ധരായ ആളുകളെ ഇക്കൂട്ടർ ഇളക്കിവിട്ടു. തങ്ങളുടെ സഭയിൽ ആയിരുന്നപ്പോൾ ഏതാണ്ട് ആരാധനാ മനോഭാവത്തോടുകൂടെ അവർ അദ്ദേഹത്തെ പരിഗണിച്ചിരുന്നു. എന്നാൽ അദ്ദേഹം കത്തോലിക്കാ സഭയുമായുള്ള കാനോനിക കൂട്ടായ്മ പുനഃസ്ഥാപിച്ചപ്പോൾ, അദ്ദേഹത്തെ വഞ്ചകനായും ചതിയനായും ചിലർ ചിത്രീകരിക്കുകയും ദുരാരോപണങ്ങൾ അദ്ദേഹത്തിന്റെ മേൽ ചൊരിയുകും ചെയ്തു. മാർ ഈവാനിയോസ് പിതാവ് ഇവയൊക്കെ ക്ഷമാപൂർവം സഹിച്ചു. അക്കാലത്ത് അദ്ദേഹം സഹിച്ചവ വിവരണാതീതമാണ്. എന്നാൽ അദ്ദേഹം അതിനെ അതിജീവിച്ചു. അദ്ദേഹം തുടങ്ങിവച്ച പ്രസ്ഥാനവും അതിജീവിച്ചു. ദൈവപരിപാലനയിൽ ഇന്നും അത് പുരാഗമിക്കുന്നു.

എന്നാൽ ഇപ്പോഴും ചിലർ അദ്ദേഹത്തെ വഞ്ചകനായി ചിത്രീകരിക്കുന്നു. അദ്ദേഹത്തിനെതിരെ എഴുതുകയും പറയുകയും പരദൂഷണം പ്രചരിപ്പിക്കുകയും ചെയ്യുന്നവർ ഇപ്പോഴുമുണ്ട്. എന്നാൽ അദ്ദേഹം എന്തു വഞ്ചനയാണ് കാട്ടിയതെന്ന് അവർ ചൂണ്ടിക്കാണിക്കുന്നില്ല. ഇതൊരു



വലിയ ദൈവിക പ്രവർത്തനമാണെന്നുള്ളത് അവർ മനസ്സിലാക്കുന്നില്ല. ഈ പുനരൈക്യപ്രസ്ഥാനം ദൈവത്തിൽ നിന്നാണെങ്കിൽ, ആർക്ക് അതിനെ എതിർത്തു പരാജയപ്പെടുത്താനാവും? ശൗലിനോട് കർത്താവ് ഡമാസ്ക്കസിലേക്കുള്ള വഴിയിൽ വച്ച് ചോദിച്ച ചോദ്യം ഇന്നും പ്രസക്തമാണ്: "ശൗൽ, ശൗൽ, എന്തുകൊണ്ടെന്നെ നീ പീഡിപ്പിക്കുന്നു? ഇരുമ്പാണി മേൽ തൊഴിക്കുന്നത് നിനക്ക് അപകടമാണ്"(നട.26,14).

എല്ലാ ഓർത്തഡോക്സുകാരും യാക്കോബായക്കാരുമല്ല, വളരെ കുറച്ചുപേർ മാത്രമാണ് ദൂഷണം പറഞ്ഞുനടന്നതും അപവാദം പ്രചരിപ്പിച്ചതും ഇപ്പോഴും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നതും. അത്തരക്കാർ എല്ലാ സഭകളിലും സമുദായങ്ങളിലും ഉണ്ടല്ലോ. ദൈവഭയമുള്ളവർ ദൈവികപ്രവർത്തനം തിരിച്ചറിയും. ഗമാലിയേൽ ഈ കാര്യത്തിൽ നമുക്കും വഴികാട്ടിയായിരിക്കട്ടെ (നട.5,38-39). "യേശുവിന്റെ നാമത്തെപ്രതി അപമാനം സഹിക്കാൻ യോഗ്യത ലഭിച്ചതിൽ സന്തോഷിച്ചുകൊണ്ട്" മാർ ഈവാനിയോസ് കടന്നുപോയി (നട.5,41)

## പ്രൈമറിസ്കൂൾ ദേശസാൽക്കരണം

രാമസ്വാമി ബാഹ്യമായി മാർ ഈവാനിയോസുമായി മൈത്രിയിലായെങ്കിലും, ക്രൈസ്തവവിരുദ്ധ പ്രവർത്തനങ്ങൾ അവസാനിപ്പിച്ചില്ല. വിദ്യാഭ്യാസമണ്ഡലത്തിൽ ക്രിസ്തീയസ്വാധീനവും പുരോഗതിയും കുറയ്ക്കാനുള്ള പദ്ധതിയുടെ ഭാഗമായി പ്രൈമറിസ്കൂൾ ദേശസാൽക്കരണം എന്ന പദ്ധതി കൊണ്ടുവന്നു. എല്ലാ പ്രൈവറ്റ് സ്കൂളുകളും സ്റ്റേറ്റിന്റെ കൺട്രോളിൽ കൊണ്ടുവരാൻ അയാൾ ആഗ്രഹിച്ചു. അതിന്റെ ആദ്യപടിയായി പ്രൈമറി സ്കൂളുകൾ ഏറ്റെടുക്കാൻ തീരുമാനിച്ചു. ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും നിരവധി സ്കൂളുകൾ ഏറ്റെടുത്തു. എന്നാൽ സ്കൂളുകൾ വിട്ടുകൊടുക്കാൻ ക്രിസ്ത്യാനികൾ തയാറായില്ല. തിരുവിതാംകൂറിൽ ഉടനീളം പ്രതിഷേധം അലയടിച്ചു. തിരുവിതാംകൂർ രാജാവിനും ഗ്രേറ്റ് ബ്രിട്ടണിലെ രാജാവിനും മെമ്മോറാണ്ഡങ്ങൾ അയച്ചു. രാമസ്വാമിക്കെതിരെ പത്രങ്ങൾ ലേഖനങ്ങളും എഡിറ്റോറിയലുകളും എഴുതാൻ തുടങ്ങി. കേരളത്തിലെ എല്ലാ മെത്രാന്മാരുടെയും നേതൃത്വത്തിൽ കോട്ടയത്ത് ഒരു ഗംഭീരപ്രതിഷേധയോഗം കൂടി. ഇൻഡ്യയിലെ കത്തോലിക്കാ മെത്രാന്മാർ ബാംഗ്ളൂരിൽ കൂടി ഒരു മെമ്മോറാണ്ഡം തയാറാക്കി, തിരുവിതാംകൂർ രാജാവിന് കൊടുക്കാൻ മാർ ഈവാനിയോസിനെ ചുമതലപ്പെടുത്തി. എല്ലായിടത്തു നിന്നും എതിർപ്പുണ്ടായപ്പോൾ, സ്കൂളുകൾ തുടങ്ങാൻ അനുവദിക്കാം, എന്നാൽ സർക്കാരിൽ നിന്ന് ഗ്രാന്റ് നൽകില്ല എന്നൊരു സർക്കുലർ രാമസ്വാമി ഇറക്കി. അതിനെയും ക്രിസ്ത്യാനികൾ എതിർത്തു. ഈ എതിർപ്പുകൾ

പരിഗണിക്കാതെ 1945 ജൂൺ 15-ന് അയാൾ തന്റെ വിദ്യാഭ്യാസപദ്ധതി ഉദ്ഘാടനം ചെയ്തു. ഈയവസരം ചങ്ങനാശ്ശേരി ആർച്ചുബിഷപ്പ് മാർ ജയിംസ് കാളാശ്ശേരി വിദ്യാഭ്യാസത്തെപ്പറ്റിയുള്ള വിഖ്യാതമായ പാസ്റ്ററൽ ലെറ്റർ പ്രസിദ്ധീകരിച്ചു. പ്രൈമറിസ്കൂൾ ദേശസാൽക്കരണ പദ്ധതി ഒടുങ്ങാത്ത അപകടങ്ങളിലേക്ക് നാടിനെ നയിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി. കത്തു പിൻവലിക്കാൻ രാമസ്വാമി കൽപ്പിച്ചു. എന്നാൽ കാളാശ്ശേരി പിതാവ് ഉറച്ചുനിന്നു. രോഷാകുലനായ രാമസ്വാമി കാളാശ്ശേരി പിതാവിനെ അറസ്റ്റു ചെയ്യാൻ തീരുമാനിച്ചു. അപ്പോൾ മാർ ഈവാനിയോസ് ഇടപെട്ട് അറസ്റ്റുചെയ്യുന്നതിൽ നിന്നും പദ്ധതി നടപ്പാക്കുന്നതിൽ നിന്നും രാമസ്വാമിയെ പിൻതിരിപ്പിച്ചു.

## വലിയ വിദ്യാഭ്യാസ പ്രവർത്തകൻ

വിദ്യാഭ്യാസത്തിന്റെ വിലയെന്താണെന്ന് മാർ ഈവാനിയോസ് നന്നായി അറിഞ്ഞിരുന്നു. അതുകൊണ്ട് പൊതുജനത്തിന് പൊതുവായും മലങ്കര കത്തോലിക്കർക്ക് പ്രത്യേകമായും ഉന്നതവിദ്യാഭ്യാസം നൽകാൻ മാർ ഈവാനിയോസ് കോളേജും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളും അദ്ദേഹം തുടങ്ങി.

*വിദ്യാഭ്യാസം കൊണ്ടു മാത്രമേ തന്റെ ജനത്തിന്റെ നിലവാരം ഉയർത്താൻ കഴിയൂ എന്ന് അദ്ദേഹം വിശ്വസിച്ചു.*

അദ്ദേഹം തന്റെ രണ്ടാമത്തെ വിദേശപര്യടനം കഴിഞ്ഞ് 1948 ജൂലൈ 27-ന് മാർ ഈവാനിയോസ് കോളേജ് ഉദ്ഘാടനം ചെയ്യുകയും ബനഡിക്ട് ഒ.ഐ.സി. അച്ചനെ പ്രിൻസിപ്പാളായി നിയമിക്കുകയും ചെയ്തു. അദ്ദേഹം പിന്നീട് മാർ ഗ്രിഗോറിയോസ് എന്ന പേരിൽ തിരുവനന്തപുരം ആർച്ചുബിഷപ്പും മലങ്കര മെത്രാപ്പോലീത്തായുമായി. ബനഡിക്ട് അച്ചൻ 18 മാസമേ പ്രിൻസിപ്പലായിരുന്നുള്ളു. അന്ന് 200 വിദ്യാർഥികളേ ഉണ്ടായിരുന്നുള്ളു. ഫോർഡാം യൂണിവേഴ്സിറ്റിയിൽ നിന്ന് 1951-ൽ ഡോക്ടറേറ്റ് എടുത്ത് വന്ന തോമസ് നങ്ങച്ചിവീട്ടിലച്ചൻ തുടർന്ന് പ്രിൻസിപ്പലായി. ഫാ.ഗീവർഗീസ് പണിക്കർ 1956-ൽ പ്രിൻസിപ്പലായി.

മാർ ഈവാനിയോസിന്റെ കാലത്ത് 78 പ്രൈമറി സ്കൂളുകൾ, 18 മിഡിൽ സ്കൂളുകൾ, 15 ഹൈസ്കൂളുകൾ, 2 ടിച്ചേഴ്സ് ട്രെയിനിംഗ് സ്കൂളുകൾ, ഒരു കോളേജ് എന്നിവ സ്ഥാപിതമായി. അദ്ദേഹത്തിന് നിരവധി തടസ്സങ്ങളും എതിർപ്പുകളും അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്. എതിർപ്പിനെ വകവയ്ക്കാതെ പലയിടങ്ങളിലും അദ്ദേഹം സ്കൂളുകൾ തുടങ്ങി.

നാലാഞ്ചിറ ബഥനി ഹില്ലിൽ എത്രയെത്ര വിദ്യാഭ്യാസ സ്ഥാപനങ്ങ



ളാണ് ഇപ്പോഴുള്ളത്! സഭയുടെ ഭാവി വികസനത്തിന് ഇത്രയധികം സ്ഥലം അന്നു വാങ്ങിയത് അദ്ദേഹത്തിന്റെ ദർശനവും ദീർഘവീക്ഷണവും നിമിത്തമാണ്. വാസ്തവത്തിൽ, എന്നും അനുസ്മരിക്കപ്പെടേണ്ട ഒരു ദാർശനികനാണ് അദ്ദേഹം.

## പനമ്പള്ളി പദ്ധതി

തിരുവിതാംകൂറിലെ ജനത്തിന്റെ ശക്തിയായ എതിർപ്പും പ്രക്ഷോഭണങ്ങളും നിമിത്തം രാമസ്വാമിക്ക് നിന്ദ്യനും ഭയചകിതനുമായി രായ്ക്കുരാമാനം നാടുവിട്ടു പോകേണ്ടിവന്നു. പിന്നീട് തിരുവിതാംകൂറിലെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന പനമ്പള്ളി ഗോവിന്ദമേനോൻ പരിഷ്ക്കരണ പദ്ധതിയുമായി മുന്നോട്ടുവന്നു. ക്രിസ്തീയ മാനേജുമെന്റ് സ്കൂളുകൾ ദേശസാൽക്കരിക്കാനുള്ള ലക്ഷ്യമായിരുന്നു ഈ പദ്ധതിക്ക്.

ക്രിസ്ത്യാനികൾ ശക്തിയായി പ്രതിഷേധിച്ചു. പദ്ധതിക്കെതിരെ മാർ ഈവാനിയോസ് ഒരു പത്രസമ്മേളനം നടത്തി. വിദ്യാഭ്യാസപ്രവർത്തനങ്ങൾ നടത്താൻ മാനേജുമെന്റുകൾക്കുള്ള അടിസ്ഥാനാവകാശം ഈ ഓർഡർ അവഗണിക്കുന്നു. സ്കൂൾ നടത്താൻ അവശേഷിക്കുന്ന സ്വാതന്ത്ര്യവും ഇത് നിഷേധിക്കുന്നു. സ്കൂളുകൾക്കുവേണ്ടി ഞങ്ങൾ വളരെയധികം പണം ചെലവാക്കിയിട്ടുണ്ട്. ഇത് ലാഭത്തിനു വേണ്ടിയല്ല ഞങ്ങൾ ചെയ്യുന്നത്. സർക്കാരിൽ നിന്ന് ഗ്രാന്റോ പൊതുജനത്തിൽ നിന്ന് സംഭാവനയോ ഞങ്ങൾക്ക് കിട്ടിയിട്ടില്ല. ഇതിനുള്ള പണമത്രയും വിദേശത്തുള്ള കത്തോലിക്കർ തന്നതാണ്. ഹെഡ് മാസ്റ്റർമാരെയും മറ്റ് അധ്യാപകരെയും നിയമിക്കാനുള്ള പൂർണ സ്വതന്ത്ര്യം മാനേജർമാർക്ക് ഉണ്ടായിരിക്കണം. ഞങ്ങളുടെ സ്കൂളുകളുടെ ലക്ഷ്യപ്രാപ്തിക്ക് ഈ സ്വാതന്ത്ര്യം അവശ്യാവശ്യമാണ് എന്ന് അദ്ദേഹം വ്യക്തമാക്കി. തുടർന്ന് ഇടവകകൾക്ക് ഒരു സർക്കുലർ അയച്ചു. അതിനു ശേഷമുള്ള ചർച്ചകളുടെ ഫലമായി പനമ്പള്ളി തന്റെ പദ്ധതിക്ക് ഭേദഗതി വരുത്തി. വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചു നടത്താനുള്ള അടിസ്ഥാനാവകാശത്തിനു വേണ്ടി നിലകൊണ്ടതിൽ മാർ ഈവാനിയസ് വിജയിച്ചു.

# 20

# മലങ്കര കത്തോലിക്കാസഭ

## (1953-1994)

ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്  പിതാവ് തന്റെ പിൻഗാമിയായി ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിനെ 1953 ജനുവരി 29-ന് പട്ടം കത്തീഡ്രലിനായി പണിത തറയിൽ പന്തലിട്ട് മെത്രാനായി വാഴിച്ചു. കോട്ടയം മെത്രാൻ മാർ തോമസ് തറയിൽ, തിരുവല്ലാ മെത്രാൻ മാർ സേവേറിയോസ്,  എന്നിവർ സഹകാർമികരായിരുന്നു. മലങ്കരസഭയുടെ നേതൃത്വം മാർ ഗ്രിഗോറിയോസിനെ ഏൽപ്പിച്ചശേഷം  ആ വർഷം തന്നെ മാർ ഈവാനിയോസ് കർതൃമഹത്വത്തിലേക്ക് പ്രവേശിച്ചു. ആ സമയം മുതൽ 1994-ൽ മരിക്കുന്നതുവരെ 41 വർഷം മാർ ഗ്രിഗോറിയോസ് പിതാവ് മലങ്കരസഭയ്ക്ക് സ്തുത്യർഹമായ നേതൃത്വം നൽകി. അദ്ദേഹം ആത്മീയ പാതയിലൂടെ സഭയെ നയിച്ചു. ഈ ആധ്യാത്മികാടിത്തറയിൽ പാദമൂന്നിക്കൊണ്ട് രൂപതയുടെ നാനാന്മുഖമായ വികസനത്തിന് അദ്ദേഹം ചുക്കാൻ പിടിച്ചു. അദ്ദേഹം പാവപ്പെട്ടവരുടെ പക്ഷം ചേർന്നു നിന്നുകൊണ്ട് അവരുടെ ഉദ്ധാരണത്തിനായി ഭൗതിക കാര്യങ്ങളിലേക്കും തിരിഞ്ഞു. ഇല്ലായ്മയുടെയും ദാരിദ്ര്യത്തിന്റെയും കാലമായിരുന്നു അപ്പോഴും. എന്നാൽ പ്രയാസമേറിയതും ദരിദ്രപൂർണവുമായ കാലഘട്ടത്തിൽ, അസാധാരണമാംവിധം അദ്ദേഹം സഭയെ നയിച്ചു. ദൈവത്തിലും അവിടുത്തെ പരിപാലനയിലുമുള്ള ആഴമേറിയ ആശ്രയബോധമാണ് അദ്ദേഹത്തെ ശക്തിപ്പെടുത്തിയത്. മുൻഗാമിയെപ്പോലെ അദ്ദേഹവും ദൈവത്തോടൊപ്പം നടന്നു. ദൈവം തന്റെ തിരുഹിതപ്രകാരം അദ്ദേഹത്തെ നയിച്ചു.

നാൽപ്പത്തൊന്നു വർഷത്തെ സഭാനേതൃത്വ ശുശ്രൂഷക്കാലത്തു നടന്നവയെല്ലാം ചുരുക്കമായി വിവരിക്കണമെങ്കിൽ പോലും ഒരു ബ്രഹദ്ഗ്രന്ഥമെഴുതണം. ദൈവനിയുക്തരായ വ്യക്തികൾ ആ  ശ്രമകരമായ ദൗത്യം ഏറ്റെടുക്കട്ടെ. അത്തരമൊരു ദൗത്യം ഏറ്റെടുക്കത്തക്ക സാഹചര്യത്തിലല്ല ഞാൻ. ദൈവം കണ്ടുവച്ചിരിക്കുന്നവർ, ബ. തോമസ് ഇഞ്ചക്കലോടി അച്ച



നെപ്പോലെ, അത് യാഥാർഥ്യമാക്കട്ടെ. സംഭവബഹുലമായ ഇക്കാലത്തു നടന്ന വളരെ ചുരുക്കം ചില സംഗതികളെപ്പറ്റി ചുരുക്കി പരാമർശിക്കാനേ ഞാൻ ഉദ്യമിക്കുന്നുള്ളു. നിശ്ചയമായും 41 വർഷത്തെ ചരിത്രം നന്നായി എഴുതേണ്ടതാണ്. ആ ചരിത്രം ഒരു കാരണവശാലും വിസ്മൃതിയിൽ ആണ്ടുപോകാൻ പാടില്ല.

ആർച്ചുബിഷപ്പ് മാർ ഗ്രിഗോറിയോസിന്റെ നേതൃത്വകാലഘട്ടത്തിൽ ലോകത്തിലെമ്പാടും പൊതുവെയും കത്തോലിക്കാ സഭയിൽ പ്രത്യേകമായും പല സുപ്രധാന സംഭവങ്ങളും നടന്നു. 1950-നു ശേഷമുള്ള ലോകചരിത്രവും സഭാചരിത്രവും നിരവധി മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചു. മുമ്പ് നൂറ്റാണ്ടുകൾ കൊണ്ട് ഉണ്ടാകാത്ത മാറ്റം ഇക്കഴിഞ്ഞ പത്തറുപത് വർഷം കൊണ്ടുണ്ടായി. ലോകം ഒരൊറ്റ ഗ്രാമമായി മാറി. ലോകത്ത് ഒരിടത്തു സംഭവിക്കുന്നവ എല്ലായിടത്തും അലയടികളുണ്ടാക്കുന്നു. സമ്പർക്കമാധ്യമങ്ങൾ വളരെയധികം പുരോഗമിച്ചു. ഈ മാറ്റങ്ങൾക്കനുസൃതമായി കത്തോലിക്കാ സഭയിലും ലോകത്തും മലങ്കരസഭയ്ക്കുള്ള ദൗത്യം നിറവേറ്റാൻ പിതാവ് മലങ്കരസഭയെ കുറേയൊക്കെ സജ്ജമാക്കാൻ ശ്രമിച്ചു.

സക്കറിയാസ് മാർ അത്തനാസ്യോസ്, ഐസക്ക് മാർ യൂഹാനോൻ, ഗീവർഗീസ് മാർ തിമോതിയോസ്, സിറിൽ മാർ ബസേലിയോസ്, ലോറൻസ് മാർ അപ്രേം, തൊഴിയൂർ മാർ ഫീലൊക്സീനോസ് എന്നീ പിതാക്കന്മാർ അദ്ദേഹത്തോട് സർവാത്മനാ സഹകരിച്ചു. ദീർഘവീക്ഷണത്തോടു കൂടിയുള്ള അവരുടെ പദ്ധതികൾ, യോജിച്ചുള്ള പ്രവർത്തനങ്ങൾ, പൗരസ്ത്യ സഭാവീക്ഷണം എന്നിവ ലോകമാറ്റങ്ങൾക്കനുസൃതമായി മലങ്കര കത്തോലിക്കാസമൂഹത്തെ നയിക്കാൻ സഹായിച്ചു.

ട്രഡീഷണലിസത്തിൽ കടിച്ചു തൂങ്ങാതെ, പാരമ്പര്യവും പുരോഗതിയും കോർത്തിണക്കാൻ അവർക്കു കഴിഞ്ഞു. സഭാജീവിതവുമായി ചേർന്നുപോകാത്ത മാറ്റങ്ങൾക്കൊന്നും അവർ വഴിതെളിച്ചില്ല. മറിച്ച്, മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങൾക്കും മനുഷ്യന്റെ ആവശ്യങ്ങൾക്കും അനുസൃതമായി ഓർഗാനിക് മാറ്റങ്ങൾക്ക് അവർ തയാറായിരുന്നു.

സഭ മനുഷ്യർക്കു വേണ്ടിയാണെന്നും, മനുഷ്യരാശിയുടെ നന്മയ്ക്കു വേണ്ടിയാണെന്നും മനുഷ്യകുലത്തിന്റെ ഐക്യത്തിനു വേണ്ടിയാണെന്നും അവർ ഉറച്ചു വിശ്വസിച്ചു. 21-ാം നൂറ്റാണ്ടിലേക്ക് സമൂഹത്തെ നയിക്കുന്നതിനുള്ള പരിശ്രമത്തിൽ അവർ വിജയിച്ചെന്ന് ധൈര്യപൂർവം പറയാം. ആർച്ചുബിഷപ്പ് മാർ ഗ്രിഗോറിയോസ് പിതാവിന്റെ സഭാനേതൃത്വ കാലഘട്ടത്തിലെ ചില സംഭവങ്ങൾ അവതരിപ്പിക്കട്ടെ.

## 1) പുനരൈക്യപ്രസ്ഥാനത്തിന്റെ രജതജൂബിലി (1955)

ആർച്ചുബിഷപ്പ് മാർ ഗ്രിഗോറിയോസ് പിതാവ് 1953-ൽ ആദ്യം അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ആയിട്ടാണ് സഭാനേതൃത്വം ഏറ്റെടുത്തത്. ആ വർഷം തന്നെ റോമിലെ പൗരസ്ത്യകാര്യാലയം സെക്രട്ടറി കർദിനാൾ എവുജീൻ തിസറാങ് തിരുമേനി മലങ്കര സഭാസന്ദർശനം നടത്തി. മാർ ഈവാനിയോസ് പിതാവിന്റെയും മലങ്കരസഭയുടെയും ആത്മമിത്രമായിരുന്ന ബ. പ്ലാസിഡ് പൊടിപ്പാറ സി.എം.ഐ. അച്ചനാണ് കർദിനാളിനെ അനുധാവനം ചെയ്തത്. കർദിനാൾ തിരുമേനി മലങ്കര സഭയുടെ നിരവധി ഇടവകകൾ സന്ദർശിക്കുകയും സഭാപ്രവർത്തനങ്ങളിൽ സന്തുഷ്ടി രേഖപ്പെടുത്തുകയും ചെയ്തു. സക്കറിയാസ് മാർ അത്തനാസ്യോസ് 1954-ൽ തിരുവല്ലാ സഹായമെത്രാനായി നിയമിതനായി. മാർ സേവേറിയോസ് 1955 ജനുവരി 18-ന് മരിച്ചപ്പോൾ, മാർ അത്തനാസ്യോസ് തിരുവല്ലാ ബിഷപ്പായി. ആ വർഷം തന്നെ ജനുവരി 27-ന് ഗ്രിഗോറിയോസ് പിതാവ് തിരുവനന്തപുരം ആർച്ചുബിഷപ്പും മലങ്കര കത്തോലിക്കാ സഭയുടെ തലവനുമായി. 1955 സെപ്റ്റംബർ 20-ന് തിരുമൂലപുരത്തുവച്ച് പുനരൈക്യപ്രസ്ഥാനത്തിന്റെ രജതജൂബിലി ആഘോഷിച്ചു. ആ പരിപാടി മലങ്കര സമൂഹത്തിന് നവോന്മേഷവും ഉത്തേജനവും പകർന്നു. റോമൻ കത്തോലിക്കാ സഭയുമായുള്ള കാനോനിക കൂട്ടായ്മയുടെ അർഥവും പ്രാധാന്യവും മനസ്സിലാക്കി കൊടുക്കാൻ ഈ അവസരം സഹായകമായി. ഈ ആഘോഷപരിപാടിക്കുശേഷം നിരവധി യാക്കോബായക്കാരും ഓർത്തഡോക്സുകാരും കത്തോലിക്കാസഭയുമായുള്ള ദൃശ്യകൂട്ടായ്മയിൽ പ്രവേശിച്ചു. 1955 മുതൽ എല്ലാ വർഷവും സെപ്റ്റംബർ 20/21 തീയതികളിൽ പുനരൈക്യദിനം ആഘോഷിക്കാൻ തുടങ്ങി. 1956 ജൂൺ 22-ന് മാർ തെയോഫലസ് തിരുമേനി കബറടങ്ങി.

## 2) മലങ്കര പാരമ്പര്യങ്ങളുടെ സംരക്ഷണം (1957)

മലങ്കര കത്തോലിക്കാ വൈദികർക്ക് ലത്തീൻ സെമിനരികളിൽ പരിശീലനം ലഭിച്ചതിനാൽ, ചില ലത്തീനീകരണ പ്രവണതകൾ ആരാധനക്രമത്തിൽ കയറിപ്പറ്റാൻ തുടങ്ങി. മാറ്റം കൂടാതെ സമഗ്ര പൗരസ്ത്യ പാരമ്പര്യങ്ങൾ സംരക്ഷിക്കപ്പെടണമെന്നായിരുന്നു മാർ ഈവാനിയോസ് പിതാവ് ലക്ഷ്യം വച്ചത്. എന്നാൽ ആദ്യകാലത്തെ ചില സഹപ്രവർത്തകരുടെ പ്രേരണയാലും സാഹചര്യങ്ങളുടെ സമ്മർദത്താലും ആരാധനക്രമത്തിൽ കുറേ ലത്തീനീകരണവും അനുഷ്ഠാനങ്ങളിൽ ചില മാറ്റങ്ങളും ഇടവകകളിൽ നടപ്പായി. പള്ളികളിലെ രൂപങ്ങൾ, ലത്തീൻസഭയിലെ ഭക്തകർമങ്ങൾ, കുർബാന സമയത്തും കുർബാന സ്വീകരണവേളയിലുമുള്ള മുട്ടുകുത്തൽ, വണക്കമാസാചരണം തുടങ്ങിയവ അത്തരത്തിൽ പെട്ടവയാണ്. മലങ്കരസഭയുടെ വ്യക്തിത്വത്തോട് ചേർന്നു പോകുന്നതെല്ലാം ആവശ്യമെങ്കിൽ എല്ലായിടത്തു നിന്നും സ്വീകരിക്കാൻ മലങ്കര കത്തോലിക്കർ സന്നദ്ധരായിരിക്കണം. അത് ഏച്ചുകെട്ടലോ, പാരമ്പര്യങ്ങളുടെ കൂട്ടിക്കുഴയ്ക്കലോ ആയിരിക്കരുത് എന്നു മാത്രം. ക്രിസ്തീയ സഭകളിലെ സമസ്ത നന്മകളും എല്ലാവരുടേതുമാണ്. അവ എല്ലാ മനുഷ്യരുടെയും വകയാണ്, പിതൃസ്വത്താണ്. എന്നാൽ ലിറ്റർജിയിൽ ഉള്ള ഒരു സംഗതിക്കു പകരമായി അതു നീക്കിക്കളഞ്ഞിട്ടോ, അതിനോട് കൂട്ടിച്ചേർത്തോ മറ്റൊരു ലിറ്റർജിയിൽ നിന്ന് കടമെടുക്കുന്നത് ആ ലിറ്റർജിയുടെ നൈസർഗിക വളർച്ചയല്ല.

ഭക്തിപരവും അനുഷ്ഠാനപരവുമായ ചില നടപടിക്രമങ്ങളെ സംബന്ധിച്ച് മലങ്കരസഭയിൽ ചൂടേറിയ ചർച്ച നടന്നു. *മുട്ടുകുത്തൽ പ്രസ്ഥാനം* എന്ന പേരിലാണ് ഇത് അറിയപ്പെട്ടിരുന്നത്. ലത്തീനീകരണ ഘടകങ്ങളെല്ലാം ഈ പേരിൽ അറിയപ്പെട്ടിരുന്നു. ഇതേപ്പറ്റി അറിഞ്ഞ റോം ഒരന്വേഷണക്കമ്മീഷനെ നിയമിച്ചു. ആ കമ്മീഷൻ വിവിധ ഇടവകകൾ സന്ദർശിച്ച് നിജസ്ഥിതി അറിഞ്ഞു. മലങ്കരസഭയുടെ ആരാധനക്രമ പാരമ്പര്യവുമായി ഒത്തുപോകാത്ത ചില ഘടകങ്ങൾ കയറിപ്പറ്റിയിട്ടുണ്ടെന്ന് കമ്മീഷന് ബോധ്യമായി. കമ്മീഷൻ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ലത്തീനീകരണം നിരുത്സാഹപ്പെടുത്തിക്കൊണ്ടും ആരാധനക്രമത്തിലെ പൗരസ്ത്യ വ്യക്തിത്വം ഊന്നിപ്പറഞ്ഞു കൊണ്ടും റോം കുറേ നിർദേശങ്ങൾ നൽകി. മാർ ഗ്രിഗോറിയോസ് പിതാവാണ് അത് ഇടവകകളിൽ അറിയിച്ചത്. സാവധാനം മുട്ടുകുത്തൽ പ്രസ്ഥാനം കെട്ടടങ്ങി.

## 3) കമ്യൂണിസ്റ്റുകാരും വിദ്യാഭ്യാസ നയങ്ങളും (1957)

വിദ്യാഭ്യാസ സ്ഥാപനങ്ങൾ ദേശസാൽക്കരിക്കാനുള്ള പദ്ധതിയുമായി കേരളത്തിലെ ആദ്യത്തെ കമ്യൂണിസ്റ്റ് സർക്കാരിലെ വിദ്യാഭ്യാസമന്ത്രി ആയിരുന്ന ജോസഫ് മുണ്ടശ്ശേരി 1957-ൽ മുന്നോട്ടുവന്നു. ആർച്ചുബിഷപ്പ് മാർ ഗ്രിഗോറിയോസ് ഈ കമ്യൂണിസ്റ്റ് പ്രോഗ്രാമിനെ എതിർക്കാൻ മുൻപന്തിയിൽ നിന്നു. അത് *വിമോചനസമരം* എന്ന പേരിൽ ഒരു ബഹുജനപ്രക്ഷോഭണമായി പടർന്നു പിടിച്ചു. ജനങ്ങളുടെ എതിർപ്പിന്റെ മുമ്പിൽ പിടിച്ചുനിൽക്കാനാകാതെ ആ കമ്യൂണിസ്റ്റ് സർക്കാർ നിലംപതിച്ചു. ലോകത്തിലാദ്യമായി ബാലറ്റ് പേപ്പറിൽ കൂടി അധികാരത്തിലെത്തിയ കമ്യൂണിസ്റ്റ് സർക്കാർ കേരളത്തിലേതാണ്. അതുപോലെ ജനമുന്നേറ്റത്തിൽ കമ്യൂണിസ്റ്റ് സർക്കാർ നിലം പതിച്ച ആദ്യസംഭവവും കേരളത്തിലേതാണ്. റഷ്യയിൽ 1917-ൽ അധികാരം പിടിച്ചെടുത്ത നിരീശ്വര കമ്യൂണിസ്റ്റു സർക്കാർ 1989-ൽ തകർന്നടിഞ്ഞു. അതോടൊപ്പം ഉയർന്ന ജനരോഷത്തിൽ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ കമ്യൂണിസ്റ്റു സർക്കാരുകളും നിലംപൊത്തി. എന്നാൽ

കേരളത്തിൽ ഇപ്പോഴും പഴകി തുരുമ്പിച്ച പ്രത്യയശാസ്ത്രവും ഉരുവിട്ട് പഴയ ഏകാധിപത്യശൈലിയിൽ കുറേ നേതാക്കന്മാരും അവരുടെ കൂടെ കുറേ അണികളും കാലത്തിന്റെ മാറ്റത്തിന് വളരെ പിന്നിലായി പുറകോട്ട് തിരിഞ്ഞ് ജീവിക്കുന്നു.

മാർ ഗ്രിഗോറിയോസ് പിതാവ് നിരീശ്വര കമ്യൂണിസത്തെയും കമ്യൂണിസ്റ്റുകാരെയും രണ്ടായി കണ്ടു. നിരീശ്വര കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തോട് യോജിക്കാൻ ദൈവവിശ്വാസികൾക്ക് സാധ്യമല്ല. എന്നാൽ മനുഷ്യരെന്ന നിലയിൽ അവരെ സ്നേഹിക്കാനും അവരുമായി ആശയവിനിമയം നടത്താനും പിതാവിന് കഴിഞ്ഞു. കേരളത്തിലെ പല കമ്യൂണിസ്റ്റ് നേതാക്കന്മാരും അദ്ദേഹത്തിന്റെ സ്നേഹിതരായിരുന്നു. അവർ അദ്ദേഹത്തെ ബഹുമാനിക്കുകയും പല കാര്യങ്ങളിലും അദ്ദേഹത്തിന്റെ ഉപദേശം തേടുകയും ചെയ്തിരുന്നു. ഈ ഡയലോഗിന്റെ ഫലമായി ചില കമ്യൂണിസ്റ്റ് നേതാക്കന്മാരിൽ കുറെയൊക്കെ മാറ്റങ്ങൾ കണ്ടിരുന്നു.

റഷ്യയിലും കിഴക്കൻ യൂറോപ്പിലുമുള്ള കമ്യൂണിസ്റ്റ് ഏകാധിപതികളുടെ പതനം കാണാൻ (1989) മാർ ഗ്രിഗോറിയോസ് പിതാവിന് കഴിഞ്ഞു. മനുഷ്യൻ മതാത്മക ജീവിയായതിനാൽ നിരീശ്വര പ്രസ്ഥാനത്തിന് സ്ഥായിയായ നിലനിൽപ്പില്ല. തുരുമ്പിച്ച വരട്ടു തത്വശാസ്ത്രമാണ് നിരീശ്വര കമ്യൂണിസം. അതിന് അധികനാൾ മനുഷ്യരെ അടിമകളാക്കി വയ്ക്കാൻ സാധിക്കയില്ലെന്ന് റഷ്യൻചരിത്രം പഠിപ്പിക്കുന്നു.

### 4) ഹയരാർക്കി സ്ഥാപനത്തിന്റെ രജതജൂബിലി (1958)

മലങ്കര കത്തോലിക്കാ ഹയരാർക്കി സ്ഥാപന രജതജൂബിലി വകയാർ വച്ച് നടന്നു. അന്ന് ഫാ. സിറിയക് മണവാളൻ ആയിരുന്നു വികാരി. ഇൻഡ്യൻ വാസ്തുശിൽപ മാതൃകയിൽ അവിടെ പണിത പള്ളിയുടെ കൂദാശ തദവസരം നടത്തപ്പെട്ടു. 1958 ഫെബ്രുവരി 14-ന് തിരുവല്ലാ രൂപതാതിർത്തി വടക്കോട്ട് മലബാറിലേക്കും കർണാടകയിലെയും തമിഴ് നാട്ടിലെയും കുറെ ജില്ലകളിലേക്കും വ്യാപിപ്പിച്ചു. ഹയരാർക്കി സ്ഥാപിച്ചപ്പോൾ (1932) വിജയപുരം, വരാപ്പുഴ, കൊച്ചി എന്നീ രൂപതകളുടെ വിസ്തൃതിയേ തിരുവല്ലായ്ക്ക് ഉണ്ടായിരുന്നുള്ളു. മറ്റു വാക്കുകളിൽ, പമ്പയ്ക്കും ഭാരതപ്പുഴയ്ക്കും ഇടയ്ക്കുണ്ടായിരുന്ന പുരാതന വരാപ്പുഴ വികാരിയേറ്റിന്റെ വിസ്തൃതിയേ തിരുവല്ലായ്ക്ക് ഉണ്ടായിരുന്നുള്ളു. മലബാർ പ്രദേശത്തെ മിക്ക സ്ഥലങ്ങളും ഒഴിവാക്കിയിരുന്നു.

### 5) രണ്ടാം വത്തിക്കാൻ സൂനഹദോസ് (1962-1965)

നവീകരണവും സഭൈക്യവും ആയിരുന്നു കൗൺസിലിന്റെ പ്രഖ്യാപിതലക്ഷ്യങ്ങൾ. ലോകത്തിലും സഭയിലും വളരെയേറെ മാറ്റങ്ങൾക്ക്



കൗൺസിൽ വഴിതെളിച്ചു. മറ്റു സഭകളോടുള്ള സമീപനത്തിൽ ഗണ്യമായ മാറ്റമുണ്ടായി. മറ്റു മതങ്ങളോടും മതവിശ്വാസമില്ലാത്തവരോടും വിശാല ലോകജനതതിയോടും സഭയ്ക്ക് പുതിയ സമീപനമുണ്ടായി. രണ്ടാം പെന്തിക്കോസ്തി, രണ്ടാം ഉത്ഥാനം, ഇരുപത്തിയൊന്നാം നൂറ്റാണ്ടിനുള്ള തയാറെടുപ്പ്, പരിശുദ്ധാത്മാവിന്റെ അന്ത്യനാളുകളിലെ അഭിഷേകം എന്നൊക്കെ കൗൺസിലിനെ വിളിക്കാം.

ഈ കൗൺസിലിനു മുമ്പ് മലങ്കര സഭയിൽ പെട്ട ഒരു മെത്രാനും എക്യുമെനിക്കൽ കൗൺസിലിൽ സംബന്ധിച്ചിട്ടില്ല. എന്നാൽ ഈ കൗൺസിലിൽ ചരിത്രത്തിലാദ്യമായി മാർ ഗ്രിഗോറിയോസ്, മാർ അത്തനാസ്യോസ് എന്നീ രണ്ടു മലങ്കര പിതാക്കന്മാർ കത്തോലിക്കാ മെത്രാന്മാർ എന്ന നിലയിൽ വോട്ടവകാശത്തോടു കൂടി കൗൺസിലിൽ സംബന്ധിച്ചു. കൗൺസിലിന്റെ എല്ലാ സെഷനുകളിലും പങ്കെടുക്കാനുള്ള ഭാഗ്യം ഇവർക്കുണ്ടായി. മലങ്കരയിലെ ചില അകത്തോലിക്കാ മെത്രാന്മാർ നിരീക്ഷകരായി പങ്കെടുത്തപ്പോൾ, റോമൻ കത്തോലിക്കാസഭയുമായി കാനോനിക കൂട്ടായ്മയുള്ള മലങ്കര കത്തോലിക്കാ മെത്രാന്മാർ കൗൺസിലിന്റെ അവിഭാജ്യഘടകമായി വോട്ടവകാശത്തോടുകൂടി കൗൺസിലിൽ പങ്കെടുത്തു.

കൂടാതെ കൗൺസിസിന് ഒരുക്കമായി 1959 മുതൽ നടന്ന പ്രിപ്പാറട്ടറി കമ്മീഷനുകളിലും കൗൺസിലിനു ശേഷം നടന്ന മെത്രാന്മാരുടെ സിനഡുകളിലും പങ്കെടുക്കാൻ ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന് ഭാഗ്യമുണ്ടായി. കൗൺസിലിൽ പൗരസ്ത്യ കത്തോലിക്കാ മെത്രാന്മാർ ഓർത്തഡോക്സ് സഭകളെയും പ്രതിനിധീകരിച്ചു. അകത്തോലിക്കാ മെത്രാന്മാർക്ക് നിരീക്ഷണപദവിയേ ഉണ്ടായിരുന്നുള്ളു. അവരുടെ അഭിപ്രായങ്ങളും പ്രതീക്ഷകളും വീക്ഷണങ്ങളും കൗൺസിലിൽ അവതരിപ്പിച്ചത് പൗരസ്ത്യ കത്തോലിക്കാ മെത്രാന്മാരാണ്. കൗൺസിലിൽ പൗരസ്ത്യരുടെ വക്താവായിരുന്നത് അന്ത്യോക്യൻ മെൽക്കീത്താ പാത്രിയർക്കീസ് മാക്സിമസ് നാലാമൻ ആയിരുന്നു. മലങ്കര കത്തോലിക്കാ മെത്രാന്മാർ അദ്ദേഹത്തെ പൂർണമായി പിൻതുണച്ചു.

കാതോലിക കൂട്ടായ്മയിൽ വ്യക്തിഗതസഭകൾക്കുള്ള തുല്യതയെപ്പറ്റിയും പൗരസ്ത്യ കുടിയേറ്റക്കാരുടെ അജപാലനത്തെപ്പറ്റിയും സഭയ്ക്കുള്ള സാമൂഹ്യ പ്രതിബദ്ധതയെപ്പറ്റിയും ധനികരും ദരിദ്രരും തമ്മിലുള്ള വലിയ അന്തരത്തെ പറ്റിയും അസമത്വത്തെ പറ്റിയും അതുപോലുള്ള സാമൂഹ്യതിന്മകളെ പറ്റിയും മാർ ഗ്രിഗോറിയോസ് പിതാവ് കൗൺസിലിൽ പ്രസംഗിച്ചു. പൗരസ്ത്യകത്തോലിക്കാ മെത്രാന്മാരുടെ സ്വരം പാശ്ചാത്യ മെത്രാന്മാർ ശ്രദ്ധാപൂർവം ശ്രവിക്കുമായിരുന്നു. വിവിധ സംഗതികളെ സംബന്ധിച്ച പൗരസ്ത്യവീക്ഷണങ്ങൾ അറിയാൻ ഭൂരിപക്ഷം വരുന്ന പാശ്ചാത്യ മെത്രാന്മാർ

താൽപ്പര്യം കാണിച്ചു. ഔദ്യോഗിക പ്രസംഗങ്ങൾക്കു പുറമേ അനൗദ്യോഗിക സംഭാഷണങ്ങൾക്കും ആശയവിനിമയത്തിനും കൗൺസിലിൽ അവസരം ഉണ്ടായിരുന്നു.

ലോകം മുഴുവനുമുള്ള നിരവധി മെത്രാന്മാരുമായി പരിചയപ്പെടാനുള്ള മഹാസന്ദർഭം മലങ്കര കത്തോലിക്കാ മെത്രാന്മാർക്ക് ലഭിച്ചു. അപ്പസ്തോലിക മലങ്കരസഭയെ പറ്റിയും മാർതോമാ പൈതൃകത്തെ പറ്റിയും ഈ കൗൺസിലിൽ വച്ചാണ് പല ലത്തീൻ മെത്രാന്മാരും ആദ്യമായി കേൾക്കുന്നത്. മാർ ഈവാനിയോസിന്റെ പുനരൈക്യപ്രസ്ഥാനത്തിന്റെ മഹനീയ ഫലങ്ങളിൽ ഒന്നാണിത്. റോമാസഭയുമായി ദൃശ്യമായ കൂട്ടായ്മയിൽ കഴിയാനും വോട്ടവകാശത്തോടു കൂടെ നമ്മുടെ മെത്രാന്മാർക്ക് എക്യൂമെനിക്കൽ കൗൺസിസിൽ പങ്കെടുക്കാനും അദ്ദേഹം പാതയൊരുക്കി.

## 6) എക്യൂമെനിസം

രണ്ടാം വത്തിക്കാൻ കൗൺസിലോടു കൂടി മറ്റു സഭകളോടുള്ള കത്തോലിക്കാ സഭയുടെ സമീപനത്തിൽ പ്രകടമായ മാറ്റമുണ്ടായി. കൗൺസിലിനു മുമ്പും അതിനു ശേഷവുമുള്ള വീക്ഷണങ്ങൾ ചുരുക്കി വിവരിക്കാം.

### *കൗൺസിലിനു മുമ്പുള്ള മനോഭാവം*

വത്തിക്കാൻ കൗൺസിലിനു ശേഷമുള്ള സഭാബന്ധങ്ങളിൽ നിന്ന് പലതുകൊണ്ടും പ്രകടമായ വ്യത്യാസം കൗൺസിലിനു മുമ്പുള്ള സഭാബന്ധങ്ങളിലും വീക്ഷണങ്ങളിലും കാണാൻ കഴിയും. കൗൺസിലിനു മുമ്പ് പാശ്ചാത്യ പാത്രിയാർക്കേറ്റിലെ സഭ തന്നെത്തന്നെ കത്തോലിക്കാ സഭയായി കരുതുകയും മറ്റു സഭകളെ അകത്തോലിക്കാ സഭകളായി പരിഗണിക്കുകയും ചെയ്തിരുന്നു. അതായത്, നമ്മുടെ കർത്താവേശുമിശിഹായുടെ സഭയായി റോമൻ കത്തോലിക്കാസഭ സ്വയം താദാത്മ്യപ്പെടുത്തി. ലോകത്തിലുള്ള എല്ലാ സഭകളും വാസ്തവത്തിൽ ഈ താദാത്മ്യപ്പെടുത്തൽ നടത്തിയിരുന്നു. എല്ലാ സഭകളിലും ഏകപക്ഷീയമായ സഭാശാസ്ത്രം വളർന്നു വികസിച്ചു.

അങ്ങനെ വളർന്ന ഏകപക്ഷീയമായ സഭാശാസ്ത്രത്തിന്റെ ഫലമായി കേന്ദ്രീകൃതമായ ഭരണസംവിധാനം റോമൻ കത്തോലിക്കാസഭയിൽ രൂപപ്പെട്ടു. പേപ്പൽ സംസ്ഥാനങ്ങളുടെ രൂപീകരണത്തോടുകൂടെ പേപ്പൽ സംസ്ഥാനങ്ങളിൽ റോമാമെത്രാന് സമസ്ത കാര്യങ്ങളിലും പരമാധികാരം ലഭ്യമായി. പാശ്ചാത്യപാത്രിയർക്കീസ് എന്ന നിലയിലും പേപ്പൽ സംസ്ഥാനാധിപൻ എന്ന നിലയിലും യൂറോപ്യൻ ഭരണാധികാരികളുടെയും ജനങ്ങളുടെയും ഇടയിൽ അദ്ദേഹത്തിന് വളരെ ഉന്നതവും അതുല്യവുമായ സ്ഥാനം ഉണ്ടായിരുന്നു. 16-ാം നൂറ്റാണ്ടിലെ കൊളോണിയലിസത്തോടുകൂടി പാശ്ചാത്യ മിഷണറിമാർ ഏഷ്യൻ, ആഫ്രിക്കൻ, അമേരിക്കൻ രാജ്യങ്ങളിലെത്തി, അവിടെയെല്ലാം ലത്തീൻ സഭയുടെ രൂപതകൾ സ്ഥാപിച്ചു. ഇങ്ങനെ, പാശ്ചാത്യ റോമാസാമ്രാജ്യത്തിൽ ഒതുങ്ങി നിന്ന ലത്തീൻ സഭ അഥവാ റോമൻസഭ ഭൂമിശാസ്ത്രപരമായി ലോകവ്യാപകമായി. അപ്പോഴും റോമൻ എന്ന ഏക സഭാപാരമ്പര്യം മാത്രമുള്ള ഒരു സഭയായിരുന്നു അത്. മറ്റ് ക്രിസ്തീയ സഭകളുമായി അതിന് സമ്പൂർണവും ദൃശ്യവും കാനോനികവുമായ കൂട്ടായ്മ ഇല്ലായിരുന്നു.



പൗരസ്ത്യരുടെ ഇടയിൽ പവർത്തിച്ച പല പാശ്ചാത്യ മിഷണറിമാരും "പൗരസ്ത്യരുടെ ആത്മാക്കളുടെ രക്ഷയ്ക്കു വേണ്ടി സത്യസഭയിലേക്ക് അവരെ മാനസ്സാന്തരപ്പെടുത്താൻ" അവരുടെ ഇടയിൽ തീക്ഷ്ണമായി മിഷൻ പ്രവർത്തനം നടത്തി. അതിന്റെ ഫലമായി പൗരസ്ത്യ നാടുകളിൽ ബിസന്റൈൻ പാരമ്പര്യത്തിൽ പെട്ട സഭകളിൽ നിന്നും മറ്റ് സഭകളിൽ നിന്നും പൗരസ്ത്യ കത്തോലിക്കാ സഭകൾ ഉടലെടുത്തു. ഈ മിഷണറിമാർ ഐകരൂപ്യവാദികൾ (uniformists) ആയിരുന്നു. അതായത്, ആരാധനാസംബന്ധമായ ചില ഘടകങ്ങൾ നിലനിർത്തിക്കൊണ്ട് ലത്തീൻ സഭയിലേക്ക് മറ്റു സഭകളെ ലയിപ്പിക്കാൻ മിഷണറിമാർ പരിശ്രമിച്ചു. അവർ പൗരസ്ത്യരായി കാണപ്പെട്ടെങ്കിലും, അവരുടെ സെമിനരി പരിശീലനത്തിന് നേതൃത്വം കൊടുത്ത മിഷണറിമാർ പാശ്ചാത്യ ഭക്താഭ്യാസങ്ങളൊക്കെ പൗരസ്ത്യരുടെ ഇടയിൽ നടപ്പാക്കുകയും പാശ്ചാത്യമായവ പൗരസ്ത്യത്തേക്കാൾ ശ്രേഷ്ഠമെന്നു കരുതുന്ന ഒരു മാനസ്സികാവസ്ഥ സൃഷ്ടിക്കുകയും ചെയ്തു. അവരുടെ ദൈവശാസ്ത്ര വീക്ഷണങ്ങൾ പാശ്ചാത്യമായിരുന്നു.

അക്കാലത്ത് പൊതുവേ ലത്തീനീകരണമായിരുന്നു നയപരിപാടി. സഭയെ അക്കൂട്ടർ പിരമിഡ് സമാനം ദർശിച്ചു. പൗരസ്ത്യവീക്ഷണങ്ങൾ അൽപ്പം പോലും പരിഗണിച്ചില്ല. അതിനെ ബഹുമാനപൂർവം വീക്ഷിച്ചുമില്ല. ഈ പൗരസ്ത്യസഭകളെ റീത്തുകൾ എന്നു വിളിക്കുകയും ആരാധനക്രമത്തിൽ അൽപ്പസ്വൽപ്പ വ്യത്യാസമുള്ള ഏകസഭയുടെ ഭാഗങ്ങളായി കണക്കാക്കുകയു ചെയ്തു. ഈ വ്യക്തിഗതസഭകളുടെ ഓട്ടോണമിയും വ്യക്തിത്വവും അവർ അൽപ്പം പോലും ബഹുമാനിച്ചില്ല. രണ്ടാം വത്തിക്കാൻ സൂനഹദോസു വരെ ഈ ചിന്താഗതി നിലനിന്നു. 1274-ലെ രണ്ടാം ലയൺസ് ജനറൽ സിനഡിനു ശേഷമുണ്ടായ അനേകം ദൈവശാസ്ത്രജ്ഞന്മാർ ഐകരൂപ്യവാദികളായിരുന്നു. അവർക്ക് ഐക്യമെന്നാൽ ഐകരൂപ്യവും വൈവിധ്യമെന്നാൽ വൈരുധ്യവും സഭയിലെ എല്ലാ കുഴപ്പങ്ങളുടെയും അടിസ്ഥാന കാരണവുമായിരുന്നു. അതിനുദാഹരണമാണ് കർദിനാൾ ഹുംബർട്ടിന്റെ ആപ്തവാക്യം: "അനൈക്യത്തിന്റെ മാതാവും ആരംഭവും വൈവിധ്യ

മാണ് " (Varietas Mater est et Initium Discordiae). 1274 - ലെ ജനറൽ സിനഡിനെ നിയന്ത്രിച്ചത് ഡോമിനിക്കൻ മാസ്റ്റർ ജനറലായ ഈ കർദിനാളായിരുന്നു. അക്കാലത്ത് പൗരസ്ത്യസഭകളുടെ ഓട്ടോണമി പാശ്ചാത്യചിന്തയ്ക്ക് അന്യമായിരുന്നു.

## രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷമുള്ള ചിന്താരീതി

കൗൺസിലിനു ശേഷമുള്ള കാലത്ത് മറ്റു ക്രിസ്തീയ സഭകളുമായുള്ള എക്യൂമെനിക്കൽ ബന്ധത്തിൽ റോമൻ കത്തോലിക്കാ സഭയുടെ വീക്ഷണത്തിൽ പ്രകടമായ വ്യത്യാസം ദൃശ്യമാണ്. ക്രിസ്തുവിന്റെ സഭയുമായി കത്തോലിക്കാസഭ തന്നെത്തന്നെ താദാമ്യപ്പെടുത്തുന്നില്ല. മറിച്ച്, ക്രിസ്തുവിന്റെ സഭ കത്തോലിക്കാ സഭയിൽ സന്നിഹിതമാണ് (subsistit-subsists) എന്നാണ് പറയുക. ഇതു മാത്രമാണ് ക്രിസ്തുവിന്റെ സഭ എന്ന പ്രത്യേക അവകാശവാദം ഒഴിവാക്കുന്നു. മറ്റു സഭകളെ സഹോദരീസഭകൾ എന്നാണ് വിളിക്കുന്നത്. എല്ലാ ദൈവശാസ്ത്രങ്ങളുടെയും അളവുകോലായി ലത്തീൻ ദൈവശാസ്ത്രത്തെ കണക്കാക്കുന്നുമില്ല.

ലിറ്റർജി, മതപഠനം, സഭാജീവിതം, സഭാഭരണം, ആധ്യാത്മികത, സഭാനിയമം എന്നിവയിൽ ഐകരൂപ്യം ആവശ്യപ്പെടാതെ നൈയാമികമായ വൈവിധ്യം അംഗീകരിക്കുന്നു. വിശ്വാസത്തിന്റെ സാരസത്തയും വിശ്വാസാവതരണരീതിയും തമ്മിൽ വ്യത്യാസം കാണുന്നു. വിശ്വാസസത്യങ്ങളുടെ ഗ്രേഡും (Hierarchy of Truths) അംഗീകരിക്കുന്നു. മറ്റു സഭകളുമായുള്ള ബന്ധത്തിൽ വന്നുപോയിട്ടുള്ള തെറ്റുകൾ പരസ്യമായി ഏറ്റുപറയുകയും മാപ്പപേക്ഷിക്കുകയും ചെയ്യുന്നു. മുൻകാലങ്ങളിൽ ഏതെങ്കിലും തരത്തിൽ കത്തോലിക്കാസഭയെ വേദനിപ്പിച്ചിട്ടുള്ള സഭകളോടെല്ലാം ക്ഷമിച്ചിരിക്കുന്നു എന്ന് പരസ്യമായി പ്രഖ്യാപിച്ചു. മുൻകാല തെറ്റുകൾ ഭാവിയിൽ ആവർത്തിക്കപ്പെടുകയില്ലെന്ന ഉറപ്പും നൽകുന്നു.

ഏതെങ്കിലും ഒരു സഭ മറ്റൊന്നിൽ ലയിക്കുന്നതല്ല ഐക്യമെന്നും സഭകളുടെ കൂട്ടായ്മയാണ് സഭയെന്നും കത്തോലിക്കാസഭ വ്യക്തമാക്കുന്നു. ക്രിസ്ത്യാനികളുടെ ഇടയിലെ വിഭജനം മഹാപാപമാണെന്നും ഐക്യം ദൈവം തന്റെ സഭയ്ക്ക് നൽകുന്ന ദാനമാണെന്നും കത്തോലിക്കാസഭ വിശ്വസിക്കുന്നു. ദൈവികപദ്ധതി അനുസരിച്ച് നടക്കേണ്ട ഐക്യത്തിന്റെ കാലവും രീതിയും നമുക്ക് നിശ്ചയിക്കാവുന്നതല്ല. മറ്റു വാക്കുകളിൽ, ഭാവി ഐക്യത്തിന് തയാറാക്കിയ ഒരു മോഡൽ നമ്മുടെ പക്കലില്ല എന്നർഥം. സ്നേഹസംവാദത്തിലൂടെയും ദൈവശാസ്ത്ര സംവാദത്തിലൂടെയും മനോഭാവത്തിലുള്ള വ്യത്യാസത്തിലൂടെയും ഹൃദയപരിവർത്തനത്തിലൂടെയും വ്യക്തിപരവും കൂട്ടായുമുള്ള പ്രാർഥനയിലൂടെയും ഈ ദാനം സ്വീകരിക്കാൻ



നാം നമ്മെത്തന്നെ ഒരുക്കുന്നു. സമ്പൂർണവും ദൃശ്യവും കാനോനികവുമായ കൂട്ടായ്മയ്ക്ക്, വേർപെട്ട കാലത്ത് ഉണ്ടായിരുന്ന എക്യൂമെനിക്കൽ ബന്ധം പരിഗണിക്കണമെന്ന് കത്തോലിക്കാസഭ വിശ്വസിക്കുന്നു. മാറിയ പരിതസ്ഥിതിയിൽ സഭകൾക്ക് പൂർണമായി പഴയസ്ഥിതിയിലേക്ക് പോകാൻ സാധ്യമല്ലെങ്കിലും, ആ സംഗതി തികച്ചും അവഗണിക്കാൻ പാടില്ല. മറ്റുള്ളവരോട് ക്ഷമിക്കാനും ഏകപക്ഷീയമായി വികസിപ്പിച്ചെടുത്ത സഭാശാസ്ത്രങ്ങൾ പുനപ്പരിശോധിക്കാനും എല്ലാ സഭകൾക്കും കഴിയണം.

കൂടാതെ, അടിസ്ഥാന വിശ്വാസസത്യങ്ങൾ സംബന്ധിച്ച് പൗരസ്ത്യസഭകൾ സത്യവിശ്വാസം പുലർത്തുന്നു എന്ന് കത്തോലിക്കാസഭ ഉറപ്പായി വിശ്വസിക്കുന്നു. വ്യത്യാസങ്ങൾ എന്നു തോന്നുന്ന, അവശേഷിക്കുന്ന സംഗതികൾ പോലും ഏകവിശ്വാസത്തിന്റെ വിവിധ ഫോർമുലകളായി പരിഗണിക്കാവുന്നതും ദൈവപരിപാലനയിൽ പരിഹരിക്കാൻ കഴിയുന്നതുമാണ്. ഒറ്റപ്പെട്ടും വേർപെട്ടും കഴിയാൻ മതിയായ കാരണങ്ങൾ ഇപ്പോഴില്ല.

കത്തോലിക്കാസഭ പൗരസ്ത്യ അപ്പസ്തോലിക സഭകളുമായി ഏതാണ്ട് പൂർണ കൂട്ടായ്മയിലാണ്. “നാം ഏതാണ്ട് ഒരു സഭയായി തീർന്നിരിക്കുന്നു” എന്നാണ് ജോൺ പോൾ രണ്ടാമൻ മാർപാപ്പാ അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസിനോട് ഒരിക്കൽ പറഞ്ഞത്. രക്ഷയ്ക്കുവേണ്ടി പൗരസ്ത്യസഭകളിൽ നിന്ന് കത്തോലിക്കാസഭയിൽ ചേരാൻ കത്തോലിക്കാസഭ ആരെയും പ്രേരിപ്പിക്കുന്നില്ല. ഓർത്തഡോക്സ് സഭകൾ കത്തോലിക്കാസഭയുടെ മിഷൻ രംഗങ്ങളല്ല. അതേ സമയം, വ്യക്തികളുടെ മനസ്സാക്ഷിസ്വാതന്ത്ര്യം ബഹുമാനിച്ചുകൊണ്ട്, കത്തോലിക്കാ സഭയിലേക്ക് കടന്നുവരുന്നവരെ തടയുന്നുമില്ല. ഐക്യം ക്രിസ്തുവിന്റെ ഹിതമാകയാലും വിഭജനം പാപവും എതിർ സാക്ഷ്യവുമാകയാലും സഭകൾ ഒന്നിക്കാൻ കത്തോലിക്കാസഭ ആഹ്വാനം ചെയ്യുന്നു.

സമ്പൂർണ കൂട്ടായ്മയും ഭാഗിക കൂട്ടായ്മയും എന്ന ഒരു വ്യത്യാസം കത്തോലിക്കാ സഭാചിന്താധാരയിലുണ്ട്. പൗരസ്ത്യ അപ്പസ്തോലിക സഭകളുമായി കത്തോലിക്കാസഭ ഏതാണ്ട് സമ്പൂർണ കൂട്ടായ്മയിലാണ്. അതായത്, ഈ സഭകളുടെ പട്ടങ്ങൾ, മറ്റ് കൂദാശകൾ, അപ്പസ്തോലിക പിൻതുടർച്ച എന്നിവ കത്തോലിക്കാസഭ അംഗീകരിക്കുന്നു. പാശ്ചാത്യപ്രോട്ടസ്റ്റന്റുസഭകളും കത്തോലിക്കാസഭയോട് വിവിധ ഗ്രേഡുകളിൽ ബന്ധപ്പെട്ടിരിക്കുന്നു. വേർപെടുത്തുന്ന ഘടകങ്ങളേക്കാൾ കൂടുതൽ ഐക്യപ്പെടുത്തുന്ന ഘടകങ്ങളാണ് സഭകൾ തമ്മിലുള്ളത്. അതേസമയം, കത്തോലിക്കാസഭയ്ക്കും പാശ്ചാത്യ പ്രോട്ടസ്റ്റന്റ് സഭകൾക്കുമിടയിൽ പ്രബോധനത്തിൽ ഗൗരവമായ വ്യത്യാസങ്ങൾ ഉണ്ടെന്ന കാര്യം സഭ തിരിച്ചറിയുന്നു.

റോമിലെ മെത്രാന്റെ ഐക്യശുശ്രൂഷ സംബന്ധിച്ചുപോലും ചർച്ച ചെയ്യാൻ കത്തോലിക്കാസഭ ഇപ്പോൾ തയാറാണ്. അവശേഷിക്കുന്ന പ്രശ്നങ്ങൾ ഡയലോഗിലൂടെ പരിഹരിക്കാൻ സഭ പരിശ്രമിക്കുന്നു. അവശ്യസംഗതികളിൽ മാത്രം ഐക്യം മതിയെന്ന നിലപാടാണ് കത്തോലിക്കാ സഭയ്ക്കുള്ളത്. മറ്റ് സഭകളുടെ വൈവിധ്യമാർന്ന ഫോർമുലകളും പദപ്രയോഗങ്ങളും മനസ്സിലാക്കാൻ സഭ പരിശ്രമിക്കുകയും അവ പരസ്പരപൂരകങ്ങളാണോ എന്ന് പരിശോധിക്കുകയുമാണ്.

കൗൺസിലിനു മുമ്പുതന്നെ മലങ്കര കത്തോലിക്കാ മെത്രാന്മാർ എക്യുമെനിക്കൽ മനോഭാവം പുലർത്തിയിരുന്നു. മാർ ഗ്രിഗോറിയോലസ് പിതാവ് മറ്റ് സഭകളോട് വളരെ വിശാലമായ എക്യുമെനിക്കൽ മനോഭാവം പ്രകടിപ്പിച്ചിരുന്നു. മാർ തോമാസഭയിലെ മൂന്നു മെത്രാന്മാർക്ക് 1953-ൽ തിരുവനന്തപുരത്ത് ഒരു സ്വീകരണം നൽകിയപ്പോൾ, അദ്ദേഹം അതിൽ സംബന്ധിച്ചു. അക്കാലത്ത് അത് ഒരസാധാരണ സംഭവമായിരുന്നു. രണ്ടാമത്, ചില സ്കൂളുകളെ സംബന്ധിച്ച് ഓർത്തഡോക്സ് സഭയുമായി ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നു. ആ തർക്കം സമാധാനപരമായി കൈകാര്യം ചെയ്ത് തീർപ്പാക്കാൻ പിതാവ് മുൻകൈ എടുത്തു. അദ്ദേഹം തന്റെ ജീവിതകാലം മുഴുവൻ എല്ലാവരോടും പ്രത്യേകിച്ച് കേരളത്തിലെ അകത്തോലിക്കരോട്, തുറന്ന മനോഭാവം പുലർത്തി.

ലോകവ്യാപകമായ കത്തോലിക്കാ സഭയുടെ പുതിയ എക്യുമെനിക്കൽ ദർശനം തന്നെയാണ് മലങ്കര കത്തോലിക്കാസഭ പുലർത്തുന്നത്. സഭകളുടെ കൂട്ടായ്മയ്ക്ക് മലങ്കര കത്തോലിക്കാസഭ പ്രഥമസ്ഥാനം നൽകുന്നു. ഈ സഭ കൂട്ടായ്മയ്ക്കു വേണ്ടി നിലകൊള്ളുന്നു. എന്നാൽ അത് കൗൺസിലിനു ശേഷമുള്ള എക്യുമെനിക്കൽ വീക്ഷണത്തിൽ മാത്രം. സത്യത്തിനും കൂട്ടായ്മയ്ക്കും ഹൃദയൈക്യത്തിനും സമാധാനപരമായ സഹവർത്തിത്വത്തിനും സഭ നിലകൊള്ളുന്നു.

ദൈവം ആഗ്രഹിക്കുന്ന രീതിയിലും സമയത്തും ദൃശ്യമായ ഐക്യം യാഥാർഥ്യമാകാൻ സഭകൾ തയാറാകണം. വിശാലമായ ഇൻഡ്യൻ ഉപഭൂഖണ്ഡത്തിൽ ഏകസ്വരത്തിൽ ക്രിസ്തുവിന് സാക്ഷ്യം വഹിക്കാനും ഒന്നിച്ച് സുവിശേഷം പ്രഘോഷിക്കാനും ക്രിസ്ത്യാനികൾ ഐക്യപ്പെട്ടിരിക്കണം. നാം അപ്പോളജെറ്റിക്കൽ കാലഘട്ടത്തിലല്ല ഇപ്പോൾ ജീവിക്കുന്നത്. വിവിധ സഭകളുമായി ഇപ്പോൾ തന്നെയുള്ള കൂട്ടായ്മ പൂർത്തീകരിക്കാൻ മലങ്കര സഭ പ്രതിജ്ഞാബദ്ധമാണ്. കൗൺസിലിന്റെ ഈ പുത്തൻ ചിന്താധാര പ്രചരിപ്പിക്കാൻ മാർ ഗ്രിഗോറിയോസ് തന്റെ കഴിവനുസരിച്ച് പരിശ്രമിച്ചു. മറ്റു സഭകളെ ശീശ്മസഭകളായോ, പാഷണ്ഡ സഭകളായോ അദ്ദേഹം കണ്ടില്ല. അകത്തോലിക്കരെ സഹോദരീസഹോദരങ്ങളായും അവരുടെ



സഭകളെ സഹോദരീസഭകളായും അദ്ദേഹം എപ്പോഴും കണ്ടിരുന്നു. കൗൺസിലിന്റെ പുത്തൻചിന്താധാര സ്വായത്തമാക്കാൻ അദ്ദേഹം മലങ്കര കത്തോലിക്കരെ പഠിപ്പിച്ചു. പല കൂട്ടായ്മകളിൽ കഴിയുന്ന മലങ്കര നസ്രാണികൾ കർത്താവിൽ വീണ്ടും ഒന്നിക്കണമെന്നും അതിനായി മലങ്കര കത്തോലിക്കർ തീക്ഷ്ണമായി പ്രാർഥിക്കുകയും വ്യക്തിപരമായ ജീവിതം നവീകരിക്കുകയും ചെയ്യണം.

കൗൺസിസിനു മുമ്പുള്ള അപ്പോളജെറ്റിക്കൽ സമീപനത്തിൽ നിന്ന് കൗൺസിലിനു ശേഷമുള്ള എക്യുമെനിക്കൽ സമീപനത്തിലേക്കുള്ള മാറ്റം തന്റെ സഭയിൽ വരുത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. കേരളത്തിലെ എപ്പിസ്കോപ്പൽ സഭകളുടെ വിവിധ സഭാപ്രവർത്തനങ്ങളിലും അദ്ദേഹം സഹകരിക്കുകയും അപ്രകാരം ചെയ്യാൻ മലങ്കര കത്തോലിക്കരെ പ്രേരിപ്പിക്കുകയും ചെയ്തു. ബഥനി ഹില്ലിലെ കുറേ സ്ഥലം വിവിധ ക്രിസ്തീയ വിഭാഗക്കാരുടെ ശവക്കോട്ടയ്ക്കായി നൽകി. ആദ്യം ലഭിച്ചത് യാക്കോബായക്കാർക്കായിരുന്നു. കേരളത്തിലെ എപ്പിസ്കോപ്പൽ സഭകളുടെ തലവന്മാരെ ഒന്നിച്ചുകൂട്ടി റോമിലേക്കും മറ്റു യൂറോപ്യൻ ക്രിസ്തീയ കേന്ദ്രങ്ങളിലേക്കും അദ്ദേഹം ഒരു തീർഥയാത്ര നയിച്ചു.

എല്ലാ സഭകളെയും സ്നേഹിച്ച ഒരു വലിയ എക്യുമെനിസ്റ്റായിരുന്നു അദ്ദേഹം. എന്നാൽ മാർ ഈവാനിയോസിനെപ്പോലെ, മാർ ഗ്രിഗോറിയോസും തെറ്റിദ്ധരിക്കപ്പെട്ടു. ചില ഓർത്തഡോക്സ് പ്രസിദ്ധീകരണങ്ങൾ അദ്ദേഹത്തെഎക്യുമെനിക്കൽ വിരുദ്ധനായി ചിത്രീകരിച്ചു. കാലത്തിന്റെ അടയാളങ്ങൾ മനസ്സിലാക്കാൻ കഴിവില്ലാതെയും കത്തോലിക്കാ സഭയിൽ ഉണ്ടായ മാറ്റം മനസ്സിലാക്കാതെയും തങ്ങളുടെ മുൻവിധികളിൽ മുഴുകി, പിന്തിരിഞ്ഞു മാത്രം ചിന്തിക്കുന്ന ചിലരുണ്ട്. അവർ ഇപ്പോഴും റോമൻ കത്തോലിക്കാ സഭയെയും മലങ്കര കത്തോലിക്കാ സഭയെയും കുറ്റപ്പെടുത്തി അജമോഷണം ആരോപിക്കുന്നു.

## 7) ബോംബെ ദിവ്യകാരുണ്യകോൺഗ്രസും പൗലോസ് VI മാർപാപ്പായുടെ ഭാരതസന്ദർശനവും (1964)

ബോംബെയിൽ വച്ച് 1964-ൽ നടന്ന ദിവ്യകാരുണ്യ കോൺഗ്രസിനോടനുബന്ധിച്ച് പൗലോസ് മാർപാപ്പാ ഇൻഡ്യയിലെത്തി. ആദ്യമായാണ് ഒരു മാർപാപ്പാ ഇൻഡ്യാ സന്ദർശിക്കുന്നത്. മാർപാപ്പായുടെ സാന്നിധ്യത്തിൽ മാർ ഗ്രിഗോറിയോസ് പിതാവും മാർ അത്തനാസ്യോസ് പിതാവും മലങ്കര സഭയിലെ കുറേ വൈദികരും ഒരുമിച്ച് അവിടെ വച്ച് സമൂഹബലി അർപ്പിച്ചു. മലങ്കരസഭയിലെ കുറേ ഡീക്കന്മാർക്ക് അവിടെ വച്ച് വൈദികപട്ടം നൽകുകയും ചെയ്തു. അവിടയെത്തിയ യുക്രേനിയൻ മേജർ ആർച്ചുബിഷപ്പ്

ജോസഫ് കർദിനാൾ സ്ലിപ്പിയെ മാർ ഗ്രിഗോറിയോസ് പിതാവ് മലങ്കര സഭാ സന്ദർശനാർഥം ക്ഷണിച്ചു. അദ്ദേഹം പല മലങ്കര ഇടവകകളും സന്ദർശിച്ചു. അദ്ദേഹത്തിന് വടവാതൂർ സെമിനരിയിൽ വച്ചു നൽകിയ സ്വീകരണത്തിൽ വൈദിക വിദ്യാർഥിയായി ഈ ലേഖകനും പങ്കെടുത്തു.

അഞ്ചൽ സെന്റ് ജോൺസ് കോളേജ് തുടങ്ങിയത് 1964-ലാണ്. മുക്കം പാല തോട്ടം വാങ്ങിയതും ഈ കാലത്താണ്. രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷം വ്യക്തികളുടെ കത്തോലിക്കാ പുനരൈക്യം ഗണ്യമായി കുറഞ്ഞു. എന്നാൽ അക്രൈസ്തവരിൽ നിന്നുള്ള മാനസ്സാന്തരം വളരെ കൂടി. തിരുവനന്തപുരം ജില്ലയിലെ പല ഇടവകകളും ഈ കാലത്തുണ്ടായ താണ്. മിക്ക അകത്തോലിക്കാ സഭകളുമായി മെച്ചപ്പെട്ട ബന്ധവും സമ്പർക്ക വുമുണ്ടായി. തദ്ഫലമായി പലയിടങ്ങളിലും എക്യുമെനിക്കൽ കൂട്ടായ്മ കൾ രൂപപ്പെട്ടു. ഏതാണ്ട് എല്ലാ സഭകളും തന്നെ അപ്പോളജെറ്റിക്കൽ മനോ ഭാവത്തിൽ നിന്ന് എക്യുമെനിക്കൽ പാതയിലേക്ക് കാലെടുത്തു കുത്താൻ തുടങ്ങി. എങ്കിലും ചിലർ തങ്ങളുടെ കത്തോലിക്കാ വിരുദ്ധമനോഭാവം സജീ വമായി നിലനിർത്തി. ഓലഷെഡുകൾക്കു പകരം മെച്ചപ്പെട്ട പള്ളികളും മേടകളും ഈ കാലയളവിൽ പണിയാൻ തുടങ്ങി. പട്ടം കത്തീഡ്രൽ പണി 1965-ൽ പൂർത്തിയാക്കി കൂദാശ ചെയ്തു. 1968-ൽ പൗരസ്ത്യ സംഘാധ്യ ക്ഷൻ കർദിനാൾ ഫുസ്റ്റൻബർഗ് മലങ്കരസഭയിൽ സന്ദർശനം നടത്തി. ഈ സന്ദർശനത്തിൽ എടുത്തു പറയത്തക്ക സംഭവങ്ങളൊന്നും ഉണ്ടായില്ല.

1972-ൽ മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 19-ാം ശതവാർഷികം (19th centenary) പൊതുപരിപാടിയായി കേരളത്തിലെ സഭ കളെല്ലാം ചേർന്ന് ആഘോഷിച്ചു.

## 8) ഏകറീത്തുവാദം

രണ്ടാം വത്തിക്കാൻ സൂനഹദോസിനു തൊട്ടു പിറകേ ഇൻഡ്യയിൽ ഉടലെടുത്ത ഒരു അബദ്ധ പ്രബോധനമാണ് ഏകറീത്തുവാദം. ഇതിന്റെ പ്രണേതാക്കൾ വ്യക്തിഗത സഭകളെ റീത്തുകൾ എന്നാണ് വിളിക്കുക. ഇൻഡ്യയിലെ മൂന്ന് വ്യക്തിഗത സഭകളായ സിറോ-മലബാർ, മലങ്കര കത്തോലിക്കാ, ലത്തീൻ സഭകളെ കൂട്ടിച്ചേർത്ത് ഒരു റീത്താക്കുക, അങ്ങനെ ഇൻഡ്യയിലെ രണ്ട് പൗരസ്ത്യസഭകളെ എന്നെന്നേക്കുമായി ഇല്ലാതാക്കുക എന്നതായിരുന്നു ഇക്കൂട്ടരുടെ ലക്ഷ്യം. അവർ വളരെ ക്രമീകൃതമായി ഈ ആശയം അവതരിപ്പിക്കുകയും പ്രചരിപ്പിക്കുകയും ജനത്തെ സ്വാധീനിക്കു കയും ഇതിനായി വളരെ പണം വ്യയം ചെയ്യുകയും ചെയ്തു. ഈ പ്രസ്ഥാനം രണ്ടാം വത്തിക്കാൻ കൗൺസിലിനും കത്തോലിക്കാസഭയുടെ നിരന്തര പ്രബോധനങ്ങൾക്കും എതിരായിരുന്നു. സഭയുടെ സ്വഭാവത്തിനു തന്നെ



എതിരാണ് ഐകരൂപ്യാധിഷ്ഠിതമായ സഭാഘടന. അവർ വളരെയേറെ ഒച്ചപ്പാടുണ്ടാക്കി. മലങ്കരസഭയിൽ നിന്നുപോലും അവർക്ക് അനുയായിക ളെ കിട്ടി. വൈദികമിത്രം എന്ന പേരിൽ അവർ ഒരു പ്രസിദ്ധീകരണവും തുടങ്ങി. എല്ലായിടത്തും സെമിനാറുകൾ സംഘടിപ്പിക്കപ്പെട്ടു. എന്നാൽ ഇൻഡ്യയിലെ പൗരസ്ത്യസഭകളുടെ കടുത്ത എതിർപ്പിൽ ഈ അബദ്ധപ്ര ബോധനവും നടപടികളും പ്രചരണപരിപാടിയും അസ്തമിച്ചുപോയി.

## 9) നാഷണൽ സെമിനാർ (1969)

ഏകറീത്തുവാദം ഒട്ടൊക്കെ കെട്ടടങ്ങിയപ്പോൾ ബാംഗ്ളൂരിൽ വച്ച് ഒരു ഓൾ ഇൻഡ്യാ സെമിനാർ നടന്നു. അവിടെ ഈ ആശയം മറ്റു രീതിയിൽ അവതരിപ്പിക്കപ്പെട്ടു. ഈ സെമിനാറിന് രഹസ്യ അജൻഡാ ഉണ്ടായിരുന്നു എന്ന് പിന്നീട് സ്പഷ്ടമായി. ഇൻഡ്യയിലെ രണ്ടു പൗരസ്ത്യസഭകളെ ഇൻഡ്യയുടെ ഒരു കോണിൽ ഒതുക്കുക, സാർവത്രിക സഭയിൽ വ്യക്തിഗത സഭകൾക്കുള്ള തുല്യസ്ഥാനം സംബന്ധിച്ച കൗൺസിൽ പ്രബോധനംഅട്ടിമ റിച്ച് പ്രമേയം പാസ്സാക്കുക എന്നിവ അജൻഡായിൽ പെടുന്നു. വ്യക്തിഗത സഭകൾ എന്നതിനു പകരം റീത്തുകൾ എന്നാണ് സെമിനാറിൽ ഉടനീളം പ്രയോഗിച്ചത്. സെമിനാറിന്റെ പേപ്പറുകളെല്ലാം കൗൺസിലിനു മുമ്പുള്ള സഭാശാസ്ത്രത്തിന്റെ അവതരണമായിരുന്നു. മഹാഭൂരിഭാഗം പങ്കാളി കൾക്കും ഐക്യമെന്നാൽ ഐകരൂപ്യവും വൈവിധ്യം വൈരുധ്യവുമായി രുന്നു. വൈവിധ്യത്തിൽ അധിഷ്ഠിതമായ ഐക്യമെന്ന ചിന്ത അവർക്ക് അന്യമായിരുന്നു. മലങ്കരസഭയുടെ ഓട്ടോണമി അവർക്ക് അചിന്ത്യമായി രുന്നു. പ്രായോഗികമായി, ഒരു സ്ഥലത്ത് ഒന്നിലേറെ വ്യക്തിഗതസഭകൾ ഉണ്ടാകാൻ പാടില്ല എന്നതായിരുന്നു അടിസ്ഥാനചിന്ത. കേരളത്തിൽ മലങ്കരസഭയെ തുടരാൻ അനുവദിച്ചെങ്കിലും കത്തോലിക്കാ കൂട്ടായ്മയിൽ സഭകളുടെ തുല്യത അവർ അംഗീകരിച്ചില്ല. സഭകളെ റീത്തുകൾ എന്നു വിളിച്ചതുവഴി ആരാധനക്രമത്തിലുള്ള അല്ലറ ചില്ലറ വ്യത്യാസം മാത്രമാണ് അവർ പരിഗണിച്ചത്. അവരെ സംബന്ധിച്ച് ലത്തീൻസഭയാണ് കത്തോലി ക്കാസഭ. മറ്റുള്ളവ അതിന്റെ അനുബന്ധം കണക്കെ അതിന്റെ ഭാഗം മാത്രം. അവസാനം ഫാ. ജോനാസ് തളിയത്ത് സി.എം.ഐ. അവതരിപ്പിച്ച ആറു പ്രമേയങ്ങൾ *പ്രീ കൺസീലിയർ* ആയിരുന്നു, മൽട്ടി ജൂരിസ്ഡിക്ഷന് എതി രുമായിരുന്നു. കൗൺസിൽ പ്രബോധനങ്ങൾ പൂർണമായി അഗീകരിക്കുന്ന ഒരു പ്രമേയവും അവയിൽ ഇല്ലായിരുന്നു.

എക്യുമെനിക്കൽ കൗൺസിലിന്റെപ്രബോധനങ്ങൾക്ക് എതിരാകയാൽ, ഈ പ്രമേയങ്ങൾ അപ്പാടെ തിരസ്കൃതങ്ങളാണ്. ഈ സെമിനാറിൽ മലങ്കര കത്തോലിക്കാസഭയിൽ നിന്ന് വളരെ കുറച്ചുപേർ മാത്രമേ പങ്കെടുത്തുള്ളു. എങ്കിലും ഫാ. സിറിൽ മലഞ്ചരുവിൽ ഒ.ഐ.സി. മലങ്കരസഭയുടെ നാമ

ത്തിൽ ഈ പ്രമേയങ്ങളെ എതിർത്ത് സംസാരിച്ചു. എന്നാൽ ഇവയിലെ അപകടം മനസ്സിലാക്കിയിട്ടും മാർ ഗ്രിഗോറിയോസ് പിതാവ് ഇവ അംഗീകരിക്കുന്ന രീതിയിൽ സംസാരിച്ചു. അങ്ങനെ അവ പാസ്സായി.

എന്നാൽ മാർ ഗ്രിഗോറിയോസ് പിതാവ് തന്നെ 1985-ൽ മെത്രാന്മാരുടെ സിനഡിൽ ഇൻഡ്യയിലെ പൗരസ്ത്യസഭകൾ അനുഭവിക്കുന്ന നിയന്ത്രണങ്ങളെപ്പറ്റി സംസാരിച്ചു. കൗൺസിൽ കഴിഞ്ഞ് 16 വർഷങ്ങൾക്കു ശേഷവും സഭകളുടെ തുല്യത പേപ്പറിൽ ഒതുങ്ങിനിന്നു എന്നു സാരം. ഈ അടുത്ത കാലത്തു നടന്ന സഭാസംഘടനാ വികസനം പരിശോധിച്ചാൽ, നാഷണൽ സെമിനാർ തീരുമാനങ്ങൾ റോമൻ കത്തോലിക്കാസഭ സ്വീകരിച്ചിട്ടില്ല എന്ന് സ്പഷ്ടമാണ്. മലങ്കരസഭാധ്യക്ഷനെ മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ് ആക്കി. തുടർന്ന് കർദിനാളാക്കി. ബാഹ്യകേരളത്തിലേക്ക് ഒരപ്പസ്തോലിക് വികാരിയെ ഡൽഹിയിൽ നിയമിച്ചു. ഫരീദാബാദിൽ ഒരു സിറോ-മലബാർ രൂപത തുടങ്ങി.

### 10) മാർ ഫീലൊക്സീനോസിന്റെ പുനരൈക്യം (1977)

തൊഴിയൂർ മാർ ഫീലൊക്സീനോസ് തിരുമേനി 1977 ആഗസ്റ്റ് 28-ന് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. ചായൽ സ്ഥാനിക മെത്രാനായും തിരുവനന്തപുരം എപ്പിസ്ക്കോപ്പൽ വികാരിയായും അദ്ദേഹം നിയമിതനായി. മലങ്കര കത്തോലിക്കാസഭയുടെ എല്ലാ പരിപാടികളിലും അദ്ദേഹം സജീവമായി പങ്കെടുത്തു. എന്നാൽ ഭരണകാര്യങ്ങളിലൊന്നും ഇടപെടാതെ ശിഷ്ടകാലം മുഴുവൻ പ്രാർഥനയിൽ ചെലവഴിച്ച് വിശ്രമജീവിതംനയിച്ചു. റോമിൽ പോയി ആറു മാസം താമസിക്കുകയും മാർപാപ്പായെ സന്ദർശിക്കുകയും ചെയ്തു. മാർതോമാ സഭയിൽ നിന്നു ലഭിച്ച പട്ടത്തെപ്പറ്റി അദ്ദേഹത്തിന് സംശയമുണ്ടായിരുന്നു. അദ്ദേഹം തികഞ്ഞ ആത്മീയവ്യക്തിയായിരുന്നു.

### 11) ബത്തേരി രൂപതാസ്ഥാപനം (1978)

ഏതാണ്ട് 46 വർഷം മലങ്കര കത്തോലിക്കാസഭ രണ്ടു രൂപതകളിൽ ഒതുങ്ങി. തിരുവല്ലാ രൂപത വിഭജിച്ച് 1978 ഒക്ടോബറിൽ ബത്തേരി രൂപത സ്ഥാപിച്ചു. 1978 ഡിസംബർ 28-ന് തിരുവല്ലായ്ക്ക് ഐസക്ക് കൂട്ടപ്ലാക്കൽ അച്ചനെ മാർ യൂഹാനോൻ എന്ന പേരിലും ബത്തേരിക്ക് സിറിൽ മലഞ്ചരുവിൽ അച്ചനെ മാർ ബസേലിയോസ് എന്ന പേരിലും തിരുമൂലപുരത്തുവച്ച് മെത്രാന്മാരായി വാഴിച്ചു. സഭയുടെ ഹയരാർക്കിക്കൽ വളർച്ചയുടെ ഭാഗമായിരുന്നത്. തിരുവല്ലാ രൂപത വളരെ വിസ്തൃതമായിരുന്നതിനാൽ, മലബാർ പ്രദേശങ്ങളിൽ വേണ്ടത്ര ശ്രദ്ധിക്കാൻ സാധിച്ചില്ല. പുതിയ രൂപതാസ്ഥാപനത്തോടു കൂടി ഐക്യസന്ദേശം കുറേക്കൂടി സജീവമായി പ്രഘോഷിക്കാനുള്ള അവസരമുണ്ടായി. 1979 ഫെബ്രുവരി 2-ന് മാർ ബസേലിയോസ് പിതാവ് രൂപതാഭരണം ഏറ്റെടുത്തു. ദീർഘകാലം അവഗണിക്കപ്പെട്ടും ഒരു സഭയുടെയും ആത്മീയപരിചരണം ലഭിക്കാതെയും കിടന്ന് അവശത അനുഭവിച്ച വിശ്വാസികളുടെ പക്കലേക്ക് പിതാവ് കടന്നുചെന്നു. അദ്ദേഹം അവിടെ 17 വർഷം (1995 വരെ) പ്രവർത്തിച്ചു. അദ്ദേഹം സ്ഥലങ്ങൾ വാങ്ങി, പ്രാർഥനാലയങ്ങൾ പണി കഴിപ്പിച്ചു, തീക്ഷ്ണമതികളായ വൈദികരെ ചുമതല ഏൽപ്പിച്ചു. ഭൂമിശാസ്ത്രപരമായി ബത്തേരി രൂപത അന്ന് വളരെ വിസ്തൃതമായിരുന്നു. ഈയടുത്ത കാലത്ത് ബത്തേരിയിൽ നിന്ന് പുറ്റൂർ രൂപത തിരിഞ്ഞപ്പോൾ, വിസ്തൃതി അൽപ്പം കുറഞ്ഞിട്ടുണ്ട്. പിതാവ് പുൽപ്പള്ളിയിൽ ഒരു കോളേജ് വാങ്ങി. പല പുതിയ വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങി. പുതിയ പള്ളികളും മേടകളും പണിതു.



ഈ ലേഖകൻ 1978 ഡിസംബർ 19-ന് "മഹാനായ മാർ ബാബായിയുടെ ക്രിസ്തുശാസ്ത്രം"എന്ന തീസിസ് റോമിലെ അഗസ്തീനിയൻ ഇൻസ്റ്റിറ്റ്യൂട്ടിൽ സമർപ്പിച്ച് അവസാനപരീക്ഷ നടത്തി. അടുത്ത ദിവസം എന്റെ പട്ടത്തിന്റെ വാർഷികമായിരുന്നു. അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസിന്റെ പെരുന്നാളായ ഡിസംബർ 20-ന് ജോൺ പോൾ മാർപാപ്പായെ നേരിൽ കണ്ട് തീസിസിന്റെ ഒരു കോപ്പി സമർപ്പിച്ചു. ആ തീസിസ് ചരിത്രം സൃഷ്ടിച്ചു. നെസ്തോറിയൻ എന്നറിപ്പെടുന്ന സഭയുടെ ക്രിസ്തുശാസ്ത്രത്തിൽ നെസ്തോറിയനിസം എന്ന അബദ്ധോപദേശം ഇല്ലെന്ന കണ്ടുപിടുത്തം അവരുമായി ക്രിസ്തുശാസ്ത്രം സംബന്ധിച്ച് എഗ്രിമെന്റുണ്ടാക്കാൻ സഹായകമായി. 1979 മാർച്ച് 31-ന് റോമിൽ നിന്ന് ഞാൻ കേരളത്തിൽ തിരിച്ചെത്തി.

### 12) പുനരൈക്യ സുവർണ ജൂബിലി (1980)

കോട്ടയത്ത് നാഗമ്പടം മൈതാനിയിൽ വച്ച് 1980 ഡിസംബർ 26-28 തീയതികളിൽ പുനരൈക്യസുവർണജൂബിലി ആഘോഷം നടന്നു. ലോറൻസ് മാർ അപ്രേം മെത്രാനായി വാഴിക്കപ്പെട്ടത് ഈ സമയത്താണ്. ഈ സമ്മേളനാവസരം കുറേ ഡീക്കന്മാരെ വൈദികരുമാക്കി. കൽക്കട്ടായിലെ മദർ തെരേസാ, മാർപാപ്പായുടെ പ്രത്യേക പ്രതിനിധി കർദിനാൾ റൂബിൻ, മെൽക്കീത്താ കത്തോലിക്കാ പാത്രിയർക്കീസ് മാക്സിമുസ് അഞ്ചാമൻ, ഡൽഹിയിലെ പേപ്പൽ പ്രതിനിധി തുടങ്ങി ഒട്ടേറെ വിശിഷ്ട വ്യക്തികൾ സന്നിഹിതരായിരുന്നു. റോമുമായുള്ള കാനോനിക കൂട്ടായ്മയുടെ അർഥം കൂടുതൽ പ്രസ്പഷ്ടമാക്കാൻ ഈ ആഘോഷം ഒട്ടൊക്കെ സഹായിച്ചു.

### 13) മാർ ഈവാനിയോസിന്റെ 100-ാം ജന്മദിനം (1983)

മാർ ഈവാനിയോസ് പിതാവിന്റെ ജന്മസ്ഥലമായ മാവേലിക്കര വച്ച് അദ്ദേഹത്തിന്റെ 100-ാം ജന്മദിനം ആഘോഷിച്ചു. സമൂഹബലി, റാലി, പൊതു

സമ്മേളനം എന്നീ പരിപാടികൾ ഉണ്ടായിരുന്നു. മലങ്കര കുടുംബത്തിൽ പെട്ട വരെല്ലാം യോജിക്കണമെന്ന് എല്ലാ പ്രസംഗകരും ഊന്നിപ്പറഞ്ഞു.

### 14) ജോൺപോൾ മാർപാപ്പായുടെ ഭാരതസന്ദർശനം (1986)

ജോൺ പോൾ രണ്ടാമൻ മാർപാപ്പാ ഫെബ്രുവരി 8-നാണ് മലങ്കര സഭയിൽ സന്ദർശനം നടത്തിയത്. പട്ടം കത്തീഡ്രലിൽ അദ്ദേഹത്തിന് ഹൃദ്യമായ സ്വീകരണം നൽകി. പുനരൈക്യപ്രസ്ഥാനത്തെപ്പറ്റിയും മാർ ഈവാനിയോസ് പിതാവിനെ പറ്റിയും മലങ്കര കത്തോലിക്കാസഭയെ പറ്റിയും പട്ടത്തും ശംഖുമുഖത്തും വച്ച് അദ്ദേഹം പ്രസംഗിച്ചു.

### 15) മലങ്കര മേജർ സെമിനരി (1989)

സ്വന്തമായി ഒരു സെമിനരി ഉണ്ടാകുക മാർ ഈവാനിയോസ് പിതാവിന്റെ സ്വപ്നമായിരുന്നു. തന്റെ അപേക്ഷകളിലൊക്കെ അദ്ദേഹം ഈ കാര്യം റോമിനോട് ആവശ്യപ്പെട്ടിരുന്നു. സഭാപരവും ലിറ്റർജിക്കലും പൗരസ്ത്യവുമായ പരിശീലനത്തിന് സ്വന്തമായ സെമിനരി ആവശ്യമാണെന്ന് മെത്രാന്മാർ തിരിച്ചറിഞ്ഞു. കാലത്തിനൊത്ത നേതൃത്വം നൽകാൻ പറ്റിയ പരിശീലനമാണ് സെമിനരിയിൽ ലഭിക്കേണ്ടത്. 1983 ജൂൺ 29-ന് പരിമിതമായ സാഹചര്യങ്ങളിൽ പട്ടം സെന്റ് അലോഷ്യസ് സെമിനരിയോടനുബന്ധിച്ച് തത്വശാസ്ത്ര കോഴ്സുകൾ ആരംഭിച്ചു. 1984 സെപ്തംബർ 8-ന് റോമിന്റെ ഔദ്യോഗികാംഗീകാരം ലഭിച്ചു. 1989 മെയ് 25-ന് നാലാഞ്ചിറയിൽ തത്വശാസ്ത്ര വിഭാഗത്തിനുള്ള കെട്ടിടം കൂദാശ ചെയ്തു. പട്ടത്തെ സന്ദർനാവസരം ജോൺ പോൾ മാർപാപ്പാ 1986 ഫെബ്രൂവരി 8-ന് ദൈവശാസ്ത്ര വിഭാഗത്തിന്റെ അടിസ്ഥാനശില ആശീർവദിച്ചു.

ജോൺ പോൾ മാർപാപ്പാ മലങ്കര സെമിനരിയെപ്പറ്റി തന്റെ പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു:

"സഭാമാതാവായ മറിയത്തിനു സമർപ്പിച്ചിരിക്കുന്ന മേജർ സെമിനരി സ്ഥാപനം നിങ്ങളുടെ വളർച്ചയുടെ അടയാളമാണ്. കൂടുതൽ ഊർജസ്വലതയ്ക്കും കെട്ടുറപ്പിനും അതു വലിയ പ്രതീക്ഷ നൽകുന്നു."

നാലാഞ്ചിറ സെമിനരിയിൽ 1992-ൽ ദൈവശാസ്ത്ര ക്ലാസുകൾ ആരംഭിച്ചു. ചാപ്പലിന്റെ കൂദാശ 1996 ഫെബ്രുവരി 9-ന് നിർവഹിക്കപ്പെട്ടു. അവിടെ പഠിച്ച ആദ്യബാച്ചിലെ 30 പേരുടെ പട്ടം ആ വർഷം നടന്നു. സ്റ്റാഫ് ക്വാർട്ടേഴ്സ് 1998-ൽ പൂർത്തിയായി ജൂൺ 22-ന് കൂദാശ നടത്തി.

മലങ്കര കത്തോലിക്കാ വൈദികരെല്ലാം 1962 വരെ ലത്തീൻ സെമിനരികളിൽ പരിശീലനം ലഭിച്ചവരായിരുന്നു. 1962-മുതൽ കുറേപ്പേർ സിറോ-



മലബാർ സഭയുടെ വടവാതൂർ സെമിനരിയിൽ പരിശീലനം നേടി. ഈ ലേഖകൻ വടവാതൂർ സെമിനരിയിലെ രണ്ടാമത്തെ ബാച്ചിൽ പെട്ട വിദ്യാർഥി ആയിരുന്നു. ഏതാണ്ട് 50 വർഷത്തോളം മലങ്കര കത്തോലിക്കാ വൈദിക വിദ്യാർഥികളെ പരിശീലിപ്പിച്ച അധ്യാപകരോട് മലങ്കരസഭ എന്നും കടപ്പെട്ടിരിക്കുന്നു. വടവാതൂർ സെമിനരിയിൽ പൗരസ്ത്യവും സഭാപരവും ലിറ്റർജിക്കലുമായ പരിശീലനം നൽകാനുള്ള പരിശ്രമം നടന്നു. മിക്ക ലത്തീൻ സെമിനരികളിലും മുൻകാലങ്ങളിൽ പൗരസ്ത്യ ലിറ്റർജിക്കൽ പാരമ്പര്യവും പൗരസ്ത്യ സഭാചരിത്രവും പട്രിസ്റ്റിക്സും അവഗണിക്കപ്പെട്ടിരുന്നു. പൗരസ്ത്യ സംഗതികളെ കുറിച്ചുള്ള അറിവ് അക്കാലത്ത് തുലോം തുച്ഛമായിരുന്നു. ക്ലാസുകളൊക്കെ 1965 വരെ ലത്തീൻ ഭാഷയിലായിരുന്നു. യൂറോപ്പിൽ നിന്ന് ഇറക്കുമതി ചെയ്ത ലത്തീൻ പുസ്തകങ്ങളായിരുന്നു പാഠപുസ്തകങ്ങൾ. പലയിടങ്ങളിലും പരിശീലകർ യൂറോപ്യന്മാരായിരുന്നു. മിക്കയിടങ്ങളിലും രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം ഇവയ്ക്കൊക്കെ വലിയ മാറ്റം വന്നിട്ടുണ്ട്.

### 16) ബഥനിയുടെ സപ്തതി (1989)

മെത്രാൻ കക്ഷിയിലെ ഒരു വൈദികൻ എന്ന നിലയിൽ എം.എ.അച്ചൻ അഥവാ ഫാ.പി.റ്റി.ഗീവർഗീസ് 1919-ൽ പെരുനാട്ടിൽ ബഥനി സന്ന്യാസപ്രസ്ഥാനം ആരംഭിച്ചു. അതിന്റെ 70-ാം വാർഷികം കോട്ടയത്തുവച്ച് 1989-ൽ ആഘോഷിച്ചു. റോമൻ കത്തോലിക്കാ സഭയുമായുള്ള കാനോനിക കൂട്ടായ്മയ്ക്ക് വഴിയൊരുക്കിയത് ബഥനി സന്ന്യാസപ്രസ്ഥാനമാണ്. സഭൈക്യ പ്രവർത്തനങ്ങളിലും ക്രിസ്തുമതത്തിലേക്കുള്ള മാനസ്സാന്തര രാഗത്തും ഈ സന്ന്യാസ സമൂഹത്തിലെ അംഗങ്ങൾ സ്തുത്യർഹസേവനം അനുഷ്ഠിച്ചിരുന്നു. ഭാരതീയവും പൗരസ്ത്യവുമായ ജീവിതരീതിയാണ് ബഥനി സ്വീകരിച്ചിട്ടുള്ളത്. ലളിതജീവിതം, ആഴമായ പ്രാർഥനാജീവിതം, തീക്ഷ്ണമായ മിഷൻ പ്രവർത്തനം എന്നിവ ബഥനിയുടെ മുഖമുദ്രയായിരുന്നു. ബഥനി സന്ന്യാസികൾ മലങ്കരസഭയുടെ വിവിധ ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്നു. എന്നാൽ സ്ഥാപനങ്ങളിൽ സേവനം ചെയ്യുന്നവർക്ക് ഇടവക കാര്യങ്ങളിൽ അവർ ആഗ്രഹിക്കുന്ന രീതിയിൽ ശ്രദ്ധിക്കാൻ സാധിക്കുന്നില്ലെന്ന് ചിലരെങ്കിലും ഇപ്പോൾ പരിതപിക്കാറുണ്ട്. അതായത് സ്ഥാപനങ്ങൾ ഇല്ലാതിരുന്ന കാലത്തെ ആദ്യകാല സന്ന്യാസികളെപ്പോലെ ഇടവകകളിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താനും അജപാലനം നടത്താനും സമയവും സാവകാശവും ഇപ്പോൾ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പലർക്കും സാധിക്കുന്നില്ല. ബ. സിറിലച്ചൻ സുപ്പീരിയർ ജനറൽ ആയ ശേഷമാണ് ബഥനി സന്ന്യാസികൾ സ്ഥാപനമേഖലകളിലേക്ക് കൂടുതലായി കടന്നു ചെല്ലാൻ തുടങ്ങിയത്. സഭയിലും ലോകത്തിലും ഉണ്ടായിട്ടുള്ള മാറ്റങ്ങൾ

കണക്കിലെടുത്ത്, മാർ ഈവാനിയോസ് പിതാവിന്റെ ദർശനം കൈവിടാതെ സഭയ്ക്കും നാടിനും നന്മ ചെയ്യാൻ ബഥനി സന്ന്യാസികൾ പരിശ്രമിക്കുന്നു. ഒരു പുനരർപ്പണത്തിന്റെ അവസരമായിരുന്നു സപ്തതി ആഘോഷം.

### 17) കാതലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇൻഡ്യ

കാതലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇൻഡ്യാ (സി.ബി.സി.ഐ.) രൂപീകൃതമായത് 1947-ലാണ്. കൗൺസിലിനുശേഷം അതിന്റെ ഘടനയെപ്പറ്റി നീണ്ട ചർച്ചനടന്നു. ഇൻഡ്യയിൽ മൂന്നു വ്യക്തിഗത സഭകൾ ഉള്ളതിനാൽ, മൂന്നു കോൺഫറൻസുകൾ - സിറോ-മലബാർ ബിഷപ്സ് സിനഡ്, മലങ്കര കത്തോലിക്കാ ബിഷപ്സ് സിനഡ്, ലത്തീൻ ബിഷപ്സ് കോൺഫറൻസ് - ഉണ്ടാക്കാനും കാതലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇൻഡ്യ (സി.ബി.സി.ഐ.) ഇപ്പോഴുള്ളതു പോലെ നിലനിർത്താനും തീരുമാനിച്ചു. കാതലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇൻഡ്യ (സി.ബി.സി.ഐ. ) പൊതു താൽപര്യമുള്ള ദേശീയ പ്രശ്നങ്ങളും കാര്യങ്ങളും മാത്രം കൈകാര്യം ചെയ്താൽ മതി, എന്നാൽ അതിന്റെ തീരുമാനങ്ങൾക്ക് നിയമപ്രാബല്യം ഉണ്ടായിരിക്കുന്നതല്ല എന്നും കാതലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇൻഡ്യയിലെ (സി.ബി.സി.ഐ.) സ്ഥാനങ്ങൾ മൂന്നു സഭകൾക്കും മാറി മാറി ലഭിക്കത്തക്കവിധം ക്രമീകരിക്കണമെന്നും തീരുമാനിച്ചു. 1988-ൽ മാർ ഗ്രിഗോറിയോസ് പിതാവ് അതിന്റെ പ്രസിഡന്റായിരുന്നു. സിറിൽ മാർ ബസേലിയോസ് 2003-ൽ അതിന്റെ പ്രസിഡന്റായി.

### 18) പുനരൈക്യത്തിന്റെ 60-ാം വാർഷികം (1990)

ഈ വാർഷികം ബത്തേരിയിൽ വച്ചാണ് നടത്തപ്പെട്ടത്. പുനരൈക്യ സന്ദേശം ബത്തേരി പ്രദേശത്ത് ശക്തമായി അവതരിപ്പിക്കാൻ ഈ മീറ്റിംഗ് കുറെയൊക്കെ സഹായിച്ചു. മലബാർ പ്രദേശത്തെ എപ്പിസ്കോപ്പൽ സഭകളുടെ അധ്യക്ഷന്മാർ കൂടെക്കൂടെ ഒന്നിച്ചു കൂടാറുണ്ട്. പള്ളികളെയും പള്ളി സ്വത്തുക്കളെയും സംബന്ധിച്ച് യാക്കോബായാ-ഓർത്തഡോക്സ് സഭകൾ തമ്മിലുള്ള തർക്കങ്ങൾ അവിടെ കുറവാണ്. തങ്ങളെല്ലാം കുടിയേറ്റക്കാരാണെന്നും പാവപ്പെട്ടവരുടെ ഇടയിൽ പാർക്കുന്നവരാണെന്നും മനസ്സിലാക്കി, അവർ വളരെ വിശാലഹൃദയത്തോടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നു.

### 19) കൊല്ലം ജൂബിലി (1992)

പുനരൈക്യപ്രസ്ഥാനത്തിന്റെ 62-ാം വാർഷികവും ഹയരാർക്കി സ്ഥാപനത്തിന്റെ 60-ാം വാർഷകവും ഒന്നിച്ച് കൊല്ലത്തു വച്ച് ആഘോഷിച്ചു. 1930-ലെ പുനരൈക്യവുമായി ബന്ധപ്പെട്ട വ്യക്തികളെ പ്രത്യേകമായി ഓർക്കുന്നതിനും കൊല്ലം രൂപത ചെയ്തുതന്ന സഹായങ്ങൾക്ക് ഒരിക്കൽ കൂടി ഔദ്യോഗികമായി നന്ദി പറയുന്നതിനുമുള്ള അവസരമായിരുന്നു അത്. മാർ ഈവാനിയോസ് പിതാവിനെ കത്തോലിക്കാ സഭയിലേക്ക് സ്വീകരിച്ച ചാപ്പലിൽ പുനരൈക്യസംഭവം വിശദമായി വിവരിച്ചു കൊണ്ട് ഒരു ഫലകം ബിഷപ്പ് സ്റ്റാൻലി റോമൻ സ്ഥാപിച്ചു. സി.എം.ജോർജച്ചൻ ഈ സംരംഭത്തിനു പിന്നിൽ നിന്നു പ്രവർത്തിച്ചു. കൊല്ലത്ത് കടപ്പാക്കട മലങ്കര കത്തോലിക്കാ സഭയുടെ ഒരു ഇടവകയും ഒരു മരിയൻ തീർഥാടനകേന്ദ്രവുമുണ്ട്.



### 20) പൗരസ്ത്യ കാനൻ നിയമം (1990)

പൗരസ്ത്യ കത്തോലിക്കാ സഭയുടെ പുതിയ കാനൻ നിയമം 1990 ഒക്ടോബറിൽ പ്രസിദ്ധീകരിച്ചു. അടിസ്ഥാനപരമായി ഈ നിയമസംഹിത ലത്തീൻ മനോഭാവമാണ് പ്രകടമാക്കുക. എല്ലാ പൗരസ്ത്യസഭകൾക്കും വേണ്ടി പൊതുവായി ചില സംഗതികൾ നൽകാനേ സാധിക്കുകയുള്ളല്ലോ. കാരണം, അത്രമാത്രം സാംസ്ക്കാരിക, രാഷ്ട്രീയ, സാമുഹ്യ വൈവിധ്യത്തിലാണ് പൗരസ്ത്യസഭകൾ ജീവിക്കുക. അതുകൊണ്ട് ഈ സംഹിതയ്ക്ക് പുറമേ ഓരോ വ്യക്തിഗതസഭയും തങ്ങളുടെ സ്വന്തം സംഹിത ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഇപ്പോഴും മിക്ക പൗരസ്ത സഭകളുടെയും ഗണ്യമായ ഭാഗം റോമൻ കൂട്ടായ്മയിൽ എത്തിച്ചേർന്നിട്ടില്ലാത്തതിനാൽ, വിശാലമായ ഐക്യം ഉണ്ടാകുമ്പോൾ, പുതിയൊരു നിയമസംഹിത രൂപപ്പെടേണ്ടതായിട്ടുണ്ട്. സിറോ-മലബാർ സഭയും മലങ്കര കത്തോലിക്കാ സഭയും തങ്ങളുടെ സ്വന്തമായ നിയമങ്ങൾ ക്രോഡീകരിച്ച് റോമിന്റെ സമ്മതത്തോടെ നടപ്പാക്കിക്കഴിഞ്ഞു. *കാതോലിക്കോസ്* എന്ന സംജ്ഞ മലങ്കര കത്തോലിക്കാ സഭയുടെ പ്രത്യേക നിയമത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് മലങ്കര മേജർ ആർച്ചുബിഷപ്പ് അത് ഉപയോഗിക്കുന്നത് നൈയാമികമാണ്.

---

എസ്.കാഞ്ഞിരമുകളിൽ, *പുനരൈക്യരേഖകൾ*,കോട്ടയം, 1999.

*Acta Synodalia Sacrosancti Concilii Oecumenici Vaticani Secundi*,3/5, Vatican, 1975.

G. Chediath-T.Vellilamthadam,*Ecumenism in Danger*,Kottayam, 1986.

C.A.Abraham, *A Matter of Rite*,Trivandrum,s.d.

N.A.Thomas, *One Territory-One Bishop?or Shall the Syrian Rites Die?*, Changanacherry, 1971.

# 21

# ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് (1916-1994)

മലങ്കര കത്തോലിക്കാസഭയുടെ 1930 മുതലുള്ള 83 വർഷത്തെ ചരിത്രത്തിൽ 41 വർഷം നേതൃത്വം നൽകിയത് ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവാണ്. ദൈവം അദ്ദേഹത്തിന് നല്ല ആരോഗ്യവും നേതൃത്വഗുണങ്ങളും പ്രവർത്തനങ്ങളിലെല്ലാം സമൃദ്ധമായ കൃപയും സഭാവളർച്ചയുടെ അവസരം അതിനെ നയിക്കാനുള്ള കഴിവും നൽകി.

ഈ നാടിനു പൊതുവെയും മലങ്കരസഭയ്ക്ക് പ്രത്യേകമായും 20-ാം നൂറ്റാണ്ടിലെ മഹാദാനമായിരുന്നു ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്. "ഓരോ തലമുറയിലും തനിക്ക് ഇഷ്ടമുള്ളവരെ തെരഞ്ഞെടുക്കുകയും അവരെ വെളിപ്പെടുത്തുകയും വിശുദ്ധരുടെ സേവനത്തിന് അവരെ ഉപയോഗപ്പെടുത്തുകയും ചെയ്യുന്ന ദൈവം വാഴ്ത്തപ്പെട്ടവനാകുന്നു" എന്ന് വി. ബേസിൽ ഒരു കത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ, ദൈവം മാർ ഗ്രിഗോറിയോസ് പിതാവിനെ തെരഞ്ഞെടുക്കുകയും മാർ ഈവാനിയോസിന് വെളിപ്പെടുത്തുകയും ചെയ്തു. ഈ കാലഘട്ടത്തിൽ തന്റെ ജനത്തിനുവേണ്ടി ദൈവം ഒരുക്കിയ അമൂല്യദാനത്തെ കണ്ടെത്തി എന്നത് മാർ ഈവാനിയോസ് പിതാവിന്റെ ഒരു വലിയ നേട്ടമാണ്.

## ജീവചരിത്രം

മലങ്കര യാക്കോബായാ സഭയിലാണ് ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് ജനിച്ചതും വളർന്നതും. മാമോദീസാപ്പേര് വർഗീസ് എന്നായിരുന്നു. ദൈവം ബാലനെ ബഥനിയുമായി അടുപ്പിച്ചു. മാർ ഈവാനിയോസിന്റെ വ്യക്തിത്വം അദ്ദേഹത്തെ വശീകരിച്ചു. സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞപ്പോൾ, കത്തോലിക്കാ സഭയിൽ ചേർന്ന് ബഥനി സന്ന്യാസ സമൂഹത്തിലെത്തി. ബഥനി രീതി അനുസരിച്ച് ബനഡിക്ട് എന്ന് പേരു മാറ്റി. പ്രാഥമിക സന്ന്യാസ പരിശീലനത്തിനു ശേഷം വൈദിക പരിശീലനത്തിനായി



ശ്രീലങ്കയിലെ കാൻഡി സെമിനരിയിലേക്ക് ബനഡിക്ട് അയക്കപ്പെട്ടു. അദ്ദേഹം 1944-ൽ ബഥനി സന്ന്യാസ വൈദികനായി. തിരുവനന്തപുരത്തെത്തി, മൈനർ സെമിനരിയിൽ കുറേനാൾ സുറിയാനി പഠിപ്പിച്ചു. ഉപരിപഠനത്തിന് 1946-ൽ തൃശ്ശിനാപ്പള്ളിയിൽ പോയി. പ്രശസ്തമാംവിധം പഠനം (B.A.Hons) പൂർത്തിയാക്കി 1949-ൽ തിരികെ എത്തിയ ഉടനെ മാർ ഈവാനിയോസ് കോളേജിന്റെ പ്രിൻസിപ്പലായി നിയമിച്ചു. 1952-ൽ ബിഷപ്പായി നിയമിതനായി. ഗ്രിഗോറിയോസ് എന്ന പേരിൽ 1953-ൽ പട്ടത്തുവച്ച് മെത്രാനായി അഭിഷിക്തനായി. മാർ ഈവാനിയോസ് പിതാവ് മരിച്ചപ്പോൾ (1953) ആദ്യം അഡ്മിനിസ്ട്രേറ്ററായും തിരുവല്ലായിലെ ആർച്ചുബിഷപ്പ് മാർ സേവേറിയോസിന്റെ മരണശേഷം 1955-ൽ ആർച്ചുബിഷപ്പായും നിയമിതനായി. രണ്ടാം വത്തിക്കാൻ എക്യുമെനിക്കൽ കൗൺസിലിന്റെ (1962-1965) എല്ലാ സെഷനുകളിലും വോട്ടവകാശത്തോടുകൂടെ പങ്കെടുത്തു. തിരുവനന്തപുരം പൗരാവലി 1976-ൽ അദ്ദേഹത്തിന്റെ 60-ാം ജന്മദിനം സമുചിതമായി ആഘോഷിച്ചു. മരണത്തിന് തൊട്ടുമുമ്പ് (1994) വൈദികപട്ടത്തിന്റെ 50-ാം വാർഷികവും ആഘോഷിച്ചു.

## ജനങ്ങളുടെ ആർച്ചുബിഷപ്പ്

നിരവധി തലങ്ങളിൽ താൽപ്പര്യപൂർവം അദ്ദേഹം ചെയ്ത ജോലിയുടെ വ്യാപ്തി പരിശോധിച്ചാൽ നാം അത്ഭുതസ്തബ്ധരാകും. കേരളത്തിലും ലോകത്തിന്റെ പല ഭാഗങ്ങളിലും ചിന്നിച്ചിതറിക്കിടക്കുന്ന ഒരു ചെറിയ ക്രിസ്തീയ സമൂഹത്തിന്റെ മെത്രാനും സന്ന്യാസിയുമായിരുന്നു അദ്ദേഹം. ഏതാണ്ട് അഞ്ചു ലക്ഷത്തിൽ താഴെ മാത്രം വിശ്വാസികളേ അദ്ദേഹത്തിന്റെ കീഴിൽ ഉണ്ടായിരുന്നുള്ളു. എന്നാൽ അദ്ദേഹത്തിന്റെ പ്രധാനാചാര്യ ശുശ്രൂഷയുടെ അന്ത്യത്തോടുകൂടി തിരുവനന്തപുരത്തുള്ള സർവജാതി മതസ്തരുടെയും മനസ്സിലും ഹൃദയത്തിലും അദ്ദേഹം നിറഞ്ഞുനിന്നു. കേരളത്തിനകത്തും ഇൻഡ്യയിൽ ഉടനീളവും അദ്ദേഹം അറിയപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്തിരുന്നു. മാർ ഈവാനിയോസിനെ അപമാനിച്ച് ചുരുണ്ടുകിടക്കാൻ ഇടമില്ലാതെ കെട്ടുകെട്ടിക്കാൻ സി.പി. രാമസ്വാമി അരയും തലയും മുറുക്കി രംഗത്തിറങ്ങി. എന്നാൽ അദ്ദേഹത്തിന്റെ പിൻഗാമി പതിനായിരക്കണക്കിന് തിരുവനന്തപുരം നിവാസികളുടെ ഹൃദയത്തിൽ ഇടം കണ്ടെത്തി. അദ്ദേഹം പാവങ്ങളുടെ പക്ഷം ചേർന്നു. അവരുടെ പ്രശ്നങ്ങളിൽ സജീവമായി ഇടപെട്ടു. വിഭാഗീയതയോ, വർഗീയതയോ അദ്ദേഹത്തിന്റെ ചിന്തയിൽ പോലും ഇല്ലായിരുന്നു. അദ്ദേഹം എല്ലാവരെയും സ്നേഹിച്ചു; എല്ലാവരും അദ്ദേഹത്തെയും. മതമോ, സമൂഹത്തിലെ നില

യോ, രാഷ്ട്രീയ നിലപാടോ, സ്ഥാനമോ ഒന്നും നോക്കാതെ അദ്ദേഹം എല്ലാവർക്കുമായി തന്റെ വാതിൽ എപ്പോഴും തുറന്നിട്ടിരുന്നു. തന്റെ സ്വന്തം സമൂഹത്തിന്റെ എന്നതിനേക്കാൾ അദ്ദേഹം പൊതുജനത്തിന്റെ മെത്രാനായിരുന്നു എന്ന് ഒട്ടും അതിശയോക്തി കൂടാതെ പറയാൻ കഴിയും.

## എല്ലായിടത്തും സ്വീകാര്യൻ

എല്ലാ വിഭാഗത്തിൽ പെട്ടവരുമായും എല്ലാ പ്രായത്തിലുള്ളവരുമായും ഇടപഴകാൻ അദ്ദേഹത്തിന് യാതൊരു ബുദ്ധിമുട്ടുമില്ലായിരുന്നു. എസ്.എൻ.ഡി.പി., എൻ.എസ്.എസ്., മുസ്ലീം സമുദായങ്ങളുടെ യോഗങ്ങളിലൊക്കെ അദ്ദേഹം പങ്കെടുത്തു. ക്രിസ്തീയ മെത്രാന്മാരുടെ ഇടയിലും ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തല ഉയർത്തി നിന്നു. കോളേജു യുവാക്കളുടെ പരിപാടികളിലും അദ്ദേഹം പങ്കെടുത്തിരുന്നു. സംഘട്ടനങ്ങൾ ഉണ്ടാകുന്നിടത്ത് ആദ്യമെത്തുന്നതും സാന്ത്വനപ്പെടുത്തുന്നതും സമാധാനം പുനഃസ്ഥാപിക്കാൻ പരിശ്രമിക്കുന്നതും അദ്ദേഹമായിരുന്നു. അദ്ദേഹം ആരെയും ഭയപ്പെട്ടില്ല, ഒന്നിനെയും ഭയപ്പെട്ടില്ല. എല്ലായിടത്തും അദ്ദേഹത്തിന് കയറിച്ചെല്ലാമായിരുന്നു.

## മെത്രാൻ സ്ഥാനത്തിന് പുതിയ മുഖം

ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസിൽ നിന്ന് നിരന്തരം മഹത്വകിരണം പ്രസരിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ഉള്ളിലെ ദൈവാത്മാവിന്റെ കിരണമായിരുന്നു അത്. ക്രിസ്തീയ മെത്രാൻ സ്ഥാനത്തിന് അദ്ദേഹം ഇക്കാലത്ത് പുതുമുഖം നൽകി. അദ്ദേഹം തന്റെ സഹപ്രവർത്തകരേക്കാൾ ഒരു കാതം മുമ്പിലായിരുന്നു. പലർക്കും അദ്ദേഹത്തോടൊപ്പം ഓടാൻ കഴിഞ്ഞില്ല. ചിലർ ചിലപ്പോഴെങ്കിലും അദ്ദേഹത്തെ തെറ്റിദ്ധരിക്കുകയും ചെയ്തു. എന്നാൽ ദൈവാത്മാവാണ് തന്നെ നയിക്കുന്നതെന്ന് അദ്ദേഹം ഉറച്ചുവിശ്വസിച്ചു. അദ്ദേഹത്തെയും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെയും വിലയിരുത്താൻ അദ്ദേഹത്തെ പോലെയുള്ളവർക്കേ കഴിഞ്ഞിരുന്നുള്ളു. കുലീനവും സ്വാർഥരഹിതവും ദൈവസമർപ്പിതവുമായ ആത്മാവായിരുന്നു അദ്ദേഹത്തിന്റേത്. അദ്ദേഹം പാവപ്പെട്ടവർക്കുവേണ്ടി തുടങ്ങിയ പല പ്രോജക്ടുകളും അദ്ദേഹത്തിന്റെ മരണാനന്തരം നിന്നുപോയി, അല്ലെങ്കിൽ ഭാഗികമായി മാത്രമേ വിജയത്തിൽ എത്തിയുള്ളു. ദരിദ്രരെ ഉന്നം വച്ചുകൊണ്ടുള്ള ഈ പ്രോജക്ടുകൾ നടപ്പിലാക്കിയവരുടെ പിടിപ്പുകേടു കൊണ്ടാണ് അങ്ങനെ സംഭവിച്ചത്. അദ്ദേഹത്തിന്റെ പദ്ധതികൾ തന്റെ സ്വന്തം ജനത്തിനു മാത്രമായിരുന്നില്ല, പിന്നെയോ, എല്ലാവർക്കും വേണ്ടിയുള്ളതായിരുന്നു. കഴുകനെപ്പോലെ ഉന്നതവിഹായസ്സിൽ ചരിച്ചപ്പോഴും, താഴെ ദരിദ്രാവസ്ഥയിൽ കഴിയുന്നവരെ കാണാൻ അദ്ദേഹത്തിനു കഴിഞ്ഞു.



## പ്രസംഗങ്ങൾ

ധനികരുമായും ദരിദ്രരുമായും, വളരെ സാധാരണക്കാരുമായും പണ്ഡിതരുമായും, യൂണിവേഴ്സിറ്റി വിദ്യാർഥികളുമായും കർഷകരുമായും, മതനേതാക്കന്മാരുമായും രാഷ്ട്രീയ നേതാക്കന്മാരുമായും, ദൈവവിശ്വാസികളുമായും നിരീശ്വരന്മാരുമായും ചേർന്നുപോകാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഉന്നതമായ ആധ്യാത്മികാശയങ്ങൾ സാധാരണക്കാരുടെ ഭാഷയിൽ അവതരിപ്പിക്കാനുള്ള അസാധാരണ കഴിവ് അദ്ദേഹത്തിന് ഉണ്ടായിരുന്നു. നീണ്ട പ്രസംഗമായാൽ പോലും ബോറടിക്കുന്ന പ്രതീതി ഒരിക്കലും ഉണ്ടായിട്ടില്ല.

ഉന്നതാശയങ്ങൾ സാധാരണക്കാരുടെ അനുദിന സാഹചര്യങ്ങളുമായി കൂട്ടിക്കലർത്തി അവതരിപ്പിച്ചിരുന്നു. ആത്മീയതയിൽ തുടങ്ങി, ഭൗതികതയിലേക്ക് താണിറങ്ങുകയും അവിടെ നിന്ന് ശ്രോതാക്കളെ വീണ്ടും ആത്മീയതയിലേക്ക് ഉയർത്തുകയും ചെയ്തിരുന്നു. ത്രിത്വത്തിൽ തുടങ്ങി, പെട്ടെന്ന് മനുഷ്യവതാരത്തിലേക്കും ഭൗമിക പൗരോഹിത്യത്തിലേക്കും താണിറങ്ങിയിട്ട്, സാധാരണക്കാരന്റെ കുടിലിൽ വൈദികർ നടത്തേണ്ട സന്ദർശനം കൊണ്ട് അവസാനിപ്പിക്കുമായിരുന്നു. കൃഷിയെപ്പറ്റിയും കൃഷിസ്ഥലങ്ങളെപ്പറ്റിയും അനുദിന പ്രവർത്തനങ്ങളെ പറ്റിയും കഠിനാധ്വാനത്തെപ്പറ്റിയും രോഗത്തെയും വേദനയെയും വിശപ്പിനെയും പറ്റിയും സാധാരണക്കാരോട് സംസാരിച്ചിട്ട്, രക്ഷകന്റെ കുരിശിലേക്ക് അവരെ ഉയർത്തുകയും നമുക്കു വേണ്ടി മാധ്യസ്ഥ്യം വഹിക്കുന്ന മഹത്വപൂർണനായ പുത്രന്റെ സ്വർഗാധി സ്വർഗത്തിലേക്ക് അവസാനം അവരെ എത്തിക്കുകയും ചെയ്തിരുന്നു. പെട്ടെന്ന് അദ്ദേഹം പള്ളിയിലേക്ക് താണിറങ്ങി വന്ന് അവിടെ കുർബാനയിൽ സന്നിഹിതനായിരിക്കുന്ന കർത്താവിൽ ജനത്തെ എത്തിക്കുന്നു. അവിടെ നിന്ന് പുറത്തേക്കു കടന്ന് ഓരോ വ്യക്തിയിലും, പ്രത്യേകിച്ച് വേദനിക്കുന്നവരിലും ആവശ്യക്കാരിലും ദരിദ്രരിലും പ്രതിസന്ധിയിൽ കഴിയുന്നവരിലും രക്ഷകനെ കണ്ടെത്താൻ അവരെ നയിക്കുന്നു.

## ഒരു പ്രകാശഗോപുരം

അടുത്തും അകലെയുമുള്ളവരെ പ്രകാശിപ്പിച്ചുകൊണ്ട് ഉയർന്നു നിൽക്കുന്ന പ്രകാശഗോപുരം പോലെ ആയിരുന്നു ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് . അദ്ദേഹം ക്രിസ്ത്യാനികളുടെ ഇടയിൽ എക്യുമെനിക്കൽ അരൂപി വളർത്തി. ഇൻഡ്യാ മഹാരാജ്യത്ത് ഒന്നിച്ചുനിന്ന് ഏകസ്വരത്തിൽ ക്രിസ്തുവിന്റെ സ്നേഹസന്ദേശത്തിന് സാക്ഷ്യം വഹിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു.

"നമുക്ക് ആരെയും മാനസ്സാന്തരപ്പെടുത്താനാവില്ല, നാം ആരെയും മാന സ്സാന്തരപ്പെടുത്തുന്നുമില്ല. ഹൃദയത്തിനും മനസ്സിനും പരിവർത്തനം വരുത്തുന്ന കൃപ നൽകാൻ ദൈവത്തിനു മാത്രമേ കഴിയൂ. എല്ലാവരോടും നാം സുവിശേഷം, സ്നേഹസുവിശേഷം, രക്ഷയുടെ സുവിശേഷം, പ്രഘോഷിക്കുന്നു. അതിന് നമ്മുടെ രക്ഷകൻ നമുക്ക് കൽപ്പന തന്നിരിക്കുന്നു. അത് അനുസരിക്കാതിരിക്കാൻ നമുക്കാവില്ല. നാം രക്ഷകനെ പ്രഘോഷിച്ചേ മതിയാവൂ. അവിടുന്ന് വെളിച്ചമാണ്. നാം അവനിൽ നിന്ന് വെളിച്ചം സ്വീകരിച്ചിരിക്കുന്നു. അതുകൊണ്ട്, നാം ലോകദീപമണ്. ദീപത്തിന് പ്രകാശിക്കാതിരിക്കാൻ സാധ്യമല്ല. നാം യഥാർഥ ദീപമായി പ്രകാശിച്ചാൽ, ജനങ്ങൾ നിശ്ചയമായും ഇരുട്ടിൽ നടക്കുകയില്ല. മനുഷ്യരക്ഷയ്ക്കായി എത്തിയ ദൈവപുത്രനായ മിശിഹായെ തള്ളിപ്പറയാൻ ആർക്കു കഴിയും?"എന്ന് അദ്ദേഹം പറയുമായിരുന്നു.

മനുഷ്യരുടെ നന്മയിൽ അദ്ദേഹം വിശ്വസിച്ചിരുന്നു. ഇൻഡ്യൻ ജനത ക്രിസ്തുവിന് എതിരല്ലെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചിരുന്നു. ക്രിസ്തുവിന് സാക്ഷ്യം വഹിക്കാൻ വിളിക്കപ്പെട്ട ക്രിസ്ത്യാനികൾ വേണ്ടവിധം ദൗത്യം നിറവേറ്റുന്നില്ലെന്ന് അദ്ദേഹം പരിതപിക്കുമായിരുന്നു. ക്രിസ്തുവിനോടുള്ള വിരോധമല്ല, ക്രിസ്ത്യാനികളുടെ ക്രൈസ്തവ വിരുദ്ധ നിലപാടുകളാണ് സദ്വാർത്തയുടെ പ്രചരണത്തിന് തടസ്സം നിൽക്കുന്നത്.

## അദ്ദേഹത്തിന്റെ ആദർശവാക്യം

*സ്നേഹം മമ ദീപം* എന്നതായിരുന്നു അദ്ദേഹത്തിന്റെ ആദർശവാക്യം. ജാതിയോ, മതമോ നോക്കാതെ സകലരെയും സ്നേഹിക്കാൻ ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസിനു കഴിയുമെന്ന് ഈ നാട്ടിലെ ജനങ്ങളെല്ലാം സാക്ഷ്യം വഹിക്കും. അദ്ദേഹം സ്നേഹനിധിയായിരുന്നു. കർതൃസ്നേഹം തന്റെ ജീവിതത്തിലൂടെ അദ്ദേഹം കാട്ടിക്കൊടുത്തു. സകലരും ദൈവമക്കളാണെന്ന് അദ്ദേഹം വിശ്വസിച്ചു. എല്ലാവരും ദാരിദ്ര്യത്തിൽ നിന്ന് വിമുക്തരാകണമെന്നും ആഗ്രഹിച്ചു. എല്ലാവർക്കും മെച്ചപ്പെട്ട ജീവിതസൗകര്യം ഉണ്ടാകണം, മെത്രാന്മാർ തങ്ങളുടെ രൂപതയിലെ വിശ്വാസികളുടെ കാര്യങ്ങളിൽ മാത്രം ശ്രദ്ധിച്ചാൽ പോരാ, പിന്നെയോ, രൂപതാതിർത്തിയിലുള്ള എല്ലാവരിലും ശ്രദ്ധ പതിപ്പിക്കണമെന്ന കൗൺസിൽ പ്രബോധനം പ്രായോഗികമാക്കാൻ അദ്ദേഹം ശ്രദ്ധിച്ചു.

മെത്രാൻ ആത്മീയതലം മാത്രം ശ്രദ്ധിച്ചാൽ പോരാ, പിന്നെയോ, ആ പ്രദേശത്തെ മനുഷ്യരുടെ സമഗ്രവിമോചനവും വികസനവും ലക്ഷ്യം വയ്ക്കണം. അദ്ദേഹം ദൈവത്തെയും ദൈവമക്കളെയും സ്നേഹിച്ചു. "ഈ ദരിദ്രർക്കുവേണ്ടി അങ്ങെന്തിന് ഇങ്ങനെ കഷ്ടപ്പെട്ട് പണിയെടുക്കുന്നു"



എന്ന് ഒരിക്കൽ ഒരു സ്നേഹിതൻ ചോദിച്ചപ്പോൾ, അടുത്തുള്ള ദൈവാലയത്തിന്റെ മുകളിലുള്ള ക്രിസ്തുവിന്റെ രൂപത്തിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് ഇപ്രകാരം പറഞ്ഞു: "ഞാൻ ആ ആളിനു വേണ്ടി ജോലി ചെയ്യുന്നു, ഞാൻ ആ ആളിനു വേണ്ടി ജീവിക്കുന്നു, ആ ആളിന്റെ നാമത്തിൽ എല്ലാം ചെയ്യുന്നു." "ഇത്രമാത്രം കരുണയും സഹിഷ്ണതയും ദരിദ്രരോട് സ്നേഹവുമുള്ള ഒരു മതനേതാവിനെ എന്റെ ജീവിതത്തിൽ ഞാൻ ഒരിക്കലും കണ്ടുമുട്ടിയിട്ടില്ല" എന്നാണ് കേരളാ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ആയിരുന്ന ഡോ. എൻ. ഏ. കരീമിന്റെ കമന്റ്.

## പ്രകൃതിസ്നേഹി

ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് ദൈവത്തെ സ്നേഹിച്ചതിനാൽ, ദൈവമക്കളെയും അവർക്കുവേണ്ടി ദൈവം സൃഷ്ടിച്ച പ്രകൃതിയെയും സ്നേഹിച്ചു. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ"എന്ന കർതൃവചനം പ്രായോഗികമാക്കാൻ അദ്ദേഹം യത്നിച്ചു. അദ്ദേഹം അത് മൃഗങ്ങളോടും സസ്യങ്ങളോടും ദൃശ്യാദൃശ്യ ലോകത്തോടും കാട്ടി. ദരിദ്രരോടുള്ള സ്നേഹമാണ് അദ്ദേഹത്തിന്റെ സാമൂഹ്യപ്രവർത്തനങ്ങളെ നയിച്ചത്. അതിനാണ് പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തത്. നാലാഞ്ചിറയിലെ ഗാർമെന്റ്സ് ഫാക്ടറി, ഒരു കയർ ഫാക്ടറി, തോട്ടപ്പള്ളിയിലെ മീൻപിടുത്തകേന്ദ്രം, ചെറുതും വലുതുമായ മറ്റ് നിരവധി പ്രോജക്ടുകൾക്കെല്ലാം ഈ ലക്ഷ്യമായിരുന്നു. കൃഷിയോട് അദ്ദേഹത്തിന് സ്വാഭാവിക താൽപ്പര്യം ഉണ്ടായിരുന്നു. പല കൃഷി വിദഗ്ദ്ധരും ശാസ്ത്രജ്ഞന്മാരും അദ്ദേഹത്തിന്റെ സ്നേഹിതരായിരുന്നു.

## കഠിനാദ്ധ്വാനത്തിന്റെ മഹനീയമാതൃക

കഠിനാദ്ധ്വാനത്തിന് അദ്ദേഹം ജനങ്ങളെ ആഹ്വാനം ചെയ്തു. പഠനത്തിൽ സമസ്ത ശ്രദ്ധയും കേന്ദ്രീകരിക്കാൻ സ്കൂൾ കുട്ടികളെയും കോളേജ് വിദ്യാർഥികളെയും ഉപദേശിച്ചു. ജനജീവിതം സ്തംഭിപ്പിക്കുന്ന സ്ട്രൈക്കുകളും ബന്ദുകളും ഹർത്താലുകളും അദ്ദേഹം ഒട്ടും ഇഷ്ടപ്പെട്ടില്ല. രാഷ്ട്രീയക്കാർ രാഷ്ട്രീയം കൊണ്ട് കലാലയാന്തരീക്ഷം കലുഷിതമാക്കുന്നതും കുട്ടികളെ തെരുവിൽ ഇറക്കുന്നതും പൊതുമുതൽ നശിപ്പിക്കുന്നതും അദ്ദേഹം ശക്തിയായി നിരാകരിച്ചു. ഇവ അവസാനിപ്പിക്കാതെ നമ്മുടെ നാട് പുരോഗമിക്കയില്ലെന്ന് അദ്ദേഹം പറയുമായിരുന്നു. തൊഴിലാളികളുടെ അവകാശത്തിനുവേണ്ടി അദ്ദേഹം നിലകൊണ്ടു. എന്നാൽ ജോലി ചെയ്യാതെ നോക്കുകൂലി വാങ്ങുന്നതും സമരം ചെയ്യുന്നതും അദ്ദേഹം അംഗീകരിച്ചില്ല. എങ്കിലും അദ്ദേഹം എല്ലാവരെയും സ്നേഹിക്കുകയും ജീവിതത്തോടും

പ്രവർത്തനങ്ങളോടും ക്രിയാത്മക സമീപനം കൈക്കൊള്ളാൻ ആഹ്വാനം ചെയ്യുകയും കഠിനാധ്വാനത്തിന്റെ മാതൃക കാട്ടുകയും ചെയ്തു.

## മെത്രാന്മാരുടെ ഇടയിൽ

മെത്രാൻ എന്ന നിലയിൽ സഹമെത്രാന്മാർ ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസിനെ വളരെയധികം ബഹുമാനിച്ചിരുന്നു. മലങ്കര മെത്രാന്മാർക്കും മറ്റുള്ളവർക്കും പല കാര്യങ്ങളിലും അദ്ദേഹം നേതൃത്വം നൽകി. അദ്ദേഹം പല പ്രാവശ്യം കേരളാ കാതലിക് ബിഷപ്സ് കൗൺസിലിന്റെ അധ്യക്ഷനായിരുന്നു. സി.ബി.സി.ഐ.യുടെ അധ്യക്ഷനായി 1988-ൽ അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. സഹോദരീസഭകൾ അവരുടെ പരിപാടികൾക്ക് അദ്ദേഹത്തെ ക്ഷണിക്കുമായിരുന്നു. അദ്ദേഹത്തിന് 40 വർഷക്കാലം അവരുമായി വിശാലബന്ധം ഉണ്ടായിരുന്നു. ഇൻഡ്യൻ മെത്രാന്മാരുടെ ഇടയിൽ അദ്ദേഹം അറിയപ്പെട്ട ആളായിരുന്നു. സി.ബി.സി.ഐ. യോഗങ്ങൾ, സി.ബി.സി.ഐ. സ്റ്റാൻഡിംഗ് കമ്മിറ്റി മീറ്റിംഗുകൾ, റോമിലെ മെത്രാന്മാരുടെ സിനഡുകൾ, മറ്റ് അന്തർദേശീയ യോഗങ്ങൾ, കേരളത്തിനു പുറത്തുള്ള മലങ്കര കത്തോലിക്കരുടെ സന്ദർശനം എന്നിവയ്ക്ക് അദ്ദേഹം പോയിരുന്നതിനാൽ, പലപ്പോഴും രൂപതയിൽ സന്നിഹിതനായിരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ഇൻഡ്യാ ഗവർമെന്റു പോലും ചില അസാധാരണ സന്ദർഭങ്ങളിൽ പ്രത്യേക പ്രതിനിധിയായി അദ്ദേഹത്തെ ക്ഷണിച്ചിരുന്നു. അദ്ദേഹം റോമിലെ മെത്രാന്മാരുടെ സിനഡിലും പൗരസ്ത്യ സംഘത്തിലും മലങ്കര സഭയുടെ സ്ഥിരം പ്രതിനിധിയായിരുന്നു. ഒരിക്കൽ കേരളത്തിലെ എപ്പിസ്കോപ്പൽ സഭകളിലെ അധ്യക്ഷന്മാരെ കൂട്ടി അദ്ദേഹം റോമിലേക്കും മറ്റു യൂറോപ്യൻ സഭാകേന്ദ്രങ്ങളിലേക്കും ഒരു തീർഥയാത്ര നടത്തി.

## കൃപ നിറഞ്ഞ വ്യക്തി

അദ്ദേഹം അവസാനം വരെ ആരോഗ്യവാനായിരുന്നു. ആരോഗ്യമുള്ള മനസ്സും ആരോഗ്യമുള്ള ശരീരവും. യുവാവിന്റെ ചുറുചുറുക്കോടെ അദ്ദേഹം ചുറ്റിനടന്നു. അദ്ദേഹം നിരന്തരം സന്തുഷ്ടനായി കാണപ്പെട്ടിരുന്നു. മരിക്കുന്നതിനു തൊട്ടുമുമ്പുള്ള രോഗാവസ്ഥയിലും അദ്ദേഹം ശാന്തതയും സന്തുഷ്ടഭാവവും കൈവെടിഞ്ഞില്ല.

## ലിറ്റർജിക്കൽ പാരമ്പര്യങ്ങളോടുള്ള സ്നേഹം

അന്ത്യോക്യൻ ലിറ്റർജിക്കൽ പാരമ്പര്യങ്ങളെ അദ്ദേഹം സ്നേഹിച്ചിരുന്നു. വിശ്വാസികളെ വിവിധ കേന്ദ്രങ്ങളിൽ വിളിച്ചുകൂട്ടി ആരാധനയിൽ പരിശീലനം നൽകിയിരുന്നു. ശരിയായ പാരമ്പര്യങ്ങളിൽ നിന്ന് അദ്ദേഹം വഴുതിമാറിയില്ല. എന്നാൽ കൗൺസിൽ പ്രബോധനമനുസരിച്ച് ലിറ്റർജി



കാലാനുസൃതം ആയിരിക്കണമെന്ന് അദ്ദേഹം വിശ്വസിച്ചു. അദ്ദേഹം നവീകരണം പ്രോത്സാഹിപ്പിച്ചു. എന്നാൽ *ട്രഡീഷണലിസ്റ്റും പയറ്റിസ്റ്റും* ആയിരുന്നില്ല.

ആരാധനക്രമത്തിൽ അധിഷ്ഠിതമായ ഭക്തിയിൽ അദ്ദേഹം പാദമൂന്നി. ദൈവാലയാരാധനയിൽ വാദ്യോപകരണങ്ങളുടെ അതിപ്രസരം അദ്ദേഹം വിലക്കി. കുറേപ്പേർ മാത്രം പാടി, വിശ്വാസികളെ മൗനമാക്കുന്ന തരത്തിലുള്ള ആരാധന അദ്ദേഹം ഇഷ്ടപ്പെട്ടില്ല. മറിച്ച്, മലങ്കര പാരമ്പര്യം അനുസരിച്ച് സമൂഹം ഒന്നടങ്കം പാടുകയും ചൊല്ലുകയും ചെയ്യാൻ അദ്ദേഹം നിർദേശിച്ചു. അദ്ദേഹം ഭക്തിപൂർവം ആരാധനക്രമങ്ങൾ അനുഷ്ഠിച്ചിരുന്നു. പ്രാർഥനയ്ക്കും ധ്യാനത്തിനും സമയം കണ്ടെത്തി. ദൈവവുമായുള്ള ബന്ധം നിരന്തരം നിലനിൽക്കുന്നതാണെന്നും അത് ദൈവാലയത്തിനുള്ളിൽ മാത്രം ഒതുങ്ങാനുള്ളതല്ലെന്നും അദ്ദേഹം കരുതി. അദ്ദേഹത്തിന് ശക്തി പകർന്നത് വി. കുർബാനയാണ്. ഒരു ബഥനി സന്ന്യാസി എന്ന നിലയിൽ ബഥനിയിൽ പരിശീലിച്ച സന്ന്യാസകർമങ്ങൾ കൃത്യമായി അദ്ദേഹം അനുഷ്ഠിച്ചു. ദൈവത്തിൽ അടിയുറച്ച് ആശ്രയിച്ചിരുന്നു. മാർ ഈവാനിയോസ് പിതാവ് വിശ്വസിച്ച് ഏൽപ്പിച്ച ഒരു മഹാദൗത്യം തനിക്കുണ്ടെന്ന അവബോധം അദ്ദേഹത്തിന് എപ്പോഴുമുണ്ടായിരുന്നു. കർത്താവിൽ നിന്നു ലഭിച്ച ശക്തിയോടെ ദരിദ്രരുടെയും ആവശ്യക്കാരുടെയും പീഡിതരുടെയും പക്കലേക്ക് അദ്ദേഹം നടന്നടുത്ത് അവരെ സാന്ത്വനപ്പെടുത്തി.

## വൈദികപരിശീലനത്തിലെ ശ്രദ്ധ

വൈദികപരിശീലനത്തിനുള്ള അർഥികളെ തെരഞ്ഞെടുക്കുന്നതിൽ അദ്ദേഹം നിഷ്ക്കർഷ പാലിച്ചിരുന്നു. അവരുടെ പരിശീലനത്തിലും രൂപീകരണത്തിലും ശ്രദ്ധിച്ചു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ ഇതിന് പരമപ്രാധാന്യം കൊടുത്തിരുന്നു. അതിനായി മേജർ സെമിനരി തുടങ്ങി. സഭാപരവും ലിറ്റർജിക്കലുമായ പരിശീലനത്തിന്റെ പ്രാധാന്യം മനസ്സിലാക്കി. മലങ്കര കത്തോലിക്കാ സഭാജീവിതത്തിൽ നാലാഞ്ചിറ മേജർ സെമിനരിസ്ഥാപനം ഒരു വലിയ നേട്ടമാണ്. വൈദികവിദ്യാർഥികളെ തെരഞ്ഞെടുക്കുന്നതിലുള്ള സൂക്ഷ്മതയെക്കുറിച്ച്, റെക്ടറായിരുന്ന ഈ ലേഖകനെ വിളിച്ച്, തന്റെ മരണത്തിന് തൊട്ടുമുമ്പ് അദ്ദേഹം സംസാരിച്ചു. മരണക്കിടക്കയ്ക്ക് അരികിലേക്ക് വിളിച്ച് എന്നോട് ഇപ്രകാരം പറഞ്ഞു:

*"അർഥികളെ തെരഞ്ഞെടുക്കുന്നതിൽ നാം വളരെ സൂക്ഷ്മതയുള്ളവരായിരിക്കണം. അവർ പാവപ്പെട്ടവരായിരിക്കാം. എന്നാൽ അവർ പ്രാർഥനാജീവിതവും ദൈവഭയവും ജനത്തിന്റെ ഇടയിൽ മതിപ്പും നല്ല കുടുംബപാരമ്പര്യവുമുള്ളവർ ആയിരിക്കണം."*

വൈദികവിദ്യാർഥികളെ തെരഞ്ഞെടുക്കുന്ന അവസരം അദ്ദേഹം നേരിട്ട് എല്ലാവരെയും ഇന്റർവ്യൂ ചെയ്തിരുന്നു. എന്നാൽ അതിനൊക്കെ പിന്നീട് മാറ്റം ഉണ്ടായതായി പറയപ്പെടുന്നു. അദ്ദേഹം മേജർ സെമിനരിയിൽ കൗൺസിലിനെപ്പറ്റി ക്ലാസ്സെടുത്തിരുന്നു. കൗൺസിലിനെപ്പറ്റി നേരിട്ട് അറിവുണ്ടായിരുന്ന അദ്ദേഹത്തിന്റെ ക്ലാസ്സുകൾ കുട്ടികൾക്ക് ഹൃദ്യമായിരുന്നു. അദ്ദേഹം ഒരു നല്ല അധ്യാപകനായിരുന്നു.

## പുനരൈക്യപ്പെട്ട വൈദികർ

ഇക്കാലയളവിൽ 16 വൈദികർ മലങ്കര കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. അവരിൽ ചിലരൊക്കെ കടന്നുപോയി. ബ. ഗീവർഗീസ് ചുട്ടിവട്ടത്ത് അച്ചന്റെ നേതൃത്വത്തിൽ കൂടലിൽ 1962 ഒക്ടോബർ 4-ന് ഒരിടവക മുഴുവൻ കത്തോലിക്കാ സഭയിൽ ചേർന്നത് ഒരു വലിയ സംഭവമായിരുന്നു. 91 കുടുംബങ്ങളിലായി 453 വിശ്വാസികൾ ചേർന്നു. അപൂർവം ചിലർ പിന്നീട് തിരികെപ്പോയതൊഴിച്ചാൽ ബാക്കിയെല്ലാവരും ഇപ്പോഴും മലങ്കര കത്തോലിക്കാസഭയിലാണ്. മലങ്കര സഭയിൽ ഏതാണ്ട് 34 വൈദികരോളും ഈ കാലയളവിൽ കടന്നുപോയി. ജീവിതകാലം മുഴുവൻ ദൈവജനത്തിന് ശുശ്രൂഷ ചെയ്ത ഈ വന്ദ്യവൈദികർക്ക് ദൈവം നിത്യസമ്മാനം നൽകട്ടെ.

## ആത്മീയശ്രേഷ്ഠത

മാർ ഗ്രിഗോറിയോസ് പിതാവ് നമ്മുടെ പിതാവും ഉറ്റ സ്നേഹിതനുമായിരുന്നു. അദ്ദേഹത്തിന് എല്ലാവരെയും സ്നേഹിക്കാൻ മാത്രമേ അറിയാമായിരുന്നുള്ളു. നമ്മെ സ്നേഹിക്കാനും നമ്മെ പിതൃസവിധത്തിലേക്ക് കൊണ്ടുപോകാനുമായി എഴുന്നെള്ളി വന്ന ദൈവപുത്രന്റെ സ്നേഹത്താൽ അദ്ദേഹം നിറഞ്ഞുനിന്നു. അദ്ദേഹം തന്റെ ജീവിതകാലമത്രയും ഈ സ്നേഹത്തിന് സാക്ഷ്യം വഹിക്കുകയായിരുന്നു.

അദ്ദേഹത്തിന്റെ വ്യക്തിജീവിതത്തിൽ ലാളിത്യം നിറഞ്ഞുനിന്നു. മുഖം മൂടിയില്ലാത്തതായിരുന്നു ജീവിതവും പെരുമാറ്റവും. ആഹാരത്തിലും വസ്ത്രധാരണത്തിലും വ്യക്തിപരമായ സർവ കാര്യങ്ങളിലും ഈ ലാളിത്യം നിറഞ്ഞു തുളുമ്പിനിന്നു. തന്റെ സ്വന്തം ആവശ്യങ്ങൾക്ക് അദ്ദേഹം പണം ചെലവാക്കിയിരുന്നില്ല. ഒന്നും സ്വന്തമായി വാങ്ങിക്കൂട്ടി ഷെൽഫുകളും മുറികളും നിറച്ചിരുന്നില്ല. അദ്ദേഹത്തിന് വ്യക്തിപരമായ ബാങ്ക് അക്കൗണ്ട് ഇല്ലായിരുന്നു. ആവശ്യങ്ങളുടെയും കുറവുകളുടെയും മധ്യത്തിലാണ് ജീവിച്ചിരുന്നതെങ്കിലും, ധനത്തോട് ആർത്തി കാട്ടിയില്ല. അദ്ദേഹത്തിന്റെ ആവശ്യങ്ങൾ പരിമിതങ്ങളായിരുന്നു. തന്റെ സുഖസൗകര്യങ്ങൾക്കുവേണ്ടി പാവ



പ്പെട്ടവരുടെ പണം ധൂർത്തടിച്ചില്ല. ഇതിനൊക്കെ കാരണം അദ്ദേഹത്തിന്റെ ആത്മീയ ശ്രേഷ്ഠതയാണ്. അത് ജീവിതം മുഴുവൻ നിലനിർത്തി. രണ്ടാമത്, നല്ല ആരോഗ്യമുള്ള ശരീരമായിരുന്നു. മൂന്നാമത്, ദൈവത്തിൽ പരിപൂർണമായി ശരണം വച്ചിരുന്നു.

തങ്ങളുടെ സ്വാർഥതാൽപര്യങ്ങൾ നേടിയെടുക്കാൻ വഞ്ചനാപൂർവം തന്നെ സമീപിച്ചവരുടെ ദുഷ്ടത കാണാൻ കഴിയാത്തവിധം അദ്ദേഹം സത്യസന്ധനും ഋജുമാനസ്സനും കുലീനനും ആയിരുന്നു. അത്തരക്കാരുടെ കൂട്ടത്തിൽ അൽമായരും ചിലപ്പോൾ അപൂർവമായി വൈദികരും ഉണ്ടാകാം. ചുറ്റും നിൽക്കുന്നവർക്ക് അദ്ദേഹത്തിനുള്ളത്ര ദിശാബോധം ഇല്ലെങ്കിൽ സഭയ്ക്കുവേണ്ടിയുള്ള അദ്ദേഹത്തിന്റെ പ്ലാനും പദ്ധതിയുമൊക്കെ പരാജയപ്പെടാം. മെത്രാനിൽ നിന്ന് വൈദികരെ അകറ്റാനും അത്തരക്കാർക്ക് കഴിഞ്ഞേക്കാം. അരമന സർക്കിളുകളിൽ ചിലപ്പോഴൊക്കെ ഇത് സംഭവ്യമാണെങ്കിലും, കുറെയൊക്കെ അത്തരക്കാരെ നിയന്ത്രിക്കാനും അകറ്റി നിർത്താനും ഗ്രിഗോറിയോസ് പിതാവിന് കഴിഞ്ഞിട്ടുണ്ട്. തിരുത്തലുകൾ നൽകുമ്പോൾ അദ്ദേഹം കരുണാമസൃണനായിരുന്നു. എന്നാൽ ചില സംഗതികളിൽ അദ്ദേഹം ഒത്തുതീർപ്പുകൾ നടത്തിയിരുന്നില്ല.

## മൂല്യബോധം

മാനുഷികവും ക്രിസ്തീയവുമായ മുല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ അദ്ദേഹം പരിശ്രമിച്ചു. തന്റെ കീഴിലുള്ള കലാലയങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവരിൽ നിന്ന് അദ്ദേഹം സംഭാവനകൾ ആവശ്യപ്പെട്ടില്ല. എന്നാൽ പാവപ്പെട്ടവരെ സഹായിക്കാനുള്ള സാമൂഹ്യവികസനഫണ്ടിലേക്ക് ഉദാരമായി സംഭാവന ചെയ്യാൻ ആവശ്യപ്പെട്ടപ്പോൾ, അധ്യാപകരിൽ നിന്നും പ്രൊഫസർമാരിൽ നിന്നും ഉണ്ടായ നിഷേധാത്മക നിലപാട് അദ്ദേഹത്തെ വളരെ വേദനിപ്പിച്ചു. അവരുടെ ഹൃദയകാഠിന്യം കണ്ട് അദ്ദേഹം വേദനിച്ചിട്ടുണ്ട്. അക്കാലത്തെ ദരിദ്രാവസ്ഥ നിമിത്തം പുതിയ നിരവധി കെട്ടിടങ്ങൾ നിർമിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. പണസംബന്ധമായി വലിയ ബുദ്ധിമുട്ടുണ്ടായിരുന്നെങ്കിലും, അദ്ദേഹം തന്റെ തത്വങ്ങളിൽ ഉറച്ചുനിന്നു. തന്റെ സ്ഥാപനങ്ങളിൽ എവിടെയെങ്കിലും അഴിമതി നടക്കുന്നെങ്കിൽ, തെളിയിക്കാൻ അദ്ദേഹം രാഷ്ട്രീയക്കാരെ വെല്ലുവിളിച്ചു.

അതിരൂപതയുടെ വർധിച്ചു വരുന്ന ആവശ്യങ്ങൾ നിറവേറ്റാൻ അദ്ദേഹം കന്യാകുമാരി ജില്ലയിൽ ബഥനി എസ്റ്റേറ്റും അടൂരിൽ മറ്റൊരു ചെറിയ തോട്ടവും മറ്റിടങ്ങളിൽ കുറേശ്ശ സ്ഥലങ്ങളും വാങ്ങി. അവിടെയും ഇടവകകളിലും റബർ കൃഷി തുടങ്ങാൻ ആഹ്വാനം ചെയ്തു. അതുപോലെ അംബാസമുദ്രം, ചെങ്കോട്ട എന്നിവിടങ്ങളിലും കുറേ സ്ഥലം വാങ്ങി. അതിരൂപതയ്ക്ക്

ബാങ്കുകളിലുണ്ടായിരുന്ന കടങ്ങൾ മരണത്തിനു മുമ്പ് വീട്ടാൻ അദ്ദേഹത്തിനു കഴിഞ്ഞു.

## സ്ഥാപനങ്ങൾ

അദ്ദേഹം പട്ടത്തെ കത്തീഡ്രൽ പണി പൂർത്തിയാക്കി. രാമസ്വാമി മാർ ഈവാനിയോസ് പിതാവിനെ ഇറക്കിവിട്ട ശരവണക്കുന്നിൽ പുതിയ അരമന പണിതു. അതാണ് ഇപ്പോഴത്തെ മേജർ ആർച്ചുബിഷപ്സ് ഹൗസ്. മാർ തെയോഫിലോസ് ട്രെയിനിംഗ് കോളേജ്, അഞ്ചൽ സെന്റ് ജോൺസ് കോളേജ്, മദ്രാസ് പാടി എഞ്ചിനീയറിംഗ് കോളേജ്, മലങ്കര മേജർ സെമിനരി എന്നിവ പണിതു. നിരവധി പള്ളികളും മേടകളും പുതുക്കി പണിതു.

## മഹത്വപ്രവേശനം

അദ്ദേഹം 50 വർഷം വൈദികനും 41 വർഷം മെത്രാനുമായിരുന്നു. 1994 ഒക്ടോബർ 10-ന് അദ്ദേഹം നിത്യസമ്മാനത്തിനായി കർതൃ മഹത്വത്തിലേക്ക് കടന്നു. ജീവിതകാലം മുഴുവൻ അദ്ദേഹം ആരോഗ്യവാനായിരുന്നു. പെട്ടെന്ന് രോഗഗ്രസ്ഥനായി. അതുപോലെ പെട്ടെന്നാണ് അദ്ദേഹം അപ്രത്യക്ഷനായത്. ഡോക്ടർമാർ അദ്ദേഹത്തെ ശ്രദ്ധാപൂർവം പരിചരിച്ചെങ്കിലും, തന്റെ യജമാനന്റെ തീരുമാനപ്രകാരം അദ്ദേഹം കടന്നുപോയി. കബറടക്കത്തിന് സ്റ്റേറ്റ് ഗവർമെന്റ് സ്റ്റേറ്റ് ബഹുമതി നൽകി ബഹുമാനിച്ചു. പാളയത്തു നിന്ന് പട്ടത്തേക്കുള്ള വിലാപയാത്ര, ജനങ്ങൾ അദ്ദേഹത്തെ അതിയായി സ്നേഹിച്ചിരുന്നു എന്നതിന്റെ തെളിവായിരുന്നു. പട്ടം കത്തീഡ്രലിൽ മാർ ഈവാനിയോസ് പിതാവിന്റെ സമീപത്ത് അദ്ദേഹം സംസ്കരിക്കപ്പെട്ടു. കബറടക്കാനന്തരം അനുസ്മരണാസമ്മേളനം നടന്നു. അതിൽ പല വിശിഷ്ട വ്യക്തികളും പങ്കെടുത്തു. അതിനുശേഷം മലങ്കര കത്തോലിക്കാമെത്രാന്മാർ ഇടവകകൾക്ക് ഒരു സർക്കുലർ ലെറ്റർ അയച്ചു.

## ആത്മപരിശോധന

ചെയ്തു തീർക്കാൻ സാധിക്കാഞ്ഞ ചില കാര്യങ്ങളെ കുറിച്ച് തന്റെ ജീവിതാന്ത്യത്തിൽ അദ്ദേഹത്തിന് ഖേദമുണ്ടായിരുന്നു. തന്റെ ചില സ്വപ്നങ്ങൾ യാഥാർഥ്യമാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല.

1) കൗൺസിൽ തീരുമാനമനുസരിച്ച് കാതോലിക കൂട്ടായ്മയിൽ മലങ്കര സഭയുടെ ഓട്ടോണമിയും വ്യക്തിത്വവും ഉയർത്തിപ്പിടിക്കാൻ അദ്ദേഹം ശ്രമിച്ചു. റോമാസഭയോടും പരിശുദ്ധ പിതാവിനോടും അദ്ദേഹത്തിന് അതീവ സ്നേഹമായിരുന്നു. മാർ ഈവാനിയോസ് പിതാവ് അതിയായി അഭിലഷിച്ച ഓട്ടോണമി പൂർണമാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. എന്നാൽ അദ്ദേഹത്തിന്റെ പിൻഗാമിയായ സിറിൽ മാർ ബസേലിയോസ് പിതാവിന്റെ കാലത്ത് 2005-ൽ അത് യാഥാർഥ്യമായി.



2) അദ്ദേഹത്തിന്റെ ആഗ്രഹം അനുസരിച്ച് വൈദികർക്ക് ഉന്നതവിദ്യാഭ്യാസം നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. മിഷൻ പ്രവർത്തനം ത്വരിതഗതിയിൽ നടന്നിരുന്ന കാലമായതിനാൽ, അതിൽ കൂടുതൽ ശ്രദ്ധിച്ചു. അതുകൊണ്ട് വൈദികരെ ഉന്നത വിദ്യാഭ്യാസത്തിന് മാറ്റിനിർത്താൻ അദ്ദേഹത്തിനായില്ല. നീണ്ട ഇടവേളയ്ക്കു ശേഷം ഈ ലേഖകനെയാണ് ആദ്യമായി റോമിലേക്ക് 1973-ൽ അയച്ചത്. അതിനു ശേഷവും വളരെ നാളുകൾക്കു ശേഷമാണ് ചിലരെ അയച്ചത്. അക്കാലത്ത് റോമിൽ മലങ്കരസഭയുടെ ഒന്നോ രണ്ടോ പേരേ ഉണ്ടായിരുന്നുള്ളു. ഇന്നാകട്ടെ സ്ഥിതിയാകെ മാറി.

3) ജോലിത്തിരക്കിനിടയിൽ തന്റെ സ്വന്തം വൈദികരുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കാൻ സമയം കിട്ടിയില്ല. കന്യാകുമാരി മുതൽ ചെങ്ങന്നൂർ വരെ വിസ്തൃതമായിരുന്ന രൂപതയിലെ ചെറുതും വലുതുമായ പള്ളികളുടെയും സ്ഥാപനങ്ങളുടെയും വൈദികരുടെയും കാര്യത്തിൽ അർഹമാംവിധം ഒരാൾക്കു തന്നെ ശ്രദ്ധിക്കാൻ അൽപ്പം പ്രയാസമാണ്. ആ ഒരു രൂപതയുടെ സ്ഥാനത്ത് ഇപ്പോൾ നാലു രൂപതകളും അഞ്ചു മെത്രാന്മാരുമാണ്. അതുകൊണ്ട് കൂടുതൽ ശ്രദ്ധിക്കാൻ ഒരാൾക്കു പകരം അഞ്ചു പേർക്കു സാധിക്കുന്നു.

4) മാർ തോമാ നസ്രാണികളുടെയെല്ലാം ദൃശ്യവും കാനോനികവുമായ ഐക്യം അദ്ദേഹം തീവ്രമായി അഭിലഷിച്ചു. എന്നാൽ മറിച്ചാണ് സംഭവിച്ചത്. കത്തോലിക്കാ സഭയുടെ പുതിയ എക്യൂമെനിക്കൽ ദർശനം കാണാൻ ചില അകത്തോലിക്കർക്കു കഴിഞ്ഞില്ല. അവർ തുടർന്നും തങ്ങളുടെ കത്തോലിക്കാ വിരുദ്ധവും എക്യൂമെനിക്കൽ വിരുദ്ധവുമായ മനോഭാവം പുലർത്തി. അന്തർദേശീയ വേദികളിൽ മാർ ഗ്രിഗോറിയോസിന്റെ എക്യൂമെനിക്കൽ വീക്ഷണം തെറ്റായി അവതരിപ്പിച്ച് താറടിക്കാൻ ചിലർ ശ്രമം തുടർന്നുകൊണ്ടിരുന്നു.

കത്തോലിക്കാ സഭയുമായുള്ള കാനോനിക കൂട്ടായ്മ ലയനമല്ല, കീഴടങ്ങലല്ല, സ്വന്തം വ്യക്തിത്വവും ഓട്ടോണമിയും അടിയറവയ്ക്കലല്ല എന്ന് എല്ലാ എക്യൂമെനിക്കൽ യോഗങ്ങളിലും അദ്ദേഹം ആവർത്തിച്ച് തറപ്പിച്ചു പറഞ്ഞിരുന്നു. കേരളത്തിലെ എല്ലാ എപ്പിസ്കോപ്പൽ സഭകളുടെയും ദൃശ്യകൂട്ടായ്മയ്ക്കായി കൗൺസിൽ അരൂപിയ്ക്കനുസൃതമായി, കത്തോലിക്കാ സഭയുമായി പുതിയ രീതിയിലുള്ള ചർച്ചകൾ നടത്തേണ്ടതാണ്. എന്നാൽ യാക്കോബായാ സഭയും ഓർത്തഡോക്സ് സഭയും 1970 മുതൽ വീണ്ടും പുതിയ സിവിൾ വ്യവഹാരങ്ങളും തെരുവുപ്രകടനങ്ങളും നടത്തി

ഏതാണ്ട് രണ്ട് സഭകളായി തിരിഞ്ഞിരിക്കയാണ്. ഇത് മാർ ഗ്രിഗോറിയോസ് പിതാവിനെ വളരെയധികം വേദനിപ്പിച്ചു. അദ്ദേഹവുമായി വളരെ അടുത്തു പെരുമാറിയവർക്ക് ഇതറിയാം. അദ്ദേഹം ഇരുകൂട്ടരേയും സ്നേഹിച്ചിരുന്നു. അവരുടെ ഇടയിലും കത്തോലിക്കാസഭയുമായും സമ്പൂർണകൂട്ടായ്മ ഉണ്ടാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു.

റോമാ മെത്രാനെ മാറ്റി നിർത്തിക്കൊണ്ട് സഭകളുടെ ഐക്യം അസാധ്യമാണെന്ന് അദ്ദേഹം സദാ ആവർത്തിച്ചുകൊണ്ടിരുന്നു. അദ്ദേഹം ഇപ്രകാരം പറയുമായിരുന്നു:

*"കൗൺസിൽ കഴിഞ്ഞ കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. പുതിയ സാഹചര്യത്തെ അഭിമുഖീകരിക്കാൻ നമുക്ക് ധൈര്യമുണ്ടാകണം. കൗൺസിലിന് മുമ്പുള്ള കാലഘട്ടത്തിൽ അന്നത്തെ സഭാശാസ്ത്രമനുസരിച്ച് ഓർത്തഡോക്സ് സഭാനേതാക്കന്മാർ കൂട്ടായ്മയ്ക്ക് നേതൃത്വം കൊടുത്തു. അന്നത്തെ സാഹചര്യത്തിൽ അവർക്ക് കഴിഞ്ഞത് അവർ ചെയ്തു. പുതിയ രീതിയിൽ ദൃശ്യകൂട്ടായ്മ പുനസ്ഥാപിക്കാൻ ഇപ്പോഴത്തെ നേതൃത്വം പരിശ്രമിക്കണം."*

എന്നാൽ ഇത് ഇന്നും സ്വപ്നമായി അവശേഷിക്കുന്നു.

5) കേരളത്തിനു പുറത്തുള്ള മലങ്കര കത്തോലിക്കരുടെ അജപാലനത്തിനു വേണ്ടത്ര ശ്രദ്ധ ചെലുത്താൻ സാധിക്കാഞ്ഞതിലും അദ്ദേഹത്തിന് കുണ്ഠിതമുണ്ടായിരുന്നു. ഇൻഡ്യയ്ക്കകത്തും ഗൾഫ് നാടുകളിലും യൂറോപ്പിലും കാനഡായിലും യു.എസ്.ഏ.യിലും നിരവധി മലങ്കരക്കാരുണ്ട്. അദ്ദേഹം പല പ്രാവശ്യം അവരെയൊക്കെ സന്ദർശിക്കുകയും സംഘടിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ ആ ദൗത്യം കുറേയൊക്കെ യാഥാർഥ്യമായത് സിറിൽ മാർ ബസേലിയോസ് കാതോലിക്കാ ബാവായുടെ കാലത്താണ്.

6) മലങ്കരസഭ രണ്ടു രൂപതകളിലായി കഴിഞ്ഞതിനാൽ, ഏകസഭയായി മുന്നോട്ടുപോകാൻ ഏറെനാൾ കഴിഞ്ഞില്ല. 1978 മുതൽ മൂന്നു രൂപതകളായി. എന്നാൽ ഏകസഭയായി മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസിന്റെ കീഴിൽ സിനഡൽ സംവിധാനത്തോടുകൂടി ഒറ്റക്കെട്ടായി മുന്നോട്ട് പോകാൻ അവസരം ഉണ്ടായത് 2005-ൽ മലങ്കരസഭയെ മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയായി ഉയർത്തിയതോടു കൂടിയാണ്.

7) പിരപ്പൻകോട് ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ സ്ഥാപിക്കണമെന്നത് അദ്ദേഹത്തിന്റെ സ്വപ്നമായിരുന്നു. ഇപ്പോൾ അതും യാഥാർഥ്യമായിക്കൊണ്ടിരിക്കുന്നു. അതുപോലെ പുഷ്പഗിരി ഹോസ്പിറ്റൽ



ഒരു മെഡിക്കൽ കോളേജായി ഉയർത്തിയതു വഴിയും ആ സ്വപ്നം യാഥാർഥ്യമായി എന്നു പറയാം.

## സ്ഥിതിവിവരക്കണക്ക്

മലങ്കര കത്തോലിക്കാ സഭയ്ക്ക് 41 വർഷം കൊണ്ട് ശക്തിയായ വളർച്ച ഉണ്ടായി. 1953-ൽ ഒരു ലക്ഷത്തിൽ താഴെ മാത്രമേ അംഗസംഖ്യ ഉണ്ടായിരുന്നുള്ളു. 1994-ൽ മൂന്നു ലക്ഷമായി. വൈദികരുടെ സംഖ്യ 137-ൽ നിന്ന് 436 ആയി ഉയർന്നു. ഇടവകകൾ 310-ൽ നിന്ന് 900 ആയി. 1994-ൽ മൈനർ സെമിനരിക്കാർ 135-ഉം മേജർ സെമിനരിക്കാർ 175-ഉം ഉണ്ടായിരുന്നു. സഭയുടെ എല്ലാ തലങ്ങളിലും അതുപോലുള്ള വളർച്ചയുണ്ടായി. സ്കൂളുകളും കോളേജുകളും ടെക്നിക്കൽ സ്ഥാപനങ്ങളും പാസ്റ്ററൽ സെന്ററുകളും വർധിച്ചു. മാർ ഈവാനിയോസ് കോളേജ് എണ്ണപ്പെട്ട ഒരു വലിയ കോളേജായി ഉയർന്നു. നാലാഞ്ചിറ ബഥനി ഹിൽസിൽ ഒട്ടനവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടായി. - മലങ്കര സഭയിലെ വൈദികരും മെത്രാന്മാരും അൽമായരും ആത്മാർഥമായി സഹകരിച്ചതിനാലാണ് ഈ വളർച്ച ഉണ്ടായത്.

## വ്യക്തിപരമായ ഓർമക്കുറിപ്പുകൾ

ഈ ലേഖകൻ മാർ ഗ്രിഗോറിയോസ് പിതാവിനെ ആദ്യമായി കണ്ടത് 1953-ലാണ്. അദ്ദേഹം അതിരുങ്കൽ ഒരു കുരിശടി കൂദാശയ്ക്ക് എത്തിയ അവസരത്തിലായിരന്നു അത്. ഞങ്ങളിൽ കുറേ കുട്ടികളുടെ ആദ്യകുർബാനസ്വീകരണം അതോടനുബന്ധിച്ച് നടന്നു. അന്ന് എനിക്ക് എട്ടു വയസ് പ്രായം വരും. മെത്രാനെ സ്വീകരിക്കാൻ കൊച്ചുകുട്ടികളായ ഞങ്ങൾ വികാരി ബ. സിറിയക് മണവാളൻ അച്ചന്റെ ഓലമേഞ്ഞ കെട്ടിടത്തിൽ കാത്തുനിന്നപ്പോൾ, മെത്രാൻ സുസ്മേരവദനനായി കടന്നുവന്നു. എല്ലാവരോടും സ്നേഹമായും ശാന്തമായും ദയാവായ്പോടും കൂടെ അൽപാൽപം കുശലാന്വേഷണം നടത്തി. അദ്ദേഹം വളരെ ചെറുപ്പമായിരുന്നു. കറുത്തുനീണ്ട മീശയ്ക്കിടയിൽ പ്രശോഭിക്കുന്ന മുഖം ഞങ്ങൾ കണ്ടു. അന്നാണ് ആദ്യമായി ഒരു മെത്രാനെ കാണുന്നത്. ആദ്യകാഴ്ചയിൽ തന്നെ ഞങ്ങൾ അദ്ദേഹത്തെ ഇഷ്ടപ്പെട്ടു.

വർഷങ്ങൾ കഴിഞ്ഞു. ഞാൻ പത്താം ക്ലാസ് പാസായപ്പോൾ ആ വികാരിയച്ചൻ തന്നെ എന്നെ ആർച്ചുബിഷപ്പിന്റെ പക്കലെത്തിച്ചു. അങ്ങനെ ഞാൻ മൈനർ സെമിനരിയിൽ പ്രവേശിച്ചു. ഒരു വർഷം മൈനർ സെമിനരിയിലും ഒരു വർഷം മാർ ഈവാനിയോസ് കോളേജിലും പഠിച്ചു. തുടർന്ന് അദ്ദേഹം എന്നെ വടവാതൂർ സെമിനാരിയിലേക്ക് അയച്ചു. അവിടുത്തെ പഠനം തീരാറായപ്പോൾ 1969 ഡിസംബർ 20-ന് പട്ടം കത്തീഡ്രലിൽ വച്ച്

ബ. മാത്യു കയ്യാലയ്ക്കൽ അച്ചനോടൊപ്പം അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസിന്റെ പെരുന്നാൾ ദിവസം എനിക്ക് വൈദികപട്ടം നൽകി. 1970-ൽ സെമിനരി പഠനം പൂർത്തിയാക്കിയപ്പോൾ, അദ്ദേഹം വടവാതൂർവഴി വന്ന് എന്നെ തിരുവനന്തപുരത്തേക്ക് കൂട്ടിക്കൊണ്ടു വരികയും കുറേനാൾ സെക്രട്ടറിയായി നിയമിക്കുകയും ചെയ്തു. പിന്നീട് ബ. ജോസഫ് ഞായല്ലൂർ അച്ചനോടൊപ്പം മൈനർ സെമിനരി വൈസ് റെക്ടറായി നിയമിച്ചു. 1973 നവംബർ 6-ന് അദ്ദേഹം എന്നെ ഉപരിപഠനത്തിന് റോമിലേക്ക് അയച്ചു. 1979 മാർച്ച് 31-ന് റോമിൽ നിന്ന് തിരികെ എത്തിയപ്പോൾ, ആദ്യം സെക്രട്ടറിയാക്കി. പിന്നീട് 1993 വരെ ഞാൻ വടവാതൂർ സെമിനരിയിൽ പഠിപ്പിച്ചു. 1993-ൽ ആദ്യം നാലാഞ്ചിറ സെമിനരിയിൽ പ്രൊഫസറായും പിന്നെ ആ വർഷം ഡിസംബറിൽ തന്നെ മൈനർ സെമിനരിയിൽ റക്ടറായും നിയമിച്ചു.

പിതാവുമായി അടുത്തിടപെടാൻ 1993-1994 വർഷങ്ങളിൽ എനിക്കു കഴിഞ്ഞു. ഞാൻ റെക്ടർ എന്ന നിലയിൽ രൂപതാ കൗൺസിൽ അംഗവുമായിരുന്നു. അദ്ദേഹം രോഗിയായി കിടന്നപ്പോൾ എന്നെ തിരക്കുകയും വിളിക്കുകയും എനിക്ക് അദ്ദേഹത്തെ സന്ദർശിക്കാൻ സാധിക്കുകയും ചെയ്തിരുന്നു. അദ്ദേഹം എന്നെ കാണണമെന്ന് ആവശ്യപ്പെട്ട് കയറിച്ചെല്ലുമ്പോൾ ചിലപ്പോഴൊക്കെ പരിചരിക്കുന്നവർ തടഞ്ഞിട്ടുമുണ്ട്. അദ്ദേഹത്തിന്റെ കാലത്താണ് ഞാൻ കൂടുതൽ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളത്. അവതാരിക എഴുതാൻ അപേക്ഷിച്ചാൽ അദ്ദേഹം ഗ്രന്ഥം മുഴുവൻ സസൂക്ഷ്മം വായിക്കുകയും തിരുത്തലുകൾ നിർദേശിക്കുകയും അവതാരിക സ്വന്തമായി എഴുതിത്തരികയും ചെയ്തിരുന്നു എന്ന കാര്യം ഞാൻ നന്ദിപൂർവം ഓർക്കുന്നു. എന്നെ അദ്ദേഹം ഒരിക്കലും ശാസിച്ചിട്ടില്ല. അദ്ദേഹത്തിന്റെ മുറിയിൽ നിന്ന് ഹൃദയഭാരത്തോടും കണ്ണുനീരോടും കൂടെ ഞാൻ ഒരിക്കലും ഇറങ്ങിപ്പോന്നിട്ടില്ല. അത്രമാത്രം കരുണ നിറഞ്ഞതായിരുന്നു അദ്ദേഹത്തിന്റെ ഹൃദയം. അധികാരപ്രമത്തതയോ ഏകാധിപത്യചിന്തയോ തൊട്ടുതേച്ചിട്ടില്ലാത്ത മഹാത്മാവായിരുന്നു മാർ ഗ്രിഗോറിയോസ് പിതാവ്. ഞാൻ അദ്ദേഹത്തെ വളരെ ഇഷ്ടപ്പെട്ടിരുന്നു. അദ്ദേഹത്തിന് എന്നോട് വ്യക്തിപരമായി വളരെ സനേഹവും വാത്സല്യവുമായിരുന്നു.

മാർ ഗ്രിഗോറിയോസ് പിതാവിനെ കാണുകയും പരിചയപ്പെടുകയും ചെയ്തിട്ടുള്ളവർക്ക് അദ്ദേഹത്തിന്റെ ആകർഷകവ്യക്തിത്വം മറക്കാനാവില്ല. അദ്ദേഹത്തിന്റെ ആത്മാവ് നിത്യവിശ്രമം കൊള്ളട്ടെ. നമുക്കെല്ലാവർക്കും വേണ്ടി അദ്ദേഹം പ്രാർഥിക്കട്ടെ. അദ്ദേഹം ഇവിടെ നമ്മെ സ്നേഹിച്ചു, അവിടെയും നിശ്ചയമായും നമ്മെ സ്നേഹിക്കും. ആ മഹാത്മാവിന്റെ മുമ്പിൽ ശിരസ്സ് നമിക്കുന്നു.

# 22

# മേജർ ആർച്ചുബിഷപ്പ് സിറിൽ മാർ ബസേലിയോസ് (1935-2007)

സിറിൽ മാർ ബസേലിയോസ് തിരുവനന്തപുരം അതിരൂപതയുടെ മൂന്നാമത്തെ ആർച്ചുബിഷപ്പും (1995-2005) മലങ്കര മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയുടെ ഒന്നാമത്തെ മേജർ ആർച്ചുബിഷപ്പും കാതോലിക്കോസുമാണ് (2005-2007).

തന്റെ പിൻഗാമിയെപ്പറ്റി മാർ ഗ്രിഗോറിയോസ് പിതാവിനോട് ചോദിക്കുമ്പോഴെല്ലാം അദ്ദേഹത്തിന്റെ മറുപടി ഇപ്രകാരമായിരുന്നു: "പരിശുദ്ധ സിംഹാസനം വേണ്ടതുപോലെ ചെയ്തുകൊള്ളും." റോമിന്റെ നേതൃത്വത്തിൽ അദ്ദേഹത്തിന് ഉറച്ച വിശ്വാസം ഉണ്ടായിരുന്നു. അത് ശരിയായിരുന്നു എന്നു തെളിഞ്ഞു. മാർ ഗ്രിഗോറിയോസ് പിതാവ് 1994 ഒക്ടോബർ 10-ന് മരിച്ചതിനുശേഷം സിറിൽ മാർ ബസേലിയോസ്, മലങ്കര കത്തോലിക്കാ സഭയുടെ അഡ്മിനിസ്ട്രേറ്ററായി. ജോൺ പോൾ മാർപാപ്പാ അദ്ദേഹത്തെ 1995 നവംബർ 29-ന് തിരുവനന്തപുരം ആർച്ചുബിഷപ്പായും മലങ്കര കത്തോലിക്കാ സഭയുടെ മെത്രാപ്പോലീത്താ ആയും നിയമിച്ചു. പട്ടം കത്തീഡ്രലിൽ വച്ച് 1995 ഡിസംബർ 14-ന് അദ്ദേഹം സ്ഥാനം ഏറ്റെടുത്തു. റോമുമായുള്ള കൂട്ടായ്മയുടെ അടയാളമായ പാലിയം 1996 ജനുവരി 9-ന് മാർപാപ്പായിൽ നിന്ന് നേരിട്ട് സ്വീകരിച്ചു.

മാർപാപ്പാ മലങ്കരസഭയെ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭയായും സിറിൽ മാർ ബസേലിയോസിനെ മേജർആർച്ചുബിഷപ്പായും 2005-ൽ നിയമിച്ചു. സിനഡിന്റെ തീരുമാനപ്രകാരം സഭയുടെ തലവനും പിതാവുമായ അദ്ദേഹം കാതോലിക്കോസ് എന്ന് വിളിക്കപ്പെട്ടു. സഭയുടെ പ്രത്യേക നിയമം റോം അംഗീകരിച്ചപ്പോൾ, ഈ സ്ഥാനസംജ്ഞ നൈയാമികമായി.

## ജീവചരിത്രം

ഉള്ളന്നൂർ മലഞ്ചരുവിൽ കുടുംബത്തിൽ ശ്രീ മത്തായി സാറിന്റെയും ശ്രീമതി ഏലിയാമ്മയുടെയും മകനായി 1935 ജനുവരി 16-ന് സിറിൽ പിതാവ് ജനിച്ചു. ജയിംസ് എന്നായിരുന്നു മാമോദീസാപ്പേര്. ജയിംസിന്റെ മാതാപിതാക്കൾ മാർ ഈവാനിയോസിനെ അനുഗമിച്ച് 1932-ൽ കത്തോലിക്കാസഭയിൽ ചേർന്നിരുന്നതിനാൽ, കത്തോലിക്കാ കുടുംബത്തിലാണ് ജയിംസ് ജനിച്ചത്. കത്തോലിക്കാ കുടുംബത്തിൽ ജനിച്ച ആദ്യത്തെ മലങ്കര കത്തോലിക്കാ മെത്രാൻ അദ്ദേഹമായിരുന്നു. നേരത്തെ ഉണ്ടായിരുന്നവരെല്ലാം യാക്കോബായാ സഭയിൽ ജനിച്ചവരായിരുന്നു. ജയിംസ് മെഴുവേലിയിൽ പ്രാഥമിക വിദ്യാഭ്യാസം നടത്തി. മാർ ഈവാനിയോസ് പിതാവ് മത്തായി സാറിനെ സഭയുടെ ഭൗതികകാര്യങ്ങൾ നോക്കി നടത്താനുള്ള ചുമതല ഏൽപ്പിച്ച് മുക്ത്യാരാക്കി. അദ്ദേഹം സഭാകാര്യങ്ങളിൽ തൽപ്പരനായിരുന്നതിനാൽ, മക്കളും സഭയോട് ആഭിമുഖ്യം പുലർത്തി.. രാവിലത്തെ കുർബാനയ്ക്ക് സാറിന്റെ മക്കൾ ഓടിയെത്തുക പതിവായിരുന്നു എന്ന് ബ. തോമസ് കൈതനാൽ അച്ചൻ, വന്ദ്യ സാമുവേൽ മണ്ണിൽ റമ്പാച്ചൻ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മതാത്മക ചിന്തയുള്ളവരായി സാറിന്റെ മക്കൾ വളർന്നു. അതുകൊണ്ട് ദൈവം അദ്ദേഹത്തിന്റെ മക്കളിൽ മിക്കവരെയും പൗരോഹിത്യത്തിലേക്കും സന്ന്യാസത്തിലേക്കും വിളിച്ചു. വൈദികാന്തസ്സിൽ പ്രവേശിച്ച ബ. മത്തായിച്ചൻ, ബ. ജോർജച്ചൻ, വന്ദ്യ സിറിൽ പിതാവ് എന്നിവർ കടന്നുപോയി. മലങ്കരസഭയെ മൊത്തത്തിൽ നയിക്കാനുള്ള കൃപ ജയിംസിനുണ്ടായി.

## ബഥനി സന്ന്യാസത്തിൽ (1951-1960)

സ്കൂളിൽ 10-ാം ക്ലാസ്സു കഴിഞ്ഞപ്പോൾ, 1951-ൽ ജയിംസ് ബഥനി സന്ന്യാസ സമൂഹത്തിൽ ചേർന്നു. ബഥനിയുടെ രീതി അനുസരിച്ച് സിറിൽ എന്ന പേരെടുത്തു. പ്രാരംഭ സന്ന്യാസ പരിശീലനത്തിനു ശേഷം പൂനാ സെമിനരിയിൽ തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ചു. 1960 ഒക്ടോബർ 4-ന് കർദിനാൾ അഗജിയാനിയനിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു.

## ഉപരിപഠനം (1961-1965)

സിറിലച്ചൻ കാനൻ ലോയിൽ ഉപരിപഠനത്തിന് 1961-ൽ റോമിലെത്തി. ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്ന് പ്രശസ്തമാംവിധം ഡോക്ടറേറ്റെടുത്തു. രണ്ടാം വത്തിക്കാൻ കൗൺസിൽ നടന്ന കാലഘട്ടത്തിലാണ് അദ്ദേഹം റോമിലായിരുന്നത്. പല സഭാനേതാക്കന്മാരുമായി പരിചയപ്പെടാൻ അദ്ദേഹത്തിന് റോമിൽ അവസരം ലഭിച്ചു. കൗൺസിലിന്റെ അരൂപി നേരിട്ട് മനസ്സിലാക്കാനും കഴിഞ്ഞു.



## വടവാതൂർ സെമിനരി പ്രൊഫസർ (1965-1970)

ബ. സിറിലച്ചൻ 1965-ൽ റോമിൽ നിന്നു തിരിച്ചെത്തി വടവാതൂർ സെമിനരിയിൽ ക്രിസ്തുശാസ്ത്രവും യൂക്കരിസ്റ്റും പഠിപ്പിക്കാൻ തുടങ്ങി. അദ്ദേഹം കാനൻ നിയമത്തിലാണ് ഡോക്ടറേറ്റ് എടുത്തതെങ്കിലും പഠിപ്പിക്കാൻ നിയുക്തനായത് ഡോഗ്മാറ്റിക് തിയോളജിയിലാണ്. ഈ ലേഖകൻ വടവാതൂരിൽ അദ്ദേഹത്തിന്റെ വിദ്യാർഥി ആയിരുന്നു. വളരെ നല്ല ക്ലാസുകളായിരുന്നു അദ്ദേഹത്തിന്റേത്. ദൈവശാസ്ത്രം സുഗ്രാഹ്യമായ രീതിയിൽ ലളിതമായ ഭാഷയിൽ അവതരിപ്പിക്കാനുള്ള അസാധാരണ കഴിവ് അദ്ദേഹത്തിന് ഉണ്ടായിരുന്നു. ക്രിസ്തുശാസ്ത്രത്തിൽ എനിക്ക് താൽപര്യം ജനിപ്പിച്ചത് അദ്ദേഹമാണ്. പൂനായിലെ ക്ലാസ്സുകളുടെ രീതിയാണ് അദ്ദേഹം അനുവർത്തിച്ചത്. അത് കൃത്യവും വ്യക്തവുമായിരുന്നു. അദ്ദേഹം സെമിനരിയിൽ താമസിച്ചുകൊണ്ട് ക്ലാസ്സുകളെടുക്കുകയും അനേകർക്ക് ആത്മീയ ഗുരുവായി ഉപദേശം നൽകുകയും ചെയ്തു. അദ്ദേഹം വിദ്യാർഥികളെ സ്നേഹിച്ചിരുന്നു. വിദ്യാർഥികളുടെ ലീഡർ എന്ന നിലയിൽ പല കാര്യങ്ങളിലും അദ്ദേഹത്തിന്റെ നിർദേശങ്ങൾ എനിക്ക് ലഭിച്ചിട്ടുണ്ട്.

ബാംഗ്ളൂരിലെ നാഷണൽ സെമിനാറിൽ അദ്ദേഹം മലങ്കര സഭയുടെ വക്താവായിരുന്നു. കാതലിക് കൂട്ടായ്മയിൽ മലങ്കര സഭയുടെ വ്യക്തിത്വവും ഓട്ടോണമിയും അദ്ദേഹം ഊന്നിപ്പറഞ്ഞു. കത്തോലിക്കാസഭ സഭകളുടെ കൂട്ടായ്മയാണ് എന്ന കൺസീലിയർ ആശയം അദ്ദേഹം വ്യക്തമാക്കി. ഇൻഡ്യയിൽ പലരും കൗൺസിലിനു മുമ്പുള്ള സഭാശാസ്ത്രത്തിൽ തഴങ്ങിയവരായിരുന്നതിനാൽ, അക്കാലത്ത് ഇത് പലർക്കും ദഹിച്ചില്ല.

## വീണ്ടും ഉപരിപഠനം (1970-1973)

സൈക്കോളജിയിൽ ഉപരിപഠനം നടത്താൻ 1970-ൽ ബ. സിറിലച്ചൻ യു.എസ്.എ.യിലേക്കു പോയി. പഠനം കഴിഞ്ഞ് വീണ്ടും വടവാതൂരിൽ എത്തി. ഈ അവസരം ആലുവാ സെമിനരിയിലും പഠിപ്പിച്ചു. ഇൻഡ്യൻ സഭാസംബന്ധമായ പല മീററിംഗുകളിലും ഈ കാലയളവിൽ അദ്ദേഹം സംബന്ധിച്ചു.

1973-ൽ പൗരസ്ത്യ കാനൻനിയമം ക്രോഡീകരിക്കുന്നതിനുള്ള റോമൻ കമ്മീഷന്റെ അംഗമായി. ഇതിന്റെ യോഗങ്ങളിൽ പങ്കെടുക്കാൻ കൂടെക്കൂടെ റോമിൽ പോകേണ്ടിവന്നു. അദ്ദേഹത്തിന്റെ പല വിദ്യാർഥികളും ഉന്നതപഠനത്തിന് ആ അവസരം റോമിൽ എത്തിയിരുന്നു. ഈ ലേഖകനും തദവസരം (1973-1978) റോമിലായിരുന്നു. സഭാസംബന്ധമായ പല സംഗതികളും ഒന്നിച്ച് ചർച്ച ചെയ്യാൻ അപ്പോൾ അവസരം കിട്ടിയിരുന്നു. പ്രൊഫസർ എന്ന നിലയിലല്ല, നല്ലൊരു സ്നേഹിതൻ എന്ന നിലയിലാണ് അദ്ദേഹം ഞങ്ങ

ളോട് അടുത്തിടപെട്ടത്. പഠനം വലിച്ചുനീട്ടി കൊണ്ടുപോകാതെ ഒറ്റയടിക്ക് തീർക്കണമെന്ന് ഞങ്ങളോട് കൂടെക്കൂടെ പറയുമായിരുന്നു.

## ബഥനിയുടെ സുപ്പീരിയർ ജനറൽ (1974-1978)

ബഥനിയുടെ സുപ്പീരിയർ ജനറലായി 1974-ൽ അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം ബഥനിക്ക് ഒരു നവവീക്ഷണം നൽകി. കൂടുതൽ പേരേ ഉപരിപഠനത്തിന് അയച്ചു. ബഥനി കൂടുതലായി വിദ്യാഭ്യാസ സഭാശുശ്രൂഷയിലേക്ക് തിരിഞ്ഞത് ഈ കാലത്താണ്. കോട്ടയത്തെ ഗിരിദീപം സ്കൂൾ, മൈലപ്രാ മൗണ്ട് ബഥനി സ്കൂൾ എന്നിവ അദ്ദേഹം തുടങ്ങിയവയാണ്. കോട്ടയത്ത് ജനറലേറ്റും ആലുവായിൽ നൊവീഷ്യേറ്റ് ഹൗസും പണിതു. കൂടുതൽ കൂടുതൽ സന്ന്യാസവൈദികർ സ്ഥാപനങ്ങളിലേക്ക് തിരിഞ്ഞത് ഈ കാലത്താണ്. സിറിലച്ചൻ ഈ കാലയളവിൽ ഇൻഡ്യൻ കാതലിക് സന്ന്യാസ സമൂഹത്തിന്റെ (സി.ആർ.ഐ.) പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. ആ കാലഘട്ടത്തിൽ കേരളത്തിലെ അറിയപ്പെട്ട ധ്യാനഗുരുവായിരുന്നു അദ്ദേഹം. മിക്കവാറും എല്ലാ രൂപതകളിലും സെമിനരികളിലും സന്ന്യാസഭവനങ്ങളിലും അദ്ദേഹം റിട്രീറ്റുകൾ നടത്തിയിട്ടുണ്ട്.

## ബത്തേരി മെത്രാൻ (1978-1995)

സുപ്പീരിയർ ജനറൽ ആയിരിക്കുമ്പോഴാണ് അദ്ദേഹം ബത്തേരി രൂപതാധ്യക്ഷനായി നിയമിതനായത്. തിരുവല്ലാ, തിരുമൂലപുരത്തു വച്ച് 1978 ഡിസംബർ 28-ന് ഐസക്ക് കൂട്ടപ്ലാക്കൽ അച്ചനോടൊത്ത് സിറിലച്ചൻ ബസേലിയോസ് എന്ന പേരിൽ മെത്രാനായി. 1979 ഫെബ്രുവരി 2-ന് ബത്തേരി രൂപതയുടെ ചുമതതല ഔദ്യോഗികമായി ഏറ്റെടുത്തു. അന്ന് 8000 വിശ്വാസികളും 43 ഇടവകകളും 18 ഇടവകവൈദികരും 2 സന്ന്യാസ വൈദികരും 2 എൽ.പി.സ്കൂളുകളും 2 യു.പി.സ്കൂളുകളും ഒരു നേഴ്സറി സ്കൂളും മാത്രമേ ബത്തേരി രൂപതയ്ക്ക് ഉണ്ടായിരുന്നുള്ളു.

അവഗണിക്കപ്പെട്ടും ഒറ്റപ്പെട്ടും കിടന്ന മലങ്കരക്കാരെ സന്ദർശിച്ച് അവർക്കുവേണ്ടി പള്ളികൾ സ്ഥാപിക്കുകയും വൈദികരെ നിയമിക്കുകയും പുതിയ മേടകൾ പണിയുകയും ചെയ്തു. എല്ലാ മനുഷ്യരുടെയും, പ്രത്യേകിച്ച്, ആദിവാസികളുടെ, സമഗ്രവികസനത്തിൽ ശ്രദ്ധിച്ചു. രൂപതയുടെ ഫലപ്രദമായ പ്രവർത്തനത്തിന് വിവിധ ഡിപ്പാർട്ടുമെന്റുകൾ സ്ഥാപിച്ചു. ഇടവകകളിലെ വിശ്വാസികളുടെ വിവിധ തട്ടുകളിൽ ഉള്ളവർക്കായി വ്യത്യസ്ത സംഘടനകൾ തുടങ്ങി. ഇടവകകളെ സ്വയംപര്യാപ്തമാക്കാൻ വേണ്ട കാര്യങ്ങൾ ചെയ്തു. സോഷ്യൽ സർവീസ് സെന്റർ (ശ്രേയസ്), മൈനർ സെമിനരി (ഗുരുകുലം), അരമന (ധർമപീഠം), യുവജനകേന്ദ്രം (പ്രതീക്ഷ), മതാധ്യാപനകേന്ദ്രം (സ്രോതസ്സ്), വൈദികമന്ദിരം (സന്നിധാനം)



എന്നിവ പണിതു. സെന്റ് ജോസഫ്സ് ഇംഗ്ലീഷ് ഹൈസ്കൂൾ ബത്തേരിയിൽ സ്ഥാപിച്ചു. പുൽപ്പള്ളിയിൽ പഴശ്ശിരാജാ കോളേജ് വിലയ്ക്കു വാങ്ങി. ഏതാണ്ട് 60 പള്ളികളും 20 മേടകളും പണിതു. 15 വൈദികരെ ഉന്നത വിദ്യാഭ്യാസത്തിന് അയച്ചു. മൂന്നു മാസത്തിലൊരിക്കൽ വൈദികരെ ഒന്നിച്ചുകൂട്ടി പ്രവർത്തനങ്ങൾ വിലയിരുത്തി.

അദ്ദേഹം 17 വർഷത്തെ നേതൃത്വത്തിനുശേഷം 1995-ൽ രൂപതവിട്ട് തിരുവനന്തപുരത്തേക്ക് പോയപ്പോൾ, 22,507 വിശ്വാസികളും 108 ഇടവകകളും 61 ഇടവക വൈദികരും 11 സന്ന്യാസ വൈദികരും 185 കന്യാസ്ത്രീകളും 92 സെമിനരിക്കാരും ഉണ്ടായിരുന്നു. സ്കൂളുകൾ 58 ആയി ഉയർന്നു. രണ്ട് ടെക്നിക്കൽ സ്കൂളുകൾ തുടങ്ങി. ബത്തേരി രൂപതയിൽ മലങ്കര കത്തോലിക്കാസഭയ്ക്ക് ശക്തമായ ഒരടിത്തറ ഉണ്ടാക്കി. ദരിദ്രരോടും ആവശ്യക്കാരോടും അഗതികളോടും അദ്ദേഹം പ്രത്യേകം കരുണ കാണിച്ചു. അദ്ദേഹം ആത്മാർഥമായി അവരെ സ്നേഹിക്കുകയും എല്ലാ രീതിയിലും സഹായിക്കുകയും ചെയ്തു.

ഈ ലേഖകൻ വടവാതൂർ സെമിനരിയിൽ പഠിപ്പിച്ചുകൊണ്ടിരുന്ന കാലത്ത് (1979-1993) അദ്ദേഹം കളത്തിപ്പടിയിൽ വരുമ്പോൾ അദ്ദേഹത്തെ കണ്ട് സംഭാഷണം നടത്തിയിരുന്നു. ഞാൻ 1993-ൽ തിരുവനന്തപുരത്ത് എത്തുന്നതുവരെ ഈ ബന്ധം നിലനിന്നു. അതിനുശേഷം വളരെ അപൂർവമായി മാത്രമേ അദ്ദേഹത്തെ കാണാനും സംസാരിക്കാനും എനിക്ക് സാധിച്ചുള്ളു.

## തിരുവനന്തപുരം ആർച്ചുബിഷപ്പ് (1995-2004)

തിരുവനന്തപുരത്തെ മൂന്നാമത്തെ ആർച്ചുബിഷപ്പും ബഥനി സന്ന്യാസ സമൂഹത്തിൽ നിന്നുള്ള നാലാമത്തെ മെത്രാനുമാണ് സിറിൽ മാർ ബസേലിയോസ് പിതാവ്. മാർ ഈവാനിയോസ് പിതാവിന്റെ എക്യുമെനിക്കലും സഭാപരവുമായ വീക്ഷണങ്ങൾ അദ്ദേഹം പുലർത്തി. മലങ്കരസഭയെ മൊത്തത്തിൽ അദ്ദേഹവും കണ്ടിരുന്നു. ചരിത്രത്തിന്റെ ഗതിവിഗതികളിൽ ഈ ഏകസഭ പിളർന്ന് വ്യത്യസ്ത സഭാനേതൃത്വങ്ങളുടെ കീഴിൽ വ്യത്യസ്ത ചിന്തഗതികൾ പുലർത്തുന്നവരായി തീർന്നു. ഈ വ്യത്യസ്ത സമൂഹങ്ങളുടെ ഐക്യം അദ്ദേഹം തീവ്രമായി അഭിലഷിച്ചു. വളരെ പാണ്ഡിത്യമുള്ള വ്യക്തിയായിരുന്നു തിരുമേനി. ഇൻഡ്യയിലെ എണ്ണപ്പെട്ട ദൈവശാസ്ത്രജ്ഞന്മാരുടെ മുൻപന്തിയിൽ അദ്ദേഹം നിന്നു.

അദ്ദേഹം ആർച്ചുബിഷപ്പായിരുന്ന കാലത്ത് നിരവധി സ്ഥാപനങ്ങൾ പണിയിച്ചു. പള്ളികളും മേടകളും പുതുക്കിപ്പണിതു. 1995 മുതൽ 2004 വരെയുള്ള സുപ്രധാന സംഭവങ്ങൾ സൂചിപ്പിക്കാം.

*1996* ജനുവരിയിൽ ആർച്ചുബിഷപ്പ് എന്ന നിലയിൽ മാർപാപ്പായെ സന്ദർശിച്ച് പാലിയം സ്വീകരിച്ചു. ഫെബ്രൂവരിയിൽ നാലാഞ്ചിറ സെമിനരി ചാപ്പൽ കൂദാശ ചെയ്തു. ഫെബ്രൂവരി 13-21 തീയതികളിൽ സി.ബി.സി.ഐ. മീറ്റിംഗ് മലങ്കര മേജർ സെമിനരിയിൽ വച്ച് നടന്നു. ഇൻഡ്യയിലെ കത്തോലിക്കാ മെത്രാന്മാരും വത്തിക്കാൻ പ്രതിനിധി കർദിനാൾ അക്കില്ലെ സിൽവെസ്ത്രീനിയും പ്രോനുൺഷ്യോ ഗെയോർഗ് സൂറും സംബന്ധിച്ചു. ഡിസംബർ 18-ന് വർഗീസ് ഒറ്റത്തെങ്ങിൽ അച്ചനെ ബത്തേരി മെത്രാനായി നാമനിർദേശം ചെയ്തു. തിരുവനന്തപുരം അതിരൂപത വിഭജിച്ച് മാർത്താണ്ഡം രൂപത സ്ഥാപിക്കുകയും സഹായ മെത്രാനായിരുന്ന ലോറൻസ് മാർ അപ്രേം പിതാവിനെ മാർത്താണ്ഡത്തിന്റെ പ്രഥമ മെത്രാനായി നിയമിക്കുകയും ചെയ്തു. കന്യാകുമാരി ജില്ലയിലെ മലങ്കര പള്ളികളെല്ലാം ഉൾക്കൊള്ളിച്ചാണ് ഭാഷാടിസ്ഥാനത്തിൽ ഈ രൂപത സ്ഥാപിച്ചത്.

*1997* ജനുവരി 23-ന് ലോറൻസ് മാർ അപ്രേം മാർത്താണ്ഡം രൂപതയുടെ ചുമതലയേറ്റു. എന്നാൽ ഏപ്രിൽ 8-ന് അദ്ദേഹം മരിച്ചു. ഫെബ്രുവരി 5-ന് വർഗീസ് ഒറ്റത്തെങ്ങിൽ അച്ചൻ ദിവന്നാസ്യോസ് എന്ന പേരിൽ മെത്രാനായി. കോശി വർഗീസ് അച്ചനേയും ജോൺ കല്ലൂർ അച്ചനേയും പട്ടത്തു വച്ച് കോറെപ്പിസ്ക്കോപ്പാമാരാക്കി. ജൂലൈ 17-ന് തിരുവല്ലാ സഹായമെത്രാനായി തോമസ് മാർ കൂറില്ലോസ് അഭിഷിക്തനായി.

*1998* കേരളത്തിനു പുറത്തുള്ള മലങ്കര കത്തോലിക്കരുടെ കോ ഓർഡിനേറ്റേഴ്സായി ജോൺ ബർക്ക്മൻസ് ഓ.ഐ.സി (ഇൻഡ്യ), ജോൺ കല്ലൂർ (യുഎസ്.ഏ.), ജോൺ ഈശ്വരൻകുടി (ജർമനി) എന്നിവരെ ജനുവരിയിൽ നിയമിച്ചു. അരമനയുടെ പുതിയ കെട്ടിടം ഫെബ്രുവരി 12-നും സെൻ്റ് മേരീസ് പ്രസ് ഫെബ്രുവരി 15-നും കൂദാശ ചെയ്തു. മാർച്ച് 18-28 -ൽ വരണാസിയിൽ കൂടിയ സി.ബി.സി.ഐ. മീറ്റിംഗിൽ വച്ച് അതിന്റെ ഘടനയിൽ സുപ്രധാന മാറ്റം വരുത്തി. ഏപ്രിൽ 15-ന് കോശി വർഗീസ് അച്ചനെ തിരുവനന്തപുരത്തെ സഹായ മെത്രാനായും 16-ന് ജോൺ കല്ലൂർ അച്ചനെ മാർത്താണ്ഡം ബിഷപ്പായും നിയമിച്ചു. നവംബർ 3-ന് മാർ ഫീലൊക്സീനോസ് പിതാവ് മരിച്ചു.

*1999* ഡിസംബർ 27 മുതൽ 2000 ജനുവരി 2 വരെ സിറിയൻ പാത്രിയർക്കീസ് ഇഗ്നാത്യോസ് മൂസാ ദാവൂദ് മലങ്കരസഭ സന്ദർശിച്ചു.

*2000* ബിഷപ്പ് അലൻ ഡി ലാസ്റ്റിക് പോളണ്ടിൽ വച്ച് അപകടത്തിൽ മരിച്ച ഒഴിവിൽ സിറിൽ മാർ ബസേലിയോസ് ജൂണിൽ സി.ബി.സി.ഐ. പ്രസിഡൻ്റായി. പുനരൈക്യത്തിന്റെ 70-ാം വാർഷികവും മഹാജൂബിലി ആഘോഷവും ഡിസംബർ 27-28 തീയതികളിൽ തിരുവല്ലായിൽ വച്ച് നടത്തപ്പെട്ടു. കർദിനാൾ മൂസാ ദാവൂദ് പൗരസ്ത്യസംഘത്തിൽ നിന്ന് സന്നിഹിതനായിരുന്നു.



*2001* ജനുവരി 13-ന് കൊട്ടാരക്കര വച്ച് മഹാജൂബിലി സമാപനം നടന്നു. കർദിനാൾ യൊവാക്കിം മയ്സനർ (കൊളോൺ) മുഖ്യാതിഥി ആയിരുന്നു. ജൂണിൽ അമേരിക്കയ്ക്കു വേണ്ടി ഐസക്ക് തോട്ടുങ്കലച്ചൻ അപ്പസ്തോലിക് വിസിറ്റേറ്ററായി നിയമിതനായി. അദ്ദേഹത്തിന്റെ മെത്രാഭിഷേകം ആഗസ്റ്റ് 15-ന് തിരുമൂലപുരത്തുവച്ച് നടത്തപ്പെട്ടു. ഐസക്ക് മാർ ക്ലീമീസ് എന്ന് അദ്ദേഹം പേരെടുത്തു.

*2002*-ൽ പുതിയ എൻജിനീയറിംഗ് കോളേജിന്റെ ആശീർവാദവും ഉദ്ഘാടനവും നടന്നു.

*2003* ഫെബ്രൂവരി 6-ന് മൂവാറ്റുപുഴ രൂപത സ്ഥാപിച്ചു. തിരുവല്ലാ സഹായമെത്രാനായിരുന്ന തോമസ് മാർ കൂറിലോസിനെ മൂവാറ്റുപുഴയിലെ ആദ്യമെത്രാനായി നിയമിച്ചു. ഒക്ടോബർ 2-ന് തിരുവല്ലാ മെത്രാനായി അമേരിക്കൻ വിസിറ്ററായിരുന്ന ഐസക്ക് മാർ ക്ലീമീസിനെ നിയമിച്ചു.

*2004* ജനുവരി 5-ന് പുഷ്പഗിരി മെഡിക്കൽ കോളേജ് ഉദ്ഘാടനം ചെയ്തു. കർദിനാൾ മൂസാ ദാവൂദ് മുഖ്യാതിഥി ആയിരുന്നു. ഈ രീതിയിൽ സംഘടനാപരമായി വലിയ വികാസം ഈ കാലയളവിൽ ഉണ്ടായി. രൂപതകളുടെയും മെത്രാന്മാരുടെയും എണ്ണം കൂടി. പൗരസ്ത്യസംഘം പ്രീഫെക്ട് കർദിനാൾ മൂസാ ദാവൂദ് കൂടെക്കൂടെ മലങ്കരസഭ സന്ദർശിച്ചു.

തിരുവനന്തപുരം അതിരൂപതയിലെ എല്ലാ സഭാഡിസ്ട്രിക്ടുകളിലും നിർമാണപ്രവർത്തനങ്ങൾ നടന്നു. പട്ടത്തും നാലാഞ്ചിറയിലുമായി നിരവധി സ്ഥാപനങ്ങൾ ഉയർന്നുവന്നു. പുതിയ എൻജിനീയറിംഗ് കോളേജ്, സീതത്തോടും ചന്ദനപ്പള്ളിയിലും രണ്ട് ഐ.ടി.ഐ. കൾ, രണ്ടു മൂന്നിടത്ത് പ്ലസ് ടു സ്കൂളുകൾ എന്നിവ ആരംഭിച്ചു. നിലവിലുള്ള പല സ്കൂളുകളും വികസിപ്പിച്ചു. അരമനയുടെ പുതിയ വിംഗ് പണിത് *തിരുസന്നിധി* എന്നു പേരിട്ടു. ചുരുങ്ങിയ കാലത്തിനുള്ളിൽ നിരവധി വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങി. പിതാവ് കാട്ടാക്കട വൈദികജില്ലയിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചു. അതൊരു രൂപതയായി തിരിക്കാൻ അദ്ദേഹത്തിന് പദ്ധതിയുണ്ടായിരുന്നു. എന്നാൽ അത് യാഥാർഥ്യമായില്ല. സ്ഥാപനപരമായി അതിശയകരമായ വളർച്ചയുണ്ടായി.

## മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ് (2005-2007)

പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ മാർപാപ്പാ മലങ്കര മെത്രാപ്പോലീത്തൻ വ്യക്തിഗത സഭയെ 2005 ഫെബ്രുവരി 10-ന് പേട്രിയാർക്കൽ

സഭയ്ക്കു തുല്യമായ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തുകയും ആർച്ചുബിഷപ്പ് സിറിൽ മാർ ബസേലിയോസ് പിതാവിനെ അതിന്റെ ആദ്യത്തെ മേജർ ആർച്ചുബിഷപ്പായി നിയമിക്കുകയും ചെയ്തു. മേജർ ആർച്ചുബിഷപ്പ് എപ്പിസ്ക്കോപ്പൽ സിനഡിന്റെ പ്രസിഡന്റാണ്. പാത്രിയർക്കീസ് എന്ന സ്ഥാനസംജ്ഞ ഇല്ലെങ്കിലും കാനൻ നിയമത്തിൽ പാത്രിയർക്കീസിനുള്ള എല്ലാ അധികാരാവകാശങ്ങളും മേജർ ആർച്ചുബിഷപ്പിനുണ്ട്. 2005 മെയ് 14-ന് പിതാവ് മേജർ ആർച്ചുബിഷപ്പായി സ്ഥാനമേറ്റു. സ്ഥലത്തെ പാരമ്പര്യവും രീതിയുമനുസരിച്ച് മേജർ ആർച്ചുബിഷപ്പിനെ *കാതോലിക്കോസ്* എന്നു വിളിക്കുന്നു. റോം അംഗീകരിച്ച മലങ്കരസഭയുടെ പ്രത്യേക നിയമത്തിൽ കാതോലിക്കോസ് എന്ന സംജ്ഞ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് കാതോലിക്കോസ് എന്ന് ഉപയോഗിക്കുന്നത് നൈയാമികമാണ്.

2006 മെയ് 14-ന് തിരുവല്ലാ സഭാപ്രോവിൻസ് രൂപീകരിച്ച്, ബത്തേരിയും മൂവാറ്റുപുഴയും സാമന്തരൂപതകളാക്കി. തിരുവല്ലായെ മെത്രാപ്പോലീത്തൻ അതിരൂപതയാക്കി ഉയർത്തി. ഐസക്ക് മാർ ക്ലീമീസിനെ അതിന്റെ ആദ്യത്തെ ആർച്ചുബിഷപ്പാക്കി. 2007 ജനുവരി 1-ന് മാവേലിക്കര രൂപത നിലവിൽ വരുന്ന കാര്യം പ്രഖ്യാപിച്ചു. തിരുവനന്തപുരം മേജർ അതിരൂപത വിഭജിച്ചാണ് മാവേലിക്കര രൂപത രൂപീകരിച്ചത്. അതിന്റെ അധ്യക്ഷനായി ജോഷ്വാ മാർ ഇഗ്നാത്യോസ് പിതാവിനെ നിയമിച്ചു. എന്നാൽ രൂപത നടപ്പാക്കുന്നതിനുമുമ്പ് ആ മാസം 18-ന് സിറിൽ മാർ ബസേലിയോസ് കാലം ചെയ്തു. മരിക്കുന്ന അന്നേദിവസം കുറേപ്പേരെ റമ്പാന്മാരും കോറെപ്പിസ്ക്കോപ്പാമാരും ആക്കി. അദ്ദേഹത്തിന്റെ പെട്ടെന്നുള്ള മരണം സഭയ്ക്കകത്തും പുറത്തും ഉള്ളവരെ ഒരുപോലെ ഞെട്ടിച്ചുകളഞ്ഞു.

സിറിൽ മാർ ബസേലിയോസ് കാതോലിക്കാ ബാവായുടെ വിശദമായ ജീവചരിത്രം എഴുതേണ്ടതാണ്. അദ്ദേഹത്തിന്റെ ഓർമ്മ വിസ്മൃതിയിൽ ആഴ്ത്തിക്കളയാൻ പാടില്ല. മലങ്കരസഭയ്ക്ക് സഭാത്മക വീക്ഷണം നൽകിയത് അദ്ദേഹമാണ്. മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തുന്നതിൽ അദ്ദേഹം ചെയ്ത പങ്ക് നിസ്തുലമാണ്. മാർ ഈവാനിയോസ് പിതാവ് ആഗ്രഹിച്ച കാതോലിക്കേറ്റും സിനഡും അദ്ദേഹം യാഥാർഥ്യമാക്കി. മലങ്കര സഭയുടെ ഓട്ടോണമി, വ്യക്തിത്വം എന്നിവ ഇതിലൂടെ സാധിച്ചു. കാനോനിക്കലായി മേജർ ആർച്ചുബിഷപ്പിനേക്കാൾ താണ പടിയിലാണ് കാതോലിക്കാ സ്ഥാനമെങ്കിലും, പ്രാദേശിക പാരമ്പര്യത്തിൽ അത് ഓട്ടോണമിയുടെ പ്രതീകമാണ്.

സിറിൽ മാർ ബസേലിയോസ് കാതോലിക്കാ ബാവാ ദീർഘവീക്ഷണമുള്ള ആളായിരുന്നു. തന്റെ പിൻഗാമി ആരായിരിക്കണമെന്നതിൽ അദ്ദേഹത്തിന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. അതിന് അദ്ദേഹം വഴിയൊരുക്കി. തടസ്സങ്ങളെല്ലാം നീക്കി. ദൈവപരിപാലനയിൽ അത് യാഥാർഥ്യമായി തീരുകയും ചെയ്തു. അദ്ദേഹം 2007-ൽ മരിച്ചെങ്കിലും, തുടർന്നു ചെയ്യേണ്ടവയൊക്കെ വ്യക്തമാക്കിയിരുന്നു. ആ പാതയിലൂടെയാണ് സഭ മുന്നോട്ട് കുതിക്കുന്നത്. അദ്ദേഹത്തിന് കൃത്യമായ പ്ലാനും പദ്ധതിയും ഉണ്ടായിരുന്നു. പ്രാർഥനാപൂർവം അദ്ദേഹം അവ നടപ്പാക്കി. ഈ കാലയളവിൽ പൗരസ്ത്യസംഘത്തിന്റെ തലപ്പത്ത് ബസേലിയോസ് പിതാവിന്റെ സ്നേഹിതനായ കർദിനാൾ മൂസാ ദാവൂദ് വന്നതും നുൺഷ്യോ പച്ചക്കൊടി കാട്ടിയതും ജോൺ പോൾ മാർപാപ്പാ അംഗീകരിച്ചതുമെല്ലാം ദൈവനിയോഗമാണ്.



മാർ ഈവാനിയോസ് പിതാവിന് തെറ്റു പറ്റിയില്ല. അദ്ദേഹം നേരായ പാതയാണ് തെരഞ്ഞെടുത്തതെന്ന് ചരിത്രം തെളിയിച്ചുകൊണ്ടിരിക്കുന്നു. മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭാസ്ഥാപനം വഴി മലങ്കര സഭയിൽ മായാത്ത വ്യക്തിമുദ്ര സിറിൽ മാർ ബസേലിയോസ് കാതോലിക്കാ ബാവാ പതിച്ചു. ദൈവം അദ്ദേഹത്തെ കരുവാക്കി. തന്റെ സഭയെ താനാണ് നയിക്കുന്നതെന്ന് കർത്താവ് കാണിച്ചു കൊടുത്തു. ഓരോ കാലഘട്ടത്തിലും പറ്റിയവരെ അവിടുന്ന് ഉയർത്തുകയും അവരിലൂടെ തന്റെ പദ്ധതികൾ നടപ്പാക്കുകയും ചെയ്യുന്നു. എല്ലാവരുടെയും കണ്ണു തുറക്കാൻ ആഹ്വാനം ചെയ്തുകൊണ്ടാണ് സിറിൽ പിതാവ് കണ്ണടച്ചത്.

## എക്യൂമെനിസ്റ്റ്

മറ്റ് ക്രിസ്തീയ സഭകളെയും സമൂഹങ്ങളെയും അംഗീകരിക്കാനും സ്വീകരിക്കാനുമുള്ള വളരെ വിശാലമായ മനസ്സ് അദ്ദേഹത്തിന് ഉണ്ടായിരുന്നു. മലങ്കര യാക്കോബായാ സഭയുമായും ഓർത്തഡോക്സ് സഭയുമായുമുള്ള അന്തർദേശീയ എക്യൂമെനിക്കൽ സംവാദത്തിൽ 1989 മുതൽ മലങ്കരസഭയെ ദീർഘനാൾ പ്രതിനിധീകരിച്ചത് സിറിൽ പിതാവും ഈ ലേഖകനുമാണ്. മറ്റുള്ളവരെ മനസ്സിലാക്കാൻ അദ്ദേഹത്തിന് ഒരസാധാരാണ കഴിവ് ഉണ്ടായിരുന്നു. ചർച്ചകളിൽ അന്തസ്സോടെ പെരുമാറി. മറ്റുള്ളവരുടെ പ്രകോപനപരമായ പെരുമാറ്റങ്ങളിലും പരാമർശങ്ങളിലും അദ്ദേഹം ഒരിക്കലും പ്രകോപിതനായില്ല.

വിശ്വാസവും വിശ്വാസത്തിന്റെ അവതരണരീതിയും രണ്ടായി കാണാൻ അദ്ദേഹത്തിനു കഴിഞ്ഞു. അവതരണത്തിൽ ബഹുത്വവും വൈവിധ്യവും വരാം, വീക്ഷണങ്ങളിൽ വ്യത്യാസം വരാം, സത്യം ഒന്നേയുള്ളു എങ്കിലും, സത്യത്തിന് പല മുഖങ്ങൾ ഉണ്ടാകാം, മറ്റുള്ളവർ പറയുന്നതിലും സത്യത്തിന്റെ അംശം ഉണ്ടാകാം എന്ന കാര്യം അദ്ദേഹം അംഗീകരിച്ചിരുന്നു. സത്യത്തിന്റെ കുത്തകാവകാശം ഒരു ഫോർമുലയ്ക്കും അവകാശപ്പെടാ

നാവില്ല. അതുകൊണ്ട് അദ്ദേഹം മറ്റുള്ളവരെ ശ്രദ്ധാപൂർവം ശ്രവിക്കയും മനസ്സിലാക്കാൻ ശ്രമിക്കയും ചെയ്തു. വിശ്വാസത്തിന്റെ സാരസത്ത ഉള്ളിടത്ത് അദ്ദേഹം തർക്കത്തിന് മുതിർന്നില്ല. തന്റെ ആശയവും അവതരണരീതിയും അടിച്ചേൽപ്പിക്കാൻ മുതിർന്നില്ല. അത് എക്യൂമെനിസമേ അല്ലെന്ന് അദ്ദേഹം മനസ്സിലാക്കി.

മലങ്കര പിതാക്കന്മാരുടെ ഇടയിൽ അദ്ദേഹം വളരെ വിശാലമായ എക്യൂമെനിക്കൽ വീക്ഷണം പുലർത്തി. അടിസ്ഥാന സംഗതികളിൽ ഓർത്തഡോക്സ്, യാക്കോബായാ സഭകളുമായി ഗൗരവമായ അന്തരമില്ലാത്തതിനാൽ, പ്രായോഗിക തലത്തിൽ വിട്ടുവീഴ്ചകൾക്ക് അദ്ദേഹം സന്നദ്ധനായിരുന്നു. അതു മനസ്സിലാക്കി ഫലദായകമാക്കാൻ പലരും മുതിർന്നില്ല. എന്നു മാത്രമല്ല, എക്യൂമെനിക്കൽ ചർച്ചകൾ പോലും ഗൗരവമായ തലത്തിലേക്ക് കടത്തിവിടാൻ പലരും താൽപ്പര്യം കാണിച്ചില്ല. വളരെ താഴ്ന്ന പടിയിൽ നിന്നുകൊണ്ടുള്ള എക്യൂമെനിക്കൽ ചർച്ചകളാണ് പലപ്പോഴും നടന്നിരുന്നത്. കത്തോലിക്കാ കൂട്ടായ്മയിൽ ഓട്ടോണമിക്കും വ്യക്തിത്വത്തിനും സ്ഥാനമുണ്ടെന്ന് അർഥശങ്കയ്ക്ക് ഇടം കൊടുക്കാതെ കാട്ടിക്കൊടുക്കാനാണ് മെത്രാപ്പോലീത്തൻ സഭ എന്ന നിലയിൽ നിന്ന് മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭഎന്ന നിലയിലേക്ക് മലങ്കര കത്തോലിക്കാ സഭയെ ഉയർത്താൻ അദ്ദേഹം കഠിനാധ്വാനം ചെയ്തത്. എന്നാൽ കേരളത്തിൽ ഓട്ടോണമിയുടെ പ്രതീകമായ കാതോലിക്കോസ് സംജ്ഞ, പാത്രിയർക്കീസിനു തുല്യമായ മേജർ ആർച്ചുബിഷപ്പ്, പ്രാദേശികപാരമ്പര്യത്തിന്റെ വെളിച്ചത്തിൽ ഉപയോഗിച്ചപ്പോൾ, അതിന്റെ ആഴം മനസ്സിലാക്കാതെ എതിർപ്പുമായി ചിലർ മുന്നോട്ടുവന്നു. ആ എതിർപ്പ് റോം വരെയെത്തി. പ്രാദേശിക തലത്തിലും ചിലരൊക്കെ അവഹേളനശരം തൊടുത്തുവിട്ടു. അത് അദ്ദേഹത്തെ വളരെ വേദനിപ്പിച്ചു. എന്നാൽ റോം അദ്ദേഹത്തിന്റെ കൂടെ നിന്നു. അദ്ദേഹവും സഭയും ചെയ്തത് ശരിയാണെന്ന് പ്രത്യേക നിയമസംഹിതയുടെ അംഗീകാരത്തിലൂടെ റോം സമ്മതിക്കുകയായിരുന്നു.

തന്റെ ദൈവനിയുക്തദൗത്യം പൂർത്തിയാക്കി സ്വർഗസൗഭാഗ്യത്തിലേക്ക് പ്രവേശിച്ച ബസേലിയോസ് പിതാവ് അവിടെയും നമ്മുടെ ഉറ്റസ്നേഹിതനായിരുന്ന്, മനുഷ്യരുടെ കണ്ണു തുറക്കാൻ വേണ്ടി അവരെ സ്പർശിക്കാൻ ജീവദാതാവിനോട് അപേക്ഷിക്കട്ടെ. ഒരു വലിയ ചിന്തകൻ, ഒരു വലിയ പണ്ഡിതൻ, ഒരു വലിയ സഭാസ്നേഹി, മലങ്കരസഭ കണ്ട ഏറ്റവും വലിയ ദൈവശാസ്ത്രജ്ഞൻ, ദൈവതൃക്കരങ്ങളിൽ വിശിഷ്ടോപകരണം, ഒരു ദാർശനികൻ, സഭാശാസ്ത്രത്തിൽ അഗ്രഗണ്യൻ, ഒരു വലിയ മനുഷ്യസ്നേഹി എന്നീ തലങ്ങളിൽ മാർ ബസേലിയോസ് പിതാവ് ഉന്നതഗോപുരം കണക്കെ സഭാമണ്ഡലത്തിൽ നിലകൊള്ളുന്നു.



## മറ്റു മതങ്ങളുമായുള്ള ബന്ധം

ഇൻഡ്യയിലെ മറ്റു മതങ്ങളെ ബഹുമാനപൂർവം അദ്ദേഹം വീക്ഷിച്ചിരുന്നു. ക്രിസ്തുമതത്തിനു നൽകാൻ പലതും ഹിന്ദുമതത്തിലുണ്ട്, ഹിന്ദുമതത്തിനു സ്വീകരിക്കാൻ പലതും ക്രിസ്തുമതത്തിലുമുണ്ട് എന്ന് അദ്ദേഹം വിശ്വസിച്ചു. അദ്ദേഹം ഡയലോഗിൽ വിശ്വസിച്ചു. ആരുമായും ഡയലോഗ് നടത്താൻ അദ്ദേഹം തയാറായിരുന്നു. ക്രിസ്തുമതത്തേപ്പറ്റി വ്യത്യസ്താഭിപ്രായങ്ങൾ ഉള്ളവരോടുപോലും ശാന്തമായും സൗമ്യമായും ഡയലോഗ് നടത്താൻ അദ്ദേഹം ഒരുക്കമായിരുന്നു. സത്യം അവതരിപ്പിക്കാനും മറ്റുള്ളവരെ മനസ്സിലാക്കാനും ഡയലോഗാണ് ഏറ്റവും ഉത്തമ മാർഗമെന്ന് അദ്ദേഹം കണ്ടു. വ്യത്യസ്ത വീക്ഷണങ്ങളുള്ളവരിൽ നിന്ന് അകന്നു നിൽക്കുന്നതും അവരെ അകറ്റി നിർത്തുന്നതും മുൻവിധികൾ നിലനിർത്താനും വർധിപ്പിക്കാനും മാത്രമേ ഉപകരിക്കൂ എന്ന് അദ്ദേഹം മനസ്സിലാക്കി. ക്രിസ്തുനാഥനെ ശരിയായി അവതരിപ്പിക്കാനും ഹിന്ദുനേതാക്കളുമായി നേരിട്ട് സംവാദം നടത്താനും കഴിഞ്ഞാൽ, മുൻവിധികൾ നിശ്ചയമായും നീങ്ങിപ്പോകും. ബത്തേരിയിൽ ആയിരുന്നപ്പോൾ, അവിടെയുള്ള മുസ്ലീങ്ങളുമായി ഉറ്റസൗഹൃദം പുലർത്തി. ഇൻഡ്യൻ ജനതയ്ക്ക് മനസ്സിലാകുന്ന ശൈലിയിൽ ക്രിസ്തീയസന്ദേശം അവതരിപ്പിച്ചേ മതിയാകൂ എന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. എന്നാൽ ക്രിസ്തുവിന്റെ അനന്യതയിൽ മായം ചേർക്കാൻ അദ്ദേഹം ഒരിക്കലും അനുവദിച്ചില്ല. സഭൈക്യത്തിനു വേണ്ടി സദാ നിലകൊണ്ടപ്പോഴും സഭകളുടെ വ്യക്തിത്വവും ഓട്ടോണമിയും ഊന്നിപ്പറഞ്ഞത് പഴയ ചിന്താരീതിയിൽ പരിചയിച്ച പലർക്കും സുഗ്രാഹ്യമായിരുന്നില്ല. കേരളത്തിൽ വച്ച് ചില ഉന്നത ഹൈന്ദവ നേതാക്കന്മാരുമായി മതപരമായ ചർച്ച നടത്തിയത് പലരും നെറ്റി ചുളിച്ചാണ് നോക്കിക്കണ്ടത്.

റോമാസഭയ്ക്ക് സിറിൽ പിതാവിൽ നല്ല വിശ്വാസമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ചുവടുവയ്പ്പുകൾ റോമാസഭ അംഗീകരിച്ചിരുന്നു. പല സഭാപ്രശ്നങ്ങളിലും അന്വേഷകനായും മധ്യസ്ഥനായും അദ്ദേഹം നിയമിതനായി. തന്നെ ഏൽപ്പിച്ച ദൗത്യം സത്യസന്ധമായും നിഷ്പക്ഷമായും അദ്ദേഹം നിറവേറ്റിയിരുന്നു.

ബനഡിക്ട് മാർപാപ്പായുടെ മനസ്സിൽ അദ്ദേഹം നിറഞ്ഞുനിന്നു. ഈ ലേഖകൻ ബനഡിക്ട് മാർപാപ്പായെ സന്ദർശിച്ചപ്പോൾ മാർപാപ്പാ ആദ്യം ചോദിച്ചത്, How is the Major Archbishop? എന്നെ ആ ചോദ്യം ആദ്യം അമ്പരപ്പിച്ചുകളഞ്ഞു. ആ അവസരം സിറിൽ പിതാവ് രോഗിയായിരുന്നു. ബനഡിക്ട് മാർപാപ്പായുടെ ഒരു വലിയ സ്നേഹിതനായിരുന്നു മേജർ ആർച്ചുബിഷപ്പ് സിറിൽ മാർ ബസേലിയോസ് കാതോലിക്കാ ബാവാ.

# 23
# കാലം ചെയ്ത പിതാക്കന്മാർ

മാർ ഈവാനിയോസ് , മാർ ഗ്രിഗോറിയോസ്, മാർ ബസേലിയോസ് എന്നീ പിതാക്കന്മാർക്കു പുറമേ മലങ്കര കത്തോലിക്കാ സഭയിലെ മറ്റു ചില പിതാക്കന്മാർ കൂടി തങ്ങളുടെ ഭൗമിക ജീവിതാവസാനം സ്വർഗീയ മഹത്വ ത്തിലേക്ക് എടുക്കപ്പെട്ടു. അവരെപ്പറ്റി ചുരുക്കമായി ഈ അധ്യായത്തിൽ ചർച്ച ചെയ്യാം.

യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെയെല്ലാം ഐക്യത്തിനും മനുഷ്യകുലത്തിന്റെ ഐക്യത്തിനും വേണ്ടി നിലകൊള്ളുകയും റോമൻ കത്തോലിക്കാ സഭയുമായുള്ള കൂട്ടായ്മ ശക്തിപ്പെടുത്താൻ സർവാത്മനാ പരിശ്രമിക്കുകയും ചെയ്തവരാണ് അവരെല്ലാം. പുനരൈക്യപ്രസ്ഥാന ത്തിനും അതിശീഘ്രം വളരുന്ന മലങ്കര കത്തോലിക്കാ സഭയ്ക്കും ആർച്ചു ബിഷപ്പന്മാരോടൊപ്പം അവർ ഫലപ്രദമായ നേതൃത്വം നൽകി. അവർക്ക് നമ്മുടെ കർത്താവ് തന്റെ മണവറയിൽ പ്രതിഫലം നൽകട്ടെ. അവരുടെ ഓർമ്മ നമുക്ക് അനുഗ്രഹത്തിന് ഹേതുവാകട്ടെ.

## 1) യാക്കോബ് മാർ തെയോഫിലസ് (1891–1956)

കത്തോലിക്കാസഭയുമായി 1930 സെപ്റ്റംബർ 20–ന് കൊല്ലത്തുവച്ച് കാനോനിക കൂട്ടായ്മയിൽ പ്രവേശിച്ച അഞ്ചു പേരിൽ ഒരാളാണ് തെയോ ഫിലസ് തിരുമേനി. കോട്ടയം ഒളശ്ശയിൽ കളപ്പുരയ്ക്കൽ കുടുംബത്തിൽ ജനിച്ചു. അദ്ദേഹത്തിന്റെ കുടുംബം മെത്രാൻ കക്ഷിയിൽ ആയിരുന്നു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കോട്ടയം എം.ഡി. സെമിനരി ഹൈസ്കൂ ളിൽ അധ്യാപകനായി. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് അദ്ദേഹത്തെ ഡീക്കനാക്കി. ഫാ. പി.റ്റി. ഗീവർഗീസ് അദ്ദേഹത്തെ ഉപരിപഠനാർഥം സെറാം പൂരിൽ കൊണ്ടുപോയി. പെരുനാട്ടിൽ 1919–ൽ ഫാ. പി. റ്റി. ഗീവർഗീസ് ബഥ നി സന്ന്യാസപ്രസ്ഥാനം തുടങ്ങിയപ്പോൾ യാക്കോബ് പിൻതുണ നൽകി



ബഥനി സന്ന്യാസിയായി. ഫാ. പി. റ്റി. ഗീവർഗീസിന്റെ ഒരുത്തമ ശിഷ്യനാ യിരുന്നു അദ്ദേഹം. 1924–ൽ മെത്രാൻ കക്ഷിയിൽ സന്ന്യാസവൈദിക നായി. 1929–ൽ മൂന്നാം കാതോലിക്കാ യാക്കോബിനെ മാർ തെയോഫിലസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു.

കത്തോലിക്കാ പുനരൈക്യാനന്തരം 1932–ൽ തിരുവല്ലായുടെ മെത്രാ നായി. ആദ്യം തിരുവല്ലായ്ക്കടുത്ത് ഒരു ഹിന്ദുസ്നേഹിതന്റെ വീട് വാടക യ്ക്കെടുത്ത് താമസിച്ചു. പിന്നീട് ചെറുപുഷ്പഗിരി എന്ന പേരിൽ ഒരു രണ്ടു നില കെട്ടിടം ഇപ്പോൾ പുഷ്പഗിരി മെഡിക്കൽ കോളേജ് ഇരിക്കുന്ന സ്ഥലത്ത് പണിത് അവിടെ താമസിച്ചു. 1933–ൽ റോമിൽ പോയി മാർപാ പ്പായെ സന്ദർശിച്ചു. 1934–ൽ പുതിയ അരമന കൂദാശ ചെയ്തു. സെന്റ് ജോസഫ്സ് പ്രസ്, കുറച്ചു സ്കൂളുകൾ, കുറച്ച് ഇടവകകൾ എന്നിവ തുട ങ്ങി. കത്തോലിക്കാ വിശ്വാസപ്രചരണാർഥം *സാക്ഷ്യസംഘം* എന്ന പേരിൽ ഒരു സൊസൈറ്റി തുടങ്ങി.

ആരോഗ്യകാരണങ്ങളാൽ ദീർഘകാലം തിരുവല്ലാ മെത്രാനായിരിക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല. 1938–1956 കാലഘട്ടത്തിൽ തിരുവല്ലായിൽ തന്നെ താമസിച്ച് വിശ്രമജീവിതം നയിച്ചു. മോൺ. സക്കറിയാസ് വാച്ചാപറ മ്പിൽ, മാർ സേവേറിയോസ് എന്നിവർ രൂപത നയിച്ചു. അദ്ദേഹം 65–ാം വയസ്സിൽ 1956 ജൂൺ 27–ന് മരിക്കയും സെന്റ് ജോൺസ് കത്തീഡ്രലിൽ സംസ്കരിക്കപ്പെടുകയും ചെയ്തു.

ക്രൂശിതനായ കർത്താവിനോടുള്ള സ്നേഹത്താൽ നിറഞ്ഞ പരിശു ദ്ധനായ മെത്രാനായിരുന്നു മാർ തെയോഫിലസ്. അദ്ദേഹം സ്നേഹനിധി യായിരുന്നു. അദ്ദേഹം തന്റെ ഹ്രസ്വകാല ഭരണത്തിനിടയിൽ രൂപതയ്ക്ക് ആധ്യാത്മികാടിത്തറ ഉണ്ടാക്കാൻ പരിശ്രമിച്ചു. സഭാപ്രവർത്തനങ്ങളിൽ ദൈവാശ്രയം സുപ്രധാന ഘടകമായിരിക്കണമെന്ന് അദ്ദേഹം ഉറച്ചു വിശ്വ സിച്ചു. ദൈവത്തിലും അവിടുത്തെ പരിപാലനയിലും തികഞ്ഞ വിശ്വാസം പുലർത്തി. രോഗാവസ്ഥയിൽ പോലും മറ്റുള്ളവരോടുള്ള പെരുമാറ്റത്തിൽ ശാന്തനും ദയാലുവും കരുണാമസൃണനുമായി കാണപ്പെട്ടു. സഹനത്തിലൂ ടെയും പ്രാർഥനാജീവിതത്തിലൂടെയും പുനരൈക്യാരൂപി പകർന്നു കൊ ടുത്തു. അദ്ദേഹം ഭക്തവും ക്രമീകൃതവുമായ ജീവിതം നയിച്ചു. രോഗത്തി ലൂടെ, ജീവിക്കുന്ന രക്തസാക്ഷിയായിത്തീർന്നു. പ്രാർഥനാജീവിതം നയി ക്കുന്നതിൽ നിഷ്ഠ പാലിച്ചു. മാർ ഈവാനിയോസിന്റെ സഭാവീക്ഷണം മുറുകെ പിടിക്കുകയും മലങ്കര സഭയുടെ ഐക്യത്തിനായി നിലകൊള്ളു കയും ചെയ്തു. അദ്ദേഹം മാർ ഈവാനിയോസിനെ വളരെ ബഹുമാനിച്ചി രുന്നു. മെത്രാൻ കക്ഷിയിൽ പെട്ട മറ്റു മെത്രാന്മാർ പിന്മാറിയപ്പോൾ, മാർ

ഈവാനിയോസിനെ പിൻചെല്ലാൻ ധൈര്യം കാണിച്ച ഈ പരിശുദ്ധനായ മെത്രാനെ മലങ്കരസഭ എക്കാലവും നന്ദിയോടും സ്നേഹത്തോടും ഓർക്കും.

## 2) ജോസഫ് മാർ സേവേറിയോസ് (1894-1955)

തിരുവല്ലായിലെ രണ്ടാമത്തെ അധ്യക്ഷനായിരുന്നു മാർ സേവേറിയോസ്. അദ്ദേഹം യാക്കോബായാ സഭയിലാണ് ജനിച്ചതും വളർന്നതും. മല്ലപ്പള്ളിക്കടുത്ത് ആനിക്കാട് വാളക്കുഴി കുടുംബത്തിൽ ജനിച്ചു. ഐപ്പ് എന്നായിരുന്നു മാമോദീസാപ്പേര്. മല്ലപ്പള്ളിയിൽ പ്രാഥമിക വിദ്യാഭ്യാസം നടത്തി. ബാലനായിരുന്നപ്പോഴേ ദൈവഭയവും വിനയവും ദാനശീലവും കഠിനാധ്വാന തൽപ്പരതയും പഠനത്തിൽ ഉത്സാഹവും നിലനിന്നു. 1909-ൽ 15-ാം വയസ്സിൽ പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് കോട്ടയം ചെറിയ പള്ളിയിൽ വച്ച് ഐപ്പിന് കോറൂയോ പട്ടം നല്കി. ഫാ.പി.റ്റി.ഗീവർഗീസിന്റെ കീഴിൽ എം.ഡി. സെമിനരിയിൽ പഠനം തുടർന്നു. 1912-ൽ മെട്രിക്കുലേഷൻ പാസ്സായി. ഫാ. പി. റ്റി. ഗീവർഗീസ് സെറാമ്പൂരിൽ പോയപ്പോൾ ഐപ്പും കൂടെപ്പോയി 1916-ൽ ബി.ഏ.പാസ്സായി. തുടർന്ന് ബ്രഹ്മവാർ സ്കൂളിൽ അധ്യാപകനായി. പിന്നീട് എം.ജി.എം.സ്കൂളിൽ പഠിപ്പിക്കാൻ തുടങ്ങി. 1929-ൽ വട്ടശ്ശേരിൽ തിരുമേനി വൈദികനാക്കി. 1933 മെയ് 25-ന് മൂന്നാം കാതോലിക്കാ അദ്ദേഹത്തെ സേവേറിയോസ് എന്ന നാമത്തിൽ മെത്രാനാക്കി. മെത്രാൻകക്ഷിയിലെ നിരണം ഭദ്രാസനച്ചുമതല ഏൽപ്പിച്ചു.

മെത്രാൻ കക്ഷിയിലെ മെത്രാനായ ശേഷം യാക്കോബായക്കാരുടെ പുനരൈക്യവും മലങ്കര കത്തോലിക്കാ സഭയുടെ വളർച്ചയും തടയാൻ അദ്ദേഹം ശൗലിനെപ്പോലെ തീക്ഷ്ണമായി പ്രവർത്തിച്ചു. എന്നാൽ ശൗലിനെ പൗലോസ് ആക്കിയ നമ്മുടെ കർത്താവ് മാർ സേവേറിയോസിനെ മലങ്കര കത്തോലിക്കാ സഭയിലേക്ക് കൊണ്ടുവന്നു. അദ്ദേഹം പുനരൈക്യ പ്രസ്ഥാനത്തിന്റെ ഒരു നെടുംതൂണായും സഭൈക്യത്തിന്റെ പ്രവാചകനായും തീർന്നു. യാക്കോബായാസഭയിലെ കക്ഷിവഴക്കുകളിൽ അദ്ദേഹം അസംതൃപ്തനായിരുന്നു. പുനരൈക്യപ്രസ്ഥാനം വേഗത്തിൽ വളരുന്നത് അദ്ദേഹം ശ്രദ്ധിച്ചു. ലോകത്തിൽ ദൈവത്തിന്റെ സഭയ്ക്കുള്ള ദൗത്യത്തെപ്പറ്റി അദ്ദേഹം ചിന്തിക്കാൻ തുടങ്ങി. ക്രിസ്തുവിന്റെ സഭയുടെ യഥാർഥ സ്വഭാവവും അതിനു ലോകത്തിലുള്ള ദൗത്യവും തേടി. ദൈവകൃപ അദ്ദേഹത്തെ സ്പർശിച്ചു.

ആത്മാർഥമായി സത്യം തേടുകയും സത്യത്തെ ബഹുമാനിക്കയും ചെയ്യുന്നവരെ ദൈവം തള്ളിക്കളയുകയില്ലെന്ന് മാർ സേവേറിയോസിന്റെ ജീവിതം പഠിപ്പിക്കുന്നു. യാക്കോബായാസഭയെ പറ്റിയും കത്തോലിക്കാ സഭയെ പറ്റിയുമുള്ള ഗ്രന്ഥങ്ങൾ വായിച്ച്, കത്തോലിക്കാ സഭയുമായി



കൂട്ടായ്മ പുലർത്തുന്നത് എല്ലാ സഭകൾക്കും അനിവാര്യമാണെന്നുള്ള ബോധ്യം അദ്ദേഹത്തിനുണ്ടായി. മറ്റു സഭകളെല്ലാം ഈ ഏകസഭയിൽ നിന്ന് കാലാകാലങ്ങളിൽ പിരിഞ്ഞു പോയതാണെന്നും അവയൊക്കെ ഐക്യത്തിൽ എത്തേണ്ടതാണെന്നും തന്റെ പഠനത്തിൽ നിന്ന് അദ്ദേഹം മനസ്സിലാക്കി. ഉത്തമബോധ്യം അനുസരിച്ച് പ്രവർത്തിക്കാൻ മനുഷ്യർ ബാധ്യസ്ഥരാണല്ലോ. അദ്ദേഹത്തിന്റെ മനസ്സാക്ഷി അനുസരിച്ച് 1937-ൽ നിരണം ഭദ്രാസനത്തിൽ നിന്ന് രാജിവച്ച് കത്തോലിക്കനായി. 1938-ൽ 11-ാം പീയൂസ് മാർപാപ്പാ അദ്ദേഹത്തെ കത്തോലിക്കാ മെത്രാന്റെ എല്ലാ അധികാരാവകാശങ്ങളോടും കൂടെ തിരുവല്ലാ രൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററാക്കി. 1950 വരെ ആ നിലയിൽ കഴിഞ്ഞു. 1950-ൽ തിരുവല്ലാ മെത്രാനായി നിയമിച്ചു. ആ വർഷം അദ്ദേഹം വിദേശപര്യടനം നടത്തി. മാർ ഈവാനിയോസ് മരിച്ചപ്പോൾ തിരുവനന്തപുരം ആർച്ചുബിഷപ്പാകാൻ അദ്ദേഹം വിസമ്മതിച്ചു. അപ്പോൾ അദ്ദേഹത്തിന് ബഹുമാനസൂചകമായി ആർച്ചുബിഷപ്പ് സ്ഥാനം നൽകി. ഗ്രിഗോറിയോസ് പിതാവിനെ 1953-ൽ മെത്രാനായി വാഴിച്ച കാർമികരിൽ ഒരാൾ സേവേറിയോസ് പിതാവായിരുന്നു. 1954-ൽ സക്കറിയാസ് മാർ അത്തനാസ്യോസ് സഹായമെത്രാനായി. 1955-ൽ മാർ സേവേറിയോസ് മരിച്ചു, സെന്റ് ജോൺസ് കത്തീഡ്രലിൽ സംസ്ക്കരിക്കപ്പെട്ടു. അദ്ദേഹം പുനരൈക്യത്തിനു വേണ്ടി കഠിനാധ്വാനം ചെയ്തു. തിരുവല്ലായ്ക്കു ചുറ്റും പല ഇടവകകൾ തുടങ്ങി. ബൽജിയംകാരൻ ഫാ. ഹംബി എസ്. ജെ., ഫാ. പ്ലാസിഡ് പൊടിപ്പാറ സി.എം.ഐ. എന്നിവർ അദ്ദേഹത്തിന്റെ ഉറ്റ സ്നേഹിതരായിരുന്നു.

## 3) തോമസ് മാർ ദിയൊസ്ക്കോറോസ് (1884-1943)

യാക്കോബായാ സഭയിലെ ബാവാക്കക്ഷിയിൽ പെട്ട ക്നാനായാ സമുദായാംഗമായിരുന്നു അദ്ദേഹം. 1939-ൽ കത്തോലിക്കാസഭയിൽ ചേർന്നു. ചിങ്ങവനം സ്വദേശിയായ അദ്ദേഹം പള്ളം സി. എം.എസ്.സ്കൂളിലും കോട്ടയം സി. എം.എസ്. കോളേജിലും പഠിച്ചു. പിന്നീട് കത്തനാരാകാൻ തീരുമാനിച്ചു. ഇടവഴിക്കൽ മാർ സേവേറിയോസ് തിരുമേനി 1912-ൽ അദ്ദേഹത്തിന് വൈദികപട്ടം നൽകി. 1926-ൽ ജറുസലേമിൽ വച്ച് ഏലിയാസ് മൂന്നാമൻ പാത്രിയർക്കീസ് ക്നാനായ സമുദായത്തിനു വേണ്ടി ദിയസ്ക്കോറോസ് എന്ന പേരിൽ അദ്ദേഹത്തെ മെത്രാനാക്കി. 1926-1939 കാലഘട്ടത്തിൽ അദ്ദേഹം ക്നാനായ യാക്കോബായക്കാരുടെ മെത്രാനായിരുന്നു.

ക്നാനായ സമുദായത്തിൽ കത്തോലിക്കരും യാക്കോബായക്കാരുമുണ്ട്. 1911-ൽ മാർ അബ്ദ്ള്ളാ പാത്രിയർക്കീസാണ് ക്നാനായ യാക്കോബായക്കാർക്കു വേണ്ടി ചിങ്ങവനം ഭദ്രാസനം രൂപീകരിച്ചത്. അതിന്റെ തുടർച്ച

യായിട്ടാണ് മാർ ദിയസ്ക്കോറോസിനെ വാഴിച്ചത്. കത്തോലിക്കാ സഭയുമായി ഐക്യപ്പെട്ടശേഷം അദ്ദേഹം തിരുവല്ലാ അരമനയിൽ വിശ്രമജീവിതം നയിച്ചു. വളരെ വിനയാന്വിതനും ദൈവഭയമുള്ളവനുമായ ബിഷപ്പായിരുന്നു അദ്ദേഹം. അവസാനകാലത്ത് തിരുമൂലപുരത്തേക്ക് താമസം മാറ്റി. 1943-ൽ മരിച്ചു. തിരുമൂലപുരത്ത് അടക്കി. അദ്ദേഹത്തിന്റെ പ്രാർഥനാജീവിതത്തിന്റെ ഫലമായി പല ക്നാനായക്കാരും കത്തോലിക്കാ കൂട്ടായ്മയിലേക്ക് കടന്നുവന്നു.

## 4) സക്കറിയാസ് മാർ അത്തനാസ്യോസ് (1908-1977)

യാക്കോബായാ സഭയിലെ മെത്രാൻകക്ഷിയിൽ പെട്ട ആളായിരുന്നു അദ്ദേഹം. സ്നാനപ്പെട്ടതും വളർന്നതുമെല്ലാം അവിടെ ആയിരുന്നു. തിരുമൂലപുരത്ത് പോളച്ചിറയ്ക്കൽ കുടുംബത്തിൽ ജനിച്ചു. സക്കറിയാസ് എന്നായിരുന്നു മാമോദീസാപ്പേര്. തിരുവല്ലാ എം.ജി.എം. ഹൈസ്കൂളിലും കോട്ടയം എം.ഡി.സെമിനരി ഹൈസ്കൂളിലും പഠിച്ചു. അതിനുശേഷം 12 വർഷം ബാങ്കിൽ ജോലി ചെയ്തു. പുത്തൻകൂർ സമുദായത്തിലെ കലഹങ്ങളെ പറ്റിയും കേസുകളെ പറ്റിയും അദ്ദേഹം ചിന്തിച്ചു. കത്തോലിക്കാ സഭയെ പറ്റി വായിച്ചുപഠിച്ചു. ആറു വർഷത്തെ പ്രാർഥനയ്ക്കും പഠനത്തിനും ശേഷം 1938-ൽ കത്തോലിക്കാ സഭയിൽ പ്രവേശിച്ചു. മലങ്കരസഭയിൽ സമർപ്പിതജീവിതം നയിക്കാൻ തീരുമാനിച്ച് പട്ടത്തുള്ള മൈനർ സെമിനരിയിൽ ചേർന്നു. തത്വശാസ്ത്രം ആലുവായിലും ദൈവശാസ്ത്രം കാൻഡിയിലും പഠിച്ചിട്ട് 1946-ൽ 38-ാം വയസ്സിൽ വൈദികനായി. തിരുവല്ലാ രൂപതയിലെ പല പള്ളികളിലും ശുശ്രൂഷ ചെയ്തു. 1954-ൽ അത്തനാസ്യോസ് എന്ന പേരിൽ സേവേറിയോസ് തിരുമേനിയുടെ സഹായമെത്രാനായി. 1955 ജനുവരി 18-ന് സേവേറിയോസ് തിരുമേനി മരിച്ചപ്പോൾ, 20-ന് അഡ്മിനിസ്ട്രേറ്ററും 27-ന് രൂപതാധ്യക്ഷനുമായി.

അദ്ദേഹം 23 വർഷം തിരുവല്ലാ രൂപതയ്ക്ക് നേതൃത്വം നൽകി. അദ്ദേഹത്തിനും ദൈവപരിപാലനയിൽ ഉറച്ച വിശ്വാസം ഉണ്ടായിരുന്നു. പുനരൈക്യപ്രസ്ഥാനത്തിന്റെ നല്ല ഇടയനായി അദ്ദേഹം അധ്വാനിച്ചു. തിരുവല്ലാ രൂപതയ്ക്ക് പണസംബന്ധമായി ബലവത്തായ അടിത്തറ ഉണ്ടാക്കി. അദ്ദേഹം നല്ല ഭരണകർത്താവായിരുന്നു. അന്ത്യോക്യൻ ലിറ്റർജിക്കൽ പാരമ്പര്യങ്ങൾ അഭംഗുരം പാലിക്കാൻ അദ്ദേഹം നിഷ്കർഷിച്ചിരുന്നു. തിരുവല്ലാ രൂപത മലബാർ, കർണാടക, തമിഴ്നാട് ഭാഗങ്ങളിലേക്ക് വ്യാപിപ്പിച്ചത് അദ്ദേഹത്തിന്റെ കാലത്താണ്. അങ്ങനെ പൊന്നാനിപ്പുഴയ്ക്കപ്പുറത്തേക്ക് കടക്കാൻ മലങ്കരസഭയ്ക്ക് കഴിഞ്ഞു. എന്നാൽ അതൊരു വലിയ വെല്ലുവിളിയായിരുന്നു. അദ്ദേഹം മിഷൻ പ്രവർത്തനം ആ ഭാഗങ്ങളിലേക്ക് വ്യാപിപ്പിച്ചു.



രണ്ടാം വത്തിക്കാൻ സൂനഹദോസിൽ വോട്ടവകാശത്തോടുകൂടി അദ്ദേഹം പങ്കെടുത്തു. തദവസരം അനേകം കത്തോലിക്കാ മെത്രാന്മാരുമായി പരിചയപ്പെടാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. അദ്ദേഹം പുഷ്പഗിരി ആശുപത്രി വികസിപ്പിച്ചു. ബേക്കർ സായിപ്പിന്റെ പ്ലാൻ അനസരിച്ച് കത്തീഡ്രൽ പണിതു. ചെറുതും വലുതുമായ പല തോട്ടങ്ങളും വാങ്ങി. ഈ ലേഖകൻ റോമിലായിരുന്നപ്പോൾ അദ്ദേഹം റോമിൽ വരികയും ഞാൻ പല സ്ഥലങ്ങളിലും അദ്ദേഹത്തെ അനുധാവനം ചെയ്യുകയും ചെയ്തു. തിരികെയെത്തി അധികം താമസിയാതെ 1977 സെപ്തംബർ 28-ന് അദ്ദേഹം മരിച്ചു. സെന്റ് ജോൺസ് കത്തീഡ്രലിൽ അടക്കി.

തിരുവല്ലാ രൂപതയെ മൂന്നായി തിരിക്കാൻ അദ്ദേഹം ആഗ്രഹിച്ചു. ആദ്യവിഭജനത്തിന് അദ്ദേഹം കളമൊരുക്കിയെങ്കിലും, അദ്ദേഹത്തിന്റെ മരണശേഷം 1978-ലാണ് അത് പ്രവൃത്തിപഥത്തിൽ എത്തിയത്. അങ്ങനെ 1978-ൽ ബത്തേരി രൂപത നിലവിൽ വന്നു. അടുത്ത വിഭജനം മൂവാറ്റുപുഴ രൂപതാസ്ഥാപനത്തോടു കൂടി 2003-ൽ നിലവിൽ വന്നു. തന്റെ സ്വപ്നം യാഥാർഥ്യമായതിൽ അദ്ദേഹത്തിന് സന്തോഷിക്കാം.

## 5) ഐസക്ക് മാർ യൂഹാനോൻ

തിരുവല്ലാ രൂപതയുടെ നാലാമത്തെ മെത്രാനായിരുന്നു മാർ യൂഹാനോൻ. വെളിയനാട് കൂട്ടപ്ലാക്കൽ കുടുംബത്തിൽ 1930-ൽ ജനിച്ചു. യാക്കോബായാ സഭയിലെ ബാവാക്കക്ഷിയിലായിരുന്നു കുടുംബം. മാമോദീസാപ്പേര് ഐസക്ക് എന്നായിരുന്നു. പിറവം സ്കൂളിൽ പഠിച്ചു. 1947-ൽ അദ്ദേഹത്തിന്റെ കുടുംബം കത്തോലിക്കരായി. സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞപ്പോൾ, സേവേറിയോസ് തിരുമേനി അദ്ദേഹത്തെ തിരുവല്ലാ മൈനർ സെമിനരിയിൽ ചേർത്തു. ഒരുവർഷം കഴിഞ്ഞപ്പോൾ 1948-ൽ സെമിനരി പഠനത്തിന് റോമിലേക്കയച്ചു. പ്രൊപ്പഗാന്താ കോളേജിൽ പഠിച്ച് 1954-ൽ റോമിൽ വച്ച് വൈദികനായി. തുടർന്ന് 1957 വരെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിച്ചു. 1957-ൽ നാട്ടിൽ തിരിച്ചെത്തി. തിരുവല്ലാ രൂപതയിലെ വിവിധ ഇടവകകളിൽ സേവനം ചെയ്തു. മലബാർ പ്രദേശത്ത് ഇടവകകൾ സ്ഥാപിക്കാൻ കഠിനാധ്വാനം ചെയ്തു. 1978-ൽ മെത്രാനായി നിയമിതനായി. തിരുമൂലപുരത്തു വച്ച് ഡിസംബർ 28-ന് യൂഹാനോൻ എന്ന പേരിൽ മെത്രാഭിഷേകം സ്വീകരിച്ചു.

മാർ യൂഹാനോൻ ഒരു ജനകീയ മെത്രാനായിരുന്നു. മലബാറിലെ നീണ്ട അജപാലനാനുഭവം അദ്ദേഹത്തിന് ഉണ്ടായിരുന്നു. ഇടവക വികാരിമാരുടെ പ്രശ്നങ്ങൾ അദ്ദേഹത്തിന് നന്നായി അറിയാമായിരുന്നു. മലബാർ പ്രദേശത്തെ കുടിയേറ്റക്കാരുടെ ദാരിദ്ര്യവും അരിഷ്ടതയും അദ്ദേഹം നേരിൽ കണ്ടറിഞ്ഞ് അനുഭവിച്ചു. ആർക്കും ഏതു നേരത്തും സമീപിക്കാവുന്ന

മെത്രാനായിരുന്നു മാർ യൂഹാനോൻ. അദ്ദേഹം ഇടവക വികാരിമാരുടെ ഉത്തമ സുഹൃത്തായിരുന്നു. ഇടവക വികാരിമാരെ കാണുന്നതിനും സംസാരിക്കുന്നതിനും ശ്രവിക്കുന്നതിനും കരുതലോടെ അവരുടെ പശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും അദ്ദേഹം സമയം കണ്ടെത്തിയിരുന്നു. രൂപതയിലെ വൈദികർക്കും വിശ്വാസികൾക്കും അദ്ദേഹം മുൻഗണന നൽകിയിരുന്നു. ആത്മാർഥതയും സത്യസന്ധതയും നിറഞ്ഞ മെത്രാനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന് ഇരട്ടമുഖമോ, മുഖം മൂടിയോ ഇല്ലായിരുന്നു. തുറന്നടിക്കുന്ന പ്രകൃതമായിരുന്നു. അദ്ദേഹം പറയുന്നത് വിശ്വസിക്കാമായിരുന്നു. ഡിപ്ലോമസി കൂടാതെ വെട്ടിത്തുറന്ന് സംസാരിക്കുമായിരുന്നു. യുവാവിന്റെ ചുറുചുറുക്കോടെ ഓടിനടന്നു. രൂപതയുടെ വികസനപാത തിരിച്ചുവിടാൻ ശ്രമിച്ചു. “വൈദികരും ജനങ്ങളും വിദ്യാഭ്യാസമുള്ളവരായിരിക്കണം, വിദ്യാഭ്യാസത്തിലൂടെ സഭയ്ക്കും നാടിനും മെച്ചപ്പെട്ട സേവനം ചെയ്യാൻ അവർക്കു സാധിക്കും. അതിനുള്ള ക്രമീകരണം ഉണ്ടാക്കണം” എന്ന് അദ്ദേഹം പറയുമായിരുന്നു.

വിദ്യാഭ്യാസസ്ഥാപനങ്ങൾ അക്കാലത്ത് തിരുവല്ലായിൽ കുറവായിരുന്നു. സെന്റ് ജോൺസ് പാരലൽ കോളേജ് തുടങ്ങി. ട്രെയിനിംഗ് സെന്ററുകൾ തുറന്നു. ബ.ജേക്കബ് തെക്കേപ്പറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ കോട്ടയം ബേക്കർ ഹില്ലിൽ സീറി തുടങ്ങിയത് ഇക്കാലത്താണ്. മാർ യൂഹാനോൻ പെട്ടെന്ന് കടന്നു പോയതിൽ എല്ലാവരും സങ്കടപ്പെട്ടു. 1987 -ൽ മരിച്ച് നിത്യമഹത്വത്തിലേക്ക് പ്രവേശിച്ചു.

## 6) പൗലോസ് മാർ ഫീലൊക്സീനോസ് (1828-1998)

തൊഴിയൂർ സഭയിലെ മെത്രാനായിരുന്ന മാർ ഫീലൊക്സീനോസ് 1977-ൽ കത്തോലിക്കാസഭയിൽ ചേർന്നു. ദീർഘനാൾ വായിക്കുകയും പഠിക്കുകയും ധ്യാനിക്കുകയും പ്രാർഥിക്കുകയും ചെയ്തതിന്റെ ഫലമായിട്ടാണ് അദ്ദേഹം പുനരൈക്യപ്പെട്ടത്. പുനരൈക്യാനന്തരം തൊഴിയൂരിന് ചുറ്റും പ്രവർത്തിച്ചു. ആഞ്ഞൂരും കല്ലുംപുറത്തുമായി രണ്ട് ഇടവകകൾ സ്ഥാപിച്ചു. തൊഴിയൂർ സഭക്കാർക്കിടയിൽ ഐക്യസന്ദേശം പ്രചരിപ്പിക്കാൻ പരിശ്രമിച്ചു.

മലങ്കര കത്തോലിക്കാ സഭയുടെ എല്ലാ പൊതുപരിപാടികളിലും അദ്ദേഹം പങ്കെടുത്തു. വിനയാന്വിതനും മുഖംമൂടിയില്ലാത്തവനുമായിരുന്നു അദ്ദേഹം. പ്രാർഥനയുടെയും ആഴമായ ആധ്യാത്മികതയുടെയും ഉടമയായിരുന്നു. തൊഴിയൂരെ ഒറ്റപ്പെട്ട സമൂഹത്തിന്റെ അധ്യക്ഷൻ ആയിരിക്കുന്നതിനേക്കാൾ, കാതോലിക കൂട്ടായ്മയ്ക്ക് അദ്ദേഹം വിലകൽപ്പിച്ചു. ക്രിസ്തുവിന്റെ ശരീരമായ കത്തോലിക്കാ സഭയുമായുള്ള ദൃശ്യകൂട്ടായ്മയിൽ



അദ്ദേഹം വിശ്വസിച്ചു. ആ കൂട്ടായ്മയിലൂടെ ലോകം മുഴുവനുമുള്ള കത്തോലിക്കരുമായി അദ്ദേഹം കൂട്ടായ്മയിലെത്തി. കത്തോലിക്കാസഭയിൽ അൽമായനായി പോലും കഴിയാൻ അദ്ദേഹം തയാറായിരുന്നു. അദ്ദേഹത്തിന് കത്തോലിക്കാ കൂട്ടായ്മ അത്രമാത്രം അഭിഗാമ്യമായുരുന്നു. കത്തോലിക്കാ സഭയിൽ രൂപതാഭരണം പോലുള്ള മെത്രാനടുത്ത ദൗത്യങ്ങളൊന്നും അദ്ദേഹം കാംക്ഷിച്ചില്ല.

സക്കറിയാസ് മാർ അത്തനാസ്യോസ് 1977-ൽ മരിച്ചപ്പോൾ ശവസംസ്ക്കാരശുശ്രൂഷകൾക്ക് അദ്ദേഹം നേതൃത്വം നൽകി. അന്ന് ഗ്രിഗോറിയോസ് പിതാവ് റോമിലായിരുന്നു. സിറിലച്ചന്റെയും ഐസക്കച്ചന്റെയും മെത്രാഭിഷേകത്തിന് 1978-ൽ അദ്ദേഹം സഹകാർമികനായിരുന്നു. 1980-ൽ പുനരൈക്യ സുവർണജൂബിലിയിൽ സംബന്ധിച്ചു. 1987-ൽ ഐസക്ക് മാർ യൂഹാനോന്റെ കബറടക്കശുശ്രൂഷയിൽ സഹകാർമികനായിരുന്നു. മാർ തിമോതിയോസിന്റെ മെത്രാഭിഷേകത്തിലും സഹകാർമികനായിരുന്നു. 1994-ൽ മാർ ഗ്രിഗോറിയോസ് പിതാവ് മരിച്ചപ്പോഴും 1997-ൽ ലോറൻസ് മാർ അപ്രേം മരിച്ചപ്പോഴും മാർ ഫീലൊക്സീനോസ് കബറടക്കശുശ്രൂഷയിൽ സഹകാർമികനായിരുന്നു.

അയ്യൻകുളങ്ങര കുടുംബത്തിൽ 1928-ൽ ജനിച്ച് പൗലോസ് എന്ന് മാമോദീസാപ്പേര് ലഭിച്ചു. തൊഴിയൂരും കുന്നംകുളത്തും പ്രാഥമിക വിദ്യാഭ്യാസം നടത്തി. 1952-ൽ ഡീക്കനും 1961-ൽ വൈദികനുമായി. 1967-ൽ യൂഹാനോൻ മാർതോമാ മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ മാർതോമാ മെത്രാന്മാർ അദ്ദേഹത്തിന് മാർ ഫീലൊക്സീനോസ് എന്ന പേരിൽ മെത്രാൻ പട്ടം കൊടുത്തു. മാർതോമാ സഭയിൽ നിന്നുള്ള മെത്രാൻ പട്ടത്തെപ്പറ്റി അദ്ദേഹത്തിന് സംശയം ഉണ്ടായിരുന്നു.

കത്തോലിക്കാ സഭയുമായുള്ള ദൃശ്യവും കാനോനികവുമായ കൂട്ടായ്മയെപ്പറ്റി ഉറച്ച ബോധ്യം ഉണ്ടായപ്പോൾ എല്ലാം ഉപേക്ഷിച്ച് 1977-ൽ അദ്ദേഹം പുനരൈക്യപ്പെട്ടു. അതിനു മുമ്പ് തന്റെ ജനത്തിന് സഭൈക്യത്തിന്റെ ആവശ്യകതയെപ്പറ്റി വിവരിച്ചുകൊണ്ടും തന്നെ അനുഗമിക്കാൻ ആഹ്വാനം ചെയ്തുകൊണ്ടും ഒരു ഇടയലേഖനം അയച്ചു. എന്നാൽ വളരെ കുറച്ചു പേർ മാത്രമേ അദ്ദേഹത്തോടൊപ്പം കത്തോലിക്കാ സഭയിലേക്ക് വന്നുള്ളു. പിന്നീട് ആഞ്ഞൂരിൽ ഒരു അരമന പണിതു. ഒരു ലൈബ്രറിയും ഒരു സ്കൂളും സ്ഥാപിച്ചു. ജോൺ പോൾ രണ്ടാമൻ അദ്ദേഹത്തെ കത്തോലിക്കാ സഭയിൽ സ്വീകരിക്കുകയും ചായലിന്റെ സ്ഥാനിക മെത്രാനായി നിയമിക്കുകയും ചെയ്തു. അദ്ദേഹം 1979-ൽ റോമിൽ പോയി ആറുമാസം താമസിക്കുകയും മാർപാപ്പായെ സന്ദർശിക്കുകയും ചെയ്തു. യൂറോപ്പിലെ പല തീർഥാടനകേന്ദ്രങ്ങളും സന്ദർശിക്കാൻ അദ്ദേഹത്തിനവസരം ലഭിച്ചു. പ്രാർഥ

നയിലും വായനയിലുമായി പിൽക്കാല ജീവിതം ചെലവഴിച്ചു. അവസാന കാലത്ത് അദ്ദേഹം രോഗാതുരനായി. 1998 നവംബർ 3-ന് കർത്താവിൽ നിദ്രപ്രാപിച്ചു. സെന്റ് ജോൺസ് കത്തീഡ്രലിൽ സംസ്ക്കരിക്കപ്പെട്ടു.

## 7) ലോറൻസ് മാർ അപ്രേം (1928-1997)

തിരുവനന്തപുരം അതിരൂപതയിലെ ആദ്യത്തെ സഹായമെത്രാനും (1980 -1996) മാർത്താണ്ഡം രൂപതയുടെ ആദ്യമെത്രാനും (1996-1997) ആയിരുന്നു മാർ അപ്രേം. 1980-ൽ പുനരൈക്യപ്രസ്ഥാനത്തിന്റെ സുവർണജൂബിലി കോട്ടയത്തുവച്ച് ആഘോഷിച്ച അവസരമായിരുന്നു അദ്ദേഹത്തിന്റെ മെത്രാഭിഷേകം.

നെയ്യാറ്റിൻകരയ്ക്കടുത്ത് വെള്ളലുമ്പിൽ 1928-ൽ ലോറൻസ് ജനിച്ചു. പുനരൈക്യപ്രസ്ഥാനത്തിന്റെ ആദ്യകാലത്തുതന്നെ മാതാപിതാക്കൾ മലങ്കര കത്തോലിക്കാ സഭയിൽ ചേർന്നു. കാഞ്ഞിരംകുളത്തുള്ള ഇംഗ്ലീഷ് സ്കൂളിൽ 10-ാം വയസ്സു വരെ പഠിച്ചു. മൈനർ സെമിനനരി റെക്ടർ ഫാ. മാത്യു പോത്തനാംമൂഴി, ലോറൻസിനെ തിരുവനന്തപുരത്തുള്ള അപ്പസ്തോലിക് സ്കൂളിൽ താമസിപ്പിച്ച് പട്ടം സെന്റ് മേരീസ് സ്കൂളിൽ ചേർത്തു. മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനായി കുട്ടികളെ തിരുവനന്തപുരത്ത് കൊണ്ടുവന്ന് താമസിപ്പിച്ച് പഠിപ്പിക്കാൻ മാർ ഈവാനിയോസ് പിതാവ് *അപ്പസ്തോലിക് സ്കൂൾ* തുടങ്ങിയിരുന്നു. അവിടെ താമസവും ഭക്ഷണവും പഠനച്ചെലവുകളും സൗജന്യമായിരുന്നു. അവരിൽ ചിലർ വൈദികരാകാൻ മുമ്പോട്ടു വന്നു. മറ്റുള്ളവർ പഠനം കഴിഞ്ഞ് തിരികെ പോയി. സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞപ്പോൾ, ലോറൻസ് 1944-ൽ സെമിനരിയിൽ ചേർന്നു. രണ്ടുവർഷങ്ങൾക്കു ശേഷം ഉപരിപരിശീലനത്തിന് മംഗലാപുരം സെമിനരിയിൽ ചേർന്നു. ലോറൻസ് തോട്ടം എന്നാണ് അറിയപ്പെട്ടിരുന്നത്. 1953-ൽ മാർ ഗ്രിഗോറിയോസ് പിതാവ് സക്കറിയാസ് കിളീലേത്തിനോടുകൂടി ലോറൻസിനെ വൈദികനായി അഭിഷേകം ചെയ്തു. ഇവർ രണ്ടു പേരുമാണ് മാർ ഗ്രിഗോറിയോസിൽ നിന്ന് ആദ്യമായി പട്ടം സ്വീകരിച്ചത്.

ഗ്രിഗോറിയോസ് പിതാവിന്റെ സെക്രട്ടറിയും മൈനർ സെമിനരിയിൽ അധ്യാപകനും 1954-1962 കാലയളവിൽ റെക്ടറും ആയി സേവനം അനുഷ്ഠിച്ചു. ഈ കാലത്ത് അദ്ദേഹം മിഷൻപ്രവർത്തനങ്ങളിലും വ്യാപൃതനായി. തിരുവനന്തപുരത്തും പരിസരങ്ങളിലും പല ഇടവകകൾക്കും ആരംഭം കുറിച്ചു. ബ. മത്തായി മലഞ്ചരുവിൽ അച്ചനും ലോറൻസ് അച്ചനും കൂടി 30 -ലേറെ മിഷൻ കേന്ദ്രങ്ങൾ തുറന്നു. അതുപോലെ നിരവധി മിഷൻ കേന്ദ്രങ്ങൾ ആരംഭിച്ച വൈദികനാണ് ഫിലിപ്പ് ഒഴുനല്ലൂർ കോറെപ്പിസ്കോപ്പാ.

ഈ ലേഖകൻ മൈനർ സെമിനരിയിൽ ചേർന്നപ്പോൾ (1962) ലോറൻസ് അച്ചൻ റെക്ടറും ബ. സാമുവേൽ മണ്ണിൽ അച്ചൻ വൈസ് റെക്ടറുമായിരുന്നു. ലോറൻസ് അച്ചൻ തുടങ്ങിയ ചില കേന്ദ്രങ്ങൾ വലിയ ഇടവകകളായി വളർന്നു വികസിച്ചു. ചിലത് കാലക്രമത്തിൽ നിന്നുപോയി. ചിലത് പേരിനു മാത്രം തുടർന്നു. മിഷൻ കേന്ദ്രങ്ങളുടെ ഈ വ്യത്യസ്ത വളർച്ചയ്ക്ക് പല പല കാരണങ്ങളുണ്ട്. പുതിയ മിഷൻ തുടങ്ങുന്നതിനും ക്രിസ്തുവിലേക്ക് ആളുകളെ ആകർഷിക്കുന്നതിനും അദ്ദേഹത്തിന് വലിയ കൃപയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മിഷൻ പ്രവർത്തനങ്ങൾക്ക് മാർ ഗ്രിഗോറിയോസ് പിതാവിന്റെ പൂർണ പിന്തുണയുണ്ടായിരുന്നു. മിഷൻ പ്രവർത്തനത്തോടൊപ്പം വൈദികവിദ്യാർഥികളെ ശരിയായി പരിശീലിപ്പിക്കുന്നതിലും അദ്ദേഹം ശ്രദ്ധിച്ചു. ഏതെങ്കിലും തരത്തിൽ ബലഹീനതയുള്ള കുട്ടികളോട് അദ്ദേഹം കൂടുതൽ അനുകമ്പ കാട്ടി. അക്കാലത്ത് മൈനർ സെമിനരിയിൽ വേണ്ടത്ര സൗകര്യങ്ങളൊന്നുമില്ലായിരുന്നു. ഭക്ഷണത്തിനും മറ്റും ബുദ്ധിമുട്ടുണ്ടായിരുന്ന കാലമായിരുന്നു അത്. ലോറൻസ് അച്ചൻ ഒരു വർഷമേ എന്റെ റെക്ടറായിരുന്നുള്ളു. അദ്ദേഹം രണ്ടു വർഷത്തേക്ക് സോഷ്യോളജിയും മിസിയോളജിയും പഠിക്കാൻ റോമിലേക്ക് പോയി. അപ്പോൾ ബഹു. സാമുവേൽ മണ്ണിലച്ചൻ റെക്ടറായി.



പഠനം കഴിഞ്ഞ് തിരിച്ചെത്തിയപ്പോൾ, അദ്ദേഹം പിരപ്പൻകോട് സെന്റ് ജോൺസ് ഹോസ്പിറ്റൽ ഡയറക്ടറായി നിയമിതനായി. ആ പ്രദേശത്തെ കുഷ്ഠരോഗ നിവാരരണപദ്ധതി ഏറ്റെടുത്തു. അദ്ദേഹം മൂന്നു വർഷം *ഓൾ ഇൻഡ്യാ കാതലിക് ഹോസ്പിറ്റൽ അസോസിയേഷന്റെ* വൈസ് പ്രസിഡന്റും ആറു വർഷം പ്രസിഡന്റുമായിരുന്നു. *വോളണ്ടിയർ ഹെൽത് അസോസിയേഷന്റെ* വൈസ് പ്രസിഡന്റായി രണ്ടു വർഷവും പ്രസിഡന്റായി ഒരു വർഷവും ഇരുന്നു. *ഹെൽത് ഫോർ മില്യൻ (ഹോം)* പ്രോജക്ടിന്റെ ബുദ്ധികേന്ദ്രം അദ്ദേഹമായിരുന്നു. പല സ്ഥലങ്ങളിലായി *മിനി ഹെൽത് സെന്ററുകൾ* തുടങ്ങി. പാവപ്പെട്ടവർക്കും പീഡിതർക്കും വേണ്ടി അദ്ദേഹം കൂടുതൽ സമയം ചെലവഴിച്ചു. കന്യാകുമാരി കേന്ദ്രമാക്കി കുറേ മിഷൻ കേന്ദ്രങ്ങൾ തുടങ്ങി. കുറേ വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളും ആരംഭിച്ചു. കിരാത്തൂരും പരിസരത്തുമായി ഒരു ഹൈസ്കൂളും അഞ്ച് യു.പി. സ്കൂളുകളും പ്രൈമറി സ്കൂളുകളും തുടങ്ങി. കിരാത്തൂർ വികാരിയും അവിടുത്തെ ഹോസ്പിറ്റലിന്റെ ഡയറക്ടറും ആയിരുന്നപ്പോഴാണ് 1980-ൽ തിരുവനന്തപുരം സഹായമെത്രാനായി തെരഞ്ഞെടുക്കപ്പെട്ടത്.

സഹായ മെത്രാനായിരുന്നപ്പോഴും ഹോംസിന്റെ കാര്യത്തിൽ ശ്രദ്ധ ചെലുത്തി. വൈദികരുടെ ധ്യാനാവസരം അദ്ദേഹം അവർക്ക് ഉപദേശം നൽകാൻ ഓടിയെത്തുമായിരുന്നു. ഇതിനോടകം അദ്ദേഹം രോഗിയാകുകയും മദ്രാസിൽ വച്ച് ഒരു ഹൃദയശസ്ത്രക്രിയയ്ക്ക് വിധേയനാകുകും ചെയ്തു.

സിറിൽ മാർ ബസേലിയോസ് തിരുവനന്തപുരം ആർച്ചുബിഷപ്പായ

പ്പോൾ, 1996 ഡിസംബർ 16-ന് മാർത്താണ്ഡം രൂപത സ്ഥാപിക്കുകയും മാർ അപ്രേം പിതാവിനെ അതിന്റെ പ്രഥമ മെത്രാനായി നിയമിക്കുകയും ചെയ്തു. 1997 ജനുവരി 23-ന് മാർ അപ്രേം മാർത്താണ്ഡം രൂപതയുടെ ചാർജെടുത്തു. അദ്ദേഹം നന്മ ചെയ്തുകൊണ്ട് ചുറ്റിനടന്നു. പാവപ്പെട്ടവരോടും അഗതികളോടും ആവശ്യക്കാരോടും കാരുണ്യം കാട്ടി.

അദ്ദേഹം തന്റെ ഹൃദ്രോഗം വേണ്ടത്ര പരിഗണിച്ചില്ല. തദ്ഫലമായി പെട്ടെന്ന് രോഗം മൂർച്ചിക്കുകയും 1997 ഏപ്രിൽ 8-ന് മരിക്കുകയും ചെയ്തു. മാർത്താണ്ഡം കത്തീഡ്രലിൽ അദ്ദേഹത്തെ സംസ്ക്കരിച്ചു. പുതിയ രൂപതയിൽ, ചുരുങ്ങിയ സമയംകൊണ്ട് കാര്യമായി യാതൊന്നും ചെയ്യാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. എന്നാൽ പാവപ്പെട്ടവരെ ആഴമായി സ്നേഹിച്ച മെത്രാൻ എന്ന നിലയിൽ അദ്ദേഹം എന്നും അനുസ്മരിക്കപ്പെടും. തിരുവനന്തപുരത്തും പരിസര പ്രദേശങ്ങളിലുമുള്ള ഇടവകകൾ അദ്ദേഹത്തെ എന്നും ഓർക്കും. ഫിലിപ്പ് ഒഴുനല്ലൂർ, മത്തായി മലഞ്ചരുവിൽ എന്നീ വന്ദ്യവൈദികരോടൊപ്പം ലോറൻസ് മാർ അപ്രേം ഒരു വലിയ മിഷണറിയായി അനുസ്മരിക്കപ്പെടും.

---

തിരുവല്ലാ രൂപതാ സപ്തതി-സപ്തതി ജൂബിലി സ്മരണിക-2004, തിരുവല്ലാ, 2004.

# 24
# ഗീവർഗീസ് മാർ തിമോതിയോസ്
## (1928- )

തിരുവല്ലാ രൂപതയുടെ അഞ്ചാമത്തെ മെത്രാനായിരുന്നു മാർ തിമോതിയോസ് പിതാവ്. 1988 ആഗസ്റ്റ് 6-ന് തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ വച്ചാണ് അദ്ദേഹം മെത്രാഭിഷേകം സ്വീകരിച്ചത്. മാർ ഗ്രിഗോറിയോസ് പിതാവായിരുന്നു മെത്രാഭിഷേകത്തിന് പ്രധാന കാർമികൻ. മാർ തിമോതിയോസ് 2003 വരെ രൂപതയ്ക്ക് നേതൃത്വം നൽകി. 2003-ൽ 75-ാം വയസ്സിൽ റിട്ടയർ ചെയ്തു. 1997-ൽ തോമസ് മാർ കൂറിലോസിനെ സഹായമെത്രാനായി വാഴിച്ചു. 2003-ൽ തിരുവല്ലാ രൂപത വിഭജിച്ച് മൂവാറ്റുപുഴ രൂപത രൂപീകരിക്കുകയും മാർ കൂറിലോസിനെ അവിടുത്തെ ആദ്യമെത്രാനായി നിയമിക്കുകയും ചെയ്തു. പുഷ്പഗിരി ആശുപത്രിയെ ഒരു മെഡിക്കൽ കോളേജാക്കി ഉയർത്തി. ചുരുങ്ങിയ കാലത്തിനുള്ളിൽ അദ്ദേഹം അനേകം കാര്യങ്ങൾ ചെയ്തു.

കോട്ടയത്തിനടുത്ത് അമയന്നൂരിൽ ചുണ്ടേവാലേൽ കുടുംബത്തിൽ യാക്കോബായാ സഭയിലെ ബാവാക്കക്ഷിയിൽ പെട്ട യാക്കോബ് കത്തനാരുടെയും അന്നമ്മയുടെയും മകനായി 1928 ഫെബ്രുവരി 2-ന് ജനിച്ചു. വർക്കി എന്ന് മാമോദീസാപ്പേരിട്ടു. അമയന്നൂരും മണർകാടും കിടങ്ങൂരും സ്കൂൾ വിദ്യാഭ്യാസം നടത്തി. 1940-ൽ യാക്കോബ് കത്തനാരും കുടുംബവും കത്തോലിക്കരായി. 1943-ൽ സ്കൂൾ വിദ്യാഭ്യാസാനന്തരം വർക്കിയെ മാർ സേവേറിയോസ്, സെമിനരിയിലേക്ക് ക്ഷണിച്ചു. രണ്ടുവർഷത്തെ മൈനർ സെമിനരി പഠനത്തിനുശേഷം കാൻഡിയിലേക്ക് അയക്കപ്പെട്ടു. 1953 ആഗസ്റ്റ് 24 -ന് വൈദികനായി. ഫാ.ജോർജ് ചുണ്ടേവാലേൽ എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. കോതമംഗലം, നെല്ലിമറ്റം, അമയന്നൂർ എന്നീ ഇടവകകളിൽ സേവനം അനുഷ്ഠിച്ചു. 1956-ൽ രൂപതാ പ്രൊക്കുറേറ്ററായി. 1958-1963 കാലയളവിൽ മൈനർ സെമിനരി റെക്ടറായും സേവനം അനുഷ്ഠിച്ചു. 1963-ൽ ഉന്നതവിദ്യാഭ്യാസത്തിന് റോമിലേക്ക് അയക്കപ്പെട്ടു. 1967-ൽ തിരികെ എത്തി

യപ്പോൾ, വീണ്ടും മൈനർ സെമിനരി റെക്ടറായി. 1980-ൽ കത്തീഡ്രൽ വികാരിയായി. ഐസക് മാർ യൂഹാനോൻ 1984-ൽ അദ്ദേഹത്തെ വികാരി ജനറാളാക്കി. മാർ യൂഹാനോൻ 1987-ൽ മരിച്ചപ്പോൾ, രൂപതാ അഡ്മിസ്ട്രേറ്ററായി. നിരണത്തു വച്ച് 1987-ൽ നടന്ന പുനരൈക്യ വാർഷികത്തിനും കർദിനാൾ ലൂർദുസാമിക്ക് നൽകിയ സ്വീകരണത്തിനും നേതൃത്വം നൽകി. തിമോതിയോസ് എന്ന പേരിൽ 1988-ൽ അദ്ദേഹം മെത്രാനായി. കെ.സി.ബി.സി.യുടെ സെക്രട്ടറിയായും (1993-1996) സിബി.സിഐ. വൈസ് പ്രസിഡന്റായും (1994-1998) *കാരിത്താസ് ഇൻഡ്യ* ചെയർമാനായും മലങ്കര ലിറ്റർജിക്കൽ കമ്മറ്റി ചെയർമാനായും സേവനം അനുഷ്ഠിച്ചു. 1989 മെയ് 9-ന് ജോൺ പോൾ മാർപാപ്പായെ സന്ദർശിച്ചു. അദ്ദേഹം പല പ്രാവശ്യം നിരവധി വിദേശരാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്.

ദീർഘകാലം മൈനർ സെമിനരി റെക്ടർ ആയിരുന്നതിനാൽ, തിരുവല്ലാ, ബത്തേരി, മൂവാറ്റുപുഴ, പുറ്റൂർ രൂപതകളിൽ അദ്ദേഹത്തിന് ധാരാളം ശിഷ്യന്മാരുണ്ട്. ദരിദ്രരോടും ആവശ്യക്കാരോടും അദ്ദേഹം എപ്പോഴും കരുണ കാട്ടി. കത്തീഡ്രൽ വികാരി എന്ന നിലയിൽ ഇടവകകൾ സന്ദർശിച്ച് അവരുടെ ആവശ്യങ്ങൾ നിറവേറ്റിയിരുന്നു. രൂപതയിലെ വൈദികരെ അദ്ദേഹത്തിന് വ്യക്തിപരമായി അറിയാമായിരുന്നു, അവർക്ക് തങ്ങളുടെ ബാല്യകാലം മുതൽ അദ്ദേഹത്തെയും അറിയാമായിരുന്നു. അതുകൊണ്ട് പരസ്പര ബന്ധം വ്യക്തിപരവും ഊഷ്മളവുമായിരുന്നു. അദ്ദേഹം സ്നേഹനിധിയായ പിതാവായി അവരോട് പെരുമാറി. പുതിയ ഇടവകകൾ തുടങ്ങി. പല പുതിയ പള്ളികളും മേടകളും പണിതു. മറ്റ് സഭകളിലെ അധ്യക്ഷന്മാരുമായി അദ്ദേഹത്തിന് നല്ല സുഹൃദ്ബന്ധം ഉണ്ടായിരുന്നു. പുതിയ സ്കൂളുകളും മാർ സേവേറിയോസ് മെമ്മോറിയൽ ട്രെയിനിംഗ് കോളേജും തുടങ്ങി. പലയിടങ്ങളിലും ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ തുടങ്ങി, ഉണ്ടായിരുന്നവ നവീകരിച്ചു. ചിലയിടങ്ങളിൽ സ്കൂളുകൾ വാങ്ങി. ചിലയിടങ്ങളിൽ ഹോസ്റ്റലുകൾ ആരംഭിച്ചു. 1992-ൽ മാർ തെയോഫിലോസ് ജന്മശതാബ്ദി സ്മാരക ബ്ലോക്ക് തിരുവല്ലാ പാസ്റ്ററൽ സെന്ററിനോട് ചേർത്ത് പണിതു. പീച്ചിയിലും കട്ടപ്പനയിലും പുതിയ പാസ്റ്ററൽ സെന്ററുകൾ നിർമിച്ചു. 1997-ൽ കത്തീഡ്രൽ കോമ്പൗണ്ടിൽ സപ്തതി സ്മാരകമായി ഒരു ഐ.റ്റി.ഐ.തുടങ്ങി.

തിരുവല്ലായിലെ *അഭയഭവനെ* അദ്ദേഹം സഹായിച്ചുകൊണ്ടിരുന്നു. ദളിത് സമൂഹത്തോട് അദ്ദേഹം പ്രത്യേകം കരുതൽ കാട്ടി. ഒരിക്കൽ ദളിത്ക്രിസ്ത്യാനികൾക്കുവേണ്ടി പാർലമെന്റിന്റെ മുമ്പിൽ ഒരു പ്രകടനത്തിന് നേതൃത്വം നൽകി. തിരുവല്ലാ രൂപതയുടെ എല്ലാ വൈദിക ഡിസ്ട്രിക്ടുകളിലും നിർമാണപ്രവർത്തനങ്ങൾ നടത്തി. തിരുവല്ലാ മുൻസിപ്പാലിറ്റിക്ക് ടൗണിന്റെ നടുക്ക് പബ്ലിക് സ്റ്റേഡിയം പണിയാൻ രണ്ടര ഏക്കർ സ്ഥലം ദാനമായി നൽകി.



ആഴമായ പ്രാർഥനാജീവിതം, ലളിതവും മാന്യവുമായ പെരുമാറ്റം, വിനീതമനോഭാവം, എന്നിവ അദ്ദേഹം നിരന്തരം നിലനിർത്തി. ശാരീരികമായി വലിയ മനുഷ്യനായിരുന്നതുപോലെ, ആധ്യാത്മികമായും അദ്ദേഹം വലിയ മനുഷ്യനായിരുന്നു. അദ്ദേഹം മൂല്യങ്ങൾക്കും തത്വങ്ങൾക്കും വേണ്ടി നിലകൊണ്ടു. സാധാരണക്കാർക്കു മനസ്സിലാകുന്ന സുഗ്രാഹ്യമായ ഭാഷയിൽ പ്രസംഗിച്ചിരുന്നു. വിശ്വസിച്ചതു മാത്രം പറയുക, പറയുന്നതു പോലെ പ്രവർത്തിക്കുക എന്നത് അദ്ദേഹം സ്വീകരിച്ച ശൈലിയായിരുന്നു. തനിക്ക് ചെയ്യാൻ കഴിയുന്നതു മാത്രമേ മറ്റുള്ളവർ ചെയ്യാൻ ആവശ്യപ്പെട്ടിരുന്നുള്ളൂ. അദ്ദേഹം ഒരു ആത്മീയ നേതാവായിരുന്നു എന്ന് സംശയലേശമെന്യേ പറയാൻ കഴിയും. ഒരു വലിയ ദൈവമനുഷ്യൻ, ഒരു വലിയ സഭാമനുഷ്യൻ,പ്രാർഥനയുടെ മനുഷ്യൻ! അദ്ദേഹം ഒന്നിലേറെ പ്രാവശ്യം മെത്രാൻ സ്ഥാനം തിരസ്ക്കരിച്ചതായി കേട്ടിട്ടുണ്ട്. മെത്രാൻ സ്ഥാനത്തിനും സ്ഥാനമാനങ്ങൾക്കും പരസ്യത്തിനും മനുഷ്യർ പരക്കം പായുന്നതിനും ഓടി നടക്കുന്നതിനുമിടയിൽ മാർ തിമോതിയോസ് ഒറ്റയ്ക്ക് ഉയർന്നു നിന്ന് മഹനീയമാതൃക കാട്ടുന്നു. "നിന്റെ വാക്കിന് വലയിറക്കാം" (ലൂ. 5,5) എന്നതായിരുന്നു അദ്ദേഹം സ്വീകരിച്ച മുദ്രാവാക്യം.

അദ്ദേഹം ആരംഭിച്ചവയെല്ലാം വിജയത്തിലെത്തി. തിരുവല്ലാ രൂപത അതിരൂപതയായും തിരുവല്ലാ സഭാപ്രോവിൻസായും ഒരു ശിഷ്യനെ അതിന്റെ ആർച്ചുബിഷപ്പായും കാണുന്നതിന് അദ്ദേഹത്തിന് സാധിച്ചു. മറ്റൊരു ശിഷ്യൻ മേജർ ആർച്ചുബിഷപ്പും കാതോലിക്കോസും കർദിനാളും ആയി. വേറൊരു ശിഷ്യൻ സഹായമെത്രാനായി മറ്റു രണ്ടു ശിഷ്യന്മാർ രൂപതാധ്യക്ഷന്മാരുമായി. അദ്ദേഹം റിട്ടയർമെന്റിനു ശേഷം വിശ്രമജീവിതം നയിക്കുന്നു.

# 25

# മേജർ ആർച്ചുബിഷപ്പ് ബസേലിയോസ് കർദിനാൾ ക്ലീമീസ് കാതോലിക്കാ ബാവാ (1959- )

തിരുവനന്തപുരം അതിരൂപതയുടെ നാലാമത്തെ അധ്യക്ഷനും രണ്ടാമത്തെ മേജർ ആർച്ചുബിഷപ്പുമാണ് മാർ ബസേലിയോസ് കർദിനാൾ ക്ലീമീസ് കാതോലിക്കാ ബാവാ. ദാർശനികനും ഇരുപതാം നൂറ്റാണ്ടിലെ പ്രശസ്തനായ എക്യൂമെനിസ്റ്റും വിശുദ്ധനുമായ മാർ ഈവാനിയോസ് പിതാവിന്റെയും സർവാദരണീയനായ മാർ ഗ്രിഗോറിയോസ് പിതാവിന്റെയും ദൈവശാസ്ത്ര പണ്ഡിതനായ സിറിൽ മാർ ബസേലിയോസ് പിതാവിന്റെയും പിൻഗാമിയായിട്ടാണ് മാർ ക്ലീമീസ് പിതാവിനെ സിനഡ് മലങ്കരസഭയുടെ തലവനും പിതാവുമായി തെരഞ്ഞെടുത്തത്. കാനോനിക്കലായി പാത്രിയർക്കീസിനു തുല്യമായ സ്ഥാനത്തുള്ള ഈ മേജർ ആർച്ചുബിഷപ്പ് ഏറ്റവും വിനയാന്വിതനും എല്ലാവരോടും സൗഹൃദം പുലർത്തുന്നവനുമത്രേ. സാർവത്രികസഭയിലെ ഉന്നതസ്ഥാനമായ കർദിനാൾ പദവി ലഭിച്ചപ്പോഴും അദ്ദേഹം തന്റെ പെരുമാറ്റത്തിലും ജീവിതചര്യയിലും അൽപ്പംപോലും മാറ്റം വരുത്തിയില്ല. ദൈവത്തിന്റെ പ്രത്യേക നിയോഗത്താലാണ് മാർ ക്ലീമീസ് പിതാവിന് ഈ നേതൃത്വശുശ്രൂഷകളെല്ലാം ലഭിച്ചത്.

മലങ്കര കത്തോലിക്കാസഭയെ സംബന്ധിച്ച് ഓരോരോ കാലത്ത് സഭയെ നയിക്കാൻ ദൈവനിയുക്തരായ വ്യക്തികളെ ദൈവം തെരഞ്ഞെടുക്കുന്നു. ദൈവം തന്നെ ഈ സഭയെ നയിക്കുന്നു.

മാർ ഈവാനിയോസ് പിതാവ് മുതലുള്ളവരുടെ ചരിത്രം അവലോകനം ചെയ്താൽ ഇക്കാര്യം സ്പഷ്ടമാണ്. മാർ ഈവാനിയോസ് പിതാവ് പുത്തൻകൂറ്റുകാർക്ക് കാതോലിക കൂട്ടായ്മയ്ക്കുള്ള കവാടം തുറന്നു. ഈ ദൗത്യത്തിനായി വിളിക്കപ്പെട്ടപ്പോൾ, എല്ലായിടത്തു നിന്നുമുള്ള എതിർപ്പുകളുടെ മധ്യത്തിൽ, ഒന്നുമില്ലാത്ത അവസ്ഥയിൽ നിന്ന് മലങ്കര കത്തോലിക്കാ ഹയരാർക്കി സ്ഥാപിച്ചെടുത്തു. 1932-ൽ റോമിൽ പോയി മാർപാ



പ്പായെ സന്ദർശിക്കുകയും താൻ ഉദ്ദേശിച്ചവയെല്ലാം സാധിച്ചെടുക്കുകയും ചെയ്തു.

മാർ ഈവാനിയോസ് പിതാവ് നടന്ന പാതയിലൂടെ 41 വർഷം ഈ സഭയെ മാർ ഗ്രിഗോറിയോസ് പിതാവ് നയിച്ചു. റോമാ മാർപാപ്പായോട് അത്യഗാധസ്നേഹം പുലർത്തി. ഈ നാട്ടിലെ ജനങ്ങളുടെ ഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടാൻ ഈ സ്നേഹസമ്പന്നന് കഴിഞ്ഞു. പരമപരിശുദ്ധനായ ഈ പിതാവാണ് മലങ്കരസഭയെ വളർത്തിയത്. അനേകായിരങ്ങളെ ക്രിസ്തീയ വിശ്വാസത്തിലേക്കും കത്തോലിക്കാ കൂട്ടായ്മയിലേക്കും അദ്ദേഹം ആനയിച്ചു. കടുത്ത ദാരിദ്ര്യത്തിന്റെ മധ്യത്തിൽ ദൈവത്തിൽ ശരണം വച്ചുകൊണ്ട് പിതാവ് ചെയ്ത മഹാകാര്യങ്ങൾ നമ്മെ അത്ഭുതസ്തബ്ധരാക്കും.

സിറിൽ മാർ ബസേലിയോസ് കാതോലിക്കാബാവാ മലങ്കരസഭയുടെ ഓട്ടോണമിയും വ്യക്തിത്വവും പൂർണമാക്കുന്നതിൽ നിർണായകപങ്കു വഹിച്ചു. 1926 മുതൽ മാർ ഈവാനിയോസ് പിതാവ് റോമിനോട് ആവശ്യപ്പെട്ടുകൊണ്ടിരുന്ന കാര്യങ്ങൾ 2005-ൽ സിറിൽ പിതാവ് സാധിച്ചെടുത്തു. സഭാഘടനാപരമായി മലങ്കരസഭയ്ക്ക് വലിയ വളർച്ചയ്ക്ക് അദ്ദേഹം നേതൃത്വം നൽകി.

ഈ മഹാരഥന്മാരുടെ പിൻഗാമിയായിട്ടാണ് മുക്കൂറിൽ നിന്നുള്ള മഹാത്മാവ് തിരുവനന്തപുരത്ത് മേജർ ആർച്ചുബിഷപ്പും കാതോലിക്കോസും കർദിനാളുമായത്. മേൽപ്പറഞ്ഞ മൂവരുടെയും ജീവിത വീക്ഷണങ്ങളും സഭാപരമായ ചിന്തകളും ഈ ദൈവമനുഷ്യൻ സ്വായത്തമാക്കി. വട്ടശ്ശേരിൽ തിരുമേനി തുടങ്ങിവച്ച സഭൈക്യപ്രവർത്തനങ്ങൾ പൂർത്തീകരിക്കുക എന്നതാണ് പിൻതലമുറക്കാരനായ മാർക്ലീമീസ് തിരുമേനിയുടെ ഒരു സുപ്രധാനദൗത്യം. ദൈവത്തിന്റെ ഈ തെരഞ്ഞെടുപ്പിൽ സൂക്ഷ്മദൃക്കുകൾ മഹത്തായ കാര്യങ്ങൾ ദർശിക്കുന്നു.

നമ്മുടെ പൂർവപിതാക്കന്മാരുടെ കൂട്ടത്തിൽ സഭൈക്യത്തിന് ഏറ്റവുമധികം താൽപര്യവും ഉത്സാഹവും കാണിച്ചത് പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസാണ്. അദ്ദേഹത്തിന്റെ കത്തിടപാടുകളുടെ വെളിച്ചത്തിലാണ് വട്ടശ്ശേരിൽ തിരുമേനി സഭൈക്യചർച്ചകൾക്ക് മാർ ഈവാനിയോസ് പിതാവിനെ ചുമതലപ്പെടുത്തിയത്. എന്നാൽ റോമിന്റെ അംഗീകാരം ലഭിച്ചപ്പോൾ, മാർ ഈവാനിയോസും മാർ തെയോഫിലോസും മാത്രമേ മുന്നോട്ടുവന്നുള്ളു. അതുകൊണ്ടാണ് ആ ഐക്യസംരംഭം ഭാഗികമായിപ്പോയത്. അത് പൂർത്തീകരിക്കാനുള്ള ദൗത്യമാണ് ഈ വട്ടശ്ശേരിൽ കുടുംബാംഗത്തെ സർവശക്തനായ ദൈവം ഭരമേൽപ്പിച്ചിരിക്കുന്നതെന്ന് കരുതുന്ന അനേകരുണ്ട്.

## ജനനവും വിദ്യാഭ്യാസവും

വട്ടശ്ശേരിൽ കുടുംബം ആർച്ചുഡീക്കന്മാരുടെ തറവാടായ പകലോമറ്റത്തിൽ പെട്ടതാണ്. അതിന്റെ ഉപശാഖകളാണ് പവോത്തിക്കുന്നേൽ കുടുംബവും തോട്ടുങ്കൽ കുടുംബവും. മലങ്കര കത്തോലിക്കാസഭയിൽ ജനിച്ച് ഐസക്ക് എന്ന് മാമോദീസാപ്പേര് സ്വീകരിച്ച വ്യക്തിയാണ് മാർ ക്ലീമീസ് തിരുമേനി. അടിസ്ഥാനവിദ്യാഭ്യാസം സമീപസ്കൂളുകളിൽ നടത്തിയശേഷം 1976-ൽ തിരുവല്ലാ മൈനർസെമിനരിയിൽ ചേർന്ന് വൈദികാർഥിയായി. ബത്തേരി രൂപത സ്ഥാപിച്ചപ്പോൾ ബ്രദർ ഐസക്ക് ആ രൂപതയിൽ ചേർന്നു. അത് വലിയ ദൈവിക പദ്ധതിയുടെ ഭാഗമായിരുന്നു. തുടർന്ന് ആലുവാ സെമിനരിയിൽ തത്വശാസ്ത്രപഠനവും പൂനാ പേപ്പൽ സെമിനരിയിൽ ദൈവശാസ്ത്രപഠനവും നിർവഹിച്ചു. 1986-ൽ സിറിൽ പിതാവിന്റെ കൈവയ്പ്പാൽ വൈദികനായി.

## വൈദികജീവിതം

ബത്തേരി രൂപതയിൽ ചേർന്നത് അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒരുവഴിത്തിരിവ് ആയിരുന്നു. സിറിൽ പിതാവിൽനിന്ന് അനേകം കാര്യങ്ങൾ നേരിട്ട് ഗ്രഹിക്കാൻ അദ്ദേഹത്തിന് സാധിച്ചു. അതുപോലെ ഐസക്കിൽ ദൈവം നിക്ഷേപിച്ച നിയോഗങ്ങൾ ദർശിക്കാൻ ക്രാന്തദർശിയായ സിറിൽ പിതാവിന് കഴിഞ്ഞു എന്നത് ദൈവനിയോഗം തന്നെ. ഐസക്കച്ചനെ സിറിൽ പിതാവ് ഓരോ ഘട്ടത്തിലും വളർത്തിക്കൊണ്ടു വരികയായിരുന്നു. സിറിൽ പിതാവിന് ഐസക്കച്ചനിലുള്ള ശ്രദ്ധയിൽ പലരും അസൂയാലുക്കളായിട്ടുമുണ്ട്. എന്നാൽ ദൈവികപദ്ധതി നടപ്പാക്കാൻ സിറിൽ പിതാവ് വിശിഷ്ടോപകരണമായി എന്നുമാത്രം.

ഐസക്കച്ചൻ തുടർന്ന് ബാംഗളൂരിലും റോമിലും ഉപരിപഠനം നടത്തി. പഠനം വെറും താത്വിക തലത്തിൽ ഒതുങ്ങി നിൽക്കാതെ, മാനുഷിക ബന്ധങ്ങൾ വളർത്തുന്നതിൽ ഐസക്കച്ചൻ ശ്രദ്ധാലുവായിരുന്നു. ഒരു തുറന്ന ഹൃദയം, സന്തുഷ്ടഹൃദയം, നർമരസം നിറഞ്ഞ ഹൃദയം, മറ്റുള്ളവരെ ചിരിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുന്ന ഹൃദയം, കളങ്കരഹിതമായ ഹൃദയം ഐസക്കച്ചന് കൈമുതലായി ദൈവം നൽകി.

## ചവിട്ടുപടികൾ

റോമിലെ പഠനത്തിനു ശേഷം ബത്തേരി രൂപതയിൽ ഐസക്കച്ചൻ വഹിക്കാത്ത തസ്തികകളില്ല. അവസാനം 1998-ൽ വികാരജനറാളായി. 2001-ൽ തിരുവനന്തപുരം സഹായമെത്രാനും അമേരിക്കയിലെയും യൂറോപ്പിലേയും അപ്പസ്തോലിക് വിസിറ്ററുമായി നിയമിതനായി. തുടർന്ന് ഒന്നിനുപിറകേ



ഒന്നായി ലഭിച്ച ദൗത്യങ്ങൾ പെട്ടെന്നായിരുന്നു. 2003-ൽ തിരുവല്ലാ ബിഷപ്പായി.

## തിരുവല്ലാ ആർച്ചുബിഷപ്പ് (2006)

തിരുവല്ലാ രൂപത അതിരൂപതയും തിരുവല്ലാ സഭാപ്രോവിൻസുമായപ്പോൾ (2006), ബിഷപ്പ് ഐസക്ക് മാർ ക്ലീമീസ് മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പായി.

"തിരുവല്ലായിലെ നിറഞ്ഞ സാന്നിധ്യമായിരുന്നു അദ്ദേഹം. ആരെയും അവഗണിക്കാത്ത, എല്ലാവരെയും ഉൾക്കൊള്ളുന്ന ശൈലിയാണ് അദ്ദേഹത്തിന്റേത്. വർഗത്തിനും വർണത്തിനും ജാതിക്കും മതത്തിനും രാഷ്ട്രീയത്തിനും അതീതമായ ശൈലി. ആർക്കുമെതിരെ വാതിലുകൾ അടയ്ക്കാത്ത ഹൃദയവിശാലത. തന്റെ രൂപതയുടെ സ്ഥാപനത്തിനുനേരേ കല്ലെറിഞ്ഞിട്ടു വന്നവനും തന്റെ അരമന കവാടത്തിലേക്ക് ജാഥ നയിച്ചവനും തനിക്കെതിരെ മുഷ്ടിചുരുട്ടി മുദ്രാവാക്യം മുഴക്കിയവനും എല്ലാം തന്റെ മുറിയിലും ഭക്ഷണശാലയിലും ഇടം നൽകുന്നവനാണദ്ദേഹം. മനുഷ്യന് നന്മ വരുത്തുന്ന കാര്യങ്ങൾക്ക് ആരുമായിട്ടും ചേർന്നു പ്രവർത്തിക്കാൻ അദ്ദേഹത്തിന് വൈമനസ്യമില്ല. എന്തു ചെയ്താലും അതിലെല്ലാം എല്ലാവർക്കും പങ്കാളിത്തവും അംഗീകാരവും ഉറപ്പാക്കുന്ന പ്രകൃതം"[1] .

## മേജർ ആർച്ചുബിഷപ്പ് (2007)

അടുത്ത വർഷം സിറിൽ പിതാവിന്റെ മരണത്തെ തുടർന്ന് നടന്ന സിനഡൽ ഇലക്ഷൻ മാർ ക്ലീമീസിനെ മേജർ ആർച്ചുബിഷപ്പായി തെരഞ്ഞെടുത്തു. തെരഞ്ഞെടുപ്പു വാർത്താപ്രഖ്യാപനാനന്തരം അദ്ദേഹം ചെയ്ത പ്രസംഗത്തിൽ നിന്ന്:

"മതവിശ്വാസങ്ങൾക്ക് അതീതമായി പൊതുനന്മയാണ് ഞാൻ ലക്ഷ്യം വയ്ക്കുന്നത്. സമാന ചിന്താഗതിയുള്ളവരും ഈശ്വരവിശ്വാസികളുമായ എല്ലാവരുമായും ഈ ലക്ഷ്യത്തിനുവേണ്ടി ഒന്നിച്ച് പ്രവർത്തിക്കും. ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന ഭരണസംവിധാനങ്ങളുമായി ക്രിയാത്മകമായി പ്രതികരിച്ച് ജനക്ഷേമത്തിനായി പ്രവർത്തിക്കുകയും ചെയ്യും"[2].

## സഭൈക്യം-സർവപ്രധാനം

അദ്ദേഹം റോമിൽ ഡോക്ടറേറ്റ് എടുത്തത് എക്യുമെനിസം എന്ന വിഷയത്തിലാണ്. തിരുവല്ലാ, തിരുവനന്തപുരം എന്നു തുടങ്ങി അദ്ദേഹം

1. *ദൈവമഹത്വവും മനുഷ്യനന്മയും*, പേജ്, 35.
2. അതേ കൃതി,പേ.37.

പ്രവർത്തിച്ച ഇടങ്ങളിലെല്ലാം മാനുഷികബന്ധങ്ങൾ ഊഷ്മളമാക്കാനും അരക്കിട്ടുറപ്പിക്കാനും വളർത്താനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു .ക്രിസ്ത്യാനികളുടെ ഇടയിൽ മാത്രമല്ല, വിശാലമായ മനുഷ്യസമൂഹത്തിന്റെ ഇടയിലും നാനാജാതി മതസ്ഥരുടെ ഇടയിലും സൗഹൃദവും സ്നേഹവും വളർത്തി. അദ്ദേഹത്തിന്റെ സൗഹൃദത്തിനും സ്നേഹത്തിനും അതിർവരമ്പുകൾ ഇല്ലായിരുന്നു. അതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് കർദിനാൾ സ്ഥാനചിഹ്നങ്ങൾ ലഭിക്കുന്നതിന് റോമിൽ പോയപ്പോൾ അദ്ദേഹത്തെ അനുഗമിച്ച സുഹൃത്തുക്കൾ. ഇക്കാര്യത്തിൽ മാർ ഗ്രിഗോറിയോസ് പിതാവായിരുന്നു അദ്ദേഹത്തിന്റെ മാതൃക.

സഭൈക്യം അദ്ദേഹത്തിന്റെ നിരന്തര ധ്യാനവിഷയമായിരുന്നെന്ന് 2008-ൽ റാന്നിയിൽ വച്ചു നടത്തിയ പ്രസംഗം തെളിയിക്കുന്നു:

“മലങ്കരയിലെ അന്ത്യോക്യൻ സുറിയാനി ആരാധനാപൈതൃകം പിന്തുടരുന്ന മാർ തോമാക്രിസ്ത്യാനികൾ എല്ലാവരും ഒന്നുചേർന്ന് യേശുവിന് ധീരസാക്ഷ്യം നൽകുന്ന സുദിനത്തിനായി ഞാൻ പ്രാർഥനാപൂർവം കാത്തിരിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അസ്തിത്വത്തിന്റെ ഒരു ലക്ഷ്യം തന്നെ അതാണ്”[3].

“പരിശുദ്ധ ബാവാതിരുമേനിയോടൊപ്പം പരിശുദ്ധ കത്തോലിക്കാ സഭയിൽ വിശുദ്ധ കുർബാന അർപ്പിക്കാൻ സാധിക്കുന്ന സുദിനത്തിനുവേണ്ടി ഞാൻ പ്രാർഥിക്കുന്നു” എന്നാണ് തന്റെ മെത്രാഭിഷേകത്തിനുശേഷം നടന്ന അനമോദന സമ്മേളനത്തിൽ ഓർത്തഡോക്സ് സഭാധ്യക്ഷൻ മാർ ബസേലിയോസ് മാത്യൂസ് ദ്വിതീയൻ ബാവായുടെ സാന്നിധ്യത്തിൽ മാർ ക്ലീമീസ് തിരുമേനി തിരുമൂലപുരത്തുവച്ച് 2001-ൽ പ്രസ്താവിച്ചത്[4] .

## പൗരോഹിത്യ രജതജൂബിലി (2011)

മാർ ക്ലീമീസ്ബാവാ 2011-ൽ തന്റെ പൗരോഹിത്യത്തിന്റെ രജതജൂബിലി അനാർഭാടമായി ആഘോഷിച്ചു. ഓരോ ആഘോഷാവസരവും ലഭിച്ച സംഭാവനകൾ സാധുജനസംരക്ഷണത്തിനായി അദ്ദേഹം വിനിയോഗിച്ചു. അങ്ങനെ കാട്ടാക്കടയും ചീക്കനാലും നാലാഞ്ചിറയും സഹായം ഒഴുകിയെത്തി.

അദ്ദേഹത്തിന്റെ ഹൃദയത്തിന് ഊഷ്മളത നൽകുന്നത് ദൈവമഹത്വവും മനുഷ്യനന്മയും ജീവിതത്തിന്റെ പരമമായ ലക്ഷ്യമാണെന്ന തിരിച്ചറിവാണ്[5].

3. അതേകൃതി, പേ.39.
4. അതേകൃതി, പേ.39.
5. അതേകൃതി, പേ.11.



മാർതോമാസഭയിലെ ഫിലിപ്പോസ് മാർ ക്രിസൊസ്തോം വലിയ മെത്രാപ്പോലീത്താ, ക്ലീമീസ് ബാവായെപ്പറ്റി പറഞ്ഞിരിക്കുന്നതിൽ നിന്ന് അൽപം ഉദ്ധരിക്കാം:

“പിതാവിന്റെ സംഭാഷണങ്ങളും പ്രഭാഷണങ്ങളും അനുഗ്രഹിക്കപ്പെട്ട ദൈവദാനങ്ങളാണെന്ന് വന്ദ്യപിതാവിനെ പരിചയമുള്ള ഏവർക്കും അറിയാം... തിരുമേനി ഭാഗ്യവാനും അനുഭവസമ്പന്നും അറിവിന്റെ നിലവറയുമാണ്...എല്ലാ വിഭാഗീയതകൾക്കും അതീതമായ മാനവൈക്യം സഭകൾ തമ്മിലും സമൂഹങ്ങൾ തമ്മിലും വിവിധ തരത്തിലുള്ള മനുഷ്യർ തമ്മിലും ഉണ്ടാകുന്നതിന് താൽപര്യപ്പെടുകയും യത്നിക്കുകയും ചെയ്യുന്ന ദൈവദാസനാണ് അദ്ദേഹം... സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പ്രശ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കാനുള്ള സുമനസ്സിന്റെ ഇടറാത്ത ഉടമയായ വന്ദ്യപിതാവിന്റെ അഭിപ്രായപ്രകടനങ്ങളും ഉപദേശപ്രസ്താവനകളും ഇന്ന് ലോകത്തിന് അനുഗ്രഹകരമായ സംഭാവനയാണ്... പിതാവ് ഈ കാലയളവിൽ അന്ധകാരത്തിൽ വെളിച്ചത്തിന്റെ കിരണങ്ങൾ വിതറുന്ന വിടുതലിന്റെ സൂര്യനാണ്”[6]. ഒരു മഹാത്മാവ് മറ്റൊരു മഹാത്മാവിനെപ്പറ്റി പറഞ്ഞ വാക്കുകളാണിവ.

## കർദിനാൾ സ്ഥാനവും (2012) പേപ്പൽ തെരഞ്ഞെടുപ്പും (2013)

മെത്രാന്മാരുടെ സിനഡിനിടയിൽ 2012 ഒക്ടോബർമാസം പരിശുദ്ധ പിതാവ് ബനഡിക്ട് മാർപാപ്പാ, ക്ലീമീസ് ബാവായെ കർദിനാൾ സ്ഥാനത്തേക്ക് ഉയർത്തുകയും നവംബറിൽ അതിന്റെ സ്ഥാനചിഹ്നങ്ങളും അധികാരപത്രവും നൽകുകയും ചെയ്തു. മാർ ക്ലീമീസ് ബാവായ്ക്ക് പ്രത്യേകമായും മലങ്കരസഭയ്ക്ക് പൊതുവെയുമുള്ള വലിയ അംഗീകാരമായിരുന്നു അത്. അതും മഹത്തായ ദൈവനിയോഗമായിരുന്നു. സിനഡിനിടയ്ക്ക് പ്രഖ്യാപനം നടന്നതിനാൽ, ലോകം മുഴുവനുമുള്ള മെത്രാന്മാരുടെ പ്രതിനിധികൾക്ക് മാർ ക്ലീമീസ് ബാവായെയും മലങ്കര സഭയെയും പറ്റി അറിയാൻ അവസരം ലഭിച്ചു. ദൈവമഹത്വത്തിനും സഭാനന്മയ്ക്കുമായി അദ്ദേഹം അവസരങ്ങൾ പ്രയോജനപ്പെടുത്തി. സാർവത്രിക സഭാഭരണത്തിൽ മലങ്കരസഭയ്ക്ക് പങ്കാളിത്തം ഉറപ്പാക്കുന്നതാണ് കർദിനാൾസ്ഥാനം. ബനഡിക്ട് മാർപാപ്പാ 2013-ൽ റിട്ടയർ ചെയ്തതിനുശേഷം നടന്ന പേപ്പൽ തെരഞ്ഞെടുപ്പിൽ കർദിനാൾ മാർ ക്ലീമീസ് പങ്കെടുത്തു. ചരിത്രത്തിൽ ആദ്യമായിട്ടാണ് മലങ്കരസഭയുടെ പ്രതിനിധി പേപ്പൽ ഇലക്ഷനിൽ പങ്കെടുക്കുന്നത്. അതും കർദിനാളായി നിയമിക്കപ്പെട്ടതിനു തൊട്ടുപിന്നാലെ.

6. അതേകൃതി, പേ.13-14.

## മലങ്കര കത്തോലിക്കാസഭ-മലങ്കര സഭകൾക്കെല്ലാം മാതൃക

ഈ അടുത്ത കാലത്ത് റോമാസഭ മലങ്കര കത്തോലിക്കാ സഭയ്ക്ക് ചെയ്തുതന്ന സംഗതികളെ പറ്റി വിവിധ മലങ്കര സഭാവിഭാഗങ്ങൾ ശാന്തമായി ചിന്തിക്കുകയും കൂട്ടായ്മയ്ക്കുള്ള പുത്തൻവഴികൾ തേടുകയും ചെയ്യേണ്ടതാണ്. പാത്രിയർക്കീസിനു തുല്യമായ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സ്ഥാനം, ഓട്ടോണമിയുടെ പ്രതീകമായ കാതോലിക്കാസംജ്ഞ, സിനഡൽ സംവിധാനം, കർദിനാൾപദവി, റോമൻ ഡിക്കാസ്റ്ററികളിലെ ഔദ്യോഗിക മെംബർഷിപ്പ്, പേപ്പൽ ഇലക്ഷനിലുള്ള ഭാഗഭാഗിത്വം എന്നു തുടങ്ങി എല്ലാ മലങ്കരസഭകൾക്കും മാതൃകയായി മാർപാപ്പാമാർ മലങ്കര കത്തോലിക്കാസഭയെ ഉയർത്തിക്കാണിച്ചിരിക്കയാണ്.

## സഭ ഒരു കൂട്ടായ്മയാണ്

ദൈവത്തിന്റെ സഭ ഒറ്റപ്പെട്ട തുരുത്തുകളായിട്ടല്ല ദൈവം സ്ഥാപിച്ചിരിക്കുന്നത്. പിന്നെയോ പരസ്പര സംസർഗം പുലർത്തുന്ന വിവിധ സഭകളായിട്ടാണ്. ദൈവത്തിന്റെ സഭ എന്ന പേരിന് പൂർണമായി അർഹമാകണമെങ്കിൽ, *പരസ്പര മത്സരപാത* വിട്ടാൽ മാത്രം പോരാ, *സഹവർത്തിത്വത്തിൽ* കഴിഞ്ഞാൽ മാത്രം പോരാ, *സഹകരണമേഘലയിൽ* തങ്ങിനിന്നാൽ മാത്രം പോരാ ,യോജിച്ച് പ്രവർത്തിക്കാനുള്ള *ആത്മാർപ്പണം* വേണം, *ദൃശ്യ കൂട്ടായ്മ* ഉണ്ടാകുകയും വേണം. അത് വെറും ഫെലോഷിപ്പല്ല. കൗദാശിക കൂട്ടായ്മ വളരെ ആഴമേറിയതാണ്. സഭകൾ ലക്ഷ്യംവയ്ക്കേണ്ടത് *നാനാത്വത്തിലുള്ള ഏകത്വം* എന്നതാണ്. വൈവിധ്യവും ബഹുത്വവും നിലനിർത്തിക്കൊണ്ടുതന്നെ വിശ്വാസത്തിന്റെ സാത്സത്തയിൽ ഐക്യം പുലർത്തി സമ്പൂർണ കൂട്ടായ്മയിൽ എത്തിച്ചേരാനുള്ള വഴികളാണ് ആരായേണ്ടത്. സഭകൾ തങ്ങളുടെ അവതരണരീതി മാറ്റി മറ്റുള്ളവരുടെ രീതികൾ എടുത്തുകൊണ്ടോ, ഐകരൂപ്യാധിഷ്ഠിത പദപ്രയോഗങ്ങൾ സ്വീകരിച്ചുകൊണ്ടോ അല്ല *സമ്പൂർണ കൂട്ടായ്മയിൽ* എത്തിച്ചേരുക. സഭ ഒരുകൂട്ടായ്മയാണ്. ഈ കൂട്ടായ്മ ത്വരിതപ്പെടുത്താൻ മലങ്കര കത്തോലിക്കർക്ക് പ്രത്യേമായ ദൗത്യമുണ്ട്.

## സഹോദരീസഭകൾ

മലങ്കര സഭാകുടുംബത്തിൽ പെട്ട സഹോദരീസഭകൾക്ക് ദൃശ്യകൂട്ടായ്മയ്ക്കായി മറ്റാരുടെയും മാധ്യസ്ഥ്യം കൂടാതെതന്നെ ഇപ്പോൾ ഫ്രാൻസിസ് മാർപാപ്പായുമായി നേരിട്ട് ബന്ധപ്പെടാവുന്നതാണ്. അവരാരും മലങ്കര കത്തോലിക്കാസഭയിലോ, സിറോ-മലബാർ സഭയിലോ ചേരാതെ, നേരിട്ട് മാർപാപ്പായുമായി പരസ്പര സ്വീകരണത്തിലൂടെ ദൃശ്യകൂട്ടായ്മ സ്ഥാപിക്കാവുന്നതാണ്. മാർ ക്ലീമീസ് തിരുമേനിയോ, മാർ ജോർജ് ആലഞ്ചേരി



തിരുമേനിയോ ഇക്കാര്യത്തിൽ ഒരിക്കലും തടസ്സം നിൽക്കുകയില്ല. വ്യക്തിത്വവും ഓട്ടോണമിയും നിലനിർത്തിക്കൊണ്ട് ഓരോ സഭാവിഭാഗത്തിനും ഇന്നത്തെ സഭാശാസ്ത്രത്തിന്റെ വെളിച്ചത്തിൽ ദൃശ്യകൂട്ടായ്മയെപ്പറ്റി ചിന്തിക്കാവുന്നതാണ് ഓരോ സഭയുടെയും സഭാഘടന നിലനിർത്തിക്കൊണ്ടു തന്നെ കാനോനിക കൂട്ടായ്മ സ്ഥാപിച്ച് കർതൃഹിതം നിറവേറ്റാവുന്നതാണ്. ഇപ്പോഴാണ് അതിനു പറ്റിയ സമയമെന്ന് സഭാസമൂഹങ്ങൾക്ക് തിരിച്ചറിയാൻ കഴിയട്ടെ. അങ്ങനെ പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് പിതാവിന്റെ ആഗ്രഹം സഫലമാകട്ടെ.[1] അതിന് ദൈവതൃക്കരങ്ങളിൽ മാർ ക്ലീമീസ് ബാവാ വിശിഷ്ടോപകരണമായി തീരട്ടെ.

1. മുകളിൽ പേജ്, 96 കാണുക.

# 26

# മലങ്കര കത്തോലിക്കാസഭ (1995-2013)

മലങ്കര കത്തോലിക്കാസഭ ഘടനാപരമായി വളർന്നത് ഈ കാലഘട്ടത്തിലാണ്. മെത്രാപ്പോലീത്തൻ സഭ എന്ന നിലയിൽ നിന്ന് മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭയെന്നുള്ള നിലയിലേക്ക് പരിശുദ്ധ സിംഹാസനം മലങ്കര കത്തോലിക്കാസഭയെ ഉയർത്തി. കാനോനിക്കലായി പാത്രിയർക്കീസിന് തുല്യമായ സ്ഥാനത്തേക്ക് മലങ്കര സഭാധ്യക്ഷനെ ആക്കി. പുതിയ രൂപതകളുണ്ടായി. കൂടുതൽ മെത്രാന്മാരുണ്ടായി. സഭയ്ക്ക് സിനഡൽ ഘടന കൈവന്നു. മലങ്കര കത്തോലിക്കാ സഭയുടെ പ്രത്യേക നിയമങ്ങൾ റോമിന്റെ അംഗീകാരത്തോടുകൂടെ നടപ്പാക്കി. തദനുസൃതം സഭയുടെ തലവനും പിതാവുമായ മേജർ ആർച്ചുബിഷപ്പ് കാതോലിക്കോസ് എന്ന് വിളിക്കപ്പെടുന്നു.

ഇപ്രകാരമുള്ള വളർച്ചയ്ക്ക് വഴി തുറന്നത് സിറിൽ മാർ ബസേലിയോസ് കാതോലിക്കാ ബാവായാണ്. അദ്ദേഹം 1995-ൽ തിരുവനന്തപുരം ആർച്ചുബിഷപ്പായി. 1995 മുതൽ 2005 വരെയുള്ള കാലഘട്ടത്തിൽ മെത്രാപ്പോലീത്തൻ സഭയുടെ അധ്യക്ഷനായിരുന്നുകൊണ്ട് ഈ സഭയെ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭാതലത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികളെടുത്തു. സിറിൽ പിതാവിനെപ്പറ്റി മുൻഅധ്യായത്തിൽ എഴുതിയപ്പോൾ ആ കാലഘട്ടത്തെപ്പറ്റി ചുരുക്കി വിവരിക്കുകയുണ്ടായി.

സിറിൽ പിതാവ് 1996-ൽ മാർത്താണ്ഡം രൂപത സ്ഥാപിച്ച്, തിരുവനന്തപുരം സഹായ മെത്രാനായിരുന്ന *ലോറൻസ് മാർ അപ്രേം* പിതാവിനെ അതിന്റെ അധ്യക്ഷനാക്കി. എന്നാൽ ലോറൻസ് പിതാവ് പെട്ടെന്ന് കാലം ചെയ്തതിനാൽ (1997), രണ്ടാമത്തെ മെത്രാനായി *യൂഹാനോൻ മാർ ക്രിസൊസ്റ്റോം* പിതാവിനെ 1998-ൽ നിയമിച്ചു. അദ്ദേഹം 2010 വരെ അവിടെ നേതൃത്വം നൽകി.



1997-ൽ *തോമസ് മാർ കൂറിലോസിനെ* തിരുവല്ലാ സഹായ മെത്രാനായി വാഴിച്ചു. 2003 ഫെബ്രുവരി 6-ന് തിരുവല്ലാ രൂപത വിഭജിച്ച് മൂവാറ്റുപുഴ രൂപത സ്ഥാപിക്കുകയും മാർ കൂറിലോസിനെ അതിന്റെ അധ്യക്ഷനായി നിയമിക്കുകയും ചെയ്തു. അദ്ദേഹം 2007 വരെ അവിടെ നേതൃത്വം നൽകി.

1998 ജൂണിൽ *ജോഷ്വാ മാർ ഇഗ്നാത്യോസിനെ* തിരുവനന്തപുരം സഹായ മെത്രാനായി നിയമിച്ചു. 2007 വരെ അദ്ദേഹം സഹായ മെത്രാനായിരുന്നു.

2001 ജൂൺ 18-ന് വടക്കേ അമേരിക്കാ, യൂറോപ്പ് എന്നിവിടങ്ങളിലേക്ക് അപ്പസ്തോലിക് വിസിറ്ററായി *ഐസക്ക് മാർ ക്ലീമീസിനെ* നിയമിച്ചു. 2003 വരെ അദ്ദേഹം അവിടെ നേതൃത്വം നൽകി.

2003-ൽ, തിരുവല്ലാ ബിഷപ്പായിരുന്ന *ഗീവർഗീസ് മാർ തിമോതിയോസ്* പിതാവ് രാജിവച്ച ഒഴിവിൽ സെപ്തംബർ 11-ന് *മാർ ക്ലീമീസിനെ* തിരുവല്ലാ ബിഷപ്പായി നിയമിച്ചു.

2005 ജനുവരി 5-ന് *ജോസഫ് മാർ തോമസിനെ* മാർ ക്ലീമീസിന്റെ പിൻഗാമിയായി അമേരിക്കയിൽ നിയമിച്ചു. അദ്ദേഹം 2010 വരെ അവിടെ നേതൃത്വം നൽകി.

ഇത്രയും കാര്യങ്ങളാണ് സഭാഘടന സംബന്ധിച്ച് 1995 മുതൽ 2005 വരെ സിറിൽ പിതാവ് ചെയ്തത്. രൂപതകളുടെ എണ്ണം വർധിച്ചു. മെത്രാന്മാരുടെ എണ്ണം കൂടി. പരിശുദ്ധ സിംഹാസനത്തിന്റെ അറിവോടും സമ്മതത്തോടും കൂടിയാണ് ഇവയൊക്കെ അദ്ദേഹം ചെയ്തത്. മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തുന്നതിനുള്ള ആദ്യപടിയായിരുന്നു ഇവയൊക്കെ. വേറേ ചില സംഗതികൾകൂടി ചെയ്യാൻ അദ്ദേഹം താൽപര്യപ്പെട്ടിരുന്നു. എന്നാൽ അവ നടന്നില്ല.

## മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭ (2005 ഫെബ്രു. 10)

ജോൺ പോൾ രണ്ടാമൻ മാർപാപ്പാ മലങ്കര കത്തോലിക്കാ സഭയെ മെത്രാപ്പോലീത്തൻ സഭ എന്ന നിലയിൽ നിന്ന് 2005 ഫെബ്രുവരി 10-ന് കാനൻനിയമം അനുസരിച്ച് മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തി. മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പായിരുന്ന സിറിൽ മാർ ബസേലിയോസിനെ മേജർ ആർച്ചുബിഷപ്പായും നിയമിച്ചു. അതോടൊപ്പം സിനഡൽ ഘടനയും കൈവന്നു. കാനൻ നിയമത്തിൽ പാത്രിയർക്കീസിനുള്ള എല്ലാ അധികാരാവകാശങ്ങളും കടമകളും മേജർ ആർച്ചുബിഷപ്പിനും ഉണ്ട്. കേരളത്തിലെ സഭാപാരമ്പര്യമനുസരിച്ച്, പാത്രിയർക്കീസിനു തുല്യമായ അധികാരമുള്ള മേജർ ആർച്ചുബിഷപ്പിനെ *കാതോലിക്കോസ്* എന്നു വിളി

ക്കുന്നു. റോമിന്റെ അംഗീകാരത്തോടുകൂടി മലങ്കരസഭയുടെ പ്രത്യേക കാനോനകൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞപ്പോൾ കാതോലിക്കോസ് എന്ന സംജ്ഞ നൈയാമികമായി. മലങ്കരസഭയുടെ വളർച്ചയും മഹനീയസ്ഥാനവും പരിഗണിച്ചാണ് *ആബ് ഇപ്സോ സാങ്തോ തോമാ* എന്ന തിരുവെഴുത്തിലൂടെ മലങ്കരസഭയെ ഉയർത്തിയത്. *കുങതിസ് എക്ക്ളേസിയാലിബുസ് കൊമ്മൂണിത്താത്തിസ്* എന്ന രേഖയിലൂടെ സിറിൽ പിതാവിനെ മേജർ ആർച്ചുബിഷപ്പുമാക്കി. ആ രേഖകൾ രണ്ടും താഴെ കൊടുക്കുന്നു.

## ആബ് ഇപ്സോ സാങ്തോ തോമാ എന്ന തിരുവെഴുത്ത്

*ഇൻഡ്യയിൽ മലങ്കര സുറിയാനി സഭയെ തിരുവനന്തപുരം മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തുന്ന അപ്പസ്തോലിക രേഖ:*

ദൈവദാസന്മാരുടെ ദാസൻ ജോൺ പോൾ മെത്രാൻ, ശാശ്വതസ്മരണയ്ക്കായി.

വിശുദ്ധ തോമാശ്ലീഹായാൽ തന്നെ ഇൻഡ്യയിൽ ക്രിസ്തുമതം സ്ഥാപിക്കപ്പെടുകയും പിൻഗാമികളാൽ ഫലപ്രദമായി നയിക്കപ്പെടുകയും കഴിഞ്ഞ നൂറ്റാണ്ടുകളിൽ അത് വിവിധ പാരമ്പര്യങ്ങളിലൂടെ പുഷ്ടിപ്പെടുകയും ചെയ്തു. 1930-ൽ പരിശുദ്ധ സിംഹാസനവുമായി പുനരൈക്യപ്പെട്ട മലങ്കര സുറിയാനി സമൂഹം വിശ്വാസികളുടെയും ഇടയന്മാരുടെയും എണ്ണത്തിൽ ഏറ്റവും അധികം വളർച്ച പ്രാപിക്കുകയും അതേസമയം പുരാതനമായ അതിന്റെ സഭാത്മകപൈതൃകവും വിശ്വാസവും കാത്തു പരിപാലിക്കുകയും ചെയ്തു. ആകയാൽ പ്രസ്തുത സഭയുടെ പ്രകാശമാനമായ സ്ഥിതി നാം വ്യക്തമായി മനസ്സിലാക്കുകയും വിലമതിക്കുകയും ചെയ്തുകൊണ്ട്, ആ മലങ്കര സുറിയാനി സഭാസമൂഹത്തെ തിരുവനന്തപുരം മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭയായി പൗരസ്ത്യസഭകളുടെ കാനൻ നിയമസംഹിതയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള അവകാശങ്ങളോടും കടമകളോടും കൂടെ ഉയർത്തുവാൻ നാം തീരുമാനിച്ചിരിക്കുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന ശീർഷകത്തിൽ ഈ സഭ അംഗീകരിക്കപ്പെടണമെന്നും അതിന്റെ അതിർത്തികൾ മുൻ തിരുവനന്തപുരം മെത്രാപ്പോലീത്തൻ സഭയുടെ അതിർത്തികൾ തന്നെ ആയിരിക്കുമെന്നും. മേജർ ആർക്കിഎപ്പിസ്ക്കോപ്പായുടെ ആസ്ഥാനം തിരുവനന്തപുരം പട്ടണം തന്നെ ആയിരിക്കണമെന്നും നാം തീരുമാനിക്കുന്നു. ഔദ്യോഗികമായ ഈ രേഖ വഴി ഈ കാര്യങ്ങൾ നാം നിർദേശിക്കുകയും അവ നിത്യം സൂക്ഷിക്കപ്പെടുവാൻ കൽപ്പിക്കുകയും അവയ്ക്കെതിരായി ഒന്നും തന്നെ നിലകൊള്ളുകയില്ലെന്ന് നാം പ്രസ്താവിക്കുകയും ചെയ്യുന്നു. ഈ പ്രഖ്യാപനവും പുതിയ ക്രമീകരണവും ഭാവിയിൽ അനേക വർഷങ്ങളിൽ സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾക്ക് സഹായവും അജഗണം മുഴുവനും കാണത്തക്ക ഫലം പ്രദാനം ചെയ്യുന്നതുമായി തീരുമെന്ന് നാം പ്രത്യാശിക്കുന്നു.



റോമിൽ വിശുദ്ധ പത്രോസിന്റെ സിംഹാസനത്തിൽ നിന്ന്, 2005 ഫെബ്രുവരി 10-ാം തീയതി നമ്മുടെ ഉന്നത അജപാലന വാഴ്ചയുടെ 27-ാം വർഷം നൽകപ്പെട്ടത്.

ആൻജലോ കർദിനാൾ സൊഡാനോ, സ്റ്റേറ്റ് സെക്രട്ടറി.

## കുങതിസ് എക്ക്ളേസിയാലിബുസ് കൊമ്മൂണിത്താത്തിസ് എന്ന തിരുവെഴുത്ത്

*സിറിൽ പിതാവിനെ മേജർ ആർച്ചബിഷപ്പായി നിയമിച്ചു കൊണ്ടുള്ള അപ്പസ്തോലിക രേഖ:*

ദൈവദാസന്മാരുടെ ദാസനായ ജോൺ പോൾ മെത്രാൻ

മലങ്കര സഭയുടെ മേജർ ആർക്കിഎപ്പിസ്ക്കോപ്പാ പദവിയിലേക്ക് ഉയർത്തപ്പെട്ട മലങ്കര സുറിയാനിക്കാരുടെ മെത്രാപ്പോലീത്താ ആയ നമ്മുടെ വന്ദ്യസഹോദരൻ മലഞ്ചരുവിവൽ സിറിൽ ബസേലിയോസിന് ആശംസകളും അപ്പസ്തോലികാശീർവാദവും.

എല്ലാ സഭാസമൂഹങ്ങളിലും രക്ഷാകരഫലങ്ങൾ വർധിക്കാനും പ്രശോഭിക്കാനും ശ്രദ്ധാപൂർവമായ കരുതൽ നൽകാൻ നാം ആഗ്രഹിക്കുന്നു. നമ്മുടെ കത്തിൽ നേരത്തെ സൂചിപ്പിച്ചതുപോലെ മലങ്കര സുറിയാനിസഭ വിശുദ്ധ തോമാശ്ലീഹാ സ്ഥാപിച്ചതത്രേ. തിരുവനന്തപുരം ആസ്ഥാനമാക്കിയ മലങ്കര സുറിയാനി സഭയിലേക്ക് നമ്മുടെ ശ്രദ്ധ നാം ഈയവസരം തിരിക്കുന്നു. ആ സഭയെ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭാപദവിയിലേക്ക് നാം ഉയർത്തിയിരിക്കുന്നു. പ്രസ്തുത സഭയുടെ തലവന് അതേ പദവി ഉടനടി പ്രദാനം ചെയ്യാൻ നാം തീരുമാനിക്കുന്നു. ആകയാൽ വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറിയായ നമ്മുടെ അഭിവന്ദ്യ സഹോദരൻ ആൻജലോ കർദിനാൾ സൊഡാനോയുമായി ആലോചിച്ചശേഷം നമ്മുടെ അപ്പസ്തോലികാധികാരം ഉപയോഗിച്ച് താങ്കളെ മലങ്കര സുറിയാനിസഭയുടെ തിരുവനന്തപുരം മേജർ ആർക്കിഎപ്പിസ്ക്കോപ്പായായി നാം നിയമിക്കുന്നു. താങ്കളുടെ പദവിക്കും സ്ഥാനത്തിനും അനുയോജ്യമായ അവകാശങ്ങളും കടമകളും താങ്കൾക്ക് ഉണ്ടായിരിക്കും. ഇവ സംബന്ധിച്ച് പൗരസ്ത്യസഭകളുടെ വിശുദ്ധ നിയമസംഹിത നിർദേശിക്കുന്ന കാര്യങ്ങൾ അഭംഗുരം പാലിക്കാൻ താങ്കൾ കടപ്പെട്ടിരിക്കുന്നു.

വന്ദ്യ സഹോദരാ, ഈ ഉന്നത പദവിയിലേക്ക് ഉയർത്തപ്പെട്ട താങ്കൾ നമ്മുടെ കർത്താവിന്റെ അനുഗ്രഹങ്ങൾ വിശ്വാസികളുടെ നന്മയ്ക്ക് സമൃദ്ധമായി ഉതകുവാൻ തക്കവണ്ണം തുടർന്നും പ്രവർത്തിക്കണം. അതുവഴി മലങ്കര സുറിയാനി സമൂഹം കൂടുതൽ ഊർജ്ജസ്വലമായി അഭിവൃദ്ധിപ്പെടുവാൻ ഇടയാകും. ഈ കൃത്യനിർവഹണത്തിന് ദൈവത്തിന്റെ സംരക്ഷണവും കൃപാവരവും ഒരിക്കലും കുറവു വരില്ല.

വി. പത്രോസിന്റെ സിംഹാസനമായ റോമിൽ നിന്ന് 2005 ഫെബ്രുവരി 10-ന് നമ്മുടെ പാപ്പാസ്ഥാനത്തിന്റെ 27-ാംവർഷം നൽകപ്പെട്ടത്.

ജോൺ പോൾ രണ്ടാമൻ പാപ്പാ.

## അൽപം വിശദീകരണം

കത്തോലിക്കാ സഭയുമായി 1930-ൽ സമ്പൂർണ കൂട്ടായ്മയിൽ വന്ന ശേഷം ഈ സഭയ്ക്ക് അഭൂതപൂർവമായ വളർച്ചയുണ്ടായി. 1930-ൽ രണ്ടു മെത്രാന്മാരും ഒരു സന്ന്യാസ വൈദികനും ഒരു ഡീക്കനും ഒരു അൽമായനും മാത്രമാണ് കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടത്. എന്നാൽ 2005-ൽ അഞ്ചു രൂപതകളും എട്ട് മെത്രാന്മാരും 476 ഇടവകകളും 476 ഇടവക വൈദികരും 115 സന്ന്യാസവൈദികരും 206 സന്ന്യാസികളും 1662 സന്ന്യാസിനികളും നാല് ലക്ഷത്തിൽ പരം വിശ്വാസികളും ഉണ്ടായി.

ഈ സഭ അന്ത്യോക്യൻ ആരാധനക്രമപാരമ്പര്യങ്ങൾ മാറ്റം കൂടാതെ കാത്തുസൂക്ഷിച്ചു. പാശ്ചാത്യവൽക്കരിക്കപ്പെടാത്ത ഒരു പൗരസ്ത്യ സഭയാണിത്. മറ്റു പല പൗരസ്ത്യസഭകളും ലത്തീനീകരണത്തിന് വിധേയമായെങ്കിലും ഈ സഭ പൗരസ്ത്യ പാരമ്പര്യങ്ങൾ പാലിച്ചുകൊണ്ട് വളർന്നു.

മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തിയപ്പോൾ തന്നെ കാനൻ നിയമമനുസരിച്ചുള്ള എല്ലാ അധികാരങ്ങളും അവകാശങ്ങളും കടമകളും മാർപാപ്പാ നൽകി. അതായത് പേട്രിയാർക്കൽ സഭകൾക്കുള്ള എല്ലാ അധികാരാവകാശങ്ങളും മേജർ ആർച്ചുബിഷപ്പിനു നൽകിയെന്നർഥം.

മേജർ ആർച്ചുബിഷപ്പിന്റെ ആസ്ഥാനം തിരുവനന്തപുരമായിരിക്കും. ഹയരാർക്കിസ്ഥാപനാവസരം (1930) തിരുവനന്തപുരം ആസ്ഥാനമാക്കി. അതു തന്നെയാണ് മേജർ ആർച്ചുബിഷപ്പിന്റെയും ആസ്ഥാനം. ഇപ്പോഴുള്ള മലങ്കര കത്തോലിക്കാ രൂപതകളുടെ അതിർത്തിയിലുള്ള പ്രദേശങ്ങളിൽ മാത്രമേ മേജർ ആർച്ചുബിഷപ്പിനും സിനഡിനും അധികാരമുള്ളു. ഭൂമിശാസ്ത്രപരമായി വിസ്ത്രിതി കൂട്ടിയിട്ടില്ല എന്നർഥം. അതായത് നേരത്തേ



മെത്രാപ്പോലീത്തൻ സഭ എന്ന നിലയിലുള്ള സ്ഥലങ്ങളിൽ മാത്രമേ മേജർ ആർച്ചുബിഷപ്പിനും സിനഡിനും അധികാരമുള്ളു.

സിറിൽ മാർ ബസേലിയോസ് 2005 മെയ് 14-ന് ഔദ്യോഗികമായി മേജർ അതിരൂപതയുടെ ചുമതല ഏറ്റെടുത്തു. മെത്രാന്മാരുടെ സിനഡിന്റെ തീരുമാനപ്രകാരം *കാതോലിക്കോസ്* എന്ന് ഉപയോഗിച്ചു തുടങ്ങുകയും ചെയ്തു.

## മേജർ ആർച്ചുബിഷപ്പ്

കത്തോലിക്കാസഭ സഭകളുടെ കൂട്ടായ്മയാണ്. ഈ കൂട്ടായ്മയിലെ ഒരു വിഭാഗം സഭകളെ കുറിക്കാൻ ഇപ്പോൾ ഉപയോഗിക്കുന്ന പദമാണ് മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭകൾ. പ്രസ്തുത സഭകളുടെ പ്രധാന മേലധ്യക്ഷന്റെ കാനോനികനാമം മേജർ ആർച്ചുബിഷപ്പ് എന്നാണ്. സഭയുടെ ആദ്യകാലങ്ങളിൽ പാത്രിയർക്കീസ് എന്ന പദത്തിന് മുന്നോടിയോ തുല്യമോ ആയ ഒരു സ്ഥാനസംജ്ഞ ആയിരുന്നു ആർച്ചുബിഷപ്പ് എന്നത്. പാത്രിയാർക്കൽ സഭകൾക്ക് തുല്യമായ സ്ഥാനമുള്ള സ്വയാധികാര സഭകളെയും സഭാധ്യക്ഷന്മാരെയും സൂചിപ്പിക്കാനാണ് ഇപ്പോൾ പുതിയ പൗരസ്ത്യകാനൻ നിയമസംഹിതയിൽ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭയെന്നും മേജർ ആർച്ചുബിഷപ്പ് എന്നും ഉപയോഗിക്കുന്നത്.

കത്തോലിക്കാ കൂട്ടായ്മയിൽ ഇപ്പോൾ നാല് മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭകളാണുള്ളത്. അവ:

1) യുക്രേനിയൻ കത്തോലിക്കാസഭ (1963-ൽ ഉയർത്തപ്പെട്ടു).
2) സിറോ-മലബാർസഭ (1992-ൽ ഉയർത്തപ്പെട്ടു).
3) മലങ്കര കത്തോലിക്കാ സഭ (2005 ഫെബ്രുവരി 10-ന് ഉയർത്തപ്പെട്ടു).
4) റുമേനിയൻ കത്തോലിക്കാസഭ (2005 ഡിസം. 16-ന് ഉയർത്തപ്പെട്ടു).

### *കാനോനകൾ*

മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭകൾ എന്ന തലക്കെട്ടിൽ നാലു കാനോനകളെയുള്ളു (കാനൻ 151-154). എന്നാൽ കാനൻ 152 വ്യക്തമാക്കിയിരിക്കുന്നതുപോലെ, പാത്രിയാർക്കൽ സഭകളെപ്പറ്റിയും പാത്രിയർക്കീസുമാരെപ്പറ്റിയും പറഞ്ഞിരിക്കുന്ന കാനോനകൾ (55-150) മേജർ ആർക്കി എപ്പിസ്കോപ്പൽ സഭകൾക്കും മേജർ ആർച്ചുബിഷപ്പുമാർക്കും ബാധകമാണ്.

പാത്രിയാർക്കൽ സഭയിൽ പാത്രിയർക്കീസിനുള്ള എല്ലാ അധികാരങ്ങളും മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയിൽ മേജർ ആർച്ചുബിഷപ്പിനുണ്ട്. പാത്രിയർക്കീസ് എന്ന സ്ഥാനസംജ്ഞ ഇല്ലെന്നു മാത്രം.

കാനൻ 151: ''സഭയുടെ പരമാധികാരത്താൽ നിശ്ചയിക്കപ്പെട്ടതോ അംഗീകരിക്കപ്പെട്ടതോ ആയ മെത്രാപ്പോലീത്തൻ സിംഹാസനത്തിലെ മെത്രാപ്പോലീത്തായാണ് മേജർ ആർച്ചുബിഷപ്പ്. പാത്രിയർക്കീസ് എന്ന സ്ഥാനപ്പേരില്ലാത്ത അദ്ദേഹം ഒരു പൗരസ്ത്യ സ്വയാധികാരസഭ മുഴുവന്റെയും അധ്യക്ഷസ്ഥാനം വഹിക്കുന്നു.''

വിവരണം: അധികാരത്തിലും ഭരണസംവിധാനങ്ങളിലും മേജർ ആർച്ചുബിഷപ്പ് പാത്രിയർക്കീസിന് സമനാണ്. എന്നാൽ പേരിൽ മാത്രമേ വ്യത്യാസമുള്ളു. പാത്രിയർക്കീസ് എന്ന സംജ്ഞ *ഇപ്പോൾ* കത്തോലിക്കാ സഭയിൽ പുരാതന പാത്രിയാർക്കേറ്റുകളിലെ അധ്യക്ഷന്മാർക്കായി നീക്കി വച്ചിരിക്കുക്കയാണ്.

കാനൻ 152: ''കാര്യത്തിന്റെ സ്വഭാവത്തിൽനിന്ന് വ്യക്തമായിരിക്കുകയോ പൊതുനിയമത്തിൽ വ്യക്തമായി മറിച്ച് നിശ്ചയിക്കുകയോ ചെയ്യാതിരുന്നാൽ, പൊതുനിയമത്തിൽ പാത്രിയാർക്കൽ സഭകളെയോ, പാത്രിയർക്കീസുമാരെയോ സംബന്ധിച്ചു പറഞ്ഞിട്ടുള്ള കാര്യങ്ങൾ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭകളെയും മേജർ ആർച്ചുബിഷപ്പുമാരെയും സംബന്ധിച്ചും ബാധകമാണ്.''

*വിവരണം: പൊതുനിയമത്തിൽ മറിച്ചു പറയുന്നില്ലെങ്കിൽ, പാത്രിയർക്കീസിനുള്ള എല്ലാ അവകാശങ്ങളും അധികാരങ്ങളും കടമകളും മേജർ ആർച്ചുബിഷപ്പിനും ഉണ്ട്.*

കാനൻ 153: (1) ''63 മുതൽ 74 വരെയുള്ള കാനോനകളിലെ നിബന്ധനകളനുസരിച്ചാണ് മേജർ ആർച്ചുബിഷപ്പിനെ തെരഞ്ഞെടുക്കേണ്ടത്.''

(2) ''തെരഞ്ഞെടുക്കപ്പെട്ട വ്യക്തി തെരഞ്ഞെടുപ്പ് സ്വീകരിച്ചു കഴിഞ്ഞാൽ മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയിലെ മെത്രാന്മാരുടെ സിനഡ്, കാനോനികമായി നടന്ന തെരഞ്ഞെടുപ്പിനെപ്പറ്റി റോമാ മാർപാപ്പായെ സിനഡൽ എഴുത്തുവഴി അറിയിക്കുകയും തെരഞ്ഞെടുക്കപ്പെട്ട ആൾ സ്വന്തം കൈയൊപ്പോടു കൂടിയ എഴുത്തുവഴി മാർപാപ്പായിൽനിന്ന് തെരഞ്ഞെടുപ്പിന്റെ സ്ഥിരീകരണം ആവശ്യപ്പെടുകയും ചെയ്യണം.''

(3) ''സ്ഥിരീകരണം ലഭിച്ചു കഴിഞ്ഞാൽ, തെരഞ്ഞെടുക്കപ്പെട്ട ആൾ മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയിലെ മെത്രാന്മാരുടെ സിനഡിന്റെ മുമ്പാകെ വിശ്വാസപ്രഖ്യാപനവും തന്റെ ഉദ്യോഗം വിശ്വസ്തതയോടെ നിറവേറ്റിക്കൊള്ളാമെന്നുള്ള വാഗ്ദാനവും നടത്തണം. അതിനുശേഷം അദ്ദേഹത്തിന്റെ സ്ഥാനപ്രഖ്യാപനവും സ്ഥാനാരോഹണവും നടക്കുന്നു. എന്നാൽ തെരഞ്ഞെടുക്കപ്പെട്ടയാൾ മെത്രാഭിഷേകം സ്വീകരിച്ചിട്ടില്ലെങ്കിൽ, മെത്രാഭിഷേകം സ്വീകരിക്കുന്നതിനുമുമ്പ് സാധുവായി സ്ഥാനാരോഹണം നടത്താൻ പാടില്ല.''



(4) ''എന്നാൽ സ്ഥിരീകരണം നിഷേധിക്കപ്പെട്ടാൽ, റോമാ മാർപാപ്പാ നിശ്ചയിക്കുന്ന സമയത്തിനുള്ളിൽ പുതിയ തെരഞ്ഞെടുപ്പ് നടത്തണം.''

വിശദീകരണം: പാത്രിയർക്കീസിന്റെ തെരഞ്ഞെടുപ്പു പോലെതന്നെയാണ് മേജർ ആർച്ചുബിഷപ്പിന്റെയും തെരഞ്ഞെടുപ്പ്. ആകെയുള്ള വ്യത്യാസം: പാത്രിയർക്കീസ് മാർപാപ്പായ്ക്ക് കൂട്ടായ്മക്കത്തയച്ചാൽ മതി. മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പ് മാർപാപ്പാ സ്ഥിരീകരിക്കണം.

കാനൻ 154: ''തങ്ങൾ അധ്യക്ഷസ്ഥാനം വഹിക്കുന്ന സഭ, മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയായി സ്ഥാപിക്കപ്പെട്ട ക്രമമനുസരിച്ച്, മേജർ ആർച്ചുബിഷപ്പുമാർക്ക് പാത്രിയർക്കീസിനു തൊട്ടടുത്ത ബഹുമതി മുൻഗണന ലഭിക്കുന്നു.''

വിശദീകരണം: പാത്രിയർക്കീസുമാർ കഴിഞ്ഞാൽ മുൻഗണന മേജർ ആർച്ചുബിഷപ്പുമാർക്കായിരിക്കും. കാനൻ അനുസരിച്ച് പാത്രിയർക്കീസുമാർ കഴിഞ്ഞാൽ മേജർ ആർച്ചുബിഷപ്പുമാരുടെ കൂട്ടത്തിൽ ആദ്യം വരുന്നത് യുക്രേനിയൻ മേജർ ആർച്ചുബിഷപ്പാണ്. പിന്നെ സിറോ-മലബാർ മേജർ ആർച്ചുബിഷപ്പ്. അതിനുശേഷം മലങ്കര കത്തോലിക്കാ മേജർ ആർച്ചുബിഷപ്പ് . നാലാമതായി റുമേനിയൻ മേജർ ആർച്ചുബിഷപ്പ് .

പൗരസ്ത്യസഭകളെപ്പറ്റിയുള്ള രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഡിക്രിക്ക് (നമ്പർ 10) അനുസൃതമാണ് ഈ കാനോനകൾ:

*''പാത്രിയർക്കീസുമാരെപ്പറ്റി പറഞ്ഞവ നിയമാനുസൃതം ഒരു പ്രത്യേകസഭ മുഴുവന്റെയോ റീത്തിന്റെയോ തലവന്മാരായ മെത്രാപ്പോലീത്താമാരെയും സംബന്ധിക്കുന്നതാണ്.''*

## മേജർ ആർച്ചുബിഷപ്പ്- കാതോലിക്കോസ്

പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ മാർപാപ്പാ മലങ്കര കത്തോലിക്കാസഭയെ 2005 ഫെബ്രുവരി 10-ന് മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയായി ഉയർത്തി. ഈ സഭയ്ക്ക് തലവനും പിതാവുമായി മോറാൻ മോർ സിറിൽ ബസേലിയോസ് ബാവായെ മേജർ ആർച്ചുബിഷപ്പായി നിയമിക്കുകയും ചെയ്തു. മുകളിൽ പറഞ്ഞവയൊഴിച്ചാൽ, കാനോനികമായും നൈയാമികമായും ഈ സഭയ്ക്കും ഈ സഭയുടെ മേജർ ആർച്ചുബിഷപ്പിനും പാത്രിയാർക്കൽ സഭകളുടെയും പാത്രിയർക്കീസുമാരുടെയും എല്ലാ അധികാര

ങ്ങളും അവകാശങ്ങളുമുണ്ട്. എന്നാൽ പാത്രിയർക്കീസ് എന്ന സ്ഥാനസംജ്ഞയില്ലെന്നു മാത്രം.

അക്കാരണത്താലാണ്, "മേജർ ആർച്ചുബിഷപ്പ് - കാതോലിക്കാ ആയ മോറാൻ മോർ സിറിൽ ബസേലിയോസ് തിരുമേനിയെ ഞാൻ വ്യക്തിപരമായി അനുമോദിക്കുന്നു" എന്ന് സ്ഥാനാരോഹണ ദിവസത്തെ അനുമോദനപ്രസംഗത്തിൽ അഭിവന്ദ്യ അപ്പസ്തോലിക് നുൺഷ്യോ പെദ്രോ ലോപ്പസ് ക്വിന്റാനാ തിരുമേനി പറഞ്ഞത്.

റോമാസിംഹാസനം മേജർ ആർച്ചുബിഷപ്പ് എന്ന നിലയിലേക്ക്, പാത്രിയർക്കീസിന് തുല്യമായ നിലയിലേക്ക്, മലങ്കര മെത്രാപ്പോലീത്തായെ ഉയർത്തിയപ്പോൾ അതിനു തുല്യമായി റോമൻസാമ്രാജ്യത്തിനു പുറത്തുള്ള സഭകൾക്ക് സുപരിചിതമായ *കാതോലിക്കോസ്* എന്ന സ്ഥാനസംജ്ഞ നുൺഷ്യോ ഉപയോഗിച്ചു. മേജർ ആർച്ചുബിഷപ്പ് എന്ന കാനോനിക സ്ഥാനസംജ്ഞയിൽ അന്തർലീനമായിരിക്കുന്ന അർഥം അറിഞ്ഞുകൊണ്ടു തന്നെയാണ് അദ്ദേഹം ഇങ്ങനെ ചെയ്തത്. ഇത് ചില സഭകളിലെ മഫ്രിയാൻ - കാതോലിക്കോസ് പോലെയല്ല. അധികാരമുള്ളയാൾ അംഗീകരിച്ചതാണ്. റോമിൽ പത്രോസിന്റെ പിൻഗാമിയും 110 കോടി കത്തോലിക്കരുടെ പരമാധ്യക്ഷനുമായ റോമിലെ മാർപാപ്പാ മലങ്കര കത്തോലിക്കാ സഭയ്ക്ക് നൽകിയ പദവിയാണ്. പാത്രിയർക്കീസിനു തുല്യമായ മേജർ ആർച്ചുബിഷപ്പുസ്ഥാനം നൽകിക്കഴിഞ്ഞപ്പോൾ, പിന്നെ അതിന്റെ കൂടെ മറ്റൊന്നും ഔദ്യോഗികമായി എഴുതിത്തരേണ്ട കാര്യമില്ലായിരുന്നു.

കാതോലിക്കോസ് എന്ന പദം *ഇപ്പോൾ* കത്തോലിക്കാ സഭയിൽ പൊതു കാനോനിക സമാഹാരത്തിൽ പരാമർശിച്ചിട്ടില്ല എന്നതു ശരിതന്നെ. എന്നാൽ നേരത്തെയുണ്ടായിരുന്ന പൊതുകാനോനിക സമാഹാരത്തിൽ ഉണ്ടായിരുന്നു. കത്തോലിക്കാ കൂട്ടായ്മയിലെ പ്രാദേശികസഭകളുടെ കാനോനകളിൽ അതിന് ഇപ്പോഴും പ്രാബല്യമുണ്ട്. കത്തോലിക്കാസഭയുടെ കാനൻ നിയമം എന്നു പറയുന്നത് പൊതുനിയമങ്ങൾ ഉൾക്കൊള്ളുന്ന സംഹിത, ഓരോ സഭയുടെയും പ്രത്യേക നിയമങ്ങൾ ഉൾക്കൊള്ളുന്ന സംഹിത എന്നിവ ചേർന്നതാണ്. മലങ്കര കത്തോലിക്കാ സഭയുടെ പ്രത്യേക കാനോൻ സംഹിതയിൽ ഔദ്യോഗികമായി ഈ സംജ്ഞ അംഗീകരിച്ചിരിക്കുന്നു. പൊതുസംഹിതയിൽ ഇല്ലാത്തവ കത്തോലിക്കാസഭയുടെ കാനൻ നിയമത്തിൽ ഇല്ല എന്നു പറയുന്നത് ശരിയല്ല.

മലങ്കര കത്തോലിക്കാസഭ രണ്ടാംവത്തിക്കാൻ സൂനഹദോസിനു ശേഷമുള്ള സഭാശാസ്ത്രമനുസരിച്ച്, കൂട്ടായ്മയിലുള്ള ഒരു വ്യക്തിഗതസഭയാണ്. പൊതു കാനോനിക സംവിധാനത്തിനകത്തു നിന്നുകൊണ്ട് ഈ സഭയുടെ അധ്യക്ഷന് എന്ത് പേരുവിളിക്കണം എന്നു തീരുമാനിക്കുന്നത്



ഇവിടുത്തെ സഭയാണ്. സഭയുടെ പൊതുപൈതൃകം അടിസ്ഥാനമാക്കിയാണ് ഓരോ സഭയും അത് പ്രാവർത്തികമാക്കുന്നത്.

മലങ്കര കത്തോലിക്കാസഭ പാത്രിയർക്കീസിനു തുല്യനായ സഭാധ്യക്ഷനെ കാതോലിക്കോസ് എന്ന് വിളിക്കുന്നു. പുരാതന സഭകളുടെ പൊതു പൈതൃകത്തിൽ പെടുന്നതാണിത്. കേരളത്തിലും ഈ പദം 1912 വരെ ആരും ഉപയോഗിച്ചിട്ടില്ല. ഈ പദം 1912-ൽ ഉപയോഗിക്കാൻ മലങ്കരക്കാർക്ക് അവസരം ഉണ്ടാക്കിക്കൊടുത്തത് അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവാണ്. രണ്ടാമത്, ഇത് പേർഷ്യയിലെ കൽദായ സഭയുടെ കാതോലിക്കോസിന്റെയോ, യാക്കോബായക്കാരുടെ തിഗ്രീസിലെ മഫ്രിയാന്റെയോ, മലങ്കരയിലെ യാക്കോബായാ - ഓർത്തഡോക്സുകാരുടെ മഫ്രിയാൻ - കാതോലിക്കോസിന്റെയോ തുടർച്ചയല്ല. ഇത് മേജർ ആർച്ചുബിഷപ്പ് - കാതോലിക്കോസാണ്. കാനോനികമായി സഭയുടെ തലവനും (റീശോ) പിതാവും (ബാവാ) ആണ് അദ്ദേഹം. അതുകൊണ്ട്, മേജർ ആർച്ചുബിഷപ്പ് എന്ന സ്ഥാനവും പദവിയും മലങ്കര കത്തോലിക്കാസഭയുടെ പരമാധ്യക്ഷന് സാർവത്രികസഭയുടെ പരമാധ്യക്ഷൻ നൽകിയപ്പോൾ അതിൽ അന്തർഭവിച്ചിരിക്കുന്ന യാഥാർഥ്യം ഉൾക്കൊണ്ടുകൊണ്ട്, പ്രാദേശികസഭയുടെ ആവശ്യവും അർഹതയും അടിസ്ഥാനമാക്കി കാതോലിക്കാസ്ഥാനവും പദവിയും മനസ്സിലാക്കുന്നതിൽ യാതൊരു തെറ്റുമില്ല. അങ്ങനെയാണ് മലങ്കര കത്തോലിക്കാസഭ അത് സ്വീകരിച്ചിരിക്കുന്നത്. മറ്റുള്ളവരും അങ്ങനെയാണ് അത് മനസ്സിലാക്കുന്നത്.

## തുടർന്നുള്ള വളർച്ച

ആദ്യത്തെ കാനോനിക സിനഡ് 2005 ആഗസ്റ്റ് 16-18 തീയതികളിൽ നടന്നു. സ്ഥിരസിനഡ്, ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായുടെ വിവിധ വകുപ്പുകളുടെ സ്റ്റാറ്റ്യൂട്ട്സ് തയാറാക്കുന്ന കമ്മിറ്റി, സിനഡിനെ സഹായിക്കാൻ 18 സിനഡൽ കമ്മീഷനുകൾ, പ്രത്യേകനിയമം ഉണ്ടാക്കാനുള്ള വിദഗ്ദ്ധ സമിതി എന്നിവ രൂപീകരിച്ചു. സഭയുടെ തലവനും പിതാവുമായ മേജർ ആർച്ചുബിഷപ്പ്, കാതോലിക്കോസ് എന്ന് വിളിക്കപ്പെടണമെന്ന, മെത്രാന്മാരുടെ മുൻതീരുമാനം ആവർത്തിച്ചുറപ്പിച്ചു.

സിനഡിന്റെ സമ്മതത്തോടും റോമിന്റെ അറിവോടും കൂടെ *തിരുവല്ലാ സഭാപ്രോവിൻസ്* 2006 മെയ് 14-ന് കാനൻ 85,1 അനുസരിച്ച് രൂപീകരിച്ചു. തിരുവല്ലാ രൂപതയെ *മെത്രാപ്പോലീത്തൻ അതിരൂപതയാക്കി* ഉയർത്തി. ബത്തേരിയും മൂവാറ്റുപുഴയും സാമന്തരൂപതകളാക്കി. തിരുവല്ലാ രൂപതാധ്യക്ഷനായിരുന്ന ഐസക് മാർ ക്ലീമീസിനെ തിരുവല്ലാ അതിരൂപതയുടെ

മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പായി സിറിൽ മാർ ബസേലിയോസ് കാതോലിക്കോസ് മേജർ ആർച്ചുബിഷപ്പ് നിയമിച്ചു. 2006 ജൂൺ 10-ന് അദ്ദേഹം ചുമതല ഏറ്റെടുത്തു.

നാലാമത്തെ സിനഡ് 2006 ഒക്ടോബർ 31 മുതൽ നവംബർ 3 വരെ കൂടി സഭാകോടതി രൂപീകരണം ചർച്ച ചെയ്തു. കാനൻ 1062 അനുസരിച്ച് സിനഡൽ ട്രിബ്യൂണൽ രൂപീകരിച്ചു. തോമസ് മാർ കൂറിലോസിനെ ജനറൽ മോഡറേറ്ററായും മറ്റ് മൂന്നു മെത്രാന്മാരെ ജഡ്ജിമാരായും തെരഞ്ഞെടുത്തു. മലങ്കര സഭയുടെ ഓർഡിനറി ട്രിബ്യൂണൽ സ്ഥാപിക്കാൻ തീരുമാനിച്ചു. അതിനു വേണ്ട ആളുകളെയും നിശ്ചയിച്ചു.

തിരുവനന്തപുരം അതിരൂപത വിഭജിച്ച് മാവേലിക്കര രൂപത രൂപീകരിക്കാനും തീരുമാനമായി. കാനൻ 85 അനുസരിച്ച് റോമിനോട് ആലോചിച്ചിട്ട് 2007 ജനുവരി 1-ന് മാവേലിക്കര രൂപതാപ്രഖ്യാപനമുണ്ടായി. ഇത്രയും കാര്യങ്ങളാണ് മേജർ ആർച്ചുബിഷപ്പായ ശേഷം സിറിൽ മാർ ബസേലിയോസ് കാതോലിക്കോസ് പ്രധാനമായി ചെയ്തത്. 2007 ജനുവരി 18-ന് അദ്ദേഹം പെട്ടെന്ന് കാലം ചെയ്തു. ജനുവരി 20-ന് പട്ടത്തള്ള കത്തീഡ്രലിൽ സംസ്ക്കരിക്കപ്പെട്ടു.

## മാർ ബസേലിയോസ് കർദിനാൾ ക്ലീമീസ് കാതോലിക്കോസിന്റെ കാലഘട്ടം (2007- )

സിറിൽ മാർ ബസേലിയോസ് കാതോലിക്കോസിന്റെ നിര്യാണശേഷം 2007 ഫെബ്രുവരി 8-നു സിനഡു കൂടി മാർ ക്ലീമീസിനെ മേജർ ആർച്ചുബിഷപ്പായി തെരഞ്ഞെടുത്തു. കാനൻ 153 അനുസരിച്ച് റോമിനെ വിവരം അറിയിച്ചു. തെരഞ്ഞെടുക്കപ്പെട്ട വ്യക്തി തന്റെ തെരഞ്ഞെടുപ്പ് അംഗീകരിക്കാൻ നേരിട്ട് മാർപാപ്പായോട് അപേക്ഷിച്ചു. ഫെബ്രുവരി 10-ന് ബനഡിക്ട് മാർപാപ്പാ, മാർ ക്ലീമീസിനെ മേജർ ആർച്ചുബിഷപ്പായി അംഗീകരിച്ചു. അന്നുതന്നെ സിനഡിന്റെ മുമ്പാകെ അദ്ദേഹം വിശ്വാസപ്രഖ്യാപനം നടത്തി. തന്റെ ചുമതല വിശ്വസ്തതാപൂർവം നിർവഹിക്കുമെന്നും പ്രഖ്യാപിച്ചു. തുടർന്ന് ഔദ്യോഗികപ്രഖ്യാപനം ഉണ്ടായി. 2007 മാർച്ച് 5-ന് മാർ ബസേലിയോസ് ക്ലീമീസ് മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസായി സ്ഥാനമേറ്റു. മാർപാപ്പായോടുള്ള ഹയരാർക്കിക്കൽ കൂട്ടായ്മയുടെ അടയാളമായി ബനഡിക്ട് മാർപാപ്പായെ 2007 മെയ് 28-ന് മാർ ക്ലീമീസ് സന്ദർശിച്ചു.

2007 മാർച്ച് 10-ന് മലങ്കര രൂപതകൾക്ക് പുറത്ത് ഇൻഡ്യയിലുള്ള മലങ്കര കത്തോലിക്കരുടെ അപ്പസ്തോലിക് വിസിറ്ററായി ഫാ. ചാക്കോ ഏറത്ത് ഓ.ഐ.സി.യെ ജേക്കബ് മാർ ബർണബാസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. അദ്ദേഹം മാർച്ച് 22-ന് ഡൽഹിയിൽ വച്ച് സ്ഥാനമേറ്റു. ഡൽഹി ആസ്ഥാനമാക്കി.



2007 മെയ് 2-ന് തോമസ് മാർ കൂറിലോസിനെ മൂവാറ്റുപുഴ രൂപതാധ്യക്ഷസ്ഥാനത്തു നിന്ന് തിരുവല്ലാ അതിരൂപതയുടെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് സ്ഥാനത്തേക്ക് മാറ്റി നിയമിച്ചു. നവംബർ 15-ന് ഓർഡിനറി ട്രിബ്യൂണൽ രൂപീകരിച്ചു.

2008-ൽ ഏബ്രഹാം കാക്കനാട്ട് അച്ചനെ മാർ യൂലിയോസ് എന്ന പേരിൽ മൂവാറ്റുപുഴ രൂപതാധ്യക്ഷനായി നിയമിച്ചു.

2010 ജനുവരി 25-ന് പത്തനംതിട്ട, പുറ്റൂർ രൂപതകൾ രൂപീകരിക്കാൻ തീരുമാനിച്ചു. തിരുവനന്തപുരം അതിരൂപതയിലെ പത്തനംതിട്ട സിവിൾ ഡിസ്ട്രിക്ടിൽ പെട്ട നൂറു പള്ളികൾ ചേർത്താണ് പത്തനംതിട്ട രൂപത രൂപീകരിച്ചത്. ബത്തേരി രൂപതയുടെ കർണാടക പ്രദേശങ്ങൾ ഉൾക്കൊള്ളിച്ചാണ് പുറ്റൂർ രൂപത ഉണ്ടാക്കിയത്. തുടർന്ന് മൂന്നു മെത്രാന്മാരുടെ സ്ഥലം മാറ്റം നടന്നു. ബത്തേരി രൂപതയിൽ നിന്ന് മാർ ദിവന്നാസ്യോസിനെ പുറ്റൂരേക്കും, ജോസഫ് മാർ തോമസിനെ യു.എസ്.എ.യിൽ നിന്ന് ബത്തേരിയിലേക്കും, യൂഹാനോൻ മാർ ക്രിസൊസ്റ്റോമിനെ മാർത്താണ്ഡത്തു നിന്ന് പത്തനംതിട്ടയിലേക്കും സ്ഥലംമാറ്റി.

2010 മെയ് 14-ന് ബനഡിക്ട് മാർപാപ്പാ യു.എസ്.ഏ.യിലെ മലങ്കര കത്തോലിക്കർക്കു വേണ്ടി ഒരു എക്സാർക്കേറ്റ് സ്ഥാപിച്ചു. ഫാ. തോമസ് നായിക്കംപറമ്പിലിനെ അതിന്റെ എക്സാർക്കായും കാനഡാ, യൂറോപ്പ് എന്നിവിടങ്ങളിലെ മലങ്കര കത്തോലിക്കരുടെ അപ്പസ്തോലിക് വിസിറ്ററായും നിയമിച്ചു. 2010 സെപ്റ്റംബർ 21-ന് പട്ടത്തു വച്ച് മാർ എവുസേബിയസ് എന്ന പേരിൽ അദ്ദേഹം മെത്രാനായി. ഒക്ടോബർ 3-ന് യു.എസ്.ഏ.യിൽ സ്ഥാനാരോഹണം നടന്നു.

2010-ൽ നാല് പുതിയ മെത്രാന്മാരെ വാഴിച്ചു. മാർത്താണ്ഡം ബിഷപ്പായി വിൻസെന്റ് മാർ പൗലോസ്, കൂരിയാ ബിഷപ്പായി തോമസ് മാർ അന്തോണിയോസ്, തിരുവനന്തപുരം സഹായമെത്രാനായി സാമുവേൽ മാർ ഐറേനിയസ്, തിരുവല്ലാ സഹായമെത്രാനായി ഫിലിപ്പോസ് മാർ സ്തേഫാനോസ് എന്നിവർ നാലഞ്ചിറയിൽ വച്ച് അഭിഷിക്തരായി.

മലങ്കര കത്തോലിക്കാ സഭയിൽ ഇപ്പോൾ 13 മെത്രാന്മാരും 11 സഭാഘടനാസംവിധാനവുമുണ്ട്. 652 രൂപതാവൈദികരും 138 സന്ന്യാസവൈദികരും 236 മറ്റ് സന്ന്യസ്തരും 1835 സന്ന്യാസിനികളും 983 ഇടവകകളും മിഷനുകളും ഏതാണ്ട് അഞ്ചു ലക്ഷം വിശ്വാസികളും എട്ട് രൂപതകളും രണ്ട് സഭാപ്രോവിൻസുകളുമുണ്ട്. തിരുവനന്തപുരം പ്രോവിൻസിന്റെ കീഴിൽ

മാർത്താണ്ഡം, മാവേലിക്കര, പത്തനംതിട്ട എന്നീ സാമന്തരൂപതകളും തിരുവല്ലാ പ്രോവിൻസിന്റെ കീഴിൽ ബത്തേരി, മൂവാറ്റുപുഴ, പുറ്റൂർ എന്നീ സാമന്തരൂപതകളുമുണ്ട്. ഇൻഡ്യയിൽ ഒരു അപ്പസ്തോലിക് വിസിറ്ററും അമേരിക്കയിൽ ഒരു എക്സാർക്കുമുണ്ട്. റിട്ടയർ ചെയ്ത ഒരു ബിഷപ്പും ഒരു കൂരിയാ ബിഷപ്പും രണ്ട് സഹായമെത്രാന്മാരും ഉൾപ്പെടെയാണ് 13 മെത്രാന്മാർ.

## മലങ്കരസഭയ്ക്ക് ഒരു കർദിനാൾ (2012)

മാർപാപ്പായുടെ അസ്സീസ്സിയിലെ സർവമത പ്രാർഥനയിലും ലബനോനിലെ പരിപാടിയിലും ബസേലിയോസ് ക്ലീമീസ് ബാവാ സംബന്ധിച്ചു. അന്ത്യോക്യൻ കത്തോലിക്കാ സഭയിലെ പാത്രിയർക്കീസന്മാർ മൂന്നുപേരും മലങ്കര സഭയിൽ സന്ദർശനം നടത്തി. പത്തനംതിട്ട കത്തീഡ്രൽ കൂദാശയിലും പുനരൈക്യവാർഷികത്തിലും (2012) മാറോനീത്താ പാത്രിയർക്കീസ് ഇഗ്നാത്യോസ് അൽ ബുത്രോസ് റായി സംബന്ധിച്ചു.

2012–ലെ മെത്രാന്മാരുടെ റോമിലെ അസാധാരണ സിനഡിനിടയിൽ വച്ച് ബനഡിക്ട് മാർപാപ്പാ മാർ ബസേലിയോസ് ക്ലീമീസിനെ കർദിനാളായി നാമനിർദേശം ചെയ്തു. നവംബർ മാസത്തിൽ കർദിനാളിന്റെ സ്ഥാനചിഹ്നങ്ങളും അധികാരപത്രവും നൽകി. സിനഡിന്റെ അവസരമായിരുന്നതിനാൽ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ള മെത്രാന്മാരുടെ പ്രതിനിധികൾക്ക് മലങ്കര സഭയെയും സഭാതലവനെയും അടുത്തറിയാൻ അവസരം ലഭിച്ചു. കർദിനാൾ സ്ഥാനലബ്ധിയോടുകൂടി സാർവത്രിക സഭാഭരണത്തിലും മലങ്കരസഭയ്ക്ക് പ്രാതിനിധ്യം ലഭിച്ചു.

## ഫ്രാൻസിസ് മാർപാപ്പായുടെ തെരഞ്ഞെടുപ്പ് (2013)

2013–ൽ ബനഡിക്ട് മാർപാപ്പാ റിട്ടയർ ചെയ്തതിന്റെ തുടർച്ചയായി പുതിയ പാപ്പായുടെ തെരഞ്ഞെടുപ്പിൽ മാർ ക്ലീമീസ് ബാവാ പങ്കെടുത്തു. അങ്ങനെ മലങ്കരസഭയുടെ ചരിത്രത്തിൽ ആദ്യമായി ഫ്രാൻസിസ് മാർപാപ്പായുടെ തെരഞ്ഞെടുപ്പിൽ മലങ്കരസഭാധ്യക്ഷൻ പങ്കെടുത്തു. ഇത് മലങ്കരസഭയ്ക്കും മാർ ക്ലീമീസ് തിരുമേനിക്കും ലഭിച്ച മഹാഭാഗ്യമാണ്. എക്യൂമെനിക്കൽ കൗൺസിലിൽ സംബന്ധിക്കാൻ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിനും സക്കറിയാസ് മാർ അത്തനാസ്യോസ് പിതാവിനും ലഭിച്ചതു പോലെയുള്ള അസുലഭാവസരമാണ് മാർ ക്ലീമീസ് ബാവായ്ക്ക് ലഭിച്ചത്. മലങ്കരസഭ ഒന്നടങ്കം ഇതിൽ അഭിമാനം കൊള്ളുന്നു.

# Bibliography


AAT=Archives of the Archdiocese of Trivandrum

Anniyil Ninan Tharakan (ed.), *മദർ സൽഗാ, പുനരൈക്യത്തിന്റെ ആദ്യ കാലങ്ങൾ,* തിരുവനന്തപുരം, 1990.

*APF* = Archivium S. Congregatione de Propaganda Fide, Roma.

*APF*, Acta (a.1888) N.14: Pulikkottil Mar Dionysius' Application and the Reply from Rome.

*ബത്തേരി രൂപതാ രജതജൂബിലി സ്മരണിക 1978-2003*, ബത്തേരി, 2003.

Bernard, T., *A Brief Sketch of the History of the St. Thomas Christians*, Trichinopoly, 1924.

Bernard, T., *മാർതോമാ ക്രിസ്ത്യാനികൾ*, I. പാലാ 1906, II. മാന്നാനം, 1921 .

*ബഥനി സന്ന്യാസസമൂഹം പ്ലാറ്റിനം ജൂബിലി (1919-1994) സുവനീർ*, കോട്ടയം 1994.

C. A. Abraham, *A Matter of Rite*, Trivandrum, s.d.

CBCI, *All India Seminar-Church In India Today*, Bangalore, 1969.

Chediath, G., "An Outstanding Figure of the 20th Century in India-On the Fiftieth Anniversary of Archbishop Mar Ivanios (1882-1953)': *Studia Oecumenica,* 3(2003), Opole.

Chediath, G. – Appassery, G., *ഇൻഡ്യയുടെ മെത്രാപ്പോലീത്താ മാർ അബ്രഹാം*, കോട്ടയം, 1990 .

Chediath, G., "Archbishop Mar Ivanios and Ecumenism" *Studia Oecumenica,* 2(2002), Opole, p. 243-257.

Chediath, G., "Ecumenism in India": *Studia Oecumenica*, I (2001), Opole, p.143-154.

Chediath, G., *കേരളത്തിലെ ക്രൈസ്തവസഭകൾ*, കോട്ടയം, 1998.

Chediath, G., *മാർ തോമ്മാശ്ലീഹായുടെ ഇൻഡ്യൻ സഭ*, കോട്ടയം, 2001 .

Chediath, G. (ed.), *St.Thomas the Apostle of India*, (by Martin Gielen), Kottayam, 1990.

Chediath, G., "The Syriac Manuscripts burned by the Order of the Synod of Diamper (1599": *Orientalia Christiana Periodica*, 236, Rome, 1990, p.409-422.

Chediath, G., "Unity versus Uniformity- An Ecumenical Question": *CO* 2/4 (1981) 141-164.

Chediath, G., -Vellilamthadam, T. (Hg.), *Ecumenism in Danger, Kottayam, 1986.*

Cheppatt Philipose Remban, *പൂർവകാലസ്മരണകൾ*, തിരുവനന്തപുരം, 1969.

*CO = Christian Orient*, Kottayam, 1980ff.

Cyril Mar Baselios, "Ecclesial Pluralism and the Mission of the Church in Indi": *Mission in India- The Task of St.Thomas Christians*, Bangalore, 1988, 249-268.

Cyril Mar Baselios, "Message from the Archbishop to the Franciscan Missionary Brother": Melchior et alii, *History of a Mission*, 700-1.

Cyril Mar Baselios, "The Malankara Catholic Church- its Ecumenical Rol": *CO* 8/4 (1987) 157-168.

Cyril Mar Baselios, "The Reunion Movement- Its Contribution to Christian Heritag": *Christian Heritage of Kerala*, (ed. K. J. John), Cochin, 1981, 308-315.

Cyril Mar Baselios, "Towards a Solution of certain Inter-Ecclesial Problem", *Standing Committee Report*, CBCI, Delhi, 1990.

Cyril Motta, *Archbishop Benziger*, Quilon, 1983.

Gouvea, A. de, *Jornada do Arcebispo de Goa….* Coimbra, 1606.

Gregory CMI, *മിഷൻ സ്മരണകൾ, (1921-1925)*, കുരിയനാട്, 1971.





Helena, Sr., *ബഥനി (ബഥനി സന്ന്യാസിനീസമൂഹചരിത്രം*, കോട്ടയം), 2003.

I. C. Chacko, (tr.), *The Apostolic Constitution and the Papal Bulls* relating to the Establishment of the Ecclesiastical Province of Trivandrum of the Syro-Malankara Rite, Trivandrum, 1933.

Inchackalody, T., *ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്*, തിരുവനന്തപുരം, I. II. Trivandrum, 1957,1971

Kanjiramukalil, S., പുനരൈക്യരേഖകൾ, കോട്ടയം, 1999.

Kollaparampil, J., *മാർ അഹത്തള്ളാ ഗവേഷണങ്ങളുടെ വെളിച്ചത്തിൽ*, കോട്ടയം, s.d.

Kollaparampil, J., "Mar Dionysius the Great of Malabar for the one True Fold": *Orientalia Christiana Periodica* 30 (1964) 139-190.

Kollaparampil, J., *The Thomas Christians' Revolution in 1653*, Kottayam, 1981.

Koodapuzha, X., *ഭാരതസഭാചരിത്രം*, കോട്ടയം, 1988.

Mackenzie, G. T., *Christianity in Travancore*, Trivandrum, 1901; reproduced in the *Travancore State Manual* (ed. by V. Nagam Aiya) I.II., Trivandrum, 1906, 135-222.

Madey.J.-Valuparampil K., "Panicker Geevarghese Thomas Mar Ivanio": *Biographisch-Bibliographisches Kirchenlexikon*, VI. 1478-1481.

Marieli Benziger-Rita Benziger, *Archbishop Benziger*, Altadena/ California, 1977.

Mar Ivanios, *ഗിരിദീപം*, കോട്ടയം, 1926. 1980.

Mar Ivanios, "Letter to Rome (November 1926:1. Memorandum)": *AAT* 10/1926; T. Inchackalody, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, I, 297-301.

Mar Ivanios, "Letter to Rome on 22. Januar 1927 (2.Memorandum": *AAT.* 2/1927; T. Inchackalody, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, I, p.305-315.

Mar Ivanios, "Letter to the Apostolic Delegate on 1. Juli 1928": T. Inchackalody, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, I, 317-319.

Mar Ivanios, "Letter to the Apostolic Delegate on 21. Juli 1928" *AAT*.A. 7/1928; T.Inchackalody, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, I, 319-324.

Mar Ivanios, "Letter to the Apostolic Delegate on 17. September 1929": *AAT*.A.13/1929.

Mar Ivanios, "Letter to the Apostolic Delegate on 24. Mai 1930" *AAT*. A.5/1930; T.Inchackalody, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, I, p.328-330.

Medlycott, A. E., *India and Apostle Thomas*, London, 1905.

Mundadan, A., *History of Christianity in India*, I, Bangalore, 1984.

Mundadan, A., *The Arrival of the Portuguese in India and the Thomas Christians under Mar Jacob, 1498-1550*, Bangalore, 1967.

Nangachiveettil, T., *ഏഷ്യയിലെ മാർ തോമാസഭകൾ*,, I.II. തിരുവനന്തപുരം, 1982. 1985 .

N. A. Thomas, *One Territory one Bishop? or Shall the Syrian Rites die?* Changanassery, 1971.

Pantholil, P., *മാർ ഈവാനിയോസ് എന്റെ സ്മരണയിൽ*, ഇലന്തൂർ, 1997.

Peter C. Abraham, *മലങ്കരസൂര്യൻ*, കോട്ടയം, 1996 .

Philip, E. M., *Travancore Royal Court Judgment*, Kottayam, 1890.

Podipara, P. J., *De Fontibus Juris Canonici Syro-Malankarensium*, Vatican, 1937.

Podipara, P. J., *Fontes Juris Canonici Syro-Malankarensium*, Vatican, 1940.

Rahmani Patriarch, Letter of October 12,1926 to Jacob Kašiša in reply to a letter written on July 17, 1925: T. Inchackalody, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, I, 277-280.



Rahmani Patriarch, Letter of 15th January 1928 to Mar Ivanios: *AAT*.B.1/1928.

Rahmani Patriarch, Letter of 25th Septemebr, 1928 to Mar Ivanios: *AAT*.B.9/1928.

Rahmani Patriarch, Letter to Mar Ivanios on 5th January 1929: T. Inchackalody, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, I, 281-286.

Rahmani Patriarch, Letter to Mar Ivanios on 22nd October 1929: T. Inchackalody, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് , I, 288-291.

Ralph, CMI., *The Apostolate of the CMI Congregation among the Jacobites*, Mannanam, s.d.

Rome's Reply to the letter of Mar Ivanios (1926 November) on: *AAT*. A.11/1928.

Rome's Reply: Letter of the delegate Apostolic on 23rd October 1928: T. Inchackalody, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ I, 325.

Rome's Reply: Letter of the delegate Apostolic on 11th October 1929: T. Inchackalody, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് I, 326-327.

Rome's Reply: Letter of the Apostolic Delegate on 5th August 1929(Prot. Nr. 1309/29): *AAT*.A.8/1929.

Rome's Reply: Congregation's Decree of 4th July, 1930 delegating the Apostolic Delegate Edward Mooney and sub-delegating Bishop A. Benziger of Kollam to receive Mar Ivanios: *Fonti* II-VIII, 83.

Rome's Reply: Instruction of 20th August 1930 from the Apostolic Delegate, Prot.Nr. 2035/1930: *AAT*.A. 18/1930 (English, *Fonti,* II-VIII, p.83-85 (Final Disposition of the Holy See).

Rome's Reply: Christo Pastorum Principi of Pius XI on 11th June, 1932: *Acta Apostolicae Sedis*,24 (1932) 289-293 erecting the Malankara Catholic Hierarchy; also in Paul Pallath, *Important Roman Documents* Concerning the Catholic Church in India, Kottayam, 2003, 264-273.

Rome's Reply: Instruction of the Congregation for the Oriental Churches on 25th February 1957, Prot.Nr. 380/51(to preserve the purity of the liturgy and rite): *AAT* .A. 2/1957.

Rome's Reply: Further details of 28th May 1958, on the implementation of the Instruction, Prot.Nr. 380/52: *AAT*.A. 5/1958.

Roz, F., "De Erroribus Nestorianoru": *Orientalia Christiana* XI (1928) 5-35.

Scariah Zachariah, *രണ്ടു പ്രാചീന ഗദ്യകൃതികൾ*, ചങ്ങനാശ്ശേരി, 1976.

Schurhammer, G., *The Malabar Church and Rome during the early Portuguese period and before*, Trichinopoly, 1933.

*The Royal Court of Final Appeal,* Kottayam, 1975.

Thottunkal Isaac (ed.), *Emerging Trends in Malankara Catholic Theology*, Rome, 1995.

Thottunkal Isaac (ed.), *സഭയ്ക്കും സമുദായത്തിനുമായി*- Metropolitan Archbishop Cyril Mar Baselios, ബത്തേരി, 1997.

Tisserant, E. -Hambye, E. R., *Eastern Christianity in India*, Calcutta, 1957.

Valuparambil, K., "The Ecumenical Eclesiology of Mar Ivanios", in CO 23/4 (2002)174-178.

V.C.Samuel, Truth Triumphs,Kottayam, 1986.

Vattaparampil,T.ed. Dhanyajeevitham,Trivandrum 1994.

Vellilamthadam,T.-Kurianal,J.,the FredomFighters of theThoams Christians,Kottayam,1986.

# OIRSI - Recent Publications

370. സേവ്യർ കൂടപ്പുഴ, വത്തിക്കാൻ കൗൺസിലും പൗരസ്ത്യസഭകളും, 2012, പേ. 248, ₹100.00

371. എൽ. അരങ്ങാശ്ശേരി, Subsidiary Mysteries in the East.

372. A. Mekkattukunnel, The Door of Faith to the life Eternal, 2012, p. 104, ₹100.00.

373. എസ്. കന്യാകോണിൽ, കൗമാരലൈംഗികവിദ്യാഭ്യാസം ക്രിസ്തീയ വഴിയിലൂടെ, 2013, പേ. 84, ₹40.00

374. ജെ. പുലിയുറുമ്പിൽ, നിഖ്യാ മുതൽ വത്തിക്കാൻ വരെ, 2013, പേ. 304, ₹200.00

375. വി. കോടിക്കൽ, പ്രെയർ തെറാപ്പി, 2013, പേ. 312, ₹180.00

376. John Moolan, Sacraments of Initiation of Syro-Malabar Church, 2013, p. 330, ₹350.00

377. M. Naikanparmpil, The Theme of Salvation in Luke-Acts, 2013, p. 144. ₹100.00.

378. S. Chalackal, Eschatology: Preliminary Notions for Beginners in Theology, p. 151 ₹100.00

379. A. Mekkattukunnel, Legacy of the Apostle Thomas in India 2013, p. 112, ₹150.00

380. J. Moolan, Liturgical Year: Syro-Malabar Church, 2013, p. 294 ₹325.00

381. എസ്. കന്യാകോണിൽ, കൗമാരലൈംഗികവിദ്യാഭ്യാസം മൂല്യാധിഷ്ഠിത ദർശനം, 2013, പേ. 128, ₹100.00

382. J. Puliurumpil, History of the Syro-Malabar Church 2013, p. 350, ₹240.00

383. എസ്. കന്യാകോണിൽ, കൗമാരലൈംഗികവിദ്യാഭ്യാസം ക്രിസ്തീയ വഴിയിലൂടെ, 2013, പേ. 84, ₹40.00

384. എം. നായ്ക്കംപറമ്പിൽ, രക്ഷകനായ ഈശോ: ലൂക്കായുടെ രചനകളിലെ രക്ഷയുടെ സന്ദേശം, 2013.

385. ജി. ചേടിയത്ത്, മലങ്കര കത്തോലിക്കാസഭ, 2013, പേ. 255, ₹00.00

**Oriental Institute of Religious Studies, India**
**Vadavathoor, Kottayam - 686010**